H 594

# മഹാച്ചരിതമഞ്ജരി.

## (3). അലക്‌സാണ്ടർ.

AUTHOR,

K. PADMANABHA IYER B. A. L. T.
Gold Medallist.

HEADMASTER.
*Special English Middle School, Mavelikara.*

Author of 1. Akbar, 2. Asokavardhanan,
3. Sahithyachandrika, 4. Upanyasamalika Part I,
5. Katha Koumudi Part I.

*All rights reserved*).

[Price Re. 1, As. 8.]

# മഹാച്ചരിതമഞ്ജരി.

---

## (3) അലക്സാണ്ടർ

---


AUTHOR.

**K. PADMANABHA IYER B. A. L.T.**
**Gold Medallist.**

---

**HEADMASTER.**
*Special English Middle School, Mavelikara*


---

**Author of 1. Akbar, 2. Asokavardhanan, 3. Sahithyachandrika, 4. Upanyasamalika Part I, 5. Katha Koumudi Part I.**


(*All rights reserved*).

KRISHNA VILASOM GRANDHASALA

9616

NS94

PRESENTED BY:
SRI M. K. VASUDEVAN NAIR
MANIYARA VEEDU
MALAYINKIL



The Christian Press,
Mavelikara.

[Price Re. 1, As. 8.]


---


ഗ്രന്ഥകർത്താവിൻെറ അടയാളമില്ലാത്ത പുസ്തകം വ്യാജനിർമ്മിതമാകുന്നു.

# വിഷയവിവരം

PRESENTED BY
SRI M. K. VASUDEVAN NAIR
MANIYARA VEEDU
MALAYINKIL


| | | | |
|---|---|---|---|
| അദ്ധ്യായം | 1. | പ്രാചീനലോകം | 1—25 |
| „ | 2. | മാസിഡോണിയായിലെ ഫിലിപ്പുദ്വിതീയൻ | 25—53 |
| „ | 3. | അലക്സാണ്ടർരാജകുമാരൻ | 53—71 |
| „ | 4. | ത്രേസ്, ഇല്ലീറിയ, ഗ്രീസ്, ഈ രാജ്യങ്ങളിലെ അലക്സാണ്ടരുടെ ആക്രമണം | 72—86 |
| „ | 5. | ഏഷ്യാമൈനറിലെ ആക്രമണം | 86—110 |
| „ | 6. | സിറിയാ, ഫിനീഷ്യാ, ഇവ സ്വാധീനപ്പെടുത്തിയതു | 110—129 |
| „ | 7. | അലക്സാണ്ടർ ഈജിപ്റ്റിൽ | 129—140 |
| „ | 8. | പേർഷ്യാആക്രമണം | 140—164 |
| „ | 9. | അലക്സാണ്ടർ മദ്ധ്യഏഷ്യാ കൈവശപ്പെടുത്തിയതു | 164—185 |
| „ | 10. | പഞ്ചാബാക്രമണം | 186—211 |
| „ | 11. | സൂസായിലേക്കുള്ള പ്രത്യാഗമനം | 211—238 |
| „ | 12. | ഒടുവിലത്തെ രണ്ടുവർഷങ്ങൾ | 238—266 |
| „ | 13. | അലക്സാണ്ടരുടെ സ്വഭാവവും ചരിത്രത്തിൽ അദ്ദേഹത്തിനുള്ള സ്ഥാനവും | 267—296 |
| „ | 14. | അലക്സാണ്ടരുടെ സാമ്രാജ്യം | 297—311 |
| „ | 15. | അലക്സാണ്ടരെപ്പറ്റിയുള്ള ഐതിഹ്യങ്ങൾ | 312—318 |

# അലക്സാണ്ടർ.

17594

## അദ്ധ്യായം ൧.

### പ്രാചീനലോകം.

ഭൂപടത്തേയും ഭൂമിയുടെ വിസ്തീർണ്ണതയേയും പററി അലക്സാണ്ടർമഹാന്റെകാലത്തു ജനങ്ങൾക്കുണ്ടായിരുന്ന അറിവ് ഇന്നുള്ളതിൽ തുലോം കുറവായിരുന്നു. ചില ആധുനികഗ്രന്ഥകാരന്മാർപോലും അലക്സാണ്ടറെ ഒരു അസംസ്കൃതമനുഷ്യനായിട്ടാണു ചിത്രീകരിച്ചിട്ടുള്ളത്. അലക്സാണ്ടർ, കിഴക്കും തെക്കുമുള്ള പ്രദേശങ്ങൾ അവ അന്തമില്ലാത്തവയൊ എന്നു തോന്നുമാറു മുറക്കു തന്റെ സാമ്രാജ്യത്തോടു ചേർത്തുകൊണ്ടിരിക്കുമ്പോൾ, അദ്ദേഹത്തിന്റെ സമകാലീനന്മാരായ ചില തത്വശാസ്ത്രജ്ഞന്മാർ, പ്രത്യേകിച്ചും അറിസ്റ്റാട്ടിൽ, ആകൃതിയിൽ ഭൂമി ഒരു ഗോളമാണെന്നുള്ളതിനു നൂതനയുക്തികൾ പുറപ്പെടുവിച്ചുകൊണ്ടിരുന്നുവെന്നറിയുന്നതു രസപ്രദമാണല്ലൊ.

ഭൂമി ഒരു ഗോളമാണെന്നും, നക്ഷത്രങ്ങൾ പതിച്ചിട്ടുള്ളതും വെള്ളോടുകൊണ്ടുണ്ടാക്കപ്പെട്ടതുമായ ആകാശത്തെ അററ്ലസ് (Atlas) എന്ന ഭീമരാക്ഷസൻ താങ്ങിപ്പിടിച്ചിരിക്കയാണെന്നും, ശക്തിയോടുകൂടി അടിക്കുന്ന ഒരു കാററിനു സൂര്യനെ അതിന്റെ ഗതി

യിൽനിന്നും അടിച്ചു മാററാൻ കഴിയുമെന്നും മററുമുള്ള [2]ഹോമർ (Homer) തുടങ്ങിയവരുടെ വിശ്വാസങ്ങൾ ഈ ശതാബ്ദത്തിൽ ഉച്ചാടനം ചെയ്യപ്പെട്ടിരുന്നു.

പുരാതനകാലത്തു സമുദ്രയാത്ര ചെയ്തവരിൽ പ്രധാനന്മാർ ഫിനീഷ്യന്മാരായിരുന്നു. യഹൂദന്മാരുമായി രക്തബന്ധമുള്ളവരും സെമിററിക്ക (Semitic) വർഗ്ഗത്തിൽപ്പെട്ടവരുമായ ഫിനീഷ്യന്മാർ നല്ല നാവികശക്തിയുള്ള വണിക്കുകളായിരുന്നു. അവർ, വിദൂരദേശങ്ങളിൽച്ചെന്നു് കച്ചവടസാമാനങ്ങളെ വാങ്ങിച്ചു [1]ടൈർ, (Tyre) സിഡൺ, (Sydon) [3]കാർത്തേജു (Carthage) എന്നീ തങ്ങളുടെ നഗരങ്ങളിലേക്കും മദ്ധ്യധരണിക്കടലിന്റെ തീരങ്ങളിലുള്ള മററു സ്ഥലങ്ങളിലേക്കും കൊണ്ടുപോയി. അവരുടെ കച്ചവടസാമാനങ്ങൾ പതിവായി വാങ്ങിച്ചുവന്ന ഈജിപ്ററുകാരിൽനിന്നും ചില കലകൾ അവർ പഠിച്ചുവെന്നും, ഇക്കാര്യങ്ങളിൽ അവർ ഗ്രീക്കുകാരുടെ ഗുരുക്കന്മാരായിത്തീൎന്നുവെന്നും വിശ്വസിക്കപ്പെട്ടിരിക്കുന്നു. കച്ചവടം മുഴുവനും തങ്ങളുടെ കൈയിലായിരിക്കണമെന്ന ആഗ്രഹം ഫിനീഷ്യന്മാൎക്കു ക്രമത്തിലധികമുണ്ടായിരുന്നതിനാൽ തങ്ങളുടെ സഞ്ചാരങ്ങളിൽ ലഭിച്ച ഭൂമിശാസ്ത്രജ്ഞാനത്തെ അവർ മററുള്ളവൎക്കു പറഞ്ഞുകൊടുത്തില്ല. വളരെ പുരാതനകാലത്തുതന്നെ അവർ, ഹെൎക്കലീസു (Hercules) എന്ന ഭയങ്കരരാക്ഷസൻ സ്ഥാപിച്ചതായി വിശ്വസിക്കപ്പെട്ടിരുന്ന സ്തംഭങ്ങൾ വഴി സ്പെയിൻരാജ്യത്തിന്റെ തീരം ചുററിസഞ്ചരിക്കയും, ബിസ്കേ ഉൾക്കടലിൽ കപ്പലോടിക്കയും ബ്രിട്ടനുമായ

---

൧. ൨. സിറിയായുടെ തീരത്തിൽ

൩. ആഫ്രിക്കായുടെ തീരത്തിൽ

വാണിജ്യബന്ധത്തിലേർപ്പെട്ടുകയും, ബാൾട്ടിക്കിന്റെ തീരങ്ങളിൽ നിന്നും അമ്പർ (Amber) കൊണ്ടുവരികയും ചെയ്തു. ആദ്യമായി യവനന്മാർ വിദേശിയരുമായി കച്ചവടത്തിലേർപ്പെട്ടപ്പോൾ, 'ഹെർക്കുലീസ്സിന്റെ സ്തംഭങ്ങൾ' ഭൂമിയുടെ പടിഞ്ഞാറെ അററത്തു സ്ഥിതിചെയ്യുവെന്നു പറഞ്ഞു ഫിനീഷ്യാക്കാർ അവരെ കബളിപ്പിച്ചു. പുരാതനകാലത്തെ ഭൂമിശാസ്ത്രത്തെ രസപ്രദമാക്കുന്ന അനേകം കഥകൾ, യവനന്മാർക്ക് വ്യാപാരകാര്യങ്ങളിൽ നീരസം ജനിപ്പിക്കുന്നതിനു കുയുക്തിക്കാരായ ഫിനീഷ്യാക്കാർ ഉണ്ടാക്കിയതായിരിക്കാം. ഇപ്രകാരം, ഫിനീഷ്യാക്കാർ അറേബിയായിൽനിന്നും കൊണ്ടുവന്ന കുന്തുരുക്കം ചിറകുള്ള ഭയങ്കര സർപ്പങ്ങൾ സൂക്ഷിച്ചുവെന്നും, വിദൂരത്തിലുള്ള ഒരു തടാകത്തിന്റെ തീരങ്ങളിൽ നിന്നു് ഇലവംഗം (cassia) ശേഖരിക്കുന്നവരും ഇരുമ്പുകവചം ധരിച്ചവരുമായ അറബികളുടെ നയനങ്ങളെ, ചിറകുള്ളവയും അലറുന്നവയുമായ ജന്തുക്കൾ കൊത്തുന്നതിനു ശ്രമിച്ചുവെന്നും, ഉയരെ കയറിച്ചെല്ലുന്നതിനു ദുസ്സാദ്ധ്യമായതും കിഴക്കാംതൂക്കായുള്ളതുമായ ഒരു പാറക്കുന്നിന്റെ മുകളിലുള്ള പക്ഷിക്കൂട്ടുകളിൽ നിന്നും സൂത്രത്തിൽ കറുവാപ്പട്ട ലഭിച്ചുവന്നുവെന്നും, ബി. സി അഞ്ചാം ശതാബ്ദത്തിലെ യവനന്മാർ വിശ്വസിച്ചു. പേർഷ്യാക്കാരുടെ കൈവശമുണ്ടായിരുന്ന സ്വർണ്ണത്തിന്റെ ധാരാളത്വം മൂലം ഗ്രീക്കുകാർ അത്ഭുതപരവശരായിത്തീർന്നു. ഇന്ത്യാക്കാർ വളരെ കഷ്ടപ്പാടുകൾ അനുഭവിച്ചതിന്റെ ഫലമായിട്ടാണു് അവർക്കു് ആ സ്വർണ്ണം ലഭിച്ചതെന്നും, അവർ കനകപ്പൊടി ശേഖരിച്ചുകൊണ്ടിരിക്കുമ്പോൾ ശ്വാക്കളേക്കാൾ ചെറിയവയും എന്നാൽ കുറുക്കന്മാരേക്കാൾ

വലിയവയും ലോകത്തിലുള്ള എല്ലാ മൃഗങ്ങളിലും വച്ചു കൂടുതൽ വേഗമുള്ളവയുമായ ഒരുതരം ഇറുമ്പുകൾ അവരെ ഉപദ്രവിക്കാൻ പിന്തുടൎന്നുവെന്നും പേൎഷ്യാക്കാർ ഗ്രീക്കുകാരോടു പറഞ്ഞു. എന്നാൽ, അലക്സാണ്ടരുടെ കാലത്തു് ഈ കഥകളിൽ മിക്കവയും വെറും കെട്ടുകഥകളായി ജനങ്ങൾ വിചാരിച്ചു. അദ്ദേഹത്തിൻെറ സഞ്ചാരത്തിൻെറ ഫലമായി ഇവ ഭൂമിശാസ്ത്രത്തിൽ നിന്നും ബഹിഷ്കരിക്കപ്പെടുകയും വെറും ഐതിഹ്യങ്ങളായിത്തീരുകയും ചെയ്തു.

ഭൂമിശാസ്ത്രസംബന്ധമായ വിജ്ഞാനം സമ്പാദിക്കുന്നതിൽ ഗ്രീക്കുകാർ ഫിനിഷ്യാക്കാരെ പോലെയല്ലായിരുന്നു. പ്ലേറേറാവിനെപ്പോലെ അവർ അക്കാൎയ്യത്തിൽ വളരെ താല്പൎയ്യം കാണിച്ചു. ഭൂമിശാസ്ത്രപരമായി അവൎക്കു പൂൎണ്ണമായ അറിവു് ഉണ്ടായിരുന്നില്ലെങ്കിലും, ഭൂലോകപടം വരയ്ക്കുന്നതിനു് അവർ ആരംഭിച്ചു. ഇതിനുംപുറമെ, പ്രപഞ്ചത്തെപ്പററിയും ചിലതെല്ലാം അവർ അറിഞ്ഞുതുടങ്ങി. ബി. സി. ആറാം നൂററാണ്ടിൽ ആദ്യമായി ഭൂപടം ഉണ്ടാക്കിയ അനാക്സിമാണ്ടർ (Anaximander) മററുഗ്രഹങ്ങളെപ്പോലെ ഭൂമിയും ആകാശത്തിൽ തൂങ്ങിക്കിടക്കയാണെന്നു് അഭിപ്രായപ്പെട്ടു. ഭൂമിഒരു ഗോളമാണെന്നു് അദ്ദേഹം അറിഞ്ഞിരുന്നില്ല. എന്നാൽ അതേ ശതാബ്ദത്തിൻെറ അന്ത്യഘട്ടത്തിൽ ഭൂമി അഗ്നിമയമായ ഒരുവലിയ ഗോളത്തെ പ്രദക്ഷിണംചെയ്തുവെന്നു പിതാഗൊറസ്(Pythagoras) കണ്ടുപിടിച്ചു. എന്നാൽ അദ്ദേഹം പറഞ്ഞ കാരണങ്ങൾ അത്ര സ്വീകാൎയ്യങ്ങളായിരുന്നില്ല.

നാലാംശതാബ്ദത്തിൽ ജീവിച്ചിരുന്ന തത്വശാസ്ത്രജ്ഞന്മാർ, ആകൃതിയിൽ ഭൂമി ഒരു ഗോളംപോലെ

യാണെന്നു വിശ്വസിക്കയും അതിനു ശരിയായ ന്യായങ്ങൾ കണ്ടുപിടിക്കയും ചെയ്തു. ഒന്നാംതരം ശാസ്ത്രജ്ഞനായ അറിസ്റ്റോട്ടിൽ, കേന്ദ്രാകർഷണം എന്ന പ്രതിഭാസം ഉള്ളതിനാൽ ഭൂമി ഒരു ഗോളമാണെന്നും ഗ്രഹണകാലത്തു ചന്ദ്രനിൽ കാണുന്ന ഭൂമിയുടെ നിഴൽ വൃത്താകൃതിയിലുള്ളതാണെന്നും അഭിപ്രായപ്പെട്ടു. ഗ്രീക്കുകാരെപ്പോലെ ഭൂമിശാസ്ത്രജ്ഞാനസമ്പാദനത്തിൽ അതിതല്പരത കാണിച്ച അലക്സാണ്ടർ അറിസ്റ്റോട്ടിലിന്റെ മതങ്ങൾ മനസ്സിലാക്കിയിരുന്നിരിക്കണം.

അലക്സാണ്ടരുടെ കാലത്തിനുമുമ്പ് അപ്പൊളൊ (Apollo)വിന്റെ ക്ഷേത്രം സ്ഥിതിചെയ്ത ഡെൽഫി (Delphi)യെ ഭൂമിയുടെ കേന്ദ്രസ്ഥാനമായി ഗ്രീക്കുകാർ വിചാരിച്ചു. പശ്ചിമ സമുദ്രത്തിന്റേയും പൂർവ്വസമുദ്രത്തിന്റേയും തീരങ്ങളിൽ നിന്നും രണ്ടു കഴുകന്മാരെ സ്യൂസ് (Zeus) വിട്ടയച്ചുവെന്നും അവ പറന്നു ഡെൽഫിയിൽ വച്ചു കൂട്ടിമുട്ടിയെന്നും ഒരു കഥയുണ്ട്. ആദ്യമായി ഭൂമിയെ ഏഷ്യ (അഫ്രിക്ക ഉൾപ്പെടെ സൂര്യോദയവിഭാഗം), യൂറോപ്പ് (അന്ധകാരഭൂവിഭാഗം) എന്നീ രണ്ടുഖണ്ഡങ്ങളായി ഗ്രീക്കുകാർ ഭാഗിച്ചു. എന്നാൽ ബി. സി. അഞ്ചാംശതാബ്ദത്തിൽ ആഫ്രിക്കായെ മൂന്നാമത്തെ ഖണ്ഡമായി അവർ കരുതുകയും ലിബിയ (Libya)എന്ന് അതിനുനാമകരണം ചെയ്കയും ചെയ്തു. രണ്ടു സഹസ്രാബ്ദം കഴിഞ്ഞിട്ടെ അമേരിക്കായേയും ആസ്ത്രേലിയായേയും പറ്റി ജനങ്ങൾ അറിഞ്ഞുള്ളു. അമേരിക്കായിലെ റെഡ് ഇന്ത്യന്മാർ യൂറോപ്യന്മാരുടെ യാതൊരു ശല്യവും കൂടാതെ നായാട്ടുസ്ഥലങ്ങളിൽ

സ്വച്ഛന്ദം നായാടിവന്നു. ഫിനീഷ്യൻ കച്ചവടക്കാർ പോലും ആസ്ട്രേലിയായിലെ ആദിമനിവാസികളെ ക്കുറിച്ചു ഒന്നുമറിഞ്ഞിരുന്നില്ല. ആഫ്രിക്കയുടേയും ദക്ഷിണാപഥത്തിൻേറയും വിസ്തീർണ്ണതയെപ്പററി അലക്സാണ്ടരുടെ കാലത്തിലുള്ളവരിൽ അരക്കംതന്നെ യാതൊരു നിശ്ചയവുമില്ലായിരുന്നു. ചൈനാ എന്നൊരു രാജ്യമുണ്ടെന്നു ജനങ്ങൾക്കു് ഒരു സംശയംകൂടി ഉണ്ടായിരുന്നില്ല. അലക്സാണ്ടരുടെ മരണകാലത്തു 'ഹെക്ലിസ്സിൻേറ സ്തംഭങ്ങൾ' ലോകത്തിൻേറ പടിഞ്ഞാറെ അതിരായി വിചാരിക്കപ്പെട്ടുവന്നു. അദ്ദേഹം മരിച്ചു് ഉദ്ദേശം ഒരുവർഷം കഴിഞ്ഞപ്പോൾ പിത്തിയസ്സ (Pytheas) എന്ന ഒരു ഗ്രീക്കുകാരൻ ഫ്രാൻസുതീരംവഴി ബ്രിട്ടൻ വരെ കപ്പലോടിച്ചു. ഗ്രീക്കുകാരിൽ ആദ്യമായി ഇത്ര ദൂരം കപ്പലിൽ സഞ്ചരിച്ചതു് ഇദ്ദേഹം ആണത്രെ.

ഗ്രീക്കുകാർ അധിവസിച്ചഗ്രീസ്സ, ത്രേസി (Thrace) ലേയും ഹെല്ലസ്പാണ്ടു (Hellespont) കടലിടുക്കിലേയും തീരങ്ങളിലുള്ള ഉപനിവേശങ്ങൾ, ഇററലിയുടെ തെക്കെ ഭാഗത്തും സിസിലിയിലും സ്ഥാപിക്കപ്പെട്ട അനേകം പട്ടണങ്ങൾ, ഗാളി (Gaul) ലേയും സ്പെയിനിലേയും തീരപ്രദേശങ്ങൾ, ഇവയെക്കുറിച്ചല്ലാതെ യൂറോപ്പുഖണ്ഡത്തിലെ വേറൊരു സ്ഥലത്തെയും പററി ഗ്രീക്കുകാൎക്കു് ഒരു തുമ്പുമുണ്ടായിരുന്നില്ല. സ്പെയിനിലെ ഉൾനാട്ടിനെക്കുറിച്ചു് അവൎക്കു യാതൊരറിവുമില്ലായിരുന്നു. അലക്സാണ്ടരുടെ സിംഹാസനാരോഹണകാലത്തു് ഇററലിക്കാരുമായി (ഇവരിൽ റോമന്മാൎക്കു് അക്കാലത്തു് ഒരു പ്രാധാന്യവുമുണ്ടായിരുന്നില്ല ) അവിടെ താമസിച്ച ഗ്രീക്കുകാർ ഭയങ്കരയുദ്ധം ചെയ്തുകൊണ്ടിരുന്നു. അല

ക്സാണ്ടർ കുറെക്കാലം കൂടി ജീവിച്ചിരുന്നുവെങ്കിൽ അദ്ദേഹം ഇററലിരാജ്യം പിടിച്ചടക്കയും തന്മൂലം ഭൂലോകചരിത്രത്തിൽ ഗണ്യമായ ചില വ്യത്യാസങ്ങൾ സംഭവിക്കയുംചെയ്യുമായിരുന്നു. പക്ഷെ, അദ്ദേഹം ഇററലിക്കു് അടുത്തു ചെല്ലുകപോലുമുണ്ടായില്ല. രാജ്യസമ്പാദനത്തിനു റോമന്മാൎക്കു വഴി കാണിച്ചുകൊടുത്തതാണു് അദ്ദേഹം അവൎക്കു ചെയ്ത ഗുണം. യൂറോപ്പിൻെറ ദക്ഷിണഭാഗത്തു സ്ഥിതി ചെയ്യുന്ന മൂന്നു് ഉപദ്വീപുകൾക്കു വടക്കുള്ള രാജ്യങ്ങളെപ്പററി ഫിനീഷ്യാക്കാർ ഒഴികെ ആൎക്കുംതന്നെ ഒരു ബോധവുമില്ലായിരുന്നു. ജൎമ്മാനിക്കു (Germanic), കെൽററിക്കു് (Celtic) എന്നീ വൎഗ്ഗക്കാർ അവിടെ താമസിച്ചു. ജൎമ്മാനിക്കുവൎഗ്ഗക്കാർ ബാൾട്ടിക്കിൻെറ വടക്കുപടിഞ്ഞാറെ തീരത്തിൽ കുടിയേറിപ്പാൎത്തു. അവൎക്കു തെക്കു കെൽററിക്കുവൎഗ്ഗക്കാർ താമസിച്ചതിനാൽ ജൎമ്മാനിക്കുവൎഗ്ഗക്കാൎക്കു മദ്ധ്യധരണികടലിൻെറ തീരത്തിലുള്ള രാജ്യങ്ങളിലെ പരിഷ്ക്കാരത്തെക്കുറിച്ചു യാതൊരു അറിവുമുണ്ടായിരുന്നില്ല. അലക്സാണ്ടരുടെ ഭരണകാലാരംഭത്തിൽ വടക്കെ ഇററലി, സ്പെയിൻ, ഫ്രാൻസു്, ബ്രിട്ടൻ, വീസർ (weser) നദിവരെയുള്ള നെതർലണ്ടിലെ ഭാഗം, കിഴക്കു ഡാന്യൂബിൻെറ കീഴ്ഭാഗത്തുള്ള പ്രദേശങ്ങൾ, തെക്കു മാസിഡോണിയായുടെ പ്രാന്തംവരെയുള്ള സ്ഥലം ഇവിടങ്ങളിൽ കെൽററുകാർ കുടിയേറിപ്പാൎത്തിരുന്നു. നല്ല ശരീരപുഷ്ടിയുള്ളവരും അഹങ്കാരികളുമായ ഇവരെപ്പററി ഗ്രീക്കുകാൎക്കറിയാമായിരുന്നു. ബി. സി. 390-ൽ അവർ റോമാനഗരം കൊള്ളയിട്ടു. കൂടാതെ, അലക്സാണ്ടരുടെ മരണത്തിനുശേഷം മാസിഡോണിയാക്കാരുടെ ശക്തിക്ഷയത്തിനു കാരണഭൂതന്മാരായും തീൎന്നു. അല

ക്സാണ്ടർ ഇവരുമായി യുദ്ധം ചെയ്തതെഉള്ളു. ഇവരെ കീഴ്പെടുത്തിയതു റോമന്മാരായിരുന്നു.

ഈജിപ്ററു, പേഷ്യാസാമ്രാജ്യത്തിൽ ഉൾപ്പെട്ടിരുന്നതിനാൽ അതിനെ ഏഷ്യാഖണ്ഡത്തിന്റെ ഒരു ഭാഗമായിട്ടാണു ഗ്രീക്കുകാർ ഗണിച്ചുവന്നതു്. അലക്സാണ്ടർ ഈജിപ്ററു പിടിച്ചടക്കിയിരുന്നുവെങ്കിൽ ആധുനികപരിഷ്കാരത്തെ സാരമായി ബാധിക്കത്തക്ക അനേകം സംഭവങ്ങൾ നടക്കുമായിരുന്നു. ഈജിപ്ററിനു പടിഞ്ഞാറു, യവനന്മാരുടെ പ്രധാനോപനിവേശമായ സൈറീനും (Cyrene), അതിനുപടിഞ്ഞാറു കാർത്തേജും സ്ഥിതിചെയ്തിരുന്നു. ഈ രണ്ടു രാജ്യക്കാരും തമ്മിൽ സംപർച്ചേർച്ചയുണ്ടായിരുന്നില്ല. ഗൊറില്ലന്മാർ എന്നു് ആഫ്രിക്കാക്കാർ വിളിച്ചുവന്ന ഒരു തരം അപരിഷ്കൃത ജാതിക്കാർ മേല്പറഞ്ഞ രാജ്യങ്ങൾക്കു തെക്കുഭാഗത്തു നിവസിച്ചിരുന്നു. ശിരസ്സില്ലാത്തവരും, മാറിടത്തിൽ നയനങ്ങളുള്ളവരുമായ വേറെയും വർഗ്ഗക്കാർ അവിടെ താമസിച്ചിരുന്നതായി യവനന്മാരുടെ ഐതിഹ്യങ്ങളിൽ കാണുന്നുണ്ടു്.

ഏഷ്യാഖണ്ഡത്തിലാണു് അലക്സാണ്ടർ തന്റെ ഭരണകാലത്തിന്റെ ഭൂരിഭാഗവും ചെലവാക്കിയതു്. ഗ്രീക്കുകാരനായ അഗാമെമ്നൺ (Agamemnon) ട്രായ് (Troy) എന്ന പട്ടണം നിരോധിച്ചതോടുകൂടി ആരംഭിച്ചതും ഡേരിയസ്സ സെർക്സസ എന്നീ പേർഷ്യൻരാജാക്കന്മാരുടെ കാലത്തു നിലനിന്നതുമായ പൗരസ്ത്യ പാശ്ചാത്യസമരത്തിലെ ഒരു അദ്ധ്യായം മാത്രമാണു് അലക്സാണ്ടരുടെ പേർഷ്യാ ആക്രമണം. അലക്സാണ്ടരുടെ ജനനത്തിനു് രണ്ടു ശതാബ്ദം മുൻപുതന്നെ

പേർഷ്യ ശക്തിമത്തായ ഒരു രാജ്യമായിത്തീൎന്നു. അവടത്തെ അധിപതി രാജാധിരാജൻ എന്ന സ്ഥാനപ്പേർ സ്വീകരിച്ചു. അദ്ദേഹത്തിൻെറ സാമ്രാജ്യം വിസ്താരമേറിയതായിരുന്നു. അദ്ദേഹം സ്വേച്ഛപ്രകാരമായിട്ടാണു ഭരണം നടത്തിക്കൊണ്ടിരുന്നതു്. ഈ രാജാവിനെ ഈശ്വരനിൎവ്വിശേഷം ജനങ്ങൾ വിചാരിച്ചുവന്നു.

മാസിഡോണിയായുടെ ചരിത്രവും അലക്സാണ്ടരുടെ പരാക്രമങ്ങളും പഠിക്കുന്നതിനു മുൻപായി പേർഷ്യൻ സാമ്രാജ്യത്തിൻെറ ഉത്ഭവത്തേയും പേർഷ്യയും, ഗ്രീസും തമ്മിലുള്ള ബന്ധത്തേയും പററി നാം അറിഞ്ഞിരിക്കേണ്ടതു് ആവശ്യമാണു്.

അലക്സാണ്ടരുടെ ജനനത്തിനു മുൻപു പടിഞ്ഞാറെ ഏഷ്യയിൽ, അസ്സീറിയ, ബാബിലോണിയ, മീദിയ(Media) എന്ന മൂന്നു സാമ്രാജ്യങ്ങൾ പ്രബലതയെ പ്രാപിക്കയും കാലാന്തരത്തിൽ ക്ഷയോന്മുഖങ്ങളായിത്തീരുകയുംചെയ്തു. പുരാതനകാലത്തെ അസ്സീറിയായും ബാബിലോണിയായും കൂടിച്ചേൎന്നതായിരുന്നു ടൈഗ്രീസു് യൂഫ്രേററീസ് എന്നീ നദികൾക്കു മദ്ധ്യേയുള്ള മെസൊപ്പൊട്ടേമിയ എന്ന പ്രദേശം. അവിടത്തെ പരിഷ്കാരം മിക്കവാറും ഈജിപ്ററിലേയും ഗ്രീസിലേയുംപോലെ പഴക്കമുള്ളതായിരുന്നു. അവിടെ മീദിയാക്കാർ ബി.സി. ഏഴാം ശതാബ്ദത്തിൽ പ്രാബല്യമുള്ള ഒരു ശക്തിയായിത്തീൎന്നു. ഏഷ്യാമൈനറിലും ഈജിയൻ ദ്വീപുകളിലും താമസിച്ചിരുന്ന ഗ്രീക്കുകാരുമായി മീദിയാക്കാർ യുദ്ധം ചെയ്തുവെങ്കിലും, മീദിയാക്കാരുടെ പിൻഗാമികളായ പേർഷ്യാക്കാരാണു് ഗ്രീസിനെ ആക്രമിച്ചതു്. എന്നാൽ ഗ്രീക്കുരാജ്യത്തിൽ പേർഷ്യാക്കാൎക്കു കടക്കണമെ

ങ്കിൽ അവർ, പ്രാബല്യത്തിലിരുന്ന ലിദിയാരാജ്യം കൈവശപ്പെട്ടുത്തേണ്ടിയിരുന്നു. ലിദിയായെപ്പററി അനേകം രസപ്രദമായ കഥകഠം ഗ്രീക്കുകാർ കുറിച്ചിട്ടുണ്ട്.

പടിഞ്ഞാറുള്ള ഉപനിവേശങ്ങഠം കൂടാതെ, പുരാതനകാലത്തു തന്നെ ഏഷ്യ മൈനറിൻെറ തീരത്തിൽ യവനന്മാർ ഉപനിവേശങ്ങഠം സ്ഥാപിച്ചിരുന്നു. ഗ്രീസിലെ ഇയോളിയൻ (Aeolian), അയോണിയൻ (Ionian) എന്നീ വർഗ്ഗക്കാർ കുടിയേറി പാർത്ത സമുദ്രതീരസ്ഥലങ്ങഠംക്ക് ഇയോളിസ്സ(Aeolis), അയോണിയ (Ionia), ഡോറിസ്സ (Doris), എന്നീ പേരുകഠം നൽകപ്പെട്ടു. ഫ്രിജിയ, മിസിയ(Mysia), ലിദിയ (Lydia), കേരിയ(Caria), ലിസിയ(Lycia), മുതലായ രാജ്യങ്ങഠം മുൻപറഞ്ഞ പ്രദേശങ്ങഠംക്ക സമീപം സ്ഥിതിചെയ്തിരുന്നു. വടക്കും പടിഞ്ഞാറുമുള്ള ഗ്രീക്കുകാരുടെ പട്ടണങ്ങളും കിഴക്കുള്ള അസീറിയാക്കാരുടെ മണ്ഡലങ്ങളും ലിദിയാക്കാരുടെ കൈവശത്തിലാകയും, വടക്കോട്ടൊഴുകി കരിങ്കടലിൽ വീഴുന്ന ഹാലിസ്സ (Halys) നദിവരെ അവരുടെ രാജ്യം നീണ്ടുകിടക്കയും ചെയ്തു. അവരുടെ തലസ്ഥാനമായ സാർഡിസ്സ് (Sardis) ലാണു മെസൊപൊട്ടേമിയായിൽ ആരംഭിച്ചിരുന്ന വലിയ പാത അവസാനിച്ചതു്. വളരെക്കാലത്തേക്ക ഗ്രീസ്സ പിടിച്ചടക്കുന്നതിനു മീദിയാക്കാർക്കു ലിദിയ ഒരു പ്രതിബന്ധമായിരുന്നു. എന്നാൽ, ആറാം ശതാബ്ദത്തിൻെറ മദ്ധ്യകാലത്തിൽ സൈറസ്സ (Cyrus) ഈ ശക്തിയെ നശിപ്പിച്ചു് ഒരു മീദൊ-പേർഷ്യൻ സാമ്രാജ്യം സ്ഥാപിച്ചു. അതിൻെറ പ്രജകളിൽ ഭൂരിഭാഗവും മീദിയാക്കാരായിരുന്നു.

ക്രീസസ്സ (Croesus) ആയിരുന്നു ഒടുവിലത്തെ ലിദിയൻരാജാവു്. അദ്ദേഹം അനവധി ധനം സമ്പാദിച്ച ആളായിരുന്നുവെന്നതു ലോകപ്രസിദ്ധമാണു്. എന്നാൽ ധനം സമ്പാദിക്കുന്നതു് അതിനെ ന്യായമായ വിധത്തിൽ ഉപയോഗിക്കുന്നതിനാണെന്നു ക്രീസസ്സ വിചാരിച്ചില്ല. സോളൻ (Solon) എന്നു പേരുള്ള ഒരു വിദ്വാൻ ഒരിക്കൽ അദ്ദേഹത്തെ കാണാൻ ചെന്നു. കുശലപ്രശ്നാനന്തരം തന്റെ ഭണ്ഡാരം മുഴുവൻ അദ്ദേഹത്തെ കാണിച്ചിട്ടു, "ലോകത്തിൽ ഏററവും ഭാഗ്യവാനായ മനുഷ്യൻ ആരാണെ"ന്നു ക്രീസസ്സ സോളനോടു ചോദിച്ചു. മരിച്ചുപോയ ഒരാളുടെ പേർ സോളൻ പറഞ്ഞു. പിന്നെയും ചോദിച്ചപ്പോൾ, മരിച്ചുപോയ വേറൊരുവന്റെ പേർ പറഞ്ഞു. "എന്നെപ്പോലെ സമ്പന്നൻ ലോകത്തിൽ വേറൊരുവനും ഇല്ലാത്തതിനാൽ ഞാനല്ലെ ഭാഗ്യവാൻ" എന്നു് അദ്ദേഹം സോളനോടു ചോദിച്ചു. ഒരുത്തനു തന്റെ ജീവിതകാലത്തിൽ പലവിധത്തിലുള്ള ദുരിതങ്ങൾ ഉണ്ടാകാവുന്നതിനാൽ ഭാഗ്യവാനാണൊ ഭാഗ്യഹീനനാണൊ എന്നു് അവൻ മരിക്കുന്നതിനു മുൻപു നിണ്ണയിക്കുന്നതു് അബദ്ധമാണെന്നു സോളൻ മറുപടി പറഞ്ഞു. ഇതു കേട്ടു ക്രീസസ്സ വളരെ ആശ്ചര്യപ്പെട്ടു.

കുറെ കാലം കഴിഞ്ഞപ്പോൾ സൈറസ്സ, ലിദിയാ രാജ്യത്തെ ആക്രമിച്ചു. സൈറസ്സിന്റെ ആക്രമണത്തെ തടയുന്നതിൽ ക്രീസസ്സ നിഷ്പ്രയോജനമായി ശ്രമിച്ചു. ബി. സി. 546-ൽ സൈറസ്സ ക്രീസസ്സിന്റെ തലസ്ഥാനത്തെ നിരോധിച്ചു കൈവശപ്പെടുത്തി.

അനന്തരം ക്രീസസ്സിനെ ഒരു പട്ടടയിൽ വെച്ചു ദഹിപ്പിക്കാൻ സൈറസ്സ് ആജ്ഞാപിച്ചു. ചിതയി

ലേക്കു കൊണ്ടുപോകാൻ തന്നെ ബന്ധിച്ചപ്പോൾ അദ്ദേഹത്തിനു (ക്രീസസിനു) സോളൻെറ വിലയേറിയ വാക്കുകൾ ഓൎമ്മയിൽ വരികയാൽ അദ്ദേഹം 'സോളൻ, സോളൻ' എന്നു് ഉറക്കെ നിലവിളിച്ചു. സൈറസ്സ് ഇതുകേട്ടു. അദ്ദേഹം ക്രീസസിനെ ബന്ധനവിമുക്തനാക്കി തൻെറ മുൻപിൽ കൊണ്ടുവരുന്നതിനു് ആജ്ഞാപിച്ചു. അതനുസരിച്ചു ക്രീസസ്സ അദ്ദേഹത്തിൻെറ മുൻപിൻ ഹാജരാക്കപ്പെട്ടു. നിലവിളിയുടെ കാരണം എന്തെന്നു സൈറസ്സ ചോദിച്ചപ്പോൾ, മുൻപൊരിക്കൽ സോളനുമായുണ്ടായ സംവാദത്തെപ്പററി ക്രീസസ്സ് അദ്ദേഹത്തെ ധരിപ്പിച്ചു. ഇപ്രകാരം സമ്പത്തിൻെറ അസ്ഥിരതയെക്കുറിച്ചു സൈറസ്സു മനസ്സിലാക്കി ക്രീസസിനെ വിട്ടയച്ചു.

ലിദിയാ പിടിച്ചടക്കിയതിൻെറ ശേഷം സമുദ്രതീരത്തുള്ള ഗ്രീക്കുപട്ടണങ്ങളും ദ്വീപുകളും പേർഷ്യാക്കാർ സ്വാധീനപ്പെടുത്തി. ബി. സി. 538-ാമാണ്ടു് ബാബിലോൺ അവൎക്കു് ആയത്തമായി. ബി. സി. 525-ൽ പുരാതന ഈജിപ്ററു് ഒരു പേർഷ്യൻ പ്രവിശ്യയായിത്തീൎന്നു. ഇങ്ങനെ പേർഷ്യാ-മീദിയൻ സാമ്രാജ്യം നൈൽനദിമുതൽ അഫ്ഗാനിസ്റ്റാൻവരെ വ്യാപിച്ചു. ദേരിയസ്സ പ്രഥമൻ (ഇദ്ദേഹത്തെ അദ്വിതീയനായ അലക്സാണ്ടരോടു സാമ്യപ്പെടുത്താം) തൻെറ രാജ്യത്തെ മണ്ഡലങ്ങളായി ഭാഗിക്കയും, പേർഷ്യൻ ഉൾക്കടലിൽ നിന്നു് നൂററിഅൻപതു നാഴിക ദൂരമുള്ള സൂസാ (Susa)യെ തലസ്ഥാനനഗരമാക്കയും ചെയ്തു. നൂതന പേർഷ്യൻമണ്ഡലമായ ലിദിയായുടേയും അയോണിയായുടേയും തലസ്ഥാനം സാർദിസ്സ

ആയി. സാർദിസിൽ നിന്നുമുള്ള രാജപാത സൂസായിലേക്കു നീട്ടപ്പെട്ടു. ആയിരത്തിഅഞ്ഞൂറുനാഴിക നീളമുള്ള ഈ റോഡുമൂലം യൂറോപ്പിൽനിന്നും ഏഷ്യയിലേക്കുള്ള സഞ്ചാരം സൗകൎയ്യപ്രദമായിത്തീൎന്നു. ഈ പാതയിൽക്കൂടിയാണു് ആദ്യത്തെ പോസ്റ്റൽഏൎപ്പാടു നടപ്പായതു്. ഒരു ദിവസത്തെവഴി ദൂരത്തായി ഓരോ സ്റ്റേഷൻ ഉണ്ടായിരുന്നു. അവിടെ സാദികൾ നിൎത്തപ്പെട്ടിരുന്നു. ഒന്നാമത്തെ താവളസ്ഥലത്തുനിന്നുംവന്ന സാദി രണ്ടാമത്തെ സ്ഥാനത്തിൽ നിന്ന സാദിയേയും, അയാൾ മൂന്നാമത്തെ സ്ഥലത്തെത്തി അവിടെനിന്ന സാദിയേയും എഴുത്തുകൾ ഏല്പിച്ചുവന്നു. ഇങ്ങനെ തപാൽകുതിരകൾ മുഖാന്തരം മുറയ്ക്കു് അതാതു സ്ഥലങ്ങളിൽ എഴുത്തുകൾ മേൽവിലാസക്കാൎക്കു എത്തിക്കയായിരുന്നു പതിവു്. ഈ പേൎഷ്യൻദൂതന്മാരെപ്പോലെ വേഗത്തിൽ സഞ്ചരിക്കുന്നതു മനുഷ്യൎക്കു അശക്യമായിരുന്നുവെന്നു ഗ്രീക്കുകാർ പറഞ്ഞിരിക്കുന്നു. മഞ്ഞു, മഴ, ചൂടു്, ഇരുട്ടു്, ഇവയൊന്നും വകവെയ്ക്കാതെ ഈ സാദികൾ അവരുടെ ജോലികൾ ചെയ്യേണ്ടിയിരുന്നു. തന്മൂലം ഓരോ താവളസ്ഥലത്തും സത്രങ്ങൾ സ്ഥാപിതമായി. ഈ പാതവഴി തപാൽക്കാർ കൂടാതെ, പാന്ഥന്മാരും വണിക്കുകളും സഞ്ചരിച്ചുവന്നു.

ബി. സി. 512-ാമാണ്ടു ഡേറിയസ്സ് യൂറോപ്പിലേക്കു കടക്കയും ത്രേസു പിടിച്ചടക്കയും ചെയ്തു. അനന്തരം ഏഷ്യാമൈനറിൽ കുടിയേറിപ്പാൎത്തിരുന്ന ഗ്രീക്കുകാർ പേൎഷ്യൻ അധിപതിയോടു എതിൎത്ത അവസരത്തിൽ ഗ്രീക്കുകാർ (അപ്പോൾ ഗ്രീസിൽ താമസിച്ചവർ) അവരെ സഹായിച്ചതിനാൽ അദ്ദേഹം ഗ്രീസി

നെ ആക്രമിച്ച് അതിനെ അധീനമാക്കി. ബി. സി. 499_ാമാണ്ട് അയോണിയായിൽ ഒരു ലഹള ഉണ്ടായി. സാർഡിസ് പട്ടണം തീവെച്ചു നശിപ്പിക്കുന്നതിന് അതീനിയന്മാർ അയോണിയന്മാരെ സഹായിച്ചു. അപ്പോഴാണ് അതീനിയന്മാരെപ്പററി പേർഷ്യൻ രാജാവു കേട്ടതു്. "ഞാൻ ഉച്ചക്കു ഭക്ഷണം കഴിച്ചുകൊണ്ടിരിക്കുമ്പോൾ, മഹാരാജാവെ, അതീനിയന്മാരെ ഓൎമ്മിച്ചുകൊള്ളണമെന്ന് എന്നോട്ട് മൂന്നു പ്രാവശ്യം പതിവായി പറയണം" എന്ന് അദ്ദേഹം തന്റെ ഭൃത്യന്മാരോടു ചട്ടം കെട്ടിയതായി പറയപ്പെട്ടിരിക്കുന്നു. ശരിയായ സമയം വരുമ്പോൾ അതീനിയന്മാരെ കണക്കിനു ശിക്ഷിക്കണമെന്നായിരുന്നു അദ്ദേഹത്തിന്റെ ആഗ്രഹം.

ബി. സി. 494_ൽ അയോണിയായിലെ വിപ്ലവം ശമിച്ചതോട്ടുകൂടി മിലററസ് (Miletus) കാർ കീഴടങ്ങി. പുരുഷന്മാർ വധിക്കപ്പെട്ടുകയും സ്ത്രീകളും കുട്ടികളും അടിമകളായി സൂസായിലേക്കു അയക്കപ്പെട്ടുകയും ചെയ്തു. അനന്തരം താൻ ഗ്രീസിലെ അധിപനാണെന്നു ഡേരിയസ് പ്രഖ്യാപനം ചെയ്തു. ഗ്രീക്കുകാർ തനിക്കു കീഴടങ്ങിയതിന്റെ അടയാളമായി 'മണ്ണും നീരും' ൧ ആവശ്യപ്പെടണമെന്നു പറയുന്നതായി അദ്ദേഹം സ്പാർട്ടായിലേക്കും ആതൻസിലേക്കും ദൂതന്മാരെ അയച്ചു. ദൂതന്മാർ സ്പാർട്ടായിൽ എത്തി കാൎയ്യമറിയിച്ചപ്പോൾ പൗരന്മാർ അവരെ കിണററിൽ തള്ളിയിട്ടു. ആതൻസിൽ ചെന്നു വിവരം അറിയിച്ചവരെ പൗരന്മാർ കുററക്കാരെ ഉദ്ദേ

൧. പേർഷ്യൻ രാജാവിനു കീഴടങ്ങിയെന്നുള്ളതിനെ സൂചിപ്പിക്കുന്ന പരസ്യാചാരങ്ങൾ.

ശിച്ചുണ്ടാക്കപ്പെട്ടിരുന്ന ഗർത്തത്തിൽ പിടിച്ചുതള്ളി. അവിടെയുള്ള ഇരുമ്പാണികൾകൊണ്ടു് അവരുടെ ശരീരം ഛിന്നഭിന്നമായി. തന്മൂലം ബി. സി. 490-ൽ പേർഷ്യാക്കാർ ഗ്രീസിലേക്കു കപ്പലോടിച്ചു. അതീനിയന്മാരാൽ ബഹിഷ്കൃതനും നിഷ്ഠുരനുമായ ഹിപ്പിയാസ് (Hippias) എന്ന രാജാവും ഇവരെ അനുഗമിച്ചിരുന്നു. ഇവർ എറിട്രിയാ(Eretria)യെ തീ വെച്ചു നശിപ്പിച്ചശേഷം [1]മാരത്താൺ (Marathon)എന്ന മൈതാനത്തിൽ യുദ്ധത്തിനു തയ്യാറായി. ഈ യുദ്ധത്തിൽ ആറായിരത്തിനാനൂറു മീഡിയാക്കാർ വധിക്കപ്പെട്ടു. പേർഷ്യാക്കാർക്കു് ഈ പരാജയം വലിയ കാര്യമായി തോന്നിയില്ല. പക്ഷെ, യവനചരിത്രത്തിൽ ഇതു് ഒരു പ്രധാനഘട്ടത്തെ കുറിക്കുന്നു. സൈന്യം ചെറുതായാലും അതിനു ശരിയായ യുദ്ധപരിശീലനമുണ്ടെങ്കിൽ, യുദ്ധപരിശീലനമില്ലാത്ത ഒരു വലിയ സൈന്യത്തെ നിഷ്പ്രയാസം പരാജയപ്പെടുത്താൻ കഴിയുമെന്നു് ഈ യുദ്ധത്തിൽനിന്നും ഗ്രീക്കുകാർ പഠിച്ചു. എന്നു മാത്രമല്ല, പേർഷ്യാക്കാരുമായി പോരാടാനുള്ള മനോധൈര്യവും അവർക്കു ലഭിച്ചു.

ബി. സി. 485-ൽ ഡേറിയസു് കാലധർമ്മം പ്രാപിച്ചതിനാൽ സെർക്സസു് രാജാവായി. ഇദ്ദേഹം ഒരു

---

൧. ബി. സി. ൪൯൦-ാമാണ്ടു് പേർഷ്യാക്കാരും അതീനിയന്മാരും തമ്മിൽ നടന്ന യുദ്ധം. അതീനിയന്മാർക്കു ജയം ലഭിച്ചു. ഫൈഡിപ്പിഡസ് എന്ന സുപ്രസിദ്ധനായ ഒരു ഓട്ടക്കാരൻ യുദ്ധക്കളത്തിൽ നിന്നും ഓടി ആഥൻസിൽ എത്തി അവിടത്തുകാരെ ഈ വിവരം അറിയിച്ചു. 'നാം ജയിച്ചു, ആഹ്ളാദിക്കുവിൻ' എന്നുമാത്രമെ ക്രമത്തിലധികം ബദ്ധപ്പെട്ടു ഓടിയതുകൊണ്ടു് അയാൾക്കു പറയാൻ സാധിച്ചുള്ളു. അടുത്തക്ഷണം അയാൾ താഴെ വീണു് മൃതിയടഞ്ഞു. ഈ ഓട്ടത്തിന്റെ സ്മാരകമായി 'മാരത്താൺ' എന്ന വാക്കിനു 'പലായമാന പരീക്ഷ' എന്ന അർത്ഥമുണ്ടത്രെ.

വലിയ സന്നാഹത്തോടുകൂടി ഗ്രീസിനെ ആക്രമിച്ചു. സെർക്സസ്, സ്വയം ഈ സൈന്യത്തെ നയിച്ചു. ബി. സി. 481-ാമാണ്ട് ഗ്രീഷ്മകാലത്തിൽ അദ്ദേഹം സൂസായിൽനിന്നും തിരിച്ചു ലിദിയായിൽ എത്തി. അവിടെ, സമ്പത്തിൽ തനിക്കടുത്ത സ്ഥാനത്തെ അംഘിച്ച പിതിയസ്സി(Pythius)ൻെറ കൂടെ താമസിച്ചു. 480-ാമാണ്ട് ഹെല്ലസ്പാണ്ട കടലിടുക്ക കടക്കുന്നതിൻമുൻപ് സെർക്സസ്, എബിദോസിനു സമീപം ഒരു കുന്നിൽ വെൺകല്ലുകൊണ്ട നിർമ്മിതമായ ഒരു സിംഹാസനത്തിലിരുന്ന് അവിടെ അണി നിരന്നു നിന്ന തൻെറ സേനകളെ പരിശോധിച്ചതായി പറയപ്പെട്ടിരിക്കുന്നു.

അനന്തരം പേർഷ്യൻസൈന്യം ത്രേസ്, മാസിഡോണിയ, തെസ്സാലി, ഈ രാജ്യങ്ങളിൽ കൂടി സഞ്ചരിച്ചു തെർമൊപൈലി (Thermopylae) വിദരത്തിൽ എത്തി. ഇവിടെ വെച്ചാണ് ലിയോണിദാസും (Leonidas)അദ്ദേഹത്തിൻെറ മുന്നൂറു സ്പാർട്ടൻ പടയാളികളും സെർക്സിസിൻെറ സൈന്യത്തെ എതിർത്തു്. തെർമൊപൈലിയിൽനിന്നും പേർഷ്യാക്കാർ തെക്കോട്ടു കടന്ന് ആതൻസിൽ എത്തി ആ പട്ടണത്തെ നശിപ്പിച്ചു. ഈ വരവ് അറിഞ്ഞു് അതീനിയന്മാർ കാലേക്കൂട്ടി ആ പട്ടണം വിട്ടുപോയി എന്നാൽ ബി. സി. 480-ൽ സലാമിസ് (Salamis)ഉൾക്കടലിൽ വെച്ചു നടന്ന ഭയങ്കരനാവികയുദ്ധത്തിൽ, ആതൻസുകാർ പേർഷ്യാക്കാരെ പരാജിതരാക്കി. ഇതുകേട്ട ഉടൻ, ഹെല്ലസ്പാണ്ടിൽ താൻ പണിയിച്ച പാലത്തെ നിർബാധമാക്കാൻ സെർക്സിസ്,തന്നെ മുൻപിൽ

പോയി. തെസ്സാലി സൂക്ഷിച്ചുകൊള്ളുന്നതിന തന്റെ സേനാനായകനായ മാർഡോണിയസിനെ അദ്ദേഹം നിയോഗിച്ചിരുന്നു 479-ാമാണ്ട് വസന്തകാലത്തിൽ ഗ്രീക്കനഗരവാസികൾ എല്ലാവരും ഒന്നിച്ചുചേൎന്നു പ്ലേറ്റിയ(Plataea) എന്ന സ്ഥലത്തുവെച്ചു മാർഡോണിയസ്സിനെ നിശ്ശേഷം തോല്പിച്ചു.

എതീന (Athena) ദേവിയുടെ 'ഒലിവു'വൃക്ഷം ആതൻസിലെ അക്രൊപൊലിസിൽ (Acropolis) അതീനിയന്മാർ വീണ്ടും നട്ടുപിടിപ്പിച്ചു. പേർഷ്യാക്കാർ അഗ്നിമൂലം നശിപ്പിച്ചസ്ഥലത്തു പുത്തൻരീതിയിലുള്ള ദേവാലയങ്ങൾ പണി ചെയ്യപ്പെട്ടു. ചുരുക്കത്തിൽ പറയുന്നതായാൽ പേർഷ്യാക്കാരുടെ ആക്രമണത്തിന്റെ ഫലമായി ഗ്രീസിൽ മുഴുവൻ ഒരു നവജീവൻ ഉണ്ടായതുപോലെ തോന്നി.

ഗ്രീസിനെ മാസിഡോണിയാക്കാർ ആക്രമിക്കുന്നതുവരെ അവിടെ അനേകം നഗരരാഷ്ട്രങ്ങൾ (City-states) ഉണ്ടായിരുന്നു. ചിലവലിയനഗരങ്ങളിലെ ജനങ്ങൾ അയൽരാജ്യങ്ങളെ സ്വാധീനപ്പെടുത്തി. ഇങ്ങനെ പിടിച്ചടക്കപ്പെട്ട രാജ്യങ്ങൾ സ്വാതന്ത്ര്യലബ്ധിക്കായി തരം നോക്കിക്കൊണ്ടിരുന്നു. സാമ്രാജ്യസ്ഥാപനത്തിനു ചില നഗരവാസികളുടെ പ്രയത്നങ്ങൾ ബാക്കിയുള്ളവരുടെ വിദ്വേഷത്തിനും നീരസത്തിനും കാരണമായിത്തീൎന്നു. ഗ്രീസിലെ സംസ്ഥാനങ്ങൾ എല്ലാം ഒരു സംയുക്തഭരണത്തിൽ ഏൎപ്പെട്ടിരുന്നുവെങ്കിൽ അവക്കു പൊതുവെ അനേകം ഗുണങ്ങൾ സിദ്ധിക്കുമായിരുന്നു. പക്ഷേ, ഈ മാതിരി ഘടനക്ക് അനേകം പ്രതിബന്ധങ്ങൾ ഉണ്ടായിരുന്നു. പൎവ്വതങ്ങൾ മുത

ലായവയുടെ കിടപ്പു കണ്ടാൽ, പ്രകൃതിദേവിതന്നെ സംസ്ഥാനങ്ങൾ ഓരോന്നിനേയും വേർതിരിച്ചതുപോലെ തോന്നും. ഇവ യോജിച്ചാൽത്തന്നെയും സഹപ്രവർത്തനം എല്ലായ്പ്പോഴും സാദ്ധ്യമല്ലായിരുന്നു. എന്നാൽ ആവശ്യമുള്ളപ്പോൾ ആതൻസ്, സ്പാർട്ട മുതലായ നഗരങ്ങളിലെ ജനങ്ങൾ ഒരുമിച്ചുചേർന്ന് മററു നഗരവാസികളെ പ്രേരിപ്പിച്ചു വേണ്ടതു പ്രവർത്തിപ്പിച്ചുവന്നു.

യുദ്ധസാമർത്ഥ്യത്തിനു കീർത്തിപ്പെട്ട സ്പാർട്ടന്മാരും ന്യായാന്യായവിവേചനശക്തിയിൽ അദ്വിതീയന്മാരായ അതീനിയന്മാരുമാണ് പേർഷ്യാക്കാരുമായുള്ള യുദ്ധത്തിൽ പ്രാമാണ്യം വഹിച്ചത്. വളരെ നിഷ്കൃഷ്ടമായി യുദ്ധപരിശീലനം നടത്തപ്പെട്ട സ്പാർട്ടായിലെ യുവാക്കന്മാർ മിതഭാഷികളായിരുന്നുവെങ്കിലും, പ്ലേറെറ പറയുന്നതുപോലെ അവരുടെ സൂക്തികൾ സാരഗർഭങ്ങളായിരുന്നു. അവർ വലിയ തത്വജ്ഞാനികളൊ യുദ്ധവീരന്മാരൊ ആരായിരുന്നാലും ശരി, അവരുടെ വൈദഗ്ദ്ധ്യംകൊണ്ടു മററു ഗ്രീക്കുകാർക്കൊ സന്തതിപരമ്പരക്കൊ വലിയ വിശേഷമൊന്നുമുണ്ടായില്ല. അന്യന്മ സ്പാർട്ടായിൽ പ്രവേശനം ലഭിക്കുന്നതുതന്നെ വളരെ പ്രയാസമായിരുന്നു. എന്നാൽ പില്ക്കാലക്കാരുടെ ഭാഗ്യാതിരേകത്താൽ അതീനിയന്മാർ തങ്ങളുടെ അറിവിനെ ഗ്രന്ഥങ്ങളിൽ ആക്കിയിരുന്നു.

രണ്ടാമത്തെ പേർഷ്യൻയുദ്ധത്തിനുശേഷം, ആതൻസ, ഗ്രീസിലെ ഒന്നാമത്തെ സംസ്ഥാനമായിത്തീർന്നു. ബി. സി. അഞ്ചാം ശതാബ്ദത്തിൻെറ അവസാനം വരെ ആതൻസിന് ഈ സ്ഥാനം തന്നെ ഉണ്ടായിരുന്നു. ദേവന്മാരോടു തങ്ങൾക്കുള്ള ഭക്തിയെ പ്രദർശിപ്പി

കുന്നതിന്ന് അതീനിയന്മാർ വളരെ പണം ചെലവു ചെയ്തു് അക്രൊപൊലിസിൽ ഒരു ദേവാലയം പണി കഴിപ്പിച്ചു. [1]എസ്ക്കിലസ്സ (Aeschylus), ബി. സി. 490-ാമാണ്ടു് അതീനിയന്മാരും പേർഷ്യാക്കാരും തമ്മിൽ മാരതാൺ സമനിലത്തിൽ വെച്ചു നടന്ന യുദ്ധത്തിൽ ശത്രുക്കളുമായി സധൈര്യം പോരാടിയിരുന്നു. ഒട്ടും താമസിയാതെ [2]സോഫോക്ലീസി(Sophocles)ന്റെ ദുഃഖപര്യവസായി നാടകങ്ങൾ പുറത്തിറങ്ങിത്തുടങ്ങി. [3]യൂറിപിദീസു (ഇദ്ദേഹം സലാമിസു യുദ്ധദിനത്തിലാണു ഭൂജാതനായതു) ജീവിച്ചിരുന്നതും ബി. സി. അഞ്ചാം ശതാബ്ദത്തിലായിരുന്നു. പക്ഷെ അദ്ദേഹത്തിന്ന് ആതൻസിന്റെ അധഃപതനം കാണുന്നതിനുള്ള ദൌർഭാഗ്യമുണ്ടായി. നിഷ്കാരണമായി യൂറിപ്പിദീസു തന്റെ നഗരത്തിൽനിന്നും ബഹിഷ്കൃതനായതിനാൽ അദ്ദേഹം മാസിഡോണിയായിലെ രാജധാനിയിൽ എത്തി. അവിടെവെച്ചു മരിച്ചു. പല പ്രധാനാവസരങ്ങളിലും അലക്സാണ്ടരും തന്റെ കൂട്ടുകാരും യൂറിപ്പിദീസ്സിന്റെ കൃതികളിൽനിന്നും പദ്യങ്ങൾ ഉദ്ധരിക്കുക പതിവായിരുന്നത്രെ. യൂറിപ്പിദിസു തന്റെ (Bacchoe) എന്ന ഗ്രന്ഥം രചിച്ചതു മാസിഡോണിയായിൽ വെച്ചായിരുന്നു. ഇതു് ഒളിമ്പിക്കുദേവന്മാരെപ്പററി അപഹസിച്ചു് എഴുതിയിട്ടുള്ളതാണെന്നു് പറയപ്പെട്ടിരിക്കുന്നു.

അഞ്ചാം ശതാബ്ദത്തിൽ ആതൻസിൽ ജീവിച്ചിരുന്ന വിദ്വാന്മാരിൽ പ്രഥമ ഗണനീയൻ, പില്ക്കാലക്കാർ അറിയത്തക്കവണ്ണം തന്നെക്കുറിച്ചു യാതൊന്നും കുറച്ചി

---

൧,൨,൩ മൂന്നു സുപ്രസിദ്ധ യവന നാടകകർത്താക്കൾ.

ട്ടില്ലാത്തവനും ലോകത്തെപ്പററി തനിക്കുള്ള അറിവു തീരെ തുച്ഛമാണെന്നു പരസ്യമായി പ്രസ്താവിച്ചവനുമായ [1] സോക്രറീസ് (Socrates) എന്ന മഹാനായിരുന്നു. 'പണ്ഡിതാഗ്രഗണ്യൻ' എന്ന സ്ഥാനത്തിനു് അറിസ്റ്റോട്ടിലിനേക്കാൾ കൂടുതൽ അർഹതയുള്ളതു് ഇദ്ദേഹത്തിനാണു്. പക്ഷെ ഈ മഹാൻ ഈ സ്ഥാനപ്പേർ അശേഷം ഇഷ്ടപ്പെട്ടില്ല. സോക്രറീസിനു ലഭിച്ചിരുന്ന അറിവു് അദ്ദേഹത്തിൻെറ പ്രധാനശിഷ്യനായ പ്ലേറേറാമൂലമാണു് അറിസ്റ്റോട്ടിലിനു കിട്ടിയതു്. അറിസ്റ്റോട്ടിൽ പ്ലേറേറായുടെ ശിഷ്യനും, അലക്സാണ്ടരുടെ ഗുരുവും ആയിരുന്നതിനാൽ അദ്ദേഹത്തിനു ചരിത്രത്തിൽ ഒരു നല്ല സ്ഥാനമുണ്ടു്. ആതൻസ് നഗരത്തിൻെറ അധഃപതനം സോക്രറീസും കാണുന്നതിനിടയായി. ടി പട്ടണത്തിലെ ദേവന്മാരെ അദ്ദേഹം ആരാധിച്ചില്ലെന്നും അവിടെ നൂതനദേവാരാധന നടപ്പാക്കാൻ ഉദ്യമിച്ചുവെന്നും പട്ടണത്തിലെ യുവാക്കന്മാരെ വഷളന്മാരാക്കി എന്നുമുള്ള കുററങ്ങൾ ചുമത്തി അതീനിയന്മാർ സോക്രാറിസ്സിനെ വിഷംകൊടുത്തു കൊല്ലുകയും തന്മൂലം അവർ ലോകദൃഷ്ട്യാ ദുഷ്ടന്മാരായിത്തീരുകയും ചെയ്തു.

---

൧. (ബി. സി. ൪൬൯–൩൯൯) തത്വജ്ഞാനികളിൽ അഗ്രേസരൻ; പിതാവായ സോഫ്രോനിസ്കസ് ഒരു ശില്പിയായിരുന്നു. പോററിഡിയ ഡിലീയം എന്നീ യുദ്ധങ്ങളിൽ അദ്ദേഹം പങ്കുകൊണ്ടു. കുറെക്കാലം കഴിഞ്ഞപ്പോൾ ഒരു തത്വശാസ്ത്രജ്ഞൻെറ ജീവിതം നയിച്ചു. പ്രസംഗിക്കുന്നതിലല്ല, വാഗ്വാദം നടത്തുന്നതിലാണു് താല്പര്യം കാണിച്ചതു്. ഇതിനെയാണു് 'സാക്രററിക് മെതേഡ്' എന്നു പറയുന്നതു്. മനുഷ്യജീവിതമായിരുന്നു അദ്ദേഹത്തിൻെറ വാഗ്വാദവിഷയം. അദ്ദേഹം തർക്കവിദ്യാസംബന്ധമായ ഒരു നൂതനപദ്ധതിയുടെ സ്രഷ്ടാവും ഒരു നിഷ്പക്ഷപാതിയായ വിമർശകനും ആയിരുന്നു.

പേർഷ്യാക്കാർ ഗ്രീക്കുകാരെ ആക്രമിച്ചപ്പോൾ, തങ്ങൾ ഭിന്നസംസ്ഥാനങ്ങളിൽപ്പെട്ടവരാണെന്നുള്ള ബോധം കൂടാതെ അവർ (ഗ്രീക്കുകാർ) ഒരുമിച്ചു ചേൎന്നു യുദ്ധം ചെയ്തു. അതീനിയന്മാർ ബി. സി. 478-ൽ 'ഡീലിയൻലീഗു്' എന്നുപേരുള്ള ഒരു സംയുക്തഭരണക്രമം സ്ഥാപിച്ചു്; ഗ്രീക്കുകാരെ പേർഷ്യാക്കാരുടെ ആക്രമണത്തിൽ നിന്നു സംരക്ഷിക്കുന്നതിനും ഏഷ്യാമൈനറിൽ കുടിയേറിപ്പാർത്തിരുന്ന തങ്ങളുടെ ചാർച്ചക്കാരെ സഹായിക്കുന്നതിനുമായിരുന്നു ഈ സ്ഥാപനം. അയോണിയൻ സംസ്ഥാനങ്ങളിൽ മിക്കവയും ടി ഭരണക്രമത്തോടു സംഘടിതങ്ങളായിരുന്നു. അപ്പോളൊ(Apollo) ആർട്ടിമിസു് (Artemis), എന്നീ സഹോദരന്മാരുടെ ജന്മഭൂമിയായ ഡീലാസു് (Delos) ആയിരുന്നു ഈ സംയുക്തഭരണത്തിനു വിധേയമായ രാജ്യങ്ങളുടെ തലസ്ഥാനം. അതീനിയന്മാർ ഇതിലെ ഖജാൻജികളായിരുന്നു. ഈ സംയുക്തസ്ഥാപനം കാലാന്തരത്തിൽ അതീനിയൻ സാമ്രാജ്യമായി രൂപാന്തരപ്പെട്ടു. രാജ്യതന്ത്രകുശലനായ പെറിക്ലീസു് (Pericles), തന്റെ വിഖ്യാതമായ പ്രസംഗത്തിൽ പറയുന്നതു നോക്കുക. "ആതൻസു ഗ്രീക്കുകാരുടെ വിദ്യാലയമാകുന്നു. സമുദ്രത്തിലും കരയിലുമുള്ള നമ്മുടെ പ്രതാപത്തെ നാം ലോകത്തിലുള്ള സകലരേയും അറിയിക്കയും മൈത്രിയുടേയും വൈരത്തിന്റെയും ജ്ഞാപകചിഹ്നങ്ങൾ എല്ലായിടത്തും സ്ഥാപിക്കയും കഴിഞ്ഞിരിക്കുന്നു". അതീനിയന്മാരുടെ ഭരണരീതി ടി ഭരണത്തിലുൾപ്പെട്ടവൎക്കു് ഉപദ്രവകരമായിത്തോന്നിയതിനാൽ അചിരേണ അവർ അതിൽനിന്നും പിൻവലിഞ്ഞു സ്വതന്ത്രരായി. ആതൻസുനഗരത്തിന്റെ മഹിമയും മാഹാത്മ്യവും മററു സംസ്ഥാനങ്ങളുടെ, പ്രത്യേ

കിച്ച സ്പാർട്ടായുടെ, അസൂയക്ക കാരണമായിത്തീൎന്നു. ബി. സി. 431 മുതൽ 404വരെ നിലനിന്ന പെലൊപൊണിഷ്യൻ (Peloponnesian) യുദ്ധംമൂലം ആതൻസു സാമ്രാജ്യം ഛിന്നിഭിന്നമാകയും സ്പാർട്ട ഔന്നത്യത്തെ പ്രാപിക്കയും ചെയ്തു. ആതൻസിൻെറ അധഃപതനം ഹേതുവായി ജാതീയബോധം അസ്തമിച്ചു. പേർഷ്യൻരാജാവിനു 'മണ്ണുംനീരും' കൊടുക്കുന്നതിനു ഗ്രീസിലെ സംസ്ഥാനങ്ങൾക്കു വലിയ വിരോധമില്ലായിരുന്നു. പക്ഷെ അവയിൽ ഒന്നിനു മററുള്ളവ അധീനപ്പെട്ടിരിക്കുന്നതു പ്രയാസമായിരുന്നു. ഇതിനും പുറമെ, ആതൻസിനെ പോലെ ഒരു സാമ്രാജ്യം സ്ഥാപിക്കുന്നതിനുള്ള ആഗ്രഹം മററു സംസ്ഥാനങ്ങൾക്കുമുണ്ടായിരുന്നു. വേറൊരു ഗ്രീക്കുസംസ്ഥാനത്തെ പിടിച്ചടക്കി ഭരിക്കുന്നതു് അന്യായമായിരുന്നാലും, സംയുക്തഭരണംകൊണ്ടു ചില ഗുണങ്ങൾ ഉണ്ടാകുമെന്നു് അവക്കു് ബോധപ്പെട്ടു. സംയുക്തഘടനമൂലം ആതൻസിനു ലഭിച്ച സ്ഥാനവും സമ്പത്തും മററു സാംസ്ഥാനികന്മാരും കാംക്ഷിച്ചു.

ഈ ശതാബ്ദത്തിൽ തന്നെ ആതൻസുനഗരം മുതൽ സമുദ്രംവരെ പണി കഴിപ്പിക്കപ്പെട്ട 'സുദീർഘങ്ങളായ പ്രാചിരങ്ങൾ' ബി. സി. 403-ാമാണ്ടു ശത്രുക്കൾ നശിപ്പിക്കയും ഒരു സ്പാർട്ടൻ ആതൻസിലെ അക്രൊപൊലിസിനെ കൈവശപ്പെടുത്തുകയും ചെയ്തു. എന്നാൽ ബി. സി. നാലാം ശതാബ്ദത്തിൽ എത്രയും ആശ്ചര്യകരമാംവണ്ണം ആതൻസു പ്രാബല്യത്തെ പ്രാപിച്ചു. ഈ നൂററാണ്ടിൽ മാസിഡോണിയാക്കാർ ഗ്രീസിനെ ആക്രമിച്ചതുവരെ സാമ്രാജ്യാധിപത്യം കര

സ്ഥമാക്കുന്നതിനു സംസ്ഥാനങ്ങൾ തമ്മിൽ കലഹിച്ചു കൊണ്ടിരുന്നു

സ്പാർട്ട, ആതൻസ്, തീബസ് (Thebes), തെസ്സാലി ഈ രാജ്യക്കാർ പ്രത്യേകം പ്രഥമസ്ഥാനം ലഭിക്കുന്നതിനു ശ്രമിച്ചുവെങ്കിലും തങ്ങൾ ഏർപ്പെട്ട യുദ്ധത്തിൽ പരാജിതന്മാരായിപ്പോകയാൽ അധഃപതനത്തെ പ്രാപിക്കുന്നതിനിടയായി. ബി. സി. 404 മുതൽ 371 വരെ സ്പാർട്ടന്മാരുടെ ശക്തി പരമകാഷ്ഠയെ പ്രാപിച്ചിരുന്നു. പക്ഷേ, അവർ അവരുടെ കക്ഷിയിൽപ്പെട്ടവരെ വളരെ പീഡിപ്പിച്ചു. അതീനിയന്മാരുടെ ശക്തിയെ അമർത്തുന്ന വിഷയത്തിൽ സ്പാർട്ടന്മാർക്കു പേർഷ്യയുടെ സഹായം കിട്ടി. ഇതിനുപകരം ഏഷ്യാമൈനറിലുള്ള ഗ്രീക്കുകാരുടെ നഗരങ്ങൾ കൈവശം വെച്ചുകൊള്ളുന്നതിനു സ്പാർട്ടന്മാർ പേർഷ്യാക്കാരെ അനുവദിച്ചു. എന്നാൽ, കുറെക്കഴിഞ്ഞു സ്പാർട്ടായിലെ അതിശൂരനായ അജിസിലാസ് (Agesilaus) രാജാവു അലക്സാണ്ടരെപ്പോലെ ദിഗ്വിജയത്തിനു ആഗ്രഹിക്കുകയും, ഏഷ്യാമൈനറെ ആക്രമിക്കയും, പേർഷ്യാക്കാരെ അനേകം തവണ തോല്പിക്കയും ചെയ്തു. എങ്കിലും ഒടുവിൽ അദ്ദേഹത്തിൻെറ നാവികസൈന്യത്തിനു തോൽവിപററി. സ്പാർട്ടന്മാരുടെ ശത്രുക്കളായിത്തീർന്ന ഉടൻ പേർഷ്യാക്കാർ "സുദീർഘങ്ങളായ പ്രാചീരങ്ങൾ" പണി കഴിപ്പിക്കുന്നതിനും, തുറമുഖത്തെ വീണ്ടും കോട്ടകെട്ടി ഉറപ്പിക്കുന്നതിനും, തന്മൂലം ശക്തിയെ പുനഃസ്ഥാപിക്കുന്നതിനും അതീനിയന്മാരെ സഹായിച്ചു. എന്നാൽ അവർ താമസമെന്യേ പേർഷ്യയുമായുള്ള കൂട്ടുകെട്ടു ഉപേക്ഷിച്ചു. പക്ഷേ ബി. സി. 387-ൽ പേർഷ്യൻരാജാവു

മായുണ്ടായ സമാധാനഉടമ്പടി അനുസരിച്ച് ഏഷ്യാമൈനറിലുള്ള അതീനിയന്മാരുടെ ചാർച്ചക്കാർ അദ്ദേഹത്തിന്റെ അധീനതയിലായിത്തീന്നു.

സ്പാർട്ടന്മാർ തീബന്മാരെ ആക്രമിക്കയും, എന്നാൽ ല്യൂക്ട്ര(Leuctra) യുദ്ധത്തിൽ വെച്ചു പരാജിതരാകയാൽ ബി. സി. 371 മുതൽ അവരുടെ ശക്തി ക്ഷയിച്ചുതുടങ്ങുകയും ചെയ്തു. സ്പാർട്ടന്മാൎക്കുശേഷം പ്രബലന്മാരായിത്തീന്നതു, നാട്ടുംപുറത്തെ പഴയരീതിയിലുള്ള തീബ്സ് എന്ന പട്ടണത്തിലെ നിവാസികളായിരുന്നു, അവിടത്തെ പൌരന്മാർ പ്രസിദ്ധന്മാരായിത്തീരുമെന്ന് ആരും അത്ര വിചാരിച്ചിരുന്നില്ല. എങ്കിലും പുരാതനകാലത്ത് ഏതാനും ദേവന്മാൎക്കും വീരപുരുഷന്മാൎക്കും കീൎത്തിപ്പെട്ടിരുന്ന പട്ടണമാണു തീബ്സ്. ല്യൂക്ട്രായിൽവെച്ചു നടന്ന യുദ്ധത്തിൽ തീബ്സുകാരനായ ഇപാമിനോണ്ടാസാ(Epaminondas)യിരുന്നു സേനാധിപത്യം വഹിച്ചതു്. ഇദ്ദേഹം ഒരു നൂതനയുദ്ധരീതികണ്ടുപിടിക്കയുണ്ടായി. സ്പാർട്ടൻ "പദാതി"കളെപ്പോലെ ഇപാമിനോണ്ടാസിന്റെ പടയാളികളും കുന്തങ്ങൾ ധരിച്ചിരുന്നു. എന്നാൽ സാധാരണരീതിയിൽ യുദ്ധം ചെയ്വാൻ നിന്ന ശത്രുസൈന്യത്തിന്റെ ഇടയിൽ പെട്ടെന്നു കടന്ന് അണിഭേദിച്ചു അവരെ തോല്പിച്ചോടിക്കത്തക്കവണ്ണമുള്ള വിധത്തിലാണ് അദ്ദേഹം തന്റെ സൈന്യത്തെ നിറുത്തിയതു്. മാസിഡോണിയായിലെ ഫിലിപ്പും അലക്സാണ്ടരും ഇപാമിനോണ്ടാസിന്റെ യുദ്ധസാമ്പ്രദായം അംഗീകരിച്ചു ശത്രുക്കളെ പരാജയപ്പെടുത്തി.

ല്യൂക്ട്രായിൽവെച്ചു തീബന്മാർ സ്പാർട്ടന്മാരെ തോല്പിച്ചുവെന്നു മാത്രമല്ല, അവർ പെലൊപോണിസസ്സ് ആക്രമിച്ചു സ്പാർട്ടനഗരത്തിന്റെ അതിർത്തിവരെയുള്ള രാജ്യം കൊള്ളയിട്ടു് അതിനെ ശൂന്യമാക്കി. ബി. സി. 367_ൽ തങ്ങൾ തമ്മിലുള്ള വൈരത്തെ തീൎത്തു കാൎയ്യങ്ങൾ ശരിപ്പെടുത്തുന്നതിനു തീബ്സിലേയും ആതൻസിലേയും പ്രധാനന്മാർ പേർഷ്യൻരാജാവിനെ മദ്ധ്യസ്ഥനായി സ്വീകരിച്ചു. പക്ഷെ അതുകൊണ്ടു വലിയ ഫലമൊന്നുമുണ്ടായില്ല. ബി. സി. 362_ൽ മാൻറിനിയ (Mantinea) യുദ്ധം വിജയപ്രദമായി നടത്തിക്കൊണ്ടിരിക്കുമ്പോൾ ഇപ്പാമിനോണ്ഡാസു വധിക്കപ്പെട്ടു. അദ്ദേഹത്തിന്റെ മരണത്തോടുകൂടി തീബന്മാരുടെ ശക്തി ക്ഷയിച്ചു. എന്നാൽ ആതൻസിനൊ സ്പാർട്ടാക്കൊ പ്രാമാണ്യത്തെ പ്രാപിക്കാൻ സാധിച്ചില്ല. ഇതിനിടക്കു മാസിഡോണിയൻ അധിപതി മററുരാജ്യങ്ങളെ ആക്രമിച്ചു പിടിച്ചടക്കി.

14544

---

## അദ്ധ്യായം ൫.

## മാസിഡോണിയായിലെ ഫിലിപ്പദ്വിതീയൻ.

അലക്സാണ്ടരുടെ പിതാവായ ഫിലിപ്പിന്റെ കാലത്തിനു മുൻപു് മാസിഡോണിയാ എന്ന രാജ്യത്തിനു യാതൊരു പ്രാധാന്യവുമുണ്ടായിരുന്നില്ല. യവനന്മാരൊ യവന വംശത്തിൽപ്പെട്ടവരൊ ആയിരുന്നു

ആ രാജ്യത്തിൻെറ സമുദ്രതീരനിവാസികൾ. ഇവർ സ്വതന്ത്രന്മാരായിരുന്നു സമുദ്രതീരത്തുള്ള പട്ടണങ്ങളും ഗ്രാമങ്ങളും കൊള്ളയിട്ടായിരുന്നു ഇവരുടെകാലക്ഷേപം. ആധുനികകാലത്തെ ബാസ്നിയ (Bosnia), ഹെർസഗൊവിന, ഡാൽമേഷ്യാ, (Dalmatia), ഹങ്ഗാറിയുടെ വടക്കുപടിഞ്ഞാറെ ദേശം, എന്നീ സ്ഥലങ്ങളിലാണ് ഇവർ താമസിച്ചതു്. ഇവർ പുരാതനകാലത്തെ ത്രേഷ്യാക്കാരുടെ ബന്ധുക്കളായിരുന്നു. ഗ്രീസിലെ വിവിധ സംസ്ഥാനികന്മാരെപ്പോലെ ഇവരും കലഹപ്രിയന്മാരായിരുന്നുപോൽ.

മാസിഡോണിയായിലെ രാജാക്കന്മാർ ഹെല്ലനിക് വംശത്തിൽപ്പെട്ടവരായിരുന്നു സമുദ്രതീരത്തു നിവസിച്ചിരുന്ന യവനന്മാർ "രാജസഹചാരികൾ" എന്നാണ് സ്വയം വിളിച്ചുവന്നതു.

മാസിഡോണിയാക്കാർ മിക്കവരും യുദ്ധംചെയ്തും നായാടിയും സമയം കഴിച്ചുവന്നു. ഒരു ശത്രുവിനെ എങ്കിലും വധിക്കാത്ത ഒരു മാസിഡോണിയൻ ഉണ്ടെങ്കിൽ അയാൾ തൻെറ അരയിൽ ഒരു ചരടു കെട്ടണം. അയാൾക്കു പന്തിഭോജനം വിരോധിക്കപ്പെട്ടിരുന്നു. അഥവാ സഹഭോജനം അനുവദിക്കണമെങ്കിൽ ആ മാസിഡോണിയൻ ഒരു കാട്ടുപന്നിയെ വധിക്കേണ്ടതാണ്. മാസിഡോണിയായിലെ വളരെ പുരാതന കാലത്തെ ഒരു രാജാവായ ആർക്കിലാസു (Archelaus) അനേകം മന്ദിരങ്ങൾ നിർമ്മിക്കയും റോഡുകൾ വെട്ടിക്കയും ചെയ്തു. ഇദ്ദേഹം, ചിത്രകാരനായ (Xeuxis) ഗായകശിരോമണിയായ തിമോത്തിയസു (Timotheus), നാടകകർത്താവായ യൂറിപ്പിഡീസു, എന്നീ യവനന്മാരെ

തന്റെ രാജധാനിയിൽ താമസിപ്പിച്ച് അവൎക്കു പല വിധ പ്രോത്സാഹനങ്ങളും നൽകി. ഗ്രീസിലെപ്പോലെ മാസിഡോണിയായിലും "ബാക്കസി"നെ പ്രീതിപ്പെടുത്താനുള്ള നാടകങ്ങൾ അഭിനയിക്കപ്പെട്ടുവന്നു.

പക്ഷേ മാസിഡോണിയാക്കാരിൽ അധികം പേരും ഉദ്ധൃതന്മാരായിരുന്നു. അവരെ അപരിഷ്കൃതന്മാരായി, യവനന്മാർ വിചാരിച്ചുവന്നു. തീബന്മാരും അതീനിയന്മാരും അന്യോന്യം വിരോധികളായിരുന്നുവെങ്കിലും, മാസിഡോണിയായിൽ തങ്ങളുടെ ശക്തിയെ പ്രചരിപ്പിക്കുന്നതിന് അവർ ആഗ്രഹിച്ചു. അവിടെ വധങ്ങളും കലഹങ്ങളും മുറയ്ക്കു നടന്നുകൊണ്ടിരുന്നു. ഫിലിപ്പിന്റെ സഹോദരനും മുൻഗാമിയുമായ (Perdiccas) സാധാരണ ഗ്രീക്കു സാംസ്ഥാനികന്മാരെപ്പോലെ വഞ്ചന പ്രവൎത്തിച്ചു.

ല്യൂക്ട്രാ യുദ്ധത്തിനുശേഷം തീബന്മാരുടെ ശക്തി പൂൎവ്വാധികം വൎദ്ധിച്ചു. ബി. സി. 368-ൽ മാസിഡോണിയായിലെ റീജന്റായ ടാളമിപെലൊപിഡാസ്സ് അവരുമായി ഒരു ഉടമ്പടി ചെയ്യാൻ നിർബദ്ധനായി. ഇതു വളരെ പ്രാധാന്യമുള്ള ഒരു ഉടമ്പടിയായിരുന്നു. ഇതിൽ നിന്നും മാസിഡോണിയാക്കാർ മാറാതിരിക്കാൻ മാസിഡോണിയായിൽനിന്നും അനേകം പ്രഭുക്കളെ — ഇവരിൽ ഒന്നു ഫിലിപ്പ് ആയിരുന്നു — ജാമ്യമായി പെലൊപിഡാസ്സ തീബന്മാൎക്കു നൽകിയിരുന്നു.

മാസിഡോണിയായിലെ രാജാവു സ്വേച്ഛാധിപതിയായിരുന്നു. തന്റെ കല്പനകളെ പ്രജകൾ പ്രത്യക്ഷരം നടത്തുന്നതിൽ അദ്ദേഹം നിഷ്കർഷിച്ചു. എന്നാൽ, അവിടെ പ്രജാസമിതിയുടെ അനുമതി

കൂടാതെ ഒരുത്തനെ വധിക്കുന്നതിനുള്ള അധികാരം അദ്ദേഹത്തിനുണ്ടായിരുന്നില്ല.

ആധുനികകാലത്തു, ടക്കി, ഗ്രീസ്സ്, ബൾഗേറിയ, സെർവിയ, മുതലായ രാജ്യക്കാർ കൈവശപ്പെടുത്തുന്നതിന് ആഗ്രഹിച്ച മാസിഡോണിയാരാജ്യം ആദ്യമായി സംയുക്തമായതു് അലക്സാണ്ടർമഹാൻെറ പിതാവായ ഫിലിപ്പിൻെറ കാലത്തായിരുന്നു. കംബൂന്നിയൻ (Cambunian) മലകൾ, മഞ്ഞുകൊണ്ടു മൂടിയതും യവനദേവന്മാരുടെ വാസസ്ഥലവുമായ ഒലിമ്പസ്സ് ശൃംഗം, ഇവയാണു മാസിഡോണിയായിൽ നിന്നും, അതിനു തെക്കുള്ള തെസ്സാലിയെ വേർപെടുത്തിയതു്. പടിഞ്ഞാറു സ്കാർഡസ്സ(Scardus), പിൻഡസ്സ(Pindus) എന്നീ പർവ്വതങ്ങൾ മാസിഡോണിയാക്കും ഇല്ലീറിയാക്കും മദ്ധ്യസ്ഥിതിചെയ്തിരുന്നു. ഫിലിപ്പിൻെറ കാലം വരെ കിഴക്കു മാസിഡോണിയായുടെ അതിരു, തെക്കുകിഴക്കായി ഒഴുകി തെർമി (Therme) ഉൾക്കടലിൽ വീണ അക്സിയസ്സ (Axius) നദിയായിരുന്നു. മാസിഡോണിയൻ സ്വയംഭരണാധിപത്യത്തിൻെറ ഉത്ഭവസ്ഥാനവും ഫലഭൂയിഷ്ഠവുമായ ഇമാത്തിയ (Emathia) എന്ന പ്രവിശ്യ തെർമി ഉൾക്കടലിനു ചുററും പുരാതന തലസ്ഥാനമായ ഈജി (എദിസ്സ) (Aegae) കുന്നുകൾക്കിടയിലും, നൂതനതലസ്ഥാനനഗരിയായ പെല്ല (Pella) കുറെ താഴെയായും സ്ഥിതിചെയ്തു. ദിഗ്ജയത്തിനായി അലക്സാണ്ടർ പുറപ്പെട്ടതു പെല്ലായിൽനിന്നുമായിരുന്നു. ഇപ്പോൾ ഈ പട്ടണത്തിൻെറ യാതൊരു ചിഹ്നവും കാണ്മാനില്ല. അലക്സാണ്ടരുടെ പിൻഗാമിയായ കസ്സാണ്ടർ, തെർമി ഉൾക്കടെ

ലിൻെറ തീരത്തിൽ തെസ്സലോണിക്ക (Thessalonica) എന്ന പട്ടണം സ്ഥാപിച്ചു് അതിനെ തൻെറ തലസ്ഥാനമാക്കി. ഇന്നു് ഇതു് ഒരു റെയിൽവെയുടെ അന്ത്യസ്റ്റേഷൻ ആകുന്നു. കിഴക്കു മൂന്നു മുഖങ്ങളോടു കൂടിയ ചാൽസിഡിസ (Chalcidice) ഉപദ്വീപാകുന്നു. ക്രിസ്തുവരുടെകാലത്തു കാൺസ്റ്റാൻറിനോപ്പിൾ എന്ന പേരിൽ അറിയപ്പെട്ടതും ഒരു നൂതന യവന സാമ്രാജ്യത്തിൻെറയും പിന്നീടു ടർക്കിസ്ഥാൻേറയും തലസ്ഥാനനഗരിയായിത്തീൎന്നതുമായ ബൈസാൻഷ്യം (Byzantium) വരെ മാത്രമല്ല, അതിനപ്പുറവുമുള്ള കടലോരങ്ങളിലും യവനോപനിവേശങ്ങൾ ഉണ്ടായിരുന്നു.

അലക്സാണ്ടരുടെ കാലത്തുള്ള ഗ്രീക്കുകാർ മാസിഡോണിയ ഒരു ഗ്രീക്കരാജ്യമല്ലെന്നു സമത്ഥിക്കുന്നതിൽ എത്ര ആഗ്രഹമുള്ളവരായിരുന്നോ. അത്രമാത്രം ആധുനികയവനന്മാർ അതു (മാസിഡോണിയ) ഒരു ഗ്രീക്കരാജ്യമാണെന്നുസ്ഥാപിക്കുന്നതിനു് ഉത്സുകരാണു്. ജയശാലികളായ ഏതാനും യവനന്മാർ മാസിഡോണിയായിൽ കുടിയേറിപ്പാൎത്തു് അവിട്ടത്തുകാരായ ഇല്ലീറിയന്മാരും ത്രേഷ്യന്മാരുമായി യോജിച്ചുതാമസിച്ചു. മാസിഡോണിയാക്കാർ ഒരു യവനദേശ ഭാഷയാണു സംസാരിച്ചതു്. അവർ ഗ്രീക്കുകാരുമായി യാതൊരു സംസൎഗ്ഗവുമില്ലായിരുന്നുവെങ്കിലും അവരുടെ ചില വിലക്ഷണഗുണങ്ങൾ ഉണ്ടായിരുന്നു. തന്നിമിത്തം, സംസ്കാരമുള്ള തെക്കൻപ്രദേശത്തിലെ ഗ്രീക്കുകാർ മാസിഡോണിയാക്കാരെ നാഗരികത്വമില്ലാത്തവരായി ഗണിച്ചു. പക്ഷേ, മാസിഡോണിയായിലെ രാജാക്കന്മാർ ഗ്രീക്കു വംശജന്മാരാണെന്നുള്ളതിനെപ്പററി സാ

ക്ഷാൽ ഗ്രീക്കുകാർക്കു യാതൊരു തർക്കവുമുണ്ടായിരുന്നില്ല. എന്നു മാത്രമല്ല, ഹെറാക്ലീസിന്റെ ഗോത്രത്തിൽപ്പെട്ട ആർഗോസിന്റെ വംശജനായ പെർഡിക്കാസു തന്റെ ജ്ഞാതികളോടുകൂടി ഉത്തരഗ്രീസിൽ പോകയും ഏറെക്കാലം ഒരു ഗോപാലന്റെ ജീവിതം നയിച്ചതിന്റെ ശേഷം ക്രമേണ മാസിഡോണിയാ മുഴുവൻ സ്വാധീനപ്പെടുത്തുകയും ചെയ്തുവെന്നു് ഒരു ഐതിഹ്യമുണ്ടു്.

മാസിഡോണിയായിലെ ഒന്നാമത്തെ രാജാവു് അമിൻറാസു (ബി. സി 540_498) ആയിരുന്നു. ഡേരിയസ്സിനു കീഴടങ്ങാൻ ഇദ്ദേഹം പ്രേരിതനായി. ഇദ്ദേഹത്തിന്റെ മകനായ അലക്സാണ്ടർ ഒന്നാമൻ (ബി. സി. 495_454) തന്റെ സാമ്രാജ്യത്തെ വിസ്തീർണ്ണമാക്കുകയും മനസ്സില്ലാമനസ്സോടെ സെർക്സിസുരാജാവിന്റെ ആശ്രിതനായിത്തീൎന്നു ഗ്രീസിനെ ആക്രമിക്കാൻ അദ്ദേഹത്തെ സഹായിക്കയും ചെയ്തു. യവന വംശജനായിരുന്നതിനാൽ ഒളിമ്പിക്കുകായികവിനോദ(Olympic games)ങ്ങളിൽ പങ്കുകൊള്ളുന്നതിനു് അദ്ദേഹത്തെ ഗ്രീക്കുകാർ അനുവദിച്ചിരുന്നു. അദ്ദേഹം (Alexander I അവയിലേർപ്പെടുകയും അദ്ദേഹത്തിനു് ഒരു ഹാരം സമ്മാനമായി ലഭിക്കയും ചെയ്തു. അലക്സാണ്ടരുടെ പുത്രനായ പെർഡിക്കാസു (Perdiccas) ദ്വിതീയൻ ബി. സി. 448_413) അതീനിയൻ സാമ്രാജ്യത്തിന്റെ ശക്തിയെ ക്ഷയിപ്പിക്കാൻ പല വഴികളും നോക്കി. അദ്ദേഹത്തിന്റെ അനന്തരഗാമിയായ ആർക്കിലാസു് അനേകം ക്രൂരകൃത്യങ്ങൾ ചെയ്തു മാസിഡോണിയായിലെ രാജാവായി. പക്ഷെ അദ്ദേഹം സാമർത്ഥ്യമുള്ള ഒരു ഭരണക

PRESENTED BY:
SRI M. K. VASUDEVAN NAIR
MOONYAKA VEEDU
MALAYINKIL

ത്താവും യവന കലാവിദ്യയുടെ സംരക്ഷകനും യൂറിപ്പിഡീസിൻെറ സ്നേഹിതനുമായിരുന്നു. ആർക്കിലാസു പെല്ലായെ തൻെറ തലസ്ഥാനമാക്കി അവിടെ അതിമനോജ്ഞമായ ഒരു രാജധാനി പണികഴിപ്പിച്ചു. ഇപ്രകാരം വന്യമൃഗങ്ങളുടെയും യുദ്ധവീരന്മാരായ മലംപ്രദേശവാസികളുടെയും ആവാസസ്ഥലമായ മാസിഡോണിയായിൽ പരിഷ്കാരസൂര്യൻ ഒളിഞ്ഞുനോക്കിത്തുടങ്ങി. ആർക്കിലാസിൻെറ പിൻഗാമികളെപ്പററി സൂക്ഷ്മമായ അറിവു നമുക്കില്ല. അലക്സാണ്ടർ ദ്വിതീയൻെറ സിംഹാസനാരോഹണകാലത്തു (ബി. സി. 370) മാസിഡോണിയായിൽ സർവ്വത്ര സമാധാനലക്ഷ്മി വിളയാടി. തെസ്സാലിയിലുള്ള മാന്യന്മാരുടെ അപേക്ഷയനുസരിച്ച് അദ്ദേഹം അവരെ ഫീറി(Pheræ)യിലെ സ്വേച്ഛാധികാരിയുമായുള്ള യുദ്ധത്തിൽ സഹായിച്ചു. അദ്ദേഹത്തെ (അലക്സാണ്ടർ II) മാസിഡോണിയൻ ടാളമി വധിച്ചു. അനന്തരം ടാളമി സിംഹാസനാവകാശിയായ പെർഡിക്കാസു തൃതീയൻെറ റീജൻറുസ്ഥാനം കൈയേററു. അദ്ദേഹം (Ptolemy) ബി. സി. 367_ൽ തീബന്മാരുമായി ഒരു ഉടമ്പടിയിലേർപ്പെട്ടുകയും പെർഡിക്കാസിൻെറ സഹോദരനായ ഫിലിപ്പിനെ ജാമ്യമായി അയക്കയും ചെയ്തു. ബി. സി 364_ാമാണ്ടു ഫിലിപ്പ് മാസിഡോണിയായിലേക്കു തിരിച്ചു. അദ്ദേഹം തീബ്സിൽ താമസിച്ച കാലത്തു പെലോപിഡാസ്, ഇപ്പാമിനോണ്ടാസ്, എന്നീ സുപ്രസിദ്ധ തീബന്മാരുമായുള്ള സമ്പർക്കംമൂലം രാഷ്ട്രീയമായും ധനുർവ്വേദപരമായുമുള്ള പല ഗൂഢതത്വങ്ങൾ ഗ്രഹിച്ചു. ബി. സി. 359_ൽ പെർഡിക്കാസ് തൃതീയൻ മരി

ച്ചപ്പോൾ ഫിലിപ്പ്, തന്റെ സഹോദരപുത്രനും അടുത്ത രാജ്യാവകാശിയുമായ അമിൻറാസിന്റെ രക്ഷാകത്തൃ സ്ഥാനം വഹിച്ചു. എന്നാൽ താമസമെന്യെ പ്രഭുക്കന്മാരുടെ അപേക്ഷപ്രകാരം അദ്ദേഹം ഫിലിപ്പുദ്വിതീയൻ എന്ന പേരിൽ രാജാവായി.

കാട്ടുജാതിക്കാരുമായുള്ള യുദ്ധത്തിൽ പെർഡിക്കാസ്, മരിച്ചപ്പോൾ, ഫിലിപ്പിന്ന് ഇരുപത്തിനാലു വയസ്സു പ്രായമുണ്ടായിരുന്നു. ഇദ്ദേഹം ജാമ്യത്തിൽ കുറെക്കാലം തീബ്സിലിരുന്നുവെന്നു നാം വായിച്ചുവല്ലോ. എന്നാൽ ടാളമി മരിച്ച ഉടൻതന്നെ തീബന്മാർ ഇദ്ദേഹത്തെ വിട്ടയച്ചു. ഫിലിപ്പ് തീബന്മാരുടെ ഒരു ആത്മമിത്രമായിത്തീരുമെന്ന ബോധം അവക്കുണ്ടായതിനാലായിരിക്കാം അവർ ഇപ്രകാരം പ്രവത്തിച്ചത്. ഇതുവരെ ഫിലിപ്പ് വെറുമൊരു നിരീക്ഷകന്റെ നിലയിൽ വത്തിച്ചതേയുള്ളുവെങ്കിലും, അദ്ദേഹം നല്ല ശേഷിയും ശേമുഷിയുമുള്ള ഒരു ഭരണകത്താവായിരുന്നു. ഫിലിപ്പിന്റെ വൈരിയായ ഡെമോസ്തനീസ്, (Demosthenes) അദ്ദേഹത്തിന്റെ (ഫിലിപ്പിന്റെ) വിജയത്തിനുള്ള രഹസ്യത്തെപ്പറ്റി, സുഖലോലുപന്മാരായ അതീനിയന്മാരോട് താഴെ എഴുതിയിരിക്കുന്നതുപോലെ പറഞ്ഞതു എത്രയോ വാസ്തവമാണ്. "ബാക്കിയുള്ള അവയവങ്ങളെക്കൊണ്ടു തനിക്കു പ്രതാപത്തോടും കീത്തിയോടും ജീവിതം നയിക്കുന്നതിനു സാധിക്കുന്നപക്ഷം, സാമ്രാജ്യ സ്ഥാപനത്തിനും സ്വേച്ഛാധികാര ലബ്ധിക്കുമായി നയനത്തിനു ഹാനി വരുത്തുന്നതിനോ തോളെല്ല് ഒടിക്കുന്നതിനോ കരണ ചരണാദ്യവയവങ്ങൾക്കു ഏതെങ്കിലും വിധത്തിൽ

ഭംഗം വരുത്തുന്നതിനോ അദ്ദേഹം സന്നദ്ധനാ യിരുന്നു". ഫിലിപ്പ് അലക്സാണ്ടറേക്കാൾ തന്ത്ര ജ്ഞനായിരുന്നു. നയോപായം കൊണ്ടാണ് അദ്ദേഹം കോട്ടയും മററും സ്വാധീനപ്പെടുത്തിയതു്. ഫിലിപ്പി നെപ്പററി ഒരു ചരിത്രകാരൻ ഇപ്രകാരം രേഖപ്പെടു ത്തിയിരിക്കുന്നു. "ഫിലിപ്പിൻെറ മുഖ്യസമ്പത്തു സൈന്യമായിരുന്നു. അദ്ദേഹം മിക്കപ്പോഴും കൊള്ള യിട്ടാണു ധനം സമ്പാദിച്ചതു്. അതു സൂക്ഷിക്കുന്ന തിൽ അദ്ദേഹം അത്ര താല്പര്യം കാണിച്ചില്ല. തന്നി മിത്തം, എപ്പോഴും പണത്തിനു ബുദ്ധിമുട്ടുണ്ടായിരുന്നു. കാര്യസിദ്ധിക്കു് ഏതു മാർഗ്ഗവും സ്വീകരിച്ചു. അദ്ദേഹ ത്തിൻെറ സംഭാഷണം പ്രോത്സാഹജനകമായിരുന്നു. എന്നാൽ അതിൽ കാപട്യം നിഴലിച്ചിരുന്നു. അദ്ദേഹം സുലഭമായി വാഗ്ദാനം ചെയ്യുവെങ്കിലും ദുർല്ലഭമായിട്ടെ അതു നിർവ്വഹിച്ചുള്ളു. അദ്ദേഹം അന്യന്മാരോടു സ്നേഹം ഭാവിച്ചതു സ്വാത്മമുദ്ദേശിച്ചായിരുന്നുവെന്നുള്ളതിനു സംശയമില്ല. ശത്രുക്കളോടു ആനുകൂല്യം കാണിക്കയും സ്നേഹിതന്മാർക്കു ദ്രോഹം ചെയ്യുന്നതിനു് അവരുടെ വിരോധികളെ പ്രേരിപ്പിക്കയും ചെയ്തുവന്നു. പരസ്പരം മിത്രങ്ങളായി വർത്തിക്കുന്നവരെ ഭിന്നിപ്പിക്കയും എ ന്നാൽ താൻ അവരോടു സ്നേഹം ഭാവിക്കയും ചെയ്ക പതിവായിരുന്നു".

ഇപ്രകാരമുള്ള ഫിലിപ്പു മാസിഡോണിയായിലെ രാജാവായി. ഒട്ടും താമസിയാതെ തന്നെ കിരീടത്തിനു വഴക്കടിച്ചു കൊണ്ടിരുന്നവർ സ്വയം അദ്ദേഹത്തിനു കീഴടങ്ങുകയും തന്നിമിത്തം കാട്ടുജാതിക്കാരുടെ ശക്തി ക്ഷയിക്കയും ചെയ്തു. ഇല്ലീറിയ (Illyria)ന്മാരും പിയോ

ണിയ (Paeonia)ന്മാരും തന്നോട് എതിൎത്തപ്പോൾ അവരെ അദ്ദേഹം തോല്പിച്ചു. സിംഹാസനത്തിനു തങ്ങൾക്ക് അവകാശം ഉണ്ടെന്നുപറഞ്ഞു് ഏതാനും പേർ അദ്ദേഹത്തെ ശല്യപ്പെടുത്തി. ഇവരിൽ ഒരുവനായ ആർഗിയൂസിനെ അതീനിയന്മാർ തങ്ങളുടെ കപ്പൽക്കൂട്ടംകൊണ്ടു സഹായിച്ചു. ഫിലിപ്പ് അയാളെ തോല്പിച്ചു. ഫിലിപ്പു തീബ്സിൽ ജാമ്യത്തിലിരുന്നപ്പോൾ ഇപ്പാമിനോണ്ടാസിന്റെ യുദ്ധരീതി മനസ്സിലാക്കിയെന്നു നാം വായിച്ചുവല്ലോ. മാസിഡോഡിയായിലെ കാലാൾ സൈന്യത്തിനു ഗ്രീക്കുകാർ ഉപയോഗിച്ചവയേക്കാൾ കൂടുതൽ നീളമുള്ള കുന്തങ്ങൾ ഉണ്ടായിരുന്നതുകൊണ്ടും അവയുടെ പ്രയോഗം ശത്രുസൈന്യത്തിന് ആപല്ക്കരമായിരുന്നതുകൊണ്ടും അവയെപ്പററി എല്ലാവൎക്കും ഭയമായിരുന്നു. ഇപ്പാമിനോണ്ടാസും വലിയ കുന്തങ്ങൾ ഉപയോഗിച്ചിരുന്നു. എന്നാൽ ഫിലിപ്പും അലക്സാണ്ടരും കുറെക്കൂടി നീളമുള്ളവ കൊണ്ടാണു യുദ്ധം ചെയ്തതു്. ഒരു സാധാരണ സ്പാർട്ടന്റെ കുന്തത്തിനു പന്ത്രണ്ടും അലക്സാണ്ടരുടെ കാലത്തു് ഒരു മാസിഡോണിയന്റേതിനു പതിനാലൊ പതിനാറൊ അടിയും നീളമുണ്ടായിരുന്നു. പിന്നീട് ഇതിന്റെ നീളം ഇരുപത്തിനാലു് അടിയാക്കിയത്രെ.

ഫിലിപ്പിന്റെ കാലത്തു് എല്ലാ മാസിഡോണിയാക്കാരും രാജാവിന്റെസഹചാരികളായിരുന്നു. അശ്വസൈന്യത്തെ വെറും സഹചാരികൾ എന്നും കാലാൾ സൈന്യത്തെ കാലാൾ സഹചാരികൾ എന്നും രണ്ടിലും കണ്ണായിട്ടുള്ളവരെ 'അഗീമ' (Agema) എന്നും വിളിച്ചുവന്നു. 'ഗാട്ടുകാർ' എന്നു വിളിക്കപ്പെട്ട അഗീമ

ഉൾപ്പെടെയുള്ള കാലാൾ സൈന്യമായിരുന്നു വളരെ പ്രധാനം. ഇവർ ഫിലിപ്പിൻെറയും അലക്സാണ്ടരുടേയും കാലത്തു ധീരകൃത്യങ്ങൾ ചെയ്തു പ്രസിദ്ധി നേടിയെങ്കിലും, അലക്സാണ്ടരുടെ മരണാനന്തരം ദ്രവ്യേച്ഛമൂലം തങ്ങളുടെ സേനാനായകനോടു വിശ്വാസവഞ്ചന പ്രവൎത്തിക്കയാൽ അവരുടെ അവസാനം വളരെ ശോചനീയമായിരുന്നു. ചില ധീരകൃത്യങ്ങൾ ചെയ്ത ഏഴുപേരെ രാജാവിൻെറ അംഗരക്ഷകന്മാരായി പ്രത്യേകം നിയോഗിച്ചിരുന്നു. സമാധാനകാലത്തു മാസിഡോണിയായിലെ പ്രധാന കുടുംബങ്ങളിൽപ്പെട്ട ചിലബാലന്മാരെ രാജധാനിയിൽ സംരക്ഷിച്ചുവന്നു. ഇവർ യുദ്ധകാലത്തു ശുശ്രൂഷകന്മാരെപ്പോലെ രാജാവിനെ അനുഗമിക്ക പതിവായിരുന്നു. പൗരന്മാരും കൂലിപ്പടയാളികളുമാണു ഗ്രീസിലെയും പേർഷ്യയിലെയും സൈന്യത്തിൽ ഉൾപ്പെട്ടിരുന്നതു്. പക്ഷേ, പൗരന്മാരെ പടയാളികളായി വളരെക്കാലം നിറുത്തുക പ്രയാസവും കൂലിസൈന്യത്തെ വിശ്വസിച്ചു പ്രവൎത്തിക്കുക അനാശാസ്യവുമായിരുന്നു. ഫിലിപ്പിൻെറ പ്രജകളായ മലവാസികൾ യുദ്ധപരിശീലനം മൂലം നിപുണന്മാരായിത്തീൎന്നു. അവൎക്കു രാജാവിനോടു് അളവററ ഭക്തിവിശ്വാസങ്ങൾ ഉണ്ടായിരുന്നതിനാൽ അവരിൽനിന്നും ഫിലിപ്പിനു വിലയേറിയ സഹായം ലഭിച്ചു. ഏതു കാലത്തും യുദ്ധം ചെയ്യുന്നതിനു സന്നദ്ധമായ ഒരു സ്ഥിരസൈന്യത്തെ ഇദംപ്രഥമമായി ഏൎപ്പെടുത്തിയതു് ഈ രാജാവിൻെറ കാലത്താണു്. അതിൻെറ സഹായത്താൽ ഫിലിപ്പിനു ഗ്രീസും, അലക്സാണ്ടൎക്കു പേർഷ്യൻ സാമ്രാജ്യവും ലഭിച്ചു.

മാസിഡോണിയായുടെ ശക്തിക്കു നിദാനമായിരുന്നതു കാലാൾ സൈന്യമായിരുന്നു. അഭ്യാസംമൂലം ഇവർ കൂടുതൽ യുദ്ധനൈപുണ്യമുള്ളവരായി ഭവിച്ചു ഇല്ലിറിയാക്കാരുമായുണ്ടായ രണ്ടാമത്തെ യുദ്ധത്തിൽ ഫിലിപ്പിനു വിജയം ലഭിച്ചതു് ഈ സൈന്യം മൂലമാണു്.

അലക്സാണ്ടരുടെ ദിഗ്ജയത്തിനു കാരണമായ സൈന്യത്തെ സൃഷ്ടിച്ചതു ഫിലിപ്പായിരുന്നുവെന്നു മുൻപു പറഞ്ഞുവല്ലൊ. അലക്സാണ്ടർ ധീരകൃത്യങ്ങൾ ചെയ്തില്ലായിരുന്നുവെങ്കിൽ ഫിലിപ്പു് ഒരുത്തമ സേനാപതിയായിത്തീന്നേനെ.

ഇനിയും പണത്തിനു ഫിലിപ്പു് എന്തുചെയ്തുവെന്നു നോക്കാം. അദ്ദേഹത്തിന്റെ കിഴക്കെ പ്രാന്തപ്രദേശത്തിൽ പാങ്ഗിയസ് (Pangaeus) എന്നു പേരുള്ള പവ്വതത്തിൽ ധാരാളം സ്വർണ്ണഖനികൾ കാണപ്പെട്ടു. ഇവ ഫിലിപ്പിനു ലഭിച്ചതുകൊണ്ടു മാസിഡോണിയാക്കു പൂവ്വാധികം ധനപുഷ്ടിയുണ്ടായി. തന്റെ സാമ്രാജ്യത്തിന്റെ കിഴക്കെ പ്രാന്തത്തിൽ സ്റ്റ്രൈമൺ (Strymon) നദിയുടെ മുഖത്തു മേല്പറഞ്ഞ സ്വർണ്ണഖനികൾമൂലം വളരെ പ്രാധാന്യമുള്ളതായിത്തീന്ന അംഫിപ്പൊലിസ്(Amphipolis)എന്ന പട്ടണം ബി. സി. 357-ൽ അതീനിയന്മാരിൽനിന്നും ഫിലിപ്പു സ്വാധീനമാക്കി. ത്രേസിൽനിന്നും ഏതാനും ഖനനവേലക്കാരെ വരുത്തി ടി, സ്വർണ്ണഖനികളിൽ ഫിലിപ്പു വേലചെയ്യിക്കയും, അവരെ ക്രെനൈഡിസി (Crenides) ൽ താമസിപ്പിക്കയും ചെയ്തു. ക്രെനൈഡിസിനെ ഒരു കോട്ടയായി രൂപാന്തരപ്പെടുത്തി

ഫിലിപ്പി എന്നു നാമകരണംചെയ്തു. ഫിലിപ്പി, ഫിലിപ്പൊപൊലിസ (Philippopolis) എന്നപേരിൽ കിഴക്കേ റുമേലിയാ (Roumelia) യുടെ തലസ്ഥാനമായിത്തീൎന്നു. ൟ മേല്പറഞ്ഞ സ്വൎണ്ണഖനികളിൽനിന്നും ഫിലിപ്പിനു് ആണ്ടൊന്നുക്കു് ആയിരം [1]ടാലൻറു വില വരുന്ന സ്വൎണ്ണം ലഭിച്ചുവന്നു. ഗ്രീസിലെ വേറൊരു സംസ്ഥാനത്തിനും ഇത്ര സമ്പൽസമൃദ്ധി ഉണ്ടായിരുന്നില്ല. ഇപ്പോൾ മാസിഡോണിയായിലെ രാജാവു് അപരിഷ്കൃതജാതിക്കാരുടെ വെറും ഒരു നായകൻ മാത്രമല്ലായിരുന്നു. പിന്നെയോ, പ്രാബല്യവും സംസ്കാരവുമുള്ള ഗ്രീക്കുകാരുടെ ഒരു സ്വതന്ത്ര നായകനായിരുന്നു അദ്ദേഹം.

9616

ഫിലിപ്പിൻെറ ശ്രമങ്ങളെല്ലാം ശ്രേയോന്മുഖങ്ങളായിരുന്നു. ഈജിയിൽനിന്നും പെല്ലായിലേക്കു തൻെറ തലസ്ഥാനം മാററി. ഈ മാററം മാസിഡോണിയാ രാജ്യത്തിൻെറ ചരിത്രത്തിൽ ഒരു പ്രധാന ഘട്ടത്തെ കുറിക്കുന്നു. താമസംകൂടാതെ പിഡ്നാ (Pydna) യും പിന്നീടു പോററിഡിയാ Potidaea) യും അദ്ദേഹം സ്വാധീനപ്പെടുത്തി. കുറെ കഴിഞ്ഞപ്പോൾ, തെൎമ്മയിക്കു ഉൾക്കടലിൻെറ തീരത്തിൽ മെത്തോൺ മാത്രമെ അതീനിയന്മാരുടെ കൈവശമിരുന്നുള്ളൂ.

മററു രാജ്യങ്ങളിലെ ചില സംഭവങ്ങൾ ഫിലിപ്പിൻെറ അഭ്യുദയത്തിനു കാരണമായിത്തീൎന്നു. ഏഷ്യാമൈനറിലുള്ള കേരിയാക്കാരുമായി അതീനിയന്മാർ പിണങ്ങി. കേരിയായിലെ രാജവംശത്തെ സ്ഥാപി

---

1 ഒരു ടാലൻറു്, [illegible] പവൻ [illegible].

ച്ഛത് മാസൊളസ് (Mausolus) ആയിരുന്നു. അദ്ദേഹം തന്റെ തലസ്ഥാനം മൈലാസാ (Mylasa) യിൽ നിന്നും സമുദ്രതീരത്തുള്ള ഹാലിക്കാൻസസി (Hali-Carnassus) ലേക്കു മാററി. ആ നഗരത്തിനു മുൻവശം സ്ഥിതിചെയ്ത സെഫൈറിയൺ (Zephyrion) എന്ന ചെറിയ ദ്വീപിൽ അദ്ദേഹം വളരെ പണം ചെലവാക്കി ബലിഷ്ഠമായ ഒരു കോട്ടയും, യുദ്ധക്കപ്പലുകളും കച്ചവടക്കപ്പലുകളും നിർബാധം കിടക്കത്തക്കവണ്ണം പ്രത്യേകം ഓരോ തുറമുഖവും ഉണ്ടാക്കി.

റോഡ്സ് (Rhodes) കോസ് (Cos) കിയോസ് (Chios) എന്നീ ദ്വീപുകളിലെ നിവാസികളും അതീനിയന്മാരും മിത്രങ്ങളായിരുന്നു. എന്നാൽ ഈ രണ്ടു കൂട്ടർ തമ്മിൽ ക്രമേണ സ്വരച്ചേർച്ചയില്ലാതെയായി. അതീനിയന്മാരുടെ പിടിയിൽ നിന്നും ഈ ദ്വീപവാസികളെ വേർപെടുത്തി അവരെ കീഴ്പെടുത്തണമെന്നായിരുന്നു കേരിയായിലെ രാജാവിന്റെ വിചാരം. അതുകൊണ്ട് അവർ തമ്മിലുള്ള ശണ്ഠയെ അദ്ദേഹം വർദ്ധിപ്പിച്ചു. ഈ മൂന്നു ദ്വീപിലെ ജനങ്ങളും ഒന്നിച്ചു ചേർന്ന് അതീനിയന്മാരോട് എതിർത്തു. അവരുമായി യുദ്ധം ചെയ്വാൻ ചബ്രിയാസ് (Chabrias), ചാരിസ് (Chares), എന്ന സമർത്ഥന്മാരായ സേനാപതികളെ അതീനിയന്മാർ അയച്ചു. യുദ്ധത്തിനിടയിൽ ചബ്രിയാസ് മരിച്ചു. ചാരിസിനെ സഹായിക്കാൻ ആതൻസിൽ നിന്നും തിമോത്തിയസും (Timotheus) ഇഫിക്ക്റേററീസും (Iphicrates) അവിടെ എത്തി. എന്നിട്ടും അതീനിയന്മാക്കു പറയത്തക്ക ഗുണമൊന്നുമുണ്ടായില്ല. തന്നിമിത്തം അതീനിയൻ വാശികളായ

ഡെമോസ്ത്തനീസ്, ഐസൊക്രേററീസ് (Isocrates), എന്നിവർ ക്ഷോഭജനകങ്ങളായ പ്രസംഗങ്ങൾ ചെയ്തു. ബി.സി 354-ൽ അതീനിയന്മാർ, കിയോസ്. കോസ്, റോഡ്സ്, എന്ന ദ്വീപുകളിലെ ജനങ്ങളുമായി ചെയ്ത ഒരു ഉടമ്പടിമൂലം അവർ സ്വാതന്ത്ര്യന്മാരായിത്തീൎന്നു. ഇതിനെ തുടൎന്ന് ലെസ്ബോസുകരും കൊഴ്സൈറാ (Corcyra) ക്കാരും സ്വാതന്ത്ര്യന്മാരായി. ഇതിനിടക്കു മാസൊളസ് മരിച്ചിരുന്നു. അനന്തരം കുറെ കാലത്തേക്കു് അദ്ദേഹത്തിൻെറ പത്നിയായ ആൎട്ടിമീസിയാ (Artemisia) രാജ്യം ഭരിച്ചു. അവളുടെ കാലശേഷം, കേരിയായെ അലക്സാണ്ടർ പിടിച്ചടക്കി. മസോളസിൻെറ ശവകുടീരത്തിൽനിന്നുമാണു ഇംഗ്ലീഷിൽ (Mausoleum) എന്ന വാക്കിൻെറ ഉത്ഭവം.

അതീനിയന്മാരുടെ ശക്തിക്ഷയം മാസിഡോണിയായുടെ അഭിവൃദ്ധിയെ അനുകൂലിച്ചു. അചിരേണ ഡെൽഫിയിലെ ദേവാലയത്തെപ്പററി ഒരു വഴക്കുണ്ടായി. പ്രസ്തുത ദേവാലയം ഫോസിസ് (Phocis) രാജ്യത്തിൽ സ്ഥിതിചെയ്തുവെങ്കിലും ബോഷിയാക്കാൎക്കു് അവിടെ അവകാശങ്ങൾ ഉണ്ടെന്നു ശഠിക്കയും സ്പാർട്ടന്മാൎക്കും ഫോസിസുകാൎക്കും ദേവസ്വാപഹരണക്കുററത്തിനു പ്രായശ്ചിത്തമിടുകയും ചെയ്തു. അവർ അതുക കെട്ടിവെച്ചില്ല. ശത്രുക്കളെ എതിൎക്കുന്നതിനു ലീഡനി (Ledon)ലെ ഒരു സമ്പന്നനായ ഫിലൊമീലസ് (Philomelus) വേണ്ട ഒരുക്കം ചെയ്യാൻതുടങ്ങി. സർവ്വാധികാരങ്ങളോടുംകൂടി ഫോസിയൻസൈന്യാധിപനായി അദ്ദേഹം നിയമിക്കപ്പെട്ടു. ഒട്ടും താമസിയാതെ അദ്ദേഹം സ്പാൎട്ടായിലെത്തി. അവിടത്തെ രാജാ

വായ ആൎക്കിഡാമസ് (Archidamus) പരുങ്ങലിലായി. എന്തുകൊണ്ടെന്നാൽ സ്പാർട്ടന്മാർ ഇതുവരെ ഡെൽഫിക്കാരെ സഹായിക്കയായിരുന്നു പതിവു്. അതുകൊണ്ടു പതിനഞ്ചു ടാലൻറു ആൎക്കിഡാമസ് ഫിലോമിലസിനെ ഏല്പിച്ചു. ഫിലോമിലസ് തൻെറ കൈയിൽ നിന്നും പതിനഞ്ചു ടാലൻറു എടുത്തു. ഈ മുപ്പതു ടാലൻറു കൊണ്ടു് അദ്ദേഹം കുറെ കൂലിപ്പടയാളികളെ ശേഖരിച്ചു. പിന്നീടു ഡെൽഫിദേവാലയം കൈവശപ്പെടുത്തി അതിനു ചുററും കോട്ടകെട്ടി. ഫിദ്രിയാഡു[1] (Phaedriad) എന്ന സ്ഥലത്തുവെച്ചു് അദ്ദേഹം ശത്രുക്കളായ ലോക്രിയന്മാരെ തോല്പിച്ചു. ഉടനെ തീബന്മാർ യുദ്ധംചെയ്യാൻ തീർച്ചയാക്കി. ഫോസിസുകാർ വഴിപാടുകളും മററും അപഹരിച്ചുവന്നു. തീബന്മാരും ലോക്രിയന്മാരും ഒരു വശത്തും ഫിലോമിലസു എതിർവശത്തുമായി പൎണ്ണാസസ് (Parnassus) ശൃംഗത്തിൻെറ തെക്കുഭാഗത്തുവെച്ചു ഒരുയുദ്ധം നടന്നു. ഫിലോമിലസു് അതിധീരതയോടെ യുദ്ധംചെയ്തുവെങ്കിലും അദ്ദേഹത്തിനു് ആപല്ക്കരങ്ങളായ പരുക്കുകൾ പററുകയാൽ അദ്ദേഹം മരിക്കുന്നതിനിടയായി. അനന്തരം അതിശൂരനായ ഇലേററിയാ (Elatea) യിലെ ഓനോമാൎക്കസ് (Onomarchus) സേനാപതിസ്ഥാനം കൈക്കൊണ്ടു് അനേകം സ്ഥലങ്ങളിൽവെച്ചു വിജയം നേടി. പേൎഷ്യായിലെ രാജാവിനോടു യുദ്ധം ചെയ്തുകൊണ്ടിരുന്ന അർട്ടാബാസസ് (Artabazus) എന്ന സത്രപനെ സഹായിക്കാൻ തീബന്മാർ അവരുടെ സൈന്യത്തെ അയച്ചിരുന്നതിനാൽ അവൎക്കു ഡെൽഫിക്കു ദേവലയം

---

1. ശോഭിക്കുന്ന

സൂക്ഷിപ്പാൻ ചുമതലപ്പെട്ട തെസ്സാലിയൻ സംഘത്തിന് ഒത്താശ ചെയ്വാൻ സാധിച്ചില്ല.

നിരാധാരമായ തെസ്സാലിയൻ സംഘക്കാർ ഫോസിസ്കാരുമായി യുദ്ധം ചെയ്വാൻ ഫിലിപ്പിനോടു സഹായത്തിനപേക്ഷിച്ചു. ഇപ്രകാരമാണു 'ക്ഷേത്രസംബന്ധമായ കലാപങ്ങ'ളിൽ ഉൾപ്പെടുന്നതിന് അദ്ദേഹത്തിനു സൗകര്യം കിട്ടിയതു്. ഈ യുദ്ധങ്ങളുടെ ഫലമായി, ഫോസിസ്കാർക്ക് അംഫിക്റ്റിയോണിക്ക് സമിതിയിലുള്ള അവരുടെ സ്ഥാനം നഷ്ടപ്രദമാകയും മാസിഡോണിയൻ അധിപതിക്ക് ആ സ്ഥാനം ലഭിക്കയും ചെയ്തു. അതീനിയന്മാർ ഒഴിഞ്ഞു നില്ക്കയാണുണ്ടായതു്. ഫിലിപ്പിന്റെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ട പിത്തിയിൽ വിനോദങ്ങൾക്കുപോലും അതീനിയന്മാർ പ്രതിനിധികളെ അയച്ചില്ല.

ഫിലിപ്പിന്റെ ശക്തിയെ കുറയ്ക്കാൻ അതീനിയന്മാർ, ത്രേഷ്യന്മാർ, പിയോണിയന്മാർ, ഇല്ലീറിയന്മാർ, ഇവർ ഒന്നുചേന്നു. ഇതറിഞ്ഞ ഉടൻ ഫിലിപ്പു വേറെ വഴികൾ നോക്കി. അവരെ ഓരോരുത്തരേയും വേർപെടുത്തിയിട്ടു കീഴ്പെടുത്തി. അദ്ദേഹത്തിന്റെ സേനാപതികളിൽ അഗ്രഗണ്യനായ പാർമീനിയൻ ആണു് ഇല്ലീറിയാക്കാരെ നിശ്ശേഷം തോല്പിച്ചതു്.

മാസിഡോണിയൻ മേല്ക്കോയ്മയുടെ ആരംഭം ഇപ്രകാരമായിരുന്നു. ഇതു മുതലാണു പേർഷ്യായെ ആക്രമിക്കുന്നതിനുള്ള ആഗ്രഹം ഫിലിപ്പിനുണ്ടായതു്. അതിനു പ്രാരംഭമായി തെസ്സാലി പിടിച്ചടക്കി തന്റെ രാജ്യത്തോടു ചേർത്തു. തെസ്സാലിയൻ അശ്വസൈന്യം മാസിഡോണിയൻസൈന്യത്തോടു ചേർക്കപ്പെട്ടു. അന

ന്തരം മാസിഡോണിയായോടടുത്തു തീരത്തുള്ള പട്ടണങ്ങളെ കൈവശമാക്കയും, യുദ്ധക്കപ്പലുകൾ പണികഴിപ്പിക്കയും, അതീനിയന്മാരുടെ കച്ചവടത്തിനു വിഘാതം വരുത്തുകയും ചെയ്തു. ഇക്കാലത്തു സമാധാനപരന്മാരെന്നും സമരപരന്മാരെന്നും രണ്ടു കക്ഷികൾ ആതൻസിൽ ഉണ്ടായി. ഭണ്ഡാരകാര്യസ്ഥനായ യൂബ്യുലസ്സ (Eubulus), എസ്ചിനസ്സ (Aeschines), ഫിലോക്രേററിസ്സ (Philocrates), ഫോസിയൻ (Phocion), എന്നിവർ മാസിഡോണിക്കാരുമായി സമാധാനമുണ്ടാക്കാൻ കഴിയുന്നതു ശ്രമിച്ചു. ഫോസിയൻ ഒരു സത്യസന്ധനായിരുന്നു. സത്യം പരിപാലിച്ചതു മൂലം ഇദ്ദേഹത്തെ നാല്പത്തിയഞ്ചു പ്രാവശ്യം സേനാനിയായി അതീനായന്മാർ തിരഞ്ഞെടുത്തുവത്രെ. ഡെമാസ്തനീസ്സ, ഹൈപ്പിരിഡീസ്സ, ലൈക്കർഗസ്സ എന്നിവർ ഫിലിപ്പുമായി യുദ്ധം ചെയ്യണമെന്നു് അഭിപ്രായപ്പെട്ടു.

ഫിലിപ്പിൻെറ വർദ്ധിഷ്ണുവായ ശക്തിയെപ്പററി ശരിയായി ഗ്രഹിച്ചതു ഡെമോസ്തനീസ് എന്ന സുപ്രസിദ്ധ അതീനിയൻ വാഗ്മി ആയിരുന്നു. ഫിലിപ്പിനെക്കുറിച്ചുള്ള തൻെറ ഗർഹണോക്തികൾ മൂലം, തങ്ങളുടെ ഭാവിയെപ്പററി അതീനിയന്മാരെ ഡെമാസ്തനീസ് പരിഭ്രാന്തചിത്തരാക്കി. ഇതു നിമിത്തം ആ വാഗ്മിക്കു രാഷ്ട്രീയമർമ്മം ഇല്ലായിരുന്നുവെന്നും ഗ്രീക്കുകാരെയെല്ലാം സംയോജിപ്പിക്കുമായിരുന്ന ഒരു ശക്തിയെ അദ്ദേഹം തടുത്തുനിറുത്തിയെന്നും ചിലർ അഭിപ്രായപ്പെടുന്നുവെങ്കിലും, ആ മഹാൻ തൻെറ രാജ്യക്കാരുടെ സ്വാതന്ത്ര്യാവകാശങ്ങളുടെ പരിത്രാതാവും ആതൻസിനെ സൈന്യംകൊണ്ടു രക്ഷിക്കണമെന്നു പറഞ്ഞ

ഒരു ദീർഘദർശിയുമായിരുന്നുവെന്നും, എന്നാൽ, അദ്ദേഹത്തിന്റെ ഉപദേശങ്ങളെ യഥാകാലം ആരും കൈക്കൊണ്ടില്ലെന്നും മററു ചിലർ പറയുന്നു. ഡമോസ്തനീസ് ദീർഘദർശനം ചെയ്തിരുന്നതുപോലെ കാര്യങ്ങൾ സംഭവിച്ചുവെന്നും അദ്ദേഹം ഒരു ഉപജാപകൻ ആണെന്നും സകലരും സമ്മതിക്കും. ദക്ഷിണഗ്രീസിലുള്ളവരെ ഒരുമിച്ചു സംയോജിപ്പിച്ചു ഫിലിപ്പുമായി യുദ്ധം ചെയ്യുന്നതിന് അദ്ദേഹം പലകുറി നോക്കി.

ഇതിനിടക്കു ഫിലിപ്പു തെർമ്മോപ്പൈലവിദരം കടന്നു ഫോസിസിനെ മൂന്നാമതും ആക്രമിക്കയും അവിടെയുള്ള പട്ടണങ്ങളെയെല്ലാം നശിപ്പിക്കയും ചെയ്തു. ഫിലിപ്പുമായി യുദ്ധം ചെയ്വാൻ ഡെമോസ്തനീസ് അതീനിയന്മാരെ പ്രേരിപ്പിച്ചുവെങ്കിലും അദ്ദേഹത്തെ (ഫിലിപ്പിനെ) എതിക്കുന്നതിന് ഒരു അതീനിയനും ഒരുമ്പെട്ടില്ല. ഫോസിസുകാർ അംഫിക്റേറാണിക്കസംഘത്തിന്റെ അദ്ധ്യക്ഷസ്ഥാനം വഹിച്ചിരുന്നു. എന്നാൽ ലിസ്റ്റിൽ നിന്നും ഫിലിപ്പു ഫോസിസ് എന്ന രാജ്യം വെട്ടിക്കളകയും പ്രസിഡൻറു സ്ഥാനം കൈക്കലാക്കയും ചെയ്തു. ബി. സി 344-ാമാണ്ട് ഡെമോസ്തനീസ് ഫിലിപ്പിനെപ്പററി ഒരു ഉജ്ജ്വലമായ പ്രസംഗം ചെയ്തു. അദ്ദേഹം ഇങ്ങനെ പറഞ്ഞു. "പിടിച്ചടക്കിയ രാജ്യങ്ങൾ കൊണ്ടു തൃപ്തിപ്പെടുന്നവനല്ല ഫിലിപ്പു, അദ്ദേഹം രാജ്യങ്ങളെ മുറക്കു കരസ്ഥമാക്കിക്കൊണ്ടിരിക്കുന്നു നാം കാര്യങ്ങൾ നീക്കിവെക്കുന്തോറും നമ്മെ കുടുക്കിലാക്കാൻ അദ്ദേഹം ശ്രമിക്കുന്നു. ഇനിയും വേറൊരു കാര്യമാലോചിക്കാം. ഫിലിപ്പു മരിച്ചുകഴിഞ്ഞിരിക്കുന്നോ? ഇല്ല. രോഗപീഡിതനാ

യിരിക്കുന്നേയുള്ളു. മരിക്കുന്നതായാൽ തന്നെയും നിങ്ങളുടെ ഉദാസീനതമൂലം വേറൊരു ഫിലിപ്പു ജനിക്കുതാണു്." സൈന്യത്തെ വർദ്ധിപ്പിക്കുന്നതിനു് അദ്ദേഹം (ഡെമോസ്തനീസ്,) ഒരു പദ്ധതി രൂപീകരിച്ചു. ത്രേസിലെ രാജാവിനെ സഹായിക്കാൻ ഒരു സൈന്യത്തെ അയക്കണമെന്നു് ആ വാഗ്മി തൻെറ നഗരക്കാരോടു പറഞ്ഞു. ഇങ്ങനെ അതീനിയന്മാർ തങ്ങൾക്കു പേർഷ്യാക്കാരോടുള്ളതിനേക്കാൾ കൂടുതൽ വെറുപ്പു മാസിഡോണിയാക്കാരോടു കാണിച്ചു. ഫിലിപ്പ് ഇതൊന്നും വകവച്ചില്ല.

അതീനിയന്മാരുടെ ഇപ്പോഴത്തെ സ്ഥിതി എന്തായിരുന്നുവെന്നു നോക്കാം. ഡെമോസ്തനീസിൻെറ പ്രസ്താവനകളെപ്പററി അവർ പ്രശംസിച്ചുവെങ്കിലും, അവയൊന്നും അവർ അംഗീകരിച്ചില്ല. അതീനിയൻ സാമ്രാജ്യം ശിഥിലീഭവിച്ചതിൻെറ ശേഷം യുദ്ധത്തിനേക്കാൾ സമാധാനമാണു് അവർ ആഗ്രഹിച്ചതു്. ഭൂതകാലത്തിൽ അതൻസിനുണ്ടായിരുന്ന മാഹാത്മ്യത്തെപ്പററി ഡെമോസ്തനീസു് എത്ര തന്നെ പ്രസംഗിച്ചാലും, അതിനായി വീണ്ടും ശ്രമിക്കുന്നതിനു് അവരെ പ്രേരിപ്പിക്കാൻ ഡെമോസ്തനീസിൻെറ പ്രസംഗങ്ങൾ പര്യാപ്തങ്ങളായിരുന്നില്ല.

ഫിലിപ്പു ചാൽഡിസു എന്ന രാജ്യം പിടിച്ചടക്കി തൻെറ രാജ്യത്തോടു ചേർത്തു. 342-ാമാണ്ടു അദ്ദേഹം ഏഷ്യായിലേക്കു് ഒരു കവാടമായി ഗണിച്ചിരുന്ന ത്രേസിനെ തൻെറ രാജ്യത്തിൻെറ ഒരു ഭാഗമാക്കി. അതീനിയന്മാർ കെർസോണീസുകാരെ സഹായിച്ചില്ലായിരുന്നുവെങ്കിൽ, ഫിലിപ്പു് അവരേയും കീഴടക്കു

മായിരുന്നു ഡാന്യൂബു നദീമുഖത്തുള്ള അപരിഷ്കൃത ജാതിക്കാരെ തോല്പിച്ചശേഷം, അദ്ദേഹം ഗ്രീസിലേക്കു തിരിച്ചു.

ഇത്തവണത്തെ യാത്ര അംഫിസ്സകാരെ സഹായിക്കാനായിരുന്നു തെർമൊപ്പൈല വിദരം കടക്കുന്നതിൽ ശത്രുക്കളുടെ പ്രതിരോധം ഫിലിപ്പിനുണ്ടായില്ല.

ഇതിനിടക്കു് അററിക്കാ (Attica) രാജ്യത്തിനു പടിഞ്ഞാറുവശം സ്ഥിതിചെയ്ത മെഗാറായിലും വടക്കുകിഴക്കുള്ള യൂബിയാ (Euboea) യിലും തന്റെ ശക്തി സ്ഥാപിക്കുന്നതിനു ഫിലിപ്പു ശ്രമിക്കയായിരുന്നു. മെഗാറായിൽ ഉണ്ടായ ഒരു വിപ്ലവം അവിടുത്തുകാൾക്കു ദോഷകരമായിത്തീരുകയാൽ അവർ അവരുടെ പൂർവ്വവൈരികളായ അതീനിയന്മാരുമായി ഒരു സന്ധിയിലേർപ്പെട്ടു. എന്നാൽ യൂബിയായിൽ ഫിലിപ്പിന്റെ ശ്രമങ്ങൾ അദ്ദേഹത്തിനു ഗുണകരമായിത്തീർന്നു. എറിററ്റിയാ (Eretria) യിലും ഒറിയോസ്സായി (Oreos)ലും ഫിലിപ്പിന്റെ നിർദ്ദേശമനുസരിച്ചുള്ള ഭരണം സ്ഥാപിതമായി കൊറിന്തിയൻ ഉൾക്കടലിലേക്കുള്ള കുഞ്ചികയായി ഗണിച്ചുവന്ന നൗപാക്ററസ് (Naupa-ctus) കൈവശമാക്കണമെന്നായിരുന്നു ഫിലിപ്പിന്റെ മോഹം. എന്നാൽ പരിതസ്ഥിതികൾ അദ്ദേഹത്തിനു് അനുകൂലമായിരുന്നില്ല.

അടുത്തതായി ത്രേസ് പിടിച്ചടക്കുന്നതിനു ഫിലിപ്പ് ഉത്സാഹിച്ചു. ഒരു വർഷകാലം മുഴുവൻ അദ്ദേഹവും സൈന്യവും അവിടെ താമസിച്ചു യുദ്ധം ചെയ്തു. തണുപ്പുമൂലം അദ്ദേഹം പലവിധത്തിലുള്ള കഷ്ടതകൾ അനുഭവിക്കുന്നതിനിടയായി. ഒടുവിൽ

ത്രേസിലെ രാജാവിനെ കീഴ്പെടുത്തി രാജ്യത്തെ മാസിഡോണിയായോടു ചേർത്തു.

സമാധാനം ഉണ്ടാകുന്നതു പ്രയാസമെന്നു കണ്ടപ്പോൾ അതീനിയന്മാരുമായി യുദ്ധംചെയ്യാൻ ഫിലിപ്പു തീരുമാനിച്ചു. ഇതിനിടക്കു ഡെമോസ്തനീസിൻെറ പ്രേരണമൂലം ചില നാവികപരിഷ്കാരങ്ങൾ അവർ നടത്തിയിരുന്നു. എങ്കിലും യുദ്ധം ചെയ്യാനുള്ള ശക്തി അവൎക്കുണ്ടായിരുന്നില്ല. ഒരു നല്ല സേനാപതിപോലും ആതൻസിലില്ലായിരുന്നു. യൂബിയാ ഇപ്പോൾ മാസിഡോണിയായുടെ മേല്ക്കോയ്മയെ ഉപേക്ഷിച്ചുവെന്നുള്ളതു് അതീനിയന്മാൎക്കു് ഒരു സമാധാനത്തിനു കാരണമായി. ഫിലിപ്പുമായുള്ള യുദ്ധത്തിൽ ജയം നേടാൻ, തീബന്മാരെ മിത്രങ്ങളാക്കുന്നതു് അത്യാവശ്യമാണെന്നുകരുതി അതിനായി ഡെമോസ്തനീസ് ശ്രമിച്ചു. ആ വാഗ്മിയുടെ ഉപദേശമനുസരിച്ചു് അവർ പത്തു സ്ഥാനാപതികളെ തീബ്സിലേക്കു് അയച്ചു. അവിടെ നടന്ന ദീർഘാലോചനയുടെ ഫലമായി തീബന്മാർ അതീനിയന്മാരോടുചേൎന്നു. ഫിലിപ്പിനു മുപ്പതിനായിരം കാലാളും ഇരുപതിനായിരം കുതിരപ്പടകളുമുണ്ടായിരുന്നു. ഫോസിസുകാർ, തീബന്മാർ, അതീനിയന്മാർ, വേറെ പല ചെറുരാജ്യങ്ങളിലെ ജനങ്ങൾ മുതലായവർ ഒരുമിച്ചു ചേൎന്നു യുദ്ധത്തിനു സന്നദ്ധരായി. 338_ാമാണ്ടു കീറാണിയാ (Chaeronea) എന്ന സ്ഥലത്തുവച്ചു് ഒരു ഭയങ്കരയുദ്ധം നടന്നു. തീയാജെനീസു (Theagenes) തീബന്മാരുടേയും, സ്റ്റ്റാറോക്ലീസു (Stratocles) ലിസിക്ലീസു (Lysicles) ചാരീസു എന്നിവർ അതീനിയന്മാരുടേയും സേനാനായകന്മാരായിരുന്നു.

ഈ യുദ്ധത്തിൽ വെച്ച് അശ്വസൈന്യത്തെ നയിച്ച പതിനെട്ടു വയസ്സു മാത്രം പ്രായമുള്ള തൻെറ പുത്രനായ അലക്സാണ്ടർ ഫിലിപ്പിനെ സഹായിച്ചില്ലായിരുന്നുവെങ്കിൽ അദ്ദേഹത്തിനെ ശത്രുക്കൾ വധിക്കുമായിരുന്നു. അലക്സാണ്ടരുടെ യുദ്ധസാമർത്ഥ്യം മൂലം തീബ്സിലെ രക്ഷിവർഗ്ഗം ഒഴിച്ചുള്ളവരെല്ലാം പോർക്കളത്തിൽനിന്നും പലായനം ചെയ്തു. ലിയോണിഡാസിനേയും അദ്ദേഹത്തിൻെറ കൂട്ടുകാരെയുംപോലെ, ഇവർ യുദ്ധം ചെയ്തു മരിച്ചു. തന്നിമിത്തം, തെർമൊപ്പൈലയെപ്പോലെ കീറോണിയായും ഒരു സുപ്രസിദ്ധ സ്ഥലമായിത്തീൎന്നു.

കീറോണിയായുദ്ധത്തെപ്പററി [1]"ലേഡിമാർഗററു ലീയോട്ട്' എന്ന ലഘുപാദിയിൽ സുപ്രസിദ്ധകവിയായ മിൽട്ടൺ ഇപ്രകാരം പറഞ്ഞിരിക്കുന്നു. "സ്വാതന്ത്ര്യത്തിനു ഹാനികരമായ കീറോണിയായിലെ വിജയത്തെപ്പററി കേട്ടതിൻെറ ഫലമായി വയോവൃദ്ധനായ ആ വാഗ്മി(ഐസോക്രേററീസ്)കാലധർമ്മം പ്രാപിച്ചു." ഐസോക്രേററീസിനു് അപ്പോൾ തൊണ്ണൂററിരണ്ടു വയസ്സു പ്രായമുണ്ടായിരുന്നു. അദ്ദേഹം കുറേക്കാലംകൂടി ജീവിച്ചിരുന്നുവെങ്കിൽ താൻ ആഗ്രഹിച്ചതുപോലെ മാസിഡോണിയാക്കാർ പേർഷ്യായുടെ ശക്തി ക്ഷയിപ്പിക്കുന്നതു കാണുമായിരുന്നു. ഈ യുദ്ധംമൂലം, മാസിഡോണിയാ ദക്ഷിണസംസ്ഥാനങ്ങളുടെ മേല്ക്കോയ്മയെ കൈക്കൊണ്ടു. ഒരു വിദേശിയുടെ കീഴിലാണെങ്കിലും, യവനന്മാർ തമ്മിൽ താല്ക്കാലികമായ ഒരു ഐക്യത്തിനു് ഇതു കാരണമായിത്തീൎന്നു. കൂടാതെ ഡെമോസ്തനീസിൻെറ രാഷ്ട്രീയനിലയിൽ ഒരു വ്യത്യാസം

1. Sonnet to the Lady Margaret Ley.

വരുത്തി. തീബന്മാരുമായുള്ള യുദ്ധം നിറുത്തി ഫിലിപ്പുമായി യുദ്ധത്തിലേപ്പെടാൻ അതീനിയന്മാരെ പ്രേരിപ്പിച്ചതു ഡെമാസ്തനീസ് ആയിരുന്നു.

കീറോണിയായുദ്ധാനന്തരം ഫിലിപ്പു കാഡ്മിയായിൽ ഒരു കാവൽ സൈന്യത്തെ സ്ഥാപിക്കയും, ബിയോഷ്യൻലീഗിനെ വിഘടനംചെയ്തു് അതിലുൾപ്പെട്ട വിവിധനഗരവാസികൾക്കു പൂൎണ്ണസ്വാതന്ത്ര്യം അനുവദിക്കയും, ഓർക്കോമീനസ് (Orchomenus) പ്ലേറ്റിയാ എന്നീ പട്ടണങ്ങളെ പൂൎവ്വസ്ഥിതിയിൽ കൊണ്ടുവരികയും ചെയ്തു. അദ്ദേഹം അതീനയന്മാരോടാണു കൂടുതൽ ദയവോടുകൂടി പെരുമാറിയതു്. മാസിഡോണിയായും ആതൻസുമായി ഒരുടമ്പടി ഉണ്ടായി. യുദ്ധത്തിൽ മരിച്ച അതീനിയന്മാരെ ആതൻസിലേക്കു കൊണ്ടുപോകാൻ തന്റെ പുത്രനേയും രണ്ടു പ്രധാന ഉദ്യോഗസ്ഥന്മാരെയും അദ്ദേഹം നിയോഗിച്ചു. ഇവരെ അതീനിയന്മാർ വളരെ സന്തോഷത്തോടുകൂടി സ്വീകരിക്കയും, ഫിലിപ്പിനോടു തങ്ങൾക്കുള്ള കൃതജ്ഞതയെ സൂചിപ്പിക്കാൻ അദ്ദേഹത്തിന്റെ ഒരു പ്രതിമ നിൎമ്മിച്ചു് എല്ലാവരും കാണത്തക്കവണ്ണം ചന്തസ്ഥലത്തു സ്ഥാപിക്കയും ചെയ്തു.

സ്പാർട്ടാ പിടിച്ചടക്കാൻ ഫിലിപ്പു് പെലൊപോണിസ്സസിലേക്കു പുറപ്പെട്ടു. പക്ഷേ സ്പാർട്ടന്മാൎക്കു് അദ്ദേഹത്തിനു കീഴടങ്ങുന്നതു വിരോധമായിരുന്നു. സ്പാർട്ടായിലെ രാജസ്ഥാനം നശിപ്പിക്കുന്നതിനു ഫിലിപ്പു ശ്രമിച്ചപ്പോൾ, എസ്കുലിപ്പിയോസ് (Asklepios) എന്ന ദൈവം സ്പാർട്ടന്മാരെ രക്ഷിച്ചുവെന്നു് എപ്പിഡാറസിലെ (Epidaurus) ഐസില്ലസ് (Isyllus) എന്ന

കവി കുറിച്ചിട്ടുണ്ട്. സ്പാർട്ടാസംസ്ഥാനത്തിനു ചില നാശങ്ങൾ വരുത്തിയതിൻെറശേഷം, അദ്ദേഹം മാസിഡോണിയായിലേക്കു തിരിച്ചു. അനന്തരം, ബി. സി. 337-ാമാണ്ടു കോരിന്തുകരയിടുക്കിൽവെച്ചു ഗ്രീക്കുകാരുടെ ഒരു സഭ അദ്ദേഹം വിളിച്ചുകൂട്ടി. പേർഷ്യായെ ആക്രമിക്കാൻ ശേഖരിച്ച സൈന്യത്തിൻെറ നേതാവായി ഫിലിപ്പിനെ ആ സഭ തിരഞ്ഞെടുത്തു. ഈ നിയമനംമൂലം, മാസിഡോണിയായിലെ രാജാവു തങ്ങളുടെ അധിരാജനായിത്തീരുന്നതിന്നിടയായി.

അക്കാലത്തെ അതീനിയന്മാരും സ്പാർട്ടന്മാരും വിദേശകാര്യങ്ങളിൽ ഏർപ്പെട്ടില്ല. പേർഷ്യായെ ആക്രമിക്കുന്നതിനുള്ള ഫിലിപ്പിൻെറ ആലോചനകളെയോ യുദ്ധസന്നാഹത്തേയോപററി നമുക്കുള്ള അറിവു തീരെ കുറവാണ്. ബി. സി. 336-ൽ ഹെല്ലസ്സ്പാണ്ടിൻെറ മറുകര പിടിച്ചടക്കുന്നതിനും തൻെറ സൈന്യത്തിനു പോകാനുള്ള വഴി ശരിപ്പെടുത്തുന്നതിനുമായി ഫിലിപ്പു തൻെറ പ്രധാന സേനാപതിയായ പാർമീനിയോവിനെ ആദ്യം അയച്ചു. ഈ ആണ്ടിൽ തന്നെ ആ മഹാൻ മരിക്കയും ചെയ്തു.

നിയോപ്ടോളിമസ് (മൊളോസിവർഗ്ഗക്കാരുടെ രാജാവു)ൻെറ പുത്രിയായ ഒലിമ്പിയാസ് (Olympias) എന്ന വനിതയെയാണ് ഫിലിപ്പു വിവാഹം ചെയ്തതു്. എപ്പൈറസിലെ രാജവംശവുമായി ബന്ധമുള്ളവളും അച്ചില്ലസിൻെറ ഗോത്രത്തിൽപ്പെട്ടവളുമായിരുന്നു ആ സ്ത്രീരത്നം. അവൾ വിഷയലമ്പടയും പ്രതികാരപരയും ഊർജ്ജസ്വലയുമായിരുന്നു. കഴിഞ്ഞ ഏതാനും

ശതവർഷങ്ങൾക്കിടയിൽ ത്രേസിൽനിന്നും ഗ്രീസിൽ കടന്നുകൂടിയ ഒരു നൂതനമതം ആ മഹിള അംഗീകരിച്ചുവെന്നു സൂക്ഷ്മമായി അറിവുണ്ട്. അഞ്ചാം നൂററാണ്ടിൻെറ അവസാനത്തോടുകൂടി സംസ്കൃതന്മാരായ യവനന്മാർക്കു പുരാതന കാലത്തെ ഒലിമ്പസിലെ ദേവന്മാരിൽ വിശ്വാസം തീരെ കുറഞ്ഞിരുന്നു. കാരൺ (Charon) തൻെറ കടത്തുവള്ളത്തിൽ മരിച്ചവരുടെ ആത്മാക്കളെ ഹേഡ്സി (Hades)ലേക്കു കൊണ്ടുപോകുന്നുവെന്നുള്ള വിശ്വാസത്തെ യാഥാസ്ഥിതികന്മാർ കൂടി ആക്ഷേപിച്ചു. അധഃപതിച്ച പഴയ മതങ്ങളിൽ നിന്നും രണ്ടു നൂതനമതങ്ങൾ ആവിർഭവിച്ചു. എന്നാൽ യൂറിപ്പിഡീസു ഹോമറുടെ ഗ്രന്ഥങ്ങളിൽ കണ്ട തത്വങ്ങളെ ജനങ്ങളുടെ ശ്രദ്ധക്കു വിഷയമാക്കി. മനുഷ്യന് ഓരോ മനോവികാരമുണ്ടാകുന്നതു ദേവന്മാരുടെ ബാധ കൊണ്ടാണെന്നും, ആഫ്രോഡൈററു (Aphrodite), ഡയോണിഷ്യസ് (Dionysius), മുതലായ ദേവന്മാർക്കു ബലി കൊടുക്കുന്നതിന് ഉപേക്ഷ കാണിക്കുന്നവരുടെ ശരീരത്തിൽ അവർ ആവേശിക്കയും തങ്ങളുടെ ഇഷ്ടം പോലെ അവരെ ക്ലേശിപ്പിക്കുകയും ചെയ്യുമെന്നു പൊതുവെ ഒരു വിശ്വാസം ഉണ്ടായി. ഇസ്സസു (Issus) യുദ്ധത്തിനു മുൻപു, ഭീതിയുടെ അധിഷ്ഠാനദേവതക്ക് അലക്സാണ്ടർ ബലി കൊടുത്തതു മേല്പറഞ്ഞ കാരണം കൊണ്ടായിരിക്കണം. സെമിലി (Semele)യുടെ വാസസ്ഥാനമായ തീബ്സിനെ താൻ നശിപ്പിച്ചതു നിമിത്തം ആ ദേവതയുടെ പുത്രിയായ ഡയോണിഷ്യസിൻെറ ശാപം മൂലമാണു താൻ ക്ലിററസിനെ വധിക്കാൻ കാരണമായതെന്ന് അലക്സാണ്ടർ വിശ്വസിച്ചു. ഈ വധം ഒരു വിരുന്നിൽ ലഹരിസാധനങ്ങൾ അദ്ദേഹം

അമിതമായി ഉപയോഗിച്ചതിൽ പിന്നീടാണു നടന്നതെന്നുള്ളതു് ഇവിടെ പ്രസ്താവ്യമാണു്. മേല്പറഞ്ഞ ദേവന്മാൎക്കും പുറമെ, അപരാധികളെ ശിക്ഷിക്കുന്നതിനും പ്രത്യേകം ദേവന്മാർ ഉണ്ടെന്നായിരുന്നു യവനന്മാരുടെ സങ്കല്പം. ദ്രോഹിക്കപ്പെട്ട ഒരുവന്റെ രോദനം ദ്രോഹിച്ച ആളിനു ഒരു ശാപമായിത്തീരുന്നതാണെന്നും നമ്മുടെ കൃത്യങ്ങളെയെല്ലാം ആകാശത്തിൽ നിന്നു ചില ശക്തികൾ സൂക്ഷിച്ചുനോക്കിക്കൊണ്ടിരിക്കുന്നുവെന്നും ധൎമ്മിഷ്ഠന്മാർ വിശ്വസിച്ചുവന്നതായി യൂറിപ്പിഡീസു കുറിച്ചിരിക്കുന്നു.

ഗ്രീക്കുകാരും ഏഷ്യാക്കാരും 'വിധി'യിൽ വിശ്വാസമുള്ളവരായിരുന്നുവെങ്കിലും 'ഓർഫിസം' (Orphism) എന്ന മതത്തെ ചിലർ ആദരിച്ചു. ഒലിമ്പിയാസും അലക്സാണ്ടരും ഇക്കൂട്ടത്തിൽ പെട്ടവരായിരുന്നു. ഇവർ ഡയോണിഷ്യസിനേയും ഓർഫിയസിനേയും ചില ഗൂഢാത്മക്രിയകളോടുകൂടി ആരാധിച്ചു. ഈ മതത്തിൽ അനേകം പേർ വിശ്വസിച്ചിരുന്നുവെങ്കിലും, ഇതിന്റെ സിദ്ധാന്തങ്ങളെപ്പററി ഇപ്പോൾ യാതൊന്നുമറിയാൻ പാടില്ല.

ഒലിമ്പിയാസിന്റെ സ്വഭാവം ഫിലിപ്പിനു് അശേഷം രസിക്കാഞ്ഞതിനാൽ അദ്ദേഹം ക്ലിയോപാററ്റാ (Cleopatra) എന്നു പേരുള്ള ഒരു യുവതിയെ വിവാഹം ചെയ്തു. തന്മൂലം ഒലിമ്പിയാസിന്റെയും അലക്സാണ്ടരുടേയും വിരോധത്തിനു് അദ്ദേഹം പാത്രീഭവിച്ചു. എങ്കിലും, ക്ലിയോപാററ്റായുമായുള്ള തന്റെ പിതാവിന്റെ വിവാഹത്തിനു് അലക്സാണ്ടരും സന്നിഹിതനായിരുന്നു. വിവാഹാനന്തരം അലക്സാണ്ടർ ഇല്ലീ

റിയായിൽ താമസമുറപ്പിച്ചുവെന്നും അദ്ദേഹം തൻെറ മാതാവിനെ എപ്പൈറസിൽ തൻെറ ചാർച്ചക്കാരുടെ അടുക്കൽ കൊണ്ടാക്കിയെന്നും ചരിത്രത്തിൽ കാണുന്നു.

തൻെറ പുത്രനായ അലക്സാണ്ടരുടെ കല്യാണത്തിനു ഫിലിപ്പ് സകല രാജചിഹ്നങ്ങളോടുംകൂടി നാടകശാലയിലേക്കു പോകുമ്പോൾ ഒലിമ്പിയാസിനാൽ പ്രേരിതനായി പൗസാനിയസ് (Pausanias) എന്നൊരു ഘാതകൻ അദ്ദേഹത്തെ വധിച്ചു. ക്ലിയോപാററായുടെ മാതുലനായ അററലസ് (Attalus) പൗസാനിയോസിനെ ദ്രോഹിച്ചതിന് അയാളെ ശിക്ഷിക്കണമെന്ന് അദ്ദേഹം ഫിലിപ്പിനോട് അപേക്ഷിച്ചിട്ടു. രാജാവു (ഫിലിപ്പ്) യാതൊന്നും പ്രവർത്തിക്കാഞ്ഞതിനാലാണ് പൗസാനിയസ് ഫിലിപ്പിൻെറ വിരോധിയായിത്തീർന്നത്. മരണകാലത്തു ഫിലിപ്പിനു 46 വയസ്സു പ്രായമുണ്ടായിരുന്നുള്ളു.

വിശാലമായ രാഷ്ട്രീയബോധം, അശ്രാന്തപരിശ്രമം, അചഞ്ചലമായ മനോനിശ്ചയം, മുതലായ ഗുണങ്ങൾ ഫിലിപ്പിൽ നിന്നും അലക്സാണ്ടർക്കു ലഭിച്ചു. തൻെറ മാതാവു് ഒരു അസാധാരണ സ്ത്രീയായിരുന്നുവെങ്കിലും, മേല്പറഞ്ഞ മാതിരിയിലുള്ള ഗുണങ്ങൾക്ക് അദ്ദേഹം ആ മഹിളയോടു കടപ്പെട്ടിട്ടില്ലത്രെ.

ഫിലിപ്പിൻെറ പ്രവൃത്തികൾക്ക് അനുയോജ്യമായ ഒരു സ്ഥാനം ചരിത്രഗ്രന്ഥങ്ങളിൽ അദ്ദേഹത്തിനു കൊടുത്തുകാണുന്നില്ല. ഇതിനു മൂന്നു കാരണങ്ങൾ ഉണ്ടു്. 1. പുത്രനായ അലക്സാണ്ടരുടെ ദിഗ്ജയത്താൽ ഫിലിപ്പിൻെറ പേരു് ഒന്നു മങ്ങിപ്പോയി. 2. അദ്ദേ

ഹത്തിനെപ്പററിയുള്ള വിവരം നമുക്കു ലഭിക്കുന്നതു് അദ്ദേഹത്തിൻെറ വിരോധികളായ അതീനിയന്മാരിൽ, പ്രത്യേകിച്ചു, ഡെമോസ്തനീസിൽ നിന്നുമാണു്. 3. അദ്ദേഹത്തിൻെറ ആക്രമണങ്ങളിൽവെച്ചു വിഷമമേറിയ ത്രേസു ആക്രമണത്തെക്കുറിച്ചു നമുക്കു യാതൊരറിവുമില്ല.

എന്നാൽ ഐസോക്രേററീസ് എന്ന വാഗ്മിയുടെ ശിഷ്യനും, കിയോസു (Chios) ദ്വീപുസ്വദേശിയുമായ തിയോപോമ്പസു (Theopompus) ഫിലിപ്പിൻെറ കാലത്തെപ്പററി എഴുതീട്ടുള്ള ഒരു ഗ്രന്ഥത്തിൽനിന്നും നാം അദ്ദേഹത്തെ സംബന്ധിച്ചു പലേ കാര്യങ്ങളും അറിയുന്നു. "അമിൻറാസിൻെറ പുത്രനെപ്പോലെ ഒരു മഹാൻ യൂറോപ്പിൽ ഉണ്ടായിട്ടില്ല", എന്നാണു ടി ഗ്രന്ഥകാരൻെറ മതം

---

H 594

# അദ്ധ്യായം ൩.

## അലക്സാണ്ടർ രാജകുമാരൻ.

ചാൽഡിസിലെ അതീനിയന്മാരെ തന്ത്രംമൂലം തോല്പിക്കുന്നതിലും അവിടത്തെ പട്ടണങ്ങളെ പിടിച്ചടക്കുന്നതിലും ഫിലിപ്പു ബദ്ധശ്രദ്ധനായിരിക്കുമ്പോൾ, ബി. സി. 356-ാമാണ്ടു ശരൽകാലത്തിൽ പെല്ലായിൽവെച്ചു് അലക്സാണ്ടർ ജനിച്ചു. പോററിഡിയ പിടിച്ചടക്കിയ ഉടൻ ഫിലിപ്പിനു മൂന്നു സന്തോഷവാർത്തകൾ കിട്ടി. 1. ഒലിമ്പിയായിലെ രഥപ്പന്തയ

മാട്ടത്തിൽ തനിക്കു ജയം സിദ്ധിച്ചു. 2. സൈന്യം തന്റെ വൈരികളായ അനേകം ഇല്ലീറിയാക്കാരെ വധിച്ചു. 3. തനിക്കു് ഒരു പുത്രൻ ജനിച്ചു. അലക്സാണ്ടർ ജനിച്ച ദിവസം രാത്രിയായിരുന്നു എഫീസസി (Ephesus)ലുള്ള ആർട്ടിമിസിന്റെ ദേവാലയം അഗ്നിക്കിരയായതു്. ആ രാത്രിയിൽ മാസിഡോണിയായിൽ അലക്സാണ്ടരുടെ ജനനം സംബന്ധിച്ച സംഗതികളിൽ വ്യാപൃതയായിരുന്നതിനാൽ അവൾ സ്വന്തം കാര്യം കൂടി വിസ്മരിച്ചുപോയതാണെന്നു ഹെജീസിയാസ് (Hegesias) എന്ന മഹാൻ പ്രസ്താവിച്ചിരിക്കുന്നു. ഒരു ഭ്രാന്തൻ ആ വിശിഷ്ടദേവാലയത്തിനു തീ വെച്ചുവെന്നും, അതിന്റെ കാരണം അവനോടു ചോദിച്ചപ്പോൾ, 'ഒരു സാഹസകൃത്യംമൂലം എന്റെ നാമധേയം ലോകത്തിൽ നിലനിറുത്തുന്നതിനാണു്", എന്നു് അവൻ മറുപടി പറഞ്ഞുവെന്നും ഒരു കഥ ഉണ്ടു്. ഇതേ ഉദ്ദേശത്തോടുകൂടി ഏഷ്യാഖണ്ഡം പിടിച്ചടക്കുന്നതിനു് ആ സമയത്തു് ഒരു കുട്ടി ജനിച്ചിട്ടുണ്ടെന്നു ജ്യോതിഷികൾ അഭിപ്രായപ്പെട്ടു.

അലക്സാണ്ടരുടെ യൗവനകാലത്തെപ്പററി പല കഥകളുമുണ്ടു്. ഡ്രോപിഡാസി (Dropidas)ന്റെ പുത്രിയും ഹെല്ലനീസ് (Hellenice) അല്ലെങ്കിൽ ലാനീസ് (Lanice) എന്ന പേരോടുകൂടിയവളും കുലീനയുമായ മാസിഡോണിയായിലെ ഒരു സ്ത്രീരത്നമായിരുന്നു അലക്സാണ്ടരുടെ വളർത്തമ്മ. അദ്ദേഹത്തിന്റെ ബാല്യദശയിലെ ചുമതല മുഴുവനും ഈ മഹിള വഹിച്ചു. അവളുടെ ഭ്രാതാവായ ക്ലിററസ് (Clitus) പില്ക്കാലം അലക്സാണ്ടരുടെ ഒരു പ്രധാന സേനാപതിയായിത്തീർന്നു.

സാധാരണ ഒരു യവനബാലന് ആറാമത്തെ വയസ്സിലാണ് വിദ്യാഭ്യാസം തുടങ്ങുക പതിവ്. അലക്സാണ്ടരുടെ വിദ്യാഭ്യാസവും അക്കാലത്തു നടപ്പുണ്ടായിരുന്ന രീതിയിലായിരിക്കണമെന്നു തോന്നുന്നു. അദ്ദേഹത്തിന്റെ വിദ്യാഭ്യാസത്തിൽ ഫിലിപ്പു പ്രത്യേകം നിഷ്ക്കർഷിച്ചു. അലക്സാണ്ടരുടെ പ്രധാനാചാര്യൻ തന്റെ മാതാവിന്റെ ഒരു ചാർച്ചക്കാരനായ ലിയോണിദാസും, (Leonidas) സഹായാദ്ധ്യാപൻ ലിസിമാക്കസും(Lysimachus),ഭിഷഗ്വരൻ ആക്കർനേനിയാ(Acharnania)യിലെ ഫിലിപ്പും ആയിരുന്നു. അലക്സാണ്ടർ ഏഷ്യാ ആക്രമിച്ചപ്പോൾ ഫിലിപ്പും അദ്ദേഹത്തിന്റെ കൂടെ ഉണ്ടായിരുന്നു. അനാക്സിമീനിസാ (Anaximenes)ണു് അദ്ദേഹത്തെ സാഹിത്യശാസ്ത്രം പഠിപ്പിച്ചതു്. ഒരു സ്പാർട്ടന്റെ യുദ്ധപരിശീലനം ഇദ്ദേഹത്തിനു നൽകിയതു ലിയോണിദാസ് ആയിരുന്നു. അമിതവ്യയം, സുഖഭോഗം, ഇവയിൽ തന്റെ ശിഷ്യന്റെ ശ്രദ്ധ പതിയാതിരിക്കുന്നതിനു ലിയോണിദാസു കഴിയുന്നതു ശ്രമിച്ചു. ഒരു ദിവസം ഹോമാഗ്നിയിൽ അലക്സാണ്ടർ യാതൊരു ലോപവും കൂടാതെ കുന്തുരുക്കം വാരിയിടുന്നതു കണ്ടപ്പോൾ ലിയോണിദാസ് അതു വിരോധിച്ച് ഇപ്രകാരം പറഞ്ഞു. "കുന്തുരുക്കം സുലഭമായി ഉണ്ടാകുന്ന രാജ്യങ്ങൾ യുദ്ധം ചെയ്തു കൈവശപ്പെടുത്തുമ്പോൾ ഇങ്ങനെ ഹോമം ചെയ്യാം."

താൻ ചെയ്യാൻപോകുന്ന വീരകൃത്യങ്ങളെപ്പററി അലക്സാണ്ടർ ലിയോണിദാസുമായി സംസാരിച്ചുകൊണ്ടിരുന്നിരിക്കാം. ലിയോണിദാസിനു തന്നിൽ വിശ്വാസം ഇല്ലല്ലൊ എന്നു വിചാരിച്ച് അലക്സാ

ങ്ങർ വളരെ സങ്കടപ്പെട്ടു. ഏതാനും വർഷം കഴിഞ്ഞു് ഏഷ്യായിൽ നിന്നും അനേകം പവൻ വില പിടിക്കുന്ന സുഗന്ധദ്രവ്യങ്ങൾ തന്റെ ഗുരുവിനു് അലക്സാണ്ടർ അയച്ചുകൊടുത്തു. ഇതോടുകൂടി "ദേവന്മാൎക്കു ശരിയായി ഹോമം നടത്തിയാൽ അതിന്റെ ഫലം നമുക്കു നിശ്ചയമായും സിദ്ധിക്കും. ഇതിനു് എന്റെ അനുഭവം ഒരു നല്ല ദൃഷ്ടാന്തമാണു്." എന്നൊരു എഴുത്തും അയച്ചു.

ഫ്രെഡറിക്കുമഹാനെപ്പോലെ അലക്സാണ്ടറെയും സ്വല്പ നേരത്തെ ഉറക്കം കൊണ്ടു തൃപ്തിപ്പെടാൻ അദ്ദേഹത്തിന്റെ ഗുരു പരിശീലിപ്പിച്ചു. ഒരു സ്പാൎട്ടൻ യുവാവിനെപ്പോലെ ശരീരത്തെ അലങ്കരിക്കുന്നതു് അലക്സാണ്ടൎക്കു ആക്ഷേപമായിത്തോന്നി. ശരീരത്തിന്റെ ഉറപ്പും വഴക്കവുമേ അദ്ദേഹം ഗൗനിച്ചുള്ളു. അദ്ദേഹം വ്യായാമം ചെയ്യുക പതിവായിരുന്നു. ഏഷ്യായുടെ അധിപതിയായാൽ കൊള്ളാമെന്നുള്ള വിചാരം ചെറുപ്പം മുതലെ അദ്ദേഹത്തിനുണ്ടായിരുന്നു. തന്റെ പിതാവു് അനേകം രാജ്യങ്ങൾ പിടിച്ചടക്കുന്നതു കൊണ്ടു, താൻ വളൎന്നുവരുമ്പോൾ തനിക്കു സ്വാധീനപ്പെടുത്താൻ രാജ്യങ്ങളൊന്നും ഉണ്ടായിരിക്കയില്ലെന്നു് അലക്സാണ്ടർ തന്റെ സ്നേഹിതന്മാരായ ടാളമി, നിയാൎക്കസ്, (Nearchus), ഫ്രിജിയസ്, (Phrygius), ലിസിമാക്കസ്, ഹാൎപാലസ് (Harpalus), മുതലായവരോടു പറഞ്ഞു. മാസിഡോണിയായിൽ നിന്നും പേൎഷ്യൻസാമ്രാജ്യത്തിന്റെ തലസ്ഥാനത്തേക്കുള്ള ദൂരത്തേയും അവിടത്തെ രാജാവായ അൎടാക്സെൎക്സസി (Artaxerxes)നേയും അദ്ദേഹത്തിന്റെ സൈന്യ

ത്തെയും കുറിച്ചു പല കാൎയ്യങ്ങളും പെല്ലാ രാജധാനിയിൽ വന്ന പേർഷ്യൻ സത്രപന്മാരോടു അദ്ദേഹം ചോദിച്ചു മനസ്സിലാക്കി. ഈ സന്ദർഭത്തിൽ അദ്ദേഹത്തിനു ഏഴു വയസ്സേ ഉണ്ടായിരുന്നുള്ളു. നിഷ്ഫലമായി വിഹാരങ്ങളിലൊ മത്സരങ്ങളിലൊ അദ്ദേഹം ഏൎപ്പെട്ടില്ല. ഗ്രീക്ക കളികളിൽ ഒരു സമ്മാനം ലഭിക്കുന്നതിനു "അങ്ങു കുറെ വേഗത്തിൽ ഓടിയില്ലെ" എന്നു് ഒരാൾ ചോദിച്ചപ്പോൾ, "മത്സരിച്ചു ഓടാൻ എന്നെപ്പോലെയുള്ള രാജാക്കന്മാരെ കിട്ടിയതിനാലാണു ഞാൻ അങ്ങനെ ചെയ്തതു്" എന്നു് അദ്ദേഹം മറുപടി പറഞ്ഞു.

തീരെ ചെറുപ്പം മുതൽക്കുതന്നെ കീർത്തി സമ്പാദിക്കുന്നതിൽ അലക്സാണ്ടർ അത്യുത്സാഹം പ്രദൎശിപ്പിച്ചു. ഖഡ്ഗം മുതലായ ആയുധങ്ങൾ കൊണ്ടുള്ള വിനോദങ്ങളിലും അദ്ദേഹം ജാഗരൂകനായിരുന്നു. മുഷ്ടിയുദ്ധത്തിൽ അദ്ദേഹം പ്രതിപത്തി പ്രദർശിപ്പിച്ചില്ല. ഓടുന്നതിൽ അദ്ദേഹത്തിനു നല്ല സാമൎത്ഥ്യമുണ്ടായിരുന്നതിനാൽ ഒലിമ്പിയായിലെ വിനോദങ്ങളിൽ ഒന്നായ പന്തയ ഓട്ടത്തിൽ അലക്സാണ്ടർ ചേരുന്നില്ലയൊ എന്നു് ഒരിക്കൽ സ്നേഹിതന്മാർ അദ്ദേഹത്തിനോടു ചോദിക്കയുണ്ടായി. തന്നെപ്പോലുള്ളവർ ഒലിമ്പിക്കു വിനോദങ്ങളിൽ ഉൾപ്പെട്ടിട്ടില്ലാതിരുന്നതിനാൽ അദ്ദേഹം അവയിൽ ചേർന്നില്ല.

അഞ്ചു വർഷത്തിനിടയിൽ എലിസി(Elis)ൽ ഒലിമ്പിയായിലെ ക്ഷേത്രസന്നിധിയിൽ വെച്ചു നടത്തപ്പെട്ട ഈ കായികാഭ്യാസങ്ങളെപ്പറ്റി ഇവിടെ അല്പം പ്രസ്താവിക്കുന്നതു് അസ്ഥാനത്തിലാകയില്ലല്ലൊ.

കളികൾ പല തരത്തിലുണ്ടായിരുന്നു. അവയിലൊന്നായ മല്ലയുദ്ധത്തിലേർപ്പെട്ടവർ അന്യാദൃശമായ കായബലവും ചാതുര്യവും പ്രദർശിപ്പിച്ചു.

ചാട്ടം വേറൊരുകളിയായിരുന്നു. കുറഞ്ഞതു പത്തു മാസകാലത്തോളം ഈ കളി പരിചയിച്ചിട്ടില്ലാത്തവരെ ഒലിമ്പിക്ക കളികളിൽ ചേരാൻ അനുവദിച്ചിരുന്നില്ല.

മുഷ്ടിയുദ്ധവും അവിടെ നടപ്പുണ്ടായിരുന്നു. എതിരാളിക്കു കൈക്കൂലി കൊടുക്കുകയോ കളികളിൽ വഞ്ചന കാണിക്കുകയോ ചെയ്യുന്നവനു പ്രായശ്ചിത്തശിക്ഷ നല്കിവന്നു. ഒലിമ്പിയായിലെ ഒരു കളിയിലും തന്നെ പങ്കെടുക്കുന്നതിനു കുററാളികൾക്കു് അനുവാദമുണ്ടായിരുന്നില്ല. കായികവിനോദങ്ങളിൽ ഏർപ്പെടുന്നവർ ന്യായവിരുദ്ധമായി കളിക്കയില്ലെന്നു് അവരുടെ മാതാപിതാക്കന്മാർ സത്യം ചെയ്യേണ്ടിയിരുന്നു.

ചക്രം (ചാടിക്കളിപ്പാനുള്ള ഇരുമ്പുവളയം)കൊണ്ടുള്ള കളിയാണു് പോരാളികൾക്കു വിഷമമായതോന്നിയതു്. ഇതിൽ അവർ തങ്ങളുടെ സകല ശക്തികളും ഉപയോഗിക്കേണ്ടിയിരുന്നു. ഈ കളിയെപ്പററി യവനകവികൾ രസകരമായി വർണ്ണിച്ചിട്ടുണ്ടു്.

ഓട്ടത്തിൽ അനേകം പേർ പങ്കെടുത്തുവന്നു. ഒരു അമ്പിൻെറ പാച്ചലിനെക്കാൾ കൂടുതൽ വേഗത്തിലാണു് ഓട്ടക്കാർ ഓടിയതെന്നു പറയപ്പെട്ടിരിക്കുന്നു.

കുതിരകൾ തമ്മിലും രഥങ്ങൾ തമ്മിലുമുള്ള പന്തയഓട്ടം വേറൊരു കളിയായിരുന്നു. ഇതു കാണാൻ കൗതുകമുള്ള ഒരു കളിയായിരുന്നു. ഈ പന്തയത്തിൽ

വേഗത്തിനു കീർത്തിപ്പെട്ട ഏതുതരയോ അശ്വങ്ങൾക്കു പരാജയം പററുകയാണു് ഉണ്ടായതു്.

ഒലിമ്പിക്കു കളികൾ കാണാൻ ഗ്രീസിൻെറ നാനാഭാഗങ്ങളിൽ നിന്നും ജനങ്ങൾ ഒലിമ്പിയായിൽ ചെല്ലുക പതിവായിരുന്നു വിജയികളെ ഹസ്തതാഡനം ചെയ്തു് അഭിനന്ദിച്ചു വന്നതിനാൽ അലക്സാണ്ടർക്കും ടി കളിൽ പങ്കുകൊള്ളുന്നതിനുള്ള അനുഗ്രഹം ജനിച്ചു.

സാധാരണ ഗുരുക്കന്മാരുടെ നിയന്ത്രണത്തിനു് അധീനമാകുന്ന ഒരു സ്വഭാവമല്ല അലക്സാണ്ടർക്കു് ഉണ്ടായിരുന്നതെന്നും അദ്ദേഹത്തിൻെറ സ്വഭാവം സംസ്കരിക്കപ്പെടണമെങ്കിൽ മേൽനോട്ടത്തിനു വിദഗ്ദ്ധന്മാരെ നിയമിക്കണമെന്നും ഫിലിപ്പിനു് അറിയാമായിരുന്നു. അതുകൊണ്ടു നിക്കൊമാക്കസി (അമിൻറാസു ദ്വിതീയൻെറ ഭിഷഗ്വരൻ) ൻെറ പുത്രനായ അറിസ്റ്റോട്ടിൽ എന്ന സുപ്രസിദ്ധ അദ്ധ്യാപകനെ ഗുരുവാക്കുന്നതിനു ഫിലിപ്പു നിശ്ചയിച്ചു. അലക്സാണ്ടർ ജനിച്ചപ്പോൾ ഫിലിപ്പു് അറിസ്റ്റോട്ടിലിനു താഴെ പറയുംപ്രകാരം ഒരു സന്ദേശമയച്ചിരുന്നു. "എനിക്കു് ഒരു പുത്രൻ ജനിച്ചുവെന്നു ഞാൻ നിങ്ങളെ അറിയിക്കുന്നു. നിങ്ങൾ ജീവിച്ചിരിക്കുമ്പോൾ അവൻ ജനിച്ചതു് ഒരു വലിയ ഭാഗ്യമായി. എന്തെന്നാൽ അവനു ശരിയായ വിദ്യാഭ്യാസം നൽകുന്നതിനു യോഗ്യതയുള്ള ആൾ അങ്ങുതന്നെയാണു്. അതുകൊണ്ടു ഞാൻ ഈശ്വരനോടു നന്ദിയുള്ളവനായിരിക്കുന്നു". ബി. സി. 343_ൽ അറിസ്റ്റോട്ടിനെ അലക്സാണ്ടരുടെ ട്യൂട്ടറായി ഫിലിപ്പു നിയമിച്ചു.

അറിസ്റ്റോട്ടിൽ സുമുഖനും ദയാലുവുമായ ഒരു ഉത്തമാദ്ധ്യാപകനായിരുന്നു. ഗ്രന്ഥങ്ങൾ, വിശേഷിച്ചു

മഹാന്മാരുടെ ജീവചരിത്രങ്ങൾ, പഠിപ്പിക്കുന്നതിൽ അദ്ദേഹത്തിനു പ്രത്യേകസാമർത്ഥ്യമുണ്ടായിരുന്നു. പലേ വിഷയത്തിലും "ശരിയായ അറിവു ലഭിക്കണമെന്നുള്ളവർ അറിസ്റ്റോട്ടലിന്റെ ഗ്രന്ഥങ്ങൾ വായിക്കുക", എന്നാണു് ഇന്നും വിദ്വാന്മാർ പറയുന്നതു്. യൂറോപ്യന്മാർ തങ്ങളുടെ ഉന്നത വിദ്യാഭ്യാസവിഷയത്തിൽ കൂടുതൽ കടപ്പെട്ടിരിക്കുന്നതു അറിസ്റ്റോട്ടലിനാണെന്നു പറയുന്നതു ഒരതിശയോക്തിയല്ല. അദ്ദേഹം നിർദ്ദേശിച്ചിട്ടുള്ളതനുസരിച്ചാണു തർക്കശാസ്ത്രവും മററും ഇന്നും പഠിപ്പിച്ചുവരുന്നതു്. ഭരണതന്ത്രത്തേയും സദാചാരത്തേയും ആസ്പദമാക്കി അദ്ദേഹം എഴുതീട്ടുള്ള ഗ്രന്ഥങ്ങൾ അമൂല്യങ്ങളാണു്. അറിസ്റ്റോട്ടിലിൽ നിന്നു ശരിയായ ജീവിതം നയിക്കുന്നതിനുള്ള മാർഗ്ഗം അലക്സാണ്ടർ ലഭിച്ചു. മീസ (Mieza) എന്ന മനോഹരമായ സ്ഥലത്തു് അലക്സാണ്ടരുടെ പഠിത്തത്തിനായി ഒരുനല്ല മന്ദിരം ഫിലിപ്പു പണിയിച്ചു. അവിടെ അറിസ്റ്റോട്ടിലിന്റെ ശിലാസനങ്ങളും അദ്ദേഹം നടന്നുകൊണ്ടിരുന്ന മരത്തണലോടുകൂടിയ സ്ഥലങ്ങളും വളരെ കാലത്തേക്കു കാണാമായിരുന്നു. തന്റെ കൈവശമുണ്ടായിരുന്ന ഹോമർ മഹാകവിയുടെ കൃതികളുടെ പകർപ്പു് അറിസ്റ്റോട്ടിൽ അലക്സാണ്ടർക്കു കൊടുത്തിരിക്കാം. സാഹിത്യം, മതം, ഈ വിഷയങ്ങളിൽ അലക്സാണ്ടർ തന്റെ ഗുരുവിനെ ഒരു പ്രമാണിയായി സ്വീകരിച്ചുവെങ്കിലും, അദ്ദേഹത്തിന്റെ രാഷ്ട്രീയാശയങ്ങൾ അലക്സാണ്ടർക്കു അത്ര രുചിച്ചില്ല. എന്തെന്നാൽ ഗ്രീസിലെ ഒരു നഗരരാഷ്ട്രത്തിലാണു് അറിസ്റ്റോട്ടിൽ വളന്നതു്. അതുകൊണ്ടു് ഒരു നഗരരാഷ്ട്രത്തിലെ ഭരണമായിരുന്നു അദ്ദേഹത്തിന്റെ ആദർശം.

ഒരു നഗരരാഷ്ട്രം, ചെറിയതും സമുദ്രത്തിനു സമീപം സ്ഥിതി ചെയ്യുന്നതുമായിരിക്കണമെന്നും, സമുദ്രതീരത്തിൽ ഒരു തുറമുഖമുണ്ടായിരിക്കണമെന്നും പക്ഷേ അവിടെ വരുന്ന ആളുകളിൽ നിന്നും യാതൊരു ശല്യവും അതിന് ഉണ്ടാകരുതെന്നും അറിസ്റ്റോട്ടലിന് അഭിപ്രായമുണ്ടായിരുന്നു. അതു് ഒരു വ്യാപാരകേന്ദ്രമായിരിക്കണമെന്ന് അദ്ദേഹം അശേഷം ആശിച്ചില്ല. സാമാനങ്ങൾ ആവശ്യത്തിനു മാത്രമേ കയററുമതിയും ഇറക്കുമതിയും ചെയ്യാവു എന്ന് അദ്ദേഹം വിചാരിച്ചു. ഭരണകർത്താവിനു തൻെറ പ്രജകളേയും അവരിൽ ഓരോരുത്തനും മററുള്ളവരേയും പരിചയപ്പെടാൻ തക്കവണ്ണം കുറഞ്ഞജനസംഖ്യയുള്ള ഒരു രാജ്യവിഭാഗമാണ് അറിസ്റ്റോട്ടിലിൻെറ അഭിപ്രായത്തിൽ ഉത്തമമായിരുന്നതു്. പൌരന്മാക്കു തുല്യാവകാശങ്ങൾ നൽകേണ്ടതാണെന്ന് അദ്ദേഹം വിചാരിച്ചു. പൌരന്മാർ തങ്ങൾക്കു പുരുഷപ്രായമാകുന്നതോടുകൂടി ആയോധനവിദ്യ അഭ്യസിക്കയും മദ്ധ്യവയസ്സിൽ രാഷ്ട്രീയോദ്യോഗങ്ങൾ വഹിക്കാൻ യോഗ്യതയുള്ളവരായിരിക്കയും വാർദ്ധക്യത്തിൽ പുരോഹിതന്മാരുടെ ജീവിതം നയിക്കയും ചെയ്യണമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ശില്പികൾക്കും വണിക്കുകൾക്കും നഗരരാഷ്ട്രത്തിലെ ഭരണകാര്യങ്ങളിൽ യാതൊരു പങ്കുമുണ്ടായിരുന്നില്ല. ഭൂമിയിൽ പകുതിയും പൊതുജനങ്ങളുടെ ഉപയോഗത്തിനായിരുന്നു. അടിമകളെ കൊണ്ടും യവനവർഗ്ഗത്തിൽപ്പെട്ട കൂലിവേലക്കാരെക്കൊണ്ടുമാണു കൃഷി നടത്തിക്കേണ്ടതെന്നായിരുന്നു അദ്ദേഹത്തിൻെറ മതം.

മററു തരത്തിലുള്ള ഭരണരീതിയിൽനിന്നും ജനങ്ങൾക്കു ലഭിക്കാവുന്ന ഗുണങ്ങളെപ്പററി അറിസ്റ്റോട്ടിൽ

ഗൗനിച്ചതേ ഇല്ല. തൻെറ 'രാജ്യമീമാംസ' എന്ന ഗ്രന്ഥത്തിൽ സാമ്രാജ്യത്തെപ്പററി അദ്ദേഹം ഒന്നും പറഞ്ഞുകാണുന്നില്ല. പേർഷ്യൻസാമ്രാജ്യത്തെ അടിമകളുടെ വാസസ്ഥലമായിട്ടും പേർഷ്യൻരാജാവിനെ അവരുടെ നേതാവായിട്ടുമാണ് അദ്ദേഹം ഗണിച്ചതു്. സ്വഭാവേനതന്നെ ഏഷ്യാക്കാർ അടിമകളാണെന്നു് അദ്ദേഹം വിശ്വസിക്കയും, അവരെ അടിമകളായിത്തന്നെ ഗണിക്കണമെന്നു് 'ഏകാധിപത്യഭരണ'ത്തെപ്പററിയുള്ള തൻെറ ഗ്രന്ഥത്തിൽ അലക്സാണ്ടരോടു് അദ്ദേഹം ഉപദേശിക്കയും ചെയ്തു. എന്നാൽ ഗുരുവിനേക്കാൾ ശിഷ്യൻ ഒരു ഉത്തമരാജ്യതന്ത്രജ്ഞനായിരുന്നു. അലക്സാണ്ടർ ഏഷ്യായിലെ ഭരണകർത്താവായിത്തീർന്നപ്പോൾ യവനന്മാരോടും ഏഷ്യാക്കാരോടും അദ്ദേഹം ഒരുപോലെ പെരുമാറി. ഈ മനോഭാവം ഒരു പക്ഷേ തൻെറ പിതാവിൽനിന്നും അദ്ദേഹത്തിനു ലഭിച്ചതായിരിക്കാം. ഇതു് എങ്ങനെ ആയാലും തൻെറ കാലത്തു സർവ്വസാഹോദര്യം എന്ന വിശിഷ്ടഗുണം അലക്സാണ്ടരിൽ മാത്രമെ വിളങ്ങിക്കണ്ടുള്ളു. എന്നാൽ അഞ്ചാം ശതാബ്ദത്തിൽ അതെൻസിൽ ഏകോദരസാഹോദര്യം ദോഷഭൂയിഷ്ഠമായിക്കണ്ടതിനാലും ശാസ്ത്രീയമായി അതു സ്വീകാര്യമല്ലാത്തതിനാലും പ്ലേറേറാവിനെപ്പോലെ അറിസ്റ്റോട്ടിലും അതിനെ നിരാകരിച്ചു. (വിദേശവണിക്കുകൾ ക്രൂട്ടംക്രൂട്ടമായി പിറയസു എന്ന നൗകാശയത്തിൽ വന്നിറങ്ങുകയും തിരിച്ചു പോകയും പതിവായിരുന്നു.) വിദേശിയരെ അതീനയന്മാർ പല സംഗതികളിൽ കണ്ണടച്ചുകൊണ്ടു അനുകരിച്ചതിൻെറ ഫലമായി അവരുടെ സന്മാർഗ്ഗനിഷ്ഠ മിക്കവാറും ഇല്ലാതായി. എന്തുകൊ

ണ്ടെന്നാൽ നൂതനമായ ആചാരങ്ങളും നടപടികളും കൈക്കൊണ്ടവർ, 'ധർമ്മം' എന്താണ്, അധർമ്മം എന്താണ്, എന്നുള്ളതിനെ സംബന്ധിച്ച വ്യവസ്ഥാപിതമായ ഒരു നിയമമുണ്ടോ എന്നതിനെപ്പററി വാദിച്ചു തുടങ്ങി. ഇതെല്ലാം വളരെ ദോഷകരമായി പ്ലേറേറാവിനു തോന്നിയതിനാൽ വിദേശ്യരുടെ വരവിനെ ഭയന്നു സമുദ്രതീരത്തിൽ പട്ടണങ്ങൾ സ്ഥാപിക്കുന്നതു സർവ്വാബദ്ധമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ധർമ്മാധിഷ്ഠിതമായ ഒരു സംസ്ഥാനത്തിന് അനുയോജ്യമായ സ്ഥലം ഉൾനാട്ടിലുള്ള യൂറോട്ടാസുനദീതടമാണെന്നു പ്ലേറേറാവും അറിസ്റ്റോട്ടിലും വിചാരിച്ചു.

ഏഷ്യാക്കാരോടുള്ള അലക്സാണ്ടരുടെ പെരുമാററം അറിസ്റ്റോട്ടിലിന്റെ അഭിപ്രായത്തിനു നേരെ കടകമായിരുന്നു. ഇതിനു ശരിയായ ഒരു കാരണവും അറിസ്റ്റോട്ടിലിനോടു പറയുന്നതിന് അദ്ദേഹത്തിനു സാധിച്ചില്ല. അറിസ്റ്റോട്ടിൽ വളരെ ഇഷ്ടപ്പെട്ട നഗരരാഷ്ട്രതരത്തിലുള്ള ഭരണത്തെപ്പററി അലക്സാണ്ടർ അശേഷം ഗൗനിച്ചില്ലെന്നു കണ്ടപ്പോൾ ആ തത്വജ്ഞാനിക്കു വലിയ ഭയമാണുണ്ടായതു്. അറിസ്‌റേറാട്ടിലിന്റെ രാഷ്ട്രീയാഭിപ്രായങ്ങളെ അലക്സാണ്ടർ സ്വീകരിച്ചില്ല. ആ വീരകേസരി ഏഷ്യയിലെരാജ്യങ്ങൾ പിടിച്ചടക്കി തന്റെ സാമ്രാജ്യത്തെ വിസ്തൃതമാക്കിക്കൊണ്ടിരിക്കുമ്പോൾ ആതൻസിൽ വെച്ചു തന്റെ രാജ്യമീമാംസ എന്നഗ്രന്ഥം അറിസ്റ്റോട്ടിൽ എഴുതിക്കൊണ്ടിരുന്നുവെങ്കിലും, സാമ്രാജ്യസ്ഥാപനത്തേയോ സാമ്രാജ്യഭരണത്തെയോപററി ആ ഗ്രന്ഥകാരൻ മൗനം അവലംബിക്കുകയാണ് ചെയ്തതു്. അറിസ്‌റേറാട്ടിൽ എഴുതിയ ജന്തുശാസ്ത്ര

ത്തിൽ അലക്സാണ്ടരുടെ സഞ്ചാരങ്ങളിൽ നൂതനമായി കണ്ടുപിടിക്കപ്പെട്ട ജന്തുവൎഗ്ഗങ്ങളെക്കുറിച്ചു പ്രസ്താവിച്ചു കാണുന്നില്ല. രാജാവു തന്റെ ഗുരുവിനു ശാസ്ത്രീയപര്യന്വേഷണം വകക്കു ധാരാളം ദ്രവ്യം കൊടുത്തുവെന്നും അദ്ദേഹത്തെ സഹായിക്കുന്നതിന് ആയിരം പ്രകൃതിശാസ്ത്രജ്ഞന്മാരെ നിയമിച്ചുവെന്നും പറയപ്പെട്ടിരിക്കുന്നു. 'ഏകാധിപത്യഭരണം' എന്ന പ്രബന്ധം അറിസ്റ്റോട്ടിൽ അലക്സാണ്ടൎക്കു സമൎപ്പിച്ചു "ഉപനിവേശങ്ങൾ" എന്ന ഗ്രന്ഥത്തിൽ അലക്സാണ്ടർ ഗ്രഹിക്കേണ്ട പല സംഗതികളും അടങ്ങിയിട്ടുണ്ട്. ഇപ്രകാരമെല്ലാമായിരുന്നാലും, അവരിൽ ഒരാളുടെ അഭിപ്രായം മറേറ ആളുടെ അഭിപ്രായത്തെ ഭേദപ്പെടുത്തുന്നതിനു ശക്തമായില്ല.

ഭൂമിശാസ്ത്രം, ശില്പശാസ്ത്രം, പ്രകൃതിവിജ്ഞാനീയം മുതലായവയിൽ അലക്സാണ്ടർ സാമാന്യമായ അറിവു സമ്പാദിച്ചിരിരുന്നു. അദ്ദേഹത്തിന്, ഇവയിൽ സൎവ്വതോമുഖമായ ജ്ഞാനമുണ്ടായിരുന്നുവെന്നു പറയാൻ നിവൃത്തിയില്ല. അലക്സാണ്ടരുടെ സ്ഥാനത്തു സാക്രറീസിനെ ഗണിക്കാമെങ്കിലും സാക്രറീസിന്റെ സ്ഥാനത്ത് അലക്സാണ്ടരെ ഗണിക്കുന്നതു ശരിയല്ലെന്നു മൊണ്ടെയിൻ (Montaigne)എന്ന മഹാൻ അഭിപ്രായപ്പെട്ടിട്ടുണ്ട്. ഗുപ്താൎത്ഥതത്വശാസ്ത്രത്തെക്കുറിച്ച് അറിസ്റ്റോട്ടിൽ ചില പുസ്തകങ്ങൾ-എഴുതി പ്രസിദ്ധീകരിച്ചപ്പോൾ, അദ്ദേഹത്തെ ശാസിച്ചുംകൊണ്ട് അലക്സാണ്ടർ ഏഷ്യായിൽ നിന്നും ഇങ്ങനെ ഒരു ലിഖിതമയച്ചു. "നിങ്ങൾ ചെയ്തതു് അത്ര പന്തിയായില്ല. രഹസ്യമായി നിങ്ങളുടെ ശിഷ്യന്മാരെ നിങ്ങൾ

പഠിപ്പിച്ച സംഗതികൾ എല്ലാവരും അറിയത്തക്കവണ്ണം പരസ്യപ്പെടുത്തിയാൽ, നിങ്ങളുടെ ശിഷ്യന്മാൎക്കു മററുള്ളവരേക്കാൾ എന്തു സ്ഥാനമുണ്ടായിരിക്കും? രാജ്യാക്രമണത്തേക്കാൾ പഠിത്തത്തിൽ മററുള്ളവരെ ജയിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.” അലക്സാണ്ടരുടെ പ്രവൃത്തികൾ അദ്ദേഹത്തിൻെറ പ്രസംഗത്തിനു വിപരീതമാണെന്നു് അറിസ്റേറാട്ടിൽ വിചാരിച്ചുവെങ്കിലും അതു് അദ്ദേഹം തുറന്നുപറഞ്ഞില്ല. “ഈ പുസ്തകങ്ങൾ പരസ്യപ്പെടുത്തിയതായി വിചാരിക്കേണ്ടതില്ല. എന്തുകൊണ്ടെന്നാൽ സാക്രറഠീസ് അഭിപ്രായപ്പെട്ടിട്ടുള്ളതുപോലെ, മുൻപിനാലെ അല്പമെങ്കിലും അറിയാൻ പാടില്ലാത്ത ഒന്നിനെപ്പററി പൊതുവായി ഒരുത്തനും ഒന്നും പഠിക്കാൻ സാധിക്കയില്ല”, എന്നു കാണിച്ചു് ഒരു സൗമ്യമായ മറുപടി അറിസ്റേറാട്ടിൽ അലക്സാണ്ടൎക്കയച്ചു. തൻെറ ജീവിതകാലം മുഴുവൻ ഹോമറിൻെറ കൃതികളാണു് അലക്സാണ്ടർ ഇഷ്ടപ്പെട്ടതു്. ഒരു ഖഡ്ഗവും, സേനാവിജ്ഞാനഭണ്ഡാകാരമായി അലക്സാണ്ടർ ഗണിച്ച ‘ഇലിയഡ്’ എന്ന വിശിഷ്ട ഗ്രന്ഥത്തിൻെറ ഒരു പ്രതിയും തൻെറ തലയിണക്കുതാഴെ അദ്ദേഹം വളരെ ഭദ്രമായി സൂക്ഷിച്ചുവെന്നു് ഓനിസിക്രിററസു കുറിച്ചിരിക്കുന്നു.

ഡേരിയസിൻെറ കൊട്ടാരത്തിൽ നിന്നുമെടുത്ത സാമാനങ്ങളിൽ ഒരു വിശേഷതരത്തിലുള്ള ചെപ്പു് ഉണ്ടായിരുന്നു. “ഈ ചെപ്പിൽ ഡേരിയസു തൈലങ്ങളാണു സൂക്ഷിച്ചുവന്നതു്. എന്നാൽ തൈലലേപനത്തിനു് എനിക്കു സമയമില്ലാത്തതിനാൽ, ഞാൻ അതിനെ കുറെക്കൂടി പ്രയോജനകരമായ വിധത്തിൽ ഉപ

യോഗിക്കുന്നതാണു്", എന്നു പറഞ്ഞുകൊണ്ടു് അലക്സാണ്ടർ ഇലിയഡിൻെറ പ്രതിയെ അതിൽ വെച്ചു സൂക്ഷിച്ചു.

ഒരു യുദ്ധത്തിലെ ജയത്തെപ്പററി അലക്സാണ്ടരെ അറിയിക്കാൻ ഒരു ദൂതൻ അദ്ദേഹത്തിൻെറ അടുക്കൽ ഓടിച്ചെന്നപ്പോൾ, "നിൻെറ മുഖപ്രസന്നത കണ്ടാൽ ഹോമർപുനർജ്ജീവിച്ചുവെന്നു തോന്നും", എന്നു് അദ്ദേഹം അഭിപ്രായപ്പെട്ടതായി ഒരു കഥയുണ്ടു്. രാജധാനയിൽനിന്നും വളരെ ദൂരെയുള്ള തൻെറ പാളയത്തിലിരുന്നുകൊണ്ടു രാജധാനിയിലേക്കു് എഴുതി അയച്ചു്, എസ്ചിലസ്സ, സോഫോക്ലീസ്സ, യൂറിപ്പിഡീസ്സ്, എന്നീ സുപ്രസിദ്ധ നാടകകർത്താക്കളുടെ കൃതികളും ടെലസ്ററസ്സ് (Telestus) എന്ന കവിയാൽ നിർമ്മിക്കപ്പെട്ടതും പുരാതന യവനഗാനങ്ങളടങ്ങിയതുമായ ചില പുസ്തകങ്ങളും അലക്സാണ്ടർ വരുത്തി വായിച്ചുവന്നു. പ്ലേറേറാ പ്രസ്താവിച്ചിട്ടുള്ള സ്പാർട്ടന്മാരെപ്പോലെ, അലക്സാണ്ടർ ഒരു മിതഭാഷിയായിരുന്നു.

അലക്സാണ്ടരുടെ പതിനാറാമത്തെ വയസ്സിൽ, അതായതു് അറിസ്റ്റോട്ടലിൻെറ ഗുരുസ്ഥാനം അവസാനിക്കാറായപ്പോൾ, ഒരു സംഭവംനടന്നു. അശ്വങ്ങൾക്കു പ്രസിദ്ധപ്പെട്ട തെസ്സാലിരാജ്യത്തിൽ നിന്നും [1] ബ്യൂസിഫാലസ്സ് എന്നു പേരുള്ള ഒരു കുതിരയെ വില്പാനായി ഫിലോണിക്കസ്സ് (Philonicus) എന്ന വണിക്കു പെല്ലായിൽ കൊണ്ടു ചെല്ലുകയും അതിനു പതിമൂന്നു ടാല

൧. വൃഷശിരസ്കൻ ഇതിൻെറ വില പതിനാറു ടാലൻറ്റ് ആണെന്നു് പ്ലിനി കുറിച്ചിരിക്കുന്നു.

PRESENTED BY:
SRI M. K. VASUDEVAN NAIR
MANIYARA VEEDU
MALAYINKIL

ൻറു (2518 പവൻ 15 ഷി 0 പെ) വില പറകയും ചെയ്തു. കൃഷ്ണവർണ്ണമായ ഈ അശ്വത്തിൻെറ ലലാടത്തിൽ ഒരു വെളുത്ത നക്ഷത്രക്കുറി ഉണ്ടായിരുന്നു. ഇതിനെ പരീക്ഷിച്ചു നോക്കാൻ ഫിലിപ്പും രാജകുമാരനും മൈതാന പ്രദേശത്തു ചെന്നു. അസംഖ്യം ജനങ്ങളും അവിടെക്കൂടി. പുറത്തു കയറുന്നതിനു കുതിരക്കാരെ സമ്മതിക്കാതെ അതു പിണങ്ങിയതിനാൽ അവിടെ സന്നിഹിതരായവരെല്ലാം വളരെ ഇച്ഛാഭംഗപ്പെട്ടു. ഇതു കണ്ടപ്പോൾ ഫിലിപ്പിനു ക്രമത്തിലധികം കോപമുണ്ടായി. കുതിരയെ അവിടെ നിന്നും കൊണ്ടുപോകാൻ അദ്ദേഹം ആജ്ഞാപിച്ചു. അതെല്ലാം സൂക്ഷിച്ചുകൊണ്ടിരുന്ന അലക്സാണ്ടർ ഇപ്രകാരം പറഞ്ഞു. "ഇതു് ഒരൊന്നാംതരം കുതിരയാണു്. ഈ കുതിരയെ വരുതിയിൽ കൊണ്ടുവരാൻ സാമർത്ഥ്യവും ധൈര്യവും ഇല്ലാത്തതുകൊണ്ടു അവർ ഇതിനെ വേണ്ട എന്നു വെക്കുന്നു. കഷ്ടം!" ഫിലിപ്പു് ഇതു കേട്ടതായ ഭാവിച്ചില്ല. അതുകൊണ്ടു അലക്സാണ്ടർ പിന്നെയും അങ്ങനെ പറഞ്ഞു. "അല്ലയോ വത്സാ! കുതിരയെ നിനക്കു് അടക്കി ഭരിക്കാൻ സാധിക്കുമെന്നു തോന്നുമാറു മറ്റുള്ളവരെ നീ ആക്ഷേപിക്കുന്നു." "എനിക്കതു സാധിക്കും" എന്നു് അലക്സാണ്ടർ മറുപടി പറഞ്ഞു. "കൊള്ളാം. ഒന്നു പരീക്ഷിച്ചുകൊൾക. നിനക്കു സാധിച്ചില്ലെങ്കിൽ, നിൻെറ പ്രായശ്ചിത്തമെന്തായിരിക്കും" എന്നു ഫിലിപ്പു ചോദിച്ചു. "കുതിരയുടെ വില" എന്നു് അലക്സാണ്ടർ ഉത്തരം പറഞ്ഞു.

ഇതു കേട്ടു അവിടെ കൂടിയിരുന്നവരെല്ലാം ഉറക്കെ ചിരിച്ചു. പ്രായശ്ചിത്തത്തുക തീർച്ചയാക്കിയതിൻെറ

ശേഷം അലക്സാണ്ടർ ബ്യൂസിഫാലസിന്റെ അടുക്കൽ ചെന്നു. അശ്വം സ്വന്തം നിഴൽ കണ്ടു വളരെ ഭയപ്പെട്ടിരിക്കയാണെന്ന് അദ്ദേഹം മനസ്സിലാക്കി. അതിനാൽ അതിന്റെ കടിഞ്ഞാണിൽ പിടിച്ചുകൊണ്ട് അതിനെ സൂര്യഭഗവാന് അഭിമുഖമായി നിറുത്തി. അശ്വം വിരണ്ടിരുന്നതിനാൽ രാജകുമാരൻ അതിനെ തടവി ഇണക്കി. അതിന്റെ ക്ഷോഭം ഒന്നു ശമിച്ചു ഉടൻ സാവധാനം അതിന്റെ പുറത്തു ചാടിക്കയറി, ചാട്ടയുടേയും മററും സഹായം കൂടാതെ, കടിഞ്ഞാൺ പിടിച്ചുകൊണ്ടു അതിനെ നടത്തി. ഉത്തരക്ഷണത്തിൽ കാണികൾ, അശ്വം കുതിച്ചുപായുന്നതു കണ്ട് അലക്സാണ്ടരുടെ ജീവനെപ്പററി ഒന്നു ഭയന്നു. എന്നാൽ കുതിരയെ തിരിയെ ഓടിച്ച് അദ്ദേഹം അവിടെ എത്തുകയും അശ്വം നല്ലപോലെ ഇണങ്ങുകയും ചെയ്തുവെന്നു കണ്ടപ്പോൾ അവർ അത്ഭുതപരതന്ത്രരായി. കുറെ നേരത്തേക്കു സന്തോഷാഘോഷമല്ലാതെ വേറൊന്നും അവിടെ കേൾക്കാനില്ലായിരുന്നു. ആഹ്ലാദം കൊണ്ടു മതിമറന്ന ഫിലിപ്പ് ഇപ്രകാരം പറഞ്ഞു. “നിന്റെ സാമർത്ഥ്യത്തിനും യോഗ്യതകൾക്കും അനുയോജ്യമായ ഒരു രാജ്യം കണ്ടുപിടിക്കുക. മാസിഡോണിയാ വെറും ഒരു ചെറിയ രാജ്യവുമാണ്.”

ബ്യൂസിഫാലസിനെ അലക്സാണ്ടർ ഇണക്കിയതു കണ്ട് അദ്ദേഹം നിശ്ചയമായും ഒരു വലിയ ഭരണകത്താവായിത്തീരുമെന്നു മററുള്ളവർ വിചാരിച്ചു. ഫിലിപ്പു ബൈസാൻഷ്യം (Byzantium) ആക്രമിക്കാൻ പോയപ്പോൾ, 16 വയസ്സു മാത്രം പ്രായമുള്ള അലക്സാണ്ടരെയാണു മാസിഡോണിയായിലെ റീജൻറായി

അദ്ദേഹം നിയമിച്ചതു്. ഈ തക്കം നോക്കി ത്രേസി ലെ മെഡാരി (Medari) എന്ന വർഗ്ഗക്കാർ ലഹള ഉണ്ടാക്കി. ഒരു സൈന്യവുമായി അലക്സാണ്ടർ അവിടെ എത്തി അവരെ തോല്പിച്ചു. അവിടെ ഏതാനും ഉപനിവേശങ്ങൾ സ്ഥാപിച്ചു. ഇവയിൽ ഒന്നിന്നു് അദ്ദേഹം അലക്സാണ്ട്റൊപൊലിസ്സ് (Alexandropolis) എന്ന പേർ കൊടുത്തു. രണ്ടു വർഷം കഴിഞ്ഞു (ബി. സി. 338-ൽ) നടന്ന കീരാണിയാ യുദ്ധത്തിൽ വെച്ചു് അദ്ദേഹം തന്റെ പിതാവിന്റെ ജീവനെ രക്ഷിച്ചു. ഫിലിപ്പു തന്റെ പുത്രനെ അത്യധികം സ്നേഹിക്കയും അദ്ദേഹത്തിന്റെ ബുദ്ധിസാമൎത്ഥ്യത്തെപ്പററി ആശ്ചൎയ്യപ്പെടുകയും ചെയ്തു. മകനെ രാജാവെന്നും തന്നെ സേനാപതിയെന്നും മററുള്ളവർ വിചാരിച്ചാൽകൊള്ളാമെന്നു് ഫിലിപ്പു് ആഗ്രഹിച്ചു. സംഭവങ്ങളുടെ ഗതിയെ സൂക്ഷ്മമായി മനസ്സിലാക്കാതിരുന്ന ഗ്രീക്കുകാർ അലക്സാണ്ടരെ കുതിരപ്പട്ടാളവകുപ്പിലെ ധീരനായ ഒരു ഉദ്യോഗസ്ഥനായിട്ടു ഗണിച്ചുള്ളു.

ബി. സി. 336-ൽ ഫിലിപ്പു വധിക്കപ്പെട്ടതിനാൽ അലക്സാണ്ടർ സിംഹാസനരോഹണം ചെയ്തു.

അലക്സാണ്ടരുടെ സിംഹാസനാരോഹണകാലത്തിലെ അദ്ദേഹത്തിന്റെ ബാഹ്യപ്രകൃതിയെക്കുറിച്ചു നമുക്കു ചിന്തിക്കാം. ദേഹാഭ്യാസത്തെപ്പററി അത്ര കാൎയ്യമായി അദ്ദേഹം ഗണിച്ചില്ല. അദ്ദേഹത്തിനു വലിയ ഉയരമൊ ക്രമത്തിലധികം ദേഹപുഷ്ടിയൊ ഉണ്ടായിരുന്നില്ല. അദ്ദേഹത്തിന്റെ ശരീരപ്രകൃതി മോശമായിരുന്നതിനാൽ, രാജധാനിയിൽ സേവകന്മാരോടുകൂടിയിരുന്ന അദ്ദേഹത്തെ അതിഥികൾക്കു മന

സ്സിലാക്കാൻ പ്രയാസമായിരുന്നു. ഇപ്രകാരം രണ്ടു തവണ സംഭവിച്ചുവത്രെ. വസ്ത്രധാരണത്തിലുള്ള അനാസ്ഥയും ഗാഢമായ ചിന്തയുമായിരിക്കണം മേല്പറഞ്ഞ തെററിദ്ധാരണക്കു് ഇടയാക്കിയതു്.

1795-ാമാണ്ടു ഇററലിയിൽ അലക്സാണ്ടരുടെ ഒരു പ്രതിമ കണ്ടുപിടിക്കപ്പെട്ടു. ഇപ്പോൾ ഇതു് ലൂവ്ര (Louvre) എന്നിടത്തു സൂക്ഷിക്കപ്പെട്ടിരിക്കുന്നു. അദ്ദേഹത്തിൻെറ കേശം, വിസ്തൃതമായ ലലാടം, ഒരു മാതിരി തത്തച്ചുണ്ടൻ മൂക്കു്, ഇവയെല്ലാം പ്രതിമയിൽ സ്പഷ്ടമായിക്കാണാം. അദ്ദേഹത്തിൻെറ വക്ത്രവും താടിയും മൈക്കേൽ എൻജലോ (Michael Angelo) എഴുതിയ 'ഡേവിഡി' (David)ൻെറ ഛായാപടത്തിനുള്ള രാമണീയകവിശേഷത്തെ അനുസ്മരിപ്പിക്കുന്നു. ഫിലിപ്പിൻെറ പുത്രനായ അലക്സാണ്ടർ എന്നു കൊത്തിവെച്ചിട്ടുള്ള ഈ പ്രതിമ കണ്ടുപിടിച്ചതിൽ പിന്നീടാണു് അദ്ദേഹത്തിൻെറ ബാഹ്യാകൃതിയെപ്പററി കൂടുതൽ അറിവു നമുക്കു ലഭിച്ചിട്ടുള്ളതു്. തങ്ങളുടെ [16]'പോർവിളി'യായി ആ സമരധീരൻെറ പേർ അദ്ദേഹത്തിൻെറ പിൻഗാമികൾ ഉപയോഗിച്ചുവന്നു. അവരുടെ നാണയങ്ങളിൽ ആ മഹാൻെറ തലയെ കൊത്തിവെപ്പിച്ചുവത്രെ. അലക്സാണ്ടരുടെ അതിമനോജ്ഞമായ പ്രതിമ ടാർസസി (Tarsus) ലെ സ്വർണ്ണം കൊണ്ടുള്ള ബഹുമതി മുദ്രകളിൽ കാണുന്നു. ഇതിൽ മാസിഡോണിയായിലെ ഹെരാക്ലീട്ടുരാജാക്കന്മാർ ഉപയോ

ഫ. ശത്രുക്കളുമായി യുദ്ധം ചെയ്യുമ്പോൾ തങ്ങൾക്കു ആത്മധൈര്യത്തിൽ അതിയായ ആവേശമുണ്ടാകാൻ രണശൂരനായ അലക്സാണ്ടരുടെ പേർ ഉറക്കെ വിളിക്ക പതിവായിരുന്നു.

ഗിച്ചുവന്ന സിംഹമസ്തകചർമ്മം അലക്സാണ്ടർ ധരിച്ചിരുന്നു. നേപ്പിൾസിൽ സൂക്ഷിക്കപ്പെട്ടിരിക്കുന്ന അലക്സാണ്ടരുടെ ഒന്നാംതരം ഒരു വെള്ളോട്ടുപ്രതിമ ഗ്രനൈക്കസ്സ (Granicus) യുദ്ധത്തിനുശേഷം ലിസിപ്പസി(Lysippus)നാൽ ഉണ്ടാക്കപ്പെട്ടതാണെന്നു പറഞ്ഞുവരുന്നു. അദ്ദേഹത്തിൻെറ വേറൊരു പ്രതിമ പോമ്പിയിൽ ഉണ്ടു്. ഈ പ്രതിമകളിൽ നിന്നെല്ലാം അദ്ദേഹത്തിനു് ഒരു യവനൻെറ ഒന്നാംതരം ഛായ ഉണ്ടായിരുന്നുവെന്നു നമുക്കു് അനുമാനിക്കാം.

അലക്സാണ്ടരുടെ നിറം വെളുപ്പായിരുന്നു. ഗണ്ഡത്തിലും മാറിലും മനോഹരമായ ഒരു ചുവപ്പു നിറം കാണപ്പെട്ടിരുന്നു. ഉത്തമപടയാളികളായിത്തീരണമെന്നുള്ള ഉദ്ദേശത്തിൽ, ഇടത്തേ തോളിൽ അല്പം ചായ്ച്ചുകൊണ്ടുള്ള അലക്സാണ്ടരുടെ നടപ്പും സജീവമായ വീക്ഷണവും പടയാളികളും, പ്രസിദ്ധിയും ഗൗരവവുമുണ്ടാകണമെന്നുള്ള വിചാരത്തിൽ അദ്ദേഹത്തിൻെറ ശീഘ്രഗതി അനന്തരഗാമികളും, അനുകരിച്ചു.

അലക്സാണ്ടരുടെ ശരീരത്തിൽനിന്നും ഒരു സുഗന്ധം പുറപ്പെട്ടുകൊണ്ടിരുന്നുവെന്നും അതുനിമിത്തം അദ്ദേഹം ധരിച്ച വസ്ത്രങ്ങൾക്കു നല്ല വാസനയുണ്ടായിരുന്നുവെന്നും അറിസ്റ്റോക്സെനസ്സ (Aristoxenus) തിയൊഫ്രാസ്റ്റസ്സ്(Theophrastus) (ബി. സി. 372—287)എന്നീ യവനതത്വശാസ്ത്രജ്ഞന്മാർ കുറിച്ചിട്ടുണ്ടു്.

---

## അദ്ധ്യായം ൪.

## ത്രേസ്, ഇല്ലീറിയ, ഗ്രീസ്- ഈ രാജ്യങ്ങളിലെ അലക്സാണ്ടരുടെ ആക്രമണം.

ഫിലിപ്പിൻെറ വധത്തെപ്പററി കേട്ടപ്പോൾ അതീനിയന്മാർ ഒരിടത്തു സമ്മേളിക്കയും അവരുടെ സന്തോഷത്തെ സൂചിപ്പിക്കുമാറു ദേവന്മാൎക്കു ബലികൾ കഴിക്കയും ചെയ്തു. ഘാതകന് ഒരു മകുടം സമ്മാനിക്കാനും അവർ തീർച്ചപ്പെടുത്തി. തൻെറ പ്രിയ പുത്രിയുടെ മരണം സംബന്ധിച്ചു താൻ ധരിച്ചിരുന്ന ദുഃഖചിഹ്നം എടുത്തുകളഞ്ഞശേഷം വില പിടിച്ച വസ്ത്രങ്ങളും തലയിൽ ഒരു മാലയും ധരിച്ചു ഡെമോസ്ത നീസു വീട്ടിനകത്തു നിന്നും വെളിയിൽ വന്നു ജനസ ഞ്ചനത്തിനടുക്കൽ ചെന്നു. മാസിഡോണിയായിലെ രാജാവായ 'ബാലൻെറ' അധികാരത്തിൽനിന്നും അതീനിയന്മാരെ സ്വതന്ത്രരാക്കുന്നതിന് എളുപ്പമുണ്ടെന്നു പറഞ്ഞു അതീനിയന്മാരെ അദ്ദേഹം വീണ്ടും പ്രോത്സാഹിപ്പിച്ചു. ഏതായാലും സഹായത്തിനപേക്ഷിച്ചും കൊണ്ടു ഡെമോസ്തനീസു പേർഷ്യയിലെ രാജാവിന് എഴുതി അയച്ചു.

'ബാലൻ' എന്നു, ഡെമോസ്തനീസ് അലക്സാണ്ടരെ വിളിച്ചുവെങ്കിലും, അദ്ദേഹത്തിന് ഇരുപതു വയസ്സു പ്രായമുണ്ടായിരുന്നു. ഗ്രീസിലെ കാൎയ്യങ്ങളിൽ ഏൎപ്പെടാൻ സാധിക്കാത്തവണ്ണം അലക്സാണ്ടൎക്കു തൻെറ രാജ്യ

ത്തിൽ വേണ്ട ജോലി ഉണ്ടായിരുന്നു. കടൽക്കള്ളന്മാർ മാസിഡോണിയായുടെ സമുദ്രതീരത്തെ മുറക്ക് ആക്രമിച്ചു. മലമ്പ്രദേശവാസികൾ ലഹളക്ക് ഒരുങ്ങി. കൂടാതെ ഫിലിപ്പിനു ക്ലിയോപാററ്റാവിൽ ജനിച്ച കുട്ടിക്കു മാസിഡോണിയായിലെ സിംഹാസനം കൊടുക്കാൻ അററാലസു നിരന്തരമായി പരിശ്രമിച്ചു.

അലക്സാണ്ടർ തന്റെ പിതാവിന്റെ വിശ്വസ്തസ്നേഹിതന്മാരെ വിളിച്ചുകൂട്ടി. അവരുടെ ഉപദേശമനുസരിച്ച് അദ്ദേഹം ഗ്രീസിലെ കാര്യാദികളിൽ നിന്നു വിരമിക്കയും, സമീപത്തിലുള്ള അപരിഷ്കൃതജാതിക്കാരെ സ്വാധീനപ്പെടുത്തുകയും, രാജ്യത്തിൽ സമാധാനപരിപാലനത്തിനു വേണ്ട ഏർപ്പാടുകൾ ചെയ്കയും ചെയ്തു. അലക്സാണ്ടർ ഒരു നല്ല യോദ്ധാവാണെന്ന് അവർ മനസ്സിലാക്കിയിരുന്നുവെങ്കിലും; രാജ്യം ഭരിക്കാനുള്ള സാമർത്ഥ്യം അദ്ദേഹത്തിന് ഉണ്ടായിരുന്നോവെന്നു അവർക്ക് അറിഞ്ഞുകൂടായിരുന്നു. തന്റെ ഉപദേഷ്ടാക്കളോട് അദ്ദേഹം ഇപ്രകാരം പറഞ്ഞു. "ഭരണീയർ ഭരണകർത്താവിനെപ്പററി ആദ്യകാലത്തുണ്ടാകുന്ന അഭിപ്രായം സ്ഥിരമായി നിൽക്കും. എന്റെ പിതാവിന്റെ മരണം മൂലം ശത്രുക്കൾ ശക്തിയെ പ്രാപിച്ചുവരുന്നതായി തോന്നുന്നു. അവർ ഒന്നിച്ചു കൂടുന്നതിനു മുൻപു നാം വേണ്ടതു പ്രവർത്തിക്കണം." അതിന്റെശേഷം, അലക്സാണ്ടർ ജനങ്ങളെ വിളിച്ചുകൂട്ടി അവരോടു ചാതുര്യത്തോടുകൂടി ഒരു പ്രസംഗം ചെയ്തു. രാജാവിന്റെ പേരും ശരീരവും വ്യത്യാസപ്പെട്ടിട്ടുണ്ടെങ്കിലും, ഭരണനയത്തിൽ യാതൊരു വ്യത്യാസവും വന്നിട്ടില്ലെന്ന് അദ്ദേഹം പ്രസ്താവിച്ചു. ഏറെക്കാലം

തൻെറ പിതാവിനെ സഹായിച്ചതുപോലെ തന്നെയും സഹായിക്കണമെന്ന് അദ്ദേഹം അവരോടപേക്ഷിച്ചു. ഭക്തിവിശ്വാസങ്ങളോടുകൂടി തന്നെ സേവിച്ചവർക്ക് അദ്ദേഹം സമ്മാനങ്ങൾ കൊടുത്തു. അലക്സാണ്ടർക്ക് ഈ ഇനത്തിൽ ഒട്ടധികം പണം ചെലവായി.

തെസ്സാലിയിലുണ്ടായ വിപ്ലവം മററു സ്ഥലങ്ങളിലേതിനെ അപേക്ഷിച്ചു ഭയങ്കരമായിരുന്നു. ഗ്രീക്കുകാർ പ്രതീക്ഷിച്ചതിനു വളരെ മുൻപു തന്നെ അലക്സാണ്ടർ അവിടെ എത്തി. വിസ്താരം കുറഞ്ഞ തെമ്പി (Tempe) വിദരത്തിൽ ചെന്നുചേർന്നപ്പോൾ ഏതാനും തെസ്സാലിക്കാർ അദ്ദേഹത്തിൻെറ പുരോഗമനത്തെ നിരോധിക്കാൻ തയാറായി നിന്നതിനാൽ അലക്സാണ്ടർ അവിടം വിട്ടു സമുദ്രതീരംവഴി ചെന്ന് ഓസ്സ (Mount Ossa) ശൃംഗത്തിൽകൂടി വഴി ഉണ്ടാക്കി നടകൊണ്ടു. അലക്സാണ്ടരുടെ അവിചാരിതമായ ഈ ആക്രമണത്തിൻശേഷം തെസ്സാലിക്കാർ അദ്ദേഹത്തിനു കീഴടങ്ങി കപ്പം കൊടുത്തുവന്നു. തൻെറ പൂർവ്വികനായ അച്ചിലസിൻെറ സ്വദേശം ഫ്തിയ (Phthia) ആയിരുന്നതിനാൽ അതു മാത്രം ആ മഹാൻ കപ്പത്തിൽ നിന്നും ഒഴിവാക്കി. തെസ്സാലിയിൽനിന്ന് അദ്ദേഹം തെർമൊപ്പെലിയിലേക്കുപോയി. അവിടെ വെച്ചു തൻെറ പിതാവിൻെറ സ്ഥാനത്തു അംഫിക്റേറാണിക്ക സമിതിയുടെ പ്രസിഡൻറായി തിരഞ്ഞെടുക്കപ്പെട്ടു. ഫിലിപ്പിനെ വധിച്ചതുനിമിത്തം പൗസാനിയോസിനോടു തങ്ങൾക്കുള്ള സന്തോഷത്തെ ആത്ഥ്യം രേഖപ്പെടുത്തിയെങ്കിലും, അതു് അലക്സാണ്ടർക്കു വിരോധമായി തോന്നാവുന്നതിനാൽ അതീനി

യന്മാർ അതിനെ അപ്പോൾ റദ്ദ ചെയ്യുതായി ഒരു ദൂതൻ മുഖേന അദ്ദേഹത്തെ അറിയിച്ചു. കൊരിന്തിൽ രണ്ടാമത്തെ സഭ സമ്മേളിച്ചു. ഏഷ്യാഖണ്ഡത്തിൽ ഫിലിപ്പിൻെറ ഉദ്ദേശങ്ങൾ നടപ്പിൽ വരുത്താൻ അലക്സാണ്ടരെ പ്രധാന സേനാധിപതിയായി തിരഞ്ഞെടുത്തു. "ഞങ്ങൾ നായകന്മാരാണു്, അനുചരന്മാർ അല്ല", എന്നു പറഞ്ഞു സ്പാർട്ടന്മാർ മാത്രം ഈ സഭയിൽ നിന്നും മാറി.

കോരിന്തിലുള്ള ഒരു ഉപഗ്രാമത്തിൽ വെച്ചാണു് അലക്സാണ്ടരും സിനോപ്പി(Sinope)ലെ ദാർശികനായ ഡയയാജനീസും (Diogenes) കണ്ടുമുട്ടിയതു്. അലക്സാണ്ടർ ഡയോജനീസിനെ സന്ദർശിച്ച സമയം 'സൈപ്രസ്'(Cyprus)വൃക്ഷങ്ങളോടുകൂടിയ ഒരു തോപ്പിൽ ആ തത്വജ്ഞാനി വെയിൽകാച്ചിക്കൊണ്ടിരിക്കയായിരുന്നു. "നിങ്ങളുടെ അഭീഷ്ടമെന്താണു്; അതു ഞാൻ സാധിച്ചുതരാം?" എന്നു് അലക്സാണ്ടർ അദ്ദേഹത്തോടു പറഞ്ഞു. "എനിക്കും സൂര്യനും മദ്ധ്യേ നില്ക്കാതെ കുറെ മാറി നിന്നാൽമതി", എന്നായിരുന്നു ഡയോജനീസിൻെറ മറുപടി. ഈ ഉത്തരം കേട്ടപ്പോൾ അലക്സാണ്ടർ വിസ്മയിച്ചു. "ഞാൻ അലക്സാണ്ടർ അല്ലായിരുന്നുവെങ്കിൽ, ഡയയാജനീസു ആയിരുന്നേനെ", എന്നു രാജാവു മറുപടി പറഞ്ഞു.

ഡെൽഫിയിലുള്ള അപ്പൊളൊവിൻെറ ദേവാലയത്തിലെ പുരോഹിതയിൽനിന്നും തൻെറ ഭാവിയെപ്പററി അറിയുന്നതിനു് അലക്സാണ്ടർ അങ്ങോട്ടുതിരിച്ചു. ഈ ദേവൻ ചില കാലങ്ങളിൽ ആ പുണ്യവതിയോടു മൗനം ദീക്ഷിക്കാറുണ്ടായിരുന്നു. ഇപ്രകാരമുള്ള ഒരു ഘട്ടത്തിലാണു് അദ്ദേഹം അവിടെ ചെന്നതു്. തന്മൂലം

അവിടത്തെ പുരോഹിത, ദൈവസന്നിധിയിൽ ചെല്ലുന്നതിനു വിസമ്മതിച്ചു. ഉടനെ അലക്സാണ്ടർ ആ ദിവ്യയെ ദേവാലയത്തിലേക്കു പിടിച്ചുകൊണ്ടുപോയി. അപ്പോഠം ആ വന്ദ്യ ഉറക്കെ ഇപ്രകാരം പറഞ്ഞു. "എൻെറ പുത്രാ! നിന്നെ എതിക്കാൻ ആക്കും സാധിക്കയില്ല."

ഇതുകേട്ട് അലക്സാണ്ടർ വളരെ സന്തോഷിച്ച് അവളെ വിട്ടയച്ചു. അദ്ദേഹത്തിൻെറ കാലത്ത് അപ്പൊളൊയുടെ പ്രാധാന്യം സ്വല്പം കുറഞ്ഞിരുന്നതുകൊണ്ടായിരിക്കാം പുരോഹിതയോടു മേല്പറഞ്ഞ വിധത്തിൽ അദ്ദേഹം പെരുമാറിയത്.

യുദ്ധത്തിനായി അലക്സാണ്ടർ പുറപ്പെടുന്നതിനുമുൻപു ഗുണകരമായ ചില ലക്ഷണങ്ങഠം അദ്ദേഹം കണ്ടു. സൈപ്രസു തടി കൊണ്ടുണ്ടാക്കപ്പെട്ടതും ത്രേസിൽ സ്ഥാപിച്ചിരുന്നതുമായ ഓർഫ്യൂസി (Orpheus)ൻെറ പ്രതിമ അനേകം ദിവസം നല്ലപോലെ വിയത്തതായി തോന്നി. ഇതു് ഒരു ദുന്നിമിത്തമാണെന്നു ചിലർ അഭിപ്രായപ്പെട്ടു. എന്നാൽ കവികഠംക്കു വണ്ണിക്കുന്നതിനു പ്രയാസമുള്ള വിധത്തിൽ അലക്സാണ്ടർ ജയം നേടുമെന്നായിരുന്നു ആ നിമിത്തത്തിൻെറ അത്ഥമെന്നു് അറിസ്റ്റാണ്ടർ അഭിപ്രായപ്പെട്ടു.

ബി. സി. 335-ാമാണ്ടു വസന്തകാലത്തിൽ പിന്നെയും ലഹളക്കൊരുങ്ങിയ ത്രേഷ്യന്മാരെ പിടിച്ചടക്കുന്നതിന് അലക്സാണ്ടർ പുറപ്പെട്ടു. പത്തുദിവസം കൊണ്ടു സൈന്യം ഹീമസു (Haemus) ശൃംഗത്തിൽ എത്തി. അവിടെയുള്ള ഷിപ്ക(Shipka)എന്ന വിടരം ഏതാനും ത്രേഷ്യാക്കാർ സുരക്ഷിതമാക്കിയിരുന്നതായി അവർ കണ്ടു. ശത്രുക്കളുടെമേൽ ഉരുട്ടി ഇടണമെ

ന്നുള്ള വിചാരത്തോടുകൂടി ഏതാനും ശകടങ്ങൾ തങ്ങൾക്കു ചുററും അവർ സജ്ജമാക്കിയിരുന്നു. ബുദ്ധിമാനായ അലക്സാണ്ടർ ഇവയെ തടുക്കാൻ ഉടനെ ഒരു വഴി കണ്ടുപിടിച്ചു. വാഹനങ്ങൾ വരുമ്പോൾ അവക്കു വഴികൊടുക്കയോ, അതിനു സമയമില്ലാത്തപക്ഷം അവ ശരീരത്തിനു മുകളിൽകൂടി ഉരുണ്ടുപോകത്തക്കവണ്ണം പരിശകൾ പുറത്തുവെച്ചുകൊണ്ട് അടുത്തടുത്തു നിലത്ത് ഉടൻ കമിന്നുകിടക്കയൊ, ചെയ്യണമെന്നുള്ള ഉപദേശം നൽകിയിട്ടു കുന്നിൽനിന്നും താഴെ ഇറങ്ങുന്നതിന്ന് അദ്ദേഹം തന്റെ സൈന്യത്തോട് ആജ്ഞാപിച്ചു. ഈ യുക്തി ഫലിച്ചു. നല്ലപോലെ യുദ്ധരീതി പരിശീലിച്ച പടയാളികളിൽ കുറെപേർ മാറി വഴികൊടുക്കയും, വണ്ടികൾ ഇടക്കുകൂടി ഉരുണ്ടു പോകയുംചെയ്തു. ബാക്കിയുള്ളവർ മറെറ നയം അനുസരിച്ചു പ്രവർത്തിച്ചു. തന്നിമിത്തം അവക്കു യാതൊരപകടവും ഉണ്ടായില്ല. അനന്തരം മസേഡോണിയാക്കാർ അവരുടെ ഭയാനകമായ 'ഫേർവാളി'യോടുകൂടി കുന്നിന്റെ മുകളിലുള്ളവരെ ആക്രമിച്ചു. വലത്തെ പാർശ്വസേന ശത്രുക്കളുടെ നേരെ ശരങ്ങൾ അയച്ചു. വലത്തുവശംനിന്ന സൈന്യം നയിച്ച അലക്സാണ്ടർ കുന്നിന്റെ ഉയന്നഭാഗം കൈവശമാക്കി. യുദ്ധസാമഗ്രികൾ ശത്രുപക്ഷത്തിനു കുറവായിരുന്നതിനാൽ അവർ ഓടിക്കളഞ്ഞു. ശത്രുപക്ഷത്തിൽ മരിച്ചവരുടെ സംഖ്യ ആയിരത്തിഅഞ്ഞൂറ് ആയിരുന്നു.

ആധുനികകാലത്തു സേർവിയ എന്നറിയപ്പെടുന്ന രാജ്യത്തിൽനിന്നും വന്നുചേർന്ന ആയുധപാണികളായ ത്രിബല്ലിയന്മാർ (Triballians) എന്ന രണശൂര

ന്മാരായ ഒരു വര്‍ഗ്ഗക്കാര്‍ സിര്‍മസ് (Syrmus) എന്നുപേരുള്ള അവരുടെ രാജാവിന്റെ നേതൃത്വത്തില്‍ ബാള്‍ക്കന്‍ രാജ്യത്തില്‍ കൂട്ടം കൂട്ടമായി കൂടിനിന്നിരുന്നു. അലക്സാണ്ടര്‍ അടുത്തുചെല്ലാറായപ്പോള്‍ അവര്‍ ഓടി ഡാന്യൂബു നദിയിലുള്ള പ്യൂസ് (Peuce) എന്ന ദ്വീപില്‍ അഭയം പ്രാപിച്ചു. അക്കാലത്തു ഇസ്റ്റര്‍ (Ister) എന്നറിയപ്പെട്ടിരുന്ന ഈ നദി, പേര്‍ഷ്യന്‍ സാമ്രാജ്യം വിസ്തൃതിയില്‍ പരമകാഷ്ഠയെ പ്രാപിച്ചിരുന്നപ്പോള്‍ അതിന്റെ ഒരു അതിര്‍ത്തി ആയിരുന്നു. ഇതിനപ്പുറം കടക്കുന്നതിന് അലക്സാണ്ടര്‍ ആഗ്രഹിച്ചില്ലെങ്കിലും, അപരിഷ്കൃതജാതിക്കാരെ ഒന്നു ഭയപ്പെടുത്തണമെന്ന് അദ്ദേഹം ഉറച്ചു. തന്റെ സഹായനായ ബൈസാന്‍ഷ്യമിലെ അധിപതി, ഏതാനും കപ്പലുകള്‍ കരിങ്കടല്‍വഴി ഡാന്യൂബിലേക്ക് അയച്ചുകൊടുത്തിരുന്നു. ഇവയില്‍ ആയുധപാണികളായ അനവധി പടയാളികളോടുകൂടി അലക്സാണ്ടര്‍ ഡാന്യൂബിന്റെ മുകള്‍ഭാഗത്തേക്ക് അവരെ ഓടിച്ചു. ദ്വീപിനു ചുററും താരിതവും എന്നാല്‍ ആപല്‍ക്കരവുമായ ഒരൊഴുക്ക് ഉണ്ടായിരുന്നതുകൊണ്ടും, അതിന്റെ തീരങ്ങള്‍ കീഴാംതൂക്കായിരുന്നതുകൊണ്ടും, അലക്സാണ്ടരുടെ ശക്തിയെ തടയണമെന്നുള്ള ഉദ്ദേശത്തോടുകൂടി യുദ്ധവിദഗ്ദ്ധന്മാരായ ഗേതിക്കാര്‍ നദിയുടെ വടക്കേക്കരയില്‍ നിന്നതുകൊണ്ടും, അലക്സാണ്ടരുടെ പടയാളികള്‍ക്കു കരയില്‍ ഇറങ്ങുന്നതു പ്രയാസമായിരുന്നു. അതിനാല്‍ അദ്ദേഹം അവിടെ നിന്നും തന്റെ കൂടാരത്തില്‍ തിരിച്ചുപോയി സന്ധ്യവരെ കാത്തിരുന്നു. "ചതിപ്രയോഗത്താല്‍ വിജയം നേടാന്‍ ഞാന്‍ ആഗ്രഹിക്കുന്നില്ല", എന്ന് ഒരവസരത്തില്‍ അലക്സാണ്ടര്‍ പറഞ്ഞുവെങ്കിലും, വിജ

യം ലഭിക്കാൻ എളുപ്പമായ വഴി അതാണെന്നു് അദ്ദേഹത്തിനു തോന്നിയിട്ടുള്ളിടത്തു് അദ്ദേഹം അപ്രകാരം ചെയ്തിട്ടുണ്ടത്രെ.

തൻെറ സൈന്യം കൂടാരമുണ്ടാക്കാൻ ഉദ്ദേശിച്ചിരുന്ന തോലുകൾ തുന്നിത്തച്ചു വള്ളങ്ങളായി അലക്സാണ്ടർ ഉപയോഗപ്പെടുത്തി. സമീപസ്ഥന്മാരായ കൈവത്തകന്മാരും കടൽക്കള്ളന്മാരും തങ്ങളുടെ ചെറുകപ്പലുകൾ കൊണ്ടുവന്നിരുന്നു. അർദ്ധരാത്രസമയം സൈന്യത്തെ അക്കരെ കടത്തിവിട്ടു കൃഷി ചെയ്തിരുന്ന ഒരു വയലിനരികെ ശത്രുക്കൾക്കു് അദൃശ്യമായ ഒരു സ്ഥലത്തു് അദ്ദേഹം തൻെറ സൈന്യത്തെ നിറുത്തി. പ്രഭാതമായപ്പോൾ ഉറങ്ങിക്കിടന്നിരുന്ന ശത്രുക്കൾ അവരുടെ സമീപം ആയുധങ്ങളോടുകൂടി അണിനിരന്നുനിന്ന അലക്സാണ്ടരുടെ സൈന്യത്തെക്കണ്ടു. പടയണിയുടെ കുന്തങ്ങളുടെ ശബ്ദം മുറക്കു പുറപ്പെട്ടുകൊണ്ടിരുന്നു. അതിൻെറ വലത്തുവശം ഒരശ്വസൈന്യത്തിൻെറ തലവനായി അലക്സാണ്ടർ നില്ക്കുന്നുണ്ടായിരുന്നു. ഭയവിഹ്വലരായ ഗേതീക്കാർ യുദ്ധക്കളം വിട്ടു സ്വഗൃഹങ്ങളിലേക്കു ഓടി. അലക്സാണ്ടർ അവരെ പിന്തുടന്നു. അപ്പോൾ, കുടുംബസമേതം അവർ പർവ്വതങ്ങളിൽ കയറി അഭയം പ്രാപിച്ചു. അവരുടെ പ്രധാന നഗരം നശിപ്പിച്ചതിൻെറ ശേഷം, അദ്ദേഹം ഡാന്യൂബ്നദിയിലേക്കു തിരിച്ചെത്തി. സൂസ്സ്, ഹെറാക്ലീസ്സ്, സമുദ്രദേവത, ഇവക്കു ബലികൾ കഴിച്ചു.

അലക്സാണ്ടരുമായി സന്ധി ഉണ്ടാക്കുന്നതിനു് അനേകം വർഗ്ഗക്കാർ പ്രതിനിധികളെ അയച്ചു. ഡാന്യൂ

ബ്യൂനദിയുടെ മുകൾകരയിൽ നിന്നും സെൽററുകളുടെ ദൂതന്മാർ അദ്ദേഹത്തിൻെറ പാളയത്തിൽ എത്തി. അവരുടെ അഹങ്കാരം ശമിപ്പിക്കുന്നതിന് ഇതാണു് അവസരമെന്നു് അദ്ദേഹം തീർച്ചപ്പെടുത്തി. ലോകത്തിൽ എന്തിനെയാണു് അവർ കൂടുതൽ ഭയപ്പെടുന്നതെന്നു് ആ മഹാൻ അവരോടു ചോദിച്ചു. അലക്സാണ്ടർ ഏഷ്യയിലേക്കു പോകയായിരുന്നുവെന്നും തന്നിമിത്തം അദ്ദേഹത്തെക്കൊണ്ടു് ഉപദ്രവം ഒന്നും ഉണ്ടാകയില്ലെന്നും അവർ അറിഞ്ഞിരുന്നതിനാൽ, ആ രണശൂരനെ എങ്ങനെയെങ്കിലും തൃപ്തിപ്പെടുത്തേണ്ട ആവശ്യമില്ലെന്നു കരുതി, ഒരു ദിവസം തങ്ങളുടെ തലയിൽ വീഴുമല്ലോ എന്നു വിചാരിച്ചു് ആകാശത്തെ വളരെ ഭയപ്പെട്ടിരിക്കയാണെന്നു് തല്ക്കാലം ഒരു ഒഴിവു കഴിവുപറഞ്ഞു. അലക്സാണ്ടർ ഉത്തരം ഒന്നും പറഞ്ഞില്ല. പില്ക്കാലത്തു് അവർ വെറും ആത്മസ്തുതിപ്രിയന്മാരാണെന്നു് അദ്ദേഹം അഭിപ്രായപ്പെട്ടുവത്രെ.

മാസിഡോണിയായിലെ സൈന്യം ത്രേസ്‌രാജ്യത്തിൽ കൂടി തിരിച്ചുപോകുമ്പോൾ ഫിലിപ്പു പിടിച്ചടക്കിയ ഇല്ലീറിയായിലെ വിവിധ വർഗ്ഗക്കാർ ക്ഷോഭിച്ചുവെന്ന വർത്തമാനം അവക്കു കിട്ടി. ചുററുമുള്ള മലകളാലും വനാന്തരങ്ങളാലും സുരക്ഷിതമായ പീലിയം (Pelium) എന്ന പട്ടണത്തെ ക്ലിററസ് (Clitus) എന്നൊരു ഇല്ലീറിയൻ ഇടപ്രഭു സ്വാധീനപ്പെടുത്തിയിരുന്നു. അലക്സാണ്ടർ അവിടെ എത്തിയപ്പോൾ തങ്ങൾക്കു യുദ്ധത്തിൽ ജയം സിദ്ധിക്കാൻ മൂന്നു ആൺകുട്ടികളേയും മൂന്നു പെൺകുട്ടികളേയും മൂന്നു കറുത്ത മുട്ടാടുകളേയും രാജദ്രോഹികൾ തങ്ങളുടെ ദേവന്മാക്കു ബലി

കൊട്ടത്തു. തദനന്തരം അലക്സാണ്ടരുടെ സൈന്യത്തെ എതിൎക്കുന്നതിന്ന് അവർ ചാടി പുറപ്പെട്ടു. എന്നാൽ അലക്സാണ്ടരുടെ സൈന്യവ്യൂഹത്തെ കണ്ടു പരിഭ്രാന്തചിത്തരാകയാൽ അവർ പീലിയത്തിലേക്കു മടങ്ങി. അവരുടെ സഹായത്തിനായി ഗ്ലൌസിയാസ്സ(Glaucias) എന്നൊരുവനാൽ നയിക്കപ്പെട്ട ഒരു വൎഗ്ഗക്കാർ വന്നു ചേൎന്നു. ആകപ്പാടെ അലക്സാണ്ടർ ഒരു വിഷമഘട്ടത്തിലായി. അദ്ദേഹം പോർക്കളത്തിൽ നിന്നു പിൻവാങ്ങി. ഇല്ലീറിയാക്കാർ അദ്ദേഹം പെല്ലായ്ക്കു പോയതാണെന്നു വിശ്വസിച്ചു. എന്നാൽ, ഒരു ദിവസം സന്ധ്യക്കു് അദ്ദേഹം അവരുടെ രാജ്യത്തിൽ ചെന്നുചേരുകയും, അവരെ തോല്പിക്കയും, അനേകം പേരെ വധിക്കയും ചെയ്തു. ഒരു വിധത്തിൽ ക്ലിററസ്സ രക്ഷപ്പെട്ടു. പീലിയത്തിലേക്കു് ഓടി. പക്ഷേ, തന്റെ സ്ഥിതി അപായകരമെന്നു തോന്നിയതിനാൽ ആ ഇടപ്രഭു അവിടെ അധികകാലം താമസിച്ചില്ല.

9616

പിന്നീടു ഗ്രീക്കുകാർ അലക്സാണ്ടരോടെതിൎത്തു. അഞ്ചുമാസത്തോളം കാലം അലക്സാണ്ടർ ഗ്രീസിലേക്കു കടന്നില്ല. ഇതിനിടക്കു ത്രിബല്ലിയന്മാർ അദ്ദേഹത്തെ വധിച്ചുവെന്നു കേട്ടു ഗ്രീക്കുകാർ വളരെ സന്തോഷിച്ചു. ഇതിന്നു താൻ ദൃക്സാക്ഷിയാണെന്നു പറഞ്ഞു് ഒരുവൻ യുദ്ധത്തെപ്പററി വിസ്തരിക്കയും, തനിക്കു ലഭിച്ച മുറിവുകളെ അതീനിയന്മാരേയും തീബന്മാരേയും കാണിക്കയും ചെയ്തു. ഇതു കേട്ട ഉടൻ അതീനിയന്മാർ മാസിഡോണിയാ രണാധികാരിയുടെ മേല്ക്കോയ്മയെ നിരസിച്ചു. തീബന്മാർ, അലക്സാണ്ടർ കാഡ്മിയായിൽ നിൎത്തിയിരുന്ന സൈന്യത്തിൽ കുറെപ്പേരെ

വധിക്കയും മററുള്ളവരുടെ താമസസ്ഥലത്തെ ഉപരോധിക്കയും ചെയ്തു. മാസിഡോണിയാക്കാരുമായി യുദ്ധം ചെയ്യുന്നതിനു ഭടന്മാരെ അയക്കാൻ ഡെമോസ്തനീസും തീബന്മാരും ഗ്രീസിലെ സംസ്ഥാനങ്ങൾക്കു ദൂതന്മാരെ അയച്ചു. അവിടെ നിന്നും വന്ന ഭടന്മാർ കോരിന്തുകരയിടുക്കിൽ സമ്മേളിച്ചു. പേർഷ്യായിലെ രാജാവു മുന്നൂററിൽ ചില്വാനം ടാലൻറു ഡെമോസ്തനീസിന് അയച്ചുകൊടുത്തു. ഇല്ലീറിയായിൽ നിന്നും മാസിഡോണിയായിലേക്കു കടന്നപ്പോൾത്തന്നെ അലക്സാണ്ടർ ഇതെല്ലാം മനസ്സിലാക്കി. പീലിയം വിട്ട് എട്ടാമത്തെ ദിനം അലക്സാണ്ടർ തെസ്സാലിയിൽ എത്തി. ഒരാഴ്ചവട്ടം കഴിഞ്ഞു് അദ്ദേഹം ബിയോഷ്യായിൽ പാളയമടിച്ചു.

അലക്സാണ്ടരുടെ നേതൃത്വത്തിൽ ഒരു മാസിഡോണിയൻസൈന്യം ഗ്രീസിലേക്കു വരുന്നുവെന്നുള്ള വാർത്ത പരന്നിട്ടും, തീബന്മാർ അതിനെഅശേഷം വിശ്വസിച്ചില്ല. ബിയോഷ്യൻ മൈതാനത്തിൽ കൂടി അലക്സാണ്ടരും സൈന്യവും (കാലാൾ,അശ്വം) വരുന്നതു കണ്ടപ്പോൾ അവർ ഭയാക്രാന്തന്മാരായിത്തീർന്നു. അവരുടെ രണ്ടു നായകന്മാർ ആത്മഹത്യചെയ്കയും ശേഷമുള്ളവർ കീഴടങ്ങുകയും ചെയ്യുന്നപക്ഷം താൻ ഉപദ്രവിക്കയില്ലെന്നു അലക്സാണ്ടർ പറഞ്ഞുവെങ്കിലും അതു് ആരും വകവെച്ചില്ല. അലക്സാണ്ടർ യുദ്ധം ചെയ്യാൻ ആജ്ഞാപിക്കുന്നതിനു മുൻപുതന്നെ മാസിഡോണിയൻ സേനാധിപതി ശത്രുസൈന്യത്തെആക്രമിക്കാനാരംഭിച്ചു. യുദ്ധം തുടങ്ങിയപ്പോൾ, കാഡ്മിയായിലെ മാസിഡോണിയൻ സൈന്യം അലക്സാണ്ട

രുടെ സഹായത്തിനെത്തി. ഒരു ഭയങ്കര യുദ്ധം നടന്നു. ഒടുവിൽ ഇപ്പാമിനോണ്ടാസിൻെറ നഗരം ശത്രുക്കൾക്കധീനമായി. അനേകം തീബന്മാർ വധിക്കപ്പെട്ടു. ഇതിനുള്ള പ്രധാനകാരണം മററു ഗ്രീക്കുകാൎക്കു തീബന്മാരോടുള്ള വിരോധമായിരുന്നു. ഈ സംഹാരത്തിൽ മാസിഡോണിയാക്കാൎക്കു യാതൊരു പങ്കുമുണ്ടായിരുന്നില്ല. തിബ്സിനു നല്ല സൈന്യബലവുമുണ്ടായിരുന്നതുകൊണ്ടു് അതിനെ അമൎത്താൻ അലക്സാണ്ടർ ആഗ്രഹിച്ചു. തീബ്സുനഗരം പിടിച്ചടക്കിയതിൻെറ അടുത്ത ദിവസം നഗരവാസികൾക്കു് എന്തു ശിക്ഷയാണു കൊടുക്കേണ്ടിയതു് എന്നുള്ളതിനെപ്പററി ആലോചിക്കുന്നതിനു ഗ്രീക്കുകാരുടെ ഒരു സഭ അദ്ദേഹം വിളിച്ചുകൂട്ടി. ദേവാലയങ്ങൾ ഒഴിച്ചുള്ളതെല്ലാം ഗ്രീസിലെ നടപ്പനുസരിച്ചു വേണുഘോഷത്തിനിടയിൽ നശിപ്പിക്കപ്പെട്ടു. മുപ്പതിനായിരത്തോളം പേർ അടിമകളായി. പുരോഹിതന്മാരൊഴിച്ചുള്ളവർ, അലക്സാണ്ടൎക്കു കീഴടങ്ങിയവരും, മുൻപു അദ്ദേഹത്തിൻേറയോ അദ്ദേഹത്തിൻെറ പിതാവിൻേറയോ മിത്രങ്ങളായിരുന്നവരുമായിരുന്നുപോൽ. പിണ്ടാരിസു് (Pindaris) എന്ന സുപ്രസിദ്ധ കവിയുടെ ഭവനം നശിപ്പിച്ചുകൂടെന്നും, അദ്ദേഹത്തിൻെറ വംശക്കാർ തന്നോടെതിൎത്തുവെങ്കിലും അവൎക്കു മാപ്പു കൊടുക്കണമെന്നും അലക്സാണ്ടർ ചട്ടം കെട്ടിയിരുന്നു.

തൻെറ ശിക്ഷക്കു വിധേയരായവരെക്കുറിച്ചു് അലക്സാണ്ടൎക്കു സഹതാപമുണ്ടായി. പിന്നീടു് ഏതു തീബനേയും എവിടെ വച്ചു കണ്ടാലും തനിക്കു അയാളോടുള്ള അകൈതവമായ സ്നേഹത്തെ കാണിക്ക പതിവായി

രുന്നു. ഒരുത്തനു തന്റെ നാട്ടുവിട്ടു പോകേണ്ടിവരുന്നതിൽ കൂടുതൽ സങ്കടകരമായി മറ്റൊന്നുമില്ലല്ലൊ.

എല്ലാജനങ്ങളുടേയും, വിശിഷ്യ തന്റെ സമകാലീനന്മാരുടെ, ആദരഭാജനമായിരുന്ന യൂറിപ്പിഡീസ് എന്ന മഹാകവി പറഞ്ഞിട്ടുള്ളതു് ഓരോ തീബനും സ്വരാജ്യം വിട്ടുപോയപ്പോൾ അവന്റെ ഹൃദയാന്തർഭാഗത്തിൽ ഉണ്ടായിരുന്നിരിക്കണം. "കഷ്ടം, ഞങ്ങൾക്കു വന്ന! ഇതിനേക്കാൾ നല്ലതു മരണമാണു്. എന്തുകൊണ്ടെന്നാൽ ഒരു മനുഷ്യന്റെ ജീവിതത്തിൽ ഏററവും സങ്കടകരമായിട്ടുള്ളതു് അവന്റെ ഗൃഹം നഷ്ടപ്പെട്ടു നിരാധാരനായിത്തീരുന്നതാണു്."

അലക്സാണ്ടരുമായി യുദ്ധം ചെയ്യാൻ അതീനയന്മാരും തയ്യാറായി. എന്നാൽ തീബ്സു പട്ടണക്കാൎക്കു നേരിട്ട ആ അനുഭവം അതിനിയന്മാൎക്കു ഉണ്ടായില്ലെന്നുള്ളതു് ആശ്വാസകരം തന്നെ. അതീനിയന്മാരെപ്പററി അലക്സാണ്ടൎക്കു വളരെ അഭിമാനമുണ്ടായിരുന്നു. ലോകത്തിലെ വിശിഷ്ട വസ്തുക്കളുടെ ആവാസസ്ഥാനം ആതൻസു് ആണെന്നു ഫിലിപ്പും അലക്സാണ്ടരും അറിഞ്ഞിരുന്നു. തന്റെ ഉദ്ദേശങ്ങളെ അതീനിയന്മാർ അനുകൂലിക്കുമെന്നു് അന്ത്യകാലംവരെ അദ്ദേഹം വിചാരിച്ചു. ഇപ്പോൾ നിസ്സഹായന്മാരായ അതീനിയന്മാരെ ആ വീരാഗ്രണി പോരിനൊന്നു ശിക്ഷിച്ചതേയുള്ളു. തന്നോട്ടു് അതീനിയന്മാൎക്കുണ്ടായിരുന്ന പ്രാതികൂല്യത്തിനു യാതൊരു വ്യത്യാസവും കാണാതിരുന്നതുകൊണ്ടാണു് അലക്സാണ്ടൎക്കു ആതൻസു് എന്ന പേർ കൂടി കേൾക്കുന്നതു വിരോധമായിരുന്നതു്.

തന്നോടെതിൎക്കുന്നതിനു ജനങ്ങളെ പ്രേരിപ്പിച്ച വാഗ്മികളായ ഡെമോസ്തനീസും ലൈക്കർഗസും

(Lycurgus) തനിക്കു കീഴടങ്ങണമെന്നു് അലക്സാണ്ടർ പറഞ്ഞു. പക്ഷെ അതു സമ്മതിക്കുന്നതു് തങ്ങൾക്കു അപമാനകരമാണെന്നു ഡെമോസ്തനീസു തൻെറ സഹപൗരന്മാരെ അറിയിച്ചു. എന്നാൽ അലക്സാണ്ടരെ പിണക്കുന്നതു് ആപല്ക്കരമെന്നു ഫോസിയൺ അഭിപ്രായപ്പെട്ടു. ഡെമോസ്തനീസിൻെറ വാഗ്മിത്വത്തിൻെറ ഫലമായി അലക്സാണ്ടരോടു യുദ്ധം ചെയ്യാൻ അതീനിയന്മാർ തീർച്ചപ്പെടുത്തി. അലക്സാണ്ടരുടെ ആജ്ഞക്കു വിപരീതമായി തീബ്സിൽ നിന്നും ഓടിപ്പോയവൎക്കു് അതീനിയന്മാർ അഭയം നൽകുകയും, യുദ്ധത്തിൽ മൃതിയടഞ്ഞ തീബന്മാരെപ്പററിയുള്ള ബഹുമാനത്തെ സൂചിപ്പിക്കുന്നതിനു തങ്ങൾ നടത്താറുള്ള ചില മത്സരങ്ങൾ വേണ്ടെന്നുവെക്കയും ചെയ്തു. ഇതൊക്കെ അലക്സാണ്ടൎക്കു് അശേഷം രസിച്ചില്ല. എങ്കിലും ചാരിഡീമസു (Charidemus) എന്ന വാഗ്മിയെ ബഹിഷ്കരിക്കുന്നപക്ഷം അതീനിയന്മാരെല്ലാവരും തനിക്കു കീഴടങ്ങിയതിനു തുല്യമായി ഗണിച്ചുകൊള്ളാമെന്നു് അദ്ദേഹം പറഞ്ഞു. ഗത്യന്തരമില്ലാതെ അതീനിയന്മാർ ഇതു സമ്മതിച്ചു. ചാരിഡീമസിൻെറ വാചാലതമൂലം പേർഷ്യൻരാജധാനിയിൽ വെച്ചു് അദ്ദേഹത്തിനു പല ദുരിതങ്ങൾ നേരിട്ടു.

ഇത്രയുമായപ്പോൾ ഗ്രീസിലെ പ്രധാനന്മാരിൽ നിന്നും അനുമോദനങ്ങളും ക്ഷമായാചനകളും അലക്സാണ്ടൎക്കു കിട്ടി. എന്നാൽ സ്പാർട്ടന്മാർ മാത്രം ഇതിനൊന്നും ഒരുമ്പെട്ടില്ല. മെഗാറ എന്ന ചെറിയ സ്ഥലത്തുള്ളവർ അദ്ദേഹത്തെ അവിടത്തെ പൗരനായി ഗണിച്ചതു് അദ്ദേഹത്തിനു് ഒരു നേരമ്പോക്കായി.

പക്ഷേ, ഹെറാക്ലിററസിനിപ്പുറം ആക്രമം ഈ സ്ഥാന മാനം കൊടുത്തിട്ടില്ലാതിരുന്നതിനാൽ അലക്സാണ്ടർ അതു സ്വീകരിച്ചു. അടുത്ത വസന്തകാലത്തിൽ ഏഷ്യാ ആക്രമിക്കുന്നതിനുള്ള ഒരുക്കങ്ങൾ അദ്ദേഹം ചെയ്തു.

---

## അദ്ധ്യായം 9.

## ഏഷ്യാമൈനറിലെ ആക്രമണം.

സിംഹാസനാരൂഢനായി രണ്ടുവർഷം കഴിഞ്ഞപ്പോൾ, അലക്സാണ്ടർ മാസിഡോണിയാവിട്ടു. അദ്ദേഹത്തിന്റെ പിതാവിന്റെ മന്ത്രികളായ പാർമീനിയോവും ആൻറിപേറററും പേർഷ്യായെ പെട്ടെന്ന് ആക്രമിക്കുന്നതു തെററാണെന്നു പറഞ്ഞുവെങ്കിലും താൻ ആക്രമിച്ചില്ലെങ്കിൽ പേർഷ്യാക്കാർ മാസിഡോണിയായെ ആക്രമിക്കുമെന്നു അവരെ ധരിപ്പിക്കയും, തന്റെ ഉദ്യമത്തിൽ തന്നെ സഹായിക്കുന്നതിനു് അവരോടു് ആവശ്യപ്പെടുകയും ചെയ്തു. (അലക്സാണ്ടർ ഊഹിച്ചതുപോലെ, ഏഷ്യാമൈനർ തന്റെ കൈയിൽ നിന്നും വിട്ടുപോകാതിരിക്കണമെങ്കിൽ, മാസിഡോണിയായുമായി യുദ്ധം ചെയ്യേണ്ടതാവശ്യമെന്നു പേർഷ്യൻ രാജാവു വിചാരിച്ചു. മാസിഡോണിയാ ഒഴിച്ചുള്ള ഗ്രീസു മുഴുവൻ പേർഷ്യൻ ചക്രവത്തിക്കു പിടിച്ചടക്കത്തക്കവണ്ണം അതു് അത്ര ശക്തിഹീനമായിരുന്നു. ഇതിനു് അലക്സാണ്ടരുടെ ഗ്രീസാക്രമണം ഒരുത്തമ ഉദാഹരണമാണു്.) മാസിഡോണിയായിൽ ജനസംഖ്യ

വർദ്ധിച്ചതിനാൽ കുടിയേറിപാക്കാൻ പുതുതായി സ്ഥലങ്ങൾ ആവശ്യപ്പെട്ടു. അതിന്ന ഏഷ്യായിൽ സൗകര്യമുണ്ടായിരുന്നു. ബി. സി. 401-ൽ പതിനായിരം ഗ്രീക്കുകാരോടുകൂടി സെനഫൺ ഏഷ്യായുടെ ഉൾനാട്ടിൽ ചെന്നു് അവിടുത്തുകാരെ യുദ്ധം ചെയ്തു തോല്പിച്ചുവെന്നും, ലാസിഡിമോണിയായിലെ രാജാവായ എജിസിലാസു, ലിഡിയ, ഫ്രിജിയ, പാഫ്ലഗോണിയാ, എന്നീ രാജ്യങ്ങളെ ഫലശൂന്യമാക്കിയെന്നും, അലക്സാണ്ടർ തൻെറ മന്ത്രിമാരെ ധരിപ്പിച്ചു. ഇതെല്ലാം കേട്ടപ്പോൾ, ഏഷ്യാ ആക്രമിക്കുന്നതിനുള്ള ആഗ്രഹം അലക്സാണ്ടരെപ്പോലെ പാർമിനിയോവിന്നുമുണ്ടായി. പാർമീനിയൊ ഒരു മന്ത്രിപുംഗവനായിരുന്നതിന്ന പുറമെ ഒരു നല്ല സേനാധിപതികൂടി ആയിരുന്നു. ഇദ്ദേഹത്തിൻെറ യുദ്ധസാമർത്ഥ്യത്തെക്കുറിച്ചു ഫിലിപ്പും ശ്ലാഘിച്ചിരുന്നു. ആതൻസിലെ പ്രജാധിപത്യഭരണത്തെ അപഹസിച്ച ഫിലിപ്പു, ആണ്ടുതോറും പത്തു സേനാപതികൾ ഉണ്ടായിരിക്കുന്നതിന് ആതീനിയന്മാക്ക് ഭാഗ്യമുണ്ടായിരുന്നുവെന്നും അനേകവർഷങ്ങൾക്കിടയിൽ തനിക്കു് ഒരു സേനാപതിയെ (പാർമീനിയൊ) ഉണ്ടായിരുന്നുള്ളുവെന്നും ഒരിക്കൽ പ്രസ്താവിച്ചു. ഏർഷ്യാക്കാരുടെ അസുഭഗമായ വസ്ത്രധാരണരീതി, അവിടത്തെ പടയാളികളുടെ പൗരുഷമില്ലായ്മ, ഇവയെപ്പററി മാസിഡോണിയൻ സേനയെ അലക്സാണ്ടർ ധരിപ്പിച്ചു. പേർഷ്യാസമ്പൽ ഭൂയിഷ്ഠമായ ഒരു രാജ്യമാണെന്നും, അവിടെ ചെന്നാൽ തങ്ങളുടെ ആയുഷ്കാലം മുഴുവനും സുഖമായി കഴിച്ചുകൂട്ടുന്നതിന് ആവശ്യമുള്ള ധനം ലഭിക്കുന്നതു് എളുപ്പമാണെന്നും, അലക്സാണ്ടർ തൻെറ സൈന്യത്തെ അറിയിച്ചു. ഏഷ്യാ

ക്കാരുമായുള്ള യുദ്ധം മൂലം തങ്ങൾക്കു പ്രശസ്തി ഉണ്ടാകുമെന്നുകൂടി കേട്ടപ്പോൾ സേനകൾ എല്ലാം അലക്സാണ്ടരെ പിന്തുടരാൻ ഉത്സാഹമുള്ളവരായിത്തീന്നു.

ഇനിയും മാസിഡോണിയായിലേക്ക് തിരിച്ചുവരികയുണ്ടായില്ല എന്നു തോന്നുമാറു് പേർഷ്യൻ ആക്രമണത്തിനായി തന്റെ നാടു വിട്ടുന്നതിനു മുൻപു അലക്സാണ്ടർ ഗ്രീസിലുള്ള തന്റെ രാജ്യങ്ങളെ സ്നേഹിതന്മാക്കായി വീതിച്ചുകൊടുത്തു. പേർഷ്യാ പിടിച്ചടക്കുന്നതിൽ ദൃഢമായ വിശ്വാസം അദ്ദേഹത്തിനുണ്ടായിരുന്നു. പേർഷ്യയെ അദ്ദേഹം പിടിച്ചടക്കി എങ്കിലും മാസിഡോണിയായിലേക്കു തിരിച്ചു പോകാൻ സംഗതിയായില്ല.

അലക്സാണ്ടരുടെ യുദ്ധസന്നാഹങ്ങളെപ്പററി കേട്ടപ്പോൾ, അലക്സാണ്ടർ സ്ഥാനാരോഹണം ചെയ്ത വർഷംതന്നെ സിംഹാസനാരൂഢനായ ഡേരിയസു തൃതീയൻ, അദ്ദേഹവുമായി യുദ്ധം ചെയ്യുന്നതിനുള്ള ഒരുക്കം ചെയ്തു. ഡേരിയസ്സിനു് അലക്സാണ്ടരുടെ ഊർജ്ജസ്വലതയോ ഫിലിപ്പിന്റെ ബുദ്ധിശക്തിയോ, ഉണ്ടായിരുന്നില്ല. അൻപതിനായിരം കൂലിപ്പടയാളികളെ (യവനന്മാർ) ഡേരിയസ്സ് ഏർപ്പെടുത്തി. ഗജങ്ങൾക്കും രഥങ്ങൾക്കും അദ്ദേഹം പ്രാധാന്യം കല്പിച്ചു. സേനയുടെ നേതാവു റോഡ്സി(Rhodes)ലെ ഒരു ഗ്രീക്കുകാരനായ മെമ്നൺ(Memnon)ആയിരുന്നു. സൈസിക്കസ് (Cyzicus) ആദ്യം പിടിച്ചടക്കുന്നതിനു് അവിടെ വെച്ചു ഹെല്ലസ്പ്പാണ്ടു് അലക്സാണ്ടർ തരണം ചെയ്യാതിരിക്കാൻ ശ്രമിക്കുന്നതിനും മെമ്നൺ ഡേരിയസ്സിനെ അറിയിച്ചു. എന്നാൽ സൈസിക്കസ്സു

കൈവശമാക്കി ഹെല്ലസ്പാണ്ടു കടക്കുന്നതിനു വേണ്ട സൗകൎയ്യങ്ങൾ ചെയ്യാൻ പാർമീനിയോ ഉദ്യുക്തനായിരുന്നു.

മുപ്പതിനായിരം കാലാളും ആയ്യായിരം കുതിരപ്പടയുമുൾപ്പെട്ട ഒരു ശക്തിയേറിയ സൈന്യത്തിന്റെ നായകനായിരുന്നു അലക്സാണ്ടർ. അലക്സാണ്ടരുടെ നാവിക സൈന്യത്തിനു പറയത്തക്ക സ്ഥാനമൊന്നുമുണ്ടായിരുന്നില്ല. എന്നാൽ സിറിയായിലും ഫിനീഷ്യയായിലുമുള്ള കപ്പലുകൾ മുഴുവനും ഡേറിയസിന്റെ നേതൃത്വത്തിലായിരുന്നു. ഫിലിപ്പ് ധാരാളം ദ്രവ്യം ശേഖരിച്ചു വെച്ചിരുന്നുവെങ്കിലും, അലക്സാണ്ടർ സുലഭമായി ചെലവാക്കിയതിനാൽ ഭണ്ഡാരത്തിൽ പണം മിക്കവാറും ഇല്ലാതായി. എന്നുമാത്രമല്ല, ഋണബാദ്ധ്യതയും വർദ്ധിച്ചുവന്നു. പേർഷ്യൻ രാജാവുമായി യുദ്ധത്തിനൊരുങ്ങിയപ്പോൾ, ഈ കടം അഞ്ഞൂറു ടാലൻറിൽ നിന്നും ആയിരത്തി മുന്നൂറായി വർദ്ധിച്ചു. എന്നാൽ പേർഷ്യയിലെ ചക്രവൎത്തി "ഈ തുകയുടെ അനേകം ഇരട്ടി ശിരസ്സിനും പാദത്തിനും അടിക്കു വച്ചിട്ടു രാത്രിയിൽ ഉറങ്ങുക പതിവായിരുന്നത്രെ. പേർഷ്യൻ സാമ്രാജ്യത്തിലുൾപ്പെട്ട പ്രവിശ്യകൾ ശരിയായി സംയോജിപ്പിച്ചിട്ടില്ലായിരുന്നുവെങ്കിലും, തദ്ദേശവാസികൾ രാജാവിന്റെ ഭരണത്തിനോട് അതൃപ്തി പ്രദർശിപ്പിച്ചില്ല. പേർഷ്യൻ രാജാവിനെ ജനസഞ്ചയം സ്നേഹിച്ചില്ലെങ്കിലും, നിന്ദിച്ചില്ല. മുപ്പതുദിവസത്തേക്കുമാത്രം ആവശ്യമുള്ള ഭക്ഷണക്കോപ്പുകളോടു കൂടിയാണ് അലക്സാണ്ടർ മാസിഡോണിയായിൽ നിന്നും തിരിച്ചത്. താൻ പുറപ്പെടുന്നതിനു മുമ്പു തന്റെകൂടെ

വരുന്നവക്ക കൈവശം പണമില്ലാത്തതിനാൽ പകരം വസ്തുക്കൾ സംഭാവന ചെയ്തപ്പോൾ, പെർഡിക്കാസു അദ്ദേഹത്തിനോട്ട് ഇപ്രകാരം പറഞ്ഞു. "ഇങ്ങനെ കൊടുത്തു തുടങ്ങിയാൽ അവിടുത്തേക്കു് എന്തു ശേഷിക്കും". "ആശ" എന്നു അലക്സാണ്ടർ മറുപടി പറഞ്ഞു. "ഞങ്ങൾ അവിടുത്തെക്കൂടെ യുദ്ധം ചെയ്യുന്നതുകൊണ്ടു ഞങ്ങളും ആശക്കു അധീനരാകുന്നു", എന്നു പറഞ്ഞു കൊണ്ടു തനിക്കു നൽകിയ വസ്തു തിരിച്ചെടുത്തുകൊള്ളണമെന്നു പെർഡിക്കാസ്സ് അപേക്ഷിച്ചു.

തൻെറ അഭാവത്തിൽ രാജ്യം ഭരിക്കുന്നതിനു് അലക്സാണ്ടർ ആൻറിപേറററെ നിയമിച്ചു. സ്യൂസിനും മററു ദേവന്മാക്കും യാഗങ്ങൾ കഴിച്ച ശേഷം അലക്സാണ്ടർ മാസിഡോണിയായിൽ നിന്നും പുറപ്പെട്ടു. മാസിഡോണിയായുടേയും ത്രേസിൻേറയും സമുദ്രതീരം വഴി സൈന്യത്തെ നയിച്ചു ഹെല്ലസ്പോണ്ടു കടലിടുക്കിൻെറ തീരത്തിൽ സ്ഥിതിചെയ്യുന്ന സെസ്റ്റോസി (Sestos)ൽ എത്തി. അവിടെ നിന്നും ഒരു വലിയ സൈന്യത്തോടുകൂടി പാർമീനിയോവിനെ അദ്ദേഹം എബിഡോസി(Abydos)ലേക്കു് അയച്ചു. മേൽപ്രസ്താവിച്ച കടലിടുക്കിൽ, സെസ്റ്റോസിനും എബിഡോസിനും മദ്ധ്യേയുള്ള ഏററവും വീതി കുറഞ്ഞ ഭാഗത്തുകൂടിയാണു് അലക്സാണ്ടർ മറുകര കടന്നതു്. നൂററിഅൻപതു വർഷങ്ങൾക്കു മുൻപു (ബി. സി. 481-ാമാണ്ടു്) ഇവിടെയാണു് സെർക്സസ്സ് ഒരു പാലം പണി കഴിപ്പിച്ചതു്. 1810-ൽ ബൈറൺ (Byron) എന്ന വിശ്വവിശ്രുതനായ ആംഗലേയകവി നീന്തിക്കയറിയതും ഇവിടെയായിരുന്നു. അലക്സാണ്ടർ ഇവലി

യസ്സ(Elaeus)സന്ദർശിച്ചു, 'ട്രോജൻ യുദ്ധ'ത്തിൽ ആദ്യമായി മരിച്ച ഗ്രീക്കുകാരനായ പ്രോട്ടിസിലാസി (Protesilaus)ന്റെ കല്ലറയിൽ വെച്ചു ബലികൾ കൊടുത്തിട്ടു യുദ്ധത്തിൽ വിജയം ലഭിക്കാൻ തന്നെ അനുഗ്രഹിക്കണമെന്നു് അഭ്യർത്ഥിച്ചു. പിന്നീടു് അദ്ദേഹം കപ്പൽ കയറി.

അലക്സാണ്ടർ ഹെല്ലസ്സ്പാണ്ടിന്റെ മദ്ധ്യത്തിൽവെച്ചു ദേവന്മാൎക്കു ഒരു വൃഷഭത്തെ ബലി കൊടുക്കയും സമുദ്രദേവതയെ പ്രീതിപ്പെടുത്താൻ സ്വൎണ്ണക്കോപ്പയെ സമുദ്രത്തിൽ ഇടുകയും ചെയ്തു. കപ്പൽ സീജിയം(Sigeum) തുറമുഖത്തിലെത്തിയപ്പോൾ അതിൽനിന്നും ആദ്യം കരയ്ക്കിറങ്ങിയതു് അലക്സാണ്ടർ ആയിരുന്നു. ഇവിടെയും, യൂറോപ്പിൽ താൻ കപ്പൽ കയറിയ സ്ഥലത്തും സ്യൂസ്സ, ഹെറാക്ലീസ്സ, പല്ലാസ്സ (Pallas), എന്നീ ദേവന്മാൎക്കു ബലിപീഠങ്ങൾ പണികഴിപ്പിച്ചു. ട്രൊയി (Troy) യിൽവെച്ചു് അദ്ദേഹവും അദ്ദേഹത്തിന്റെ ചങ്ങാതിമാരും തന്റെ പൂൎവ്വികനായ അച്ചിലസിന്റെ കല്ലറയിലേക്കു് ഓടിച്ചെന്നു് അതിൽ എണ്ണ ഒഴിക്കയും അതിനു പൂമാല ചാൎത്തുകയും ചെയ്തു. പെററ്റോക്ലീസ്സ്, അച്ചിലസ്സിനെ സ്നേഹിച്ചതുപോലെ താൻ അലക്സാണ്ടരെ സ്നേഹിച്ചുവെന്നു് അറിയിക്കുമാറു ഹെഫീസ്റ്റൻ പെട്രോക്ലീസിന്റെ ശവക്കല്ലറയെ പൂജിച്ചുവെന്നു് ഐതിഹ്യത്തിൽ കാണുന്നു. ഹെഫീസ്റ്റിയൺ അലക്സാണ്ടരുടെ ആത്മമിത്രമായിത്തീൎന്നതു കുറെക്കാലം കൂടി കഴിഞ്ഞിട്ടായിരുന്നു. ഒരിക്കൽ ഒരു ഭിക്ഷു പാരിസിന്റെ വീണ രാജാവിനു സമൎപ്പിച്ചു

---

ഫ ട്രോയിയിലെ രാജാവായിരുന്ന പ്രയമിന്റെ രണ്ടാമത്തെ പുത്രൻ

പ്പോൾ, "ഈ നികൃഷ്ടസംഗീതസാമഗ്രി എനിക്കാവശ്യമില്ല. അച്ചിലസിൻെറ വീണ കൊണ്ടുവരിക; അതു വായിച്ചാൽ എനിക്ക കൂടുതൽ രസമുണ്ടാകും", എന്നു അലക്സാണ്ടർ പറഞ്ഞു.

ട്രോജൻ യുദ്ധത്തിൽ ഗ്രീക്കകാരെ വേണ്ടുംപോലെ അനുഗ്രഹിച്ച പല്ലാസ് എന്ന ദേവിക്ക് അലക്സാണ്ടർ പ്രത്യേകം ബലികൾ കൊടുത്തു. ആ ദേവിയുടെ ആലയത്തിൽ തൻെറ ആയുധങ്ങൾ വെച്ചിട്ട, ട്രായിയുടെ അധഃപതനകാലം മുതൽ പാവനമെന്നു ഗണിക്കപ്പെട്ട ചില യുദ്ധസാമഗ്രികൾ, പ്രത്യേകിച്ച, അച്ചില്ലസിൻെറ സുപ്രസിദ്ധ പരിശ, അദ്ദേഹം എടുത്തുകൊണ്ടുപോയി. മേല്പറഞ്ഞ പരിശ കൊണ്ടു പല പ്രാവശ്യം അദ്ദേഹം വലിയ ആപത്തിൽ നിന്നും രക്ഷ പ്രാപിച്ചിട്ടുണ്ട്. അലക്സാണ്ടരുടെ ഉരസ്ത്രാണം ഇസ്സസ്സുയുദ്ധത്തിൽവെച്ച ലഭിച്ചതായിരുന്നു. സിററിയമി (Citium)ലെ രാജാവു് അദ്ദേഹത്തിൻെറ സുപ്രസിദ്ധ ഖഡ്ഗം അലക്സാണ്ടർക്ക കൊടുത്തു. പ്രഖ്യാതനായ ഹെലിക്കാൺ (Helicon) ഉണ്ടാക്കിയ സാരസനം ആണ് അദ്ദേഹം ധരിച്ചതു്. തിയോഫൈലസു (Theophilus) നിർമ്മിച്ച അലക്സാണ്ടരുടെ ശിരസ്ത്രാണം വളരെ പ്രകാശമുള്ളതായിരുന്നു. അതിൽ കാണികൾക്ക സംഭ്രമജനകമായ ഒരു വെളുത്ത തൂവൽ കാണനുണ്ടായിരുന്നു. ഈ യുദ്ധസാമഗ്രികളെല്ലാം പില്ക്കാലം റോമൻസേനാനായകനായിരുന്ന പോമ്പി (Pompey) ഉപയോഗിക്കയും അദ്ദേഹത്തിൻെറ അന്ത്യവിജയാവസരത്തിൽ അവയെ പ്രദർശിപ്പിക്കയും ചെയ്തു.

പാർമീനിയോവിനെ അലക്സാണ്ടർ അറിസ്ബി(Arisbe)ൽ വെച്ചു കണ്ടുമുട്ടി. അതിനു സമീപമുള്ള പട്ടണങ്ങൾ കൈവശപ്പെടുത്താൻ അലക്സാണ്ടർ ആരംഭിച്ചു. അദ്ദേഹത്തിന്റെ ഈ ശ്രമത്തെ പേർഷ്യാക്കാർ തടഞ്ഞില്ല. യുദ്ധക്കളം തിരഞ്ഞെടുക്കുന്നതിനും തന്റെ സമയം പോലെയും താൻ സ്വീകരിച്ചുവന്ന രീതി അനുസരിച്ചും യുദ്ധം ചെയ്യുന്നതിനും അവർ അദ്ദേഹത്തെ അനുവദിച്ചു. ഇഡാ (Ida) ശൃംഗത്തിന്റെ അടിവാരത്തിൽ സ്ഥിതി ചെയ്ത സീലിയാ(Zeleia)യിൽ പടിഞ്ഞാറൻ പ്രദേശങ്ങളിലെ സത്രപന്മാർ സമ്മേളിച്ചു. മെമ്നൻ അവരോട് ഇപ്രകാരം പറഞ്ഞു. "ഏഷ്യാമൈനർ ഫലശൂന്യമാക്കിച്ചെയ്യുക. അപ്പോൾ അലക്സാണ്ടർക്കും സൈന്യങ്ങൾക്കും യാതൊരാഹാരവും ലഭിക്കാതാകും. തന്നിമിത്തം അവർ ക്ഷുധാർത്തരായി ഓടിപ്പോകും." ഇതിനിടക്കു ഹെല്ലസ്പോണ്ടിൽ വെച്ചു മാസിഡോണിയാക്കാർ തിരിച്ചുപോകുമ്പോൾ അവരുടെ മാർഗ്ഗം തടയുന്നതിനു പേർഷ്യയിലെ നാവികസൈന്യത്തിനെ അങ്ങോട്ട് അയക്കാൻ മെമ്നൻ വിചാരിച്ചു. ഡേരിയസ് അതു സമ്മതിച്ചില്ല.

ഇഡാശൃംഗത്തിൽ നിന്ന് ഉത്ഭവിക്കുന്നതും സൈസിക്കസിനു സമീപം മർമോറ ഉൾക്കടലിൽ വീഴുന്നതും ഇപ്പോൾ ബിഗചെയ് (Bigha Chai) എന്നു വിളിക്കപ്പെടുന്നതുമായ ഗ്രനൈക്കസു (Granicus) നദിയിൽ ഒരു കടത്തുസ്ഥലത്തു അലക്സാണ്ടർ എത്തിയ സമയം എതിർകരയിൽ 40,000 പേർഷ്യാക്കാർ യുദ്ധം ചെയ്യാൻ സന്നദ്ധരായി നിൽക്കുന്നതു കണ്ടു. ഇരുവശവും

ത്തുക്കായ കരകളോടുകൂടിയതും നല്ല ഒഴുക്കുള്ളതുമായ ഒരു വലിയ നദിയും തങ്ങളുടേതിനെക്കാൾ ശക്തിയുള്ള കാലാൾപ്പടയും കണ്ടപ്പോൾ മാസിഡോണിയൻ ഭടന്മാൎക്കു് അധൈൎയ്യമുണ്ടായി. അതു കൊണ്ടു ശത്രുക്കൾ കാൺകെ നദി കടന്നു ത്തുക്കായ കര കയറുവാനുള്ള അവരുടെ ഉത്സാഹം നിഷ്പ്രയോജനമായി അവൎക്കു തോന്നി. പേർഷ്യാക്കാർ അവിടെ നിന്നും പോകുമൊ എന്നു് അറിയുന്നതുവരെ കാത്തിരിക്കാൻ പാർമീനിയൊ രാജാവിനെ ഗുണദോഷിച്ചു. എന്നാൽ അലക്സാണ്ടർ ഇപ്രകാരം പറഞ്ഞു. "ഹെല്ലസ്പ്പാണ്ടു വേഗത്തിൽ കടന്നുവന്ന നാം ഈ ചെറിയ പുഴ കടക്കാതെയിരിക്കുന്നതു് ആക്ഷേപമാണു്. ഇങ്ങനെ സംശയിച്ചു കൊണ്ടിരുന്നാൽ നമ്മുടെ ശത്രുക്കൾ നമ്മെ തോല്പിക്കും"

മാസിഡോണിയായിലെ രാജാക്കന്മാർ ജൂൺമാസം ഒരു ചീത്തമാസമായിക്കരുതി വന്നതിനാൽ ആ മാസത്തിൽ യുദ്ധം ചെയ്യു പതിവില്ലായിരുന്നുവെന്നു ചിലർ അലക്സാണ്ടരെ അറിയിച്ചു. "അതിനെന്താണു്; നമുക്കു് ഒരു വിദ്യ ചെയ്യാം. ഈ മാസത്തെ മേമാസമെന്നു വിളിച്ചേക്കാം" എന്നു് അലക്സാണ്ടർ അവരോടു മറുപടി പറഞ്ഞു.

കാലാൾപ്പട മദ്ധ്യത്തിലും കുതിരപ്പട പാർശ്വത്തിലുമായി പതിവുപോലെ തൻെറ സേനയെ അലക്സാണ്ടർ ക്രമപ്പെടുത്തി. പാർമിനിയൊ ഇടത്തുവശത്തെ സൈന്യത്തിൻെറയും അലക്സാണ്ടർ വലത്തുവശത്തെ സൈന്യത്തിൻെറയും നായകത്വം വഹിച്ചു. പേർഷ്യാക്കാൎക്കു ഇരുപതിനായിരം കുതിരപ്പടമുണ്ടായിരുന്നു. കാലാൾ ഇതിൽ അല്പം കുറവായിരുന്നു. കുതിര

പ്പടയെ കാലാൾപ്പടയുടെ മുന്നിലാണു നിറുത്തിയതു്. അലക്സാണ്ടർ ഏതു ഭാഗം ആക്രമിച്ചേക്കമെന്നു പേർഷ്യാക്കാൎക്കു സംശയമുണ്ടായിരുന്നൊ അവിടെ കാലാൾപ്പട അടുപ്പിച്ചു നിറുത്തപ്പെട്ടിരുന്നു. ശോഭയേറിയ ഉരസ്ത്രാണത്താലും, ശിരസ്ത്രാണത്തിലെ വെളുത്ത തൂവലിനാലും, പടയാളികൾ കാണിച്ച ആദരവിനാലും, അലക്സാണ്ടർ ആരാണെന്നു ശത്രുപക്ഷക്കാർ എളുപ്പത്തിൽ മനസ്സിലാക്കി. ഒടുവിൽ അദ്ദേഹം ഒരു കല്പന കൊടുക്കുന്നതു് അവർ കേൾക്കയും അദ്ദേഹത്തിൻെറ സൈന്യം ഒന്നു നിലയിളകുന്നതു കാണുകയും ചെയ്തു. ഏതാനും കുതിരപ്പടയോടും കാലാൾപ്പടയോടും കൂടി അരാബ്യൂസി(Arrhabaeus)ൻെറ പുത്രനായ അമിൻറാസു നദിയിലേക്കു് ഇറങ്ങി. വെള്ളത്തിൽനിന്നു കരക്കു കയറുമ്പോൾ തൻെറ സൈന്യത്തിൻെറ പാർശ്വങ്ങളെ ശത്രുസൈന്യം ആക്രമിക്കാതിരിക്കാൻ നദിയുടെ ഗതി അനുസരിച്ചു തൻെറ സൈന്യത്തെ അലക്സാണ്ടർ നിൎത്തിയിരുന്നു.

മാസിഡോണിയാക്കാർ കരയ്ക്കു് എത്താൻ ഭാവിച്ചപ്പോൾ, ശത്രുസൈന്യം ചാട്ടകുന്തങ്ങളും അസ്ത്രങ്ങളും വർഷിച്ചുതുടങ്ങി. അവർ (മാസിഡോണിയൻസൈന്യം) കുറെ ഉയരെ ആയതോടുകൂടി ആററിൻെറ കരയിൽവെച്ചു് ഒരു യുദ്ധം നടന്നു. അലക്സാണ്ടരെയും അദ്ദേഹത്തിൻെറ കുതിരപ്പടയേയും ശത്രുക്കൾ നദിയിൽ ചാടിക്കുമെന്നു കാണികൾക്കുതോന്നി. അലക്സാണ്ടരുടെ കുന്തം ഛിന്നഭിന്നമായി. അദ്ദേഹത്തിൻെറ സഖാവായ കൊരിന്തിലെ ഡെമാരററസു (Demaratus) തൻെറ കുന്തത്തെ അദ്ദേഹത്തിനു കൊടുക്കയും അതുകൊണ്ടു ഡേ

രിയസ്സിൻെറ ജാമാതാവായ മിത്രഡഡറീസി(Mithra-dates)നെ അലക്സാണ്ടർ അടിച്ചു താഴെ വീഴ്ത്താൻ ശ്രമിക്കയും ചെയ്തു. അപ്പോൾ റീസാസീസു(Rhoesaces) എന്ന പേർഷ്യൻ യോദ്ധാവു വളരെ ഊക്കോടുകൂടി അദ്ദേഹത്തെ പ്രഹരിച്ചു. തന്മൂലം അദ്ദേഹത്തിൻെറ ശിരസ്ത്രാണം ഛേദിക്കപ്പെടുകയും അതിൻെറ ഏതാനും ഭാഗം താഴെ വീഴുകയും ചെയ്തു. എന്നാൽ അലക്സാണ്ടർ തിരിഞ്ഞു തൻെറ കുന്തംകൊണ്ടു് അയാളെ കുത്തി. ഉടൻ ലിഡിയായിലെയും അയോണിയായിലെയും സത്രപനായ സ്പിത്രിഡഡറീസു (Spithridates) സൂത്രത്തിൽ അലക്സാണ്ടരുടെ പുറകിൽ ചെന്നു തൻെറ വാൾകൊണ്ടു് അദ്ദേഹത്തെ വധിക്കാൻ ഭാവിച്ചു. അപ്പോൾ മിററസു് (അലക്സാണ്ടരുടെ വളത്തമ്മയായ ലാനിസി(Lanice)ൻെറ സഹോദരൻ) സത്രപൻെറ കൈഛേദിച്ചു കളകയാൽ അയാളുടെ ഉദ്ദേശം വിഫലമായി.

ഇതിനിടക്കു മാഡിഡോണിൻ സൈന്യം മുഴുവനും പേർഷ്യൻ സൈന്യത്തിൻെറ മദ്ധ്യഭാഗത്തെ ആക്രമിച്ചു. പേർഷ്യൻ സൈന്യം സംഭ്രാന്തമായി ഓടി. അധികം ദൂരം അലക്സാണ്ടർ അതിനെ പിന്തുടൎന്നില്ല. പേർഷ്യൻസൈന്യത്തിൽ അതിപ്രധാനമായിരുന്നതു യവന കൂലിപ്പടയാളികളായിരുന്നു. അവർ, നിന്ന സ്ഥലത്തുനിന്നും ഇളകാഞ്ഞതിനാൽ അദ്ദേഹം അവരുടെ നേരെ ചെന്നു, യുദ്ധംചെയ്തു് അവരെ തോല്പിച്ചു. കൊരിന്തിലെ ശാസനം വകവയ്ക്കാതെ, വിദേശ്യക്കുവേണ്ടി ഗ്രീസിനു് എതിരായി അവർ യുദ്ധം ചെയ്തതിനാൽ അവരെ പിടിച്ചു മാസിഡോണിയായിൽ

PRESENTED BY:
SRI M. K. VASUDEVAN NAIR
... VEEDU
MALAYINKIL



കൃഷി ചെയ്യാൻ അയച്ചു. യുദ്ധാരംഭത്തിൽ അലക്സാണ്ടരുടെ ഇരുപത്തഞ്ചു മാസിഡോണിയൻ സഖാക്കൾ വധിക്കപ്പെട്ടു. അദ്ദേഹം ലിസിപ്പസിനെ കൊണ്ടു വെള്ളോട്ടിൽ അവരുടെ പ്രതിമകൾ ഉണ്ടാക്കിച്ചു. (ബി. സി. 148_ൽ റോമൻഗവർണരായ മെററലസു (Metellus) മാസിഡോണിയൻരാജ്യം പിടിച്ചടക്കിയപ്പോൾ. റോമിൽ തൻെറ ഭവനത്തിൻെറ പൂമുഖം അലങ്കരിക്കാൻ ഈ പ്രതിമകളെ . തട്ടിക്കൊണ്ടുപോയി. ഗ്രനൈക്കസിൽ വെച്ചു അലക്സാണ്ടർക്കുണ്ടായ നഷ്ടം തുച്ഛമായിരുന്നു. മരിച്ചവരുടെ ഭാര്യാപുത്രാദികൾക്കു് അദ്ദേഹം വേണ്ട ധനസഹായം ചെയ്കയും മുറിവേററവരുടെ അടുക്കൽച്ചെന്നു് അവരെ സമാശ്വസിപ്പിക്കയും ചെയ്തു ഇസ്സസിൽവെച്ചു നടന്ന യുദ്ധത്തിൻെറ ഫലമായ | സിറിയായിലേക്കുള്ള റോഡു് അലക്സാണ്ടരുടെ കൈവശമായി.

H 594

വിജയം പ്രാപിച്ച ഉടൻ അതീനിയന്മാരെ അറിയിക്കാൻ അലക്സാണ്ടർ ദൂതന്മാരെ അയച്ചു. "ഫിലിപ്പിൻെറ പുത്രനായ അലക്സാണ്ടരും ലാസിഡിമോണിയാക്കാരൊഴികെ ഉള്ള മററു യവനന്മാരും ഏഷ്യാക്കാരിൽ നിന്നുമെടുത്ത കൊള്ളയുടെ ഒരു ഭാഗം അക്രോപോലിസിൽ സൂക്ഷിക്കുന്നതിനു് ഇതാ അയക്കുന്നു." എന്ന ലേഖനത്തോടുകൂടി മുന്നൂറു കവചങ്ങൾ അദ്ദേഹം അതീനിയന്മാർക്കു അയച്ചു. വഴിപാടുകളും അദ്ദേഹം അയച്ചതു് അതൻസിലേക്കായിരുന്നു. ഇതിൽ നിന്നും അതീനിയന്മാരെ അദ്ദേഹം ബഹുമാനിച്ചുവെന്നും പേർഷ്യാക്കാരോടു് അവർക്കുള്ള വിരോധത്തെ വർദ്ധിപ്പിക്കാൻ അദ്ദേഹം ശ്രമിച്ചുവെന്നും നമുക്കു് അനുമാനിക്കാം.

ഏഷ്യാമൈനർ ഒരു പ്രത്യേകം പ്രവിശ്യയാക്കപ്പെട്ടു. ഡേരിയസു നിശ്ചയിച്ചിരുന്ന നികുതി പിരിച്ചെടുക്കുന്നതിനും അവിടത്തെ സ്ഥാപനങ്ങൾ പഴയപോലെ നടത്തിക്കൊള്ളുന്നതിനും അലക്സാണ്ടർ അനുവദിച്ചു. ഏതാനും നഗരങ്ങളിൽ, അവിടത്തെ ജനങ്ങളുടെ അപേക്ഷാനുസരണം അദ്ദേഹം ജനാധിപത്യഭരണമേർപ്പെടുത്തി. ആ മാതിരി ഒരു ഭരണരീതി പേർഷ്യൻരാജാവു് അനുവദിച്ചിരുന്നില്ല. ചില നഗരങ്ങളിൽ പേർഷ്യൻയജമാനന്മാരെ സഹായിച്ചതു ഗ്രീക്കുകൂലിപ്പടയാളികളായിരുന്നു. സാർഡീസുകാർ അലക്സാണ്ടർക്കു കീഴടങ്ങി. തന്നിമിത്തം ദുഷ്പ്രവേശമായ ഒരു പാറപ്പുറത്തു സ്ഥിതി ചെയ്യുന്നതും ഒരു വശത്തു് ഒന്നിനു പുറകെ ഒന്നായി മൂന്നു ഭിത്തികൾ കെട്ടപ്പെട്ടതുമായ സാർഡിസിലെ ദുർഗ്ഗം ഉപരോധിക്കുന്നതിനുള്ള ആവശ്യം അലക്സാണ്ടർക്കു നേരിട്ടില്ല. ഇവിടെ അദ്ദേഹം കണ്ട ചില കണക്കുപുസ്തകങ്ങളിൽനിന്നും മാസിഡോണിയാക്കാരെ പല വിധത്തിലും ഉപദ്രവിക്കുന്നതിനു യവനന്മാർ, പ്രത്യേകിച്ചു ഡെമോസ്തനീസു, വലിയ തുകകൾ കൈക്കൂലി വാങ്ങിച്ചുവെന്നു് അലക്സാണ്ടർക്കു മനസ്സിലായി. അതു മുതൽ അദ്ദേഹം അതീനിയന്മാരെ നിന്ദിച്ചുതുടങ്ങി. ഗ്രീസിൽ മാസിഡോണിയാക്കാർക്കു് അനുകൂലമായി ഒരു ജനവിഭാഗം ഉണ്ടാകാൻ ഫിലിപ്പു കുറെ അധികം പണം ചെലവാക്കിയതു് അലക്സാണ്ടർ അറിഞ്ഞിട്ടില്ലായിരിക്കാം. കൈക്കൂലി കൊടുത്തു കാര്യങ്ങൾ സാധിക്കുന്നതു് അനുചിതമാണെന്നു ഫിലിപ്പു തന്റെ മകനെ ധരിപ്പിച്ചിരുന്നു. മഹാന്മാരായി ഗണിക്കപ്പെട്ടുവന്ന അതീനിയന്മാർ കൈക്കൂലിക്കു വിധേയരാണെന്നു് അദ്ദേഹം മന

സ്സിലാക്കിയപ്പോൾ, അലക്സാണ്ടർ അത്ഭുതപരവശനായിത്തീൎന്നു. കുറെ കഴിഞ്ഞിട്ടു തന്റെ സ്നേഹിതന്മാരായ ആന്റിപ്പേറററും ഫോസിയനുമായിട്ടു മാത്രമേ കത്തിടപാടുണ്ടായിരുന്നുള്ളു. ഈ ഫോസിയൻ പല കാൎയ്യങ്ങളിൽ അലക്സാണ്ടൎക്കുവേണ്ടി ഡെമോസ്തനീസിനോടു വാദിച്ച അതീനിയൻ ആയിരുന്നു.

എഫീസസിലുള്ള ഗ്രീക്കുകൂലിപ്പടയാളികൾ ഗ്രാനൈക്കസിൽ വെച്ചു നടന്ന യുദ്ധത്തിന്റെ ഫലത്തെപ്പററി കേട്ടപ്പോൾ അവിടെ നിന്നും ഓടി. എഫീസസുകാർ തങ്ങളുടെ നിർദ്ദയന്മാരായ ഭരണകൎത്താക്കന്മാരെ വധിക്കാൻ ഒരുങ്ങിയിരുന്ന സന്ദർഭത്തിലാണു് അലക്സാണ്ടർ ആ നഗരത്തിൽ എത്തിയതു്. എഫീസസുകാർ അദ്ദേഹത്തെ വേണ്ടവിധത്തിൽ സല്ക്കരിച്ചു. അതിനിപുണനായ അപ്പെല്ലീസു (Apelles) എന്ന ചിത്രകാരൻ ഇവിടെയാണു താമസിച്ചതു്. തന്റെ ഛായാപടം എഴുതുന്നതിനു് അലക്സാണ്ടർ ഇദ്ദേഹത്തെ മാത്രമെ അനുവദിച്ചുള്ളു. ഏഷ്യയിൽ വെച്ചു നടന്ന ആദ്യത്തെ വലിയ യുദ്ധത്തിൽ ജയം നേടിയതിന്റെ ശേഷം അലക്സാണ്ടർ ഈ പട്ടണത്തിൽ വന്നപ്പോഴാണു് അപ്പെല്ലീസു് അദ്ദേഹത്തെപ്പററിയുള്ള സംഗതികൾ ശരിയായി മനസ്സിലാക്കിയതു്. ഡെറിയസ്സിന്റെ അനന്തരഗാമി എന്ന നിലയിൽ അലക്സാണ്ടൎക്കു് ആ നഗരവാസികൾ കൊടുക്കേണ്ടിയിരുന്ന കപ്പം തന്റെ ജനനദിവസം രാത്രി അഗ്നിക്കിരയായ ആർട്ടിമിസുദേവാലയം പണി കഴിപ്പിക്കാൻ ഉപയോഗിക്കുന്നതിനു് അദ്ദേഹം അനുവദിച്ചു. ഈ ദേവാലയത്തിൽ അപ്പെല്ലസു് എഴുതിയ അലക്സാണ്ടരുടെ ഒരു ഛായാപടം

സൂക്ഷിച്ചിരുന്നു. അതിവിശിഷ്ടമായ ഈ ചിത്രത്തിൽ അലക്സാരുടെ അമാനുഷികശക്തി കാണിക്കാൻ അദ്ദേഹം മിന്നലിനെ പിടിച്ചുകൊണ്ടിരിക്കുന്നതായി കാണുന്നു. അയോണിയായിലും ഇയോളിയായിലുമുള്ള മിക്ക പട്ടണങ്ങളേയും ലിസിമാക്കസ് കൈവശപ്പെടുത്തിയെങ്കിലും, മിലിഷ്യക്കാർ (അയോന്നിയായിലെ പ്രധാന പട്ടണമായ മിലററസി (Miletus)ലെ ജനങ്ങൾ) അതിശക്തിയോടെ അലക്സാണ്ടരെ എതിർത്തു. അലക്സാണ്ടരുടെ നാവികസേനാനായകനായ നിക്കെനോർ മിലററസു തുറമുഖം കരസ്ഥമാക്കാൻ ശ്രമിച്ചു. പക്ഷേ കാവൽ സൈന്യത്തെ സഹായിക്കാൻ തയ്യാറായി പേർഷ്യാക്കാരുടെ ഒരു കപ്പൽപ്പട തുറമുഖത്തിനു സമീപമുണ്ടായിരുന്നു. മിലിഷ്യന്മാരുമായി ഒരു നാവികയുദ്ധം ചെയ്യാൻ അലക്സാണ്ടരെ പാർമീനിയോ പ്രേരിപ്പിച്ചു. സമുദ്രത്തിൽ തന്നേക്കാൾ കൂടുതൽ ശക്തി ശത്രുക്കൾക്കുണ്ടെന്ന് അറിഞ്ഞിരുന്നതിനാൽ അദ്ദേഹം അതിനു സമ്മതിച്ചില്ല. പേർഷ്യാക്കാർക്കു മിലിഷ്യാക്കാർ അനുവദിച്ചു കൊടുത്തിരുന്ന ചില പ്രത്യേക വാണിജ്യാവകാശങ്ങൾ അവർ മാസിഡോണിയാക്കാർക്കും നൽകി. എന്നാലും അലക്സാണ്ടർ തൃപ്തിപ്പെട്ടില്ല. അതിനാൽ അദ്ദേഹം അവരുമായി യുദ്ധം ചെയ്തു നിക്കാനോർ (Nicanor) തുറമുഖം കൈവശമാക്കി. യന്ത്രമുട്ടികൾ കൊണ്ടു മാസിഡോണിയൻ സൈന്യം കോട്ടമതിലുകൾ പൊളിച്ചു പട്ടണത്തിൽ പ്രവേശിച്ചു. മുന്നൂറുപേർ സമുദ്രത്തിൽ ചാടി തങ്ങളുടെ പരിചയിന്മേൽ പൊങ്ങിക്കിടന്നു അടുത്തുള്ള ഒരു ദ്വീപിൽ ചെന്നുചേർന്നു. എന്നാൽ അലക്സാണ്ടർ അവരെ പിടികൂടി തന്റെ കൂലിപ്പടയാളികളാക്കി. നയകോവിദനായ അലക്സാ

ങ്ങളുമായി സമുദ്രത്തിൽ വെച്ച യുദ്ധം ചെയ്യുന്നതിനു പഠിച്ച വിദ്യ പതിനെട്ടും നോക്കീട്ടും സാധിക്കാത്തതിനാൽ പേർഷ്യാക്കാരുടെ കപ്പൽസൈന്യം അവിടെനിന്നും മടങ്ങി. ഉപരോധത്തിൽ അലക്സാണ്ടരുടെ രണ്ടു ആപ്തമിത്രങ്ങൾ വധിക്കപ്പെട്ടു. ഈ പട്ടണത്തിൽ സുപ്രസിദ്ധന്മാരായ അനേകം കായികാഭ്യാസികളുടെ പ്രതിമകൾ ഉണ്ടായിരുന്നു. "പേർഷ്യാക്കാർ നിങ്ങളെ ആക്രമിച്ചപ്പോൾ ഈ ബലശാലികൾ എവിടെയായിരുന്നു." എന്നു അലക്സാണ്ടർ ജനങ്ങളോടു ചോദിച്ചപ്പോൾ, തത്സമയം കായികാഭ്യാസത്തിന്റെ ഉപയോഗശൂന്യതയെപ്പററി അറിസ്റ്റോട്ടിൽ പറയാറുണ്ടായിരുന്നതു അലക്സാണ്ടർക്കു ഓർമ്മവന്നിരിക്കണം.

ഏഷ്യാമൈനറിൽ അലക്സാണ്ടർക്കു കൂടുതൽ വൈഷമ്യം നേരിട്ടതു വടക്കു പടിഞ്ഞാറേ തീരത്തിലെ ഒരു കേരിയൻ നഗരമായ ഹാലിക്കാർനസ്സസ്സി (Halicarnassus)ൽ വെച്ചായിരുന്നു. ഏഷ്യായിലെ പടയാളികളാലും മെമ്നന്റെ നേതൃത്വത്തിൽ ഗ്രീസിലെ കൂലിപ്പടയാളികളാലും ഈ നഗരം സുരക്ഷിതമായിരുന്നു. ലോവർ ഏഷ്യയിലെ ഗവർണരായും നാവികസൈന്യത്തിന്റെ നായകനായും മെമ്നനെ ഡേരിയസ്സ നിയമിച്ചിരുന്നു. ഈ ശതാബ്ദത്തിൽ പ്രചാരത്തിൽവന്നതും ഫിലിപ്പും അലക്സാണ്ടരും പരിഷ്കരിച്ചതുമായ ഉപരോധയന്ത്രങ്ങൾ അലക്സാണ്ടർ ഉപയോഗിച്ചവെങ്കിലും ഫലമൊന്നുമുണ്ടായില്ല. കോട്ടക്കു ചുററും പട്ടണവാസികൾ വെട്ടിച്ചതും 45 അടി വീതിയും 22½ അടി താഴ്ചയുമുള്ളതുമായ തോടിനെ മാസിഡോണിയാക്കാർ നികത്തി. ഭിത്തികൾഇടിച്ചുപൊളിച്ചു. പക്ഷെ

ഇതിനിടക്കു പട്ടണവാസികൾ അർദ്ധചന്ദ്രാകൃതിയിൽ വേറൊരു കുഡ്യം പണികഴിപ്പിച്ചിരുന്നു. ഒരു ഭയങ്കരയുദ്ധം നടന്നു. ഇതിൽ കുറെ ആളുകൾ മരിച്ചു. തുടൎന്നു യുദ്ധം ചെയ്യുന്നതിനു ശത്രുക്കൾക്കു സാധികയില്ലെന്നു് അലക്സാണ്ടൎക്കു മനസ്സിലായിരുന്നതിനാൽ അവർ തനിക്കു കീഴടങ്ങുമെന്നു് അദ്ദേഹം വിചാരിച്ചു. എന്തായാലും വധത്തിനു് അദ്ദേഹം തുനിഞ്ഞില്ല. എന്നാൽ അവസാനംവരെ യുദ്ധം ചെയ്യുന്നതിനു മെമ്നൻ ഉറച്ചു. തങ്ങളുടെ ആയുധങ്ങൾ ശത്രുക്കളുടെ കൈയിൽ അകപ്പെടാതിരിക്കാൻ അവയെ തീയിലിട്ടു നശിപ്പിക്കുന്നതിനും ശത്രുക്കൾ ഇതുവരെ കൈവശമാക്കിയിട്ടില്ലാത്ത ദുൎഗ്ഗത്തിൽ അഭയം പ്രാപിക്കുന്നതിനും മെമ്നൻ തീരുമാനിച്ചു. കാററിൻെറ ശക്തി മൂലം മേല്പറഞ്ഞ അഗ്നി വ്യാപിച്ചു വീടുകൾ നശിച്ചു. അതിരാവിലെ പിടിച്ചെടുക്കണമെന്നു് അലക്സാണ്ടർ വിചാരിച്ചിരുന്ന പട്ടണം മുഴുവൻ അഗ്നിജ്വാലയാൽ ആവൃതമായി അദ്ദേഹം കണ്ടു. ഉടൻതന്നെ സൈന്യസമേതം പട്ടണത്തിൽ പ്രവേശിച്ചു തീവെപ്പുകാരെ വധിച്ചു. പൌരന്മാരിൽ അധികംപേരും ദുൎഗ്ഗത്തിൽ അഭയം പ്രാപിച്ചു. അവരെ ഉപദ്രവിക്കണമെന്നു് അലക്സാണ്ടർ വിചാരിച്ചില്ല. രാജ്യം കൈവശപ്പെടുത്തി സമാധാനം പരിപാലിക്കാൻ ടോളമിയേയും ഒരു സൈന്യത്തേയും അദ്ദേഹം അവിടെ ആക്കി. കേരിയായിലെ വൈസ്രായി ആയി അലക്സാണ്ടർ അവിടത്തെ രാജ്ഞിയായ ആദാ (Ada)യെ നിയമിച്ചു. ആദാ, സുപ്രസിദ്ധനായ മാസൊളസിൻെറ [1]സഹോദരിയായിരുന്നു. ഈ

---

൧. ചിലർ മരുമകളാണെന്നു പറയുന്നു.

മഹിളയുടെ ഒരു സഹോദരൻ ഇവരെ രാജസ്ഥാനത്തു നിന്നും ഭ്രംശിപ്പിച്ചു. അലക്സാണ്ടർ അവിടെ എത്തിയ ഉടൻ, തന്റെ അലിന്ദ എന്ന നഗരത്തെ അദ്ദേഹത്തിനു വിട്ടുകൊടുക്കാൻ ആ സ്ത്രീരത്നം സന്നദ്ധയാണെന്നു കണ്ടു. ആദായോടുള്ള അലക്സാണ്ടരുടെ അനുകമ്പാപൂർവ്വമായ പെരുമാററംമൂലം അദ്ദേഹത്തോടു് അയൽരാജ്യാധിപന്മാർക്കു് അളവററ തൃപ്തിയുണ്ടായി.

തങ്ങളുടെ കുടുംബാംഗങ്ങളെ കാണണമെന്നു് ഇച്ഛിച്ച ചില പടയാളികളെ അലക്സാണ്ടർ കേരിയായിൽ നിന്നും മാസിഡോണിയായിലേക്കും, സാർഡീസു വഴി പാർമീനിയോവിനെ ഫ്രിജിയായിലേക്കും അയച്ചു. ബി. സി. 333-ാമാണ്ടത്തെ യുദ്ധത്തിനു എല്ലാവരും ഫ്രിജിയായിൽ സമ്മേളിക്കണമെന്നായിരുന്നു അദ്ദേഹത്തിന്റെ ആജ്ഞ. വസന്ത കാലത്തിൽ അദ്ദേഹം തന്നെ ലിഷിയായുടേയും പംഫീലിയായുടേയും സമുദ്രതീരത്തോടടുത്തുള്ള സ്ഥലങ്ങൾ പിടിച്ചടക്കി.

ലിഷിയായിൽ അലക്സാണ്ടർ ഒരു വിശേഷം കണ്ടു. അവിടെ ഒരു ചെറിയ നദിയുണ്ടായിരുന്നു. അതിന്റെ ഗതി കൂടക്കൂടെ മാറിക്കൊണ്ടിരുന്നു. അതു മുൻപു് ഒഴുകിക്കൊണ്ടിരുന്ന സ്ഥലത്തുനിന്നു അദ്ദേഹത്തിനു് ഒരു പിത്തളത്തകിടു കണ്ടുകിട്ടുന്നതിനിടയായി. അതിൽ 'പേർഷ്യൻ സാമ്രാജ്യത്തെ ഗ്രീക്കുകാർ സ്വാധീനപ്പെടുത്തു'മെന്നു പുരാതന ലിപിയിൽ എഴുതിയിരുന്നു. ഈ ലിഖിതം ടി സാമ്രാജ്യത്തെ ആക്രമിക്കുന്നതിനു് അലക്സാണ്ടരെ ഒന്നുകൂടി ധൈര്യപ്പെടുത്തി.

ഫിനീഷ്യാ വരെയുള്ള സമുദ്രതീരം മുഴുവൻ കൈവശപ്പെടുത്താൻ അലക്സാണ്ടർ തുനിഞ്ഞു. പംഫീലിയാ

യിൽ കൂടി അദ്ദേഹം യുദ്ധ യാത്ര ചെയ്തതിനെക്കുറിച്ച വിശദമായി പല ചരിത്രകാരന്മാരും കുറിച്ചിട്ടുണ്ട്. ഭയങ്കരങ്ങളായ തിരമാലകളുള്ള ആ ഭാഗത്തെ സമുദ്രം ഈശ്വരാനുഗ്രഹത്താൽ ആ ജയശാലിക്കുവേണ്ടി മാറി കൊടുത്തുവത്രെ.

ശത്രുക്കളുടെ നാവിക സൈന്യത്തെ കരസ്ഥമാക്കണമെന്നായിരുന്നു അലക്സാണ്ടരുടെ ഉദ്ദേശം. എന്നാ യാലും ശത്രുപക്ഷത്തിൻെറ ശക്തിക്കു കാരണമായ കപ്പൽപ്പടയെ കൈവശപ്പെടുത്താതിരിക്കുന്നതു ദോഷ കരമായി തനിക്കു തോന്നിയതിനാൽ, അടുത്ത വസന്തകാലത്തിൽ പേർഷ്യായിലെ പ്രധാന നഗരങ്ങളിലേക്കു യാത്രപുറപ്പെടുന്നതിനു മുൻപു, ഹെല്ലസ്പാണ്ടു മുതൽ ഈജിപ്റ്റിൻെറ പടിഞ്ഞാറെ പ്രാന്തം വരെയുള്ള കടൽതീരം മുഴുവൻ സ്വാധീനപ്പെടുത്തുന്നതിനു് അദ്ദേഹം ഉറച്ചു.

ലിഷ്യിയായിൽ അലക്സാണ്ടർക്കു കൂടുതൽ വിഷമം നേരിട്ടതു മർമേറിയായിലെ ജനങ്ങളിൽ നിന്നുമായിരുന്നു. അവർ പട്ടണത്തെ അഗ്നിക്കിരയാക്കിയിട്ടു പർവ്വതങ്ങളിലേക്കു പൊയ്ക്കളഞ്ഞു. റോഡുകൾ നിരുപയോഗമായിരുന്നതിനാൽ വിശ്രമാർത്ഥം ഫസിലിസി (Phaselis)ൽ കുറെക്കാലം താമസിച്ചു. ഇവിടെ വെച്ചു തൻെറ സഹപാഠിയായി (രണ്ടുപേരുടേയും ഗുരു അറിസ്റ്റോട്ടിൽ ആയിരുന്നു) രുന്ന തിയോഡെക്റ്റീസി (Theodectes)ൻെറ മരണത്തെപ്പററി അദ്ദേഹം വളരെ പരിതപിച്ചു. "പേർഷ്യൻ സാമ്രാജ്യത്തിൻെറ അവസാനം അടുത്തിരിക്കുന്നു" എന്നൊരു ശ്രുതി ഇക്കാലത്തു ലിഷ്യിയായിൽ ഉണ്ടായി.

പംഫീലിയായിൽ വെച്ച സൈന്യത്തിൻെറ ഒരു ഭാഗത്തെ മലവഴിയായി അയച്ചുംവച്ച് അലക്സാണ്ടർ സമുദ്രതീരമാൎഗ്ഗം അവിടെനിന്നു പോയി. ഈ യാത്രയിൽ അദ്ദേഹത്തിനു യാതൊരു ക്ലേശവുമുണ്ടായില്ല. ഇതു, കാററു വടക്കോട്ടു അടിക്കയൊ കോപിച്ചിരുന്ന സമുദ്രം പെട്ടെന്നു ശാന്തമാകയോ ചെയ്തതിനാലായിരിക്കാം.

അടുത്ത യുദ്ധത്തിനു വേണ്ട ഏൎപ്പാടുകൾ ഫ്രിജിയായിൽ വെച്ചു ചെയ്യണമെന്നായിരുന്നു അലക്സാണ്ടർ വിചാരിച്ചതു. പുരാതനകാലത്തെ ഫ്രിജിയായിലെ രാജാക്കന്മാരുടെ തലസ്ഥാനമായ ഗോർഡിയ (Gordium)മിൽ അദ്ദേഹം എത്തി. ഇവിടെവെച്ചു പേർഷ്യാക്കാരെ സഹായിച്ചുവെന്ന കാരണത്താൽ ബന്ധനസ്ഥരാക്കപ്പെട്ട അതീനിയന്മാരെ വിട്ടയക്കണമെന്നു് അലക്സാണ്ടരോടു് അപേക്ഷിക്കുന്നതിനു് അവിടെ എത്തിയിരുന്ന ആതൻസിലെ പ്രതിനിധികളെ അദ്ദേഹം കണ്ടു. പല തവണയും അവരുടെ അപേക്ഷയെ ആദ്യം അദ്ദേഹം നിരസിച്ചുവെങ്കിലും ഒടുവിൽ കൈക്കൊള്ളുകയാണുണ്ടായതു്.

ഗോർഡിയമിൽ മൈദാസി (Midas) ൻേറയും ഗോർഡിയസിൻേറയും കൊട്ടാരങ്ങൾ സ്ഥിതി ചെയ്തു. മൈദാസു തൊടുന്നതെല്ലാം സ്വൎണ്ണമായിത്തീൎന്നുവത്രെ. കൃഷിക്കാരനായിരുന്ന ഗോർഡിയസു ഫ്രിജിയായിലെ രാജാവായി അഭിഷിക്തനായപ്പോൾ, ജൂപ്പിററർദേവനായി ഒരു വാഹനം സമൎപ്പിക്കയും അതിനെ മററാക്കും എളുപ്പത്തിൽ അഴിക്കാൻ പാടില്ലാത്ത വിധത്തിൽ ഒരു കെട്ടു-ഇതിൻെറ അഗ്രങ്ങൾ അദൃശ്യങ്ങളായിരുന്നു-

കൊണ്ടു് ഒരു സ്ഥലത്തു ബന്ധിക്കയും ചെയ്തു. ഇതു് അഴിക്കുന്നവൻ ഏഷ്യയിലെ രാജാവായിത്തീരുമെന്നു് ഒരു അരുളപ്പാടുണ്ടായിരുന്നതായി അവിടത്തെ ജനങ്ങൾ അലക്സാണ്ടറെ അറിയിച്ചു. അതിനാൽ അതഴിക്കാൻ അദ്ദേഹം തുനിഞ്ഞു. അനേകം ഫ്രിജിയാക്കാരും മാസിഡോണിയാക്കാരും അലക്സാണ്ടർക്കു ചുററും നിന്നിരുന്നു. ഫ്രിജിയാക്കാർ ഭവിഷ്യൽഫലത്തെപ്പററി ജിജ്ഞാസയുള്ളവരായും, മാസിഡോണിയാക്കാർ, രാജാവു പരാജിതനായേക്കുമൊ എന്നു വിചാരിച്ചു വ്യാകുലതയുള്ളവരായും കാണപ്പെട്ടു. ന്യായ്യമായ വിധത്തിൽ കെട്ടഴിക്കുന്നതു പ്രയാസമെന്നു കണ്ടപ്പോൾ, 'അഴിക്കുന്ന വിധം ഏതുമാകട്ടെ' എന്നു പറഞ്ഞുകൊണ്ടു് അലക്സാണ്ടർ അതിനെ തൻെറ വാൾകൊണ്ടു മുറിച്ചു. അനന്തരം, ഏഷ്യയിലെ രാജാവാകുന്നതിനുള്ള അദ്ദേഹത്തിൻെറ ശ്രമമെല്ലാം വിജയകരമായിത്തീരുമെന്നുള്ളതിനു ലക്ഷ്യങ്ങൾകണ്ടു. ഇതിനിടക്കു് അസാധാരണബുദ്ധിശാലിയും പേർഷ്യൻസൈന്യനേതാവുമായ മെമ്നൺ മരിച്ചുപോയിരുന്നു. അതൻറിപ്പുററർ ഫിനീഷ്യാക്കാരുടെ കുറെ കപ്പലുകൾ പിടിച്ചടക്കിയെന്ന വാർത്ത അലക്സാണ്ടർക്കു കിട്ടി.

കപ്പഡോഷ്യായും പാഫ്ളഗോണിയായും കൈവശപ്പെട്ടുത്തിയതിൻെറ ശേഷം, ബി. സി. 333-ൽ സൈലീഷ്യായിലെ പ്രവേശനദ്വാരങ്ങൾ എന്നു വിളിക്കപ്പെട്ട ടാറസി(Taurus)ലെ പ്രധാന വിദരത്തിലേക്കു് അലക്സാണ്ടർ പുറപ്പെട്ടു. അദ്ദേഹത്തിൻെറ സൈന്യത്തെ കണ്ടപ്പോൾ ശത്രുക്കൾ അമ്പരന്നു പോയി. രാജ്യവാസികൾ നാടുവിട്ടു ഓടി. പ്രഭാതത്തിൽ പ്രവേ

ശനദ്വാരത്തിൽക്കൂടി കടന്നു് അലക്സാണ്ടർ സൈലിഷ്യായിൽ പ്രവേശിച്ചു. ഈ രാജ്യത്തിനു പേർഷ്യാക്കാർ മെമ്നന്റെ ഉപദേശമനുസരിച്ചു് അനേകം നാശങ്ങൾ ചെയ്തിരുന്നു. ഇടുങ്ങിയ വിദ്വാരത്തിൽക്കൂടി ഓരോ വരിയിൽ നന്നാലുപേർ വീതം അലക്സാണ്ടരുടെ സൈന്യം കടന്നപ്പോൾ, വിദ്വാരത്തിന്റെ ഇരുഭാഗങ്ങളിലുമുള്ള മലകളിൽ നിന്നു പേർഷ്യാക്കാർക്കു് അവരെ കല്ലെറിഞ്ഞു കൊല്ലാമായിരുന്നു. പക്ഷേ, പേർഷ്യാക്കാർ ഓടിപ്പോയതിനാൽ അതു സാധിച്ചില്ല. ടാർസസി (Tarsus)നെ നിരുപയോഗമാക്കിത്തീർക്കാൻ അവർ ആരംഭിച്ചപ്പോഴാണു് അലക്സാണ്ടർ പ്രയാസപ്പെട്ടു് അവിടെ എത്തിയതു്. പ്രകൃതിയാൽ സുരക്ഷിതമാക്കപ്പെട്ട ഒരു പ്രവിശ്യ പേർഷ്യാക്കാർ ഉപേക്ഷിക്കാൻ നിർബ്ബന്ധരായി.

സെൻറുപോളിന്റെ ജനനസ്ഥലവും റോമൻ ചക്രവർത്തിയായിരുന്ന ജൂലിയ (331-363 A D)ന്റെ അന്ത്യകാലത്തിലെ വിശ്രമസ്ഥാനവുമായ ടാർസസു, സിഡ്നസു (Cydnus) നദീതീരത്തിൽ സ്ഥിതി ചെയ്ത ഒരു പ്രധാന നഗരമായിരുന്നു. വടക്കോട്ടു് ഏഷ്യാമൈനറിലേക്കുള്ള മാർഗ്ഗമായ സൈലീഷ്യൻ (Cilician) പ്രവേശനദ്വാരങ്ങളിലേക്കും കിഴക്കോട്ടു സിറിയായിലേക്കുള്ള വഴിയായ സിറിയൻ പ്രവേശനദ്വാരങ്ങളിലേക്കും ഉള്ള റോഡുകൾ ഇവിടെ നിന്നുമാണു് ആരംഭിച്ചതു്. അലക്സാണ്ടർ ടാർസസിലെത്തിയപ്പോൾ അദ്ദേഹത്തിനു പനിയുടെ ഉപദ്രവമുണ്ടായിരുന്നു. അത്യുഷ്ണകാലത്തിൽ [1] സിഡ്നസു നദിയിൽ

൧. ഇപ്പോൾ ടെർസ്സുസു-ചെയു് എന്നു വിളിക്കപ്പെടുന്നു

സ്നാനം ചെയ്തതിനാൽ അതു വദ്ധിച്ചു. തന്റെ ബാല്യകാലത്തിലെ ഡാക്ടരായിരുന്ന അക്കർനേനിയായിലെ ഫിലിപ്പ് ഒഴിച്ചുള്ളവരെല്ലാം അലക്സാണ്ടർ മരിക്കുമെന്നു വിചാരിച്ചു. വയറിളകുന്നതിന് അദ്ദേഹത്തിന് ഒരു ഡോസുമരുന്നു ഫിലിപ്പു കൊടുക്കാൻ ഭാവിച്ചപ്പോൾ, അദ്ദേഹത്തിനെ വിഷം കൊടുത്തു കൊല്ലുന്നതിനു ദേരിയസു, ഡാക്ടൎക്കു കൈക്കൂലി കൊടുത്തിട്ടുണ്ടായിരുന്നുവെന്നു കാണിച്ചുള്ള പാർമീനിയോവിന്റെ ഒരെഴുത്ത് ഒരു ദൂതൻ രാജാവിനെ ഏല്പിച്ചു. അലക്സാണ്ടർ അതു വായിച്ചതിന്റെ ശേഷം ഡാക്ടരുടെ കൈയിൽ കൊടുത്തു. അദ്ദേഹം അതു വായിച്ചും കൊണ്ടുതന്നെ കോപ്പയിൽ മരുന്നൊഴിച്ചു രാജാവിനു കൊടുത്തു. ഔഷധത്തിന്റെ വീര്യം മൂലം സംസാരിക്കുന്നതിനു പോലും ശക്തിയില്ലാതെ അദ്ദേഹം കുറെനേരം ശയ്യയിൽ കിടന്നു. പിന്നീട് നല്ലഗുണം കിട്ടി. മൂന്നുദിവസം കൊണ്ട് അദ്ദേഹത്തിന്റെ സുഖക്കേടു ഭേദമായി. അതിനാൽ മരണപൎയ്യന്തം അലക്സാണ്ടർ, ഫിലിപ്പിനോട് അതീവ കൃതജ്ഞതയുള്ളവനായിരുന്നു. പാർമീനിയോവിനെപ്പററി സ്വല്പം പുച്ഛരസമില്ലാതിരുന്നില്ല. മാസിഡോണിയാക്കാർ കിഴക്കോട്ടു കടക്കാൻ താമസിച്ചതിന്റെ കാരണം അധൈൎയ്യമാണെന്നു ദേരിയസു വിചാരിച്ചു. ഈ താമസംമൂലം ഒരു ശക്തിമത്തായ സൈന്യത്തെ ശേഖരിക്കാൻ പേർഷ്യൻ രാജാവിനു സാധിച്ചു.

ടാർസസിൽ നിന്നും സിറിയൻ പ്രവേശന ദ്വാരങ്ങൾ പിടിച്ചടക്കുന്നതിന് അലക്സാണ്ടർ പാർമീനിയോവിനെ അയച്ചു. അദ്ദേഹം അങ്കിയാലസു(Anchialus)

സന്ദർശിച്ചു. അസ്സീറിയായിലെ ഒടുവിലത്തെ രാജാവായ ശാർദനപാലസ്സ (Sardaupapalus) സ്ഥാപിച്ചതാണെന്നു് അറിയപ്പെട്ടിരുന്ന ഒരു പട്ടണത്തിൻെറ അവശിഷ്ടങ്ങൾ അവിടെ ഉണ്ടായിരുന്നു. അവിടെ ഒരു സ്മാരക സ്തംഭത്തിൽ അസീറിയൻ ലിപിയിൽ എഴുതിയിട്ടുള്ള ശിലാലേഖനം അലക്സാണ്ടർ കാണുന്നതിന്നിടയായി. അതു് ഇങ്ങനെയായിരുന്നു. "ആങ്കിയാലസ്സ, ടാർസസ്സ എന്നിവ ശാർദനപാലസ്സ ഒരു ദിവസം കൊണ്ടു പണികഴിപ്പിച്ചു. എന്നാൽ, അല്ലയൊ അപരിചിത! ഇഹലോകജീവിതത്തിൽ ഏററവും സുഖകരമായുള്ളതു ഇഷ്ടംപോലെ ആഹാരം കഴിക്കയും ഉല്ലാസമായിരിക്കയും ആകയാൽ നീ അപ്രകാരം ചെയ്ക."

പക്ഷെ, ഇതിലെ ഒടുവിലത്തെ പ്രസ്താവന അലക്സാണ്ടരുടെ അഭിപ്രായത്തിൽ നിന്നും എത്രയോ വിഭിന്നമായിരുന്നു.

ടാർസസിൽ നിന്നും അലക്സാണ്ടർ സോളി (Soli) എന്ന സ്ഥലത്തേക്കാണു പോയതു്. അവിടെ ഒരു കാവൽ സൈന്യത്തെ ആക്കിയിട്ടു്, അദ്ദേഹം ഉൾനാട്ടിൽ പ്രവേശിച്ചു്, ഏതാനും സിലീഷ്യാക്കാരെ തോല്പിച്ചു. സോളിയിലേക്കു തിരിച്ചു ചെന്നപ്പോൾ, ഹാലിക്കാർനസ്സസിലെ കോട്ട തൻെറ സൈന്യം കൈവശപ്പെടുത്തി എന്നും, കേരിയാക്കാർ കീഴടങ്ങാൻ തയ്യാറാണെന്നുമുള്ള സന്തോഷവാർത്ത അദ്ദേഹത്തിനു ലഭിച്ചു. തൻെറ സുഖക്കേടു ഭേദമായതിനാൽ അസ്ക്ലിപിയസ്സ ദൈവത്തിനു വേണ്ടി ബലികൾ കഴിക്കയും പലതരത്തിലുള്ള കളികൾ കളിപ്പിക്കയും ചെയ്തു. സോളിയിൽ നിന്നും മാല്ലസി(Mallus)ൽ എത്തിയ

പ്പോൾ, സിറിയൻ പ്രവേശന ദ്വാരങ്ങളിൽ നിന്നും രണ്ടു ദിവസത്തെ വഴിക്കപ്പുറം ഡേറിയസു പാളയം അച്ചടിച്ചിരിക്കയാണെന്ന് അദ്ദേഹം അറിഞ്ഞു.

---

## അദ്ധ്യായം ൩.

## സിറിയാ, ഫിനിഷ്യാ ഇവ സ്വാധീനപ്പെടുത്തിയതു്.

ബി. സി. 333-ാമാണ്ടു് ശരൽകാലത്തിൽ ഇസ്സസിൽവെച്ചു് ഒരു മഹായുദ്ധം നടന്നു. ഒരു വലിയ സൈന്യത്തെ ശേഖരിച്ചു ഡേറിയസുതന്നെ സിറിയായിലെ മൈതാനത്തിൽ വെച്ചു് അലക്സാണ്ടരോടു യുദ്ധത്തിനു സന്നദ്ധനായി. ശത്രുക്കളുമായി നേരിടുന്നതിനു ഡേറിയസു് അക്ഷമയുള്ളവനായി കാണപ്പെട്ടു. 600,000 പടയാളികൾ ഉണ്ടായിരുന്നതുകൊണ്ടു യുദ്ധത്തിൽ ജയം തനിക്കാണെന്നു ഡേറിയസു തീർച്ചപ്പെടുത്തി. തൻെറ വിശ്വാസത്തെ സ്ഥിരീകരിക്കുന്ന ഒരു സ്വപ്നം അദ്ദേഹം കണ്ടു. മാസിഡോണിയൻ പടയണി മുഴുവൻ തീയിലകപ്പെട്ടുവെന്നും, മുൻപു ഡേറിയസ് ധരിച്ചിരുന്ന വസ്ത്രവും ധരിച്ചു അലക്സാണ്ടർ തൻെറ ഭൃത്യനായി അനുഗമിച്ചുവെന്നും, അതിൻെറ ശേഷം 'ബീലസു ദേവൻെറ ആലയത്തിൽ കയറി അപ്രത്യക്ഷനായിയെന്നുമായിരുന്നു ഡേറിയസിൻെറ സ്വപ്നം. അതിനെ, അദ്ദേഹത്തിനു സന്തോഷവും സമാധാനവും ഉണ്ടാകത്തക്കവിധത്തിൽ ഒരു പാർസിപുരോഹിതൻ

വ്യാഖ്യാനിച്ചു. പക്ഷേ, അതു മാസിഡോണിയാക്കാക്ക വരാൻ പോകുന്ന ഗുണത്തെ ആയിരിക്കാം സൂചിപ്പിച്ചതു്. അലക്സാണ്ടർ ദേരിയസിനെപ്പോലെ ഏഷ്യയുടെ അധിപനായിത്തീരുമെന്നും, എന്നാൽ അദ്ദേഹം കാലവിളംബം കൂടാതെ ഇഹലോകവാസം വെടിയുമെന്നും, അദ്ദേഹത്തിൻെറ ഖ്യാതി എന്നെന്നേക്കും ലോകത്തിൽ നിലനിൽക്കുമെന്നുമുള്ളതാണു് ശരിയായ വ്യാഖ്യാനമെന്നു അനന്തരസംഭവങ്ങളിൽനിന്നും നമുക്കു വിശ്വസിക്കാൻ ന്യായമുണ്ടു്. 9616

അലക്സാണ്ടർ സൈലിഷ്യയിൽത്തന്നെ താമസിച്ചു. താൻ തന്നെ ഒരു മഹാസൈന്യത്തെ നയിക്കുന്നുവെന്നു കേട്ടതുകൊണ്ടായിരിക്കാം അലക്സാണ്ടരെ കാണാത്തതെന്നു വിചാരിച്ചു, സന്നാഹങ്ങളെ യുദ്ധക്കളത്തിൽ നിന്നും അയച്ചിട്ടു, ദേരിയസു അദ്ദേഹത്തെ അന്വേഷിച്ചു നടന്നു. "സിറിയൻ പ്രവേശദ്വാരങ്ങൾ" വഴി അലക്സാണ്ടർ സിറിയായിലേക്കു പ്രവേശിച്ചപ്പോൾ "അമാനിക്കു പ്രവേശനദ്വാരം" വഴി ദേരിയസു, സൈലിഷ്യയിൽ കടന്നു. ദേരിയസിൻെറ സൈന്യത്തെ തോല്പിക്കുന്നതു് അലക്സാണ്ടക്കു ദുസ്സാദ്ധ്യമായിരുന്നുവെന്നാണു് ഏഷ്യാക്കാരും ഗ്രീക്കുകാരും വിശ്വസിച്ചിരുന്നതു്.

ദേരിയസിൻെറ യാത്രയെപ്പററി അലക്സാണ്ടർക്കു മനസ്സിലായപ്പോൾ, അദ്ദേഹം മടങ്ങി ഇസ്സസ്സിൽ എത്തി. മൂന്നു മൈൽ വീതിയുള്ള കടലോരമായ ഒരു മൈതാനത്തിൽ വെച്ചാണു ദേരിയസിൻെറ സൈന്യത്തെ അലക്സാണ്ടർ കണ്ടുമുട്ടിയതു്. ആ സൈന്യം വലുതായിരുന്നുവെന്നു മുൻപു പറഞ്ഞുവല്ലോ. അവിടെ

വെച്ചു യുദ്ധം ചെയ്യുന്നതിനുള്ള സൗകര്യം തീരെ കുറവായിരുന്നു. പടിഞ്ഞാറോട്ടൊഴുകി ഇസ്സസ്സ് ഉൾക്കടലിൽ വീഴുന്ന പിനാരസ്സ (Pinarus) നദിയുടെ ഇരു കരകളിലുമായി രണ്ടു സൈന്യങ്ങളും അണിനിരന്നു നിന്നു. മലയുടെമുകളിൽ സ്ഥലം പിടിച്ചിരുന്ന ശത്രുസൈന്യം തന്റെ സൈന്യത്തിന്റെ നേക്കു ചാട്ടുകുന്തങ്ങൾ അയച്ച് അതിനെ നശിപ്പിക്കാതിരിക്കുന്നതിനു, മുൻ പറഞ്ഞ നദിയുടെ തെക്കുഭാഗത്തായി (കഴിയുന്നതും സമുദ്രത്തോട്ട് അടുത്ത് ഇടത്തുവശം സമുദ്രവും വലത്തുവശം പർവ്വതവും) സൈന്യസമേതം അലക്സാണ്ടർ നിന്നു. അതേ സമയം തന്നെ തന്റെ വലത്തു ഭാഗത്തുള്ള സൈന്യത്തെ ശത്രുക്കൾ വളയാതിരിക്കുന്നതിനും അദ്ദേഹം സൂക്ഷിച്ചു. ശത്രുക്കളെ മുമ്പോട്ടു വിടാതിരിക്കാൻ അലക്സാണ്ടർ അയച്ച സൈന്യത്തെ കണ്ടപ്പോൾ തന്നെ കുന്നിന്റെ മുകളിൽ നിന്നിരുന്ന ഏഷ്യാക്കാർ ഓടിക്കളഞ്ഞു. അലക്സാണ്ടരുടെ സൈന്യത്തിന്റെ പാർശ്വങ്ങളെ ആക്രമിക്കുന്നതിനു ഡേരിയസ്സ നിയോഗിച്ച സൈന്യം പരാജയപ്പെടുകയാണു ചെയ്തതു്.

തന്റെ സേനയെ ധൈര്യപ്പെടുത്താൻ ചാതുര്യത്തോടുകൂടി അലക്സാണ്ടർ ഒരു പ്രസംഗംചെയ്തു. അതു തീർന്നപ്പോൾ, യുദ്ധത്തിനു തങ്ങളെ നയിക്കണമെന്നു മാത്രമേ തങ്ങൾ ആഗ്രഹിക്കുന്നുള്ളുവെന്നു് അവരെല്ലാവരും ഉറക്കെ പറഞ്ഞു. പിനാരസ്സ നദിവരെ അദ്ദേഹം തന്നെ അവരെ പതുക്കെ നയിച്ചു കൊണ്ടു പോയി. നദികടന്നു് അവർ എതിർകരയിൽ എത്തി. ഗ്രനൈക്കസ്സിൽവെച്ചു നടന്നതുപോലെ ഇവിടെയും അശ്വസൈന്യങ്ങൾ തമ്മിൽ ഒരു യുദ്ധം ഉണ്ടായി.

സൈന്യത്തിൻെറ മദ്ധ്യഭാഗത്തിൽ രഥത്തിൽ ഇരുന്നു വനും പ്രഭുക്കളാൽ ആവൃതനുമായ ഡേരിയസിൻെറ അടു ക്കൽ ചെല്ലുന്നതിന്ന് അലക്സാണ്ടർ ശ്രമിച്ചു. ഡേരി യസിൻെറ സഹോദരനും അംഗരക്ഷകനുമായ ഓക്സാ ത്രേസു (Oxathres) സദാ ജാഗരൂകനായി കാണപ്പെട്ടു. പേർഷ്യൻരാജാവിനു വേണ്ടി ശത്രുക്കളുമായി യുദ്ധം ചെയ്തു പേർഷ്യാക്കാർ രഥത്തിനു ചുററും മരിച്ചു കിട ന്നിരുന്നു. ഡേരിയസിൻെറ അടുക്കൽ ചെല്ലുന്നതിനുള്ള ശ്രമത്തിന്നിടയിൽ അലക്സാണ്ടരുടെ തുടയ്ക്കു് ഒരു മുറി വേററു. ഡേരിയസു തൻെറ രഥം ഓടിച്ചു പോകുന്ന തിനു ഭാവിച്ചു. പക്ഷെ ഭൂമി സമതലമല്ലാതിരുന്ന തിനാൽ രഥത്തിൽ നിന്നും ചാടി, രഥം, പരിശ, വസ്ത്രം, വില്ലു മുതലായവ ഉപേക്ഷിച്ചിട്ടു, തയ്യാർചെയ്തു നിത്തിയിരുന്ന കുതിരപ്പുറത്തു കയറി അദ്ദേഹം അവി ടം വിട്ടു. ഡേരിയസിൻെറ സൈന്യത്തിൽ അധികം ഭാഗവും പോർക്കളം വിട്ടു ഓടി. കഴിയുന്നതും വേഗ ത്തിൽ ഓടാൻ പടയാളികൾ അവരുടെ കവചങ്ങളെ ഊരി എറിഞ്ഞുവത്രെ. ഇവരെ പിന്തുടരുന്നതിന് അലക്സാണ്ടർ ആഗ്രഹിച്ചെങ്കിലും, തൻെറ വാമപാ ർശ്വസ്ഥസേനയെ സഹായിക്കേണ്ടിയിരുന്നതിനാൽ അഭ്രഗ്രഹത്തിനു മടങ്ങേണ്ടിയിരുന്നു. പേർഷ്യൻസൈ ന്യത്തിൻെറ ദക്ഷിണപാർശ്വസ്ഥസേന അലക്സാ ണ്ടരുടെ വാമപാർശ്വസ്ഥസേനയായ തെസ്സാലിയൻ കുതിരപ്പടയെ പുറകോട്ടു് ഓടിച്ചു. അപ്പോൾ തെസ്സാ ലെക്കാർ ഒരുമിച്ചുചെന്നു് അവരുടെ ശത്രുക്കളെ വധിച്ചു. അനന്തരം, ഓടിപ്പോയവരെ പിടികൂടാൻ അലക്സാ. ണ്ടർ പുറപ്പെട്ടു. പക്ഷേ, ഡേരിയസു വളരെ ദൂരത്തി

ലായിരുന്നു. സൂര്യാസ്തമനമായപ്പോൾ അദ്ദേഹം (അല ക്സാണ്ടർ)തിരിച്ചെത്തി. പേർഷ്യൻസൈന്യം അല ക്സാണ്ടരെ സൈലീഷ്യയിൽ കുടുക്കിയിരിക്കയാണെ ന്നു കേട്ടപ്പോൾ സ്പാർട്ടന്മാർക്കും അതീനിയന്മാർക്കും ക്രമ ത്തിലധികം സന്തോഷമുണ്ടായി. എന്നാൽ അദ്ദേഹ ത്തിനാണു വിജയം ലഭിച്ചുകൊണ്ടിരുന്നതെന്നു നാം കണ്ടുവല്ലൊ.

അലക്സാണ്ടർ തിരിച്ചു എത്തിയപ്പോൾ, തന്റെ ആളുകൾ പരാജിതന്മാരുടെ കൂടാരങ്ങളിൽ വെച്ചു മദ്യ പാനം ചെയ്തു കൂത്താടുന്നതായി അദ്ദേഹം കണ്ടു. പുത്ര ന്മാർ, കളത്രം, എന്നുവേണ്ട, ഡേറിയസ്സിന്റെ വസ്തുവ കകൾകൂടി അവർ അലക്സാണ്ടരെ ഏല്പിച്ചു. പേ ർഷ്യാക്കാരുടെ യുദ്ധസാമഗ്രികളിൽ അധികഭാഗവും ഡെമാസ്കസി(Damascus)ൽ ആയിരുന്നുവെങ്കിലും അവ രുടെ കൂടാരങ്ങളിൽ ധാരാളം വിലപിടിച്ച സാമാനങ്ങ ളുണ്ടായിരുന്നു. ധൂമ്രവർണ്ണത്തിലുള്ള വസ്ത്രങ്ങൾ, സ്വർണ്ണം വെള്ളി, വിലപിടിച്ച രത്നങ്ങൾ, ഇവ സുലഭമായി അവിടെ കിടക്കുന്നതു് അലക്സാണ്ടർ കണ്ടു. കുറേ ദൂരം പേർഷ്യാക്കാരെ പിന്തുടർന്നതിന്റെ ശേഷം, അദ്ദേ ഹം പിൻതിരിഞ്ഞു് ഇങ്ങനെ പറഞ്ഞു. "ഇനിയും നമുക്കു ശ്രമത്താലുണ്ടായ വിയർപ്പു ഡേറിയസ്സിന്റെ കുളിപ്പുരയിൽ വെച്ചു കഴുകികളയാം". ഉടനെ അദ്ദേ ഹത്തിന്റെ ഒരു സ്നേഹിതൻ അദ്ദേഹത്തോടു പറഞ്ഞു. "ഡേറിയസ്സിന്റെയോ! അല്ല, അലക്സാണ്ടരുടെ എന്നാണു പറയേണ്ടതു്."

പേർഷ്യൻ ചക്രവർത്തിയുടെ വസ്ത്രങ്ങൾ, ജലപാ ത്രങ്ങൾ വിശേഷരീതിയിൽ സ്വർണ്ണംകൊണ്ടു പണി

കഴിപ്പിച്ചിട്ടുള്ളതും സുഗന്ധ ദ്രവ്യങ്ങൾ സൂക്ഷിച്ചിട്ടുള്ളതുമായ ചെറു കപ്പികൾ, ഇവയെല്ലാം അലക്സാണ്ടർക്ക് സീമാതീതമായ കൗതുകത്തെ പ്രദാനം ചെയ്തു. ഡേരിയസിൻെറ ശയനമുറി, പാകശാല, മുതലായവ നോക്കിയതിൻെറ ശേഷം, "രാജാവ് എന്ന പേരിന് ഇദ്ദേഹം തന്നെ അർഹൻ" എന്ന് അലക്സാണ്ടർ ഉറക്കെ പ്രസ്താവിച്ചുവത്രെ. രാജാധിപത്യത്തെപ്പററി ചില നൂതനാശയങ്ങൾ അലക്സാണ്ടരുടെ ഹൃദയത്തിൽ ഇതിനു മുൻപുതന്നെ കടന്നുകൂടിയിരുന്നു.

അലക്സാണ്ടരും അദ്ദേഹത്തിൻെറ സ്നേഹിതന്മാരും സുഖമായി കുളിയും സുഗന്ധദ്രവ്യലേപനവും കഴിഞ്ഞു പലവിധ വിഭവങ്ങളോടുകൂടി ഊണു കഴിച്ചുകൊണ്ടിരിക്കുമ്പോൾ, സമീപത്തിലുള്ള ഒരു കൂടാരത്തിൽ ആരൊ ഏങ്ങിക്കരയുന്ന ശബ്ദം അവർ കേട്ടു. ഡേരിയസിൻെറ മരണം മൂലം അദ്ദേഹത്തിൻെറ മാതാവായ സിസിഗാമ്പിസും (Sisygambis) അതിസുന്ദരിയായ പത്നി സ്ലാറൈററാ(Statira)യും, കുട്ടികളും സങ്കടത്താൽ പുറപ്പെടുവിച്ച ശബ്ദമാണ് അതെന്ന് അന്വേഷണത്തിൽ അറിഞ്ഞു. തന്നിമിത്തം അലക്സാണ്ടർക്ക് ക്രമത്തിലധികം മനഃസ്ഥാപമുണ്ടായി ഡേരിയസു മരിച്ചിട്ടില്ലെന്ന് അവരെ അറിയിക്കാൻ അദ്ദേഹം ലിയോണാററ(Leonuatus)സിനെ അയച്ചു. എന്നാൽ, അയാൾ വരുന്നതു തങ്ങളെ വധിക്കാനാണെന്നുള്ള ഭീതി നിമിത്തം വല്ലതും സംസാരിക്കാൻ കൂടി ഡേരിയസ്സിൻെറ കുടുംബാംഗങ്ങൾക്കു കഴിഞ്ഞില്ല. ലിയോണാററസ് അവരുടെ കൂടാരത്തിൽ പ്രവേശിച്ച ഉടൻ തങ്ങളെ വധിക്കുന്നതിനു മുൻപു സകല ചടങ്ങുകളോടുംകൂടി ഡേരിയസ്സിൻെറ ശവസംസ്കാരം നടത്താൻ തങ്ങ

ളെ അനുവദിക്കണമെന്ന് അവർ അദ്ദേഹത്തോട് അഭ്യർത്ഥിച്ചു. എന്നാൽ ഒട്ടും താമസിയാതെ അദ്ദേഹം ദേരിയസ്സിൻെറ ബന്ധുമിത്രാദികളെ തൻെറ ദൃഢ മനസ്സിലാക്കി. ലിഃയാണാററസു തിരിച്ചെത്തി അവരുടെ ആഗ്രഹം അലക്സാണ്ടരെ അറിയിച്ചതുമുതൽ അദ്ദേഹം അവരോടു വളരെ ബഹുമാനത്തോടു കൂടി പെരുമാറി. ഇതു നിമിത്തം എല്ലാവരും അദ്ദേഹത്തെ സ്നേഹിക്കയും ആദരിക്കയും ചെയ്തു. തൻെറ മരണത്തിനു സ്വല്പംമുൻപു ദേരിയസ്സിൻെറ ഒരുപുത്രിയായ സ്റ്റാറൈറെറായെ അലക്സാണ്ടർ വിവാഹം കഴിച്ചു.

അലക്സാണ്ടരുടെ വിവാഹങ്ങൾ അനുരാഗത്തിൻെറ ഫലമായിരുന്നില്ല. സ്റ്റാറൈറെറായേയും, സോഗ്ദിയാനായിലെ ഓക്സിയാർട്ടിസി (Oxyartes) ൻെറ പുത്രിയായ റോക്സാന(Roxana)യും അദ്ദേഹം വിവാഹം ചെയ്തതു് രാഷ്ട്രീയമായ ഏതോ ഒരു ഉദ്ദേശത്തോടുകൂടിയായിരുന്നു. ഈ രണ്ടു സ്ത്രീകളും ലാവണ്യവതികളായിരുന്നുവെങ്കിലും അവർ തമ്മിലുള്ള അനൈകമത്യം മൂലം അദ്ദേഹത്തിനു കുണ്ഠിതമുണ്ടായി. റോക്സാനാ മറേറ സ്ത്രീയെ വധിച്ചു. ആൻറിപ്പേറററിൻെറ പുത്രനായ കസ്സാണ്ടർ റോക്സാനയെ കൊന്നു. അയാൾ ഒലിമ്പിയാസിനേയും അലക്സാണ്ടരുടെ മകനായ ഈജസിഃനയും വാളിനു് ഇരയാക്കി. ഇംഗ്ലീഷു നാടകകർത്താക്കൾക്കു് ഈ രണ്ടു പത്നികൾ തമ്മിലുള്ള മത്സരം ഒരു രസകരമായ വിഷയമായിത്തോന്നി. ഇതിനെ ഇതിവൃത്തമാക്കി ലി (Lee, 1655-92) എന്ന മഹാൻ രചിച്ചിട്ടുള്ള "Rival Queens" ഒരു വിശിഷ്ട ഗ്രന്ഥമാണു്. സ്റ്റാറൈറെറായുടെ ഭാഗം അഭിനയിച്ച മിസ്സസ്

ബെല്ലാമി (Mrs. Bellamy)നല്ല വസ്ത്രം ധരിച്ചിരുന്നതിനാൽ അവളെ പെഗ്ഗവാഫിങ്ടൺ(Pegvoffington) കഠിനമായി പ്രഹരിച്ചുവെന്നും, മിസ്സസ് ബൗട്ടവല്ലി (Mrs. Boutwell)ന്നു രംഗാദ്ധ്യക്ഷൻ പട്ടുകൊണ്ടുള്ള ഒരു പട്ടാംബരാവണം കൊടുത്തതിനാൽ അവളെ റോക്സാനായുടെ ഭാഗം അഭിനയിച്ച മിസ്സസ് ബാറി(Mrs. Barry) കുത്തിക്കൊന്നുവെന്നും കുറിക്കപ്പെട്ടിരിക്കുന്നു: അവളുടെ കുപ്പാസങ്ങൾ അവൾക്കു രക്ഷയായിത്തീൎന്നു. എന്നാൽ വാസ്തവത്തിലുള്ള സ്റ്റാറ്റൈറായ്ക്കു കുപ്പാസങ്ങൾ ഒന്നുമില്ലായിരുന്നു.

ഇസ്സസിൽ വെച്ചു ലഭിച്ച വിജയത്തെ അനുസ്മരിപ്പിക്കാൻ ഏഷ്യാമൈനറിൽ അലക്സാണ്ടർ ഒരു നഗരം സ്ഥാപിച്ചു. അലക്സാണ്ട്റെററ (Alexandretta)എന്ന പേരിൽ ഇന്നും ആ നഗരം ഉണ്ട്.

ദെമാസ്കസ്സിൽ സൂക്ഷിച്ചിരുന്ന ദേരിയസ്സിൻെറ പണം മുഴുവൻ കൈവശപ്പെടുത്തുന്നതിന് അലക്സാണ്ടർ പാർമീനിയോവിനെ അയച്ചു. അവിടെ സ്പാർട്ടാ, ആതൻസ്, ഇവിടങ്ങളിൽനിന്ന് ഓരോ ദൂതനും തീബ്സിൽ നിന്നു രണ്ടു ദൂതന്മാരും സന്നിഹിതരായിരുന്നതു പാർമീനിയൊ കണ്ടു. അലക്സാണ്ടൎക്കു വിപരീതമായി പ്രവൎത്തിക്കാനായിരുന്നു ഇവരെ ഗ്രീക്കുകാർ അയച്ചതു്. സ്പാർട്ടായിലെ രാജാവായ അഗിസ് (Agis) മററുള്ളവരേക്കാൾ കൂടുതലായി അലക്സാണ്ടൎക്കു പ്രതികൂലമായും, പേർഷ്യൻ രാജാവിന് അനുകൂലമായും പ്രവൎത്തിച്ചു.

അലക്സാണ്ടർ ഇവരെ ആരേയും വധിച്ചില്ല. സ്പാർട്ടനെ അദ്ദേഹം കാരാഗൃഹത്തിലാക്കി. മുൻപു തീബ

ന്മാക്ക് നല്കിയ ശിക്ഷയെക്കുറിച്ച് അദ്ദേഹം പശ്ചാത്ത പിച്ചു. അവരെ പിന്നീട്ട ശിക്ഷിച്ചേയില്ല. അതീനിയൻ, അദ്ദേഹത്തിന്ന വളരെ ബഹുമാനമുണ്ടായിരുന്ന ഇഫിക്രേററിസി(Iphicrates)ൻെറ പുത്രനായിരുന്നതിനാൽ അയാളെ തൻെറ ഒരു സ്നേഹിതനായി വിചാരിച്ചു.

യൂഫ്രേററീസിൻെറ കിഴക്കേ തീരത്തിൽ നിന്ന് അലക്സാണ്ടൎക്ക ഡേരിയസ്സ് ഒരെഴുത്തയച്ചു. യാതൊരു കാരണവും കൂടാതെ ആണ് അലക്സാണ്ടർ പേർഷ്യൻ സാമ്രാജ്യം ആക്രമിച്ചതെന്നും, തൻെറ മാതാവിനേയും പത്നിയേയും തൻെറ അടുക്കൽ വരുന്നതിന്ന സമ്മതിക്കണമെന്നും, താൻ ഒരു സമാധാനഉടമ്പടി ഉണ്ടാക്കാൻ തീർച്ചയാക്കിയിരിക്കുന്നുവെന്നും ഡേരിയസ്സ ലിഖിതത്തിൽ കാണിച്ചിരുന്നു. അലക്സാണ്ടർ ഇങ്ങനെ മറുപടി അയച്ചു. "നിങ്ങളുടെ പൂർവ്വികന്മാർ മാസിഡോണിയായേയും ഗ്രീസിൻെറ മററു ഭാഗങ്ങളേയും ആക്രമിക്കയും അകാരണമായി ഞങ്ങളെ പലവിധത്തിൽ ദ്രോഹിക്കയും ചെയ്തു. എൻെറ പിതാവിൻെറ വൈരികളായ പെരിന്തസ്സുകാരേയും അദ്ദേഹത്തെക്കൊന്ന ഘാതകന്മാരേയും നിങ്ങൾ രഹസ്യമായി സഹായിച്ചു. ഓക്കസ്സിൻെറ പുത്രനായ ആഴ്സസിനെ കൊന്നു പേർഷ്യയിലെ ചട്ടങ്ങൾക്കു വിപരീതമായി സിംഹാസനം കൈവശമാക്കി. എന്നോടു യുദ്ധം ചെയ്യാൻ യവനന്മാൎക്ക് എഴുത്തുകൾ അയക്കയും അതിനായി ലാസിഡിമോണിയാക്കാൎക്കും മററും പണം കൈക്കൂലി കൊടുക്കയും ചെയ്തു. തന്മൂലം ഗ്രീസിൽ ഞാൻ പരിപാലിച്ചുവന്ന സമാധാനത്തെ നിങ്ങളുടെ ദൂതന്മാർ ലംഘിച്ചു.

ഇവയെല്ലാം പ്രതികാരം ചെയ്യുന്നതിനാണു ഞാൻ ഇവിടെ വന്നിട്ടുള്ളതു്. ഞാൻ നിങ്ങളെ യുദ്ധത്തിൽ തോല്പിച്ചു് ഏഷ്യാഖണ്ഡത്തിന്റെ അധിപനായിരിക്കയാലാണല്ലോ നിങ്ങൾ എനിക്കു് എഴുതുന്നതു്. നിങ്ങൾ എന്റെ അടുക്കൽ വരുന്നതായാൽ, മാതാവു, ഭാൎയ്യ, കുട്ടികൾ ഇവരെ തിരിച്ചു ഏല്പിക്കാം. ഏഷ്യയുടെ അധിപനായി എന്നെ ഗണിച്ചു നിങ്ങളുടെ ആവശ്യങ്ങൾ എന്നെ അറിയിക്കുക. ഇതിനു വിപരീതമായി പ്രവൎത്തിച്ചാൽ നിങ്ങളെ ഒരു കുററാളിയായി വിചാരിക്കുന്നതാണു്. സാമ്രാജ്യത്തിനുവേണ്ടി ഒന്നുകൂടി യുദ്ധം ചെയ്യണമെന്നു നിങ്ങൾ ആഗ്രഹിക്കുന്നപക്ഷം അതിനും ഞാൻ തയ്യാറാണു്. നിങ്ങൾ ഇരിക്കുന്നിടത്തു ഞാൻ എത്തികൊള്ളാം."

സമുദ്രത്തിൽ വെച്ചു പേർഷ്യയുമായി യുദ്ധം ചെയ്യുന്നതിനുള്ള ആലോചന അലക്സാണ്ടൎക്കു് അല്പമെങ്കിലുമുണ്ടായിരുന്നില്ല. മാസിഡോണിയാക്കാർ കപ്പലോട്ടക്കാരല്ലായിരുന്നു. യവനന്മാരെ വിശ്വസിക്കാനും നിവൃത്തിയില്ലായിരുന്നു. പേർഷ്യാക്കാരുടെ കപ്പലുകളുടെ അധികഭാഗവും ഫിനീഷ്യ, മുതലായ രാജ്യങ്ങളിൽ നിന്നുമാണു് അയക്കപ്പെട്ടതു്. അതുകൊണ്ടു ഫിനീഷ്യയെ ആക്രമിക്കുന്നതിനു് അലക്സാണ്ടർ നിശ്ചയിച്ചു.

ഫിനീഷ്യയുടെ തീരത്തിലെ പ്രാധാന്യമേറിയ ടയർ(Tyre) പട്ടണനിവാസികൾ മാത്രമേ സ്വതന്ത്രന്മാരായിരുന്നുള്ളു. ഷാൽമനേസർ (Shalmaneser) അതിനെ അഞ്ചു വർഷവും നെബുക്കാദ്നെസ്സർ(Nebuchad-nezzer) പതിമൂന്നു വർഷവും നിരോധിച്ചു. ഒടുവിൽ നെബുക്കാദ്നെസ്സറിനു കപ്പം കൊടുക്കാമെന്നു ടയറി

ലെ രാജാവു സമ്മതിച്ചു. ഇക്കാലത്തു ടയർ പേർഷ്യയിലെ രാജാവിന്ന് അധീനമായിരുന്നു. ഹെറാക്ലീസിൻെറ ദേവാലയത്തിൽ വെച്ചു ബലി കൊടുക്കാൻ തനിക്ക് ഒരു അരുളപ്പാടുണ്ടായിട്ടുണ്ടെന്ന് അലക്സാണ്ടർ ഒരു ദൂതൻ മൂലം ടയറിലെ രാജാവിനെ അറിയിച്ചു. പേർഷ്യാക്കാരാകട്ടെ, മാസിഡോണിയാക്കാരാകട്ടെ പട്ടണത്തിനുള്ളിൽ പ്രവേശിച്ചുപോകരുതെന്നായിരുന്നു അവരുടെ മറുപടി. ടയർ പട്ടണവാസികളുടെ പ്രകൃതം തനിക്കു തീരെ രസിക്കാത്തതിനാൽ അവരെ വിട്ടു് അലക്സാണ്ടരെ സഹായിക്കാൻ അപ്പൊളൊ ദൈവം തീർച്ചപ്പെടുത്തിയിരിക്കുന്നുവെന്നു തങ്ങളോടു പറയുന്നതായി ടയർകാർ ഒരു സ്വപ്നം കണ്ടുവെന്നും, അവർ സ്വർണ്ണച്ചങ്ങലകൊണ്ടു് അപ്പൊളൊവിൻെറ പ്രതിമയെ ബലമായി ദേവാലയത്തിൽ പൂട്ടിയിട്ടുവെന്നും കഥകൾ ഉണ്ടു്. പട്ടണത്തിനു ചുററുമുള്ള കോട്ടയിൽനിന്നും അലക്സാണ്ടർക്കു ഹെർക്കലീസു കൈകൊടുക്കുന്നതായും അതിനുള്ളിൽ പ്രവേശിക്കാൻ അദ്ദേഹത്തോടു് ആജ്ഞാപിക്കുന്നതായും ഉറക്കത്തിൽ അദ്ദേഹത്തിനു തോന്നി. തൻെറ മുൻപിൽ കുറെ അകലെയായി ഒരു വനദേവത തുള്ളിച്ചാടി കളിച്ചുവെന്ന് അലക്സാണ്ടർ വേറൊരു സ്വപ്നംകണ്ടു. ആ ദേവതയെ പിടിക്കാൻ അദ്ദേഹം ശ്രമിച്ചുവെങ്കിലും അതു സാധിച്ചില്ല. ഒടുവിൽ ആ ദേവതക്കു ചുററും പല കുറി പ്രദക്ഷിണം വെച്ചും സ്തോത്രം ചെയ്തും അവളെ അദ്ദേഹം വശത്താക്കി.

വളരെ ക്ലേശം സഹിച്ചു് ആ ദ്വീപിനെ (Tyre) ആക്രമിക്കാൻ അലക്സാണ്ടർ തീരുമാനപ്പെടുത്തി.

PRESENTED BY:
SRI M. K. VASUDEVAN NAIR
MANIYARA VEEDU
MALAYINKIL

ടയർ തന്റെ കൈവശമായാൽ ഫിനീഷ്യാക്കാരുടെ നാവികസൈന്യം ലഭിക്കയും, ഈജിപ്റ്റു കൈവശമാകയും, മാസിഡോണിയായിലും ഗ്രീസിലും സമാധാനംപരിപാലിക്കാൻ സാധിക്കയും, സമുദ്രത്തിൽ തനിക്കുള്ള ശക്തി വർദ്ധിക്കയും ചെയ്യുമെന്നു അദ്ദേഹം വിശ്വസിച്ചു.

പുരാതന ചരിത്രത്തിൽ ടയർ നിരോധം ഏററവും രസാവഹമായിട്ടുള്ള ഒന്നാകുന്നു. ധൈര്യം, ക്ഷമ, സമരതന്ത്രനിപുണത ഇത്യാദി ഗുണങ്ങൾ അലക്സാണ്ടർ ടയർ ഉപരോധത്തിൽ പ്രത്യേകം പ്രദർശിപ്പിച്ചു. ടയറിയന്മാർക്കു പടക്കപ്പൽ ധാരാളമുണ്ടായിരുന്നതിനാൽ അവരെ പിടിച്ചടക്കുന്നതു പ്രയാസമായിരുന്നു. അതു കൊണ്ടു ഫിനീഷ്യായുടെ തീരത്തിൽ നിന്നും ദ്വീപിലേക്കു് ഇരുന്തൂറു് അടി വീതിയുള്ള ഒരു ചിറ അലക്സാണ്ടർ കെട്ടിച്ചു. കടലിടുക്കു (ഇതിന്റെ വീതി അരമൈലായിരുന്നു) തലനാട്ടിനു സമീപം ആഴം (ഉദ്ദേശം പതിനെട്ടു അടി) കൂടുതൽ ഉള്ളതായിരുന്നു. ചിറ കെട്ടാൻ തുടങ്ങിയ സ്ഥലത്തെ ഒഴുക്കു് ഒട്ടും കുറവായിരുന്നില്ല. കടലിടുക്കിലെ ചെളിയിൽ തൂണുകൾ നാട്ടി അവയ്ക്കിടയിൽ ലബാനോണി(Lebanon)ലെ പർവ്വതത്തിൽ നിന്നും പുരാതന ടയറിൽ നിന്നും അലക്സാണ്ടർ തടികളും കല്ലുകളും വരുത്തി ഇട്ടുവിച്ചു. നഗര (ടയർ)ത്തിനടുത്തു് അദ്ദേഹത്തിന്റെ ആളുകൾ വേല് ചെയ്തു കൊണ്ടിരിക്കുമ്പോളാണു ശത്രുക്കളിൽ നിന്നു് അവർക്കു പല വിഷമങ്ങൾ നേരിട്ടതു്. മൂന്നു വരി തണ്ടുവെച്ചു കെട്ടിയ പടകുകളിൽ ടയറിയന്മാർ കയറിച്ചെന്നു, ചിറകെട്ടിക്കൊണ്ടിരുന്ന അലക്സാണ്ടരുടെ വേലക്കാരെ

പലവിധത്തിൽ ഉപദ്രവിച്ചു. ഉടൻ, തടി കൊണ്ടു ചിറയിൽ രണ്ടു ഗോപുരങ്ങൾ അദ്ദേഹം പണി കഴിപ്പിച്ചു. (അഗ്നി മൂലം നശിക്കാതിരിക്കാൻ നല്ലതോൽ കൊണ്ടു് അവ പൊതിയപ്പെട്ടിരുന്നു). ഈ ഗോപുരങ്ങളിൽനിന്നു ടയറിയന്മാരുടെ കപ്പലുകളിലേക്കു മാസിഡോണിയാക്കാർ ചാട്ടുളിയും മററും മുറക്കു് എറിഞ്ഞുതുടങ്ങി. അപ്പോൾ ടയറിയന്മാർ ചൂട്ടു, ഉമി, ഉണങ്ങിയ വിറകു്, ഇവ കൊണ്ടു് ഒരു കപ്പൽ നിറച്ചു. അതിന്റെ ഒരഗ്രത്തിൽ രണ്ടു പാമരങ്ങൾ ഉറപ്പിച്ചു. അവയിൽ ഓരോന്നിലും രണ്ടു വലിയ വട്ടകകൾ തൂക്കിയിരുന്നു. ഇവയിൽ മുൻപറഞ്ഞ വസ്തുക്കളിട്ടു തീപിടിപ്പിച്ചു. ടി കപ്പൽ ടയറിയന്മാർ ചിറയിലേക്കു ഓടിച്ചു. കപ്പൽ ഊക്കോടുകൂടി ചിറയിൽ ഇടിക്കയാൽ അതിൽ (ചിറ) ഏതാനും ഭാഗം ഇടിഞ്ഞു പോയി. വട്ടകകളിൽനിന്നു ചിറയിലെ ഗോപുരങ്ങളിലേക്കു ടയർദ്വീപുകാർ തീ കോരി എറിഞ്ഞു. തൽഫലമായി ഗോപുരങ്ങൾ തീ പിടിച്ചു്, അവിടെയുള്ള ആളുകൾ മരിച്ചു. പടകുകളിലുള്ള ടയറിയന്മാർ, ഗോപുരങ്ങളിൽ നിന്നു സമുദ്രത്തിൽ ചാടിയവരേയും അഗ്നിജ്വാലകൾ അണക്കാൻ ഉത്സാഹിച്ചവരേയും ചാട്ടുളികൾ കൊണ്ടു് എറിഞ്ഞു അസഹ്യപ്പെടുത്തി. ഇതിനിടക്കു ടയറിൽ നിന്നും വന്നുകൊണ്ടിരുന്ന പടയാളികൾ ചിറക്കും മററും പലവിധ നാശങ്ങൾ ചെയ്തു. ഇതിനും പുറമെ, അവിചാരിതമായി ഉണ്ടായ ഒരു കൊടുങ്കാററു ടയർനിവാസികളുടെ ദ്രോഹകൃത്യത്തിനു സഹായമായിത്തീൎന്നു.

അലക്സാണ്ടർ ഇതൊന്നും കൂട്ടാക്കിയില്ല. ആദ്യത്തേതിനേക്കാൾ ബലമായി അടിസ്ഥാനമുറപ്പിച്ചു,

കൂടുതൽ ഗോപുരങ്ങളോടു കൂടിയ ഒരു ചിറ കാററിൻെറ ശല്യം ബാധിക്കാത്ത വിധത്തിൽ അദ്ദേഹം കെട്ടിച്ചു. എത്ര കാലം മാസിഡോണിയാക്കാർ ഇവിടെ വേല ചെയ്തുവെന്നു പറയാൻ പ്രയാസം. അവക്ക് ഒരു ദൈവാനുകൂല്യമുണ്ടായി. അവിടെയുള്ള ആളുകൾ അവരുടെ എല്ലാ കപ്പലുകളും, സൈപ്രസ്ദ്വീപിലെ രാജാക്കന്മാർ നൂററിരുപതു കപ്പലുകളും, അലക്സാണ്ടരുടെ സഹായത്തിനയച്ചുകൊടുത്തു. ഇവയുടെ സഹായത്താൽ അദ്ദേഹത്തിനു ടയർ പട്ടണത്തെ നിരോധിക്കുന്നതു് എളുപ്പമായിരുന്നു. സിഡണിൽനിന്നും ഈ വമ്പിച്ച പടക്കപ്പലുകളോടുകൂടി ആദ്യത്തെ നാവികയുദ്ധത്തിനായി അദ്ദേഹം പുറപ്പെട്ടു. സമുദ്രത്തിൽ വെച്ചു് അദ്ദേഹവുമായി യുദ്ധം ചെയ്യുന്നതിനു ടയറിയന്മാർ ജാഗരൂകന്മാരായിരുന്നു. പക്ഷേ, സൈപ്രിയായിലെയും ഫിനീഷ്യായിലെയും കപ്പലുകളെല്ലാം അദ്ദേഹത്തെ സഹായിക്കാൻ സന്നദ്ധമായിട്ടുണ്ടെന്നു് അറിഞ്ഞപ്പോൾ അവർ നിരുത്സാഹന്മാരായിത്തീർന്നു യുദ്ധത്തിൽനിന്നും പിൻമാറി. എന്നു വരികിലും, ടയറിൻെറ വടക്കു ഭാഗത്തും തെക്കുഭാഗത്തുമുള്ള തുറമുഖങ്ങളിൽ അവരുടെ പടകുകൾ യുദ്ധത്തിനു തയ്യാറായി കാണപ്പെട്ടു. ഇവ സിഡോണിയൻ തുറമുഖം, ഈജിപ്ഷ്യൻ തുറമുഖം, എന്നീ പേരുകളാൽ അറിയപ്പെട്ടിരുന്നു.

സൈപ്രിയൻ കപ്പലുകളെ സിഡോണിയൻ നാവികാശയത്തിനും ഫിനീഷ്യൻ കപ്പലുകളെ ഈജിപ്ഷ്യൻ നാവികാശയത്തിനും വെളിയിൽ അലക്സാണ്ടർ നിൎത്തി. അദ്ദേഹം തൻെറ ചിറയുടെ സമീപം നിന്നു. ഗോപുരങ്ങളിൽ നിന്നും പീരങ്കിപ്പട്ടാളം

മുറക്കു വെടി വെച്ചുകൊണ്ടിരുന്നു. ചിറയ്ക്കു് അഭിമുഖമായി തങ്ങളുടെ കോട്ടമതിലുകളിൽ പണികഴിപ്പിച്ച ഗോപുരങ്ങളിൽ നിന്നും ടയറിയന്മാരും വെടി വെച്ചു തുടങ്ങി. നൂററിഅൻപതടി ഉയരവും വളരെ വീതിയുമുള്ള മതിലുകളിൽ നിന്നു ടയറിയന്മാർ മുറക്കു വലിയ കല്ലുകൾ എറിഞ്ഞുകൊണ്ടിരുന്നതിനാൽ, അവക്കു സമീപം അശ്വങ്ങളേയും മററും കൊണ്ടു ചെല്ലുന്നതു ദുസ്സാദ്ധ്യമായിരുന്നു. മുൻ പറഞ്ഞ കല്ലുകൾ പിടിക്കുന്നതിനും തിരിപ്പുകുഴൽ മൂലം അവയെ സമുദ്രത്തിന്റെ ആഴമുള്ള ഭാഗത്തിൽ തള്ളുന്നതിനും അദ്ദേഹം ഏതാനും പേരെ ചട്ടം കെട്ടി ഒരു കപ്പലിൽ നിത്തിയിരുന്നു. എന്നാൽ ടയറിലെ മുങ്ങൽക്കാർ അതിന്റെ നങ്കൂരച്ചങ്ങലകളും മററും മുറിച്ചു കളഞ്ഞു. അനന്തരം ചുട്ടുപഴുത്ത മണ്ണും തിളക്കുന്ന ചേറും അവരുടെ തലയിൽ ടയറിയന്മാർ എറിഞ്ഞു: എവ്വിധമൊ മാസിഡോണിയാക്കാർ ടയർ പട്ടണത്തിന്റെ ഭിത്തികൾക്കു സമീപം എത്തി. നിവൃത്തിയില്ലെന്നായപ്പോൾ ദേവന്മാൎക്കു നരബലി കൊടുക്കാൻ കൂടി ദ്വീപുകാർ നിശ്ചയിച്ചു. ഒരു മദ്ധ്യാഹ്നസമയം, അലക്സാണ്ടർ തന്റെ പാളയത്തിലേക്കും അദ്ദേഹത്തിന്റെ കപ്പൽക്കാർ ഭക്ഷണശാലയിലേക്കും പോയ തക്കം നോക്കി, യുദ്ധനിപുണന്മാരായ ഏതാനും ടയറിയന്മാർ തങ്ങളുടെ കപ്പലുകളിൽ കയറിപ്പോയി സൈപ്രിയൻ കപ്പൽക്കൂട്ടത്തെ ആക്രമിച്ചു.

ആ ദിവസം അലക്സാണ്ടർ തന്റെ കൂടാരത്തിനു വെളിയിലായിരുന്നു. ഏതാനും ടയറിയൻ കപ്പലുകൾ സമുദ്രത്തിലേക്കു് ഇറങ്ങുന്നതു് അദ്ദേഹം കണ്ടപ്പോൾ

തന്റെ സൈന്യത്തെ സഹായിക്കാൻ ഒരു നാവികസേനയെ അലക്സാണ്ടർ അയച്ചു. ഉടനെ നഗരവാസികൾ തിരിച്ചു തുറമുഖത്തേക്കു് കപ്പലോടിക്കുന്നതിനു ശ്രമിച്ചു. പക്ഷേ, അദ്ദേഹം അവരുമായി ഒരുയുദ്ധം ചെയ്തു് അവരുടെ മിക്കകപ്പലുകളേയും നിരുപയോഗമാക്കിത്തീർത്തു. ചിറയ്ക്കുനേരെയുള്ള നഗരഭിത്തി ഇടിച്ചുകളയാൻ അദ്ദേഹത്തിനു സാധിക്കാഞ്ഞതിനാൽ അതിനു ചുററും കപ്പലോടിച്ചു് അതിന്റെ ഓരോ ഭാഗവും സൂക്ഷിച്ചുനോക്കി. ഒടുവിൽ അതിന്റെ ദക്ഷിണഭാഗം അത്ര ഉറപ്പില്ലാത്തതായി അദ്ദേഹം കണ്ടു. അതുകൊണ്ടു് ആ ഭാഗം തകർത്തു് ഒരു പാലംകെട്ടാൻ ഭാവിച്ചു. പക്ഷേ ടയറിയന്മാർ അതു തടസ്ഥപ്പെടുത്തി. അതിനാൽ അതിന്റെ എല്ലാവശങ്ങളും ആക്രമിക്കാൻ അദ്ദേഹം ചട്ടം കെട്ടി. അദ്ദേഹം, ഭിത്തിയുടെ ചില ഭാഗങ്ങൾ പൊളിപ്പിക്കയും ആ ഭാഗത്തേക്കു പാലംകെട്ടിക്കയും ചെയ്തു. പാലം വഴി മാസിഡോണിയാക്കാർ ഭിത്തിയെ പ്രാപിച്ചു് അതു കറയാൻ തുടങ്ങി. ആദ്യം തുനിഞ്ഞതു് ആദമിററസ്സ്(Admetes) എന്ന ആളായിരുന്നു. നിർഭാഗ്യവശാൽ ശത്രുഭാഗത്തുനിന്നും കുന്താ കൊണ്ടു് അയാൾ ഒരു കുത്തു ഏല്ക്കയും ഉടൻ മരിക്കയും ചെയ്തു. അനന്തരം കോട്ടമതിലുകൾ കടന്നു് അലക്സാണ്ടർ കൊട്ടാരത്തിൽ പ്രവേശിച്ചു. ഇതിനിടക്കു ഫിനീഷ്യായിലേയും സൈറിയായിലേയും കപ്പൽക്കൂട്ടങ്ങൾ ടയറിലെ രണ്ടു നൗകാശയങ്ങളിൽ പ്രവേശിച്ചു. ആ നഗര വാസികളുടെ കപ്പലുകളെ പിടിച്ചെടുത്തു. ടയറിയന്മാർ തങ്ങളുടെ ഗൃഹങ്ങളുടെ മുകളിൽ നിന്നും മാസിഡോണിയാക്കാരുടെ മേൽ കുറേനേരത്തേക്കു കല്ലുകൾ എറിഞ്ഞുകൊണ്ടിരുന്നു. അജി

നോറി (ടയർ, സിഡൺ, ഈ പട്ടണങ്ങളുടെ സ്ഥാപകനായ കദമസിൻെറ അച്ഛൻ)ൻെറ ക്ഷേത്രത്തിനു സമീപം വെച്ച് ഒരു യുദ്ധം നടന്നു. ഇതിൽ എണ്ണായിരം പേർ വധിക്കപ്പെട്ടുകയും മുപ്പതിനായിരം പേർ അടിമകളാക്കപ്പെട്ടുകയും ചെയ്തു. ഈ നിരോധത്തിൻെറ ഫലമായി, ബി. സി. 332-ാമാണ്ടു ആഗസ്റ്റുമാസാരംഭത്തിൽ ടയർ അലക്സാണ്ടർക്കു കീഴടങ്ങി.

ഈ ഉപരോധം ഏഴു മാസകാലം നില നിന്നു. അലക്സാണ്ടരുടെ ബുദ്ധിശക്തി, സ്ഥൈര്യം, എന്നിവക്ക് ഇതു പ്രത്യക്ഷോദാഹരണമാണ്. അക്കാലത്തു വാണിജ്യപരമായി ഏററവും പ്രാധാന്യമുണ്ടായിരുന്ന ഈ പട്ടണം അദ്ദേഹത്തിനു സ്വാധീനമായതിൻെറ ഫലമായി മദ്ധ്യധരണിക്കടലിൻെറ കിഴക്കേഭാഗത്തിൽ അലക്സാണ്ടരുടെ ആധിപത്യം വ്യാപിച്ചു. സിറിയാ, പലസ്റ്റയിൻ, എന്നീ രാജ്യക്കാർ അദ്ദേഹത്തിനു കീഴടങ്ങുന്നതിനുള്ള അടയാളങ്ങൾ കാണപ്പെട്ടു. അദ്ദേഹം കെട്ടിച്ച ചിറ ഒടുവിൽ തലനാട്ടിനെയും കോട്ടയെയും ചേർക്കുന്ന ഒരു കരയിടുക്കായിത്തീൎന്നു. കുറെക്കഴിഞ്ഞു് അലക്സാണ്ടറിയ എന്ന പട്ടണം സ്ഥാപിതമായതോടുകൂടി ടയറിൻെറ വാണിജ്യ പ്രാധാന്യം നിലച്ചു.

ടയർ നിരോധനാനന്തരം അലക്സാണ്ടർ ജെറൂസലമിലേക്കു തിരിച്ചു. ഈ യാത്ര ഡേരിയസിനെ സഹായിച്ച യഹൂദന്മാരെ ശിക്ഷിക്കുന്നതിനായിരുന്നു. അദ്ദേഹം അവിടെ എത്തിയപ്പോൾ, പൂജ്യന്മാരായ ഏതാനും സ്ഥലനിവാസികൾ അവരുടെ പ്രധാന പുരോഹിതനോടുകൂടി അദ്ദേഹത്തെ സാദരം എതിരേ

---

ഫ. ജൂലൈ മാസാവസാനത്തിലാണെന്നു ചിലർ പറയുന്നു.

ററു. അലക്സാണ്ടർ പുരോഹിതനെ കണ്ട ഉടൻ വളരെ വിനയത്തോടുകൂടി അടുക്കൽച്ചെന്ന് അദ്ദേഹത്തെ വണങ്ങി അദ്ദേഹം (പുരോഹിതൻ) ആരാധിച്ചുവന്ന ദൈവത്തെ സ്തുതിച്ചു.

അലക്സാണ്ടരുടെ സേവകന്മാർ ഇതു കണ്ടു വളരെ ആശ്ചര്യഭരിതന്മാരായി. അവരിൽ ഒരുവൻ, എല്ലാവരുടേയും ആരാധനാഭാജനമായിരുന്ന അലക്സാണ്ടർ നിസ്സാരന്മാരായി ഗണിക്കപ്പെട്ട ഒരു വർഗ്ഗക്കാരുടെ പുരോഹിതനോടു സ്നേഹബഹുമാനാദികൾ കാണിച്ചതിന്റെ കാരണമറിഞ്ഞാൽ കൊള്ളാമെന്ന് അപേക്ഷിച്ചു. "ഞാൻ പുരോഹിതനെയല്ല. അദ്ദേഹം ആരാധിക്കുന്ന ദൈവത്തെയാണു ബഹുമാനിച്ചതു്. എന്തുകൊണ്ടെന്നാൽ പേർഷ്യയെ ആക്രമിക്കുന്നതിനെക്കുറിച്ചു ഞാൻ ഡയ എന്ന സ്ഥലത്തുവെച്ച് ആലോചിച്ചുകൊണ്ടിരിക്കുമ്പോൾ, ഇപ്പോഴത്തെപ്പോലെ വസ്ത്രം ധരിച്ച് ഒരു പുരോഹിതൻ എന്റെ മുൻപിൽ നിൽക്കുന്നതായും അദ്ദേഹം ആരാധിക്കുന്ന ദൈവം, പേർഷ്യാക്കാരുമായുള്ള യുദ്ധത്തിൽ എനിക്കു വിജയം നേടിത്തരാമെന്നു വാഗ്ദാനം ചെയ്യുന്നതായും ഹെല്ലസ്സ്പോണ്ടു കടക്കുന്നതിന് എന്നെ ആജ്ഞാപിക്കുന്നതായും ഞാൻ ഒരു സ്വപ്നം കണ്ടു"

യഹൂദന്മാൎക്കു ചില രാഷ്ട്രീയാവകാശങ്ങൾ അലക്സാണ്ടർ അനുവദിച്ചുകൊടുത്തശേഷം, അലക്സാണ്ടർ ജറുസലേമിൽ നിന്നും ഗാസ(Gaza)യിലേക്കു പോയി.

കോട്ടകളാൽ ബലിഷ്ഠവും ടയറിനെക്കാൾ ഉറപ്പുള്ളതെന്നു വിചാരിക്കപ്പെട്ടിരുന്നതുമായ ഗാസ ഒഴിച്ചുള്ള പാലസ്റ്റയിനിന്റെ സമുദ്രതീരപ്രദേശം മുഴു

വൻ അലക്സാണ്ടർക്ക് അധീനമായി. ഫിനീഷ്യയിൽനിന്നും ഈജിപ്റ്റിലേക്കു പോകുന്ന മാർഗ്ഗം കാണുന്ന മട്ടുവിലത്തെ പട്ടണമാണ് ഗാസ. നാലു വശവും നല്ല ബലമുള്ള പ്രാചീരത്താൽ ചുററപ്പെട്ട ഒരു കുന്നിന്റെ മുകളിലായിരുന്നു ഈ പട്ടണത്തിന്റെ സ്ഥാനം. അലക്സാണ്ടർ ഈ പട്ടണത്തെ ആക്രമിക്കയും എതിർവശം മണ്ണിട്ട് ഉയർത്തി ഒരു കുന്നുപോലെ ആക്കുകയും ചെയ്തു. ടയർ ഉപരോധനത്തിന് ഉപയോഗിച്ച വലിയ തോക്കുകൾ ഈ കുന്നിന്മേലാണു വെച്ചതു്. യുദ്ധം തുടങ്ങുന്നതിനു മുൻപു അലക്സാണ്ടർ ഒരു ബലി നടത്തി. അപ്പോൾ ബലിപീഠത്തിന്റെ മുകളിൽക്കൂടി പറന്ന ഒരു കഴുകനിൽ നിന്നും ഒരു ചെറിയ കല്ലു രാജാവിന്റെ ശിരസ്സിൽ വീണു. ഈ നിമിത്തത്തിന്റെ അർത്ഥം, "അല്ലയോ രാജാവെ! അവിടുന്നു നഗരം പിടിച്ചടക്കും. എന്നാൽ അവിടുത്തെ ജീവനെ അവിടുന്നു് ഇന്നു സൂക്ഷിച്ചുകൊള്ളണം" എന്നാണു് എന്നു് അലക്സാണ്ടരുടെ കൂടെയുണ്ടായിരുന്ന ജ്യോത്സ്യൻ അദ്ദേഹത്തെ ധരിപ്പിച്ചു.

രണ്ടു മാസം കഴിഞ്ഞപ്പോൾ ഗാസാനഗരവും അലക്സാണ്ടർക്കു അധീനമായി. പക്ഷേ, ഇതിനെ നാലു പ്രാവശ്യം അദ്ദേഹത്തിനു് ആക്രമിക്കേണ്ടിവന്നു.

ഗാസാപട്ടണത്തിൽനിന്നും കൊള്ളയിട്ടെടുത്ത ദ്രവ്യത്തിൽ അധികഭാഗവും ഒലിമ്പിയാസ്സിനും ക്ലിയോപാററ്റാക്കും ചില സ്നേഹിതന്മാൎക്കും, അഞ്ഞൂറു ടാലൻറു തൂക്കമുള്ള കുന്തുരുക്കവും അൗറു ടാലൻറു തൂക്കമുള്ള നറുംപശയും ഗുരുവായ ലിയോണിദാസിനും, അലക്സാണ്ടർ അയച്ചുകൊടുത്തു. ലിയോണിദാസിനു് അയച്ച

എഴുത്തിൽ അദ്ദേഹം ഇപ്രകാരം എഴുതിയിരുന്നു. "ദേവപ്രീതിക്കായി മേലാലെങ്കിലും ധാരാളം ധൂപം പുകക്കുക."

റോമന്മാരുടെ കാലത്തു ടയർ പ്രാധാന്യത്തെ പ്രാപിച്ചുവെങ്കിലും പ്രാന്തപ്രദേശത്തിലെ ഒരു ഉത്തമപ്രാകാരമായി അലക്സാണ്ടർ ഗണിച്ച ഗാസാ അപ്പോൾ നിർജ്ജീവമായിരുന്നു. ടയറും ഗാസായും പിടിച്ചടക്കിയതു നിമിത്തം മററു് അനേകം സ്ഥലങ്ങൾ നിഷ്പ്രയാസം കരസ്ഥമാക്കാൻ അദ്ദേഹത്തിനു സാധിച്ചു.

---

## അദ്ധ്യായം ൭.

## അലക്സാണ്ടർ ഈജിപ്ററിൽ.

(1) അലക്സാണ്ടർ തടവുകാരാക്കിയവരെ മോചിപ്പിക്കണം (2) ഡേരിയസിന്റെ പുത്രിയെ പാണിഗ്രഹം ചെയ്യണം. (3) പതിനായിരം ടാലന്റു വാങ്ങിച്ചുകൊള്ളുകയും വേണം, ഈ കരാറിന്മേൽ യൂഫ്രെററീസു നദി അതിരായി വെച്ചുകൊണ്ടു തന്റെ സാമ്രാജ്യത്തെ ഭാഗിക്കാൻ മനസ്സാണെന്നു ഡേരിയസ്സ് ഒരെഴുത്തു മൂലം അലക്സാണ്ടരെ ധരിപ്പിച്ചു. "ഞാൻ അലക്സാണ്ടരായിരുന്നുവെങ്കിൽ ഈ വ്യവസ്ഥകൾക്കു സമ്മതിക്കുമായിരുന്നു"വെന്നു പാർമീനിയൊ പ്രസ്താവിച്ചപ്പോൾ, "ഞാൻ പാർമീനിയൊ ആയിരുന്നുവെങ്കിൽ അപ്രകാരം ചെയ്യേനെ,"എന്നു് അലക്സാണ്ടർ നിന്ദാപൂർവ്വം ഉത്തരം പറഞ്ഞു.

ഭൂലോകം മുഴുവൻ പിടിച്ചടക്കാൻ അലക്സാണ്ടർ ആഗ്രഹിച്ചുവെന്നതിനെപ്പററി അദ്ദേഹത്തിൻെറ അനുചരന്മാരിൽ ആക്കും സംശയമില്ലായിരുന്നു. ഏഷ്യാമൈനറിൽ ചെയ്തതുപോലെ, സിറിയായിലും ഫിനീഷ്യായിലും ഭരണം ശരിപ്പെടുത്തി. പാർമീനിയോവിനെ ഭരിക്കാൻ ആക്കിയിട്ട് അലക്സാണ്ടർ സിറിയായിൽ നിന്നും തിരിച്ചു, ഡമാസ്കസിലെത്തി. അവിടെ നിന്നും മാസിഡോണിയാക്കാർ ധാരാളം ദ്രവ്യം കൊള്ളയിട്ടെടുക്കയും തന്മൂലം അവർ സമ്പന്നന്മാരായിത്തീരുകയും ചെയ്തു. സൂസായിലും ബാബിലോണിലും ഇപ്രകാരം കൊള്ള നടത്താൻ അവർ വളരെ ആഗ്രഹിച്ചു.

പേർഷ്യാക്കാർ, ഗ്രീക്കുകാർ, റോമന്മാർ, അറബികൾ തുക്കികൾ, ഇംഗ്ലീഷുകാർ എന്നിവരാണു ബി. സി 525 മുതൽക്കുള്ള ഈജിപ്ററിലെ പരിഷ്കാരത്തിനു കാരണഭൂതന്മാർ. ഈ രാജ്യത്തിൻെറ ഫലപുഷ്ടിമൂലം ഇതിനെ പിടിച്ചടക്കാൻ പുരാതനകാലം മുതൽ പല മഹാശക്തികൾ കാംക്ഷിച്ചു. അവിടെ ബി. സി. 525-ാമാണ്ടു തൊട്ടുതന്നെ മതപരമായ കാൎയ്യങ്ങളെക്കുറിച്ചു ഭരണകർത്താക്കൾക്കും ഭരണീയക്കും തമ്മിൽ പല തെററിദ്ധാരണകൾക്കും ഇടയായിട്ടുണ്ടെന്നുള്ളതും സ്മരണീയമാണ്. മഹമ്മദീയർ ഭൂരിപക്ഷമുള്ള ഈജിപ്ററു ഭരിക്കുന്നതു ഭരണതന്ത്രനിപുണന്മാരായ ബ്രിട്ടീഷുകാക്കു തന്നെ കുറെ പ്രയാസമായിരിക്കെ, ഇസിസ് (Isis), ഒസിറിസ് (Osiris), എന്നീ ദേവന്മാരെ ആരാധിച്ചവരും ഉദ്ദേശം 2500 വർഷങ്ങൾക്കു മുൻപു ജീവിച്ചിരുന്നവരുമായ ഈജിപ്ററുകാരെ അടക്കി ഭരിക്കുന്നതു പേർഷ്യൻരാ

ജാവിന് അത്ര എളുപ്പമല്ലായിരുന്നുവെന്നു നമുക്കു ഊഹിക്കാമല്ലൊ. പേർഷ്യാക്കാർ ഈജിപ്റ്റിലെ ദേവന്മാരെ അപഹസിച്ചതുനിമിത്തം ഈജിപ്റ്റുകാർ വളരെ ക്ഷോഭിച്ചിരിക്കയായിരുന്നു. അലക്സാണ്ടർ തങ്ങളുടെ ഭരണകർത്താവാകുന്നപക്ഷം തങ്ങൾക്കു സ്വാതന്ത്ര്യം ലഭിക്കുമെന്ന് അവർ വിചാരിച്ചു. ഇസ്സസ്സ യുദ്ധത്തിന്റെ ഫലം, ഡേരിയസ്സിന്റെ പലായനം, സിറിയായിലെയും ഫിനീഷ്യായിലെയും പട്ടണങ്ങളിലെ കവർച്ചയും അവയുടെ അധഃപതനവും, മുതലായവയെപ്പററി ഈജിപ്റ്റിലെ സത്രപനായ മസാറീസ്സ (Mazaees) കേട്ടിരുന്നു. ഗാസായിൽ വെച്ചു ബാററിസിനു പററിയതുപോലെ തനിക്കും സംഭവിച്ചേക്കുമെന്നു മസാറിസ്സ വിചാരിച്ചതിനാൽ അലക്സാണ്ടർ ഈജിപ്റ്റിന്റെ വടക്കു ഭാഗത്ത് എത്തിയെന്നു കേട്ട ഉടൻതന്നെ സത്രപൻ ആ മഹാനു കീഴടങ്ങി. കപ്പൽസൈന്യത്തെ സമുദ്രമാർഗ്ഗം പെലൂസിയമിലേക്കു അയച്ചുംവെച്ച് അലക്സാണ്ടർ കരവഴി യാത്രചെയ്തു. യഥാകാലം അവർ പെലൂസിയമിലെത്തി. അവിടെ അലക്സാണ്ടർ കാവൽക്കാരെ പാർപ്പിച്ചു. ആധുനിക കൈറൊവിൽ നിന്നും പതിനാലു നാഴികക്കു തെക്കു സ്ഥിതി ചെയ്തതും, അക്കാലത്തെ ഒരു വാണിജ്യകേന്ദ്രവും തലസ്ഥാനവുമായ മെംബിസി (Memphis) ലേക്കു നൈൽ നദി മാർഗ്ഗം അദ്ദേഹം കപ്പൽസൈന്യത്തെ അയച്ചു. ഹീലിയൊപൊലിസ്സ കൈവശമാക്കാനുള്ള ഉദ്ദേശത്തോടുകൂടി മരുഭൂമിമാർഗ്ഗം കുറെ ദൂരം സഞ്ചരിച്ചതിന്റെ ശേഷം അലക്സാണ്ടർ മെംഫിസിൽ എത്തി. ടാ

(Ptah), അപിസു(Apis), എന്നീ ദേവന്മാൎക്ക ബലികഠം കൊടുത്തു് ആ മിഗ്രാസികളെ അദ്ദേഹം ക്രമത്തിലധികം സന്തോഷിപ്പിച്ചു. മെംഫിസിൽ വെച്ചു് അദ്ദേഹം നടത്തിയ വിനോദങ്ങഠം കാണുന്നതിനു ഗ്രീസിൻെറ നാനാഭാഗങ്ങളിൽ നിന്നും സുപ്രസിദ്ധന്മാരായ അനേകം മല്ലന്മാരും സംഗീതജ്ഞന്മാരും സന്നിഹിതരായിരുന്നു.

അലക്സാണ്ടർ ഈജിപ്റ്റിൽ ഭരണസംബന്ധമായ ചില ഏൎപ്പാടുകഠം ചെയ്തു. യവനന്മാരുടെ ഉപനിവേശത്തിനും കച്ചവടത്തിനും വളരെ സൗകൎയ്യമുള്ള രാജ്യമാണു് അതെന്നു് അദ്ദേഹത്തിനു മനസ്സിലായി. ഈജിപ്റ്റിലെ പ്രധാനാധിപതിയായി ഒരു യവനനേയും അദ്ദേഹത്തിൻെറ കീഴിൽ മാസിഡോണിയാക്കാരായ കുറെ ഗവർണർമാരേയും അവരുടെ താഴെ ഏതാനും നാട്ടുകാരേയും അദ്ദേഹം നിയമിച്ചു.

ഇസ്സസുയുദ്ധത്തിനു ശേഷം പേർഷ്യയിൽനിന്നും അലക്സാണ്ടർ കരസ്ഥമാക്കിയ സാധനങ്ങളിൽ ഒരു മൂല്യകരണ്ഡം ഉണ്ടായിരുന്നു. മുൻപു പറഞ്ഞിട്ടുള്ളതുപോലെ പ്രസ്തുത കരണ്ഡത്തിൽ താൻ ഏററവും ബഹുമാനിച്ചുവന്ന ഹോമർ മഹാകവി രചിച്ച ഇലിയാഡ് എന്ന പുസ്തകം വെക്കണമെന്നു് അദ്ദേഹം നിശ്ചയിച്ചു. ഇതു മൂലം ഹോമർ വളരെ സന്തുഷ്ടനായി എന്നും, ജരാനരയാൽ പീഡിതനായ ഒരു വൃദ്ധൻെറ രൂപത്തിൽ ആ മഹാകവി അലക്സാണ്ടൎക്ക പ്രത്യക്ഷപ്പെട്ടുവെന്നും, "ഈജിപ്റ്റിൻെറ സമുദ്രതീരത്തിൽ കല്ലോലാസ്ഫാലിതമായ ഫാരോസു(Pharos)എന്നുപേരുള്ള ഒരു ദ്വീപു് ഉണ്ടു്" എന്നൎത്ഥമുള്ള ഭാഗം താൻ

എഴുതിയ 'ഒഡീസ്സി'യിൽ നിന്നും ഹോമർ ഉദ്ധരിച്ചുവെന്നും അലക്സാണ്ടർ ഒരു സ്വപ്നം കണ്ടു.

96/6

ഏതാനും ഗ്രീക്കുകാരെ ഗ്രീസിൽനിന്നും ഈജിപ്റ്റിൽ കൊണ്ടുവന്നു താമസിപ്പിക്കണമെന്ന് അലക്സാണ്ടർ വിചാരിച്ചിരുന്നു. പക്ഷേ, അതു് ഏതുഭാഗത്തു വേണമെന്ന് അദ്ദേഹം തീർച്ചപ്പെടുത്തിയിരുന്നില്ല. എന്നാൽമേല്പറഞ്ഞ സ്വപ്നംമൂലം ആ സ്ഥലംഏതാണെന്ന് ഉറയ്ക്കുന്നതിനിടയായി. ഫാരോസിൽ അദ്ദേഹം അലക്സാണ്ട്റിയാ എന്ന പട്ടണം സ്ഥാപിച്ചു. ഈ ദ്വീപിലാണു ടോളമി രാജാക്കന്മാർ ലോകത്തിലെ സപ്താശ്ചര്യങ്ങളിലൊന്നായ ദീപസ്തംഭം പണികഴിപ്പിച്ചതു്. പക്ഷേ ഫാരോസു ഒരു ചെറിയ സ്ഥലമായിരുന്നതിനാൽ, അതിനു് അഭിമുഖമായിത്തന്നെ തലനാട്ടിൽ ബി. സി. 331-ൽ അദ്ദേഹം അലക്സാണ്ട്റിയ എന്ന പട്ടണം സ്ഥാപിച്ചു. അതിന്റെ അതിരുകൾ നിർണ്ണയിക്കുന്നതിനാണു് ആ മഹാൻ അടുത്തു ശ്രമിച്ചതു്. രാജാവു മുമ്പിൽ നടന്നു കാണിച്ചുകൊടുത്ത മാർഗ്ഗത്തിൽ തന്റെ ശിഷ്യൻ യവം ഇട്ടുകൊണ്ടുപോയി. എന്നാൽ ഈ ധാന്യങ്ങളെ പക്ഷികൾ കൊത്തിപ്പെറുക്കിക്കൊണ്ടു പൊയ്ക്കളഞ്ഞു. അദ്ദേഹത്തിന്റെ കൂടെയുണ്ടായിരുന്ന അറിസ്റ്റാണ്ടർ എന്ന ജ്യോത്സ്യൻ മേൽപ്രസ്താവിച്ച നിമിത്തം, പല രാജ്യങ്ങളിൽ നിന്നു വിദ്വാന്മാർ അവിടെ വന്നു താമസിക്കുമെന്നുള്ള സംഗതി സൂചിപ്പിക്കുന്നതാണെന്നു രാജാവിനെ അറിയിച്ചു. അനന്തരം അലക്സാണ്ടർ തന്നെ, ദേവാലയങ്ങൾ, ചന്തസ്ഥലങ്ങൾ മുതലായവയുടെ സ്ഥാനങ്ങൾ നിർണ്ണയിച്ചു.

1498-ാമാണ്ടു് വാസ്കോഡിഗാമ, ഗുഡ്ഹോപ്പു മുനമ്പുവഴി യൂറോപ്പിൽ നിന്നും ഇന്ത്യയിലേക്കുള്ള മാർഗ്ഗം കണ്ടുപിടിച്ചതുവരെ, അലക്സാണ്ട്റിയാ ഒരു പ്രധാന വാണിജ്യ കേന്ദ്രമായിരുന്നു. ബി. സി. ഒന്നാം ശതാബ്ദത്തിൽ ഈജിപ്റ്റു, റോമൻ സാമ്രാജ്യത്തിലെ ഒരു പ്രവിശ്യ ആയതുവരെ രാഷ്ട്രീയ സംഭവങ്ങൾ മൂലം അതിനുണ്ടായിരുന്ന പ്രസിദ്ധി ഒട്ടും കുറവായിരുന്നില്ല. കൂടാതെ ക്ലിയോപറ്റ്റായുടെ മരണപര്യന്തം ടാളമി വംശക്കാരുടെ തലസ്ഥാനമായിരുന്നു ഈ നഗരം. ഇതു യവന പരിഷ്ക്കാരത്തിന്റെ ഇരിപ്പിടമായിത്തീർന്നു. എ. ഡി. ഏഴാം ശതാബ്ദത്തിൽ മഹമ്മദീയർ ഈജിപ്റ്റു കൈവശമാക്കിയതുവരെ അലക്സാണ്ട്റിയാക്കു് ഈ ഉന്നതസ്ഥാനമുണ്ടായിരുന്നു. പുരാണ വസ്തുക്കളുടെ പരിത്രാണത്തിനു് ഇവിടത്തെ ശീതോഷ്ണാവസ്ഥ യോജിച്ചതായിരുന്നതിനാൽ അവ സുലഭമായി ഇവിടെ കാണപ്പെടുന്നു. ഇതിനും പുറമെ വിശിഷ്ടങ്ങളായ യവനപ്രമാണ ഗ്രന്ഥങ്ങളും മമ്മികളും ഈജിപ്റ്റിൽ സൂക്ഷിക്കപ്പെട്ടിട്ടുണ്ടു്. അലക്സാണ്ടർ ഈജിപ്റ്റു പിടിച്ചടക്കിയില്ലായിരുന്നുവെങ്കിൽ യവനന്മാരെപ്പറ്റി നമുക്കു് ഇത്രമാത്രം അറിവു ലഭിക്കയില്ലായിരുന്നു. വിദ്വാന്മാരായ ടാളമികളുടെ ഭരണം അവസാനിച്ചു് അധികകാലം കഴിഞ്ഞിട്ടും ക്രിസ്തുമത ചരിത്രത്തിന്റെ ആദ്യഘട്ടത്തിലെ ചില സംഭവങ്ങൾ അലക്സാണ്ട്റിയായിലാണു നടന്നതു്. [1] ഏരിയസിന്റെ മതം ഊർജ്ജിതത്തിൽ വ്യാപിച്ചതും അക്രമികളായ ചില ക്രിസ്ത്യാനികൾ [2] ഹിപാഷ്യാ (Hypatia) വിനെ വധിച്ചതും ഇവിടെവെച്ചായിരുന്നു.

---

൧. (A. D. 256-336) സുപ്രസിദ്ധ ആദ്ധ്യാത്മശാസ്ത്രജ്ഞൻ.
൨. (A. D. 350-415) പുരാതന കാലത്തെ ഒരു തത്വജ്ഞാനി

ദിനംദിനം പ്രാധാന്യത്തെ പ്രാപിച്ച അലക്സാണ്ട്റിയാപട്ടണത്തിലെ കാൎയ്യങ്ങൾ നോക്കാൻ അലക്സാണ്ടർ ക്ലിയോമിനിസി(Cleomenes)നെ ആക്കി. പുരാതനകാലത്തിലെ 'ഫാരൊരാജാക്കന്മാർ (Pharaoh) 'അമ്മൺ(Ammon,ന്റെ പുത്രന്മാർ' എന്നാണു് അറിയപ്പെട്ടിരുന്നതു്. ഈജിപ്റ്റുകാരെ വശത്താക്കാൻ താനും 'അമ്മണ്ന്റെ ഒരു പുത്രൻ' ആകുന്നതിനു് അലക്സാണ്ടർ നിശ്ചയിച്ചു. ഈ പ്രവൃത്തിയുടെ രഹസ്യം അക്കാലത്തു് ആൎക്കും മനസ്സിലാകാതിരുന്നതിനാൽ അദ്ദേഹത്തിനു് ഒരു ദുഷ്പേർ ഉണ്ടാക്കാൻ ഇതൊരു ഹേതുവായിത്തീൎന്നു. കൂടാതെ, ഇതു മൂലം അലക്സാണ്ടർ ഒരമാനുഷികനായിത്തീരാൻ ആഗ്രഹിച്ചുവെന്നു് അദ്ദേഹത്തിന്റെ സൈനികോദ്യോഗസ്ഥന്മാർ വിചാരിക്കയും അതു് അവൎക്കു് അദ്ദേഹത്തെപ്പറ്റി തെറ്റിദ്ധാരണയുണ്ടാകുന്നതിനു നിദാനമായിത്തീരുകയും ചെയ്തു. എന്നിട്ടും അദ്ദേഹം തന്റെ ഉദ്ദേശങ്ങളെ അവരോടു തുറന്നു പ്രസ്താവിച്ചില്ല ഒരിക്കൽ അദ്ദേഹത്തിനു യദൃച്ഛയാ ഒരു മുറിവേറ്റു് അതിൽ നിന്നും രക്തം പ്രവഹിച്ചു തുടങ്ങിയപ്പോൾ, "ഇതു സാക്ഷാൽ ദേവരക്തം തന്നെയാണു്" എന്നു് അലക്സാണ്ടർ പറഞ്ഞു.

സീവ (Siwah) എന്നു പേരുള്ള ശാദ്വലപ്രദേശത്തിലെ ഒരു സുപ്രസിദ്ധ ശ്രീകോവിലായിരുന്നു 'അമ്മൺ'ദേവതയുടെ ഇരിപ്പിടം. പെർസ്യൂസും ഹെറാക്ലീസും അതിനെ സന്ദൎശിച്ചിരുന്നു. കടൽത്തീരത്തുകൂടി അലക്സാണ്ടർ അലക്സാണ്ട്റിയായിൽ നിന്നും പുറപ്പെട്ടു നൂറ്റിഎൺപതു നാഴികനടന്നു പാരിട്ടോണിയ(Para-

ഫ. ഈജിപ്റ്റിലെ രാജാക്കന്മാരുടെ സ്ഥാനപ്പേർ. ഈ പദത്തിന്റെ സാക്ഷാൽ അൎത്ഥം 'വലിയ വംശം' എന്നാകുന്നു.

etonium)ത്തിൽ എത്തി. അവിടെവെച്ചാണ് സൈറീൻ (Cyrene)കാർ അദ്ദേഹത്തിനു കീഴടങ്ങിയതു്. പിന്നീടു് അദ്ദേഹം ഉൾനാട്ടിലേക്കു തിരിച്ചു. മഴയും മഞ്ഞും വീഴാത്തതും വൃക്ഷലതാദികൾ ഇല്ലാത്തതുമായ പ്രദേശത്തുകൂടി വളരെ ക്ലേശങ്ങൾ സഹിച്ചു് അദ്ദേഹം യാത്ര ചെയ്തു.

അലക്സാണ്ടർ എന്തിനാണു് ഇത്രയും കഷ്ടപ്പെട്ടതു്?. സീവായിലെ ദേവാലയത്തിൽനിന്നു, താൻ 'ജൂപിററരുടെ പുത്രനാ'ണെന്നു് ഒരു അരുളപ്പാടു ലഭിക്കുന്നതിനാണു് അദ്ദേഹം അങ്ങോട്ടു തിരിച്ചതെന്നു ചിലർ പറയുന്നു. ഇക്കാരണം ശരിയാകാനിടയില്ല. അദ്ദേഹത്തിൻെറ ഉദ്ദേശം അതായിരുന്നുവെങ്കിൽ പ്രസിദ്ധിയേറിയ തീബ്സിലെ ദേവാലയത്തിലേക്കു പോകുകയായിരുന്നു ഉത്തമം. തീബ്സിലേക്കുള്ള യാത്ര സീവായിലേക്കുള്ളതിനേക്കാൾ സുകരവുമായിരുന്നു. കാംബിസസു (Cambyses) തൻെറ സൈന്യത്തെ ലിബിയൻ (Libyan) മരുഭൂമിയിൽക്കൂടി നയിച്ചപ്പോൾ ഒരു മണൽകൊടുങ്കാററുണ്ടായി. അദ്ദേഹത്തിൻെറ ഭടന്മാരിൽ അനേകംപേർ മരിച്ച സംഗതി അലക്സാണ്ടർ ഓർത്തിരുന്നതുകൊണ്ടായിരിക്കാം ഒരു ചെറിയ രക്ഷാസംഘത്തെ മാത്രം കൂടെ കൊണ്ടുപോയതു്.

സീവായിലേക്കുള്ള യാത്രയെക്കുറിച്ചു 'മിടയിംസു' എന്ന ആംഗലേയ വർത്തമാനപത്രത്തിൽ ഒരു ലേഖകൻ എഴുതിയിരുന്നതു കുറേക്കൂടി യുക്തിക്കു ചേരുന്നതാണു്.. ആക്രമണത്തിനുള്ള മാർഗ്ഗങ്ങളെപ്പററി അലക്സാണ്ടർ വളരെ ആലോചിച്ചു. മുൻകാലത്തെ

ലിബിയാക്കാരുടെ കൊള്ളകൾ ഇന്നും അദ്ദേഹം ഓർത്തിരുന്നു. പടിഞ്ഞാറെ മരുഭൂമിയിൽനിന്നും ഏതെങ്കിലും ആപത്തുകൾ ഉണ്ടാകുമൊ ഇല്ലയൊ എന്നുള്ള വിവരം തീർച്ചപ്പെടുത്തേണ്ടതാണെന്ന് അദ്ദേഹം വിചാരിച്ചു. പേർഷ്യാ പിടിച്ചടക്കാമെന്ന് അദ്ദേഹം തീരുമാനിച്ചുവെങ്കിലും ഈജിപ്റ്റും ഗ്രീസും തനിക്കധീനപ്പെട്ടിരിക്കുമെന്നുള്ളതു നിശ്ചയപ്പെടുത്തേണ്ടിയിരുന്നു. അതുകൊണ്ടു സീവായിലേക്കുള്ള യാത്ര, അദ്ദേഹം സാമീക്ഷ്യകാരിത്വമുള്ളവരായിരുന്നുവെന്നു തെളിയിക്കുന്നു. യാത്രയുടെ ഫലമായി. സീവായിലെ ശാദ്വലസ്ഥലം ലിബിയായിലെ കൊള്ളക്കാരുടെ കേന്ദ്രസ്ഥാനമാകയില്ലെന്ന് അദ്ദേഹത്തിനു ബോധം വന്നു. 'ജൂപിററർ അമ്മൺ' അലക്സാണ്ടരുടെ അച്ഛൻ ആയിരുന്നൊ അല്ലയൊ എന്നു മുൻപുതന്നെ തീർച്ചയാക്കപ്പെട്ടിരുന്നു.

തെക്കൻകാററിൻെറ ശല്യംമൂലം മാർഗ്ഗങ്ങൾ അദൃശ്യങ്ങളായിരുന്നതിനാൽ അലക്സാണ്ടർക്കും സൈന്യത്തിനും സഞ്ചരിക്കാൻ പ്രയാസമായിരുന്നു. രണ്ടു പാമ്പുകൾ അവർക്കു വഴി കാണിച്ചുകൊടുത്തുവെന്നു ലാഗസി(Lagus)ൻെറപുത്രനും പില്ക്കാലം ഈജിപ്റ്റിലേയും ലിബിയായിലേയും ഭരണകർത്താവായിത്തീർന്ന ടാളമിയും, അതല്ല രണ്ടു കാകന്മാരാണ് അപ്രകാരം ചെയ്തതെന്നു രാജാവിൻെറ സഖാവായ അറിസ്റ്റോബുലസും (Aristobulus), കുറിച്ചിരിക്കുന്നു. ഏതായാലും അലക്സാണ്ടരുടെ ഈ യാത്രക്ക് ഏതോ ഒരു വിശേഷമുണ്ടായിരുന്നുവെന്നുള്ളതു നിശ്ചയം തന്നെ.

അലക്സാണ്ടരും മററും 'അമ്മൺ' ശാദ്വലത്തിലെത്തി. ഈന്തപ്പന, മുതലായ ഫലവൃക്ഷങ്ങളോടും

ശുദ്ധജലമായ അരുവിയോടുംകൂടിയ സുഖപ്രദമായ ഒരു സ്ഥലമായിരുന്നു ഇതു്. അലക്സാണ്ടർ ദേവാലയത്തിൽ ചെല്ലുകയും അദ്ദേഹം ഈജിപ്റ്റിലെ രാജാവാകുമെന്നു് ഒരുളപ്പാടുണ്ടാകയും ചെയ്തു. രഹസ്യവും രസകരവുമായ പല സംഗതികളും സംബന്ധിച്ച് അവിടെ നിന്നും താൻ അറിഞ്ഞുവെന്നും, പക്ഷെ അവയെ താൻ വെളിപ്പെടുത്തുകയില്ലെന്നും അലക്സാണ്ടർ തന്റെ അനുചരന്മാരോടു പറഞ്ഞു. എന്നാൽ ദേവാലയത്തിൽ ചെന്നു് അവരവരുടെ സംശയങ്ങൾ ചോദിക്കുന്നതിനു് അദ്ദേഹം തന്റെ അനുചരന്മാരെ അനുവദിച്ചു. അലക്സാണ്ടർക്ക് വാസ്തവത്തിൽ ദൈവത്വമുണ്ടായിരുന്നോ എന്നു ദേവാലയത്തിലെ പുരോഹിതനോടു അവർ ചോദിച്ചു. 'അമ്മൺ'ന്റെ ഒരു പുത്രനായിട്ടു് അദ്ദേഹത്തെ ഗണിക്കണമെന്നായിരുന്നു അവർക്ക് ലഭിച്ച മറുപടി.

അനന്തരം അലക്സാണ്ടർ ഈജിപ്റ്റിലെ സുപ്രസിദ്ധ തത്വജ്ഞാനിയായ സാമൊ(Psammo)വിനെ കണ്ടു. അദ്ദേഹവുമായുള്ള സംഭാഷണത്തിൽ അലക്സാണ്ടരെ അധികം സന്തോഷിപ്പിച്ചതു "സകല ചരാചരങ്ങളുടേയും ഭരണകത്താവാണു ദൈവം; എന്തുകൊണ്ടെന്നാൽ അവയിലെല്ലാം ഈശ്വരചൈതന്യം കാണുന്നു", എന്ന പ്രമാണവചനമായിരുന്നു. എന്നാൽ, അലക്സാണ്ടരുടെ പ്രമാണം കുറെക്കൂടി സ്വീകാര്യമാണു്, "ഈശ്വരൻ എല്ലാവരുടേയും പ്രത്യേകിച്ചും ധർമ്മിഷ്ഠന്മാരുടെ പിതാവാകുന്നു."

അലക്സാണ്ടരുടെ പ്രാഭവം അസഹ്യമായി തോന്നിയതു് അദ്ദേഹം ഈജിപ്റ്റു സന്ദർശിച്ചതു മുതല്ക്കാണെ

ന്നു ചില മാസിഡോണിയാക്കാർ അഭിപ്രായപ്പെട്ടിട്ടുണ്ട്. അദ്ദേഹത്തിനെ കഴിയുന്നത്ര ബഹുമാനിക്കാൻ അവർ സന്നദ്ധരായിരുന്നുവെങ്കിലും, അദ്ദേഹത്തിന്റെ അഹംഭാവത്തെ അവർ വകവെച്ചുകൊടുത്തില്ല. ഒരു സ്വേച്ഛാധികാരിയുടെ ഭരണം അവർ വെറുത്തു. അലക്സാണ്ടരോ ഒരു സ്വേച്ഛാധികാരിയായിത്തീരുകയായിരുന്നു. സൂസായും പെഴ്സിപൊലിസും ആ ജയശാലി സ്വാധീനപ്പെടുത്തിയതിന്റെ ശേഷമാണു് അദ്ദേഹത്തിന്റെ സ്വഭാവത്തിൽ ഈ മാററം വന്നുകൂടിയതെന്നാണു ചിലരുടെ മതം.

'അമ്മൺന്റെ പുത്രൻ' ശാദ്വലപ്രദേശത്തുനിന്നും തിരിച്ചു മെംഫിസിൽ ചെന്നു ചേരുകയും അവിടെ വെച്ചു ഫാരോയുടെ കിരീടം ധരിക്കയുംചെയ്തു. ആൻറിപേററർ അയച്ച പുതുപട്ടാളക്കാർ അവിടെ ഇക്കാലത്തു എത്തി. ഈജിപ്ററു വളരെ ഫലപുഷ്ടിയുള്ള ഒരു സ്ഥലമായിരുന്നതിനാൽ, അദ്ദേഹം അതിനെ ഭാഗിച്ചു് ഓരോ ഭാഗവും ഭരിക്കുന്നതിനു പ്രത്യേകം ഭരണകത്താക്കന്മാരെ ആക്കി. ഈജിപ്ററു റോമന്മാരുടെ കൈവശത്തിലായപ്പോൾ, അവരും ഈ ഭരണരീതിയാണു സ്വീകരിച്ചതു്.

ബി. സി. 331-ാമാണ്ടു വസന്തകാലത്തിൽ അലക്സാണ്ടർ ഈജിപ്ററു വിട്ടു ഫിനീഷ്യായിൽ തിരിച്ചെത്തി. ടയറിൽ വെച്ചു് അദ്ദേഹം തന്റെ പടക്കപ്പൽ കണ്ടു. തദവസരത്തിൽ പല തരത്തിലുള്ള വിനോദങ്ങൾ അദ്ദേഹം നടത്തുകയുണ്ടായി. ഇവിടെ വെച്ചു ബന്ധനസ്ഥരാക്കപ്പെട്ട അതീനിയന്മാരെ അവരുടെ നാട്ടുകാരുടെ അപേക്ഷാനുസരണം അദ്ദേഹം വിമുക്തരാ

൧൰. കുറെക്കാലം കഴിഞ്ഞു് ഈജിപ്റ്റിലെ ഭരണ കത്താവായിത്തീൎന്ന ടോളമിയെ തന്റെ ഒരു പ്രധാനാങ്ഗരക്ഷകനായി അലക്സാണ്ടർ സ്വീകരിച്ചു.

---

## അദ്ധ്യായം ൮.

## പേർഷ്യാ ആക്രമണം.

## (ബി. സി ൩൩൨-൩൩൦)

ടയർ അലക്സാണ്ടരുടെ കൈവശമായതോടുകൂടി കരയ്ക്കുന്നപോലെ കടലിലും അദ്ദേഹത്തിന്റെ ശക്തി അപ്രതിഹതമായിത്തീൎന്നു. അദ്ദേഹം 'അമ്മൺ'ന്റെ പുത്രനാണെന്നു സീവായിലെ ദേവാലയത്തിൽനിന്നും ഒരു അരുളപ്പാടുണ്ടായി എന്നു നാം വായിച്ചുവല്ലൊ. അക്രമികളായ പേർഷ്യാക്കാൎക്കു പകരം തങ്ങളുടെ നാട്ടുകാരെത്തന്നെ ഉദ്യോഗത്തിൽ നിയമിച്ചതു നിമിത്തം ഈജിപ്റ്റുകാൎക്കു വളരെ സന്തോഷമുണ്ടായി. ഈജിപ്റ്റിൽ കുടിയേറിപ്പാൎക്കുന്നതിനും വാണിജ്യം മൂലം പണം സമ്പാദിക്കുന്നതിനും സൗകൎയ്യമുണ്ടെന്നുള്ളതു ഗ്രീക്കുകാൎക്കു വളരെ ആശ്വാസകരമായിരുന്നു. അവിടെ സ്ഥാപിച്ച അലക്സാണ്ട്റിയ എന്ന പട്ടണം ക്രമേണ അഭിവൃദ്ധിയെ പ്രാപിച്ചു. യഹൂദന്മാരോടു് അദ്ദേഹം കാണിച്ച ആനുകൂല്യം മൂലം അവരുടെ സഹായം അദ്ദേഹത്തിനു ലഭിച്ചു. പട്ടണത്തിന്റെ ഒരു ഭാഗത്തു് അനേകം ഇസ്രേലയിറ്റുകാരെ പാൎപ്പിച്ചു. തങ്ങളുടെ

ആചാരങ്ങൾ അനുസരിച്ചു നടക്കുന്നതിനുള്ള പൂൎണ്ണ സ്വാതന്ത്ര്യം അദ്ദേഹം അവൎക്കു നല്കി. ഇതിന്റെ എല്ലാം ഫലമായി ആ നവീന നഗരം അദ്ദേഹം ദീൎഘദൎശനം ചെയ്തതുപോലെ തന്നെ, പരിഷ്കാരാഭിവൃദ്ധിയെ പ്രാപിച്ചു.

ഈജിപ്റ്റിലെയും സിറിയായിലെയും അധിപനായിരുന്നതിനാൽ, സൈന്യത്തെ കടത്തിക്കൊണ്ടുപോകുക, ഭക്ഷണസാധനങ്ങൾ ശേഖരിക്കുക, മുതലായവ അലക്സാണ്ടൎക്കു കുറെ എളുപ്പമായിരുന്നു.

പൌരസ്ത്യദേശങ്ങളിലേക്കു പോകുംതോറും അലക്സാണ്ടൎക്കു കൂടുതൽ പ്രയാസങ്ങൾ നേരിട്ടു. ഫലപുഷ്ടി കുറഞ്ഞവയും ഗതാഗതസൌകൎയ്യം ഇല്ലാത്തവയുമായ രാജ്യത്തിൽകൂടി അദ്ദേഹവും സൈന്യവും യാത്രചെയ്തു. അവിടങ്ങളിലെ ഭാഷയും ഇവൎക്കു അറിഞ്ഞുകൂടായിരുന്നു. എന്നാൽ കീഴടക്കത്തക്കവരായിരുന്നു അവിടെ താമസിച്ചവർ.

ടൈഗ്രിസ്സ നദിയുടെ ഇടത്തെ കരയിലുള്ള വിശാലമായ മെസൊപൊട്ടേമിയൻ മൈതാനത്തിൽ തനിക്കു ഏററവും സൗകൎയ്യമുള്ള ഒരു ഭാഗം പോൎക്കളമായി ഡേരിയസ്സ തിരിഞ്ഞെടുത്തു. അലക്സാണ്ടർ യുദ്ധത്തിൽ പരാജിതനാകുന്ന പക്ഷം, ടൈഗ്രീസ്സ, യൂഫ്രെററീസ്സ, എന്നീ നദികൾ കടന്നു, ശുഷ്കമായ മണലരണ്യത്തിൽകൂടി അദ്ദേഹത്തിനു പോകേണ്ടി വരുമെന്നു ഡേരിയസു വിചാരിച്ചു.

ബാബിലോൺ, സൂസാ, എന്നിവ അലക്സാണ്ടർ ആദ്യം ആക്രമിക്കാൻ പോകുന്നതായി ഡേരിയസി

ന് അറിവു കിട്ടിയതിനാൽ സൂസാ കരസ്ഥമാക്കുന്നതിനു സൈറസും സൈന്യവും പോയ മാർഗ്ഗത്തിൽ കൂടെ അലക്സാണ്ടരുടെ വരവിനെ പ്രതീക്ഷിച്ചു കൊണ്ടിരുന്നു. എന്നാൽ അലക്സാണ്ടർ മുൻനടപ്പനുസരിച്ചു പ്രവർത്തിക്കുന്നതിൽ ഇഷ്ടമുള്ളവനായിരുന്നില്ല. അദ്ദേഹം ടയറിൽനിന്നും കിഴക്കോട്ടു തിരിച്ചു യൂഫ്രേറ്റീസിൻെറ തീരത്തിലുള്ള തപസാകസ്(Thapsacus)ൽ 331–ാമാണ്ടു ജൂൺ മാസത്തിലെത്തി. അവിടെനിന്നും ഉത്തരമെസൊപ്പൊട്ടേമിയായിൽക്കൂടി ടൈഗ്രീസിലേക്കു നടന്നു. എന്നാൽ നിനവെ(Nineveh)യിൽ വെച്ചു ടൈഗ്രീസു കടക്കാതെ, ബസാബദെ (Bezabde) കഴിഞ്ഞു യാത്രചെയ്തു. ഒരു യഥാർത്ഥ ചരിത്രകാരനായ ആര്യൻ കുറിച്ചിട്ടുള്ളതുപോലെ, മാസിഡോണിയൻ സൈന്യത്തിൽ നാല്പതിനായിരം കാലാളും ഏഴായിരം കുതിരപ്പടയുമുണ്ടായിരുന്നു.

ഈ യാത്രയിൽ; സന്തോഷാധിക്യംമൂലം തൻെറ സൈന്യം രണ്ടായി പിരിഞ്ഞുവെന്നും അവർ തങ്ങളുടെ നായകന്മാർക്കു് അലക്സാണ്ടർ എന്നും ഡേരിയസ് എന്നും പേരുകൾ കൊടുത്തുവെന്നും അലക്സാണ്ടർക്കു് അറിവുകിട്ടി. ഇരുകക്ഷികളും ആദ്യം മൺകട്ടയും പിന്നീടു മുഷ്ടിയും ഉപയോഗിച്ചു യുദ്ധം ചെയ്തു. വാശി കൂടിയപ്പോൾ അവർ കല്ലുകൊണ്ടും കുറുന്തടികൊണ്ടുമുള്ള പ്രയോഗമാരംഭിച്ചു. കളി കാര്യമായിത്തീരുമെന്നു് അറിഞ്ഞപ്പോൾ, നായകന്മാർ തമ്മിൽ ദ്വന്ദ്വയുദ്ധം ചെയ്വാൻ അലക്സാണ്ടർ ആജ്ഞാപിച്ചു. ഈ ദ്വന്ദ്വയുദ്ധത്തെ സൈന്യം സൂക്ഷിച്ചു നോക്കിക്കൊണ്ടിരുന്നു. ഒടുവിൽ അലക്സാണ്ടർ എന്ന പേരിൽ യുദ്ധംചെയ്തു

പോരാളികൾ ജയം ലഭിച്ചു. ഇതുമൂലം സന്തുഷ്ടനായ അലക്സാണ്ടർ അയാൾക്കു പന്ത്രണ്ടു നഗരങ്ങൾ സമ്മാനമായി കൊടുത്തു. ഡേറിയസുമായുള്ള യുദ്ധത്തിൽ അലക്സാണ്ടർ ജയിക്കുമെന്നു് ഈ ദ്വന്ദ്വയുദ്ധം മൂലം മാസിഡോണിയാക്കാർ പൂർണ്ണമായി വിശ്വസിച്ചു.

ഇതിനിടക്കു ഡേരിയസ്, ഒരു വലിയ സൈന്യത്തെ മെസൊപ്പൊട്ടേമിയൻ മൈതാനത്തിൽ ശേഖരിച്ചിരുന്നു. ബാക്റ്ററിയന്മാർ, സിതിയന്മാർ, അരാക്കോസിയാക്കാർ, ഇന്ത്യാക്കാർ, സിറിയന്മാർ, കപ്പഡോഷ്യന്മാർ, ആദിയായി അദ്ദേഹത്തിൻെറ പട്ടാളവകുപ്പിൽ പത്തുലക്ഷം കാലാൾപടയും, നാല്പതിനായിരം കുതിരപ്പടയും, നൂറു രഥങ്ങളും, അനേകം ഗജങ്ങളും ഉൾപ്പെട്ടിരുന്നു. കാലാൾ സൈന്യത്തിൽ മീദിയ, പാർത്തിയ, എന്നീ രാജ്യങ്ങളിൽ നിന്നു വില്ലാളികളും, കാസ്പിയൻ തീരം, അഫ്ഗാനിസ്ഥാൻ, മുതലായ സ്ഥലങ്ങളിൽ നിന്നു കുന്തക്കാരും ഉണ്ടായിരുന്നു. ഇതിനും പുറമെ, രാജകീയ രഥങ്ങളിൽ ഇരുവശത്തും യവനകൂലിപ്പടയാളികളും സ്ഥിതിചെയ്തിരുന്നു.

അലക്സാണ്ടരുടെ വരവിനെപ്പററി ഡേരിയസു കേട്ടപ്പോൾ, അദ്ദേഹം (അലക്സാണ്ടർ) യൂഫ്രേററിസു നദി കടക്കുകയൊ ബാബിലോണിലേക്കുള്ള നേർവഴിയിൽ കൂടി സഞ്ചരിക്കയൊ ചെയ്യാതിരിക്കുന്നതിനു വേണ്ട ഏർപ്പാടുകൾ ദ്രുതഗതിയിൽ ചെയ്യുന്നതിനു ഡേരിയസ് അതാധീനനായ മാസിയസിനെ ചട്ടംകെട്ടി അയച്ചു. അദ്ദേഹം ടൈഗ്രീസു നദി കടന്നു സൌകര്യമുള്ള ഒരു പോർക്കളം കണ്ടുപിടിച്ചു. [1]ബൂമോദസു(Bumodus)നദി

---

[1] ഗാസിറ.

യുടെ കരയിലുള്ള [2]ഗൗഗമെല (Gaugmela) എന്ന സ്ഥലത്തുവെച്ചു് അലക്സാണ്ടരും ഡേരിയസ്സും തമ്മിൽ ബി. സി. 331-ാമാണ്ടു് ഒക്ടോബർ ഒന്നാം തീയതി അന്ത്യയുദ്ധം നടന്നു. ഈ യുദ്ധം അരബെല (Arbela) യുദ്ധമെന്നാണു് അറിയപ്പെട്ടിരുന്നതു്. പോർക്കളം വിസ്താരമേറിയ ഒരു മൈതാനമായിരുന്നു. പോർക്കളം നിരപ്പായിരുന്നാൽ ജയം നേടാൻ കൂടുതൽ സൗകര്യമുണ്ടെന്നു് ഇസ്സസ്സു യുദ്ധത്തിൽ നിന്നും ഡേരിയസ്സ് ഒരു പാഠം പഠിച്ചിരുന്നതിനാൽ, അവിടെ വല്ല ഉയൎന്ന സ്ഥലവുമുണ്ടെങ്കിൽ അതിനേയും നിരത്തി ശരിപ്പെടുത്തുന്നതിനു് അദ്ദേഹം തൻെറ സൈന്യത്തോടു് ആജ്ഞാപിച്ചിരുന്നു.

യൂഫ്രേററീസ്സ നദിയിൽ ഒരു പാലം കെട്ടാൻ അലക്സാണ്ടർ ഒരു സൈന്യത്തെ അയച്ചു. മാസിയൂസ്സ് എതിർകരയിലെത്തിയിരുന്നതിനാൽ പാലം പൂർത്തിയാക്കാൻ സാധിച്ചില്ല. എന്നാൽ, അലക്സാണ്ടറെ കണ്ടപ്പോൾ, മാസിയൂസ്സും അദ്ദേഹത്തിൻെറ മൂവായിരം കുതിരപ്പടയും അവിടെനിന്നും ഓടി. അലക്സാണ്ടർ നദി കടന്നു് ഏതാനും ദിവസം വിശ്രമിച്ചതിൻെറ ശേഷം, മെസൊപൊട്ടേമിയാ (ഡേരിയസിൻെറ ആജ്ഞാനുസരണം മാസിയൂസ്സ് ഇതിനെ ഒരു മണലരണ്യത്തിനു സമമാക്കിയിരുന്നു)യായിൽ കൂടി ടൈഗ്രീസ്സ നദി (ഒഴുക്കിൻെറ ശീഘ്രതമൂലം ഹീബ്രൂക്കാരും പേ

൨. അരബെലാക്കു സമീപം സ്ഥിതിചെയ്യുന്ന പേർഷ്യൻ ഭാഷയിൽ ഇതിൻെറ അർത്ഥം ഉഷ്ട്രാലയം എന്നാണു്. പുരാതനകാലത്തു പേർഷ്യയിലെ ഒരു രാജാവു തൻെറ ഒട്ടകത്തിൻെറ വേഗതമൂലം ശത്രുക്കളിൽ നിന്നു രക്ഷപ്പെട്ടുവെന്നും, ആ മൃഗത്തെ ഈ സ്ഥലത്തുവെച്ചു് അദ്ദേഹം രക്ഷിച്ചുവന്നുവെന്നും, അതിൻെറ സംരക്ഷണത്തിനു് ഏതാനും ഗ്രാമങ്ങളിലെ മുതലെടുപ്പു മാററിവെച്ചുവെന്നുമാണു കഥ.

ർഷ്യാക്കാരും ഇതിനെ 'അസ്സൂ'മെന്നു വിളിച്ചുവന്നു) തീരത്തേക്കു നടന്നു. സുപ്രസിദ്ധ നിനവ എന്ന പട്ടണം ടൈഗ്രീസു നദിയുടെ കരയിലാണു സ്ഥിതിചെയ്തതു്. അലക്സാണ്ടരെ എതിർക്കാൻ ആരുമില്ലായിരുന്നുവെങ്കിലും നദിയിൽ അശ്വങ്ങൾക്കു നിലയില്ലാതിരുന്നതിനാലും, യാനപാത്രങ്ങൾ ദുർല്ലഭങ്ങളായിരുന്നതിനാലും അശ്വങ്ങളെ കടത്തിക്കൊണ്ടു പോകുന്നതു് അത്ര എളുപ്പമായിരുന്നില്ല. എന്നാൽ, അലക്സാണ്ടർ എല്ലാവർക്കും മുമ്പിലായി തൻെറ കുതിരപ്പുറത്തു നദി കടന്നു മറുകരയിൽ ചെന്നുചേർന്നു. ഈ സമയം, ഡേറിയസ് അവിടെ സന്നിഹിതനായിരുന്നുവെങ്കിൽ മാസിഡോണിയൻ സൈന്യത്തിൻെറ കഥ എന്തായിരിക്കുമെന്നു് ഊഹിക്കാൻ പ്രയാസം.

നദി കടന്നതിൻെറ ശേഷം മാസിഡോണിയൻ ഭടന്മാർ കണ്ട ചന്ദ്രഗ്രഹണം (ബി. സി. 331-ാമാണ്ടു സെപ്റ്റംബർ 20-ാംനു-)അവർക്കു് അശ്രുഭോദകമായി തോന്നി. അവരെ ധൈര്യപ്പെടുത്തുന്നതിനും യുദ്ധത്തിൽ വേണ്ട വിജയം സിദ്ധിക്കുന്നതിനുമായി സൂര്യനും ചന്ദ്രനും ഭൂമിക്കും അലക്സാണ്ടർ ബലികൾ കൊടുത്തു. ആ സമയം ശുഭസൂചകമായ ചില ലക്ഷണങ്ങൾ അവർ കണ്ടു. ഈജിപ്റ്റിൽ നിന്നും തന്നെ അനുഗമിച്ചിരുന്ന ചില ജ്യോതിശ്ശാസ്ത്രവിശാരദന്മാരിൽ നിന്നും ചന്ദ്രഗ്രഹണത്തിൻെറ കാരണം 'അലക്സാണ്ടർ മനസ്സിലാക്കി. പക്ഷേ, തൻെറ സൈന്യം അതു വിശ്വസിച്ചില്ലെന്നു് അറിഞ്ഞതു കൊണ്ടു് അതിനെപ്പറ്റി അദ്ദേഹം ഒന്നുംതന്നെ പറഞ്ഞില്ല. സൈന്യം പിന്നീടു തെക്കോട്ടു ബാബിലോണിലേക്കു

നടന്നു. ഇതിനിടക്കു, ഡേരിയസിൻെറ ഭാൎയ്യ മരിച്ചു പോയിരുന്നു. ഈ ദുഃഖവാൎത്ത കൂടി കേട്ടപ്പോൾ, ഡേരിയസു മൃതപ്രായനായിത്തീൎന്നു.

ഇക്കാലത്തു മാസിഡോണിയൻ സൈന്യത്തിനു് അകാരണമായി ഒരു അത്യാഹിതം ഉണ്ടായി. തന്ത്രജ്ഞനായ അലക്സാണ്ടർ, അവരുടെ ഇഷ്ടംപോലെ കുറെക്കാലം ജീവിതം നയിക്കുന്നതിനു് അവരെ സമ്മതിച്ചു. കാലവിളംബമെന്യെ, വീണ്ടും യുദ്ധം ചെയ്യുന്നതിനു് അവർ ഉത്സാഹമുള്ളവരായിത്തീൎന്നു. അടുത്തുണ്ടായിരുന്ന ഒരു ചെറിയ കുന്നിൻെറ മുകളിൽ നിന്നും ഇതെല്ലാം നോക്കിക്കൊണ്ടിരുന്ന മാസിയൂസു് അവിടം വിട്ടു് ഓടിച്ചെന്നു ഡേരിയസിനെ കാൎയ്യങ്ങൾ മുഴുവൻ ധരിപ്പിച്ചു. ഇതിനിടക്കു, മാസിയൂസു നിന്ന കുന്നിന്മേൽ മാസിഡോണിയൻ സൈന്യം കയറി യുദ്ധത്തിനു തയ്യാറായി. ഒരു വലിയ മൂടൽമഞ്ഞുമൂലം ഡേരിയസിൻെറ സൈന്യത്തെ കാണുന്നതിനു് അലക്സാണ്ടൎക്കു സാധിച്ചില്ല: അതിനാൽ അദ്ദേഹത്തിനു വളരെ കുണ്ഠിതമുണ്ടായി. മൂടൽ മഞ്ഞു നീങ്ങിയപ്പോൾ, ഡേരിയസിൻെറ സൈന്യം കുന്നിൻെറ താഴെയുള്ള മൈതാനത്തിൽ നിൽക്കുന്നതു ദൃശ്യമായിരുന്നു. സൈന്യ(ഇതിൽ മാസിഡോണിയാക്കാരും പേൎഷ്യാക്കാരുമുൾപ്പെട്ടിരുന്നു)ങ്ങളുടെ പോർവിളിയും മററും മൂലം ദൂരെയുള്ള വനങ്ങളും പൎവ്വതങ്ങളും മാറെറാലിക്കൊണ്ടു. അടുത്തു് എന്താണു ചെയ്യേണ്ടതു് എന്നുള്ളതിനെപ്പററി അലക്സാണ്ടൎക്കു് ഒരു നിശ്ചയവുമില്ലാതായി. പാർമീനിയോവുമായി അദ്ദേഹം ആലോചിച്ചു. ഡേരിയസിൻെറ സൈന്യം വളരെ വലുതാകകൊണ്ടു മാസിഡോണിയൻ സൈന്യം ഭയ

പ്പെട്ടേക്കുമെന്നുള്ളതിനാൽ പകൽ സമയം യുദ്ധം ചെയ്യുന്നതു് അപജയകാരണമാണെന്നും, അവരെ രാത്രിയിൽ ആക്രമിച്ചു തോല്പിക്കുന്നതാണു് എളുപ്പമെന്നും പാർമീനിയോ അഭിപ്രായപ്പെട്ടു. മററുള്ള മിക്ക സേനാനായകന്മാരും ഇതിനോടു യോജിച്ചു. എന്നാൽ അലക്സാണ്ടർ പൂർവ്വരസമാണുണ്ടായതു്. ഒരു പക്ഷം, തൻെറ വാർത്താനിവേദനവകുപ്പുമൂലം രാത്രിയിൽ ഡേരിയസിൻെറ സൈന്യത്തെ താൻ ആക്രമിച്ചേക്കുമെന്നു ഡേരിയസിനു് ഉഹമുള്ളതായി അലക്സാണ്ടർ അറിഞ്ഞിരുന്നു. രണ്ടാമതായി, രാത്രിയിൽ യാതൊരു പരിചയവുമില്ലാത്ത സ്ഥലത്തു വെച്ചു് അപരിഷ്കൃതജാതിക്കാരുമായി യുദ്ധം ചെയ്യുന്നതിനാൽ തൻെറ സൈന്യത്തിനുതന്നെ വല്ല ആപത്തും നേരിട്ടേക്കാമെന്നു് അദ്ദേഹം ബലമായി ശങ്കിച്ചു. മൂന്നാമതായി, പകൽ സമയം യുദ്ധം ചെയ്തു ജയം നേടിയാൽ തനിക്കു കൂടുതൽ ഖ്യാതി ഉണ്ടാകുമെന്നും വിശ്വസിച്ചു. ഈ മൂന്നു കാരണങ്ങളാൽ, "വഞ്ചനമൂലം വിജയം നേടുന്നതിനു ഞാൻ ഇച്ഛിക്കുന്നില്ല", എന്നു് അദ്ദേഹം തൻെറ സേനാനായകന്മാരോടു് അരുളിച്ചെയ്തു: അവർ മനസ്സില്ലാമനസ്സോടെ സമ്മതിച്ചു. എന്നാൽ അലക്സാണ്ടരുടെ അഭിപ്രായം തൻെറ സൈന്യത്തിൻെറ ഹൃദയത്തിൽ ഒരു പുതിയ ജീവനെ അങ്കുരിപ്പിച്ചു.

പേർഷ്യൻ സൈന്യം വളരെ കരുതലോടുകൂടി മൈതാനത്തിൽ നിന്നിരുന്നു. ഡേരിയസും, തദാജ്ഞാനുസരണം അദ്ദേഹത്തിൻെറ ഉദ്യോഗസ്ഥന്മാരും അവിടെ ചുററിനടന്നു സകല ന്യൂനതകളും പരിഹരിച്ചു വന്നു. എന്നാൽ തൻെറ സൈന്യം വിശ്രമിക്കുന്ന

തിന് അനുവദിച്ചുംവെച്ച് അലക്സാണ്ടരും അറിസ്റ്റാണ്ടരും (Aristander) കൂടി ന്യൂസിനും അതീനാക്കും ബലികൾ കൊടുത്തു. അനന്തരം, അദ്ദേഹം തന്റെ കൂടാരത്തിൽ ചെന്നു കിടന്നുറങ്ങി. രാജാവിന്റെ കല്പനകൾ എന്താണെന്ന് അറിയുന്നതിന് അതിരാവിലെ സേനാധിപന്മാർ അദ്ദേഹത്തിന്റെ അടുക്കൽ ചെന്നപ്പോൾ, പതിവായി പ്രഭാതത്തിൽ തന്റെ സൈന്യത്തെ ഉണർത്തുന്ന ആ മഹാൻ സുഖമായി ഉറങ്ങുന്നതു് അവർ കണ്ടു. യുദ്ധം ചെയ്യാൻ അദ്ദേഹത്തിനുള്ള വൈമുഖ്യമായിരിക്കാം അതിനു കാരണമെന്ന് അവർ വിചാരിച്ചു വളരെഖേദിച്ചു. കുറെനേരം ചിന്താമഗ്നനായിരുന്നതിന്റെ ശേഷം പാർമീനിയോ അലക്സാണ്ടരെ ഉറക്കത്തിൽനിന്നും തട്ടിഉണർത്തി. അപ്പോൾ അദ്ദേഹം ഉത്സാഹഭരിതനായി കാണപ്പെട്ടു. ഡേരിയസിനെ പിൻതുടരേണ്ടിയ ആവശ്യമില്ലല്ലോ എന്നു വിചാരിച്ചു താൻ സുഖമായി കിടന്നുറങ്ങിപ്പോയതാണെന്ന് ആ നരേന്ദ്രൻ അവരെ പറഞ്ഞു മനസ്സിലാക്കി.

അനന്തരം, അലക്സാണ്ടർ ശയ്യയിൽ നിന്നാമെഴുന്നേറ്റു തന്റെ ശിരസ്ത്രാണത്തെ ധരിച്ചു. സിസിലിയൻ രീതിയിൽ അദ്ദേഹത്തിന് ഒരു ചെറിയ കുപ്പായവും അതിനു പുറമെ ഒരു ഉരസ്ത്രാണവുമുണ്ടായിരുന്നു. ഇരുമ്പുകൊണ്ടുള്ളതും നല്ലപോലെ മിനുസപ്പെടുത്തിയിരുന്നതുമായ അദ്ദേഹത്തിന്റെ ശിരസ്ത്രാണംതിയോഫൈലസ് (Theophilus)ഉണ്ടാക്കിയതായിരുന്നുവെന്നു മുൻപു പറഞ്ഞിട്ടുണ്ടല്ലോ. യുദ്ധങ്ങളിൽ താൻ സാധാരണമായി ഉപയോഗിച്ച ഖഡ്ഗം സിററിയന്മാർ അദ്ദേഹത്തിനു സമ്മാനിച്ചതായിരുന്നു. റോഡിയന്മാർ തങ്ങൾക്ക

അലക്സാണ്ടരോടുള്ള ബഹുമാനത്തിൻെറ സൂചകമായി കൊടുത്ത സാരസനമാണ് ഏററവും വിശിഷ്ടമായതു്.

തൻെറ സൈന്യത്തിൻെറ നേതാവായി അലക്സാണ്ടർ പുറപ്പെട്ടു. ഡേരിയസ്സിൻെറ തേരുകൾ (ഇവക്കു് അരിവാൾ വെച്ചു കെട്ടിയിരുന്നു) ആണു് ഭയങ്കരമായി അലക്സാണ്ടർക്കു തോന്നിയതു്. അതിവേഗമുള്ള അശ്വങ്ങൾ കെട്ടപ്പെട്ട രഥങ്ങൾ വരുമ്പോൾ അവയിൽനിന്നു യാതൊരുപദ്രവവും ഉണ്ടാകാതിരിക്കത്തക്കവണ്ണം സൈന്യങ്ങൾ മാറി കൊടുക്കണമെന്നും, അതിനു നിവൃത്തിയില്ലാത്തപക്ഷം ഘോരശബ്ദം പുറപ്പെടുവിച്ചും അമ്പുകൾ എയ്തും അശ്വങ്ങളെ ഭയപ്പെടുത്തണമെന്നും അലക്സാണ്ടർ തൻെറ ഭടന്മാരോടു ചട്ടംകെട്ടി. ശത്രുപക്ഷക്കാർ തൻെറ സൈന്യത്തെ വളയാതിരിക്കാൻ കഴിയുന്നത്ര വിസ്താരത്തിൽ അതിനെ അണിനിരത്തുകയും, അതിനു പുറകിൽ വിശേഷാലൊരു സൈന്യത്തെ നിറുത്തുകയും ചെയ്തു. വലത്തുഭാഗത്തു ക്ലിററസിൻെറ നേതൃത്വത്തിലിരുന്ന അശ്വസൈന്യവും ഇടത്തുഭാഗത്തു തങ്ങളുടെ പക്ഷക്കാരായ തെസ്സാലെക്കാരുടേയും ഗ്രീക്കുകാരുടേയും അശ്വസൈന്യവും മദ്ധ്യത്തിൽ കാലാൾപടയും അതിനടുത്തു് ഇരുവശങ്ങളിലും പുറകിലുമായി വില്ലാളികളും ആയി മാസിഡോണിയൻ സൈന്യം അണി നിരന്നുനിന്നു. പതിവുപോലെ അലക്സാണ്ടർ വലത്തുഭാഗത്തെ അശ്വസൈന്യത്തിൻെറ മേൽനോട്ടം വഹിച്ചു.

ഡേരിയസിൻെറ യുദ്ധരീതിയേയുംമററും പററിയുള്ള ഒരു കുറിപ്പു് അരബേല യുദ്ധാനന്തരം മാസിഡോ

ണിയാക്കാൎക്ക് എങ്ങനെയൊ കിട്ടി. അറിസ്റ്റോബ്യൂലസ് അതിനെ തന്റെ ജൎന്നലിൽ പകൎത്തി. അങ്ങനെ ആയ്യൻ, പേൎഷ്യൻ പടയണിനിരയെക്കുറിച്ചു ശരിയായ ഒരു വിവരണം തരുന്നുണ്ട്. ഇടത്തുഭാഗം കടുവിലത്തെ വരിയിൽ ബാക്ററ്റിയാ, അരാക്കോസിയാ, എന്നീ രാജ്യങ്ങളിലെ അശ്വസൈന്യത്തേയും, അതിനടുത്തു പേൎഷ്യാപ്രാപ്പറിൽ നിന്നുംവന്ന കാലാൾപ്പടയേയും കുതിരപ്പടയേയും ദേരിയസ്സ നിൎത്തി. അതിനടുത്തു സൂസിയന്മാരും കാദൂസ്യന്മാരും നിന്നു. ദേരിയസ്സ മദ്ധ്യത്തിൽ തന്റെ രഥത്തിലുള്ള ഒരു പീഠത്തിൽ ഉപവിഷ്ടനായി. ഇന്ത്യാക്കാർ. കേരിയന്മാർ, മാൎദിയൻ (Mardian)വില്ലാളികൾ, വിഖ്യാതന്മാരായ പേൎഷ്യൻപടയാളികൾ, യൂക്സിയന്മാർ, (Uxians) ബാബിലോണിയാക്കാർ, ചെങ്കടൽഭാഗത്തുനിന്നു വന്ന യോദ്ധാക്കൾ; ഇവർ മദ്ധ്യത്തിൽ അണിനിരന്നു. രാജകീയരഥത്തിന്റെ ഇരുവശത്തും യവനന്മാരായ കൂലിപ്പടയാളികളെ നിൎത്തിയിരുന്നു. കീലൊസിറിയാക്കാർ (Coelosyria)മെസൊപൊട്ടമിയക്കാർ, മീദിയാക്കാർ. പാൎത്തിയന്മാർ,സേഷ്യന്മാർ, തപ്പൂറിയന്മാർ(Tapurian) ഹിർക്കേനിയന്മാർ, ആൽബേനിയന്മാർ, എന്നിവരുടെ സ്ഥാനം വലത്തുവശത്തായിരുന്നു. ഇടത്തുഭാഗത്തെ സൈന്യത്തിന്റെ സ്വല്പം മുൻപിലായി സിത്തിയൻ കുതിരപ്പടയും ആയിരം ബാക്ററ്റിയൻ കുതിരപ്പടയും അരിവാളുകൾ വെച്ചുകെട്ടിയ നൂറു രഥങ്ങളും, മദ്ധ്യഭാഗത്തിന്റെ മുൻപിലായി അരിവാൾ ബന്ധിച്ചിട്ടുള്ള അൻപതു രഥങ്ങളും, വലത്തുവശത്തെ സൈന്യത്തിനു മുൻഭാഗത്തു അൎമീനിയൻ, കപ്പൊഡോഷ്യൻ, എന്നീ

അശ്വസൈന്യവും സ്ഥിതി ചെയ്തു. ശത്രുപക്ഷത്തിൽ കുഴപ്പം ഉണ്ടാക്കുന്നതിനായിരുന്ന രഥങ്ങൾ അവരുടെ യിടയിൽ ഓടിച്ചതു്.

ശത്രുസൈന്യത്തെ സൂക്ഷിച്ചു നോക്കിയതിൻെറ ശേഷം അലക്സാണ്ടരുടെ സൈന്യം വലത്തോട്ടും ഡേരി യസിൻെറതു് ഇടത്തോട്ടും നീങ്ങിത്തുടങ്ങി. അലക്സാണ്ട രുടെ സൈന്യത്തിൻെറ പുരോഗതിയെ തടയുന്നതിനു നിറുത്തിയിരുന്ന ഡേരിയസിൻെറ അശ്വസൈന്യവും മാസിഡോണിയൻ അശ്വസൈന്യവുമായി ഒരു യുദ്ധം നടന്നു. തൽഫലമായി പേർഷ്യൻ സൈന്യത്തിൽ ഒരു കുഴപ്പമുണ്ടായി. ഇതിനിടക്കു മാസിഡോണിയൻ ഭടന്മാരും ഡേരിയസിൻെറ സൈന്യങ്ങളും തമ്മിൽ നടന്ന യുദ്ധത്തിൽ പേർഷ്യാക്കാർ മാസിഡോണി യൻ വില്ലാളികൾ ചില കഷ്ടനഷ്ടങ്ങൾ വരുത്തി. എ ങ്കിലും അവർ ചില മുറിവുകൾ പററി. തൻെറ യുദ്ധ സാമഗ്രികളെ ശത്രുക്കൾ കൈവശപ്പെടുത്തിയെക്കുമെ ന്നു പാർമീനിയൊ അലക്സാണ്ടരെ അറിയിച്ചു. “ജയം ലഭിക്കുന്ന പക്ഷം നമ്മുടേയും ശത്രുക്കളുടേയും സാമഗ്രി കൾ നമുക്കു സ്വാധീനപ്പെടുത്താം. ശത്രുപക്ഷത്തിലു ള്ള ആരേയും തടവുകാരായി പിടിക്കരുതു്. നിസ്സാര ങ്ങളായ സംഗതികളെ വിസ്മരിച്ചു് ഒരു മാസിഡോണി യൻെറ സ്ഥിതിക്കു ചേന്ന വിധത്തിൽയുദ്ധം ചെയ്യുക”, എന്നൊരു സന്ദേശം ഒരു ദൂതൻ മൂലം അലക്സാണ്ടർ പാർമീനിയോവിനു് അയച്ചു. അപ്പോഴക്കു പേർഷ്യൻ സൈന്യം മാസിഡോണിയാക്കാരുടെ യുദ്ധസാമഗ്രി കളെ കൈവശപ്പെടുത്തുകയും അവ സൂക്ഷിച്ചുവന്നവരെ വധിക്കയും ചെയ്തു. ഈ സന്തോഷവാത്ത വൃദ്ധയായ

സിസിഗാമ്പിസ് അറിഞ്ഞുവെങ്കിലും യുദ്ധത്തിൻെറ അന്ത്യഫലത്തെപ്പററി ആ തരുണീമണിക്കു വലിയ ആശങ്കയാണു് ഉണ്ടായതു്. പേർഷ്യൻ സൈന്യത്തിൻെറ നാസീരത്തെ അലക്സാണ്ടർ ഭേദിച്ചു. തൻെറ അശ്വസൈന്യത്തേയും പടയണിയേയും അതിൻെറ ഇടക്കുകൂടി കടത്തിക്കൊണ്ടുപോയി. തന്മൂലം ഡേറിയസിൻെറ സാരഥിയും മററും വധിക്കപ്പെട്ടുകയും ഡേറിയസും സൈന്യവും പോർക്കളത്തിൽ നിന്നു് ഓടിപ്പോകയും ചെയ്തു. അവരുടെ പലായനം മൂലമുണ്ടായ ധൂളീപടലത്താൽ അന്തരിക്ഷം ആവിലമായി ചമഞ്ഞു. അവർ ഓടിപ്പോയ മാർഗ്ഗം മനസ്സിലാക്കുന്നതിനു് അവരുടെ ചാട്ടകൾ ഉണ്ടാക്കിയ ശബ്ദ്ദമേ ഉണ്ടായിരുന്നുള്ളു.

ഇതിനിടക്കു മാസിയൂസു തെസ്സാലിയൻ അശ്വസൈന്യവുമായി മുറക്കു യുദ്ധം ചെയ്തുകൊണ്ടിരുന്നു. ഡേറിയസു യുദ്ധക്കളത്തിൽ നിന്നും ഒരു പെൺകുതിരപ്പുറത്തു കയറി ഓടിപ്പോയി എന്നറിഞ്ഞപ്പോൾ അദ്ദേഹം (മാസിയൂസ്) ഭഗ്നാശനായി പിൻവാങ്ങുകയാണു ചെയ്തതു്. ഉടൻ തെസ്സാലിയൻ അശ്വസൈന്യം അവരെ പിൻതുടരുന്നതിനു് ആഗ്രഹിച്ചുവെങ്കിലും പാർമീനിയോ അവരെ തടഞ്ഞു. അതിനാൽ ഏതാനും പേരോടുകൂടി മാസിയൂസു ബാബിലോണിലേക്കു് ഓടി രക്ഷപ്പെട്ടു. പാർമീനിയോ പേർഷ്യാക്കാരുടെ പാളയസ്ഥലം കൈവശമാക്കി. മരിച്ചു കിടന്നവരുടേയും മുറിവേററവരുടേയും ഇടക്കുകൂടി വളരെ ബദ്ധപ്പെട്ടു ടൈഗ്രീസു നദിയുടെ പോഷകനദിയായ ലൈക്കസു നദീതീരത്തേക്കു അലക്സാണ്ടർ യാത്ര തുടന്നു. ഡേറിയസ്സിൻെറ സൈന്യത്തിൽ 300000 പേർ

മരിച്ചു. പാതിരാത്രിവരെ വിശ്രമിക്കാൻ തന്റെ സൈന്യത്തെ അനുവദിച്ചിട്ട് പോർക്കളത്തിൽ നിന്നും 69 നാഴിക ദൂരമുള്ള അരബേല എന്ന സ്ഥലത്തു വളരെ ക്ലേശങ്ങൾ സഹിച്ച് അദ്ദേഹം എത്തി. അവിടെ ദേരിയസിനെ കണ്ടില്ല. എങ്കിലും അദ്ദേഹത്തിന്റെ ഭണ്ഡാരം, രഥം, അമ്പ്, വില്ല്, ഇവയെല്ലാം അലക്സാണ്ടർ കൈവശപ്പെടുത്തി.

ധീരനായ ദേരിയസിന്റെ നായകത്വം മൂലമാണു പേർഷ്യൻ സൈന്യത്തിനു് ആദ്യകാലത്തിലെങ്കിലും ജയം ലഭിച്ചതെന്നു ദിയൊഡൊറസു (Diodorus) കുറിച്ചിരിക്കുന്നു. അലക്സാണ്ടർ ദേരിയസിന്റെ അംഗരക്ഷകന്മാരുടെ നേരെ ഒരു അസ്ത്രം പ്രയോഗിച്ചുവെന്നും, അതു തെറ്റി ദേരിയസ്സിരുന്ന രഥത്തിലെ സാരഥിയുടെ ശരീരത്തിൽ തറച്ച്, അയാൾ മരണം പ്രാപിച്ചുവെന്നും കാണുന്നു. ഇതുകണ്ടു് അംഗരക്ഷകന്മാർ നിലവിളി കൂട്ടി. രാജാവാണു മരിച്ചതെന്നു വിചാരിച്ചു, പുറകിൽ നിന്നവർ യുദ്ധക്കളം വിട്ടോടി. ഒട്ടും താമസിയാതെ ദേരിയസും പലായനം ചെയ്തു.

സിദ്നസു നദിയിലെ പാലം നശിപ്പിക്കുന്നതായാൽ ശത്രുക്കൾ പിൻതുടരുകയില്ലെന്നു ദേരിയസിനെ അദ്ദേഹത്തിന്റെ സ്നേഹിതന്മാർ അറിയിച്ചു. അപ്പോൾ, "ഞാൻ അപ്രകാരം പ്രവർത്തിക്കുന്നതായാൽ, എന്റെ പ്രജകൾക്കു സിദ്നസുനദി കടന്നു രക്ഷപ്പെടാനുള്ള മാർഗ്ഗം ഇല്ലാതാകും. തന്നിമിത്തം അവർ ശത്രുക്കളുടെ കൈയിൽ അകപ്പെടും", എന്നു ദേരിയസു പറഞ്ഞതായി ജസ്റ്റിൻ (Justin) രേഖപ്പെടുത്തിയിരിക്കുന്നു. വേറൊരു സൈന്യം ശേഖരിക്കുന്നതിനു ദേരിയസു വട

ക്കോട്ട് അർമീനിയായിലെ പർവ്വതങ്ങളിൽക്കൂടി മീഡിയായിലേക്കു പോകയാണു ചെയ്തതു്. ഒരു സാധാരണ പേർഷ്യാക്കാരനെപ്പോലെ ഐഹികസുഖങ്ങൾ ക്ഷണഭംഗുരങ്ങളാണെന്നും മററും വിചാരിച്ചു തൻെറ താല്കാലികസ്ഥിതിയെപ്പററി അദ്ദേഹം സമാധാനപ്പെട്ടു. അലക്സാണ്ടർ അദ്ദേഹത്തെ പിൻതുടരാതെ തൻെറ സൈന്യത്തോടുകൂടി ബാബിലോണിലേക്കുപോയി. മാസിയൂസും മററു പ്രഭുക്കന്മാരും ആ യവനനരേന്ദ്രനു കീഴടങ്ങി. ബാബിലോണിയാക്കാർ അദ്ദേഹത്തിൻെറ മാർഗ്ഗത്തെ പുഷ്പങ്ങൾ, മാലകൾ, വിലപിടിച്ച വസ്ത്രങ്ങൾ, ഇവ കൊണ്ടു് അലങ്കരിച്ചുവെന്നും, അതിൻെറ ഓരോ വശത്തും ബലിപീഠങ്ങൾ സ്ഥാപിച്ചു് അദ്ദേഹത്തിൻെറ ശ്രേയസ്സിനെ ഉദ്ദേശിച്ചു ബലികൾ നടത്തിയെന്നും, അദ്ദേഹത്തിന് അനേകം അമൂല്യസമ്മാനങ്ങൾ കൊടുത്തുവെന്നും പറയപ്പെട്ടിരിക്കുന്നു.

പേർഷ്യൻരാജാവിൻെറ ഭരണം നിഷ്ഠുരമായിരുന്നുവെന്നതിനു തെളിവുകളൊന്നുമില്ല. സൈറസ്സ്, അടിമത്തം നിർത്തിയപ്പോൾ സ്വദേശത്തേക്കു തിരിച്ചുപോകാൻ യഹൂദന്മാർക്കു മനസ്സില്ലാത്തവണ്ണം പേർഷ്യയിൽ അവരുടെ ജീവിതം അത്ര സുഖകരമായിരുന്നുവത്രെ. എന്നാൽ, ജനങ്ങളുടെ ദേവന്മാരെപ്പററി പേർഷ്യൻ ഭരണകർത്താക്കന്മാർ അനാദരം കാണിച്ചതുകൊണ്ടു്, ജനങ്ങൾക്കു് അവരെക്കുറിച്ചു നല്ല മതിപ്പുണ്ടായിരുന്നില്ല. അലക്സാണ്ടരാകട്ടെ, സെർക്സസ്സ് നശിപ്പിച്ച ദേവാലയങ്ങൾ വീണ്ടും പണിയിച്ചുവെന്നും, അനവധി ദ്രവ്യം ചെലവുചെയ്തു, 'ബേൽ'(Bel) എന്ന ദേവൻെറ ക്ഷേത്രത്തിലെ അററകുററങ്ങൾ തീർക്കയും ആ ദേവനെ ആരാ

ധിക്കയും ചെയ്യുവെന്നും, കാണുന്നു. തനിക്കു കീഴട ങ്ങിയ മാസിയൂസിനെ ബാബിലോണിയായിലെ സാത്രപനായി അദ്ദേഹം നിയമിച്ചു.

ബാബിലോണിൽ, രാജയോഗ്യമായ രീതിയിൽ അലക്സാണ്ടർ തൻെറ ജീവിതം നയിച്ചു. കൊട്ടാരങ്ങളും പ്രവേശന ദ്വാരങ്ങളും ധാരാളമുണ്ടായിരുന്ന ആ വലിയ പട്ടണം അദ്ദേഹത്തേയും അദ്ദേഹത്തിൻെറ സൈന്യത്തേയും ആശ്ചര്യപരതന്ത്രരാക്കി. പേർഷ്യൻ ആക്രമണത്തിനു മുൻപു, ലോകത്തിലെ സപ്തവിസ്മയങ്ങളിൽ ഒന്നായി വിചാരിക്കപ്പെട്ടവന്ന ബാബിലോണിയാക്കു ചുററുമുള്ള മഹാ പ്രാചീരം മുന്നൂറ് അടി ഉയരവും ഇരുപത്തെട്ടടി വീതിയുമുള്ളതും ഉന്നതങ്ങളായ ഗോപുരങ്ങളോടുകൂടിയതുമായിരുന്നു. പക്ഷേ ഈ പ്രാചീരം നശിച്ചുപോയിരുന്നു. എന്നാൽ, ഉയരത്തിലും ഘനത്തിലും ഒട്ടും മോശമല്ലാത്ത ഒരു പ്രാചീരം ഇതിനകത്തുണ്ടായിരുന്നു. അതിനു യാതൊരു നാശവും പററിയില്ല. അതിലെ ഗോപുരങ്ങൾക്കിടയിൽക്കൂടി നാലു കുതിര കെട്ടിയ രഥം പോകുന്നതിനു സൗകര്യമുണ്ടായിരുന്നുപോൽ. നഗരത്തിൽ കൂടി യൂഫ്രെററീസുനദി അതിമനോഹരമായി പ്രവഹിച്ചുകൊണ്ടിരുന്നു. ശില്പശാസ്ത്രജ്ഞന്മാരുടെ പാടവത്തെ കാണിക്കുന്ന ഒരു പാലം നദിയുടെ രണ്ടു കരയേയും ബന്ധിച്ചിരുന്നു. നദിക്കു സമീപമുള്ള ഒരു കൊട്ടാരത്തിനു ചുററുമാണ് ലോകത്തിലെ സപ്തമഹാശ്ചര്യങ്ങളിലൊന്നായ 'സെമിറാമസിലെ അത്യത്ഭുതമായ തോട്ടം' സ്ഥിതി ചെയ്തതു. മനോഹരങ്ങളായ ഹർമ്മ്യങ്ങൾ മൂലവും മററും അതിപ്രസിദ്ധമായിരുന്നു ഈ നഗരം. മാസിഡോണിയൻ പടയാളികളെ ഭയ...

നഗരവാസികൾ കീഴടങ്ങി. അലക്സാണ്ടരും സൈന്യവും അഞ്ചാഴ്ചകാലം അവിടെ സുഖമായി താമസിച്ചു. പിന്നീട് അവർ അവിടെനിന്നും അച്ഛസ്ഫടികസങ്കാശമായ ജലത്തോടുകൂടിയ ചോസ്പസു (Choaspes) നദിയുടെ തീരത്തിൽ സ്ഥിതി ചെയ്ത സൂസാ എന്ന പട്ടണത്തിലേക്ക തിരിച്ചു. ഇരുപതു ദിവസംകൊണ്ടു അവിടെ എത്തി. അൻപതിനായിരം ടാലൻറുണ്ടായിരുന്ന പേർഷ്യയിലെ ഭണ്ഡാരവും ഗ്രീസിൽനിന്നും സെർക്സിസു കൊണ്ടുവന്ന അനേകം വില പിടിച്ച സാമാനങ്ങളും മററും അലക്സാണ്ടർ കൈവശമാക്കി. കൂടാതെ അയ്യായിരം ടാലൻറു വിലയുള്ള ഹെർമ്യോണി (Hermione)ൻെറ ധൂമ്രവസ്ത്രവും അദ്ദേഹം കൈവശപ്പെടുത്തി. ഇതിനു നൂററിതൊണ്ണൂറു വർഷത്തെ പഴക്കമുണ്ടായിരുന്നുവെങ്കിലും പുത്തനായിട്ടു കാണികൾക്കു തോന്നിയുള്ളു. ധൂമ്രവർണ്ണത്തിലുള്ള ആട്ടരോമത്തിൽ തേനും വെള്ളനിറത്തിലുള്ളവയിൽ അതേ നിറത്തിലുള്ള എണ്ണയും പുരട്ടിയതായിരുന്ന അതിൻെറ പുതുമക്കും ഭംഗിക്കുമുള്ള കാരണം. ഈ ധൂമ്രവസ്ത്രം പോലെ അക്കാലത്തെ വേറെ വസ്ത്രങ്ങളും സൂക്ഷിക്കപ്പെട്ടിട്ടുണ്ടത്രെ. പേർഷ്യയിലെ രാജാക്കന്മാർ തങ്ങളുടെ സാമ്രാജ്യത്തിൻെറ അതിർത്തിയെ സൂചിപ്പിക്കുന്നതിനു നൈൽ, ഡാന്യൂബ്, എന്നീ നദികളിൽ നിന്നു ജലം എടുപ്പിച്ചു മററു വില പിടിച്ച പദാൎത്ഥങ്ങളെപ്പോലെ വളരെ ഭദ്രമായി സൂക്ഷിച്ചുവന്നുവെന്നു ദിനൺ (Dinon) കുറിച്ചിരിക്കുന്നു.

അനന്തരം, അലക്സാണ്ടർ ദേരിയസിൻെറ സിംഹാസനത്തിൽ ഉപവിഷ്ടനായി. അപ്പോൾ, "ദേരിയ

സിൻെറ സിംഹാസനത്തിൽ അലക്സാണ്ടർ ഇരിക്കു ന്നതു കാണാനുള്ള ഭാഗ്യം മരിച്ചുപോയ യവനന്മാക്ക് ഇല്ലല്ലൊ", എന്ന് അദ്ദേഹത്തിൻെറ ആപ്തമിത്രമായ ഡെമാരററസ് (കോരിന്തുകാരൻ) അദ്ദേഹത്തെ അറി യിച്ചു.

അലക്സാണ്ടർ ഡേരിയസ്സിൻെറ സിംഹാസനത്തി ലിരുന്നതിനാൽ ഡേരിയസിൻെറ കുടുംബാങ്ഗങ്ങ ൾക്കും രാജഭക്തിയുള്ള പേർഷ്യാക്കാക്കുമുണ്ടായ മനോ വ്യഥയെപ്പററി പറയണമെന്നില്ലല്ലൊ. ഡേരിയസി ൻെറ കുടുംബാങ്ഗങ്ങളിൽ ഓരോരുത്തരും പ്രതിദിനം ക്ഷീണദശയെ പ്രാപിച്ചുവെന്ന് അലക്സാണ്ടക്ക് മനസ്സി ലായപ്പോൾ അലക്സാണ്ടർ(മാതാവും-Olympias)-മററും വളരെ സമയം ഉത്സാഹപൂർവ്വം നെയ്ത്തിൽ ചെലവാ ക്കിയെന്ന് അദ്ദേഹം നല്ലപോലെ അറിഞ്ഞിരുന്നു) നെയ്ത്ത് ഒരു വിനോദപ്രവൃത്തിയായി സ്വീകരിക്കു ന്നതിനു ഡിസിഗാമ്പിസിനെ അറിയിച്ചു. ഏതാദൃശ ങ്ങളായ ജോലിയിൽ ഏപ്പെടുന്നതു് അവക്ക് അഭിമാന ക്ഷയകരമായി തോന്നി. തന്നിമിത്തം, താൻ സദുദ്ദേ ശത്തോടുകൂടിയാണ് അപ്രകാരം പറഞ്ഞതെന്ന് അവ രെ വിശ്വസിപ്പിക്കാൻ വളരെ പണിപ്പെട്ടു.

ബാബിലോണിലെ ഗവർണരായി ഹാർപാലസി (Harpalus) നെയാണ് അലക്സാണ്ടർ നിയമിച്ചതു്. കൊട്ടാരങ്ങൾക്കു ചുററുമെന്നല്ല, രാജകീയമാർഗ്ഗങ്ങളിൽ കൂടിയും ഗ്രീസിലുണ്ടാകുന്ന പല വൃക്ഷങ്ങളും ചെടി കളും നട്ടുപിടിപ്പിക്കുന്നതിന് അദ്ദേഹം വേണ്ട ഏപ്പാ ടുകൾ ചെയ്തു. പക്ഷേ, ആ ഏർപ്പാടുകൾ വിഫലങ്ങ

ളായതേയുള്ളു. എന്തുകൊണ്ടെന്നാൽ, അവിടത്തെ ചുട്ട ടി കൃഷിക്കു ഹാനികരമായിരുന്നു.

ബാബിലോണിൽനിന്നും അലക്സാണ്ടർ, സൈറസ്സ സ്ഥാപിച്ചതും പുരാതന കാലത്തു പ്രാധാന്യത്തിലിരു ന്നതുമായ പെഴ്സിപൊലിസ്സ് എന്ന പട്ടണത്തി ലേക്കു പോയി. അവിടെ വെച്ചു, താഴെ വീണു കിട ന്നിരുന്ന സെർക്സിസിൻെറ പ്രതിമ അലക്സാണ്ടർ കാണു ന്നതിനിടയായി. ഉടൻ, ജീവനുള്ള ഒരാളിനോടു ചോ ദിക്കുന്ന വിധത്തിൽ അദ്ദേഹം അതിനോട്ട് ഇങ്ങനെ ചോദിച്ചു. "നിങ്ങൾ ഗ്രീസിനെ ആക്രമിച്ചതിനാൽ ഇങ്ങനെ ഇട്ടുംവെച്ചു പോകട്ടെയൊ, അതൊ നിങ്ങളുടെ മഹനീയഗുണങ്ങളെ ഓർത്തു പൂർവ്വസ്ഥിതിയിൽ വെക്ക ട്ടെയൊ എന്താണു വേണ്ടതു." കുറെ നേരം മൗനമായി നിന്നതിൻെറ ശേഷം യാതൊന്നും ചെയ്യാതെ അദ്ദേ ഹം അവിടെനിന്നും പോയി.

പേർഷ്യാപ്രാപ്പറിൽ പ്രവേശിക്കുന്നതു് അത്ര എളുപ്പമായിരുന്നില്ല. എന്തുകൊണ്ടെന്നാൽ, മെസൊ പൊട്ടേമിയായിൽനിന്നും പേർഷ്യയിലെഉന്നതതടങ്ങ ളിലേക്കുള്ള വിദരം രണശൂരന്മാരായ യൂക്സിയന്മാരുടെ കൈവശമായിരുന്നു. ഡേരിയസ്സ തന്നെ സമ്മാനങ്ങളും മററും മുറക്കുകൊടുത്താണ്‌ ഇവരെ സ്വാധീനമാക്കിവച്ചു കൊണ്ടിരുന്നതു്. അലക്സാണ്ടരുടെ സൈന്യംഅവിടംകട ന്നുപോയപ്പോൾ, അവർ തങ്ങളുടെ ചാട്ടുളികൾ എറി ഞ്ഞു. ഒരു വിധത്തിൽ അദ്ദേഹം അവരെ ഓടിച്ചു. അവർ ആണ്ടുതോറും നൂറു അശ്വങ്ങളും അഞ്ഞൂറു വൃഷ ഭങ്ങളും മുപ്പതിനായിരം ആടുകളും അലക്സാണ്ടർക്കു കൊടുക്കാമെന്നു സമ്മതിച്ചു. അടുത്തതായി 40000

കാലാൾ സൈന്യത്തിൻേറയും 700 അശ്വസൈന്യത്തിൻേറയും തലവനായിവന്ന പേഷ്യായിലെ സത്രപനായ ആയ്യോബർസാനീസുമായി അദ്ദേഹം യുദ്ധംചെയ്തു. മുൻപു പറഞ്ഞ വിദരത്തിൽ ഒരു പ്രാചീരം പണികഴിപ്പിച്ച് അതിൻെറ പിറകിൽ ആയ്യോബർസാനീസിൻെറ സൈന്യം നിത്തി. ഈ സ്ഥലങ്ങളെപ്പററി നല്ല പരിചയമുണ്ടായിരുന്ന ലിസിയാക്കാരനായ ഒരു തടവുകാരനാണ് അലക്സാണ്ടരുടെ സൈന്യത്തെ അടുത്ത ദിവസം രാവിലെ മുൻപറഞ്ഞ വിദരത്തിലേക്ക് ആനയിച്ചതു്. ശത്രുപക്ഷക്കാർ ഗത്യന്തരമില്ലാതെ അദ്ദേഹത്തിനു കീഴടങ്ങി. ഇതിനിടക്കു, പെഴ്സിപൊലിസിലുള്ള ദ്രവ്യം അലക്സാണ്ടർ കൈവശപ്പെടുത്തിയേക്കുമൊ എന്നു ഭയന്ന്, അതു സ്വാധീനപ്പെടുത്താൻ ഒരു അശ്വസൈന്യത്തോടുകൂടി ഡേരിയസ് അടുത്ത ദിവസം പ്രഭാതത്തിൽ അരാക്സസിൽ എത്തി. എന്നാൽ, അലക്സാണ്ടർ അതിവേഗത്തിൽ യാത്രചെയ്തു പെഴ്സിപൊലിസിൽ ചെന്നുചേൎന്നു.

പിറെറദിവസം, അലക്സാണ്ടർ പെർസിപൊലിസിൽ പ്രവേശിച്ചു. പല വിധത്തിലും ആ നഗരം ബാബിലോണിനേയും സൂസായേയും ജയിക്കുന്നതായി അദ്ദേഹം കണ്ടു. അവിടത്തെ ഭണ്ഡാരത്തിലുണ്ടായിരുന്ന 120000 ടാലൻറു ദ്രവ്യം ഒട്ടകങ്ങളെക്കൊണ്ടു ചുമപ്പിച്ചു കൊണ്ടുപോയി. ബാബിലോണിൽ എന്നപോലെ, പേർസിപൊലിസിലും മാസിഡോണിയാക്കാർ ഉല്ലാസമായികുറെകാലംകഴിച്ചു. ഡ്രൈഡൻ(1631-1700)എന്ന ആംഗലേയ മഹാകവി രചിച്ചിട്ടുള്ള ഒരു കൃതിയിൽഇവരുടെ മദ്യപാനത്തേയും വിജയസൂചകദീപത്തേയും ഇങ്ങെ

നെ വളരെ രസകരമായി വർണ്ണിച്ചിട്ടുണ്ട്. "യുദ്ധം വളരെ വിഷമമാണു്. അതിൽ നിന്നു ബഹുമതി ഉണ്ടാകും. പക്ഷെ, അതു അസ്ഥിരമാകുന്നു. യുദ്ധം ചെയ്തു ലോകം കൈവശപ്പെടുത്തുന്ന പക്ഷം, സുഖജീവിതം നയിക്കേണ്ടതു് അത്യാവശ്യംതന്നെ. ലാവണ്യവതിയായ 'തയിസ്'(Thais)നിനക്കു സമീപമിരിക്കുന്നു. ദേവന്മാർനല്കുന്ന വിശിഷ്ടവസ്തുക്കളെ സ്വീകരിച്ചാലും" ഇങ്ങനെ സുപ്രസിദ്ധനായ തിമൊത്തിയസ്(Tiwctheus) എന്ന ഗായകൻ പാടിയ സുമധുരങ്ങളായ ഗാനങ്ങളെ അവർ സോത്സാഹം കേട്ടുകൊണ്ടിരുന്നു. ഡ്രൈഡൻ (Dryden) ഇതിനെ തുടൎന്നു് അവരുടെ ജീവിതത്തെ വർണ്ണിക്കുന്നുണ്ടു്. മിൽട്ടൺ ചെയ്തിട്ടുള്ളതുപോലെ, ഡ്രൈഡനും അഹേതുകമായി അലക്സാണ്ടരെ കുറ്റപ്പെടുത്തിയിരിക്കുന്നു.

ഗൗഗമേല യുദ്ധാനന്തരം എക് ബട്ടാനാ (Echatana) നഗരത്തിൽ താമസിച്ചിരുന്ന ഡേറിയസ് അലക്സാണ്ടരെ ഭയന്നു കാസ്പിയൻ പ്രവേശനദ്വാരംവഴി ബാക്റ്ററിയായിലേക്കു് ഓടിപ്പോയി. പേർഷ്യൻ രാജാക്കന്മാർ ഉഷ്ണകാലത്തു താമസിച്ചുവന്ന നഗരത്തിൽ അലക്സാണ്ടരും അദ്ദേഹത്തിന്റെ സൈന്യവും ഏതാനും കാലം സുഖമായി കഴിച്ചുകൂട്ടി. അവിടത്തെ കൊട്ടാരം, സ്വർണ്ണംകൊണ്ടും വെള്ളികൊണ്ടുമുണ്ടാക്കപ്പെട്ട സ്തംഭങ്ങൾ, വെള്ളികൊണ്ടുള്ള ഓടുകൾ, കണ്ണാടിപ്പലകകൾ, ഇവയാൽ അലങ്കരിക്കപ്പെട്ടിരുന്നു. ബലിഷ്ഠങ്ങളായ ഏഴു മതിലുകളാൽ ചുറ്റപ്പെട്ട ഈ നഗരം താൻ കൈവശപ്പെടുത്തിയ ദ്രവ്യം സൂക്ഷിക്കുന്നതിനു യോജിച്ച സ്ഥലമെന്നു അലക്സാണ്ടർ വിചാരിച്ചു. അവിടെ

---

ഫ. ആതൻസിലെ ഒരു ഗണികം.

വെച്ച്. ആ ദ്രവ്യത്തെ തന്റെ കുട്ടിക്കാലത്തെ സ്നേഹിതനായിരുന്ന ഹാർപലസിനെ ഏല്പിച്ചു. മീദിയായിലെ കാര്യങ്ങൾ നോക്കുന്നതിനും അവിടെ നിന്നും കാഡൂസ്യായിൽ (Cadusia) കൂടി ഹിക്കാനിയായിൽ പോകുന്നതിനും അദ്ദേഹം പാർമീനിയോവിനെ ചട്ടം കെട്ടുകയും അദ്ദേഹത്തിനെ സഹായിക്കാൻ ഒരു സൈന്യത്തെക്കൂടെ അയക്കയും ചെയ്തു.

അനന്തരം അലക്സാണ്ടർ ദേരിയസിനെ പിൻതുടൎന്നു. പതിനൊന്നാംദിവസം ടെഹറന (Teheren) സമീപമുള്ള റാഗി (Rhagae) എന്ന സ്ഥലത്തെത്തി. അവിടെ അഞ്ചു ദിവസം താമസിച്ചതിന്റെ ശേഷം, അദ്ദേഹം കാസ്പിയൻ പ്രവേശനദ്വാരം വഴി, അക്കാലത്തു വലിയ പ്രാധാന്യമൊന്നുമില്ലാതിരുന്ന പാർതിയാ എന്ന സംസ്ഥാനത്തിലേക്കു യാത്ര തുടൎന്നു. ബാക്ററിയായിലെ സത്രപനായ ബെസ്സസു (Bessus) സ്വതന്ത്രനായി ദേരിയസിനെ ബന്ധനസ്ഥനാക്കിയെന്നു മനസ്സിലായപ്പോൾ, തന്റെ സഖാക്കളോടും ഒരു നല്ല അശ്വസൈന്യത്തോടും കൂടി ആദ്യത്തെ ദിവസം രാത്രി മുതൽ അടുത്തദിവസം ഉച്ചവരെയും അന്നത്തെ രാത്രി മുഴുവനും അദ്ദേഹം യാത്രചെയ്തു് അഗ്നിപ്രകാശംകണ്ട ഒരുസ്ഥലത്തെത്തി. അലക്സാണ്ടർ പതിനൊന്നു ദിവസംകൊണ്ടു 3300 ഫർലാങ്ങ് സവാരി ചെയ്തു. ദാഹം മൂലം അദ്ദേഹവും സൈന്യവും വളരെ കഷ്ടപ്പെട്ടു.

പാർതിയായിൽ പേർഷ്യാക്കാരെ കാണുമെന്നായിരുന്നു അലക്സാണ്ടർ വിചാരിച്ചതു്. പക്ഷെ അദ്ദേഹത്തിന്റെ ഉദ്ദേശം തെററിപ്പോയി. ക്രമത്തിലധികം തളർന്നിട്ടും രാത്രി മുഴുവനും അടുത്ത ദിവസം മദ്ധ്യാ

ഹനം വരെയും കുതിരസവാരി ചെയ്തു, ബെസ്സസ്സ പാളയം അടിച്ചു കിടന്നിരുന്ന പാർത്തിയായിലെ താരാ എന്ന ചെറിയ ഗ്രാമത്തിലെത്തി. അവിടെ വെച്ചു ശത്രുക്കൾ തന്നെ ഭയന്നു് ഓടിപ്പോകയാണെന്നു് അദ്ദേഹത്തിനു മനസ്സിലായി. അലെക്സാണ്ടരും ഒരു മാസിഡോണിയൻ സൈന്യവും ഒരു കുറുക്കുവഴി മരുഭൂമി കടന്നു, പേർഷ്യാക്കാർ നിന്ന സ്ഥലത്തെത്തി. ഡേറിയസ്സിനെ ഒരു കുന്തംകൊണ്ടു കുത്തിയിട്ടു ബെസ്സസ്സും അലക്സാണ്ടരുടെ കൂട്ടുകാരും ഓടി പൊയ്ക്കളഞ്ഞു. അവരെ മാസിഡോണിയാക്കാർ പിന്തുടർന്നു. ഇതിനിടക്കു ഡേറിയസ്സ മരണം പ്രാപിച്ചു. ഏതു കഠിനഹൃദയനും വേദന ഉണ്ടാകത്തക്കവിധത്തിൽ, സമീപത്തിൽ യാതൊരുത്തനുമില്ലാതെ പൊടിയിൽ കിടന്ന ഡേറിയസ്സിന്റെ മൃതശരീരം കണ്ടപ്പോൾ അലക്സാണ്ടർക്കു ക്രമത്തിലധികം സങ്കടം ഉണ്ടായി. ഉടൻ, തന്റെ വിശേഷവസ്ത്രം, മൃതശരീരത്തിൽ ഇട്ടു, ഇങ്ങനെ ക്രീസസ്സിനെ പോലെ, അദ്ദേഹം കാലവൈപരീത്യത്താൽ സ്ഥാനഭ്രഷ്ടനായ ഡേറിയസ്സിനോടു ദാക്ഷിണ്യത്തോടെ പെരുമാറി. ഡേറിയസ്സിന്റെ മരണം അലക്സാണ്ടർക്കു ഗുണപ്രദമായിത്തീർന്നുവെന്നതു വാസ്തവം തന്നെ. എന്തുകൊണ്ടെന്നാൽ, ഡേറിയസ്സ ജീവിച്ചിരിക്കുമ്പോൾ തന്നെ അദ്ദേഹം അലക്സാണ്ടരുടെ കൈയിലായിരുന്നുവെങ്കിൽ, ആ മഹാൻ പേർഷ്യൻ രാജാവിനെ വധിക്കാൻ ഒരിക്കലും സമ്മതിക്കയില്ലായിരുന്നു. പക്ഷേ ഡേറിയസ്സ, അലക്സാണ്ടർക്കു വലിയ ശല്യത്തിനു കാരണമായിരുന്നേനെ. അലക്സാണ്ടർ ഡേറിയസ്സിന്റെ മൃതശരീരത്തെ വളരെ ആദരവോടുകൂടി സിസിഗാമ്പിസി (ഡേറിയസ്സിന്റെ മാതാ

വ്യൻ് അയച്ചുകൊടുത്തു. താമസം കൂടാതെ പെഴ്സിപൊലിസിൽ ഡേറിയസ്സിൻെറ പൂർവ്വികന്മാരുടെ കല്ലറക്കു സമീപം അദ്ദേഹത്തിൻെറ മൃതശരീരം അടക്കം ചെയ്യപ്പെട്ടു.

ഇനി മേലുള്ള അലക്സാണ്ടരുടെ ആക്രമണത്തെപ്പററി പ്രസ്താവിക്കുന്നതിനു മുൻപ്, ഒരു ഭരണകർത്താവിൻെറ നിലയിൽ അദ്ദേഹത്തിനുള്ള ഗുണങ്ങളെക്കുറിച്ചു അല്പമൊന്നു ചിന്തിക്കാം.

ആദ്യം മുതൽ പിടിച്ചടക്കപ്പെട്ട രാജ്യക്കാരോട് അനുകമ്പയോടു കൂടിയാണ് അലക്സാണ്ടർ പെരുമാറിയതു്. ഇതിൻെറ ഉദ്ദേശം രാഷ്ട്രീയമായിരുന്നു. അദ്ദേഹം പിടിച്ചടക്കിയ ഓരോ രാജ്യത്തിലും അവിടത്തെ രാഷ്ട്രികമായിട്ടുള്ള ഏർപ്പാടുകൾ തുടർന്നുകൊള്ളുന്നതിന് അനുവദിച്ചു. എന്നാൽ ഒരു വ്യത്യാസംമാത്രം അദ്ദേഹം ഉണ്ടാക്കി. ഒരു സത്രപനു പേർഷ്യൻ രാജാവു പൂർണ്ണാധികാരം നല്കിയിരുന്നു. അലക്സാണ്ടർ ആ ഉദ്യോഗസ്ഥന് ആഭ്യന്തര ഭരണമെ അനുവദിച്ചുള്ളു. ഒരു സംസ്ഥാനത്തിൽ സത്രപനെ കൂടാതെ ഒരു ഭണ്ഡാര കാര്യസ്ഥനേയും ഒരു സേനാനായകനേയും അദ്ദേഹം ആക്കി. ഇവർ സത്രപന്മാരുടെ ഭരണത്തിൻ കീഴിലല്ലായിരുന്നു. ഈ അധികാര വിഭജനം രാജ്യത്തിൽ കൂടക്കൂടെ ഉണ്ടായിക്കൊണ്ടിരുന്ന ബഹളങ്ങളെ ശമിപ്പിക്കുന്നതിനു പര്യാപ്തമായിത്തീർന്നു. മതവിഷയങ്ങളിൽ, എല്ലാ യവനന്മാരേയുംപോലെ, അദ്ദേഹം സ്വാതന്ത്ര്യം അനുവദിച്ചു.

അലക്സാണ്ടരെ അനുഗമിച്ച യവനന്മാരും മാസിഡോണിയാക്കാരും പൌരസ്ത്യരെ വെറും അടിമകളായിട്ടു കരുതിവന്നു. എന്നാൽ യവനന്മാരുടെ നേതാവ്

എന്ന നിലയിൽ പൗരസ്ത്യദേശങ്ങളെ ആക്രമിച്ച അലക്സാണ്ടർ ഈ മനസ്ഥിതിയെ ഉന്മൂലനം ചെയ്യുന്നതിനു ശ്രമിച്ചു. അദ്ദേഹത്തിനു പാശ്ചാത്യനെന്നും പൗരസ്ത്യനെന്നുമുള്ള ഭേദമില്ലായിരുന്നു: ഗൗഗമേല യുദ്ധത്തിനു ശേഷമാണ് ആ മഹാൻെറ ഈദൃശമായ മനസ്ഥിതി അന്യർ അറിഞ്ഞു തുടങ്ങിയതു്. തനിക്കു കീഴടങ്ങിയ സത്രപന്മാരോട് അലക്സാണ്ടർ സ്നേഹപൂർവ്വം പെരുമാറി. ഐറേനിയൻ പ്രഭുക്കന്മാരുടെ സ്വഭാവങ്ങളെക്കുറിച്ച് അറിയുന്നതിന് അദ്ദേഹം താല്പര്യം കാണിച്ചു. ഏഷ്യായിലെ ചില പ്രവിശ്യകൾ പേർഷ്യാക്കാരായ സത്രപന്മാൎക്കു വിട്ടുകൊടുത്തു. രാജധാനിയിൽ തന്നെ ചില പരിവൎത്തനങ്ങൾ വരുത്തി. തന്നെ ഏഷ്യാക്കാർ പ്രണമിക്കുന്നതിന് ആ രാജാധിരാജൻ അനുവദിച്ചു. ഒരു പേർഷ്യൻ രാജാവിൻെറ വസ്ത്രധാരണരീതി അദ്ദേഹം കൈക്കൊണ്ടു ഇതൊന്നും മാസിഡോണിയാക്കാൎക്കു രസിച്ചില്ല.

---

## അദ്ധ്യായം ൯.

## (൩൩൦-൩൨൭ ബി. സി.)

## അലക്സാണ്ടർ മദ്ധ്യഏഷ്യാ കൈവശപ്പെടുത്തിയതു്.

ജക്സാർട്ടീസു നദിവരെ നീണ്ടുകിടന്ന പേർഷ്യൻ സാമ്രാജ്യത്തിൻെറ ഏതാനും ഭാഗം അലക്സാണ്ടൎക്ക്

ഇനിയും പിടിച്ചടക്കേണ്ടിയിരുന്നു. അതു കൊണ്ടു്, ആ നദിക്കു സമീപമുള്ള രാജ്യങ്ങൾ കരസ്ഥമാക്കുന്നതിനു് അദ്ദേഹം ആരംഭിച്ചു. ഇതിനിടക്കു, കുന്നുകളിലും വനങ്ങളിലുമുള്ള ഗുഹകളിൽ ഒളിച്ചിരുന്ന മാർദിയാക്കാർ അദ്ദേഹത്തിൻെറ ബ്യൂസിഫാലസിനെ മോഷ്ടിച്ചുകൊണ്ടുപോയി. അലക്സാണ്ടർ അവരുമായി യുദ്ധം ചെയ്തു് അതിനെ തിരിച്ചെടുത്തു. അനന്തരം, കാസ്പിയൻഉൾക്കടലിൻെറ തെക്കെ തീരത്തിൽ സ്ഥിതി ചെയ്യുന്നതും ഹിർക്കേനിയായുടെ തലസ്ഥാനവുമായ സാദ്രാകർട്ട(Zadracarta)യിൽ അദ്ദേഹം എത്തി. ഇവിടെ വെച്ചു പേർഷ്യാക്കാരായ പ്രഭുക്കന്മാരും അവരുടെ പരിവാരങ്ങളും അദ്ദേഹത്തിനെ യഥായോഗ്യം സൽക്കരിക്കയും, ഡേരിയസിനു വേണ്ടി യുദ്ധം ചെയ്തവരും എന്നാൽ ബസ്സസിനെ സഹായിക്കാൻ മനസ്സില്ലാതിരുന്നവരുമായ ഗ്രീക്കുകൂലിപ്പടയാളികൾ അലക്സാണ്ടർക്കു കീഴടങ്ങാൻ സന്നദ്ധരാണെന്നു് അദ്ദേഹത്തെ ദൂതന്മാർ മുഖേന അറിയിക്കയും ചെയ്തു. ഇക്കാലത്തു ബസ്സസു പേർഷ്യൻരാജാവിൻെറ സ്ഥാനം സ്വീകരിച്ചു രാജ്യകാര്യങ്ങൾ നടത്തിവന്നു. ബാക്‌റ്റ്റിയായിൽ പ്രവേശിക്കുന്നതിനു് അലക്സാണ്ടർ ആഗ്രഹിച്ചുവെങ്കിലും, ഏരിയായിലേയും, ഡ്രാങ്ഗിയാനായിലേയും ജനങ്ങൾ ലഹളകൾ ഉണ്ടാക്കിയെന്നു് അറിഞ്ഞതിനാൽ അദ്ദേഹം അങ്ങോട്ടു പോയി.

ഡ്രാങ്ഗിയാനായുടെ തലസ്ഥാനമായ പ്രൊഫ്ത്തേഷ്യ(Prophthasia)യിൽ വെച്ചാണു് ആദ്യമായി തൻെറ സൈന്യത്തെ അലക്സാണ്ടർ ശാസിച്ചതു്. സ്വദേശത്തേക്കു മടങ്ങിപ്പോകാൻ അദ്ദേഹം

വിചാരിച്ചുവെന്നൊരു കിംവദന്തി എങ്ങനെയൊ ഹിക്കേനിയായിൽവെച്ച സൈന്യത്തിന്റെയിടയിൽ വ്യാപിച്ചു. ഇതു് അവൎക്കു് അളവററ സന്തോഷത്തിനു കാരണമായിത്തീൎന്നുവെന്നു് അദ്ദേഹം അറിഞ്ഞു. തിരിച്ചുപോകുന്നപക്ഷം ബസ്സസ്സരാജാവായിത്തീരുമെന്നും, പിടിച്ചടക്കപ്പെട്ട രാജ്യങ്ങൾ സ്വതന്ത്രങ്ങളാകുമെന്നും, വാക്ചാതുൎയ്യത്തോടുകൂടി ആ മഹാൻ അവരോടു പറഞ്ഞപ്പോൾ അദ്ദേഹത്തെ എവിടേയും അനുഗമിക്കാൻ വീണ്ടും അവർ സന്നദ്ധരായി. പക്ഷേ, ഈ മനോഭാവം അധികകാലം നിലനിന്നില്ല എന്തുകൊണ്ടെന്നാൽ, സൈന്യത്തിന്റെ അസംതൃപ്തിക്കു വേറെയും കാരണങ്ങൾ ഉണ്ടായിരുന്നു. തന്റെ രാജവംശത്തിലെ ഭരണകൎത്താക്കന്മാരുടെ പഴയകാലം തൊട്ടുള്ള അനാഡംബരമായ ജീവിതരീതികൾ എല്ലാം ഉപേക്ഷിച്ചിട്ടു പേൎഷ്യയിലെ രാജാവിനെപ്പോലെ സ്ഥാനമാനങ്ങൾ അലക്സാണ്ടർ കൈക്കൊണ്ടു. തന്റെ ആളുകൾ നികൃഷ്ടമെന്നു വിചാരിച്ച ചില പ്രവൃത്തികൾ അദ്ദേഹം അവരെക്കൊണ്ടു ചെയ്യിച്ചു. പൌരസ്ത്യരാജ്യങ്ങളിലെ നടപ്പനുസരിച്ചു, തന്നെ സാഷ്ടാംഗം നമസ്കരിച്ച മാസിഡോണിയാക്കാരോടു് അദ്ദേഹം കൂടുതൽ പ്രതിപത്തികാണിച്ചു. ഏഷ്യായിലെപ്രവിശ്യകൾ ഭരിക്കുന്നതിനു് അദ്ദേഹം പേഷ്യാക്കാരായഉദ്യോഗസ്ഥന്മാരെ നിയമിച്ചു. ഇവക്കെല്ലാംപുറമെ, ചില വിശേഷാവസരങ്ങളിൽ ഏഷ്യാക്കാരുടെ വസ്ത്രധാരണരീതി–ധൂമ്രവൎണ്ണമായ ഉടുപ്പു്, കടുംചുവപ്പായ കാൽചട്ടകൾ, ശ്യാമളവൎണ്ണമുള്ള വസ്ത്രം– കൈക്കൊള്ളുന്നതിനു് അദ്ദേഹം തന്റെ ആളുകളോടു് ആവശ്യപ്പെട്ടു. ഏഷ്യായിലെ രാജ്യഭരണ സംബന്ധമായ എഴുത്തുകുത്തുകളിൽ ഡേരിയസിന്റെ മുദ്ര അദ്ദേഹം ഉപ

യോഗിച്ചുവന്നു. ഏഷ്യാക്കാരെ പുച്ഛിച്ച യവനന്മാൎക്കു് ഇതൊന്നും അശേഷം രസിച്ചില്ല. ഇക്കാലത്തായിരുന്നുവെങ്കിൽ അദ്ദേഹത്തെ ഒരു ഉത്തമ രാജ്യതന്ത്രജ്ഞനും സൎവ്വസാഹോദൎയ്യംബുദ്ധിയുള്ളവനുമായ മഹാനായി ജനങ്ങൾ ഗണിക്കുമായിരുന്നു.

96/6

പ്രൊഫ്ത്തേഷ്യയിൽവെച്ചു് അലക്സാണ്ടരെ വധിക്കാൻ ഒരു ഗൂഢാലോചന നടന്നു. ഈ ആലോചന, സൈന്യത്തിന്റെ ആരാധനക്കു പാത്രീഭൂതനും പാൎമീനിയോവിന്റെ പുത്രനുമായ ഫിലോട്ടാസി(Philotas)ന്റെ വധത്തിന്നു കാരണമായിത്തീൎന്നു. ഫിലോട്ടാസു ധൈൎയ്യശാലിയും ഉദാരശീലനുമായിരുന്നു. ഇദ്ദേഹത്തിന്റെ ഔദാൎയ്യത്തെപ്പറ്റി ഒരു കഥയുണ്ടു്. ഒരിക്കൽ ഫിലോട്ടാസിന്റെ ഒരു സ്നേഹിതൻ അദ്ദേഹത്തോടു കുറെ പണം ആവശ്യപ്പെട്ടു. അതു കൊടുക്കാൻ അദ്ദേഹം കാൎയ്യസ്ഥനോടു് ആജ്ഞാപിച്ചു. പണം ഇല്ലെന്നു അയാൾ ഫിലോട്ടാസിനെ അറിയിച്ചു. "എന്തു? ജംഗമസാമാനങ്ങളൊന്നുമില്ലെ," എന്നു അദ്ദേഹം വിചാരിപ്പുകാരനോടു ചോദിച്ചു. തന്റെ സ്ഥിതിക്കു കവിഞ്ഞുള്ള വിധത്തിലായിരുന്നു ഫിലോട്ടാസിന്റെ ചെലവു്.

കാലക്രമത്തിൽ ഫിലോട്ടാസു് അല്പം അഹംഭാവിയായിത്തീൎന്നുവെങ്കിലും പടയാളികൾ അദ്ദേഹത്തെ അത്യന്തം സ്നേഹിച്ചു. പക്ഷെ അദ്ദേഹത്തിന്റെ സമന്മാർ നിന്ദിക്കയാണു ചെയ്തതു്. "അല്ലയോ വത്സ! അത്ര വലിയ മഹാനായി തീരാതിരിക്കുന്നതു നന്നായിരിക്കും", എന്നു് ഒരവസരത്തിൽ അദ്ദേഹത്തോടു പാൎമീനിയൊ പറയുകയുണ്ടായി. ഫിലോട്ടാസു ഒരി

കൽ രാജാവിനോടു ധിക്കാരത്തോടുകൂടി സംസാരിച്ചു. സീവായിലെ ദേവാലയം തന്നെക്കുറിച്ച് എന്തുപറഞ്ഞുവെന്ന് അലക്സാണ്ടർ ഫിലോട്ടാസിനോടു ചോദിച്ചപ്പോൾ, സാധാരണമനുഷ്യരേക്കാൾ വലിയവനാണെന്നു സ്വയം അഭിമാനിക്കുന്നവനെ അനുസരിക്കുന്നവരെപ്പററി സ്യൂസു വളരെ പരിതപിച്ചുവെന്ന് അരുളപ്പാടുണ്ടായതായി മറുപടി പറഞ്ഞു. മുൻപറഞ്ഞ ഗൂഢാലോചനയെപ്പററി അറിഞ്ഞ ഒരു യുവാവായ ഉദ്യോഗസ്ഥൻ രാജാവിനെ ആ വിവരം ധരിപ്പിക്കുന്നതിന് അദ്ദേഹത്തിൻെറ കൂടാരത്തിൽ ചെന്നു. അപ്പോൾ ഫിലോട്ടാസു അവിടെ നിന്നും ഇറങ്ങിവരുന്നതു് അദ്ദേഹം കണ്ടു. അദ്ദേഹത്തോടു സംഗതി പറഞ്ഞു. അനന്തരം ഫിലോട്ടാസു കൂടാരത്തിനകത്തു പ്രവേശിച്ചു കുറെ നേരം രാജാവുമായി സംഭാഷണം ചെയ്തു. പക്ഷേ, ദ്രോഹാലോചനയെക്കുറിച്ച് അദ്ദേഹത്തെ യാതൊന്നും ധരിപ്പിച്ചില്ല. ഒന്നു രണ്ടു ദിവസം കഴിഞ്ഞിട്ടും ഫിലോട്ടാസ് അലക്സാണ്ടരെ ഒന്നും അറിയിച്ചില്ലെന്നു മുൻപറഞ്ഞ ഉദ്യോഗസ്ഥൻ അറിഞ്ഞു. അപ്പോൾ അയാൾ വേറൊരു രാജസേവകനോടു കാൎയ്യം പറകയും ഒടുവിൽ പറഞ്ഞ ആൾ ഉടൻ രാജാവിനെ വിവരം മനസ്സിലാക്കയും ചെയ്തു. ഇതു കേട്ട ഉടൻ അലക്സാണ്ടർ വാവിട്ടു കരഞ്ഞു.

അനന്തരം, അലക്സാണ്ടർ ഫിലോട്ടാസുമായി ഒരു കൂടിയാലോചന നടത്തി. പിന്നീട് ഒരു സഭ വിളിച്ചുകൂട്ടി. ഇതിൽ ഫിലോട്ടാസു പങ്കുകൊള്ളുന്നതിന് അലക്സാണ്ടർ അനുവദിച്ചില്ല. രാജാവിൻെറ വിശ്വാസഭാജനമായിരുന്ന ക്രേററസു, ഫിലോട്ടാസു വധാർഹനാണെന്നു സധൈൎയ്യം അഭിപ്രായപ്പെട്ടു. അടു

ത്തദിവസം പടയാളികളുടെ ഒരു ന്യായസഭ—സമാധാനകാലത്തു വധാർഹമായ കേസുകൾ തെളിയിക്കുന്നതിനു മാസിഡോണിയാക്കാക്കു് അധികാരം കൊടുത്തിരുന്നു; യുദ്ധകാലത്തു് ഈ അവകാശം സൈന്യത്തിനായിരുന്നു—വിളിച്ചുകൂട്ടി തന്നെ വധിക്കുന്നതിനുള്ള ഗൂഢോപായത്തെപ്പററി രാജാവു് അവരോടു പ്രസ്താവിച്ചു. അതു കേട്ടപ്പോൾ ശ്രോതാക്കളുടെ നയനങ്ങളിൽനിന്നും അശ്രുക്കൾ ധാരധാരയായി ഒഴുകി. പാർമിനിയോ ആ ഉപായത്തിന്റെ നേതാവും ഫിലോട്ടാസു് അതിന്റെ പ്രധാന നടത്തിപ്പുകാരനുമാണെന്നു രാജാവു് അവരെ അറിയിച്ചപ്പോൾ അവരുടെ കോപം പൂർവ്വാധികം വദ്ധിച്ചു. മൊഴികളിൽ നിന്നും ഫിലോട്ടാസു കുററക്കാരനെന്നു തെളിഞ്ഞതിനാൽ അവക്കു് ഒരു സമാധാനമുണ്ടായി. ഫിലോട്ടാസ് വിലങ്ങിട്ടു് അവിടെ കൊണ്ടുവരപ്പെട്ടു. ഇതിനിടക്കു് അലക്സാണ്ടർ അവിടെ നിന്നും അപ്രത്യക്ഷനായി. ഫിലോട്ടാസിനു നല്കിയ മരണശിക്ഷ സാധൂകരിക്കുന്നതിനു് അദ്ദേഹം അവിടെ നിന്നില്ല. പാർമീനിയോവും ഫിലോട്ടാസും മുൻകാലങ്ങളിൽ അലക്സാണ്ടക്കു് ഉപകാരങ്ങൾ ചെയ്തിട്ടുണ്ടായിരുന്നുവെന്നതു തക്കമെററ സംഗതിയാണു്.

ഫിലോട്ടാസിന്റെ ശത്രുക്കൾ അയാളുടെ ദുഷ്പ്രവൃത്തികളെപ്പററി, ക്ഷോഭം ഉണ്ടാകത്തക്ക വിധത്തിൽ സദസ്യരോടു പ്രസംഗിച്ചു. അയാളെ വധിക്കണമെന്നു് എല്ലാവരും ഉറക്കെ വിളിച്ചുപറഞ്ഞു. പാർമീനിയോവിന്റെ വംശനാശം കൊണ്ടു തങ്ങൾക്കു ഗുണം ലഭിക്കുമെന്നു വിചാരിച്ചിരുന്നഹെഫീസ്റ്റ്യൺ(Hephaestion),

ക്രേററസ്സ (Craterus), കീനസ്സ (Coenus), എന്നിവരു ടെ മേൽനോട്ടത്തിലാണു് അദ്ദേഹത്തിനെ ദണ്ഡിപ്പിച്ചതു്. തൽഫലമായി, ഈജിപ്ററു വിട്ടതിൻെറ ശേഷം, താനും പാർമീനിയോവും അലക്സാണ്ടരെ വധിക്കുന്നതിനുള്ള ഒരു ഗൂഢാലോചനയിൽ ഉൾപ്പെട്ടിരുന്നുവെന്നു ഫിലോട്ടാസ്സ സമ്മതിച്ചു. വിസ്താരം കഴിഞ്ഞപ്പോൾ, തങ്ങളുടെ ചാട്ടുളികൾ പ്രയോഗിച്ചു മാസിഡോണിയാക്കാർ അയാളേയും അയാളുടെ കൂട്ടുകാരേയും വധിച്ചു.

ഫിലോട്ടാസിൻെറ മരണത്തിനുശേഷം, സൈന്യത്തിൽഭൂരിഭാഗവും വൈരനിയ്യാതനത്തിനു ഭാവിച്ചു. പാർമീനിയോവിൻെറ പുത്രന്മാരെല്ലാം മരിച്ചിരുന്നു. അലക്സാണ്ടർ എത്രമാത്രം പർമീനിയോവിനു കടപ്പെട്ടിരുന്നുവെന്നു സൈന്യത്തിനു നല്ലപോലെ അറിയാമായിരുന്നു. എന്നിട്ടും, പാർമീനിയോവിനെ കൊല്ലാനുള്ള പത്രിക അലക്സാണ്ടർ ഒപ്പിട്ടു മുദ്ര വെച്ച് അയച്ചു. പാർമീനിയൊ കുററാളിയാണെന്നു തനിക്കു ബോധപ്പെട്ടതിനാലായിരിക്കാം രാജാവു് അപ്രകാരം പ്രവത്തിച്ചതു്. വിദേശങ്ങളെ പിടിച്ചടക്കുന്ന കാര്യത്തിൽ പാർമീനിയൊ ഒരു പ്രതിബന്ധമായിത്തീരുന്നോക്കാമെന്നു് അദ്ദേഹത്തിൻെറ മനസ്സിൽ കടന്നുകൂടിയിരിക്കാം. പാർമീനിയോവിൻെറ വിരോധികളുടെ പ്രേരണയാലാണു് അലക്സാണ്ടർ ഇവ്വിധം പ്രവത്തിച്ചതെന്നു വിശ്വസിക്കുന്നതു് ഒട്ടും ശരിയല്ല. രാജാവിൻെറ ആജ്ഞാനുസരണം, പാർമീനിയോവിൻെറ ശിരസ്സ പാളയത്തിൽ കൊണ്ടുവന്നപ്പോൾ സൈന്യത്തിൽ ഒരു ബഹളമുണ്ടായി- ഇതു കുറെ പ്രയാസപ്പെ

ട്ടാണ് അലക്സാണ്ടർ ശമിപ്പിച്ചതു്. ഇക്കാലം മുതൽ അദ്ദേഹത്തിൻെറ രാജ്യക്കാക്ക് മാത്രമല്ല, മററു രാജ്യനിവാസികൾക്കും അദ്ദേഹത്തെപ്പററി വലിയ ഭയമായിരുന്നു.

ഹെഫീസ്റ്റ്യനേയും രാജാവിൻെറ വളത്തമ്മാവനായ ക്ലിററസിനേയും, ഫിലോട്ടാസിനു പകരം അംഗരക്ഷകസൈന്യത്തിൻെറ അധിപന്മാരായും, ഗൂഢാലോചനയിൽ പങ്കെടുത്ത ഡെമററ്റിയസിനു പകരം ടോളമിയെ അംഗരക്ഷകന്മാരിൽ ഒരുവനായും അലക്സാണ്ടർ നിയമിച്ചു. ഗഡ്രോസിയായിൽ അദ്ദേഹം ഒരു ഗവർണരെ ആക്കി. ബി. സി. 329-ാമാണ്ട വസന്തകാലത്തിൽ തെക്കെ അഫ്ഗാനിസ്ഥാനിൽ കൂടി അദ്ദേഹം യാത്ര തുടന്നു. ഇവിടെ 'അലക്സാണ്ഡ്റിയ' (Alexandria of the Caucasus) എന്ന പേരിൽ ഒരു പട്ടണം അദ്ദേഹം സ്ഥാപിച്ചു. അലക്സാണ്ടരെപ്പററിയുള്ള ചരിത്രത്തിൽ കാണുന്ന സ്ഥലങ്ങളെല്ലാം ഇപ്പോൾ തിരിച്ചറിയാൻ പാടില്ലാത്ത വിധത്തിൽ ഗണ്യമായ മാററം സംഭവിച്ചിട്ടുള്ളവയാണ്. അലക്സാണ്ഡ്റിയ എന്നതിൻെറ തത്ഭവമായിരിക്കാം ആധുനിക കാണ്ടഹാർ. പുരാതനകാലത്തു ഹിന്ദുക്കഷു പർവതം പാരൊപാനിസസു എന്നപേരിലും, ഹിമാലയപർവ്വതം ഇമൗസു് (Imaus)എന്ന പേരിലും അറിയപ്പെട്ടിരുന്നു. ഹിന്ദുക്കഷുപർവ്വതത്തിൻെറ അടിവാരത്തിൽ അലക്സാണ്ഡ്റിയ എന്നു പേരുള്ള വേറൊരു പട്ടണം അദ്ദേഹം സ്ഥാപിച്ചു. ബി. സി. 328-ാമാണ്ട വസന്തകാലത്തിൽ ഹിന്ദുക്കഷിൽകൂടി ഖാവാക്ക (Khawak)വിദരംവഴിയാണ് അദ്ദേഹം തൻെറ സേന

യെനയിച്ചതു്. മഹാബലിഷ്ഠനായ ഹെറാക്ലീസിനുകൂടി ഇതു പ്രയാസമേറിയ ഒരു സംഗതിയായിരുന്നു. മാസിഡോണിയാക്കാരിൽ ചിലർ മരിച്ചുപോകയും, ചിലൎക്കു അങ്ഗഭങ്ഗമുണ്ടാകയും മററു ചിലർ ആഹാരസാധനങ്ങൾ ശരിയായി പാകം ചെയ്യാനുള്ള അസൗകൎയ്യം നിമിത്തം പച്ചിറച്ചി, സസ്യങ്ങൾ, മുതലായവയെ ഭക്ഷിക്കയും ചെയ്തു. ബാക്ററിയായുടെ പടിഞ്ഞാറെ ഭാഗത്തുള്ള മണലാരണ്യത്തിൽകൂടി പല തരത്തിലുള്ള ക്ലേശങ്ങൾ അനുഭവിച്ചു് അലക്സാണ്ടരും തന്റെ സൈന്യവും യാത്ര തുടൎന്നു. തന്റെ സേനയുടെ പരിതാപകരമായ സ്ഥിതി കണ്ടപ്പോൾ, അദ്ദേഹത്തിനു തന്നെ അധൈൎയ്യമുണ്ടായി. തന്നിമിത്തം, അദ്ദേഹം വളരെ കഷ്ടപ്പാടുകൾ സഹിച്ചുവെന്നും, ദാഹശമനത്തിനു മററുള്ളവൎക്കു ജലമില്ലാതിരുന്നതിനാൽ താനും ജലപാനംകൂടി ചെയ്തില്ലെന്നും, പ്രായാധിക്യമുള്ള മാസിഡോണിയാക്കാരെയും തെസ്സാലിക്കാരെയും തിരിച്ചയച്ചുവെന്നും കാണുന്നു.

[1]ബാക്ററിയാക്കും [2]സോഗ്ഡിയാനാക്കും മദ്ധ്യേയുള്ള 'യെല്ലൊക്സസിന്റെ' തീരത്തിൽ അലക്സാണ്ടർ എത്തിയപ്പോൾ അദ്ദേഹത്തിന്റെ ബോട്ടുകളെല്ലാം ബസ്സസ്സ് അഗ്നിക്കിരയാക്കിയതിന്റെശേഷം അയാൾ അവിടെനിന്നും ഓടിപ്പോയി എന്നുള്ളവാൎത്തഅറിഞ്ഞു. ഓർണസ്സും [3]ബാൽഖും പിടിച്ചടക്കിയതിൽ പിന്നീട്

1. ആധുനിക ബൊഖാറായും തുർക്കിസ്ഥാനും
2. സോഗ്ഡ (Sogd) എന്ന നദി ഒഴുകുന്ന സ്ഥലം.
1&2. ഇവ ആ കാലത്തു കൂടുതൽ ഫലപുഷ്ടിയുള്ളവയായിരുന്നു.
3. ബാക്ററിയായുടെ തലസ്ഥാനം.

അലക്സാണ്ടർ അയാളെ പിന്തുടൎന്നു. അക്കാലത്തു കാസ്പിയൻ ഉൾക്കടലിലായിരുന്നു ഓക്സസ്സുനദിയുടെ പതനം. മാസിഡോണിയാക്കാൎക്കു കടക്കാനുണ്ടായിരുന്നതിൽ ഏററവും വീതി കൂടിയ നദിയായിരുന്നു അതു്. ചൎമ്മനിൎമ്മിതങ്ങളായ ചെറുതോണികളിൽ ഈ നദി കടക്കാൻ അദ്ദേഹത്തിൻെറ സൈന്യത്തിനു് അഞ്ചു ദിവസം വേണ്ടിവന്നു.

അലക്സാണ്ടരുടെ സൈന്യത്തിനുവേണ്ടി ഓക്സസ്സുനദിക്കു സമീപം പ്രാക്സിനസ്സ് (Proxeuus) എന്ന മാസിഡോണിയാക്കാരൻ കൂടാരം അടിച്ചപ്പോൾ ഒരു എണ്ണയുലിവ് ഉറവു കണ്ടു. ആ പ്രദേശത്തെങ്ങും തന്നെ ഒലിവുവൃക്ഷം ഇല്ലായിരുന്നു. ഓക്സസ്സു നദിയിലെ ജലം സ്നിഗ്ദ്ധമായിരുന്നതിനാൽ, അതിൽ സ്നാനം ചെയ്യുവരുടെ ശരീരത്തിനു പ്രത്യേകം മൃദുത്വവും കാന്തിയുമുണ്ടായി.

ഈ ഉറവ് ഒരു ഒന്നാംതരം ശകുനമായി താൻ വിചാരിച്ചുവെന്നു് അലക്സാണ്ടർ ആൻറിപ്പേറററിനു് ഒരെഴുത്തയച്ചു. യുദ്ധയാത്ര വിഷമകരമായിരിക്കുമെങ്കിലും ഒടുവിൽ അലക്സാൎക്കു വിജയം ലഭിക്കുമെന്നാണു് ഈ ശകുനത്തിൻെറഫലമെന്നു കൂടെയുണ്ടായിരുന്ന ജ്യോത്സ്യന്മാർ അദ്ദേഹത്തെ ധരിപ്പിച്ചു.

ഇക്കാലത്തു നടന്ന ഒരുസംഭവം സ്മരണീയമാണു്. ഒരു ത്തുക്കായ കുന്നിൻെറ മുകളിലുള്ള കോട്ടയെ നിരോധിച്ചു കൊണ്ടിരുന്നവരിൽ അലക്സാണ്ടർ എന്നപേരോടുകൂടിയ ഒരു പടയാളി ഉണ്ടായിരുന്നു. അയാളുടെ അടുക്കൽ അലക്സാണ്ടർ ഇങ്ങനെ പറഞ്ഞു. “അല്ല

യൊ സ്നേഹിതാ! നിന്റെ പേരിനു് അനുരൂപമായ വിധത്തിൽ നീ സധൈര്യം യുദ്ധം ചെയ്യണം."

പേർഷ്യയുടെ വടക്കുകിഴക്കു ഭാഗത്തിൽ കൂടിയുള്ള യാത്രയിൽ അലക്സാണ്ടരുടെ സൈന്യത്തിൽ അനേകം പേർ മരിച്ചുവെങ്കിലും, അദ്ദേഹവും സൈന്യവും യാത്ര തുടൎന്നു ജക്സാർട്ടീസ നദിയുടെ കരയിൽ എത്തി. അതിന്റെ തെക്കേ തീരത്തിൽ ഉത്തരപേർഷ്യായിലേക്കും ടിയാൻഷാൻ പൎവ്വതത്തിലെ വിമരത്തിലേക്കുമുള്ള പാതകൾ ആരംഭിക്കുന്ന സ്ഥലത്തു്, അതായതു് ആധുനിക ഖോജെണ്ടു് എന്നിടത്തു്, അദ്ദേഹം അലക്സാണ്ട്റിയ എന്നൊരു പട്ടണം സ്ഥാപിച്ചു. മുൻപു സ്ഥാപിച്ച പട്ടണങ്ങളിൽ ചെയ്തതുപോലെ ഇവിടേയും കുറെ യവനന്മാരെ അദ്ദേഹം പാൎപ്പിച്ചു. തന്മൂലം സൈന്യത്തിന്റെ സംഖ്യ വളരെ കുറഞ്ഞു.

മേല്പറഞ്ഞ പട്ടണത്തിന്റെ സ്ഥാപനത്തെപ്പററി അദ്ദേഹം പൎയ്യാലോചിച്ചുകൊണ്ടിരുന്നപ്പോഴാണു സോഗ്ഡിയാനാക്കാർ ലഹള ഉണ്ടാക്കിയെന്നു് അലക്സാണ്ടർ അറിഞ്ഞതു്. ഉടനെ അദ്ദേഹം അങ്ങോട്ടേക്കു തിരിച്ചു. തങ്ങളുടെ ഏഴു നഗരങ്ങളിലായി സോഗ്ഡിയാനാക്കാർ അഭയം പ്രാപിച്ചു. രണ്ടു ദിവസം കൊണ്ടു അവയിൽ അഞ്ചുപട്ടണം അലക്സാണ്ടർ പിടിച്ചെടുത്തു. സൈറസു സ്ഥാപിച്ച സൈറൊപൊലിസ് എന്ന വലിയ നഗരവും അദ്ദേഹം സൂത്രത്തിൽ കരസ്ഥമാക്കി. തങ്ങളുടെ കിണറുകൾ അലക്സാണ്ടരുടെ കൈവശമായിപ്പോയതിനാൽ കുടിക്കാൻ ജലമില്ലാതിരുന്നതുകൊണ്ടാണു നഗരവാസികൾ അദ്ദേഹത്തിനു കീഴടങ്ങിയതു്. സൈറൊ പൊലിസിൽ വെച്ചു് അല

ക്ലൂാണ്ടർക്കും ക്രേററസിനും മുറിവുകൾ പററി. പക്ഷേ, അവ സാരമുള്ളവയല്ലായിരുന്നു.

മുൻ പറഞ്ഞ ഏഴു നഗരങ്ങളും സ്വാധീനപ്പെടുത്തിയ ശേഷം, അലക്സാണ്ടർ ജക്സാർട്ടീസിൻെറ കരയിൽ തിരിച്ചെത്തി. ഇരുപതു ദിവസം കൊണ്ടു തൻെറ നൂതനപട്ടണത്തിനു ചുററും കോട്ട കെട്ടിച്ചു. ഗ്രീക്കുകാരായ കൂലിപ്പടയാളികളേയും മാസിഡോണിയാക്കാരേയും അവിടെ പാർപ്പിച്ചു. എതിർ കരയിൽ നിന്നും സിതിയന്മാർ അദ്ദേഹത്തെ പോരിനു വിളിച്ചു. തനിക്കു മുൻപു പററിയ മുറിവുകളേയും ദുശ്ശകുനങ്ങളേയും വകവെയ്ക്കാതെ ചർമ്മനിർമ്മിതങ്ങളായ വള്ളങ്ങളിൽ നദി കടന്ന് അവരുമായി യുദ്ധം ചെയ്ത് അവരെ തോല്പിച്ചു. അത്യുഷ്ണകാലമായിരുന്നതിനാൽ പലായനം ചെയ്ത ശത്രുക്കളെ അദ്ദേഹം പിൻ തുടന്നില്ല. ദാഹശമനത്തിനായി അവിടത്തെ വെള്ളം കുടിക്കയും, തന്മൂലം അദ്ദേഹം രോഗപീഡിതനായിത്തീരുകയും ചെയ്തു.

ബി. സി. 327-ാമാണ്ട് ഹേമന്തകാലം അലക്സാണ്ടർ ബാക്ററിയായിലും സോഗ്ഡിയാനായിലും കഴിച്ചുകൂട്ടി. പക്ഷേ, ഈ രാജ്യത്തിൽ യവനപരിഷ്ക്കാരം പ്രചരിപ്പിക്കാൻ അദ്ദേഹത്തിനു സാധിച്ചില്ല. അദ്ദേഹംമൂലം ഇവരുടെ ശക്തി ക്ഷയിച്ചതിനാൽ ഓക്സസുനദിക്കു വടക്കുള്ള പുല്ക്കാട്ടിലെ നിവാസികളായ മാഗ്യാർ, ടർക്ക്, എന്നീ വർഗ്ഗക്കാർ ബാക്ററിയായും സോഗ്ഡിയാനായും പില്ക്കാലം ആക്രമിച്ചുവന്നു. ഈ രാജ്യങ്ങൾ പല ഭരണകർത്താക്കളുടേയും കൈവശമിരുന്നിട്ടുണ്ട്. പത്തൊൻപതാം ശതാ

ബ്ദത്തിൽ ഇവയുടെ ഭൂരിഭാഗവും റഷ്യയോടു ചേക്കപ്പെട്ടു.

വിജനമായ മണലരണ്യം. പുല്ക്കാട്ട്, ഹിമംകൊണ്ടു മൂടിയ പർവ്വതങ്ങൾ, ഹിമവാഹിനി, ഇവ സോഗ്ഡിയാനായിൽ മിക്ക സ്ഥലത്തും കാണുന്നു. എന്നാൽ സോഗ്ഡിയാനാക്കും ബാക്ററിയാക്കും മദ്ധ്യക്കൂടി ഒഴുകുന്ന സാരാഫ്ഷാൻെറ തീരത്തിലാണു മദ്ധ്യകാലത്തു് അതിപ്രധാനമായിരുന്ന സമർക്കണ്ടു, ബൊക്കാറാ, എന്നീ നഗരങ്ങൾ സ്ഥിതിചെയ്യുന്നതു്. ഇപ്പോഴത്തെ അഫ്രോസിയാബ്(Afrosiab)എന്ന പട്ടണം അലക്സാണ്ടരുടെ കാലത്തിലെ മാരകാണ്ഡ (Maracanda) മായിരുന്നുവെന്നു നമുക്കു ഗണിക്കാം.

ഹേമന്ത കാലത്തിൽ ബസ്സസ് അലക്സാണ്ടരുടെ പിടിയിലകപ്പെട്ടു. തൻെറ കൂട്ടാളികൾക്കുതന്നെ ബസ്സസ് ഒരു പരിഹാസഭാജനമായിത്തീൎന്നു. പലായനം ചെയ്യുന്നതിനു് അവൎക്കു ശക്തിയില്ലാതായി. അതുകൊണ്ടു സ്വയം രക്ഷക്കായി അവർ ബസ്സസിനെ അലക്സാണ്ടരെ ഏൽപിച്ചു. തൻെറ രാജാവു തനിക്കു അനേകം ഗുണങ്ങൾ ചെയ്തിട്ടുള്ളവനുമായ ഡേരിയസിനെ എന്തിനാണു് അയാൾ വധിച്ചതെന്നു് അലക്സാണ്ടർ ബസ്സസിനോടു ചോദിച്ചു. അലക്സാണ്ടരുടെ പ്രീതി സമ്പാദിക്കാനാണെന്നു് അയാൾ മറുപടി പറഞ്ഞു. അയാൾ ഡേരിയസ്സിനെ വധിച്ചതു പൗരസ്ത്യദേശക്കാൎക്കു തീരെ രസിച്ചില്ലെന്നു് അലക്സാണ്ടർ മനസ്സിലാക്കി. അതുകൊണ്ടു്, എക്ബാട്ടാനായിൽ വെച്ചു ബസ്സസു വധിക്കപ്പെട്ടു.

ജോലിക്കൂടുതലും വിഷമങ്ങളും മൂലം മാസിഡോണിയൻ സേനാനായകന്മാരും പടയാളികളും വളരെ

ക്ഷീണിച്ചിരുന്നു. മുൻകാലങ്ങളിലെപ്പോലെ അലക്സാണ്ടർ ഉന്മേഷഭരിതനായിരുന്നില്ല. നാൾ പോകുംതോറും അദ്ദേഹം ഭയങ്കരരൂപനായി കാണപ്പെട്ടു. ഏഷ്യാക്കാരുടെ ആചാരങ്ങളും മററും സ്വീകരിച്ച് അവരെ രഞ്ജിപ്പിക്കുന്ന കാര്യത്തിൽ ഹെഫീസ്റ്റ്യൻ മാത്രമെ സോത്സാഹം പ്രവർത്തിച്ചുള്ളുവെന്ന് അദ്ദേഹത്തിന് അറിയാമായിരുന്നു. ഹെഫീസ്റ്റ്യനേക്കാൾ കൂടുതലായി അദ്ദേഹം ക്രേററസിനെയാണ് ബഹുമാനിച്ചതെങ്കിലും, ക്രേററസു മാസിഡോണിയാക്കാരുടെ രീതികളെ മുറുകെ പിടിച്ചിരുന്നു. തന്നിമിത്തം, ക്രേററസു 'രാജാവി'ൻെറയും ഹെഫീസ്റ്റ്യൻ 'അലക്സാണ്ടരു'ടെയും മിത്രമാണെന്ന് അലക്സാണ്ടർ അഭിപ്രായപ്പെട്ടു.

സൈന്യത്തിൽ ചിലരുടെയെല്ലാം ചാപല്യങ്ങളെ അലക്സാണ്ടർ തടഞ്ഞില്ല. തൻെറ ചെരുപ്പുകളിൽ ഹാഗ്നൻ (Hagnon) വെള്ളികൊണ്ടുള്ള ആണികൾ ഉപയോഗിച്ചു. മല്ലയുദ്ധം ചെയ്യുന്ന അവസരത്തിൽ ഈജിപ്റ്റിൽ നിന്നും പൗഡർ കൊണ്ടുവരാൻ അനേകം ഒട്ടകങ്ങളെ ലിയോണാററസ് ഏർപ്പെടുത്തിയിരുന്നു. നൂറു ഫർലാങ്ങ് നീളമുള്ള വാഗുരകൾ ഫിലോട്ടാസിനുണ്ടായിരുന്നു. സ്നാനാന്തരം എണ്ണക്കു പകരം ഒരു അമൂല്യതൈലം സൈന്യത്തിൽ അനേകം പേർ ഉപയോഗിച്ചുവന്നു. അവരുടെ ദ്രവ്യാഗ്രഹം, അവിവേകം, മുതലായ ദുർഗ്ഗുണങ്ങളെപ്പററി അദ്ദേഹം അവരെ കുററപ്പെടുത്തിയില്ല. പക്ഷേ ദേഹപ്രയത്നം ചെയ്യാത്തതിന് അദ്ദേഹം അവരെ ശാസിച്ചു. ആരും ഏതു ജോലിയും ചെയ്യുന്നതിനു മടിക്കരുതെന്നായിരിന്നു അദ്ദേഹത്തിൻെറ അഭിപ്രായം. യുദ്ധമില്ലാതിരുന്ന കാലത്തു് അനേകായിരം

അടിമകളുടെ നാഥന്മാരായിരുന്ന മാസിഡോണിയാക്കാർ മടിയന്മാരും സുഖലോലുപന്മാരുമായിത്തീർന്നതിരിക്കാൻ നായാട്ടിൽ അവരെ അദ്ദേഹം ഏർപ്പെടുത്തിവന്നു.

ഇക്കാലത്താണു മാരകാണ്ഡയിൽവെച്ചു ദാരുണമായ ഒരു സംഭവം നടന്നതു്. അലക്സാണ്ടരും അദ്ദേഹത്തിന്റെ സേവകന്മാരും മദ്യപാനം ചെയ്തു രാത്രിയുടെ നിശ്ശബ്ദതയെ ഭഞ്ജിച്ചു. മദ്യപാനത്തിനിടയിൽ ചിലർ അദ്ദേഹത്തെ സ്തുതിച്ചു. മററുചിലർ സോഗ്ദിയാന ദേശക്കാരാൽ പരാജിതരായ ഉദ്യോഗസ്ഥന്മാരെപ്പററി ആക്ഷേപിച്ചു. അലക്സാണ്ടർക്കു വിരോധം തോന്നത്തക്കവണ്ണം പല സംഗതികളും ക്ലീററസ് ഉറക്കെ വിളിച്ചുപറഞ്ഞു. കോപം സഹിക്കവഹിയാതായപ്പോൾ, തന്റെ ഖഡ്ഗം എടുക്കാൻ അലക്സാണ്ടർ എഴുന്നേററു. പക്ഷേ, അതു് അവിടെനിന്നും ആരോ മാററിവെച്ചിരുന്നു. ഇതിനിടക്കു ചിലർ ക്ലീററസിനെ മുറിയിൽനിന്നും പുറത്തേക്കു കൊണ്ടുപോയി. ശൂരനായ ക്ലീററസു വീണ്ടും മുറിയിൽ കയറി വധശിക്ഷയേററു. സ്വല്പം കഴിഞ്ഞപ്പോൾ അലക്സാണ്ടർക്കു സുബോധമുണ്ടായി. തന്റെ സ്നേഹിതന്മാർ വിവർണ്ണവദനന്മാരായി നിൽക്കുന്നതും വയസ്സായ തന്റെ വളർത്തമ്മയുടെ ഭ്രാതാവായ ക്ലീററസു മരിച്ചുകിടക്കുന്നതും കണ്ടപ്പോൾ, സങ്കടം സഹിക്കവയ്യാതെ ഇനിയും ജീവിച്ചിരുന്നിട്ടാവശ്യമില്ലെന്നു വിചാരിച്ചു. തന്റെ കുന്തം കൊണ്ടു ആത്മഹത്യക്കു് അദ്ദേഹം തുനിഞ്ഞു. അദ്ദേഹത്തിന്റെ അങ്ഗരക്ഷകന്മാർ ചാടിവീഴുകയാൽ അദ്ദേഹത്തിന്റെ സാഹസകൃത്യം വിഫലമായിത്തീർന്നു. 'ക്ലീററസു, ലാനിസ്' എന്നു സദാ വിളിച്ചുകൊണ്ടു മൂന്നു ദിവസം ഊണും ഉറക്കവുമില്ലാതെ അദ്ദേഹം വിഷണ്ണനായിരുന്നു.

അനേകം പേർ സാന്ത്വനവാക്കുകൾ ഉപയോഗിച്ചിട്ടും ഫലമൊന്നുമുണ്ടായില്ല. എന്നാൽ അറിസ്റ്റാണ്ടർ (Aristander) അലക്സാണ്ടർ കണ്ട ഒരു സ്വപ്നത്തേയും മുമ്പൊരിക്കൽ ആട്ട വന്നതുകൊണ്ടുള്ള ദുശ്ശകുനത്തേയും അദ്ദേഹത്തെ ഓർമ്മിപ്പിച്ചു. എല്ലാം ഈശ്വരാജ്ഞയാണെന്നു പറഞ്ഞു് അദ്ദേഹത്തെ സമാധാനപ്പെടുത്തി. തന്റെ വിഷാദം ശമിച്ചപ്പോൾ തത്വജ്ഞാനികളായ കല്ലിസ്തിനസി (Callisthenes)നേയും അനാക്സർക്കിസി(Anaxarchus)നേയും മുൻപിൽ ഹാജരാക്കാൻ രാജാവു് ആജ്ഞാപിച്ചു.

14594

കല്ലിസ്തിനീസു് അറിസ്റ്റോട്ടിലിന്റെ മരുമകനും ഒരു ചരിത്രകാരനുമായിരുന്നു. അദ്ദേഹത്തിന്റെ ചില വാക്കുകൾ അലക്സാണ്ടരുടെ കോപാഗ്നിയെ ജ്വലിപ്പിച്ചു. വിവേചനാശക്തി കുറവായിരുന്നെങ്കിലും അദ്ദേഹം (കല്ലിസ്തിനിസു) ഒരു നല്ല വാഗ്മി ആയിരുന്നുവെന്നു് അറിസ്റ്റോട്ടിൽ അഭിപ്രായപ്പെട്ടു. സ്വഭാവവൈശിഷ്ട്യത്തിനു പ്രസിദ്ധിനേടിയ അദ്ദേഹം സംഭാഷണത്തിലും പ്രവൃത്തിയിലും കാണിച്ച സ്വാതന്ത്ര്യം അദ്ദേഹത്തിനുതന്നെ ഉപദ്രവകരമായിത്തീർന്നു.

കല്ലിസ്തിനീസു് അലക്സാണ്ടരുടെ മുറിയിൽചെന്നു് അദ്ദേഹത്തെ സമാധാനപ്പെടുത്താൻ ശ്രമിച്ചു. പക്ഷേ, ഫലമൊന്നുമുണ്ടായില്ല. മററു തത്വജ്ഞാനികളെ നിന്ദിച്ച അനാക്സർക്കസു രാജാവിന്റെ മുറിയിൽ കയറിയ ഉടൻ ഇങ്ങനെ പറഞ്ഞു. "ലോകരുടെ ബഹുമാനത്തിനു പാത്രമായ അലക്സാണ്ടർ ആണോ ഇതു്? ലോകത്തെ ഭയന്നു് ഒരടിമയെപ്പോലെ കരയുന്ന ഇദ്ദേഹം ലോകക്കു് ആരാധ്യപുരുഷനായ അലക്സാണ്ടരാണോ? ഇപ്രകാര

മുള്ള വാക്കുകൾമൂലം രാജാവിന്റെ സങ്കടത്തിന് അനാക്സക്സസ്സു പരിഹാരമുണ്ടാക്കി. പക്ഷെ, അദ്ദേഹത്തിന്റെ അഹങ്കാരം ഒന്നുകൂടി വർദ്ധിക്കയാണു ചെയ്തതു്. കൂടാതെ കല്ലിസ്തിനസിനോടു് അദ്ദേഹത്തിനുള്ള പ്രീതിയും കുറഞ്ഞു.

ഒരു ദിവസം ആ ദേശത്തിലെ അപ്പോഴത്തെ കാലഭേദങ്ങളേയും ശൈത്യത്തെയുംപററി തീന്മേശക്കു ചുററും എല്ലാവരുമിരിക്കുമ്പോൾ ഒരു സംവാദമുണ്ടായി ആ ദേശത്തെ തണുപ്പു ഗ്രീസിലുള്ളതിനെക്കാൾ വളരെ കൂടുതലാണെന്നു കല്ലിസ്തിനീസും മററുചിലരും അഭിപ്രായപ്പെട്ടു. ഇതിനു നേരെ കടകമായിട്ടായിരുന്നു അനാക്സസു പറഞ്ഞതു്. ഉടനെ കല്ലിസ്തിനീസ് ഇങ്ങനെ പറഞ്ഞു. "അല്ലയോ സ്നേഹിതാ! ഈ രാജ്യത്തിലെ ശൈത്യം അസഹ്യമാണെന്നു നിങ്ങൾ സമ്മതിച്ചേതീരു. എന്തുകൊണ്ടെന്നാൽ, ശീതകാലത്തു ഗ്രീസിൽ പോയപ്പോൾ നിങ്ങൾ ഒരു പുതപ്പു കൊണ്ടുപോയുള്ളു. എന്നാൽ, ഇവിടെ നിങ്ങൾ ഇതാ ഒന്നിനുമീതെ ഒന്നായി മൂന്നു പുതപ്പുകൾ ധരിച്ചിരിക്കുന്നു". ഇതു് അനാക്സക്സസിനു വല്ലാതെകൊണ്ടു.

രാജധാനിയിലെ മററു ഹേത്വാഭാസവാദികൾക്കും സ്തുതിപാഠകന്മാർക്കും കല്ലിസ്തിനീസിനോടു തീരെ രസമില്ലായിരുന്നു. കല്ലിസ്തിനീസിന്റെ വാക്ചാതുര്യംമൂലം മിക്ക യുവാക്കന്മാരും അദ്ദേഹത്തിന്റെ ശിഷ്യന്മാരായിത്തീർന്നു. ഫിലിപ്പു നാമാവശേഷമാക്കിയ, തന്റെ ജന്മഭൂമിയായ ഒലിന്തസ് എന്ന നഗരത്തെ പൂർവ്വസ്ഥിതിയിൽ കൊണ്ടുവരാനാണു കല്ലിസ്തിനീസ്, രാജാവിന്റെ സേവ പിടിച്ചതെന്നു് അദ്ദേഹത്തിന്റെ

ശത്രുക്കരം പറഞ്ഞുണ്ടാക്കി. തൻെറ ഖ്യാതിമൂലം ആ തത്വജ്ഞാനി അന്യരുടെ അസൂയാഭാജനമായി. അലക്സാണ്ടരുടെ ക്ഷണമനുസരിച്ച് അദ്ദേഹം ചില വിരുന്നുകരംക്കു ഹാജരാകാതിരുന്നതും അഥവാ ഹാജരായാൽ തന്നെയും അവിടെ സന്നിഹിതരായിരുന്നവരുമായി യാതൊന്നും സംഭാഷണം ചെയ്യാതെ കഴിച്ചുകൂട്ടിയതും മൂലം അദ്ദേഹം മററുള്ളവരുടെ വൈരം സമ്പാദിക്കാനിടയായി "തൻെറ ജ്ഞാനംകൊണ്ടു തനിക്കുതന്നെ യാതൊരു പ്രയോജനവുമില്ലാത്ത ആ തത്വജ്ഞാനിയെ ഞാൻ വെറുക്കുന്നു", എന്നു് അലക്സാണ്ടർ പോലും പ്രസ്താവിക്കയുണ്ടായി.

ഒരിക്കൽ ഭക്ഷണസമയക്കു ചുററുമിരുന്നു് എല്ലാവരും ഭക്ഷണം കഴിച്ചുകൊണ്ടിരിക്കുമ്പോരം, മാസിഡോണിയാക്കാരെക്കുറിച്ചു സ്തുതിക്കുന്നതിനു് അലക്സാണ്ടർ കല്ലിസ്തിനസിനോടു് ആവശ്യപ്പെട്ടു. യാതൊരു മുന്നറിവുമില്ലാതിരുന്നിട്ടും വളരെ വാക്ധാടിയോടുകൂടി അദ്ദേഹം പ്രസംഗിക്കയും, അവിടെ കൂടിയിരുന്നവർ അദ്ദേഹത്തെ സ്തുതിക്കയും, ഹാരങ്ങരം അണിയിക്കയും ചെയ്തു. "വിഷയം ഗൗരവമേറിയതാണെങ്കിൽ അതിനെ അധികരിച്ചു പ്രസംഗിച്ചു് ഔൽകൃഷ്ട്യം നേടുന്നതു് എളുപ്പമത്രെ", എന്നു അലക്സാണ്ടർപോലും അഭിപ്രായപ്പെട്ടു. "ഇനിയും മാസിഡോണിയാക്കാരുടെ വൈകല്യങ്ങളെപ്പററി പ്രസംഗിച്ചു് അവയെ അവർ മനസ്സിലാക്കുന്നതിനു വചോവിലാസത്തോടുകൂടി ഒരു പ്രസംഗം ചെയ്യൂ", എന്നു് അലക്സാണ്ടർ അദ്ദേഹത്തോടു പറഞ്ഞു.

ഉടനെ കല്ലിസ്തിനീസു മാസിഡോണിയാക്കാരുടെ കുററങ്ങളേയും, കുറവുകളേയും, ഫിലിപ്പിൻെറ ശക്തിക്കു പ്രധാന കാരണമായ യവനന്മാരുടെ അനൈകമത്യത്തേയും കുറിച്ചു മുൻപിലത്തെപ്പോലെ വളരെ വാക്പാടവത്തോടെ പ്രസംഗിച്ചു. "അധമനായ മർത്ത്യനുപോലും രാജദ്രോഹമാകുന്ന തിരമാലകളിൽ നിന്നും രക്ഷപ്പെട്ടു വലിയ ഖ്യാതിയും ബഹുമാനവും നേടാം", എന്നു പറഞ്ഞു തൻെറ പ്രസംഗത്തെ കല്ലിസ്തിനീസ് അവസാനിപ്പിച്ചു.

ഇതുമൂലം മാസിഡോണിയാക്കാൎക്കു കല്ലിസ്തിനീസിനോടുള്ള വിരോധവും അസൂയയും ദ്വിഗുണീഭവിച്ചു. ഈ പ്രസംഗം മാസിഡോണിയാക്കാരോട് അയാൾക്കുണ്ടായിരുന്ന വിദ്വേഷത്തെയാണ്, വാഗ്വിലാസത്തെയല്ല, പ്രത്യക്ഷപ്പെടുത്തിയതെന്നായിരുന്നു അലക്സാണ്ടർ പറഞ്ഞതു്. അലക്സാണ്ടരെ വിട്ടുപിരിയുന്ന സമയം അദ്ദേഹത്തിനു തന്നോടുള്ള വെറുപ്പു കണ്ടപ്പോൾ, കല്ലിസ്തിനീസു നീരസമായി പലതെല്ലാം സംസാരിച്ചു.

അലക്സാണ്ടരുടെ യുദ്ധങ്ങളെക്കുറിച്ചു കല്ലിസ്തിനീസ് എഴുതിയിട്ടുള്ള ചരിത്രഗ്രന്ഥത്തിൽ അദ്ദേഹത്തെപ്പററി സ്തുതിച്ചിട്ടുണ്ടെങ്കിലും, ജീവിച്ചിരുന്നപ്പോൾ ആ തത്വജ്ഞാനി രാജാവിനോടു കേതിബഹുമാനങ്ങൾ പ്രദർശിപ്പിച്ചില്ല. എല്ലാവരുടേയും അഭിപ്രായങ്ങളെ അടിച്ചുടച്ചതിനാൽ ആൎക്കുംതന്നെ അദ്ദേഹത്തോടു നല്ല രസമില്ലായിരുന്നു. രാജസേവകന്മാർ അലക്സാണ്ടരെ പ്രണമിക്കുന്ന ഏർപ്പാടിനെ അദ്ദേഹം പ്രതിഷേധിച്ചു. പല കാരണങ്ങളാൽ അലക്സാ

ണ്ടരുടെ ആജ്ഞാനുസരണം കല്ലിസ്തീനിസിനെ ബാക്റററിയായിൽവെച്ചു തൂക്കിക്കൊന്നതായി ചിലർ പറയുന്നു. എന്നാൽ, അദ്ദേഹം സുഖക്കേടുമൂലം മരിച്ചുവെന്നാണു മററു ചിലർ കുറിച്ചിരിക്കുന്നതു്. ഏഴു മാസം കഴിഞ്ഞു അരിസ്റ്റോട്ടിലിന്റെ മുൻപിൽവെച്ചു വിസ്തരിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി ഇദ്ദേഹത്തെ കാരാഗൃഹത്തിൽ ഇട്ടിരുന്നുവെന്നും എന്നാൽ കാലാവധി കഴിയുന്നതിനുമുൻപു അവിടെ കിടന്നു വസന്തപനിമൂലംമരിച്ചുവെന്നുമാണു ചാരിസു കുറിച്ചിട്ടുള്ളതു്.

ഫിലോട്ടാസിന്റെയും പാർമീനിയോവിന്റെയും വധം, പേർഷ്യാക്കാരുടെ വസ്ത്രധാരണരീതി, ജാനുനതി (മുട്ടുകുത്തിയുള്ള നമസ്കാരം), ഇവ അലക്സാണ്ടർ സ്വീകരിച്ചതുകൊണ്ടു ദേശാഭിമാനികളായ മാസിഡോണിയാക്കാൎക്കുണ്ടായ വിദ്വേഷം, ഒരു ഗ്രീക്കൊ–പേർഷ്യൻ സാമ്രാജ്യം സ്ഥാപിക്കുന്നതിനുള്ള അദ്ദേഹത്തിന്റെ ആഗ്രഹം, ഇവ ഒന്നും തന്റെ നാട്ടുകാൎക്കു രസിക്കാത്തതു നിമിത്തമാണു മുൻപ്രസ്താവിച്ച ചില അനിഷ്ടസംഭവങ്ങൾ നടക്കാനിടയായതു്.

ഇതിനിടക്കു, വയോവൃദ്ധനായ ഡെമാരററസു കൊരിന്തിൽനിന്നു കപ്പൽ മാൎഗ്ഗമായി ചെന്നു് അലക്സാണ്ടരെ കണ്ടു. രാജാവിനെ കണ്ടപ്പോൾ ഡെമാരററസിനുണ്ടായ സന്തോഷം ക്രമാതീതമായിരുന്നു. പക്ഷേ, സുഖക്കേടു പിടിപെട്ടു് അധികം താമസിയാതെ ആ വൃദ്ധൻ മരിച്ചു. അദ്ദേഹത്തിന്റെ ശവസംസ്കാരകൎമ്മം രാജാവു കെങ്കേമമായി നടത്തിച്ചു. അദ്ദേഹത്തിന്റെ ചിതാഭസ്മം വിലപിടിച്ച ആഭരണങ്ങളോടുകൂടി നാലു കുതിര പൂട്ടിയ തേരിൽ സമുദ്രത്തിൽ കൊണ്ടുചെന്നിട്ടു.

ഓക്സസ് നദി വീണ്ടും കടക്കുന്നതിന് അലക്സാണ്ടർ നിർബദ്ധനായി. 327-ാമാണ്ട വസന്തകാലത്തിൽ സോഗ്ഡിയൻ പാറ പിടിച്ചടക്കാൻ അദ്ദേഹം ശ്രമിച്ചു. ഇതിന്നു 18000 അടി ഉയരമുണ്ടായിരുന്നു. ഇതിൻെറ മുകളിൽ നിന്ന സംരക്ഷകന്മാർ രാജാവിനു അതിൻെറ അടിവാരത്തിൽനിന്നും പറന്നുവരാൻ സാധിക്കുമൊയെന്നു നിന്ദാസൂചകമായി ചോദിച്ചു. മലംപ്രദേശങ്ങളിൽ താമസിച്ചിരുന്ന നൂറു ആട്ടിടന്മാരെ വിളിച്ച്, ആ പാറയുടെ മുകളിൽ കയറുന്നപക്ഷം അവക്ക് നല്ല സമ്മാനം കൊടുക്കാമെന്ന് അദ്ദേഹം പറഞ്ഞു. രാത്രിസമയം അവർ ഈ പ്രവൃത്തിക്കു തുനിഞ്ഞു. പക്ഷേ, അവരിൽ മുപ്പതുപേർ മരിച്ചു. ബാക്കിയുള്ളവർ അതിരാവിലെ അതിൻെറ മുകളിൽ എത്തി അലക്സാണ്ടരെ ചണനൂൽ കൊണ്ടുണ്ടാക്കപ്പെട്ട വെളുത്ത കൊടികൾ കാണിച്ചു. ഭയവിഹ്വലന്മാരായിത്തീന്ന സംരക്ഷകന്മാർ അലക്സാണ്ടക്ക് ക്ഷണനേരത്തിൽ കീഴടങ്ങി.

അനന്തരം, അലക്സാണ്ടർ, ഓക്സ്യാർട്ടീസു എന്ന പ്രസിദ്ധനായ ബാക്റ്റ്റിയാക്കാരൻെറ പുത്രിയും റോക്സാനാ എന്ന പേരുള്ളവളുമായ മഹിളയെ വിവാഹം ചെയ്തു. ഒരു അപ്പത്തെ രണ്ടായി ഭാഗിച്ച് അതിൽ ഒന്നു വരനും മറേറതു വധുവും ഭക്ഷിക്കുക എന്ന ചടങ്ങനുസരിച്ചാണ് ഈ വിവാഹം നടന്നതു്. ഈ സമ്പ്രദായം മാസിഡോണിയായിൽ സവ്വസാധാരണമായിരുന്നു. സോഗ്ഡിയാനാക്കാരും ബാക്റ്റ്റിയാക്കാരും അലക്സാണ്ടരെ സ്നേഹിക്കുന്നതിനും അദ്ദേഹത്തിനു കീഴടങ്ങിയിരിക്കുന്നതിനും ഈ വിവാഹവും ഓക്സിയാർട്ടീസിൻെറ സ്വാധീനശക്തിയും

വലിയ സഹായമായിത്തീൎന്നു. കൂടാതെ ഇതുമൂലം ബാക്ററിയാക്കാൎക്ക് അലക്സാണ്ടരോടു വളരെ വിശ്വാസവുമുണ്ടായി. വിവാഹത്തിനു മുൻപു താൻ ഏററവും സ്നേഹിച്ച റോക്സാനായെ അലക്സാണ്ടർ സമീപിക്കയില്ലെന്ന് അവർ അറിഞ്ഞപ്പോൾ, അവൎക്ക് അദ്ദേഹത്തോടുണ്ടായ ബഹുമാനവും സ്നേഹവും സീമാതീതമായിരുന്നു. ഏഷ്യാക്കാരേയും യൂറോപ്യന്മാരേയും സംയോജിപ്പിക്കുന്നതിനും യവനന്മാരും അപരിഷ്കൃതരും തമ്മിലുള്ള വ്യത്യാസങ്ങൾ ഇല്ലാതാക്കുന്നതിനും ഈ ബന്ധംമൂലം അദ്ദേഹം ശ്രമിച്ചു.

ഗ്രീഷ്മകാലം അവസാനിക്കുന്നതിനുമുൻപ്, അലക്സാണ്ടർ ബാക്ററിയാ വിട്ട് ഇന്ത്യാ ആക്രമണത്തിനു പുറപ്പെട്ടു. ഇപ്പോൾ ഡേരിയസു മരിച്ചു മൂന്നു വൎഷമായി. ഈ കാലത്തിനിടയിൽ അലക്സാണ്ടർ അഫ്ഗാനിസ്റ്റാൻ കരസ്ഥമാക്കി. അഫ്ഗാനിസ്റ്റാൻ പിടിച്ചടക്കിയ ഏക പാശ്ചാത്യപരാക്രമിയായിരുന്നു അലക്സാണ്ടർ. അദ്ദേഹത്തിൻെറ ഇന്ത്യാ ആക്രമണം ആദ്യത്തേതായിരുന്നുവെങ്കിലും, അവസാനത്തേതായിരുന്നില്ല. ആധുനികകാലത്തു ബ്രിട്ടീഷുകാർ, അദ്ദേഹം പിടിച്ചടക്കിയ പൌരസ്ത്യരാജ്യങ്ങളെ സ്വാധീനപ്പെടുത്തീട്ടുണ്ടല്ലൊ. ഇവയെ ഇംഗ്ലീഷുകാർ ഇന്ത്യയുടെ ദക്ഷിണഭാഗത്തുനിന്നുമാണ് ആക്രമിച്ചതു്. പടിഞ്ഞാറു നിന്നും തുടങ്ങി നേർപൊവ്വ് ഓക്സസു, സിന്ധു, എന്നീ നദികൾവരെയുള്ള രാജ്യങ്ങളെ ഒരൊററ യൂറോപ്യനെ ആക്രമിച്ചിട്ടുള്ളു. ആ മഹാൻ അലക്സാണ്ടരുമാണ്.

# അദ്ധ്യായം ൧൦.

## പഞ്ചാബാക്രമണം

## (ബി. സി. ൩൨൭-൩൨൬)

തുർക്കിസ്ഥാനിലും അഫ്ഗാനിസ്ഥാനിലും സ്ഥിരമായ ഏതെങ്കിലും ഭരണസമ്പ്രദായം ഏർപ്പെടുത്തുന്നതിനു മുൻപ് അലക്സാണ്ടർ ഇന്ത്യാ ആക്രമണത്തിനു തുനിഞ്ഞു. അവിടെയും തന്റെ അവിചാരിതമായ മരണംമൂലം ശാശ്വതമായി ഒന്നും ചെയ്യുന്നതിന് അദ്ദേഹത്തിനു സാധിച്ചില്ല. ആ മഹാനു പ്രായപൂർത്തിയുള്ള ഒരു പുത്രനുണ്ടായിരുന്നുവെങ്കിൽ, സംഗതികൾക്കു് ആകപ്പാടെ ഒരു മാററം വരുമായിരുന്നു. എന്നാൽ ഈശ്വരേച്ഛ മറിച്ചായിരുന്നുവല്ലൊ. യൂഫ്രെററീസ് നദിക്കു കിഴക്കു് അലക്സാണ്ടർ കൈവശപ്പെടുത്തിയ രാജ്യങ്ങൾ അദ്ദേഹത്തിന്റെ മരണത്തോടുകൂടി സ്വതന്ത്രങ്ങളായി.

അലക്സാണ്ടർ രാജ്യാക്രമണത്തിൽ ഉൾപ്പെട്ടിരുന്നിടത്തോളം അദ്ദേഹത്തിന്റെ പാളയം, രാജധാനിക്കു തുല്യമായിരുന്നു. പല തരത്തിലുള്ള തൊഴിൽക്കാർ —ചിലർ രാജാവിന്റെ ആവശ്യങ്ങൾ നിറവേററുന്നതിനും മററു ചിലർ കച്ചവടം ചെയ്തു ലാഭമുണ്ടാക്കുന്നതിനും—ഉണ്ടായിരുന്നു. ശില്പികൾ, കവികൾ, ഭാഗവതന്മാർ, വിദൂഷകന്മാർ, കാര്യദർശികൾ, ഗുമസ്തന്മാർ, ലേഖകന്മാർ, എൻജിനിയറന്മാർ, ജ്യോത്സ്യന്മാർ, ഭിഷഗ്വരന്മാർ, മല്ലന്മാർ, പണമിടപാടുകാർ, അനേകം

സ്ത്രീകൾ, അടിമകൾ, എന്നിവരുമുണ്ടായിരുന്നു. വ്യാപാരികളായിരുന്ന പല വിധത്തിലുള്ള വർത്തമാനങ്ങൾ പാളയത്തിൽ കൊണ്ടുവന്നതു്. അലക്സാണ്ടരുടെ വാർത്താഗ്രഹണപദ്ധതിയെപ്പററി പലരും പ്രശംസിട്ടുണ്ടു്. താവളസ്ഥലങ്ങളിൽ മല്ലയുദ്ധങ്ങളും മത്സരിച്ചഗാനങ്ങളും നടത്തിവന്നു. ഒരു കോട്ട് ഡയറി—ഇതു പേർഷ്യായിലെ കോട്ട്ജർനലിൻെറ ഒരു പ്രകാരഭേദമായിരുന്നു—എഴുതപ്പെട്ടുവന്നു. രാജാവിൻെറ രാഷ്ട്രീയമായ എഴുത്തുകാരനും കാർവഡിയാക്കാരനുമായിരുന്ന യൂമിനീസാണു മേല്പറഞ്ഞ കോർട്ടുഡയരി എഴുതിവന്നതു്.

ബി. സി. 327-ാമാണ്ടു് വസന്തകാലാവസാനത്തിൽ അലക്സാണ്ടർ ഇന്ത്യയിലേക്കു പുറപ്പെട്ടു. ഒരു യവനരാജാവിനെപ്പോലെയല്ല, പ്രത്യുത ഒരു സുൽത്താനെപ്പോലെയാണു്, അദ്ദേഹം ഇന്ത്യയിലേക്കു തിരിച്ചതു്. മോടിപിടിച്ച വസ്ത്രങ്ങൾ ധരിച്ച 120000 പടയാളികൾ അദ്ദേഹത്തിൻെറ കൂടെ ഉണ്ടായിരുന്നു. അശ്വങ്ങൾ സ്വർണ്ണംകൊണ്ടും വെള്ളികൊണ്ടുമുള്ള കോപ്പുകളാൽ അലംകൃതങ്ങളായിരുന്നു. ഇന്ത്യയെക്കുറിച്ചു യവനന്മാർക്കു യാതൊരറിവുമുണ്ടായിരുന്നില്ലെങ്കിലും, പരിഷ്കാരത്തിൽ ഇന്ത്യാക്കാർ പേർഷ്യാക്കാരെ ജയിച്ചിരുന്നുവെന്നു് അവർക്കു് അറിയാമായിരുന്നു. അതുകൊണ്ടായിരിക്കാം അദ്ദേഹം തൻെറ സൈന്യത്തിനു് ഈ മോടിവേഷം അനുവദിച്ചതു്, മാസിഡോണിയായിൽനിന്നും കൊണ്ടുവരപ്പെട്ടിരുന്ന വസ്ത്രങ്ങൾ അപ്പോൾ ഉപയോഗശൂന്യങ്ങളായിത്തീർന്നിരുന്നതിനാൽ അദ്ദേഹത്തിൻെറ പടയാളികൾ പൌരസ്ത്യവസ്ത്രധാരണരീതി സ്വീകരി

ച്ചിരിക്കാനാണെളുപ്പം. ഖാവാക്കു(Khawak), കോഷാൻ (Kaoshan), എന്നീ വിദരങ്ങളിൽക്കൂടി അദ്ദേഹം ഹിന്ദുക്കുഷു കടന്നു കാബൂൾ നദീതീരത്തിലെത്തി.

ഇന്ത്യയിൽ തൻെറ രാജ്യങ്ങളുടെ കിഴക്കെ അതിരായി സിന്ധുനദിയെ അലക്സാണ്ടർ വിചാരിച്ചിരുന്നിരിക്കണം. അദ്ദേഹത്തിൻെറ ആഗമനത്തിന് എത്രയൊ ശതാബ്ദങ്ങൾക്കു മുൻപുതന്നെ ആൎയ്യന്മാർ ഇന്ത്യയിൽ പ്രവേശിച്ചു കുടിയേറിപ്പാൎത്തിരുന്നു. ആൎയ്യന്മാരുടെയും യവനന്മാരുടേയും പരിഷ്കാരം ഭിന്നമായിരുന്നു. ഇന്ത്യയിലെ ജാതിവ്യത്യാസം, പുരോഹിതന്മാരുടെ സന്യാസവൃത്തി, ഇവൎക്കു രാഷ്ട്രീക ലോകത്തിലുള്ള സ്ഥാനം, ഇവ യെല്ലാം സ്വാതന്ത്ര്യേച്ഛുക്കളും ഉത്സാഹശീലന്മാരുമായ യവനന്മാൎക്കു അശേഷം രസിച്ചില്ല. ദേരിയസ്സു സിന്ധുതീരങ്ങൾ പിടിച്ചടക്കിയിരുന്നു. അദ്ദേഹത്തിൻെറ നിർദ്ദേശാനുസരണം സ്കൈലാക്സു (Skylax) സിന്ധുനദിവഴി സഞ്ചരിച്ചു താൻ കണ്ടതും കേട്ടതുമായ സംഗതികളെപ്പററി രസകരമായി എഴുതിയിരുന്നു. ഇതെല്ലാംകൊണ്ടു് ഇന്ത്യ ആക്രമിക്കുന്നതിനുള്ള അലക്സാണ്ടരുടെ ആഗ്രഹം പൂൎവ്വാധികം വൎദ്ധിച്ചു.

ഇക്കാലത്തു വടക്കുപടിഞ്ഞാറെ ഇന്ത്യയിൽ അനേകം ചെറുരാജ്യങ്ങളുണ്ടായിരുന്നു. ഭൂലോകചക്രവൎത്തിയായ തനിക്കു കീഴടങ്ങിക്കൊള്ളുന്നതാണു് നല്ലതെന്നു കാണിച്ചു് അലക്സാണ്ടർ ഒരു ദൂതൻ മുഖാന്തരം സിന്ധുനദിക്കു ചുററുമുള്ള രാജാക്കന്മാരെ അറിയിച്ചു. ടക്സിലായിലെ അധിപതിയായ ആംഭി(Ambhi)സ്വതാമസമെന്യെ അലക്സാണ്ടരുടെ

മേല്ക്കോയ്മയെ സ്വീകരിക്കയും, ആ ജയശാലി ഇന്ത്യയിൽ ഇരുന്നിടത്തോളം കാലം അദ്ദേഹത്തിൻെറ മിത്രമായിരിക്കയും ചെയ്തു. അനേക വർഷങ്ങൾ കഴിഞ്ഞു് ഇന്ത്യയിലേക്ക ജങ്കിസ്ഖാൻ (Jenghizkhan), തൈമൂർ (Tamerlane), മുതലായവർ വന്ന കൈബർ വിദരത്തിൽ കൂടിയല്ല മാസിഡോണിയൻ രാജാവു് ഇന്ത്യയിൽ കടന്നതു്. അദ്ദേഹം തൻെറ സൈന്യത്തെ രണ്ടായിഭാഗിച്ചു് അതിൽ ഒന്നിനെ ഹെഫീസ്റ്റൻേറയും പെർഡിക്കാസിൻേറയും നേതൃത്വത്തിൽ സിന്ധുനദി കടക്കുന്നതിനു് ഒരു പാലം കെട്ടാൻ മുൻകൂട്ടി അയച്ചു. പിന്നീടു്, ഈ മലംപ്രദേശങ്ങളിൽ വസിച്ചിരുന്ന രണശൂരന്മാരായ വർഗ്ഗക്കാരുമായി യുദ്ധം ചെയ്യാൻ അദ്ദേഹം പുറപ്പെട്ടു. ഈ യുദ്ധങ്ങളിൽ അലക്സാണ്ടർക്കും ലിയോണാററസിനും സാരതരമായ മുറിവുകൾ പററി എങ്കിലും, അദ്ദേഹത്തിനെ എതിർക്കുന്നതിനു് അവർക്കു ധൈര്യമുണ്ടായിരുന്നില്ല

അനേകം പേർ തങ്ങളുടെ പട്ടണങ്ങൾ വിട്ടു സിന്ധുനദിക്കു സമീപം ഉദ്ദേശം 7000 അടി ഉയരമുള്ള [1]ഓർണസു (Aornus) പർവ്വതത്തിൻെറ മുകളിൽ ചെന്നു താമസിച്ചു. ജലസൗകര്യമുണ്ടായിരുന്നതിനാൽ ഈ പർവതപ്രദേശം കൃഷിക്കു യോജിച്ചതായിരുന്നു. ഇവിടെ കയറിച്ചെല്ലുന്നതിനു് ഏകമാർഗ്ഗമെ ഉണ്ടായിരുന്നുള്ളു. അതും ദുഷ്പ്രവേശമായിരുന്നു. ഗഹനമായ മേല്പറഞ്ഞ പർവതത്തിൽ കടക്കുന്നതു കൂടിയും പ്രയാസമായിരുന്നു. എന്നാൽ, അലക്സാ

1. പക്ഷിശൂന്യം. ഇതു് എവിടെയാണെന്നുള്ളതിനെപ്പററി ചരിത്രകാരന്മാരുടെയിടയിൽ ഭിന്നാഭിപ്രായമുണ്ടു്.

ണ്ടർ എൺപതു ടാലൻറു പ്രതിഫലം കൊടുത്തതിനാൽ അവിടത്തുകാരിലൊരുവൻ അദ്ദേഹത്തിനു വഴി കാണിച്ചുകൊടുക്കാമെന്നു സമ്മതിച്ചു. ടാളമിയും ഒരു ചെറിയ സൈന്യവും ഈ മാൎഗ്ഗദൎശിയെ അനുഗമിക്കയും, ആക്രമിക്കുന്നതിനു സൗകൎയ്യമുള്ള ഒരു സ്ഥലത്തു് അവർ പാളയം അടിക്കയും ചെയ്തു. എന്നാൽ അലെക്സാണ്ടർ അവിടെ എത്തുന്നതിനു മുൻപ് ഇന്ത്യാക്കാർ മാസിഡോണിയാക്കാരെ ആക്രമിച്ചു. ഒടുവിൽ ഏതാനും പടയാളികളോടുകൂടി അദ്ദേഹം അവിടെക്കയറിച്ചെന്നു. ആ സ്ഥലത്തുണ്ടായിരുന്ന അനേകം വൃക്ഷങ്ങൾ വെട്ടിയിട്ട് അവയെ ഒരു കുന്നിൻെറ രൂപത്തിലാക്കി അതിൻെറ മുകളിൽ യന്ത്രം വെച്ച് അവയിൽനിന്നും ചാട്ടളികൾ ശത്രുപക്ഷത്തിലേക്കു മാസിഡോണിയൻസൈന്യം അയച്ചു. അപ്പോൾ ഇന്ത്യാക്കാർ ഒളിച്ചോടാൻ തുടങ്ങി. അലക്സാണ്ടർ അവരുടെ ദുൎഗ്ഗത്തിൽ പ്രവേശിച്ച് അതിനെ കൈവശമാക്കി. നാലു ദിവസത്തെ തുടർച്ചയായ ആക്രമണം മൂലമാണ് ഇതു സാധിച്ചതു്. പിന്നീട്ട് അവിടെ ഒരു കോട്ടകെട്ടി. സാസിഗുപ്തൻ എന്ന ഹിന്ദുവിനെ അതു സൂക്ഷിക്കാൻ ആക്കി. ഈ കോട്ട പിടിച്ചടക്കുന്നതിനു മുൻപു, പുറകിൽ നിന്നും ആക്രമണം ഉണ്ടാകാതിരിക്കാൻ സുവാസ്തു, ബുനീർ, എന്നീ താഴ്വരകളിലെ പട്ടണങ്ങളിൽ കാവൽസൈന്യത്തെ നിറുത്തി. ഈ പ്രദേശത്തിൻെറ ഏതാനും ഭാഗം അവിടത്തുകാരുടെ ശല്യംമൂലം ഇതുവരെ സൎവ്വേ ചെയ്തിട്ടില്ല. എന്നിട്ടും, അലക്സാണ്ടർ അതു പിടിച്ചടക്കി എന്നു അറിയുമ്പോൾ, അദ്ദേഹം നല്ല ധൈൎയ്യമുള്ളവനായിരുന്നുവെന്നു നമുക്കു ഊഹിക്കാമല്ലോ.

ഇതിനിടക്ക സിന്ധുനദിയിലുള്ള പാലംപണി പൂർത്തിയായിരുന്നു. അലക്സാണ്ടരും മററും അക്കാലത്തു വള്ളങ്ങൾ കൊണ്ടുണ്ടാക്കപ്പെട്ട പാലത്തിൽക്കൂടിയാണു വീതിയുള്ള നദികൾ കടന്നുവന്നതു്. റോമന്മാരും ഈ ഉപായം സ്വീകരിച്ചിരുന്നു. സിന്ധുനദീതീരത്തിൽ അലക്സാണ്ടർ എത്തിയപ്പോൾ അവിടം, ആനകൾ കൊണ്ടും കന്നുകാലികൾ കൊണ്ടും (ഇവ തക്ഷശിലയിലെ രാജാവു് സമ്മാനമായി അയച്ചുകൊടുത്തവയായിരുന്നു)നിറഞ്ഞിരുന്നു. പ്രൊഫസർബ്യൂറി(Prof. Bury) അഭിപ്രായപ്പെട്ടിട്ടുള്ളതുപോലെ, ബി. സി. 326-ാമാണ്ടു മാർച്ചുമാസത്തിൽ ഒരു പ്രഭാതവേളയിൽ അററക്കിൽനിന്നു 16 മൈൽ ദൂരമുള്ള ഓഹിൻഡ്(Ohind) (ഉദകബന്ധപുരം)ൽ വെച്ചു് അലക്സാണ്ടർ സിന്ധുനദി കടന്നു. ഈ നദിയെ തൻെറ സാമ്രാജ്യത്തിൻെറ സ്ഥിരമായ അതിരായി അദ്ദേഹം സ്വീകരിച്ചു. കിഴക്കെ കടലിനു സമീപം താൻ എത്തിയിരിക്കുന്നുവെന്നു് അദ്ദേഹം വിചാരിച്ചു. പക്ഷെ, താൻ ഉദ്ദേശിച്ചതുപോലെ ഒന്നും നടന്നില്ല.

അലക്സാണ്ടർക്ക മുൻപു യൂറോപ്പിൽനിന്നും ഇന്ത്യയിൽ ആരെങ്കിലും വന്നുവെന്നുള്ളതിനു രേഖ കാണുന്നില്ല. ഇന്ത്യയെപ്പററി മാസിഡോണിയാക്കാർക്ക വലിയ ആശ്ചര്യമാണുണ്ടായതു്. ഏഷ്യാഖണ്ഡത്തിൻെറ മററു ഭാഗത്തിലുള്ളവരേക്കാൾ കറുത്ത നിറമുള്ളവരും ആഡംബരരഹിതന്മാരും മിതവ്യയശീലന്മാരും അതുവരെ മാസിഡോണിയാക്കാരുടെ അറിവിൽപെട്ടിട്ടുള്ളവരെക്കാൾ കൂടുതൽ യുദ്ധസാമർത്ഥ്യമുള്ളവരുമാണു് ഇന്ത്യാക്കാരെന്നു് അവർക്ക ബോധപ്പെട്ടു. വിശേഷതര

ത്തിലുള്ള സസ്യവർഗ്ഗം, വിവിധനിറത്തിലുള്ള പക്ഷികൾ, വിലക്ഷണമൃഗങ്ങൾ, മുതലായവ അവരെആശ്ചര്യ്യപരതന്ത്രരാക്കി.

അലക്സാണ്ടർ അറക്കിൽനിന്നും പുറപ്പെട്ടു സിന്ധുവിൻേറയും ഹിമാസ്സസിൻേറയും മദ്ധ്യേയുള്ള രാജ്യം ഭരിച്ചിരുന്ന ആംഭിയുടെ തലസ്ഥാനമായ തക്ഷിലയിൽ എത്തി. അയൽരാജ്ജ്യങ്ങളിലെ ഭരണകർത്താക്കന്മാരുമായി യുദ്ധത്തിലേപ്പെട്ടിരുന്ന ആംഭി അദ്ദേഹത്തെ വളരെ ആദരവോടെ സ്വീകരിച്ചു.

തക്ഷശിലയിലെ രാജാവിൻെറ രാജ്യം വളരെ ഫലപുഷ്ടിയും ഈജിപ്റ്റിനോളം വലിപ്പവുമുള്ളതായിരുന്നു. അദ്ദേഹം ബുദ്ധിമാനായിരുന്നതുകൊണ്ടു, കുശലപ്രശ്നാനന്തരം അലക്സാണ്ടരോട് ഇങ്ങനെപറഞ്ഞു. "ഞങ്ങൾക്കു ജീവനസന്ധാരണത്തിനാവശ്യമുള്ള പദാർത്ഥങ്ങളെ അപഹരിക്കാനല്ല നിങ്ങൾ ഇവിടെ വന്നിരിക്കുന്നതെങ്കിൽ, നാം തമ്മിൽ എങ്ങനെയാണു യുദ്ധം ഉണ്ടാകുന്നത്?. സ്വർണ്ണം, വെള്ളി മുതലായവ എനിക്കാണു കൂടുതലെങ്കിൽ അവയിൽ ഒരു പങ്ക് അവിടുത്തേക്കു തരുന്നതിനു എനിക്കു വിരോധമില്ല; കുറവാണെങ്കിൽ അവിടുത്തെ അടുക്കൽനിന്നും സ്വീകരിക്കുന്നതിൽ എനിക്കു സന്തോഷമേ ഉള്ളൂ." ഈ ഋജുബുദ്ധിമൂലം സന്തുഷ്ടനായ അലക്സാണ്ടർ തക്ഷശിലാരാജാവിനോട് ഇപ്രകാരം അരുളിച്ചെയ്തു. "നാം തമ്മിൽ യുദ്ധമില്ലാതിരിക്കാനാണൊ ഈ മര്യ്യാദ കാണിക്കുന്നതു്? നാം തമ്മിൽ ഒരു യുദ്ധമുണ്ടാകും. അതു് ഔദാര്യ്യവിഷയത്തിലായിരിക്കും. അതിൽ ഞാൻതന്നെ വിജയിയാകാൻ നോക്കും." അനന്തരം ആംഭി അല

ക്കുാണ്ടർക്ക് സമ്മാനമായി ഇരുന്തറു ടാലൻറു പണവും, ഏതാനും സ്വർണ്ണ കിരീടങ്ങളും, എഴുന്തറു് അശ്വങ്ങളും, അദ്ദേഹത്തിൻെറ സൈന്യത്തിൻെറ ഭക്ഷണത്തിനായി 3000 തടിച്ച കാളകളും, 700 ആടുകളും കൊടുത്തു. ഇതിനു പകരം, ഉദാരശീലനായ അലക്സാണ്ടർ, ഭക്ഷണശാലയിലെ ഉപയോഗത്തിനാവശ്യമുള്ളവയും ആയിരം ടാലൻറു സ്വർണ്ണം കൊണ്ടും വെള്ളികൊണ്ടുമുണ്ടാക്കപ്പെട്ടവയുമായ അനേകം പാത്രങ്ങളും, പേർഷ്യായിൽനെയ്ത്ത വിലപിടിച്ച തുണിത്തരങ്ങളും ആംഭിരാജാവിനു സംഭാവനചെയ്തു.

ഒരു വലിയ പട്ടണമാകുന്നതിനുള്ള സകല സൗകര്യങ്ങളും തക്ഷശിലക്കുണ്ടായിരുന്നു. അക്കാലത്തു തക്ഷശില ഒരു ഹൈന്ദവവിശ്വവിദ്യാലയമായിരുന്നു. ഇന്ത്യയുടെ നാനാഭാഗത്തുനിന്നും അവിടെ വിദ്യാൎത്ഥികൾ വന്നുകൊണ്ടിരുന്നു. തക്ഷശിലാനിവാസികൾക്കു ചില വിശേഷതരത്തിലുള്ള ആചാരങ്ങൾ ഉണ്ടായിരുന്നു. ഇവയെപ്പററി അലക്സാണ്ടരുടെ ആപ്തമിത്രമായ അറിസ്റ്റോബുലസു കുറിച്ചിട്ടുണ്ടു്. വിവാഹം ചെയ്തുകൊടുക്കുന്നതിനു നിവൃത്തിയില്ലാത്തവർ തങ്ങളുടെ പുത്രിമാരെ അവരുടെ യൗവ്വനദശയിൽ ചന്തസ്ഥലത്തു കൊണ്ടുപോയി വിററു വന്നു. സ്ത്രീകളെ വിൽക്കുന്നതിനുള്ള ഈ മാതിരി ചന്ത ബാബിലോൺ രാജ്യത്തിലുണ്ടായിരുന്നു. പക്ഷെ, അവിടെ ആണ്ടിലൊരിക്കൽ മാത്രമെ ചന്ത കൂടിവന്നുള്ളു. ബാബിലോണിയൻ, ഐറേനിയൻ, സിതിയൻ, ഇന്ത്യൻ (വൈദിക കാലം), എന്നീ പരിഷ്കാരങ്ങളുടെ ഒരു സങ്കലനമാണു തക്ഷശിലയിൽ കാണപ്പെട്ടതു്. അവിടത്തെ ബ്രാഹ്മണസന്യാസികളെ കുറിച്ചു സ്റ്റ്റാബൊ എന്ന ചരിത്രകാരൻ വിവരിച്ചി

ട്ടുണ്ട്. മദ്ധ്യ ഏഷ്യയിൽനിന്നും കൊണ്ടുവരപ്പെട്ട ഒരു സിതിയൻ ആചാരമായിരിക്കാം സതി.

തക്ഷശിലയിൽ വെച്ചു, ദേവന്മാരുടെ പ്രീതിക്കായി അലക്സാണ്ടർ യാഗങ്ങൾ കഴിക്കയും, ഉത്സവങ്ങൾ നടത്തുകയും ചെയ്തു. സിന്ധുനദിയിൽ കൂടിയുള്ള തൻെറ യാത്രക്കു യാതൊരു പ്രതിബന്ധവുമുണ്ടാകാതിരിക്കാൻ അവിടെ ഒരു കാവൽസൈന്യത്തെ അദ്ദേഹം ഏർപ്പെടുത്തി. അനന്തരം, മലകളിലെ മഞ്ഞിനേയും സമതലത്തിലെ അത്യുഷ്ണത്തേയും വകവെക്കാതെ 110 (?) മൈൽ ദൂരമുള്ളതും ഹിഡാസ്പസു (Hydaspes)നദിയുടെ തീരത്തിൽ സ്ഥിതിചെയ്തതുമായ ഝലം പട്ടണത്തിലേക്ക് അദ്ദേഹം പോയി. അവിടെ വെച്ചു. ഹിഡാസ്പസു നദി മുതൽ അക്സിനസു(Acesines) നദി വരെ നീണ്ടുകിടന്നതും മുന്നൂറു പട്ടണങ്ങൾ അടങ്ങിയിരുന്നതുമായ രാജ്യം (ആധുനികകാലത്തെ ഝലം (Jhelum), ഗുജറാറു, ഷാപൂരം, (Shahpur) എന്നീ ഡിസ്റ്റ്റിക്റ്റുകൾ) ഭരിച്ചിരുന്ന അതിധീരനായ പുരുഷോത്തമൻ അവരുടെ പുരോഗമനത്തെ തടഞ്ഞു.

ആറടി ഒൻപതിഞ്ച് ഉയരമുണ്ടായിരുന്ന പുരുഷോത്തമൻ ഏററവും വലിയ ഒരു ഗജവീരൻെറ പുറത്തു കയറി കാലാൾസൈന്യത്തിൻെറയും അശ്വസൈന്യത്തിൻെറയും നാഥനായി ഹിഡാസ്പസിൻെറ കരയിൽ നില്പയായിരുന്നു. അദ്ദേഹത്തിൻെറ സൈന്യത്തിൽ അനവധി രഥങ്ങളും ഗജങ്ങളും ഉൾപ്പെട്ടിരുന്നു. ശത്രുക്കളെ വിടാതിരിക്കുന്നതിനും ആ നദിയിലെ കടവുകളിലെല്ലാം പുരുഷോത്തമൻ ആളുകളെ നിറുത്തിയിരുന്നു. അദ്ദേഹത്തെപ്പോലെ ധൈര്യമൊ വൈദഗ്ദ്ധ്യ

മൊ മനോനിശ്ചയമൊ ഉള്ള ഒരു ശത്രുവിനെ അലക്സാണ്ടർ ഇതിനു മുമ്പു കണ്ടിട്ടുണ്ടായിരുന്നില്ല.

ഘോരമാരിമൂലം ഝലം നദിയിൽ ജലം ക്രമാതീതമായി പെരുകിയിരുന്നു. വെള്ളം കുറഞ്ഞതിൽ പിന്നീടെ ആ നദി കടക്കാൻ നിശ്ചയിച്ചുള്ളുവെന്നു തോന്നുമാറു് അതിന്റെ കരയിൽ പാളയമടിച്ചു കുറെ ദിവസം അലക്സാണ്ടരും സൈന്യവും താമസിച്ചു. എതിർ കരയിൽ പുരുഷോത്തമനും യുദ്ധത്തിനു സന്നദ്ധനായി നിന്നു. ഇങ്ങനെ ഏതാനും ദിവസങ്ങൾ കഴിഞ്ഞു. പോറസിന്റെ ശ്രദ്ധ കുറയുന്നുണ്ടെന്ന് അലക്സാണ്ടർക്കു മനസ്സിലായി. തന്റെ പാളയത്തിൽ നിന്നും പതിനേഴു നാഴിക ദൂരത്തിൽ കാടുകൊണ്ടു നിറഞ്ഞ ഒരു മുനമ്പും അതിന്റെ മുൻവശത്തു വൃക്ഷങ്ങൾ ധാരാളമുള്ള ഒരു ദ്വീപുമുണ്ടായിരുന്ന സംഗതി അലക്സാണ്ടർ മനസ്സിലാക്കിയിരുന്നു. ഇവിടെവെച്ചു് ഈ നദി കടക്കാനാണു് അദ്ദേഹം തീർച്ചയാക്കിയതു്. എന്നാൽ, പാളയസ്ഥലത്തുനിന്നും നദി കടക്കാൻ ശ്രമിക്കുന്നതിനു് അദ്ദേഹം ക്രേറ്ററസിനോടു് ആജ്ഞാപിച്ചിരുന്നു. പെർഡിക്കാസു്, ലിസിമാക്കസ്സു്, സെലൂക്കസ്സു്. മുതലായ സേനാനായകന്മാരോടും യുദ്ധനിപുണന്മാരായ ഏതാനും പടയാളികളോടും സഹചരന്മാരോടുമൊന്നിച്ചു രാത്രിസമയം ഗൂഢമായി ഉൾനാട്ടിൽ കൂടി സഞ്ചരിച്ചു നദി കടക്കുന്നതിനു തിരഞ്ഞെടുത്ത സ്ഥലത്തു് അലക്സാണ്ടർ എത്തി. അപ്പോൾ ഉണ്ടായ ഭയങ്കരമായ കൊടുങ്കാറ്റും മഴയും അദ്ദേഹത്തിന്റെ ഉദ്യമത്തിനു് അനുകൂലമായിത്തീർന്നു. ദ്വീപിനു് അപ്പുറമായപ്പോഴാണു് അദ്ദേഹത്തിന്റെ സൈന്യത്തെ പുരു

ഷോത്തമൻെറ കാവൽക്കാർ കണ്ടതു്. അവർ തങ്ങളുടെ രാജാവിനെ വിവരം അറിയിക്കുന്നതിനു് അവിടെനിന്നും ഓടി. അതിനാൽ നദികടന്ന പടയാളികളെ യുദ്ധരീതിയിൽ നിറുത്തുന്നതിനുള്ള സമയം അലക്സാണ്ടർക്കു ലഭിച്ചു. നദിയിൽ ജലം ധാരാളമുണ്ടായിരുന്നതിനാൽ, കാലാൾ സൈന്യത്തിൻെറയും അശ്വസൈന്യത്തിൻെറയും ശിരസ്സുകൾ മാത്രമെ കാണാൻ കഴിഞ്ഞുള്ളു. തെന്നലപ്പുള്ള മറുകരയിലെത്തിയപ്പോൾ, "അല്ലയൊ ആതൻസുകാരെ, നിങ്ങളുടെ പ്രശംസക്കു പാത്രീഭവിക്കുന്നതിനു ഞാൻ എത്രമാത്രം കഷ്ടപ്പെടുന്നുവെന്നു നിങ്ങൾക്കു് അറിയാമൊ"? എന്നു് അലക്സാണ്ടർ ഉറക്കെ വിളിച്ചു ചോദിച്ചതായി ഓനിസിക്രിററസ്സ (Onesicritus) രേഖപ്പെടുത്തിയിരിക്കുന്നു.

അലക്സാണ്ടരും സൈന്യവും നദികടന്നു കാരി (Karri) എന്ന മൈതാനത്തിൽ എത്തി. ഇതിൻെറ വടക്കും കിഴക്കും ഉയരം കുറഞ്ഞ കുന്നുകളാണുള്ളതു്. പ്രസ്തുത സമതലത്തിൻെറ ഏററവും കൂടിയ വീതി അഞ്ചു മൈലാണു്. യുദ്ധം ചെയ്യുന്നതിനു് ഈ മൈതാനം വളരെ സൌകര്യമുള്ളതായിരുന്നു. ഇവിടെ വെച്ചു നടന്ന യുദ്ധം പൌരസ്ത്യരും പാശ്ചാത്യരുമായുണ്ടായ ആദ്യത്തെ യുദ്ധമായിരുന്നു.

കരയിലെത്തിയ ഉടൻ പുരുഷോത്തമൻെറ പുത്രൻ ഒരു സൈന്യത്തോടുകൂടി അവിടെ ഹാജരായി. മാസിഡോണിയാക്കാർ ആ സൈന്യത്തെ തോല്പിക്കയും അദ്ദേഹത്തേയും അദ്ദേഹത്തിൻെറ സൈന്യത്തിൽ നാന്നൂറു പേരേയും വധിക്കയും ചെയ്തു. ഈ വിവരം അറിഞ്ഞപ്പോൾ പുരുഷോത്തമൻ ഇതികർത്തവ്യതാ

മൂഢനായി. അദ്ദേഹത്തിനഭിമുഖമായി ക്രേററസ് നദി കടക്കുന്നതിനു തയ്യാറായി നിന്നിരുന്നു. ഉത്തരഭാഗത്തു നിന്നും പുരുഷോത്തമന്റെ സൈന്യത്തെ വധിച്ചു കൊണ്ടു് അലക്സാണ്ടർ യാത്രചെയ്തു. ഇക്കരെ കയറുന്നതിനുള്ള ക്രേററസിന്റെ ശ്രമം വിഫലമാക്കുന്നതിനു് ഏതാനും പടയാളികളേയും അശ്വങ്ങളേയും നിർത്തിയിട്ടു പുരുഷോത്തമൻ അവിടെ നിന്നും നടന്നു സൗകര്യപ്രദമായ ഒരു യുദ്ധക്കളത്തിലെത്തി. അവിടെവെച്ചു് അലക്സാണ്ടരുടെ അശ്വസൈന്യത്തെ ആദ്യമായി കണ്ടതിനാൽ, അവയെ ഭയപ്പെടുത്തുന്നതിനു നൂറടി ദൂരത്തിൽ എട്ടുവരികളായി ഇരുനൂറു ഗജങ്ങളേയും അവകളു, പുറകിലും അപ്പുറവും കാലാൾ പടകളേയും, കാലാൾപ്പടകളുടെ പാർശ്വങ്ങളിലായി അശ്വസൈന്യത്തേയും അതിന്റെ മുൻവശത്തിലായി മുന്നൂറു രഥങ്ങളേയും പുരുഷോത്തമൻ നിർത്തി. ദയദോറസ് ഇങ്ങനെ എഴുതിയിരിക്കുന്നു. "ഇന്ത്യൻസൈന്യം മിക്കവാറും ഒരു നഗരം പോലെ കാണികൾക്കു തോന്നി. ഗജങ്ങളെ ഗോപുരങ്ങളായും സൈന്യനിരയെ ഗോപുരങ്ങൾക്കു മദ്ധ്യേയുള്ള ഭിത്തികളായും വിചാരിക്കാം". ആ സ്ഥലം ചളി കൊണ്ടു നിറഞ്ഞിരുന്നതിനാൽ രഥങ്ങൾ ഓടിക്കുന്നതു പ്രയാസമായിരുന്നു.

പുരുഷോത്തമന്റെ ഓരോ രഥത്തേയും നാലു് അശ്വങ്ങളാണു വലിച്ചതു്. ഓരോന്നിലും രണ്ടു വില്ലാളികൾ (ഓരോരുത്തനും ഓരോ വശത്തു), രണ്ടു പരിശക്കാർ, രണ്ടു സാരഥികൾ, ഇവർ ഉൾപ്പടെ ആറുപേർ ഉണ്ടായിരുന്നു. ഗജങ്ങളും രഥങ്ങളും ആണു തന്റെ വിജയത്തിനു നിദാനമെന്നു് അദ്ദേഹം വിശ്വസിച്ചു.

അദ്ദേഹത്തിന് ഒരു നല്ല കാലാൾസൈന്യമുണ്ടായിരുന്നു. യുദ്ധപരിശീലനത്തിൽ അതു് ഒട്ടും പിന്നോക്കമായിരുന്നില്ല. ഓരോ പടയാളിക്കും നല്ല ഘനമുള്ളതും ഇരട്ടപ്പിടിയോടുകൂടിയതുമായ ഒരു വാളും മൂരിത്തോലുകൊണ്ടുള്ള പരിശയും ഒരാളുടെ കിളരമുള്ള വില്ലുമുണ്ടായിരുന്നു. വില്ലിനെ നിലത്തു നിറുത്തി ഇടത്തു കാലുകൊണ്ടു ചവുട്ടി അമ്പു് എയ്യുവന്നു. അമ്പുകളുടെ നീളം മൂന്നു ഗജമായിരുന്നു. "പരിശയാകട്ടെ, കൂടുതൽ ബലമുള്ള വേറതെങ്കിലുമൊരായുധമാകട്ടെ, ഒരു ഇന്ത്യൻവില്ലാളിയുടെ അമ്പിനെ തടുക്കുന്നതിനു ശക്തമായിരുന്നില്ല", എന്നു് അര്യൻ കുറിച്ചിട്ടുണ്ടു്.

ശത്രുപക്ഷത്തിൽനിന്നു കാഹളനാദം കേൾക്കയും ശത്രുസൈന്യത്തെ കാണുകയും ചെയ്തുവെങ്കിലും യവനസൈന്യം അടുത്തുവന്നതുവരെ അലക്സാണ്ടർ ഒന്നും ചെയ്തില്ല. തൻെറ സൈന്യത്തെക്കൊണ്ടു പുരുഷോത്തമൻെറ സൈന്യത്തെ (ഗജങ്ങൾ ഉൾപ്പെടെ) തോല്പിക്കാമെന്നു് അദ്ദേഹം തീർച്ചപ്പെടുത്തി. ശത്രുസൈന്യത്തിൻെറ ഇടത്തുവശം ആക്രമിക്കുന്നതിനു് അശ്വസൈന്യത്തെ നയിച്ചതു് അലക്സാണ്ടർ ആയിരുന്നു.

ഝലം നദീതീരത്തുവെച്ചു നടന്ന യുദ്ധത്തെപ്പററി അലക്സാണ്ടർ ഒരു ലേഖനത്തിൽ വർണ്ണിച്ചിട്ടുണ്ടു്. ഈ യുദ്ധത്തെ മൂന്നായി ഭാഗിക്കാം.

1. ആദ്യമായി അലക്സാണ്ടർ, നദിയുടെ തീരത്തിനു സമീപം വരെഅണി നിരന്നു നിന്ന ഇന്ത്യൻ സൈന്യത്തിൻെറഇടത്തുവശത്തുള്ള അണിയുടെ നേർക്കു് അശ്വാരൂഢന്മാരായ തൻെറ ആയിരം വില്ലാളികളെ

അയച്ചു. അവർ മുറക്ക് അമ്പുകൾ അയച്ചു ശത്രുസൈന്യത്തെക്രമത്തിലധികം ശല്യപ്പെടുത്തി. താമസമെന്യെ, അലക്സാണ്ടരാൽ നയിക്കപ്പെട്ട രക്ഷിവർഗ്ഗക്കാർ ഇവരെ സഹായിക്കാനെത്തി. വലത്തുവശത്തു നിന്ന ഇന്ത്യൻ അശ്വസൈന്യം പുറകിൽക്കൂടി ശത്രുസൈന്യത്താൽ നിർദ്ദയമാംവണ്ണം മർദ്ദിക്കപ്പെട്ട വാമപാർശ്വസൈന്യത്തെസഹായിക്കാൻ പാഞ്ഞെത്തി. ഇതിനിടക്ക് അലക്സാണ്ടരുടെ നിർദ്ദേശമനുസരിച്ചു കോയ്നോസും (Koinos) അദ്ദേഹത്തിൻെറ അശ്വസൈന്യവും പുരുഷോത്തമൻെറ സൈന്യത്തിൻെറ ദക്ഷിണപാർശ്വത്തെ തൊട്ടു സവാരിചെയ്തു, ഇന്ത്യൻ അശ്വസൈന്യത്തിൻേറയും രഥങ്ങളുടേയും പിൻവശത്തെത്തി അവരെ ഉപദ്രവിച്ചു. ഈ ശല്യം തീക്കാൻ ഇന്ത്യൻകാലാൾ സൈന്യത്തിൽ വേണ്ട മാററങ്ങൾ നടത്തിക്കൊണ്ടിരിക്കുമ്പോൾ അവരുടെ ഇടയിൽ ചില കുഴപ്പങ്ങൾ ഉണ്ടായി. ഇതു നല്ല തരമെന്നു കരുതി അലക്സാണ്ടർ ശത്രുസൈന്യത്തെ ആക്രമിച്ചു. രണ്ടു പാർശ്വങ്ങളിലുമുള്ള ഇന്ത്യൻ കാലാൾ ജീവഹാനിയെ ഭയന്നു നിലയിളകി ശത്രുബാധയുണ്ടാകാതിരിക്കാൻ ഗജങ്ങളുടെയിടയിൽ ചെന്നുനിന്നു. ഇങ്ങനെ ആദ്യത്തെ ആക്രമണം അവസാനിച്ചു.

2. ഇതു കണ്ടുകൊണ്ടു നിന്ന നിഷാദികൾ തങ്ങളുടെ ഗജങ്ങളെ മുന്നോട്ടു നയിച്ചു. ഉടൻ മാസിഡോണിയൻ കാലാൾ, ഗജങ്ങളുടേയും നിഷാദികളുടേയും നേക്കു മുറയ്ക്കു അമ്പുകൾ അയച്ചു. കൂടാതെ, മഴുകൾ കൊണ്ടും കുന്തങ്ങൾകൊണ്ടും അവർ കരിവീരന്മാരെ ഉപദ്രവിച്ചു. വേദനമൂലം സംഭ്രാന്തിപൂണ്ട ഗജങ്ങൾ കാലാ

ററസൈന്യത്തിന്റെ ഇടയിൽക്കൂടി അനേകം പേരെ ചവിട്ടിക്കൊന്നു. ഇന്ത്യൻ അശ്വസൈന്യം അലക്സാണ്ട രുടെ അശ്വസൈന്യത്തെ ആക്രമിച്ചു ഇന്ത്യാക്കാർ ശക്തിഹീനന്മാരായിരുന്നതിനാൽ അവക്കു ജയം ലഭിച്ചില്ല. അവർ ഓടി ഗജങ്ങളുടെയിടയിൽ അഭയംപ്രാപിച്ചു. ഇപ്രകാരം ഗജങ്ങളുമായുള്ള യുദ്ധവും നിലച്ചു.

3. മാസിഡോണിയൻ അശ്വസൈന്യം ഇന്ത്യൻ കാലാളിന്റെ ഇടക്കു കയറി അവരുമായി യുദ്ധംചെയ്തു് അവരെ തോൽപിച്ചു. പകൽ രണ്ടു മണിക്കു യുദ്ധം അവസാനിച്ചു.

ആര്യൻ ഇപ്രകാരം എഴുതിയിരിക്കുന്നു. "വേദന മൂലം വ്യാകുലങ്ങളായ ഗജങ്ങൾ ഓടിപ്പോയപ്പോൾ അവ അനേകം പേരെ ചവിട്ടിക്കൊന്നു. ഒരു വിശാലമായ മൈതാനത്തു നിന്നതിനാൽ മാസിഡോണിയാക്കാക്കു് അവയുടെ ശല്യങ്ങളിൽനിന്നു രക്ഷപ്പെടുന്നതിനു സാധിച്ചു. അവരെ പിടികിട്ടുകയില്ലെന്നു കണ്ടപ്പോൾ, ഗജങ്ങൾ പിൻതിരിഞ്ഞു. മാസിഡോണിയാക്കാർ അവയ്ക്കു നേരെ അമ്പെയ്തു് അവക്കു വേദന ഉണ്ടാക്കി. ഗജങ്ങളുടെ മദ്ധ്യത്തിൽനിന്ന ഇന്ത്യാക്കാക്കാണു് അവമൂലം കൂടുതൽ നാശമുണ്ടായതു്."

ഈ ഭയങ്കരയുദ്ധത്തിൽ നിർഭാഗ്യവശാൽ പുരുഷോത്തമന്റെ രണ്ടു പുത്രന്മാരും അകാലമൃത്യു പ്രാപിച്ചു. ഇതൊക്കെയായിട്ടും പോക്കളം വിട്ടു് ഓടാതെയും —ഡേറിയസുപോലും രണ്ടുപ്രാവശ്യം പോക്കളത്തിൽ നിന്നുമോടി—തന്റെ ഗജവീരന്റെ പുറത്തു് ആയുധപാണിയായി പുരുഷോത്തമൻ ധീരധീരം പോരാടി.

PRESENTED BY:
SRI M. K. VASUDEVAN NAIR
MANIYARA VEEDU
MALAYINKIL

യുദ്ധാവസാനത്തിൽ അദ്ദേഹത്തിന് ഒരു മുറിവു പററി. പുരുഷോത്തമനെ രക്ഷിക്കാൻ അദ്ദേഹത്തെ വഹിച്ച ഗജം അനേകം അത്ഭുതകൃത്യങ്ങൾ ചെയ്തു. അദ്ദേഹം യുദ്ധം ചെയ്വാൻ ശക്തനായിരുന്നിടത്തോളം കാലം ആ കരിവരൻ ശത്രുക്കളെ ഓടിച്ച് അദ്ദേഹത്തെ രക്ഷിച്ചു. അനേകം അമ്പുകൾ ഏററു തന്റെ യജമാനൻ ക്രമത്തിലധികം ക്ഷീണിച്ചിരുന്നുവെന്ന് ആ ബുദ്ധിയുള്ള മൃഗം അറിഞ്ഞസമയം, അദ്ദേഹം താഴെ വീഴാതിരിക്കുന്നതിന് അതു വളരെ സാവധാനത്തിൽ കുനിഞ്ഞുകൊടുത്തുവെന്നും തുമ്പിക്കൈകൊണ്ട് അദ്ദേഹത്തിന്റെ ശരീരത്തിൽനിന്ന് അമ്പുകൾ ഓരോന്നും ഊരിയെടുത്തുവെന്നും കാണിച്ചുകാണുന്നു.

നിവൃത്തിയില്ലാതായപ്പോൾ യുദ്ധക്കളം വിടുന്നതിനു പുരുഷോത്തമൻ ശ്രമിച്ചു. അതിനാൽ അദ്ദേഹത്തെ കൂട്ടി കൊണ്ടുവരാൻ അലക്സാണ്ടർ, മീരീസി (Meroes)നെ അയച്ചു. ക്ഷണമനുസരിച്ചു, പുരുഷോത്തമൻ അലക്സാണ്ടരെ കണ്ടു. അവർ തമ്മിൽ ഇപ്രകാരം ഒരു സംഭാഷണം നടന്നു.

അലക്സാണ്ടർ:—"നിങ്ങളെ എങ്ങനെ ഞാൻ ഗണിക്കണം."

പുരുഷോത്തമൻ:— "ഒരു രാജാവിനെപ്പോലെ."

അലക്സാണ്ടർ:—"അതു് എന്നെ സംബന്ധിച്ചിടത്തോളമല്ലെ. നിങ്ങൾക്കുവേണ്ടി ഞാൻ എന്തു നന്മയാണു ചെയ്യേണ്ടതു്."

പുരു:— "എനിക്കുവേണ്ടി നിങ്ങൾ പ്രവർത്തിക്കേണ്ടതെല്ലാം ഞാൻ മുൻപു പ്രസ്താവിച്ചതിൽ അന്തർഭവിച്ചിരിക്കുന്നു." ഇതുകേട്ടപ്പോൾ അലക്സാണ്ടർ അദ്ദേഹത്തെ ക്രമത്തിലധികം വിലവെയ്ക്കുകയും, പുരുഷോത്തമനും

അദ്ദേഹത്തിൻെറ രാജ്യം തിരിച്ചുകൊടുത്തതു കൂടാതെ, വേറെയും രാജ്യങ്ങൾ സംഭാവന ചെയ്യുകയും ചെയ്തു. പതിനഞ്ചു ജാതിക്കാർ അധിവസിച്ചതും അയ്യായിരം വലിയ പട്ടണങ്ങളും ഗ്രാമങ്ങളും ഉള്ളതുമായ ദേശത്തിലെ അധിപനായി അദ്ദേഹത്തെ അലക്സാണ്ടർ നിയമിച്ചുവെന്നു പ്ലൂട്ടാർക്ക് പറയുന്നു. എന്നാൽ, ആര്യൻ വേറൊരുതരത്തിൽ എഴുതിക്കാണുന്നു. "അദ്ദേഹം (പുരുഷോത്തമൻ) മുപ്പത്തിഏഴു നഗരങ്ങളും അനേകം ഗ്രാമങ്ങളും സ്വീകരിച്ചു. നഗരങ്ങളിൽ ചിലവയിൽ പതിനായിരവും മറേറവയിൽ അയ്യായിരവും ജനങ്ങൾ വസിച്ചു."

ഝലം നദീതീരത്തിലെ യുദ്ധം എന്നാണു് നടന്നതു് എന്നുള്ളതിനെപ്പററി ചരിത്രകാരന്മാരുടെയിടയിൽ ഭിന്നാഭിപ്രായമില്ലാതില്ല. നദിയിൽ വെള്ളം ധാരാളമുണ്ടായിരുന്നതു കൊണ്ടും തണുപ്പുകാലമായിരുന്നതുകൊണ്ടും പ്രസ്തുതയുദ്ധം ജൂൺമാസാവസാനത്തിലൊ ജൂലൈ മാസാരംഭത്തിലൊ നടന്നിരിക്കണം. ഉത്തരായണത്തിനു ശേഷം (ജൂൺ 21-ാംനു- കഴിഞ്ഞു) യുദ്ധം നടന്നിരിക്കണമെന്നു് ആര്യൻകുറിച്ചിരിക്കുന്നതു ശരിയാണെന്നാണു സ്മിത്തിൻെറ മതം. "ബി. സി. 326-ാമാണ്ടു് വർഷകാലം ആരംഭിച്ചതിൻെറ ശേഷം ജൂൺമാസത്തിൻെറ അന്ത്യത്തിലൊ ജൂലൈമാസത്തിൻെറ ആരംഭത്തിലൊ യുദ്ധം നടന്നു"വെന്നുള്ള ഗ്രോട്ടു് എന്ന ചരിത്രകാരൻെറ പ്രസ്താവന സ്മിത്തിൻെറ അഭിപ്രായത്തിനു് ഒരു ഉപോദ്ബലമായിരിക്കുന്നുണ്ടു്.

യുദ്ധം നടന്ന സ്ഥലത്തു, [1] നിക്കിയാ (Nicaea),

---

1. The city of victory.

ബ്യൂസിഫാലസിന്റെ ഓർമ്മയെ നില നിറുത്താൻ ഹിഡാസ്പസിന്റെ മറുകരയിൽ ബ്യൂസിഫാലാ, എന്നീ പട്ടണങ്ങൾ അലക്സാണ്ടർ സ്ഥാപിച്ചു. പുരുഷോത്തമനുമായുള്ള യുദ്ധത്തിൽവെച്ചു പററിയ പരുക്കൾ നിമിത്തമാണു് ഏതാനും നാൾ കഴിഞ്ഞപ്പോൾ ബ്യൂസിഫാലസു ചത്തുപോയതെന്നു ചില ചരിത്രകാരന്മാരും, അതല്ല പ്രായാധിക്യവും ക്ഷീണവും (അക്കാലത്തു് അതിനു മുപ്പതു വയസ്സുണ്ടായിരുന്നു) മൂലമാണെന്നു് ഓനിസിക്രിററസും രേഖപ്പെടുത്തിയിരിക്കുന്നു. അലക്സാണ്ടരുടെ സ്ഥാപനങ്ങളിൽവെച്ചു് ഏററവും പ്രാധാന്യമുള്ളതായി പ്ലൂട്ടാർക്ക് വിചാരിച്ചു ബ്യൂസിഫാല കാലാന്തരത്തിൽ ഒരു വലിയ പട്ടണമായിത്തീൎന്നു. ഈ രണ്ടു പട്ടണങ്ങളിലും അദ്ദേഹം കാവൽ സൈന്യത്തെ ആക്കിയിരുന്നു. പുരാതന റോഡു് അവസാനിക്കുന്ന പഴയ കടവായ ത്ധലം എന്ന സ്ഥലമാണു ബ്യൂസിഫാലാ എന്നു ചിലർ അഭിപ്രായപ്പെടുന്നു. ഏററവും സ്നേഹിച്ച 'പെരിററാസു്' എന്ന ശ്വാവിന്റെ ഓർമ്മയെ നില നിറുത്തുന്നതിനു് ആ പേരിലും അദ്ദേഹം ഒരു പട്ടണം സ്ഥാപിച്ചുവത്രെ.

വിശ്രമം, വിനോദം, ബലികൾ. ഇവകളിലേർപ്പെട്ടു് ഒരു മാസകാലം അലക്സാണ്ടർ ഹിഡാസ്പസിന്റെ തീരത്തിൽ താമസിച്ചു. അനന്തരം, നൂതനനഗരങ്ങൾ സ്ഥാപിക്കുന്നതിനു ക്രേററസിനെ ഭരമേല്പിച്ചിട്ടു് അദ്ദേഹം പഞ്ചാബിലേക്കു നടന്നു. ജനസമൃദ്ധിയുള്ള കുറെ നഗരങ്ങളും ഗ്രാമങ്ങളും അദ്ദേഹം കരസ്ഥമാക്കി. വളരെ വീതി (രണ്ടുമൈൽ)യും ഭയങ്കരമായ ഒഴുക്കുമുള്ള ഒരു ഭാഗത്തു വെച്ചാണു് അദ്ദേഹം അക്സീനീസുനദി

കടന്നതു്. തോൽവള്ളങ്ങളിൽ യാത്ര ചെയ്തവർ സുഖമായി അക്കരെ എത്തി. എന്നാൽ, മരം കൊണ്ടുണ്ടാക്കപ്പെട്ട വള്ളങ്ങളിൽ കയറി നദി കടന്നവരിൽ പലരും മരിക്കയും ചെയ്തു. വള്ളങ്ങൾ നദിയിലെ ഒഴുക്കുമൂലം പാറക്കൂട്ടങ്ങളിൽ മുട്ടിയതായിരുന്നു അതിനു കാരണം. പുരുഷോത്തമൻെറ ഭാഗിനേയനും, ചീനാബു, റാവി, എന്നീ നദികൾക്കു മദ്ധ്യേയുള്ള രാജ്യം ഭരിച്ചവനുമായ പോറസു അലക്സാണ്ടർക്കു കീഴടങ്ങിയില്ല. അതിനാൽ, അദ്ദേഹവുമായി യുദ്ധം ചെയ്വാൻ ഹെഫീസ്റ്റനെ അലക്സാണ്ടർ അയച്ചു. ഇതിനിടക്കു് അദ്ദേഹം (അലക്സാണ്ടർ) ഹിദ്രോററിസു (റാവി) നദി കടന്നു. ഇവിടെ വെച്ചു കാത്തിയന്മാർ മുതലായ വർഗ്ഗക്കാരിൽനിന്നും അദ്ദേഹത്തിനു വളരെ ശല്യങ്ങൾ നേരിട്ടു.

കാത്തിയന്മാരുടെ പ്രധാനപട്ടണം സംങ്ഗാല ആയിരുന്നു. ഇതു് ഒരു കുന്നിൻെറ മുകളിലാണു സ്ഥിതി ചെയ്തതു്. മൂന്നുവരികളിലായി നിറുത്തിയിരുന്ന ശകടങ്ങളെക്കൊണ്ടും ഒരു വലിയ സൈന്യത്തെക്കൊണ്ടും ഇതു സുരക്ഷിതമാക്കപ്പെട്ടിരുന്നു. കുന്നിൻെറ താഴെനിന്നും മുകളിലേക്കു കയറിയ അലക്സാണ്ടരുടെ അശ്വസൈന്യത്തിൻെറ നേർക്കു ശകടങ്ങളിൽ കയറിയിരുന്ന പടയാളികൾ അമ്പു് അയച്ചു് ആ സേനയെ അധൈര്യപ്പെടുത്തി. തന്നിമിത്തം, തൻെറ കാലാൾ സൈന്യത്തെ അദ്ദേഹം നയിച്ചു് ഒരു ഭയങ്കര യുദ്ധം നടത്തി. തൽഫലമായി, അദ്ദേഹം ശകടങ്ങൾ പിടിച്ചെടുക്കയും പട്ടണങ്ങൾ രോധിക്കയും ചെയ്തു. അലക്സാണ്ടർ വിചാരിച്ചതുപോലെ, രാത്രികാലത്തു കുറെ പേർ പട്ടണത്തിൽനിന്നും ഓടിപ്പോകാൻ ശ്രമിച്ചു.

പക്ഷെ, ആ ശ്രമം വിഫലമായി. അതിൽ പിന്നീട്ട പട്ടണത്തിനു ചുററും തടാകമൊഴിച്ചുള്ള ഭാഗങ്ങളിൽ ഇരട്ടമരക്കോട്ട അദ്ദേഹം കെട്ടിക്കയും അതിൻെറ പ്രവേശനദ്വാരത്തിൽ ഒരു നല്ല കാവൽസൈന്യത്തെ ആക്കുകയും ചെയ്തു. അദ്ദേഹം, ചുവരുകളെ തകർക്കുന്നതിനുള്ള യന്ത്രങ്ങൾ ശരിപ്പെടുത്തിക്കൊണ്ടിരിക്കുമ്പോൾ, തടാകത്തിൻെറ തീരത്തിൽക്കൂടി രാത്രിസമയം ഏതാനും പട്ടണവാസികൾ ഓടിപ്പോകാൻ ആലോചിക്കുന്നുണ്ടെന്ന് അദ്ദേഹത്തിന് അറിവു കിട്ടി. അതു തടുക്കുന്നതിനു ടോളമിയെ അങ്ങോട്ടയച്ചു. അർദ്ധരാത്രിയിൽ വാതിൽ തുറന്നു നഗരവാസികൾ വെളിയിൽ ഇറങ്ങിയപ്പോൾ, ടോളമി തൻെറ കാഹളം മുഴക്കുകയും സഹായത്തിനു കുറെ മാസിഡോണിയാക്കാർ അവിടെ എത്തുകയും ചെയ്തു. തന്നിമിത്തം, രക്ഷ പ്രാപിക്കാനുള്ള അവരുടെ ശ്രമം ഫലിച്ചില്ല. പട്ടണം ഇടിച്ചു നിരത്തപ്പെട്ടു. എന്നാൽ ഈ യുദ്ധത്തിൽ ലിസീമാക്കസും മററു ചില ഉദ്യോഗസ്ഥന്മാരും മരണം പ്രാപിച്ചു.

കിഴക്കു മഗധ എന്നൊരു രാജ്യമുണ്ടെന്നും അവിടത്തെ ഭരണകർത്താവു ധനനന്ദ(Dhana Nanda)നാണെന്നും അലക്സാണ്ടർ മനസ്സിലാക്കിയിരുന്നു. അതുകൊണ്ട് അദ്ദേഹം യാത്ര തുടൎന്നു ഹിഫാസീസി(ബിയാസു)ൻെറ കരയിലെത്തി. ഇവിടെവെച്ച് അവിചാരിതമായ ഒരു സംഭവം നടന്നു. മാസിഡോണിയൻ സൈന്യം പല യുദ്ധങ്ങളിലേപ്പെട്ടു വളരെ കഷ്ടപ്പെട്ടിരുന്നു. യാതൊരറിവുമില്ലാത്ത രാജ്യങ്ങളിൽ കടന്നുപോകുന്നതു് അവൎക്കു വളരെ വിഷമമായിത്തോന്നി. സ്വദേശം വിട്ടതിൽ പിന്നിട്ട യുദ്ധം ചെയ്തും മററും അനേ

കം പേർ മരിച്ചു. ബാക്കിയുള്ളവർ ക്രമത്തിലധികം ക്ഷീണിച്ചു. സിന്ധുനദി കടന്നതിന്റെ ശേഷമുണ്ടായ ഭയങ്കരവർഷം മൂലം അവർ ഭഗ്നാശയന്മാരായിത്തീൎന്നു. അവരിൽ ഒരു പടയാളി അഭിപ്രായപ്പെട്ടതുപോലെ, ദീർഘയാത്ര മൂലം അശ്വങ്ങളുടെ കുളമ്പുകൾ തേഞ്ഞു പോകയും, ആയുധങ്ങൾ ഉപയോഗശൂന്യങ്ങളായിത്തീരുകയും വസ്ത്രോപകരണങ്ങൾ ജീൎണ്ണീഭവിക്കയും ചെയ്തു. അവർ എല്ലാവരും സ്വന്ത നാട്ടിലേക്കു തിരിച്ചുപോകാനാഗ്രഹിച്ചു. ഗംഗാസമതലത്തിൽ എത്തുന്നതിന് ഒരു മണലരണ്യം കടക്കണമെന്നും അതിനു കുറഞ്ഞതു പതിനൊന്നുദിവസം വേണമെന്നും അവൎക്ക് അറിവു കിട്ടി. അതുകൊണ്ടു ഹിഫാസിസി(Hyphasis)ന്റെ കരയിൽ നിന്നും കിഴക്കോട്ടു പോകാൻ അവർ വിസമ്മതം കാണിച്ചു.

അധികം ദൂരം യാത്ര ചെയ്യേണ്ടതില്ലെന്നും മററും പറഞ്ഞു സൈന്യത്തെ സമാശ്വസിപ്പിക്കാൻ അലക്സാണ്ടർ ശ്രമിച്ചു. പക്ഷേ, അതുകൊണ്ടു ഫലമൊന്നമുണ്ടായില്ല. ജീവിച്ചിരിക്കുമ്പോൾ ധീരകൃത്യങ്ങൾ ചെയ്തു മരണത്തിനുശേഷം കൂടി നിലനില്ക്കുന്ന അനശ്വരമായ കീൎത്തി സമ്പാദിക്കുന്നതാണു ശ്ലാഘ്യമെന്നും, തിരിച്ചുപോകുന്നതായാൽ വളരെ പ്രയാസപ്പെട്ടു പിടിച്ചടക്കിയ രാജ്യങ്ങളെല്ലാം നഷ്ടമാകുമെന്നും, ഏഷ്യാ മുഴുവനും സഞ്ചരിച്ചതിന്റെ ശേഷം, വിലയേറിയ സമ്മാനങ്ങൾ താൻ കൊടുക്കാൻ നിശ്ചയിച്ചിട്ടുണ്ടെന്നും മററും അലക്സാണ്ടർ അവരോടു പറഞ്ഞു. ഈ പണി മൂലം മുൻ ചില അവസരങ്ങളിൽ പടയാളികളെ അദ്ദേഹം ധൈൎയ്യപ്പെടുത്തി കാൎയ്യം നേടിയെങ്കിലും,

ഇത്തവണ യാതൊരു ഗുണവുമുണ്ടായില്ല. പ്രസംഗം അവസാനിച്ചപ്പോൾ വളരെനേരത്തേക്ക് എല്ലാവരും മൗനം ദീക്ഷിച്ചു. അവൎക്ക് എന്താണു പറയാനുള്ളതെന്നു വീണ്ടും വീണ്ടും അദ്ദേഹം അവരോടു ചോദിച്ചു. ഒടുവിൽ കീനസു ഇപ്രകാരംപറഞ്ഞു. "അല്ലയോ രാജാവെ! എത്ര മാസിഡോണിയാക്കാരും യവനന്മാരും അവിടത്തെ അനുഗമിച്ചുവെന്നും അവരിൽ എത്രപേർ ശേഷിച്ചിട്ടുണ്ടെന്നും അവിടുത്തേക്ക് അറിയാമല്ലോ കൂടുതൽ രാജ്യം ആക്രമിക്കുന്നതിനു വിസമ്മതിച്ചു തെസ്സാലിക്കാരെ തിരിച്ചയച്ചതു പ്രശംസാൎഹംതന്നെ. മററു യവനന്മാരിൽ ഏതാനും പേരെ അവിടുന്നു സ്ഥാപിച്ച പട്ടണങ്ങളിൽ കുടിപാൎപ്പിച്ചിരിക്കുന്നു. അവരെല്ലാം സ്വമനസ്സോടെ അല്ല അവിടെ താമസിക്കുന്നതു്. യുദ്ധങ്ങളിൽ അനേകംപേർ മരിച്ചിട്ടുണ്ടു്. ഒട്ടനേകംപേൎക്കു പരുക്കൾ പററിയതു നിമിത്തം യാത്ര ചെയ്യാൻ അശക്തരായി ഭവിക്കയാൽ അവർ അവിടവിടെ ഉപേക്ഷിക്കപ്പെട്ടിരിക്കുന്നു. എത്രയോപേർ രോഗബാധിതരായി കിടക്കുന്നു. തീരെകുറച്ചുപേർ മാത്രമെ ശേഷിച്ചിട്ടുള്ളു. ഇവൎക്കു തന്നെ പണ്ടത്തെപ്പോലെ ശരീരബലമൊ മനശ്ശക്തിയൊ ഇല്ല. മാതാപിതാക്കന്മാരേയും പുത്രമിത്രകളത്രാദികളേയും കാണുന്നതിനു് അവർ ആഗ്രഹിക്കുന്നു. അതിനാൽ തിരിച്ചുപോകാൻ ഞങ്ങളെ അനുവദിക്കണം. വിജയശ്രീലാളിതനായി അവിടുന്നു മാസിഡോണിയായിലേക്കു ഞങ്ങളുടെകൂടെ വന്നാലും. അവിടെ കുറെ താമസിച്ചശേഷം യൗവനയുക്തന്മാരായ വേറെ പടയാളികളോടുകൂടി നൂതനരാജ്യങ്ങൾ പിടിച്ചടക്കുന്നതിനു പുറപ്പെടാം."

കീനസ്സിൻെറ ഈ വാക്കുകൾ കേട്ടപ്പോൾ, സൈന്യത്തിന് അഭൂതപൂർവ്വമായ ആഹ്ലാദമുണ്ടായി. മാസിഡോണിയായിലേക്കു ഞങ്ങളെ നയിക്കണമെന്ന് അലക്സാണ്ടരോടു് സൈന്യത്തിൽ ചിലർ ഗൽഗദസ്വരത്തിൽ അപേക്ഷിച്ചു. തൻെറ സേനാപതിയുടെ വാക്കുകളിൽ സ്ഫുരിച്ച സ്വാതന്ത്ര്യബുദ്ധിയും സൈന്യത്തിൻെറ മനസ്ഥിതിയും തീരെ രസിക്കാഞ്ഞതുകൊണ്ടു് രാജാവു് അവിടംവിട്ടു പോയി. അവരുടെ നിശ്ചയത്തെ മാററുന്നതിന് അദ്ദേഹം അടുത്തദിവസം കൂടി പ്രയത്നിച്ചു. പടയാളികൾ സ്വരാജ്യത്തേക്കു തിരിച്ചു പോകുന്നതിൽ വിരോധമില്ലെന്നും, പക്ഷെ താൻ കിഴക്കോട്ടു യാത്ര തുടരാനാണു തീർച്ചപ്പെടുത്തിയിരിക്കുന്നതെന്നും, തങ്ങൾ രാജാവിനെ ശത്രുക്കളുടെയിടയിൽ വിട്ടിട്ടാണു തിരിച്ചെത്തിയിരിക്കുന്നതെന്നുമുള്ള വിവരം ഭടന്മാർ മാസിഡോണിയാക്കാരോടു പറയണമെന്ന് അലക്സാണ്ടർ അവരെ ധരിപ്പിച്ചു.

അനന്തരം തിരിച്ചുപോകുന്നതിലുള്ള സങ്കടംകൊണ്ടു് അലക്സാണ്ടർ കൂടാരത്തിലേക്കു മടങ്ങി. സേവകന്മാർപോലും തൻെറ മുൻപിൽ വരാൻ സമ്മതിക്കാതെ രണ്ടു ദിവസം അദ്ദേഹം കൂടാരത്തിൽത്തന്നെ കഴിച്ചുകൂട്ടി. അവിടെനിന്നും അദ്ദേഹത്തിൻെറവരവിനെ സൈന്യം പ്രതീക്ഷിച്ചുകൊണ്ടിരുന്നു. ഒടുവിൽ ആ മഹാൻ വെളിയിലിറങ്ങി ബലി നടത്തി. അപ്പോൾ കണ്ട നിമിത്തങ്ങളിൽ നിന്നു ബിയാസു നദി കടക്കുന്നതു ദോഷകരമെന്ന് അദ്ദേഹത്തിനു മനസ്സിലായി. ദൈവാനുകൂലമില്ലാത്ത ഉദ്യമത്തിനു താൻ ഒരുമ്പെടുകയില്ലെന്നും അതുകൊണ്ടു തിരിച്ചുപോകാൻ തീർച്ചപ്പെടുത്തിയിരി

ക്കന്നവെന്നും അദ്ദേഹം അവരെ ധരിപ്പിച്ചു. തന്മൂലം ആഹ്ലാദഭരിതരായ ഭടന്മാർ അദ്ദേഹത്തിൻെറ കൂടാരത്തിൽചെന്നു വിജിഗീഷുവായ അദ്ദേഹത്തെ സ്തുതിച്ചു.

അമാനുഷശക്തിയുള്ള ഒരു വർഗ്ഗക്കാർ ഇന്ത്യയെ സന്ദർശിച്ചുവെന്നു പില്ക്കാലക്കാരെ മനസ്സിലാക്കാൻ തൻെറ ആളുകൾക്ക് ഏററവും വലിയ കിടക്കകളോടും അതിവിസ്തൃതങ്ങളായ വാജിശാലകളോടും കൂടിയ ഒരു പാളയവും അതിനു ചുററും അൻപതടി വീതിയും നാല്പതടി താഴ്ചയുമുള്ള ഒരു കിടങ്ങും ഉണ്ടാക്കാൻ അലക്സാണ്ടർ സൈന്യത്തോട് ആജ്ഞാപിച്ചു. തൻെറ യുദ്ധയാത്രയെ വിജയപ്രദമാക്കിയതിനു തനിക്കുള്ള നന്ദിയെ കാണിക്കാൻ ഒലിമ്പസിലെ പന്ത്രണ്ടു ദേവന്മാർക്കായി വെട്ടുകല്ലു കൊണ്ടു ചതുഷ്കോണങ്ങളായ പന്ത്രണ്ടു ബലിപീഠങ്ങൾ പണിയിച്ച് അവിടെ സ്ഥാപിച്ച് അദ്ദേഹം ബലികൾ കഴിച്ചു. സാധാരണ ഗോപുരങ്ങളുടെ പൊക്കവും അവയെക്കാൾ കൂടുതൽ വീതിയും ഇവക്കുണ്ടായിരുന്നുവെന്നാണ് ആര്യൻെറ കുറിപ്പുകളിൽ കാണുന്നത്. ചന്ദ്രഗുപ്തനും അദ്ദേഹത്തിൻെറ പിൻവാഴ്ചക്കാരും ഈ ബലിപീഠങ്ങളിൽ ബലികൾ സമർപ്പിച്ചുവന്നു. പഞ്ചാബിലെ നദികളുടെ അനിശ്ചിതമായ ഗതികൾ മൂലം ഇവ അധികകാലം നിലനിന്നില്ല.

അലക്സാണ്ടർ ഉദ്ദേശിച്ചിരുന്ന ഭൂലോകാതിർത്തിക്കു സമീപം എത്തി എങ്കിലും, ആ പ്രദേശംകൂടി പിടിച്ചടക്കുന്നതിനുള്ള ഭാഗ്യം തനിക്കില്ലല്ലൊ എന്നു വിചാരിച്ച് അദ്ദേഹത്തിനു ക്രമത്തിലധികം കുണ്ഠിതമുണ്ടായി. ആ ജയശാലിയുടെ സങ്കടത്തിൻെറ ഗൗരവം

ശരിയായി അറിയണമെന്നുണ്ടെങ്കിൽ, അദ്ദേഹത്തിന്റെ ഭൂമിശാസ്ത്രപരമായ അറിവു നാം മനസ്സിലാക്കേണ്ടതാണ്. ദക്ഷിണേന്ത്യ, ഫർതർഇന്ത്യ, ഇവയെപ്പററി അദ്ദേഹത്തിനു യാതൊന്നും അറിഞ്ഞുകൂടായിരുന്നു. ചൈനയുടെ വിസ്തീർണ്ണതയെക്കുറിച്ച് അദ്ദേഹത്തിന് ഒരു ബോധവുമുണ്ടായിരുന്നില്ല. സൈബീരിയായെപ്പററി കേട്ടിട്ടുകൂടിയില്ലായിരുന്നു. ഭൂമിയുടെ കിഴക്കെ അതിരായ ഒരു സമുദ്രത്തിലാണു ഗംഗാനദിയുടെ പതനമെന്നും, ഈ സമുദ്രം ഹിന്ദുക്കുഷ്, പാമിർ, എന്നീ പവ്വതങ്ങളുടെ തീരത്തുകൂടി ഒഴുകി സിത്തിയായുടെ വടക്കെ തീരത്തെച്ചുററി കാസ്പിയൻ ഉൾക്കടലുമായി യോജിച്ചുവെന്നും അദ്ദേഹം വിശ്വസിച്ചു. ഗംഗാനദീമുഖം മുതൽ സിതിയ, ഫിക്കേനിയ, ഇവയുടെ തീരം വഴി പശ്ചിമസമുദ്രത്തിൽ യാത്ര ചെയ്യുന്നതിനു അദ്ദേഹം ആഗ്രഹിച്ചു.

രാജ്യങ്ങൾ പിടിച്ചടക്കുന്നതിൽ അത്യാഗ്രഹം കാണിച്ച ഒരു ജയശാലിയായിട്ടാണു ചരിത്രഗ്രന്ഥങ്ങളിൽ അലക്സാണ്ടരെ ചിത്രീകരിച്ചിട്ടുള്ളതു്. ഭൂലോകത്തിന്റെ വിസ്താരവും കിടപ്പും മററും അദ്ദേഹം വിചാരിച്ചതുപോലെയായിരുന്നെങ്കിൽ, അതു പിടിച്ചടക്കുന്നതിന് അദ്ദേഹത്തിന് ഇരുപതു വർഷമെ വേണ്ടിവരുമായിരുന്നുള്ളു. അലക്സാണ്ടർ ഒരു വിശിഷ്ടാശയനായിരുന്നുവെങ്കിലും അതുമൂലം അദ്ദേഹത്തിനു വ്യാമോഹമുണ്ടായില്ല. കായ്യങ്ങളുടെ ഗൗരവമറിഞ്ഞു പ്രവത്തിക്കുന്നതിൽ അദ്ദേഹത്തിനു പ്രത്യേകം സാമത്ഥ്യമുണ്ടായിരുന്നു. ഇന്ത്യയിലേക്കുള്ള വാണിജ്യമാഗ്ഗങ്ങളേയും സിന്ധുനദിയുടെ പ്രാന്തപ്രദേശങ്ങളേയും സുരക്ഷിത

മാക്കാനാണ് അദ്ദേഹം സിന്ധുനദിവരെ വന്നതും പഞ്ചാബു പിടിച്ചടക്കിയതും. ഇന്ത്യയുമായുള്ള കച്ചവടം വദ്ധിപ്പിക്കണമെന്നുള്ളതായിരുന്നു അദ്ദേഹത്തിന്റെ ഉദ്ദേശം. ഫിനീഷ്യൻ വണിക്കുകളും അദ്ദേഹത്തെ അനുഗമിച്ചുവെന്നതു് ഇവിടെ പ്രത്യേകം പ്രസ്താവയോഗ്യമാണു്.

ബി. സി. 326-ാമാണ്ടു സെപ്റ്റംബർ മാസം ഇന്ത്യയിൽ നിന്നും അലക്സാണ്ടർ പുറപ്പെടാനുറച്ചു. കീനസു അഭിപ്രായപ്പെട്ടതുപോലെ, യുദ്ധവീരന്മാരോടു കൂടി രണ്ടാമതു് ഇന്ത്യയിൽ വരാൻ അദ്ദേഹത്തിനു സാധിച്ചില്ല.

---

## അദ്ധ്യായം ൧൧.

## സൂസായിലേക്കുള്ള പ്രത്യാഗമനം.

## (ബി. സി. ൩൨൫-൩൨൩)

അലക്സാണ്ടരുടെ ബാക്കിയുള്ള ജീവിതകാലം സാമ്രാജ്യത്തിന്റെ സംഘടനക്കായി അദ്ദേഹം വിനിയോഗിച്ചു. വ്യാപാര പരമായ അഭിവൃദ്ധിയും ഭൂമിശാസ്ത്രവിഷയകമായ കണ്ടുപിടിത്തങ്ങളും അദ്ദേഹത്തിന്റെ മരണാനന്തരമാണുണ്ടായതു്. അദ്ദേഹം സ്ഥാപിച്ച പട്ടണങ്ങൾ പാളയസ്ഥലങ്ങളും വ്യാപാരകേന്ദ്രങ്ങളുമായിത്തീൎന്നു. ഇന്ത്യയും പശ്ചിമരാജ്യങ്ങളും തമ്മിലുള്ള കച്ചവടം ഇദംപ്രഥമമായിട്ടാണു് ആരംഭി

ച്ചതു്. ആഫ്രിക്കാക്കു ചുററും കപ്പൽ സഞ്ചാരം ചെയ്യുന്നതിനു തീർച്ചയാക്കിയിരിക്കുമ്പോഴാണു് അദ്ദേഹം മരിച്ചതു്. പ്രസ്തുത സഞ്ചാരംമൂലം കൂടുതൽ ഭൂമിശാസ്ത്രജ്ഞാനം അദ്ദേഹത്തിനു ലഭിക്കുമായിരുന്നു. കാസ്പിയൻ പ്രദേശങ്ങൾ കണ്ടുപിടിക്കാൻ പുത്തനായി ഒരു കപ്പൽക്കൂട്ടം അദ്ദേഹം പണി കഴിപ്പിച്ചു. ഈ ഉദ്ദേശം ഫലപ്രാപ്തിയിൽ വരുന്നതിനു മുൻപു് അദ്ദേഹം ഇഹലോകവാസം വെടിഞ്ഞു.

ഇന്ത്യാ വിടുന്നതിനു മുൻപു പടിഞ്ഞാറെ ഇന്ത്യയിലെ രാജാക്കന്മാരെയെല്ലാം അലക്സാണ്ടർ വിളിച്ചുകൂട്ടി. ഹിദാസ്പസ്സ മുതൽ ഹിഫാസിസ്സ വരെയുള്ള ദേശങ്ങളിലെ അധിപനായി പുരുഷോത്തമനേയും ഹിദാസ്പസ്സ മുതൽ സിന്ധുവരെയുള്ള രാജ്യങ്ങളിലെ ഭരണകർത്താവായി തക്ഷശിലായിലെ രാജാവിനേയും അദ്ദേഹം നിയമിച്ചു. പഞ്ചാബിലെ സത്രപനായി അദ്ദേഹം നിശ്ചയിച്ചതു ഫിലിപ്പോസിനെയായിരുന്നു.

ധനാഢ്യന്മാരായി ജീവിതം നയിക്കാമെന്നുള്ള ഉദ്ദേശത്തോടുകൂടി ഏതാനും മാസങ്ങൾ കഴിഞ്ഞപ്പോൾ മാസിഡോണിയൻ സൈന്യം സ്വന്ത നാട്ടിലേക്കു തിരിച്ചു. ഹിദ്രോടീസു (Hydraotes), അസ്കീനിസ്സ, എന്നീ നദികൾ അവർ സന്തോഷസമേതം കടന്നു. അക്സീനിസ്സ നദിയുടെ കരയിൽവെച്ചു കീനസ്സ രോഗപീഢിതനായി മരിച്ചു. ആഘോഷപൂർവ്വം അദ്ദേഹത്തിന്റെ മൃതശരീരത്തെ അലക്സാണ്ടർ അടക്കം ചെയ്തു. മാസിഡോണിയായിലേക്കു തിരിച്ചു പോകുന്നതിനു വേണ്ടി കീനസ്സ വളരെ പ്രയത്നപ്പെട്ടുവെങ്കിലും അദ്ദേഹ(കീനസ്സ)ത്തിനു തിരിച്ചു

പോകാൻ ഇടവന്നില്ലല്ലോ എന്നു വിചാരിച്ച രാജാവു വളരെ വ്യസനിച്ചു.

തൻെറ സൈന്യത്തെ ഗെഡ്രോസിയായിലെ വനാന്തരത്തിൽ കൂടിയാണു അലക്സാണ്ടർ നയിച്ചതു്. സിറിയാ, ഈജിപ്റ്റു, സ്പെയിൻ, ഇററലി, ഇവിടങ്ങളിൽ സഞ്ചരിച്ചിട്ട മാസിഡോണിയായിൽ എത്തണമെന്നും, സൂസാ എന്ന നഗരം തൻെറ സ്ഥിര തലസ്ഥാനമാക്കണമെന്നും അദ്ദേഹം വിചാരിച്ചു.

ഹിഡാസ്പസിൻെറ തീരത്തിൽ അലക്സാണ്ടരുടെ സൈന്യം കുറെകാലം കഴിച്ചുകൂട്ടി. അവിടെ വെച്ചു്, അലക്സാണ്ടർ സ്ഥാപിച്ച പട്ടണങ്ങളിലെ കാൎയ്യങ്ങളെല്ലാം അദ്ദേഹം ശരിപ്പെടുത്തുകയും, മാസിഡോണിയായിലേക്കു തിരിച്ചു പോകാൻ വേണ്ട ഒരുക്കങ്ങൾ ചെയ്യുകയും ചെയ്തു.

ഹിഡാസ്പസും അക്സിനിസും കുറെ ദൂരം ഒഴുകിയതിൻെറ ശേഷം സിന്ധുനദിയിൽ വീണു എന്നും, സിന്ധു തെക്കോട്ടൊഴുകി സമുദ്രത്തിൽ ചെന്നുചെരുന്നവെന്നും അലക്സാണ്ടർ തദ്ദേശ വാസികളിൽ നിന്നും മനസ്സിലാക്കി. കൂടാതെ, സമുദ്രത്തിൽകൂടി കരയോടടുത്തു കപ്പലിൽ സഞ്ചരിക്കുന്നതായാൽ, യൂഫ്രെററീസു, ടൈഗ്രീസു (ഈ നദികൾ അക്കാലത്തു യോജിച്ചില്ല സമുദ്രത്തിൽ പതിച്ചതു്) എന്നീ നദികളുടെ പതനസ്ഥലങ്ങളിൽ എത്താമെന്നും, അവിടെ നിന്നും സൂസാക്കു സ്വല്പം ദൂരമെ ഉണ്ടായിരുന്നുള്ളുവെന്നും അദ്ദേഹം അറിഞ്ഞു. ഈ സമുദ്രമാൎഗ്ഗം കണ്ടുപിടിക്കുന്നതിനു് അദ്ദേഹം തീർച്ചപ്പെടുത്തി. സേനയുടെ ഒരു ഭാഗ

ത്തിൻെറ തലവനായി സിന്ധുനദിയുടെ വലത്തെ കരയിൽകൂടി ക്രേററസും, വേറൊരു ഭാഗത്തിൻെറയും ഇരുനൂറു ഗജങ്ങളുടെയും തലവനായി ഇടത്തെ കരയിൽകൂടി ഹെഫീസ്റ്റനും യാത്ര തുടങ്ങി. കപ്പൽക്കൂട്ടം (ഉദ്ദേശം രണ്ടായിരമുണ്ടായിരുന്നു) നിയാക്സസിൻെറ നേതൃത്വത്തിൽ നദിയിൽകൂടി ഓടിക്കപ്പെട്ടു. അലക്സാണ്ടരുടെ സഞ്ചാരങ്ങളെപ്പററി ഒരു പൂർണ്ണവിവരമെഴുതിയ ഓനിസിക്രേററീസു രാജാവിരുന്ന കപ്പലിൻെറ കപ്പിത്താനായിരുന്നു. ബി. സി. 326-ാമാണ്ടു ഒക്ടോബർ മാസം ഒരു പ്രഭാതവേളയിൽ സൈന്യത്തിലെ ഒരുഭാഗം കപ്പലുകളിൽ കയറിക്കഴിഞ്ഞ ഉടൻ ഹിഡാസ്സസ്സ്, അക്സീനിസു, സിന്ധു എന്നീ നദികൾക്കും, പൊസൈഡൻ, അംഫിട്രൈററു, ന്യൂസുഅമ്മൻ, ഹെറാക്ലീസു, ഇവക്കും വരുണനും, രാജാവു ബലികൾ കഴിച്ചു. അദ്ദേഹം കപ്പലിൽ കയറിയ ഉടൻ നദീദേവതകൾക്കായി ജലനിവേദ്യം കഴിച്ചുവെന്നും, അനന്തരം യാത്ര ആരംഭിക്കാനുള്ള കാഹളം ഊതാൻ ആജ്ഞ നല്കിയെന്നും കാണുന്നു. പാട്ടുകൾ പാടിയും നടനം ചെയ്തും ഇന്ത്യാക്കാർ അവരെ കുറെദൂരം അനുഗമിച്ചു. കപ്പലുകൾ കണ്ണിൽനിന്നു മറഞ്ഞതിൽ പിന്നീടും വളരെ നേരത്തേക്കു തണ്ടുകാരുടെ കോലാഹലങ്ങളും തണ്ടുകൾ പിടിക്കുമ്പോഴുള്ള ശബ്ദങ്ങളും കേൾക്കാമായിരുന്നുപോൽ.

ഹിഡാസ്സസിൻെറയും അക്സീനിസിൻെറയും സംഗമസ്ഥലത്തുവെച്ചു കപ്പലുകളിൽ പലതും ഭയങ്കരങ്ങളായ തിരമാലകൾ അടിക്കയാൽ ഉടഞ്ഞുപോയി. ശാന്തമായ ജലവിഭാഗത്തിലെത്തിയപ്പോൾ അദ്ദേഹം കരയ്ക്കിറങ്ങി മാല്ലി എന്ന വർഗ്ഗക്കാരുമായി യുദ്ധംചെയ്തു.

റാവി നദിയുടെ ഇരു കരയിലും ഇവൎക്കു രാജ്യമുണ്ടായിരുന്നു അലക്സാണ്ടരുടെ കാലത്തു മൂൾട്ടാൻ താഴെയായി ചീനാബു നദിയിലായിരുന്നു ഇതിന്റെ പത്തനം. ആധുനികകാലത്തു് ഇതിന്റെ ഗതി മാറിയിരിക്കുന്നു. ജലമില്ലാത്ത സ്ഥലത്തുകൂടി അറുപതു മൈൽ ദൂരം അവർ നടക്കയും മാല്ലിയന്മാരുടെ പ്രധാനപട്ടണം കൈവശപ്പെടുത്തുകയും ചെയ്തു. മാല്ലിയന്മാർ കോട്ടയിൽ വീണ്ടും പ്രവേശിച്ചു അപ്പോൾ, ഏണികൾമാൎഗ്ഗം അലക്സാണ്ടരും കുറെ മാസിഡോണിയാക്കാരും അതിന്റെ ഉയരെ കയറിഇറങ്ങി. ശത്രുക്കളുടെയിടയിൽ, അവൎക്കു പല വിധത്തിൽ നാശങ്ങൾ വരുത്തി.

വേറെയും പല നിരോധങ്ങളും യുദ്ധങ്ങളും നടന്നു. മാല്ലിയന്മാരുടെ വേറൊരു ദുൎഗ്ഗം(മൂൾട്ടാൻ എൺപതു മൈൽ വടക്കുകിഴക്കു) അലക്സാണ്ടർ നിരോധിച്ചുകൊണ്ടിരിക്കുമ്പോൾ, അദ്ദേഹം ദുൎഗ്ഗത്തിനകത്തും സൈന്യം വെളിയിലും ആകാനിടയായി. മാസിഡോണിയാക്കാർ ഭയവിഹ്വലരായിത്തീൎന്നു. പൗരാണികകാലത്തെ ചില നാൎസുപരാക്രമികളെപ്പോലെ, ആ ധൈൎയ്യശാലി ശത്രുക്കളുമായി യുദ്ധംചെയ്തു തുടങ്ങി. ഏഷ്യാ മുഴുവൻ കബളീകരിച്ച ഒരു ഹിംസ്രജന്തുവായിട്ടാണു് ആ വൎഗ്ഗക്കാർ അദ്ദേഹത്തെ വിചാരിച്ചതു്. അലക്സാണ്ടരെ വധിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി അവർ അദ്ദേഹത്തിന്റെ നേരെ ചാട്ടുളികൾ എറിഞ്ഞു. ഈ വിവരംഎങ്ങനെയൊ അറിഞ്ഞു് അബ്രിയാസു(Abreas), പ്യൂസെസ്റ്റസു (Peucestus), ലിയൊണാറററസു്, എന്നിവർ അലക്സാണ്ടരെ സഹായിക്കാനെത്തി. എങ്കിലും അദ്ദേഹത്തിനു് ഒരു മുറിവേററു. ഒരു അമ്പു് ഏററു്

അബ്രിയാസു താഴെ വീണു മരിച്ചു. രക്തപ്രവാഹം മൂലം അലക്സാണ്ടർക്കു മോഹാലസ്യമുണ്ടായി. ഉടൻ ട്രോയ്യിൽ നിന്നും കൊണ്ടുവരപ്പെട്ടതും ദിവ്യശക്തിയുണ്ടെന്നു വിചാരിക്കപ്പെട്ടതുമായ ഒരു പരിശയോടു കൂടി പൂസെസ്റ്റാസു രാജാവിന്റെ മുമ്പിൽ ചാടിവീണു. ലിയോണാററസ് അദ്ദേഹത്തിന്റെ വേറൊരു വശത്തു നിന്നു. രണ്ടു പേക്കും മുറിവുകൾ പററി. അവരുടെ അടുക്കൽ സഹായത്തിന് ആരുമുണ്ടായിരുന്നില്ല. ഏണികളെല്ലാം ഒടിച്ചിരുന്നതിനാൽ മാസിഡോണിയാക്കാൎക്കു കോട്ടക്കുള്ളിൽ കയറുന്നതിനു സാധിക്കാതെ പോയി. ഒടുവിൽ, ഭിത്തികളിൽ ആപ്പുകൾ തറച്ചു അവയിൽക്കൂടി കുറെ മാസിഡോണിയാക്കാർ കോട്ടക്കകത്തു ചെന്നപ്പോൾ, കണ്ട കാഴ്ച മമ്മഭേദകമായിരുന്നു. അലക്സാണ്ടർ മരിക്കാറായതുപോലെ നിലത്തു കിടന്നിരുന്നു. അദ്ദേഹത്തിനു ചുററും, നഗരവാസികളും അദ്ദേഹത്തിന്റെ സൈന്യവും തമ്മിൽ വീറോടുകൂടി ഒരു യുദ്ധം നടന്നു. അനന്തരം മാസിഡോണിയാക്കാർ പട്ടണത്തിനുള്ളിൽ പ്രവേശിച്ചു. രാജാവിനു പൂൎണ്ണ സുഖം പ്രാപിക്കാൻ കുറെക്കാലം വേണ്ടിവന്നു.

ഇതിനിടക്ക്, അലക്സാണ്ടർ മരിച്ചുവെന്നൊരു വാൎത്ത പടയാളികൾക്കിടയിൽ പരന്നു. അപ്പോൾ ശത്രുക്കളുമായി യുദ്ധം ചെയ്യുന്നസമയം അലക്സാണ്ടർ ഇല്ലാതിരുന്നാലുള്ള അവസ്ഥയെപ്പററി വിചാരിച്ചു സൈന്യം വിഷമിച്ചു. അദ്ദേഹത്തിനു തുല്യനായി സൈന്യത്തിൽ വേറെ ആരുമുണ്ടായിരുന്നില്ല. ഹെഫീസ്റ്റനും ക്രേററസും പരസ്പരം വൈരത്തിൽ വൎത്തിച്ചതിനാൽ അവരിൽ ഒരാൾ മറെറയാൾക്കു കീഴ്പെട്ടു

കയില്ലെന്നും സൈന്യം അറിഞ്ഞിരുന്നു. അലക്സാണ്ടർ രോഗബാധിതനായിരുന്നപ്പോൾ സൈന്യത്തിന് എഴുത്തയച്ചു. അതു കള്ളെഴുത്താണെന്നും, തന്നിമിത്തം സൈന്യം ക്ഷോഭിച്ചിരിക്കയാണെന്നും അദ്ദേഹം അറിഞ്ഞു. ഉടൻ, തന്റെ ആഗ്രഹപ്രകാരം അദ്ദേഹത്തെ ഒരു ബോട്ടിൽ പാളയസ്ഥലത്തേക്കു കൊണ്ടുപോയി. അദ്ദേഹത്തിന്റെ ശരീരത്തിനു ഇളക്കം ഉണ്ടാകാതിരിക്കാൻ ബോട്ടുകാർ വളരെ സാവധാനത്തിലാണു തണ്ടുകൾ വലിച്ചതു്. ബോട്ടു കൂടാരത്തിൽ എത്തിയപ്പോൾ അതിന്റെ മേൽമൂടി മാറ്റപ്പെട്ടു. ആ യവനചക്രവർത്തിയെ സൈന്യം കണ്ടു. മരിച്ചുകിടക്കുന്നതുപോലെ അവൎക്കു തോന്നി. അദ്ദേഹം ആംഗ്യം കാണിച്ചപ്പോഴാണു് അവൎക്കു് ഉത്സാഹം ഉണ്ടായതു്. ഒരു ശിബികയിൽ ഇരുത്തി ആ മഹാനെ അവർ കുതിരപ്പുറത്തേക്കു കയറ്റി. അദ്ദേഹം സാവധാനം സവാരി ചെയ്തു തന്റെ കൂടാരത്തിൽ ചെന്നെത്തി. അവിടെ വെച്ചു ചിലർ അദ്ദേഹത്തിന്റെ കൈയിലും, ചിലർ വസ്ത്രത്തിലും തൊട്ടു് ആ മഹാത്മാവിനെ വന്ദിച്ചു. കുറെ പേർ ഹാരമണിയിച്ചു. അലക്സാണ്ടരുടെ ചിലപ്പോഴത്തെ അസമീക്ഷ്യകാരിത്വത്തെപ്പറ്റി ഒരു വൃദ്ധനായ ബോഷിയൻ അദ്ദേഹത്തെ ഗുണദോഷിച്ചു. യുദ്ധത്തിന്റെ തിരക്കിൽ താൻ ഒരു സൈന്യത്തിന്റെ നായകനാണെന്നു് ആ യവനേശ്വരൻ വിസ്മരിക്ക പതിവായിരുന്നു. യുദ്ധത്തിരക്കിലകപ്പെട്ടു യുദ്ധം ചെയ്യുന്നതിനാണു് അദ്ദേഹം കൂടുതൽ ഇഷ്ടപ്പെട്ടതു്.

അലക്സാണ്ടർ പൂൎണ്ണസുഖം പ്രാപിച്ചു. കാലതാമസം കൂടാതെ മാല്ലിയന്മാർ, അഗാലസ്സായു് (Agalassoi),

ഓക്സീഡ്രാക്കീ (Oxydraki). എന്നീ വർഗ്ഗക്കാർ അദ്ദേഹത്തിനു കീഴടങ്ങി. മാല്ലിയന്മാർ അദ്ദേഹത്തിനു 1030 രഥങ്ങളും, 1000 പരിശകളും, ധാരാളം വസ്ത്രങ്ങളും 100 ടാലൻറു ഉരുക്കും, ഇണങ്ങിയ കുറെ സിംഹങ്ങളും കടുവാകളും മററും സമ്മാനമായി അയച്ചുകൊടുത്തു.

അനന്തരം, ധൂർത്തനായ മൗസിക്കാനോസ് (Mousikanos) എന്ന രാജാവിനെ കീഴ്പെടുത്താൻ അലക്സാണ്ടർ ആഗ്രഹിച്ചു. ഇദ്ദേഹത്തിൻെറ തലസ്ഥാനം ആലോർ, (Alor, സിൻസിൻെറ പുരാതനതലസ്ഥാനം) ആയിരുന്നുവത്രെ. ഇദ്ദേഹത്തിൻെറ പ്രജകൾ, ഭക്ഷണരീതിയും മററുംമൂലം ഉദ്ദേശം 130 വയസ്സുവരെ ജീവിച്ചിരുന്നുപോൽ. രാജ്യത്തിൽ സ്വർണ്ണഖനികളും രജതഖനികളും ധാരാളം ഉണ്ടായിരുന്നെങ്കിലും, അവയെ വേണ്ടവിധത്തിൽ ഉപയോഗപ്പെടുത്തിവന്നില്ല. ഇവിടെ അടിമകൾ കാണപ്പെട്ടിരുന്നില്ല. വൈദ്യം ഒഴിച്ചുള്ള ശാസ്ത്രങ്ങൾ പഠിക്കുന്നതിൽ ഈ ദേശക്കാർ വിമുഖന്മാരായിരുന്നു. നിയമങ്ങളൊന്നുമുണ്ടായിരുന്നില്ല. കൊലപാതകം മുതലായ ഭയങ്കരകുററങ്ങൾ മാത്രം കോടതികളിൽ വിസ്തരിച്ചു വിധി പ്രസ്താവിച്ചുവന്നു. മൗസിക്കാനോസ് അലക്സാണ്ടർക്കു ആദ്യം കീഴടങ്ങി. എന്നാൽ, പിന്നീടു് അദ്ദേഹത്തോടു് എതിർത്തതിനാൽ, മൗസിക്കാനോസു വധിക്കപ്പെട്ടു.

അലക്സാണ്ടർ ഭരണവിഷയകമായ ചില ഏർപ്പാടുകൾ ചെയ്തു. സിന്ധുനദിയിൽ പഞ്ചനദങ്ങൾ സംഗമിക്കുന്ന സ്ഥലത്തിനു വടക്കുള്ള രാജ്യത്തിലെ സത്രപരായി അദ്ദേഹം ഫിലിപ്പാസിനെ നിയമിച്ചുവെന്നു പറഞ്ഞിട്ടുണ്ടല്ലോ. അവിടെ സമാധാനം പരിപാലി

ക്കാൻ ഒരു നല്ല സൈന്യത്തെ ആക്കി. പാരൊപാനിസാദിയിലെ സത്രപനായി റോക്സാനായുടെ പിതാവായ ഓക്സിയാർട്ടീസിനെ നിയമിച്ചു.

ഈ യുദ്ധയാത്രക്കിടയിൽ, മാസിഡോണിയാക്കാർക്ക് പലവിധ ശല്യങ്ങൾ നേരിട്ടു. ഇതിനു കാരണഭൂതന്മാർ 1 "ജിമ്നോസോഫിസ്റ്റ്" എന്നു് അറിയപ്പെട്ടിരുന്ന ഒരു തരം തത്വജ്ഞാനികളായിരുന്നുവെന്നു് അലക്സാണ്ടർ അറിഞ്ഞു. അവരിൽ പ്രധാനന്മാരായ പത്തുപേരെ പിടികൂടി. ഏററവും കഠിനമായ ഓരോ ചോദ്യം അദ്ദേഹം ഓരോരുത്തരോടു ചോദിച്ചു. തെററായി ഉത്തരംപറയുന്ന ആദ്യത്തെ ആളിനെ ആദ്യമായും, പിന്നീടു മററുള്ളവരേയും, കൊല്ലുമെന്നു രാജാവു പറഞ്ഞു. അവരിൽ പ്രായം കൂടുതലുള്ളവനെ ന്യായാധിപതിയായി അദ്ദേഹം നിയമിച്ചു.

അലക്സാണ്ടർ:—ആരാണു സംഖ്യയിൽ കൂടുതൽ, ജീവിച്ചിരിക്കുന്നവരൊ മരിച്ചവരൊ?

ഒന്നാമത്തെ ആൾ:—ജീവിച്ചിരിക്കുന്നവർ; മരിച്ചവരെ കണക്കാക്കീട്ടാവശ്യമില്ലല്ലൊ.

അല:—ഭൂമിയിലാണൊ സമുദ്രത്തിലാണൊ വലിയ ജന്തുക്കൾ ഉള്ളതു്?

രണ്ടാമൻ:—ഭൂമിയിൽ; എന്തുകൊണ്ടെന്നാൽ, സമുദ്രം ഭൂമിയുടെ ഒരു ഭാഗമാണു്.

---

1. വനങ്ങളിൽ ഏകാന്തജീവിതം നയിച്ചു. അവർ മിക്കവാറും നഗ്നന്മാരായിട്ടാണു കാണപ്പെട്ടതു്. മാംസം ഉപയോഗിച്ചില്ല. പ്രാപഞ്ചികസുഖങ്ങൾ അവർ വെറുത്തു. ആത്മീയതത്വങ്ങളായിരുന്നു അവരുടെ ആലോചനാവിഷയം. ഇവർ പ്രശ്നങ്ങൾക്കു ചുണയായും സംക്ഷിപ്തമായും ഉത്തരം പറയാൻ സുപ്രസിദ്ധി നേടിയിരുന്നു.

അല:—ജന്തുക്കളിൽ വെച്ച കൗശലം കൂടുതലുള്ളതു് ഏതു്?

മൂന്നാമൻ:—ഇതുവരെ മനുഷ്യന്റെ അറിവിൽ പെട്ടിട്ടില്ലാത്തതു്.

അല:—എന്നോടെതിൎക്കുന്നതിനു നിങ്ങൾ എന്തിനാണ് സാബാസിനെ പ്രേരിപ്പിച്ചതു്.

നാലാമൻ:—അദ്ദേഹം ഒരു മാനിയെപ്പോലെ ജീവിച്ചിരിക്കണം. അല്ലെങ്കിൽ ഒരു ഭീരുവിനെപ്പോലെ മരിക്കണമെന്നു ഞാൻ ആഗ്രഹിച്ചതുകൊണ്ടു്.

അല:—എന്തിനാണ് കൂടുതൽ പ്രായം, പകലിനൊ, രാത്രിയ്ക്കൊ?

അഞ്ചമാൻ:—പകലിനു്.

ഇതുകേട്ടു് അലക്സാണ്ടർ ആശ്ചൎയ്യപ്പെട്ടുവെന്നു കണ്ടപ്പോൾ, "ദുഗ്രഹമായ പ്രശ്നങ്ങൾക്കു ദുഗ്രഹങ്ങളായ ഉത്തരങ്ങളെ ലഭിക്കയുള്ളു"വെന്നു അഞ്ചാമൻ തുടൎന്നു പറഞ്ഞു.

അല:—ഒരുത്തനെ മററുള്ളവർ സ്നേഹിക്കുന്നതിനുള്ള പ്രധാനമായ മാൎഗ്ഗം ഏതു്?

ആറാമൻ:—നല്ല അധികാരമുള്ളവർ അവരെ സംബന്ധിച്ച ഭയം ഉണ്ടാകാതിരിക്കത്തക്കവണ്ണം അന്ന്യന്മാരോടു പെരുമാറണം.

അല:—മനുഷ്യൻ ദൈവമായിട്ടു തീരുന്നതെങ്ങനെ?

ഏഴാമൻ:—മൎത്ത്യന്മാൎക്കു് അസാദ്ധ്യമായിട്ടുള്ള കാൎയ്യങ്ങൾ ചെയ്യുക.

അല:—ഏതിനാണു കൂടുതൽ ശക്തിയുള്ളതു, ജീവിതത്തിനൊ മരണത്തിനൊ?

എട്ടാമൻ:-ജീവിതത്തിന്; എന്തെന്നാൽ, ജീവിതം പാപഭ്രൂയിഷ്ഠമാണ്.

അല:—ഒരുത്തൻ എത്രകാലം ജീവിച്ചിരിക്കാം?

ഒൻപതാമൻ:—ജീവിതത്തേക്കാൾ മരണം അവൻ ഇഷ്ടപ്പെടുന്നതുവരെ.

അല:—(ന്യായാധിപനെ നോക്കിക്കൊണ്ടു) വയോവൃദ്ധ! അവരുടെ ഉത്തരങ്ങളെല്ലാം അങ്ങു കേട്ടുവല്ലോ. അവക്കു ശരിയായ ശിക്ഷ നല്കുകതന്നെ.

ന്യായാ:—ഓരോരുത്തൻേറയും ഉത്തരം മറെറാരുത്തൻേറതിനേക്കാൾ വഷളായി എന്നാണ് എൻെറ അഭിപ്രായം

അല:—കൊള്ളാം. അപ്പോൾ നിങ്ങൾ ആദ്യം മരിക്കണം.

ന്യായാ:—ഇതു വാഗ്ദാനലംഘനമാണ്. എന്തെന്നാൽ, തീരെ അതൃപ്തികരമായി ഉത്തരം പറയുന്നവരെ വധിക്കുമെന്നാണ് അവിടുന്ന് അരുളിച്ചെയ്തതു്.

ഈ ഉത്തരങ്ങൾ മൂലം വളരെ സന്തോഷപ്പെട്ടു തൻെറ ആദ്യത്തെ തീരുമാനത്തെ മാററി നല്ല സമ്മാനങ്ങൾ കൊടുത്തു് അലക്സാണ്ടർ അവരെ അയച്ചു.

പിന്നീടു, മററു 'ജിമ്നൊസോഫീസ്ററു'കളെ വിളിച്ചുകൊണ്ടുവരാൻ ഡയോജീനിസി(Diogenes)ൻെറ ശിഷ്യനായ ഓനിസിക്രിററിസിനെ അലക്സാണ്ടർ അയച്ചു. അവരിൽ ഒരുവനായ കാലനസു (Calanus) വളരെ നിന്ദയോടും ധാർഷ്ട്യത്തോടുംകൂടി ഓനിസിക്രിററിസ്സിനോടു പെരുമാറി; എന്നാൽ, ഡണ്ഡമിസു (Dandamis) കൂടുതൽ മര്യാദ കാണിച്ചു. പിതൊഗൊറസു

(Pythagoras), സാക്രററീസു, ഡയൊജിനിസ്, എന്നി വരെപ്പററി ഓനിസിക്രിററിസ്സ പറഞ്ഞപ്പോൾ, അവർ ഉൽകൃഷ്ടബുദ്ധിശക്തിയുള്ളവരായിരുന്നുവെങ്കിലും ചട്ട ങ്ങളെക്കുറിച്ച് അത്ര ഗൌനിച്ചില്ലെന്നു ഡണ്ഡമിസ് അഭിപ്രായപ്പെട്ടതായി ഓനിസിക്രിററീസു കുറിച്ചിരി ക്കുന്നു. എന്നാൽ, ഡണ്ഡമിസ് ഓനിസിക്രിററിസ്സിനോട് 'അലക്സാണ്ടർ എന്തിനാണ് ഇത്ര ദൂരം യാത്രചെയ്ത തെന്നു' മാത്രമെ ചോദിച്ചുള്ളുവെന്നു മററു ചിലർ അഭി പ്രായപ്പെടുന്നു.

കാലനസു തൻെറ സ്നേഹിതന്മാരുടെ നിർബന്ധ പ്രകാരം അലക്സാണ്ടരെ കാണാൻ പോയി. രാജാവു തൻെറ സാമ്രാജ്യത്തെക്കുറിച്ച് അറിഞ്ഞിരിക്കേണ്ട ഒരു സംഗതി ആ തത്വവാദി അദ്ദേഹത്തെ ധരിപ്പിച്ചു. ഉണങ്ങിയതും ചുളുക്കമുള്ളതുമായ ഒരു തുകൽ അദ്ദേഹ ത്തിൻെറ മുമ്പിലിട്ട് അതിൻെറ വശങ്ങളിൽ കാല നസ് ആദ്യം ചവിട്ടി. ഒരു വശത്തു ചവിട്ടിയപ്പോൾ മറെറാരു വശം ഉയന്നു തുടങ്ങി. ഒടുവിൽ, അദ്ദേഹം അതിൻെറ മദ്ധ്യത്തിൽ കാലുറപ്പിച്ചുനിന്നു. അപ്പോൾ, തുകൽ യാതൊരു വ്യത്യാസവും കൂടാതെ പൂവ്വസ്ഥിതി യിൽ കിടക്കുന്നതായി കാണപ്പെട്ടു. ഇതിൽനിന്നും, അലക്സാണ്ടരുടെയും സൈന്യത്തിൻെറയും താമസം സാമ്രാജ്യത്തിൻെറ മദ്ധ്യത്തിലായിരിക്കണമെന്നും, അതിൻെറ പ്രാന്തപ്രദേശങ്ങളിൽ അലഞ്ഞുതിരിയരു തെന്നും കാലനസ് അദ്ദേഹത്തെ ധരിപ്പിച്ചു.

അനന്തരം, അലക്സാണ്ടർ ജലമാൎഗ്ഗം അക്സീ നിസിൻെറയും സിന്ധുവിൻെറയും സംഗമസ്ഥലത്തെ ത്തി. അലക്സാണ്ട്റിയ എന്നൊരു പട്ടണം സ്ഥാപി

ക്കയും, അവിടെ കപ്പൽ പണിയുന്നതിനുള്ള വേണ്ട ഏർപ്പാടുകൾ ചെയ്കയും ചെയ്തു. അലക്സാണ്ട്റിയാ മുതൽ സമുദ്രതീരം വരെയുള്ള സ്ഥലം അദ്ദേഹം ഒരു പുതു പ്രവിശ്യയാക്കി പൈത്തനെ (Peithon) സത്രപനായി നിയമിച്ചു. സിന്ധുനദിയിൽക്കൂടി സമുദ്രത്തിലേക്കു പോകുംവഴി കപ്പൽ പണിചെയ്യുന്നതിനു സകല സൗകര്യങ്ങളുമുള്ള വേറൊരു പട്ടണം (അലക്സാണ്ട്റിയ) സ്ഥാപിച്ചു.

ബോളൻ വിദരത്തിൽക്കൂടി പടയാളികളെ അലക്സാണ്ടർ, ക്രേററസിന്റെ നേതൃത്വത്തിൽ പാഴ്സിസിലേക്കു അയച്ചു. അതിന്റെ ശേഷം സിൻഡിലുള്ള പല പട്ടണങ്ങൾ അദ്ദേഹം സ്വാധീനപ്പെടുത്തി. അവിടെയുള്ള ബ്രാഹ്മണരുമായ്—തത്വശാസ്ത്രജ്ഞന്മാർക്കു തുല്യമായി അദ്ദേഹം ഇവരെ ഗണിച്ചുവന്നു—ഒരു യുദ്ധമുണ്ടായി എന്നു കാണുന്നു. ഇന്ത്യയിലെ ധനപുഷ്ടിയെപ്പററി അദ്ദേഹം ശരിയായി മനസ്സിലാക്കിയിരുന്നതിനാൽ, സിന്ധുനദിയുടെ ത്രികോണസ്ഥലത്തിൽ സമുദ്രത്തോടു് അടുത്തു് ഒരു പട്ടണം സ്ഥാപിച്ചു. ഇവിടെ കപ്പൽപ്പണി ചെയ്യുന്നതിനും കപ്പൽ വന്നടുക്കുന്നതിനുമുള്ള സൗകര്യങ്ങൾ അദ്ദേഹം ഉണ്ടാക്കി. നദികളുടെ അനിശ്ചിതമായ ഗതിമൂലമാണു്, വിചാരിച്ചിരുന്നതുപോലെ ഇതു പ്രാധാന്യത്തിൽ വരാതിരുന്നതു്. ഗുഡ്ഹോപ്പു മുനമ്പുവഴി ഒരു സമുദ്രമാർഗ്ഗം കണ്ടുപിടിക്കാൻ അദ്ദേഹത്തിനു സാധിക്കയില്ലായിരുന്നുവെങ്കിലും, പാശ്ചാത്യരാജ്യങ്ങളും ഇന്ത്യയുമായുള്ള കച്ചവടത്തെ അദ്ദേഹം നിശ്ചയമായും അഭിവൃദ്ധിപ്പെടുത്തുമായിരുന്നു. ആ മഹാശയൻ ചെറുപ്പത്തിലെ (മുപ്പത്തിമൂന്നാമത്തെ

വയസ്സ്) നിര്യാതനായി. കുറേക്കൂടി ജീവിച്ചിരുന്നുവെങ്കിൽ, ഭൂലോകചരിത്രത്തിൽ പല മാററങ്ങളും ഉണ്ടാകുമായിരുന്നു. താൻ സ്ഥാപിച്ച മൂന്നാമത്തെ പട്ടണം അഭിവൃദ്ധിയെ പ്രാപിച്ചതോടുകൂടി സിന്ധുവിൻെറ വലത്തെകരയിലെ ഒരു ശാഖയായ ബുഗ്ഗാർ(Buggaur) മാർഗ്ഗം സമുദ്രത്തിലേക്കു് അലക്സാണ്ടർ കപ്പലോടിച്ചു. മൂന്നു ദിവസംകൂടി യാത്ര ചെയ്താൽ സമുദ്രത്തിൽ ചെന്നു ചേരുമെന്നു സ്ഥലവാസികളിൽനിന്നും രാജാവു മനസ്സിലാക്കി. അദ്ദേഹത്തിൻെറ വരവിനെ ഭയന്നു് അവർ നദീതീരങ്ങളിൽ നിന്നും ഓടിപ്പോയിരുന്നു. തന്നിമിത്തം, കുറെ പടയാളികളെ ഉൾനാട്ടിൽ അയച്ചു് ഒരു മാർഗ്ഗദർശിയെ പിടികൂടി. അയാളുടെ സഹായത്താൽ മാസിഡോണിയൻ സൈന്യം സമുദ്രതീരത്തിലെത്തി.

സമുദ്രത്തിൽ യാത്ര ആരംഭിക്കുന്നതിനു മുൻപു് അലക്സാണ്ടർ പൊസൈഡനു ബലികഴിക്കയും കഷ്ടപ്പാടുകളും ബുദ്ധിമുട്ടുകളും ഉണ്ടാകാതിരിക്കാൻ വരുണനു് ഉദകദാനത്തിനായി ഉപയോഗിച്ച പാനപാത്രങ്ങൾ ആ ദേവനു് അർപ്പിക്കയും ചെയ്തു. പിന്നീടു്, അദ്ദേഹം കരക്കു തിരിച്ചെത്തി. തൻെറ ബാല്യകാലംമുതൽക്കു തൻെറ സ്നേഹിതനായിരുന്ന നിയാർക്കസിനെ കപ്പൽക്കൂട്ടത്തിൻെറ അധിപനാക്കി. അലക്സാണ്ടരാകട്ടെ, മെക്രാനിലെ തീരംവഴി യാത്ര തുടന്നു. അദ്ദേഹത്തിൻെറ കാലത്തു ഈ സ്ഥലം പരിഷ്കാരത്തെ പ്രാപിച്ചിരുന്നു.

തെക്കു പടിഞ്ഞാറൻ കാലവർഷവാതം മൂലം നേരിട്ട ഉപദ്രവത്താൽ നിയാർക്കസും കൂടെയുള്ളവരും

ഇരുപത്തിനാലു ദിവസം സമുദ്രതീരത്തിലുള്ള ഒരു തുറമുഖത്തു കപ്പലിൽ കഴിച്ചുകൂട്ടി. ഇതിന് അദ്ദേഹം 'അലക്സാണ്ടരുടെ നൗകാശയം' എന്ന പേർ കൊടുത്തു. ഇതു് ആധുനിക കറാച്ചിക്കു സമീപമായിരുന്നിരിക്കണം.

നറും പശവൃക്ഷങ്ങൾ, ജടാമാഞ്ചിയുടെ പരിമളമുള്ള കിഴങ്ങുകൾ, വിദേശങ്ങളിലുണ്ടാകുന്ന പുഷ്പങ്ങൾ, മുതലായവമൂലം ആദ്യകാലത്തു് യാത്ര അവക്ക് ആനന്ദപ്രദമായിത്തോന്നി. സമരവീരന്മാരായ ഒറീഷ്യന്മാരു(Oritian)ടെയിടയിൽ. അലക്സാണ്ടർ അലക്സാണ്ട്റിയ എന്നൊരു പട്ടണം സ്ഥാപിച്ചു. കുറെ കഴിഞ്ഞപ്പോൾ നിർജ്ജീവമായ ഗഡ്രോസിയായുടെ സമുദ്രതീരത്തിൽക്കൂടി അദ്ദേഹവും സൈന്യവും യാത്ര തുടന്നു. ഇവിടെ ഏതാനും മുക്കുവന്മാരെ ഉണ്ടായിരുന്നുള്ളു. ഇവരെ ഇക്കത്യോഫാഗോയ് (Ichthyophagoi, മത്സ്യഭുക്കുകൾ) എന്നു യവനന്മാർ വിളിച്ചുവന്നു. ഒരു അനാഡംബര ജീവിതമാണ് ഈ വർഗ്ഗക്കാർ നയിച്ചതു്. ചരൽ കല്ലിട്ടു് അരിച്ചു ശുദ്ധമാക്കിയ സമുദ്രജലം അവർ കുടിക്കാൻ ഉപയോഗിച്ചുവന്നു.

നിയാക്സ്സും അദ്ദേഹത്തിന്റെ കപ്പൽക്കാരും അനുഭവിച്ച വിഷമങ്ങൾ അലക്സാണ്ടരും അദ്ദേഹത്തിന്റെ സൈന്യവും അനുഭവിച്ചു. മാലിൻ മുമ്പിൽ അവസാനിക്കുന്ന ഹാലാപവൃത്തത്തെക്കുറിച്ച് അദ്ദേഹം കേട്ടിട്ടില്ലായിരുന്നു. അതുകൊണ്ടു സമുദ്രതീരം വഴി പോകുന്നതു പ്രയാസമാകയാൽ അദ്ദേഹവും സൈന്യവും അവിടെ നിന്നും ഉൾനാട്ടിലേക്കു കടന്നു. ക്ഷുൽപിപാസാപീഡിതരായി സൈന്യത്തിൽ അ

നേകം പേർ മരിച്ചു. ആയ്യൻ ഇപ്രകാരം എഴുതിയിരിക്കുന്നു. "അത്യുഷ്ണവും ജലദൗർല്ലഭ്യവും മൂലം അസംഖ്യം ഭടന്മാർ മൃതിയടഞ്ഞു. ചത്തുപോയ മൃഗങ്ങളുടെ സംഖ്യ സീമാതീതമായിരുന്നു."

അലക്സാണ്ടർ കാരമ്നായിലെത്തിയപ്പോൾ, സത്രപനായ ഫിലിപ്പോസി(Philippose)നെ കൂലിപ്പടയാളികൾ വധിച്ചുവെന്ന് അദ്ദേഹമറിഞ്ഞു. വീണ്ടും അവിടെ കുഴപ്പങ്ങൾ ഉണ്ടാകാതിരിക്കാൻ വേണ്ട ഏർപ്പാടുകൾ ചെയ്യുന്നതിന് അദ്ദേഹത്തിനു സാധിച്ചില്ല. വേറൊരു സത്രപനെ ആക്കുന്നതുവരെ, തക്ഷശിലയിലെ രാജാവായ ആംഭിയേയും ഒരു ത്രേഷ്യൻ സൈന്യത്തിന്റെ അധിപതിയായ യൂദാമോസി (Eudamos)നേയും ആ പ്രവിശ്യയിലെ കാര്യങ്ങൾ അന്വേഷിക്കാൻ അലക്സാണ്ടർ ചുമതലപ്പെടുത്തി. എന്നാൽ അദ്ദേഹത്തിന്റെ മരണാനന്തരം, സിന്ധുനദിക്കു കിഴക്കുള്ള രാജ്യം അധീനതയിൽ വെച്ചുകൊള്ളുന്നതിനു മാസിഡോണിയാക്കാർക്കു പ്രയാസമായിരുന്നു.

ബി. സി. 321-ാമാണ്ടു ത്രിപാരദയിസസി (Triparadaisos)ൽ വെച്ചു നടന്ന രണ്ടാമത്തെ വിഭജനമനുസരിച്ചു പുരുഷോത്തമനേയും ആംഭിയേയും ഇന്ത്യൻ പ്രവിശ്യയിലെ രാജാക്കന്മാരായി ആൻറിപ്പേറററർ നിയമിച്ചു. പൈയത്തൻ ആരാക്കോസിയായിലെ സത്രപനായി ആക്കപ്പെട്ടു. ഇങ്ങനെ മാസിഡോണിയായിലെ ഭരണകർത്താവു (ആൻറിപ്പേററർ) വാസ്തവത്തിൽ ഇന്ത്യൻ പ്രവിശ്യയെ കൈവിടുകയാണു ചെയ്തതു്. യൂദാമോസു മാത്രം ബി. സി. 317 വരെ സിന്ധുനദീതടത്തെ ഭരിച്ചു.

ആകപ്പാടെ നോക്കുന്നതായാൽ അലക്സാണ്ടരുടെ ഇന്ത്യാ ആക്രമണം വിജയപ്രദമായിരുന്നുവെന്നു പറയാം.

ഇന്ത്യൻ പ്രവിശ്യയെ സ്ഥിരമായി തൻെറ സാമ്രാജ്യത്തിൻെറ ഒരു ഭാഗമാക്കണമെന്നായിരുന്നു അലക്സാണ്ടരുടെ ആഗ്രഹമെന്ന് അദ്ദേഹത്തിൻെറ പ്രവൃത്തികളിൽ നിന്നു നമുക്കു ഗ്രഹിക്കാം. എന്നാൽ, ആ മഹാൻ കപെട്ടെന്നു മരിച്ചുപോയതുകൊണ്ടു് അതു സാധിച്ചില്ല. അദ്ദേഹം ഇന്ത്യാവിട്ടു മൂന്നുവർഷം ആയപ്പോഴേക്കു മാസിഡോണിയൻ ഭരണത്തിൻെറ യാതൊരു ചിഹ്നവും അവിടെ ഇല്ലാതെയായി. അദ്ദേഹത്തിൻെറ ഭടന്മാർ വധിക്കപ്പെട്ടു. ഉദ്യോഗസ്ഥന്മാർ ഓടിക്കപ്പെട്ടു. അദ്ദേഹം സ്ഥാപിച്ച ഉപനിവേശങ്ങൾ പാടെ നശിക്കയും ചെയ്തു.

അലക്സാണ്ടരുടെ മരണവാർത്ത ഇന്ത്യയിൽ വ്യാപിച്ച ഉടൻ തന്നെ ഇന്ത്യയിലെ രാജാക്കന്മാർ മാസിഡോണിയൻ മേല്ക്കോയ്മയെ നിരസിച്ചു സ്വതന്ത്രന്മാരായിത്തീർന്നു. വിദേശീയരായ മാസിഡോണിയാക്കാരെ ഇന്ത്യയിൽ നിന്നും നിഷ്കാസനം ചെയ്വാൻ ഉത്സാഹിച്ച ജനസമൂഹത്തിൻെറ നായകൻ മഗധരാജവംശത്തിൽപ്പെട്ട ചന്ദ്രഗുപ്തമൗര്യ (ബി. സി. 321—298)നായിരുന്നു. ഇദ്ദേഹത്തിനു് അക്കാലത്തു 25 വയസ്സിൽ കൂടുതൽ പ്രായമുണ്ടായിരുന്നില്ല. ചന്ദ്രഗുപ്തൻ അലക്സാണ്ടർ പഞ്ചാബിലിരിക്കുമ്പോൾ അദ്ദേഹത്തെ ചെന്നു കണ്ടുവെന്നും, കിഴക്കു സ്ഥിതി ചെയ്തതും നന്ദന്മാരാൽ ഭരിക്കപ്പെട്ടതുമായ മഗധരാജ്യം പിടിച്ചടക്കുന്നതു് എളുപ്പമാണെന്നു് അദ്ദേഹത്തെ ധരിപ്പിച്ചുവെന്നും കാണുന്നു.

ബിയാസുനദി കടക്കാൻ സൈന്യത്തിനു സമ്മതമില്ലാതിരുന്നതിനാൽ ടി രാജ്യം പിടിച്ചടക്കുന്നതിന് അദ്ദേഹത്തിന് സാധിച്ചില്ല. അലക്സാണ്ടരുടെ മരണാനന്തരം, ചന്ദ്രഗുപ്തൻ മാസിഡോണിയൻ കാവൽസൈന്യത്തെ തോല്പിച്ച പഞ്ചാബു പിടിച്ചടക്കുകയും കാലാന്തരത്തിൽ മഗധത്തിലെ രാജാവായിത്തീരുകയും ചെയ്തു.

അലക്സാണ്ടരുടെ ഇന്ത്യൻ ആക്രമണം, ബി. സി. 327 മെ മാസം (ഹിന്ദുക്കുഷുപർവ്വതം കടന്നതു) മുതൽ ബി. സി. 324 മേ മാസം(സൂസായിൽ എത്തിയതു)വരെ (മൂന്നുവർഷം) നിലനിന്നതായി നമുക്കു ഗണിക്കാം. ബി. സി. 326 മാർച്ചുമാസം (ഓഹിന്ദിലെ പാലം കടന്നതു) മുതൽ ബി. സി. 325 സെപ്റ്റംബർ മാസംവരെയുള്ള 19 മാസം അലക്സാണ്ടർ സിന്ധുവിനു കിഴക്കുള്ള രാജ്യത്തിൽ ചെലവാക്കി.

ഇന്ത്യയിൽ മാസിഡോണിയൻ ആധിപത്യം കുറച്ചുകാലമെ നിലനിന്നുള്ളുവെങ്കിലും അതിൽനിന്നു പല ഗുണങ്ങൾ ഉണ്ടായി. അലക്സാണ്ടർ വെറും ഒരു ആക്രാമകൻ ആയിരുന്നില്ല. അദ്ദേഹം യവനസാഹിത്യത്തിനു ഗണനീയമായപോഷണം നല്കി. അദ്ദേഹംതന്നെ അറിവു സമ്പാദിക്കുന്നതിൽ അത്യുത്സാഹം പ്രദർശിപ്പിച്ചു. അലക്സാണ്ടരും സൈന്യങ്ങളും കടന്നുപോയ രാജ്യങ്ങൾ അദ്ദേഹത്തിൻെറ ആജ്ഞാനുസാരണം അളക്കപ്പെട്ടു. ആ യവനേശ്വരൻെറ ആക്രമണം മൂലം പൗരസ്ത്യരാജ്യങ്ങളെപ്പററി വിവിധതരത്തിലുള്ള വിജ്ഞാനം യൂറോപ്യന്മാക്കു ലഭിക്കുന്നതിനിടയായി.

അലക്സാണ്ടർ കുറെക്കാലംകൂടി ജീവിച്ചിരുന്നുവെങ്കിൽ, ഇന്ത്യയിലെ ആഭ്യന്തരകലഹത്തിനു കുറെ ശമനം വരുമായിരുന്നു. നദികളിലെ വെള്ളപ്പൊക്കം മൂലം ഇന്ത്യയിലുണ്ടാകുന്ന ക്ഷാമത്തിന് ആ മഹാൻ വല്ല നിവാരണമാർഗ്ഗവും കണ്ടുപിടിക്കുമായിരുന്നേനെ. അദ്ദേഹം ചെയ്യാൻ ഉദ്ദേശിച്ചതെല്ലാം പ്രവൃത്തിരൂപത്തിലാക്കിയതു ബ്രിട്ടീഷുകാരാണ്. അലക്സാണ്ടർഇന്ത്യയിലായിരുന്നപ്പോൾ 'അരകാഹപണം (Kahapana) എന്ന നാണയം[1] അടിച്ചുപ്രചരിപ്പിക്കുകയും പ്രജാക്ഷേമകരങ്ങളായ മററു പല സംഗതികൾ നടപ്പിൽ വരുത്തുകയും ചെയ്തു.

അലക്സാണ്ടരുടെ ഇന്ത്യൻ ആക്രമണം മൂലം പാശ്ചാത്യരാജ്യത്തിൽ നിന്നും ഇന്ത്യയിലേക്കു വരാൻ നാലു മാർഗ്ഗങ്ങൾ ഉണ്ടായി. ഇവയിൽ മൂന്നു കരമാർഗ്ഗവും ഒന്നു ജലമാർഗ്ഗവുമാണ്. കാബൂൾ, ബലൂചിസ്ഥാനിലെ മുല്ല (Mulla) വിരം, ഗദ്രോസിയാ, എന്നിവയിൽ കൂടിയായിരുന്നു കരമാർഗ്ഗങ്ങൾ. ഈ പാതകൾ മൂലം പാശ്ചാത്യ പൌരസ്ത്യരാജ്യങ്ങൾ തമ്മിലുള്ള വാണിജ്യം വർദ്ധിച്ചു.

യവനന്മാരും ഇന്ത്യാക്കാരും തമ്മിലുള്ള സംസർഗ്ഗം മൂലം രണ്ടുകൂട്ടരുടേയും കലയ്ക്കും സാഹിത്യത്തിനും പരിഷ്കാരവും പോഷണവും സിദ്ധിച്ചു. ക്രിസ്തുവർഷാരംഭം മുതൽക്കുള്ള ഗാന്ധാരത്തിലെ ശില്പങ്ങളിൽ യവനശില്പത്തിന്റെ ചില ലക്ഷണങ്ങൾ കാണുന്നു. യവനദേവന്മാരെപ്പററിയുള്ള അറിവ് ഇന്ത്യയിൽ പ്രചരിച്ചതോടുകൂടി ബുദ്ധമതാചാരങ്ങളിൽ ചില ഭേദഗതികളു

1. ഒരു ചെമ്പുനാണയം. ചതുരാകൃതി. ഉദ്ദേശം ൧൪൬ ഗ്രെയിൻ തൂക്കം.

ണ്ടായി. യവനന്മാരിൽ നിന്നുമാണു ദേവപ്രതിമ കരം ഉണ്ടാക്കാൻ ഇന്ത്യാക്കാർ പഠിച്ചതു്.

പ്രസ്തുത ആക്രമണത്തിൽ നിന്നും ചില പുതിയ യുദ്ധസമ്പ്രദായങ്ങരം ഇന്ത്യാക്കാക്കു മനസ്സിലായി. ഒരു സേനാധിപതിക്കുണ്ടായിരിക്കേണ്ട യോഗ്യതകരം തനിക്കുണ്ടായിരുന്നതുകൊണ്ടും സൈന്യത്തിനു ശരിയായ യുദ്ധപരിശീലനം നല്കിയിരുന്നതുകൊണ്ടുമാണു് സംഖ്യയിൽ കൂടുതലായിരുന്ന ഇന്ത്യൻസൈന്യത്തെ തോല്പിക്കുന്നതിനു യവനരാജാവിനു സാധിച്ചതു്. പാശ്ചാത്യരീതിയിലുള്ള യുദ്ധ പരിശീലനത്തിൻെറ ഗുണങ്ങരം അദ്ദേഹത്തിൻെറ യുദ്ധരീതിയിൽ നിന്നും പൌരസ്ത്യർ അറിയുന്നതിനിടയായി.

അലക്സാണ്ടർ പഞ്ചാബിലെയും സിൻഡിലെയും ജനങ്ങളെ ആക്രമിച്ചു് അവരുടെ ശക്തിയെ ക്ഷയിപ്പിച്ചിരുന്നതിനാൽ ചന്ദ്രഗുപ്തനു് ആ രാജ്യങ്ങരം പിടിച്ചടക്കാൻ യാതൊരു പ്രയാസവുമുണ്ടായില്ല.

അലക്സാണ്ടരുടെ ആക്രമണം നിമിത്തം ഇന്ത്യയിലെ രാഷ്ട്രീകവും സാമുദായികവുമായ കാൎയ്യങ്ങളിൽ വലിയ പരിവത്തനങ്ങളൊന്നുമുണ്ടായില്ല എന്നും ആ മഹാൻെറ വിജയകരമായ യുദ്ധരീതി പോലും ഇന്ത്യയിലെ ഭരണ കത്താക്കരം പൂൎണ്ണമായി മനസ്സിലാക്കാൻ ശ്രമിച്ചില്ലെന്നും വി. എം. സ്മിത്തു് അഭിപ്രായപ്പെടുന്നു.

അലക്സാണ്ടർ സഞ്ചരിച്ചിടത്തെല്ലാം പട്ടണങ്ങരം സ്ഥാപിച്ചു് അവിടെ യവനന്മാരെ താമസിപ്പിച്ചു വന്നു. പൌരസ്ത്യപാശ്ചാത്യ പരിഷ്ക്കാരങ്ങളെ സംയോജിപ്പിക്കുക, വാണിജ്യം വദ്ധിപ്പിക്കുക, സാഹി

ത്ത്യപരവും ശാസ്ത്രസംബന്ധവുമായ ഗവേഷണം നടത്തുക. എന്നീ സംഗതികളിൽ ആ ജയശാലിയുടെ അനന്തരഗാമികളിൽ പ്രധാനന്മാരായ സെലൂക്കസ്സ്, ടോളമി, മുതലായവർ അദ്ദേഹത്തെ പോലെ ശ്രദ്ധ പതിപ്പിച്ചു. അലക്സാണ്ടർ ഹെല്ലസ്പ്പോണ്ട കടന്നു മുപ്പതുവർഷം കഴിഞ്ഞപ്പോൾ ആ കടലിടുക്കു മുതൽ ഇന്ത്യയുടെ തീരംവരെയുള്ള ഓരോ ദേശത്തിലും യവനഭാഷ, സാഹിത്യം, കലകൾ, എന്നിവക്കു പ്രശംസനീയമായ പ്രചാരം സിദ്ധിച്ചു. ഈജിപ്റ്റിൽ കൂടിയും യവനസാഹിത്യത്തിനു ശരിയായ പോഷണമുണ്ടായി. ഇതിൽ നിന്നും, കോപ്ടിക്ക, സിറിയൻ, അർമ്മീനിയൻ, പേർഷ്യൻ, എന്നീ ഭാഷകൾ നശിച്ചുവെന്നല്ല വിചാരിക്കേണ്ടതു്; അവ പ്രാദേശികഭാഷകളായി തീർന്നുവെന്നെയുള്ളു. എന്നാൽ, ഓരോ രാജ്യത്തിലും യവനഭാഷ പഠിച്ചവർക്കു് ഒരു മേന്മ കല്പിച്ചുവന്നു. അതു സംസ്ഥാനഭാഷയായിത്തീർന്നു. കൂടാതെ വിവിധ രാജ്യങ്ങളിലെ വണിക്കുകളും ഗ്രീക്കുഭാഷ സംസാരിച്ചു വന്നു. ആർനോൾഡു് ഇങ്ങനെ എഴുതിക്കാണുന്നു. "യവനഭാഷയും സംസ്കാരവും ഈജിയൻ സമുദ്രത്തിൻെറ തീരംമുതൽ സിന്ധുനദിവരെയും കാസ്പിയൻതടാകം, ഹിർക്കനിയൻ സമതലം, എന്നിവ മുതൽ നൈൽ നദീതീരം വരെയും വ്യാപിച്ചു. ഈ പരിഷ്ക്കാരം ഉദ്ദേശം ആയിരം വർഷമേ നിലനിന്നുള്ളു വെങ്കിലും, അതിൻെറ ചില വിശിഷ്ട ഗുണങ്ങൾ ഇന്നും നാം കാണുന്നുണ്ടു്."

യൂഫ്രെറ്റീസിനു് അപ്പുറമുള്ള അപ്പർ ഏഷ്യയിൽ

യവനാധിപത്യത്തിൻെറ ഫലം അധിക കാലം നില നിന്നില്ല.

ഇന്ത്യാ വിട്ടതുമുതൽ അലക്സാണ്ടരും സൈന്യങ്ങളും കഷ്ടപ്പാടുകൾ അനുഭവിച്ചു. കപ്പലിൽ യാത്ര ചെയ്യുവർക്ക് ഭക്ഷണം അയച്ചുകൊടുക്കുന്നതിനു നിവൃത്തിയില്ലാതെ അലക്സാണ്ടരും വളരെ കുഴങ്ങി. അങ്ങനെയിരിക്കെ, അദ്ദേഹവും സൈന്യങ്ങളും ധാന്യങ്ങൾ കൃഷിചെയ്തിട്ടുള്ള ഒരു സ്ഥലത്തെത്തി. ആ വിളവു മുഴുവൻ കൊയ്തെടുത്തു നിയാക്കസിനു് അയച്ചുകൊടുക്കാൻ അലക്സാണ്ടർ ആജ്ഞാപിച്ചു. എന്നാൽ ഇവയെ അദ്ദേഹത്തിൻെറ കൂടെയുണ്ടായിരുന്ന സൈന്യം ഭക്ഷിച്ചുകളഞ്ഞു. അസഹ്യമായ വിശപ്പുനിമിത്തമാണു് അവർ അപ്രകാരം പ്രവർത്തിച്ചതെന്നു വിചാരിച്ചു് അദ്ദേഹം സമാധാനപ്പെട്ടു ഗഡ്രോസിയായുടെ ദക്ഷിണപ്രദേശങ്ങളിൽക്കൂടി യാത്ര തുടരാൻ അദ്ദേഹം ഭാവിച്ചു. സൈറസിൻെറ സൈന്യമൊഴികെ വേറൊരു സൈന്യവും ആ വഴി കടന്നതായി അദ്ദേഹത്തിനു് അറിവുണ്ടായിരുന്നില്ല. ഇവിടെ വെച്ചു് അലക്സാണ്ടരുടെ സൈന്യം അത്ഭുതപൂർവ്വമായ വിധത്തിൽ കഷ്ടപ്പെട്ടു. അത്യുഷ്ണവും അനാവൃഷ്ടിയും മൂലം സൈന്യത്തിൽ അനേകംപേർ മരിച്ചു. കൂടാതെ അവരുടെ കൂടെയുണ്ടായിരുന്ന മിക്ക മൃഗങ്ങളും ചത്തുപോയി. പകൽ ചൂടു കലശലായതുകൊണ്ടു രാത്രിയിലാണു് അവർ സഞ്ചരിച്ചതു്. വിശപ്പു ക്രമത്തിലധികമായിരുന്നതിനാൽ, രോഗികളേയും സാമാനങ്ങളേയും വഹിച്ചുംകൊണ്ടു പോയ ചില മൃഗങ്ങളെ അവർ കൊന്നു ഭക്ഷിച്ചു. തന്നിമിത്തം, രോഗാതുരന്മാരെ വഹിക്കുന്ന

തിന്നു മൃഗങ്ങൾ ഇല്ലാതായി. അതിനാൽ, രോഗികൾ അവിടവിടെ ഉപേക്ഷിക്കപ്പെട്ടു. തങ്ങളുടെ പരിതാപകരമായ സ്ഥിതി ഓർത്തു് ആ രോഗികൾ തങ്ങളെ ഉപേക്ഷിച്ചവരെ വളരെ ശപിച്ചു. യാത്ര തുടന്നവർ വെള്ളം കണ്ടപ്പോൾ അത്യാർത്തിയോടെ കോരിക്കുടിച്ചു.

മെക്രാനിൽവെച്ചു, അലക്സാണ്ടരുടെ ഔദാര്യശീലത്തെ സൂചിപ്പിക്കുന്ന ഒരു സംഗതി നടന്നു. കാലാൾപ്പടയെ ഉത്സാഹപ്പെടുത്താൻ അലക്സാണ്ടർ കാൽനടയായി പോകയായിരുന്നു. ദാഹംമൂലം ക്രമത്തിലധികം അദ്ദേഹം വലയുന്ന അവസരത്തിൽ തന്റെ പടയാളികൾ ഒരു പാത്രത്തിൽ ഭദ്രമായി സൂക്ഷിച്ചിരുന്ന കുറെ ജലം അദ്ദേഹത്തിനു നല്കി. "എന്റെ സൈന്യം ദാഹിച്ചുവലയുമ്പോൾ, ഞാൻ ഈ ജലം കുടിച്ചു ദാഹശമനം വരുത്താൻ ഇച്ഛിക്കുന്നില്ല", എന്നു പറഞ്ഞു് അദ്ദേഹം അതു നിലത്തൊഴിച്ചുകളഞ്ഞു. ഈ പ്രവൃത്തിമൂലം സൈന്യത്തിനു് അദ്ദേഹത്തെപ്പററിയുള്ള ബഹുമാനം ദ്വിഗുണീഭവിച്ചുവെന്നും, അദ്ദേഹം നിലത്തൊഴിച്ച വെള്ളം സൈന്യത്തിൽ ഓരോ പടയാളിക്കും ലഭിച്ചുകഴിഞ്ഞാലുണ്ടാകുന്ന തൃപ്തിയാണു് അപ്പോൾ അവരുടെ മുഖത്തിൽ സ്ഫുരിച്ചതെന്നും ആര്യൻ രേഖപ്പെടുത്തിയിരിക്കുന്നു.

പല വിധത്തിലുള്ള ദുരിതങ്ങൾ സൈന്യം അനുഭവിച്ചു. ഒരു ദിവസം മാർഗ്ഗദർശികൾക്കുകൂടി വഴി തെററിപ്പോയി. സമുദ്രതീരത്തു നിന്നു വഴി അറിയാൻ പാടില്ലാതെ കുറെ ദൂരം അലക്സാണ്ടരും സൈന്യവും ഉള്ളിലേക്കു നടന്നു. എന്നാൽ, കാലതാമസം കൂടാതെ, അവർ കടൽതീരത്തെത്തുകയും മാർഗ്ഗദർശി

കൾക്കു് മട്ടവിൽ വഴി ശരിയായി മനസ്സിലാകയും ചെയ്തു.

ബി. സി. 325-ാമാണ്ട വസന്തകാലത്തിൽ സൈന്യം ഗഡ്രോസിയായുടെ തലസ്ഥാനമായ പുറ(Pura) യിൽ എത്തി വിശ്രമിച്ചു. ഇവിടെവെച്ചു് ഏഷ്യായിലെ ഓരോ പ്രവിശ്യയിൽ നിന്നം വൈസ്റായികളും സേനാപതികളും അവരുടെ സൈന്യങ്ങളോടു കൂടി വന്നു് അലക്സാണ്ടരെ അഭിവാദ്യം ചെയ്കയും ഭക്ഷണസാമാനങ്ങളും ആയുധക്കോപ്പുകളും അദ്ദേഹത്തിന കൊടുക്കയും ചെയ്തു. ഈ ഉദ്യോഗസ്ഥന്മാരുടെ മേൽ അനേകം പരാതികൾ ഉണ്ടായിരുന്നു. അവരെയെല്ലാം വിസ്തരിച്ചു് അദ്ദേഹം കേസുകൾ തീർച്ചചെയ്തു. താൻ പിടിച്ചടക്കിയ രാജ്യങ്ങളിലെ ജനങ്ങൾ സുഖമായി ജീവിതം നയിക്കണമെന്നുള്ള ആഗ്രഹം ആ നരേന്ദ്രനു് ഉണ്ടായിരുന്നതിനാൽ മുൻപറഞ്ഞ സത്രപന്മാർക്കെല്ലാം അദ്ദേഹം ശരിയായ ശിക്ഷ നൽകി.

അനന്തരം, പൗരസ്ത്യരേയും പാശ്ചാത്യരേയും സംയോജിപ്പിക്കുന്നതിനുള്ള ചില ഏർപ്പാടുകൾ നടപ്പിൽ വരുത്തി. അദ്ദേഹം പലേ സ്ഥലങ്ങളിലായി പട്ടണങ്ങൾ സ്ഥാപിച്ചു. ഏഷ്യാഖണ്ഡത്തിൽ ഗ്രീക്കുകാരും മാസിഡോണിയാക്കാരും, യൂറോപ്പിൽ ഏഷ്യാക്കാരും കുടിയേറി പാർക്കാൻ ആ മഹാൻ ചില വ്യവസ്ഥകൾ ചെയ്തു. പിന്നീട്ട പേർഷ്യാക്കാരും മാസിഡോണിയാക്കാരും തമ്മിൽ വിവാഹങ്ങൾ നടത്തപ്പെട്ടു. ഇവരുടെ സന്താനങ്ങൾ വഴി ഏഷ്യാക്കാരും യൂറോപ്യന്മാരും തമ്മിൽ കൂടുതൽ ഐക്യത്തിന വഴിയുണ്ടെന്നു് അദ്ദേഹം ദൃഢമായി വിശ്വസിച്ചു. ഈ വിവാഹത്തെപ്പററി

അന്യത്ര പ്രസ്താവിച്ചിട്ടുണ്ട്. സൈനിക വകുപ്പിൽ പൗരസ്ത്യർക്കും പാശ്ചാത്യർക്കും തമ്മിൽ അദ്ദേഹം യതൊരു ഭേദവും കാണിച്ചില്ല. ഓരോ പ്രവിശ്യയിലും അദ്ദേഹം യവനരീതിയിലുള്ള സൈനികപാഠശാലകൾ സ്ഥാപിച്ചു. അഞ്ചു വർഷം കഴിഞ്ഞപ്പോൾ യവനയുദ്ധരീതി അഭ്യസിച്ച മുപ്പതിനായിരം പേർ അലക്സാണ്ടരുടെ സൈന്യത്തിൽ ചേൎന്നു.

കെർമാനിൽനിന്നും അലക്സാണ്ടർ യാത്ര തുടൎന്നു. എന്നാൽ, ഈ യാത്ര ഇതുവരെയുള്ളതിൽനിന്നും വളരെ വ്യത്യസ്ഥപ്പെട്ടിരുന്നു. അദ്ദേഹവും സ്നേഹിതന്മാരും കമനീയമായി അലങ്കരിക്കപ്പെട്ട വണ്ടികളിൽ സുഖമായി സഞ്ചരിച്ചുവെന്നും, സൈന്യം വീഞ്ഞു സേവിച്ച ശേഷം സോത്സാഹം മുരളി വായിക്കയും നൃത്താട്ടുകയും ചെയ്തുവെന്നും, ഇവർ കടന്നുപോയ പട്ടണങ്ങൾ നയനാനന്ദകരമാംവണ്ണം അലംകൃതങ്ങളായിരുന്നുവെന്നും പറയപ്പെട്ടിരിക്കുന്നു. പക്ഷേ, അക്കാലത്തെ സുപ്രസിദ്ധ ചരിത്രകാരന്മാരായ ടോളമിയും അറിസ്റ്റോബുലസും ഇതിനെപ്പററിയൊന്നും കുറിച്ചുകാണുന്നില്ല. അദ്ദേഹവും സൈന്യവും പുരായിൽനിന്നും പോകുന്ന വഴിക്കു ക്രേററസും ചെന്നുചേൎന്നു. അങ്ങനെ അവരെല്ലാവരും അഭ്യന്തരപ്രവിശ്യയായ പെഴ്സിസി(Persis)ൽ പ്രവേശിച്ചു. ഇവിടെനിന്നും സൂസാക്കു് അഞ്ഞൂറു മൈൽ ദൂരമുണ്ടായിരുന്നു. പെഴ്സിസിൽ ഒരു ആഭ്യന്തരകലഹമുണ്ടായി എന്നു അലക്സാണ്ടർ അറിഞ്ഞു. അവിടെ നടത്തിയ വിസ്താരത്തിന്റെ ഫലമായി കുററാളികളെ അദ്ദേഹം കണക്കിനു ശിക്ഷിച്ചു.

പാസർഗാഡ(Pasargadae)യിൽ വെച്ചു, സൈറസി(ന്റെ)ദ്ദേഹത്തിനു് അലക്സാണ്ടർ അച്ചില്ലസിനു് അടുത്ത

സ്ഥാനമാണ നല്കിയിരുന്നതു്)ൻെറ കല്ലറയെ ആരോ നശിപ്പിച്ചുവെന്നു അറിഞ്ഞപ്പോൾ, അലക്സാണ്ടർക്കു ക്രമത്തിലധികം ക്ഷോഭമുണ്ടായി. ധൂമ്രവണ്ണങ്ങളായ വസ്ത്രങ്ങളും അമൂല്യങ്ങളായ കല്ലുകളും ധാരാളമായി ഇട്ടിട്ടുള്ളതും സ്വർണ്ണംകൊണ്ടുണ്ടാക്കപ്പെട്ടതുമായ ഒരു ശവപ്പെട്ടിയിലാണ സൈറസിൻെറ മൃതശരീരം അടക്കം ചെയ്തതു്. വിലപിടിച്ച സാധനങ്ങളെല്ലാം എടുത്തശേഷം മൃതശരീരത്തെ ആരൊ വെളിയിൽ ഇട്ടിരുന്നു. ഈ കല്ലറ സൂക്ഷിക്കാൻ അലക്സാണ്ടർ നിയോഗിച്ചിരുന്ന ഉദ്യോഗസ്ഥനെ വരുത്തി കാര്യങ്ങൾ ചോദിച്ചതിൽ യാതൊരു തെളിവുമുണ്ടായില്ല. മോഷ്ടാക്കളെ കണ്ടുപിടിക്കുന്നതു പ്രയാസമായിരുന്നതിനാൽ ശവകുടീരം ശരിയായി പണികഴിപ്പിക്കുന്നതിനു് അദ്ദേഹം അറിസ്റ്റോബുലസിനെ ചട്ടംകെട്ടി. അതിൽ യവനഭാഷയിൽ, ഇങ്ങനെ കൊത്തിവെക്കാൻ അദ്ദേഹം ഏൎപ്പാടു ചെയ്തിരുന്നു. "അല്ലയോ മനുഷ്യാ! നീ ആരായാലും ശരി, (നീ വരുമെന്നു എനിക്കറിയാം) ഞാൻ പേഷ്യൻസാമ്രാജ്യത്തിൻെറ സ്ഥാപകനായ സൈറസ് ആണു്; ഈ കല്ലറയെ നീ നശിപ്പിക്കരുതു." ഈ ശവകുടീരത്തിൻെറ അവശിഷ്ടങ്ങൾ മർഗെയിൽ(Murgale) എന്ന സമതലത്തിൽ ഇന്നും കാണാം. പെഴ്സിസിലെ വൈസ്റായി ആയി പൂസെസ്റ്റസിനെ നിയമിച്ചു. അദ്ദേഹം പേർഷ്യാക്കാരെ കൂടുതലായി സ്നേഹിക്കയും, പേർഷ്യൻ ഭാഷ ഭംഗിയായി സംസാരിക്കാൻ പഠിക്കയും മീദിയാക്കാരുടെ വസ്ത്രധാരണരീതി ഇഷ്ടപ്പെടുകയും ചെയ്തു. രാജാവു തലസ്ഥാനത്തിനു സമീപമായപ്പോൾ, ഖജാൻജിയായ ഹാരപലസു അയാളെ ഏല്പിച്ചിരുന്ന അയ്യായിരം ടാലൻറു പണവും എടുത്തുകൊണ്ടു

ഗ്രീസിലേക്ക് ഓടി രക്ഷപ്പെട്ടുവെന്നു അദ്ദേഹം അറിഞ്ഞു. ഈ ഖജാൻജി ബാബിലോണിൽ അനാശാസ്യമായ ഒരു ജീവിതമാണു നയിച്ചതു്. ഇയാൾ ടാഴ്സസിൽ ഗ്ലിസറാ(Glycera) എന്നു പേരുള്ള ഒരു അഥീനിയൻവേശ്യയോടുകൂടി രാജയോഗ്യമായ വിധത്തിൽ കുറേക്കാലം ജീവിതം നയിച്ചു.

പാസാർഗാദായിൽ നിന്നും അലക്സാണ്ടർ പുറപ്പെട്ടു. ബി. സി. 324-ാമാണ്ടു വസന്തകാലത്തിൽ സൂസായിൽ എത്തി.

ഇതിനടക്ക്, ഒക്ടോബർ മാസത്തിൽ സിന്ധുനദിയുടെ മുഖത്തുനിന്നുംകപ്പൽകയറിയ നിയാർക്കസും സൈന്യവും വളരെ ക്ലേശങ്ങൾ അനുഭവിച്ചു കഴിയുന്നതും സമുദ്രതീരത്തിനു സമീപത്തുകൂടി യാത്രചെയ്തു് ഓർമ്മസു (Ormuz) ഉൾക്കടലിൽ എത്തി. നിയാർക്കസു, തന്റെ യാത്രയിൽ പലേടത്തുമിറങ്ങി സ്ഥലവിശേഷങ്ങൾ കണ്ടും കേട്ടും മനസ്സിലാക്കി. ഓർമ്മസിൽ വെച്ചു നിയാർക്കസും അദ്ദേഹത്തിന്റെ കൂട്ടുകാരും അവിടെയുണ്ടായ ഫലങ്ങൾ ഭക്ഷിച്ചുകൊണ്ടിരുന്നപ്പോൾ, അലക്സാണ്ടരുടെ പടയാളികളിലൊരുവനായ ഒരു യവനനെ അവർ കണ്ടു. അപ്പോൾ രാജാവു് അവിടെ എത്തിയിട്ടുണ്ടെന്നു് അവർ അറിഞ്ഞു. കീറിയ തുണി ഉടുത്തുംകൊണ്ടു നിയാർക്കസും അക്കിയാസും (Archias) അദ്ദേഹത്തിനെ കാണാൻ ചെന്നു. പക്ഷേ, അദ്ദേഹം അവരെ അറിഞ്ഞില്ല. കാര്യം മനസ്സിലായ ഉടൻ അലക്സാണ്ടർക്കു ക്രമത്തിലധികം സന്തോഷമുണ്ടായി. പിന്നീടു് അദ്ദേഹത്തിന്റെ നിർദ്ദേശമനുസരിച്ചു പേർഷ്യൻ ഉൾക്കടൽവഴി നിയാർക്കസും മററും കപ്പലിൽ യാത്ര തുടന്നു സൂസായിലെത്തി.

യാത്രയിൽ അവക്ക് നേരിട്ട വിഷമങ്ങളേയും പ്രയാസങ്ങളേയും കുറിച്ച് ആര്യൻ എഴുതിയിട്ടുണ്ട്. സൈന്യം മുമ്പിലത്തേതിൻെറ നാലിലൊന്നായിപ്പോയിയെന്നു പ്ലൂട്ടാക്ക് രേഖപ്പെടുത്തിയിരിക്കുന്നു.

താൻ വളരെ പ്രാധാന്യം കല്പിച്ചിരുന്ന കപ്പൽയാത്ര വിജയകരമായി പരിണമിച്ചതിൽ അലക്സാണ്ടക്ക് അളവററ ആനന്ദമുണ്ടായി. കരമാർഗ്ഗം സഞ്ചരിച്ചാലുണ്ടാകുന്ന വിപത്തുകൾ സമുദ്രയാത്രമൂലം കുറക്കാമെന്നു് അദ്ദേഹത്തിനു മനസ്സിലായി.

---

## അദ്ധ്യായം ൧൨.

## (ബി. സി. ൩൨൪-൩൨൩)

## ഒടുവിലത്തെ രണ്ടു വർഷങ്ങൾ.

ഉയരം കുറഞ്ഞ കുന്നുകളുടെ മദ്ധ്യത്തിലുള്ള ഇലാം എന്ന സമതലത്തിലാണു് സമ്പത്സമൃദ്ധിയുടെ കേളീരംഗവും ജനനിബിഡവുമായ സൂസാ പട്ടണം സ്ഥിതി ചെയ്തതു്. ഇതിൻെറ പരിധി ഉദ്ദേശം ഇരുപതു മൈൽ ആയിരുന്നു. ഇവിടെ വിശേഷരീതിയിൽ പണിചെയ്യപ്പെട്ട ഒരു വലിയ ശാലയിൽ വെച്ചു്, അലക്സാണ്ടരുടെ വിവാഹോത്സവം ആഘോഷിക്കപ്പെട്ടു. തദവസരത്തിൽ ഏഷ്യായിലെ ഒരു രാജാവിൻെറ സ്ഥിതിയാണു് അലക്സാണ്ടർ കൈക്കൊണ്ടതു്. ഈജിപ്റ്റുകാരെ വശത്താക്കുന്നതിനു് അമ്മണെ (Ammon)തൻെറ അച്ഛനായും, ബാക്റ്ററി

യാക്കാരെ പ്രസാദപ്പെടുത്താൻ റോക്സാനയെ തൻെറ പത്നിയായും സ്വീകരിച്ചതുപോലെ, പേർഷ്യാക്കാരെ തുഷ്ടിപ്പെടുത്താൻ സ്റ്റാററയിറായെ തൻെറ ഭാര്യയായി അദ്ദേഹം സ്വീകരിച്ചു. അദ്ദേഹത്തിൻെറ സേവകനായ ഹെഫീസ്റ്റൻ സ്റ്റാററയിറായുടെ സഹോദരിയേയും, ക്രാററസ്സ ദേരിയസിൻെറ സഹോദരനായ ഓക്സാത്രീസിൻെറ ഒരു പുത്രിയേയും വിവാഹം ചെയ്തു. ടോളമി, പെർഡിക്കാസ്സ, യൂമിനാസ്സ, നിയാക്കസ്സ, സെല്യൂക്കസ്സ, ആദിയായി എൺപതുപേർ പേർഷ്യായിലേയും മീദിയായിലേയും രാജകുടുംബങ്ങളിൽ നിന്നും കല്യാണം കഴിച്ചു. വിവാഹങ്ങൾ സൂസായിൽവെച്ചു ബി. സി. 324-ാമാണ്ടു പേർഷ്യായിലെ ചടങ്ങുകളനുസരിച്ച് ആഘോഷിക്കപ്പെട്ടു. ഒരേ വരിയിൽ വരന്മാൎക്കു പീഠങ്ങൾ തയ്യാറാക്കപ്പെട്ടിരുന്നു. വലിയ സദ്യ (ഇതിൽ 9000 പേർ പങ്കുകൊണ്ടു; ഇവരിൽ ഓരോരുത്തൎക്കും ഉദകദാനത്തിന് ഒരു സ്വൎണ്ണക്കോപ്പ നൽകപ്പെട്ടു.)ക്കു ശേഷം, വധുക്കൾ ശാലയിൽ പ്രവേശിച്ചു വരന്മാരുടെ സമീപമിരുന്നു. രാജാവിനെപ്പോലെ വരന്മാർ തങ്ങളുടെ പത്നിമാരെ വലത്തുകൈകൊണ്ടു പിടിച്ച് ആലിംഗനം ചെയ്തു. ഇതിൻെറ ശേഷം, താണ തരത്തിലുള്ള പതിനായിരം മാസിഡോണിയാക്കാർ ഏഷ്യായിലെ സ്ത്രീകളെ കല്യാണം കഴിച്ചു. അലക്സാണ്ടർ, ഓക്കസിൻെറ പുത്രിയായ പാരിസാററിസ(Parysatis)നെ തൻെറ മൂന്നാമത്തെ ഭാര്യയായി സ്വീകരിച്ചു. പക്ഷെ, അദ്ദേഹം ഒരിക്കലും ഒരു സ്ത്രീയുടെയും അധീനതയിൽ ഇരുന്നിട്ടില്ല.

ഈ മിശ്രവിവാഹത്തെപ്പററി പടയാളികൾക്കു സന്തോഷമാണുണ്ടായതു്. അവൎക്ക് അവിടെ വെച്ച്,

അലക്സാണ്ടർ അനേകം സമ്മാനങ്ങൾ നല്കി. യുദ്ധങ്ങളിൽനിന്നു തങ്ങൾക്കു ലഭിച്ച ദ്രവ്യം മുഴുവനും പടയാളികളിൽ ചിലർ ദുർവ്വ്യയം ചെയ്തുവെന്നും തന്മൂലം അവർ കടത്തിൽ മുങ്ങിയിരിക്കയാണെന്നും അറിഞ്ഞപ്പോൾ, അധമൎണ്ണന്മാരുടെ ഒരു ലിസ്റ്റു തയാറാക്കുന്നതിനു് അദ്ദേഹം ആജ്ഞാപിക്കയും അവരുടെ ഋണബാദ്ധ്യത തീർത്തു കൊടുക്കാമെന്നു വാഗ്ദാനം ചെയ്കയും ചെയ്തു. എന്നാൽ തങ്ങളുടെ ജീവിതരീതി മനസ്സിലാക്കി തങ്ങളെ ശിക്ഷിക്കുന്നതിനാണു രാജാവു് അപ്രകാരം ഒരു പട്ടിക ആവശ്യപ്പെട്ടതെന്നു ഭയന്നു തീരെ കുറെപേർ മാത്രമെ വാസ്തവം തുറന്നു പറഞ്ഞുള്ളു. ഇതറിഞ്ഞപ്പോൾ അലക്സാണ്ടർക്കു കോപവും സങ്കടവുമുണ്ടായി. പാളയത്തിൽ ധാരാളം സ്വൎണ്ണ നാണയങ്ങൾ കൊണ്ടിടുന്നതിനു് അദ്ദേഹമാജ്ഞാപിച്ചു. പിന്നീടു കടം തീർക്കാൻ ആവശ്യമുള്ള സംഖ്യ, പേർക്കുടി കുറിക്കാതെ എടുത്തു കൊള്ളുന്നതിനു് അദ്ദേഹം അധമൎണ്ണന്മാരെ അനുവദിച്ചു. ഈ ഇനത്തിൽ തന്നെ 4000000 പവൻ ചെലവായി അത്രെ. ഇതിനും പുറമെ, തനിക്കു പ്രത്യേകം സഹായം ചെയ്ത ഓരോ പടയാളിക്കും അദ്ദേഹം ധാരാളം ദ്രവ്യം കൊടുത്തു. മാലിവൎഗ്ഗക്കാരുമായിട്ടുള്ള യുദ്ധത്തിൽ തനിക്കു മുറിവുകൾ പറ്റിയപ്പോൾ പരിശ കൊണ്ടു തന്നെ രക്ഷിച്ച പ്യൂസെസ്റ്റാസു, പല തവണ ധൈൎയ്യം പ്രദർശിപ്പിച്ച ലിയോണാറ്റസു, വിജയപ്രദമാംവണ്ണം സമുദ്രസഞ്ചാരം ചെയ്ത നിയാർക്കസ്സു്, അലക്സാണ്ടരുടെ കപ്പലിന്റെ കൎണ്ണധാരനായ ഓനിസിക്രറ്റീസു, തന്റെ സേവകനായ ഹെഫീസ്റ്റൻ, എന്നിവൎക്കു സ്വൎണ്ണനിൎമ്മിതമായ ശിരസ്ത്രാണങ്ങൾ അലക്സാണ്ടർ സസന്തോഷം നൽകി.

എന്നാൽ, വിവാഹങ്ങളുടെ ഫലമായി മാസിഡോണിയാക്കാരുടെ ഡംഭ് ഒന്നു ശമിച്ചു. പേർഷ്യാക്കാരും ഏഷ്യാക്കാരും യുദ്ധം ചെയ്യുന്നതിൽ മോശക്കാരല്ലായിരുന്നുവെന്നും, തന്നെപ്പോലെ ഒരാൾ അവരെ യുദ്ധത്തിനു നയിക്കുന്ന പക്ഷം മാസിഡോണിയാക്കാരേക്കാൾ വളരെ ഭംഗിയായി അവർ യുദ്ധം ചെയ്യുമെന്നും അലക്‌സാണ്ടർക്കു് അറിയാമായിരുന്നു. ബി. സി. 330-ാമാണ്ടു, പെഴ്‌സിസു വിട്ടതു മുതൽ പിടിച്ചടക്കിയ രാജ്യങ്ങളിലെ യുവാക്കന്മാർക്കു മാസിഡോണിയായിലെ രീതി അനുസരിച്ചു യുദ്ധത്തിൽ വേണ്ട പരിശീലനം അദ്ദേഹം നൽകിവന്നു. ഇങ്ങനെ മുപ്പതിനായിരം ഏഷ്യാക്കാരെ മാസിഡോണിയൻ സൈന്യത്തിൽ അദ്ദേഹം ചേർത്തു. ബാക്‌ററ്‌റിയാ, സോഗ്‌ഡിയാനാ, ഏരിയാ, അരാക്കോസിയാ, ഡ്രാങ്‌ഗിയാനാ. പാർത്തിയാ, എന്നീ ദേശങ്ങളിലുള്ളവരും ധൈര്യം, യുദ്ധനിപുണത, കായബലം എന്നീ ഗുണങ്ങൾക്കു പ്രസിദ്ധി നേടിയവരുമായ ഭടന്മാരെ അങ്‌ഗരക്ഷകസൈന്യത്തിൽ ഉൾപ്പെടുത്തിയതിനാൽ, മാസിഡോണിയാക്കാരായ യുദ്ധവിദഗ്ദ്ധന്മാർക്കുണ്ടായ അസൂയക്കു കൈയും കണക്കുമില്ലായിരുന്നു. ഏഷ്യായിലെ പ്രഭുക്കന്മാർക്കു മാസിഡോണിയാക്കാരോടൊപ്പം സ്ഥാനം നല്കിയതും അവർക്കു് അശേഷം രസിച്ചില്ല.

സൂസായിൽ കുറെ കാലം താമസിച്ചതിന്റെ ശേഷം, ഹെഫീസ്റ്റന്റെ നേതൃത്വത്തിൽ കാലാൾ സൈന്യത്തെ കരമാർഗ്ഗം പേർഷ്യൻ ഉൾക്കടലിലേക്കും അവിടെനിന്നും [1]യൂലിയസ്(Eulaeus)കാരാസു(Karasu)

1. ഇപ്പോൾ ഷാറാൽ അറബിൽ ചേരുന്ന യൂലിയസ്സ് അക്കാലത്തു സമുദ്രത്തിൽ നേരെ വീണതു്.

നദിയിൽക്കൂടി കപ്പൽവഴി സമുദ്രത്തിലേക്കും അല ക്സാണ്ടർ അയച്ചു. അനന്തരം, തീരം വഴി ഓപിസു (Opis) വരെ ടൈഗ്രിസു നദിയിൽ കപ്പൽ സഞ്ചാര ത്തിനു വേണ്ട ഏർപ്പാടുകൾ അദ്ദേഹത്തിന്റെ നിർദ്ദേ ശാനുസാരണം ചെയ്യപ്പെട്ടു. ജലമാർഗ്ഗം തങ്ങളെ ആക്ര മിക്കാതിരിക്കുന്നതിനു നദിയിൽ പേർഷ്യാക്കാർ അണ കെട്ടിയിരുന്നു. ഈ മുൻകരുതലുകൾ നീചങ്ങളാണെ ന്നുള്ള കാരണത്തിന്മേൽ അവയെ നശിപ്പിച്ചിട്ടു ടൈ ഗ്രീസുവഴി ഓപിസു വരെ അലക്സാണ്ടർ സഞ്ചരിച്ചു. അവിടെ നിന്നും കരമാർഗ്ഗം അദ്ദേഹം എക്ബെട്ടാനായി ലേക്കു തിരിച്ചു. എന്നാൽ, കിഴക്കോട്ടു പോകുന്നതിനു മുൻപു, മാസിഡോണിയൻസൈന്യത്തെ വിളിച്ചു, വൃദ്ധന്മാരേയും അശക്തന്മാരേയും അവരുടെ ഗൃഹങ്ങളി ലേക്കു തിരിച്ചയക്കാൻ താൻ തീർച്ചപ്പെടുത്തിയിരി ക്കുന്നുവെന്നു് അവരെ അറിയിച്ചു. അവർക്കു ധാരാളം ദ്രവ്യം കൊടുക്കാമെന്നും അദ്ദേഹം വാഗ്ദാനംചെയ്തു. രാജാവു തങ്ങളെ മാസിഡോണിയായിലേക്കു തിരികെ നയിക്കുകയില്ലെന്നു് അറിഞ്ഞപ്പോൾ, അനേകകൊല്ല ങ്ങളായി യുദ്ധത്തിലേർപ്പെട്ടിരുന്ന അവർ കോപാ ക്രാന്തന്മാരായി. "ഞങ്ങളെ എല്ലാവരേയും ഇപ്പോൾ തന്നെ പിരിച്ചയക്കുക", എന്നുമാസിഡോണിയാക്കാർ എല്ലാവരും ഉറക്കെ നിലവിളിച്ചു.

സൈന്യം തന്നെ ആകപ്പാടെ തെററിധരിച്ചു വെന്നു് അലക്സാണ്ടർ മനസ്സിലായി. കുറെ നേര ത്തേക്കു് അവിടെ എന്തൊന്നില്ലാത്ത ഒരു നിശ്ശബ്ദത ഉണ്ടായി. ഉടൻ അദ്ദേഹം പ്ലാററുഫാറത്തിൽ കയറി വാഗ്ധാടിയോടുകൂടി ഇങ്ങനെ പ്രസംഗിച്ചു. "ഇല്ലീറി

യാക്കാർ, ട്രിബല്ലിയന്മാർ, ത്രേഷ്യന്മാർ, മുതലായവരുടെ അതിക്രമണങ്ങളെ ഭയപ്പെട്ടുകൊണ്ടിരുന്നവരും, മലഞ്ചരിവുകളിൽ ആടുകളെ മേച്ചുകൊണ്ടിരുന്നവരും, നഗ്നത മറക്കാൻ തോൽ ധരിച്ചിരുന്നവരും അഗതികളുമായ മാസിഡോണിയാക്കാരെ എന്റെ പിതാവായ ഫിലിപ്പു, മലകളിൽ നിന്നും നാട്ടിൽ കൊണ്ടുവന്നു പാർപ്പിച്ചു യുദ്ധത്തിൽ വേണ്ട അഭ്യസനം നൽകുകയും അപരിഷ്കൃതജാതിക്കാരുടെ ഭരണകർത്താക്കളാക്കിത്തീർക്കയും ചെയ്തു. അദ്ദേഹം ത്രേസിന്റെ മിക്ക ഭാഗവും തെസ്സാലിയും പിടിച്ചടക്കി. ഗ്രീസിന്റെ ശക്തി ക്ഷയിപ്പിച്ചു. ഇങ്ങനെ എന്റെ പിതാവു നിങ്ങൾക്ക് അനർഘങ്ങളായ പല ഗുണങ്ങൾ ചെയ്തിട്ടുണ്ടല്ലൊ.

"എനിക്ക് അദ്ദേഹത്തിൽ നിന്നും സ്വർണ്ണംകൊണ്ടും വെള്ളികൊണ്ടുമുള്ള ഏതാനും പിടിമൊന്തകൾ മാത്രമെ കിട്ടിയുള്ളു. അദ്ദേഹത്തിന്റെ മരണകാലത്തു ഭണ്ഡാരത്തിൽ അറുപതു ടാലൻറിൽ കൂടുതൽ ഉണ്ടായിരുന്നില്ല. അച്ഛൻ അഞ്ഞൂറു ടാലൻറു കടം വരുത്തി. എണ്ണൂറു ടാലൻറു ഞാനും കടം വാങ്ങാൻ നിർബദ്ധനായി. എന്നിട്ടും വളരെ പണം ചെലവു ചെയ്തു നിങ്ങളെ ഞാൻ മറുനാട്ടിലേക്കു നയിച്ചു. അശ്വസൈന്യത്തിന്റെ സഹായത്തോടുകൂടി ദേരിയസിന്റെ വൈസ്റായികളെ തോല്പിച്ചതിന്റെ ശേഷം ഇന്ത്യാ, അയോണിയാ, ഇയൊലിസ, ഫ്രിജിയാ, ലിദിയാ, മുതലായ രാജ്യങ്ങൾ ഞാൻ സാമ്രാജ്യത്തോടു ചേർത്തു. മററുള്ള ദേശങ്ങൾ താനെ എനിക്ക് അധീനങ്ങളായി. അവിടങ്ങളിലുള്ള ധനം കരസ്ഥമാക്കുന്നതിനു ഞാൻ നിങ്ങളെ അനുവദിച്ചു. യുദ്ധം ചെയ്യാതെ ഈജി

പ്ററിൽനിന്നും സൈറീനിൽ നിന്നും കിട്ടിയ ദ്രവ്യം മുഴുവൻ നിങ്ങൾക്കാണു ഞാൻ തന്നിട്ടുള്ളതു്. കീലോസിറിയാ, പാലസ്റ്റയിൻ, മെസൊപൊട്ടേമിയാ, ബാബിലോൺ, ബാക്ററ്റിയാ, സൂസാ, ഇവയെല്ലാം നിങ്ങളുടെ വകയാണു്. ലിഡിയാക്കാർ, പേർഷ്യക്കാർ, ഇന്ത്യാക്കാർ ഇവരുടെയെല്ലാം സ്വത്തു നിങ്ങളുടെ കൈയിലായിരിക്കുന്നു. നിങ്ങൾ ഇപ്പോൾ വൈസ്റ്റായികൾ, സേനാപതിമാർ, കപ്പിത്താന്മാർ, മുതലായ ഉദ്യോഗങ്ങൾ വഹിക്കുന്നു.

"ഞാൻ അനേകം രാജ്യങ്ങൾ പിടിച്ചടക്കിയിട്ടും മകുടവും ഉടുക്കുന്ന വസ്ത്രവുമല്ലാതെ എന്റെ സ്വന്തമാണെന്നു പറയാൻ വേറെ വല്ലതുമുണ്ടോ?...നിങ്ങളിൽ ചിലൎക്കുള്ളതുപോലെ സുഖമായ ഭക്ഷണംകൂടി എനിക്കില്ല. നിങ്ങൾ നിദ്ര ചെയ്യുമ്പോൾ നിങ്ങളെ ശത്രുക്കൾ ആക്രമിക്കാതിരിക്കാൻ, ഉറക്കമിളച്ചു ഞാൻ വേണ്ട കരുതലുകളോടുകൂടിയിരിക്കുന്നു. എനിക്കുവേണ്ടി വളരെ കഷ്ടപ്പെട്ടുവെന്നു നിങ്ങളിൽ ചിലർ പറഞ്ഞേക്കാം. എന്നാൽ അതിനേക്കാൾ കൂടുതലായി ഞാൻ നിങ്ങളിൽ ഓരോരുത്തനും വേണ്ടി ക്ലേശങ്ങൾ അനുഭവിച്ചിട്ടുണ്ടു്. യുദ്ധങ്ങളിൽ മുറിവേററിട്ടുള്ളവർ അവരുടെ മുറിവുകൾ എന്നെ കാണിക്കട്ടെ. എന്റെ മുറിവുകൾ ഞാനും കാണിക്കാം. എന്റെ ശരീരത്തിൽ മുറിവേല്ക്കാത്ത ഭാഗം ഇല്ലതന്നെ. യുദ്ധാങ്കണത്തിൽ എനിക്കു് അപായകരങ്ങളായ അനവധി പരുക്കുകൾ പററിയിട്ടുണ്ടു്. നിങ്ങളുടെ പ്രാണനും നിലയുംവിലയും സുരക്ഷിതമാക്കാൻ ഞാൻ പല തരത്തിലുള്ള ക്ലേശങ്ങൾ അനുഭവിച്ചു. യുദ്ധത്തിൽ എനിക്കു പററിയിട്ടുള്ള

മുറിവുകളൊന്നും വകവെക്കാതെ, ജലത്തിലും സ്ഥലത്തിലും കൂടി ഞാൻ നിങ്ങളെ ജയശാലികളുടെ നിലയിൽ നയിച്ചിട്ടുണ്ടു്. എന്റെ വിവാഹത്തോടുകൂടി നിങ്ങളിൽ അനേകം പേരുടെ വിവാഹം ആഘോഷിച്ചിട്ടുണ്ടു്. ഇതിനെല്ലാം പുറമെ നിങ്ങളുടെ കടങ്ങളും ഞാൻ വീട്ടിയിരിക്കുന്നു. നിങ്ങൾക്കു നല്ല ശമ്പളവും വേറെ ഇനങ്ങളിൽ നിന്നു വരവുമുണ്ടെങ്കിലും, നിങ്ങൾ എങ്ങനെയാണ് കടക്കാരായിത്തീർന്നതെന്നുള്ളതിനു സമാധാനം ഞാൻ നാളതുവരെ നിങ്ങളോടു ചോദിച്ചിട്ടില്ല. നിങ്ങളുടെ ആയോധനനൈപുണ്യത്തെ അഭിനന്ദിച്ചു നിങ്ങളിൽ പലൎക്കും ഞാൻ സ്വർണ്ണമകുടങ്ങൾ നൽകുകയും, മരിച്ചവരുടെ അപരക്രിയകൾ വിശേഷരീതിയിൽ ആഘോഷിക്കയും ചെയ്തിട്ടുണ്ടു്. കൂടാതെ, അവരുടെ സ്മാരകമായി വെള്ളോടുകൊണ്ടു് അവരുടെ പ്രതിമകൾ ഉണ്ടാക്കിവെച്ചിരിക്കുന്നു. അവരുടെ മാതാപിതാക്കന്മാൎക്കു പല ആനുകൂല്യങ്ങളും ചെയ്തിട്ടുണ്ടു്. യുദ്ധം ചെയ്യുന്നതിനു് അശക്തരായവരെ മാസിഡോണിയായിലേക്കു തിരിച്ചയക്കാൻ ഞാൻ ഉദ്ദേശിച്ചിരുന്നു. പക്ഷേ നിങ്ങൾ എല്ലാവരും തിരിച്ചുപോകാനാണു് ആഗ്രഹിക്കുന്നതു്. എല്ലാവരും പൊയ്ക്കൊൾവിൻ.

"പേർഷ്യാക്കാർ, മീഡുകാർ, ബാക്ട്റ്റിയാക്കാർ ഇവരെ കീഴ്പെടുത്തിയവൻ; പാർത്തിയാക്കാർ, കൊരാസ്മിനിയാക്കാർ, ഹിർക്കേനിയക്കാർ, എന്നിവരുടേയും ഭരണകർത്താവു; ഓക്സസു, സിന്ധു എന്നീ നദികൾക്കപ്പുറം പ്രവേശിച്ചവൻ; ഹിഡ്രോടീസു നദിവരെ ഇന്ത്യയിൽ രാജ്യം പിടിച്ചടക്കിയവൻ; നിങ്ങൾ വിസമ്മതിച്ചില്ലായിരുന്നുവെങ്കിൽ ആ നദിക്കപ്പുറം കൂടി

പിടിച്ചടക്കമായിരുന്ന വിജിഗീഷു; ഏതൽപര്യന്തം അന്യരാജാക്കന്മാൎക്ക് ദുഷ്പ്രവേശമായിരുന്ന ഗദ്രോസിയാ രാജ്യത്തിൽക്കൂടി സൈന്യസമേതം യാത്ര ചെയ്തവൻ;- ഇപ്രകാരമുള്ള അലക്സാണ്ടർ ചക്രവൎത്തിയുടെ പുരോഗമനത്തിൽ അദ്ദേഹത്തെ പ്രോത്സാഹിപ്പിക്കുന്നതിനു പകരം ഞങ്ങൾ ഇതാ ആ മഹാനെ ഏകാകിയായി ഉപേക്ഷിച്ചിട്ട മടങ്ങി വന്നിരിക്കുന്നുവെന്നു മാസിഡോണിയാക്കാരെ ധരിപ്പിക്കുക. ഇനിയും പൊയ്ക്കൊള്ളാം."

ഈ പ്രസംഗം അവസാനിച്ച ഉടൻതന്നെ അലക്സാണ്ടർ പ്രസംഗവേദിയിൽ നിന്നും താഴെ ഇറങ്ങി തൻെറ കൊട്ടാരത്തിലേക്കു നടന്നു. അവിടെ തൻെറ സഹചരന്മാൎക്കുപോലും പ്രവേശനം അനുവദിക്കാതെയും തൻെറ സ്വന്ത ശരീരത്തെക്കുറിച്ചുപോലും ഗൗനിക്കാതെയും രണ്ടുദിവസം കഴിച്ചുകൂട്ടി. മൂന്നാമത്തെ ദിവസം, പേർഷ്യാക്കാരായ പ്രധാനന്മാരെ വിളിച്ചു ചില സൈനിക കാൎയ്യങ്ങൾ അവരോടു പറഞ്ഞു. പിന്നീടു ഏഷ്യായിലെ പടയാളികളുടെ ധൈൎയ്യത്തെപ്പററി പ്രശംസിച്ചു തൻെറ സൈന്യത്തോടു പറഞ്ഞു. "ഏഷ്യായും യൂറോപ്പും ഒരുരാജ്യമാണ്. നിങ്ങൾ എൻെറ പടയാളികളും പൗരന്മാരുമാകുന്നു. മാസിഡോണിയനെന്നും പേർഷ്യനെന്നുമുള്ള വ്യത്യാസം ഇനിമേൽ ആവശ്യമില്ല. പരസ്പരാനുകരണം ഗുണകരമാണ്. ഒരേ രാജാവിൻെറ പ്രജകൾക്കു ഒരേ നിയമങ്ങൾ ആവശ്യമാണല്ലൊ." തൻെറ പ്രജകളോടുള്ള പെരുമാററത്തിൽ അലക്സാണ്ടർ കാണിച്ച രാജ്യതന്ത്രകുശലത, നീതിനിഷ്ഠ, മുതലായ മഹനീയഗുണങ്ങൾ തെളിഞ്ഞു

കാണുന്നു. റോമന്മാരുടേ യുദ്ധാങ്ങൾപോലെ അലക്സാണ്ടരുടേവ ലോക സമാധാനത്തിന്ന നിദാനമായി കാണപ്പെട്ടു. എന്നാൽ അദ്ദേഹത്തിൻെറ അവിചാരിതമായ മരണംമൂലം ഇതൊന്നും സാധിച്ചില്ല. എന്നു മാത്രമല്ല, അദ്ദേഹത്തിൻെറ സാമ്രാജ്യം ഭരിക്കുന്നതിന്ന് അദ്ദേഹത്തെപ്പോലെ സമത്ഥനായ ഒരു അനന്തരഗാമി ഇല്ലാതെപോയി.

അനന്തരം മാസിഡോണിയാക്കാർ കൊട്ടാര വാതുക്കൽ ചെന്നു രാജാവിന്ന കീഴടങ്ങിയതിൻെറ സൂചനയായി തങ്ങളുടെ ആയുധങ്ങളെ താഴെവെച്ചു. അദ്ദേഹത്തിൻെറ പ്രസംഗത്തെക്കുറിച്ച് അവർ അവധാനപൂവ്വം ആലോചിച്ചപ്പോഴാണ് രാജാവിൻെറ ശരിയായ മനസ്ഥിതി അവക്കു മനസ്സിലായതും അദ്ദേഹത്തെപ്പററി അവക്കുണ്ടായിരുന്ന മതിപ്പു വദ്ധിച്ചതും. അദ്ദേഹത്തിൻെറ മുൻപിൽ ചെല്ലുന്നതിന് അവരെ അനുവദിക്കാത്തപക്ഷം ആത്മഹത്യ ചെയ്യുമെന്ന് അവർ ഉറക്കെപറഞ്ഞു. തൻെറ പടയാളികളുടെ രോദനം കേട്ട് അലക്സാണ്ടർ വെളിയിൽ വന്നപ്പോൾ അവർ നിലത്തുകിടന്നു കരയുന്നത് അദ്ദേഹം കണ്ടു. തൽക്ഷണം തന്നെ അദ്ദേഹവും ഏങ്ങിക്കരഞ്ഞു. തങ്ങളുടെ സങ്കടങ്ങൾ തുറന്നു പറയുന്നതിനുള്ള ശക്തി അവക്കുണ്ടായിരുന്നില്ല. ഉടനെ രാജാവിൻെറ അനുവാദത്തോടുകൂടി കല്ലിനിസിനെ അവർ അവരുടെ പ്രതിനിധിയാക്കി. അലക്സാണ്ടരെ ആലിംഗനംചെയ്തു വന്ദിക്കുന്നതിന്ന പേർഷ്യാക്കാരായ ബന്ധുക്കൾക്കു നല്കിയ അവകാശം തങ്ങൾക്കു ദുഃഖകാരണമാണെന്നും, ഈ സ്വാതന്ത്ര്യം യാതൊരു മാസിഡോണിയനും അനു

വദിച്ചിട്ടില്ലെന്നും കല്ലിനിസു രാജാവിനോടു പറഞ്ഞു. "നിങ്ങളെ എല്ലാവരേയും എൻെറ ബന്ധുക്കളായി ഞാൻ കരുതുകയും അപ്രകാരം നിങ്ങളെ വിളിക്കയും ചെയ്യാം", എന്നു് അലക്സാണ്ടർ മറുപടി പറഞ്ഞു.

പിന്നീടു, കല്ലിനീസും വേറെചിലരും അലക്സാണ്ടരുടെ സമീപംചെന്നു് അദ്ദേഹത്തിനെ ആലിംഗനം ചെയ്തു വന്ദിച്ചു. അതിൻെറ ശേഷം, തങ്ങളുടെ ആയുധങ്ങളോടുകൂടി അവർ പാളയത്തിലേക്കു തിരിച്ചുപോയി. രാജാവു ചില പ്രത്യേക ബലികൾ കഴിക്കയും പരക്കെ ഒരു സദ്യ നടത്തുകയും ചെയ്തു. ഈ അവസരത്തിൽ അദ്ദേഹത്തിനു സമീപം മാസിഡോണിയാക്കാരും അവർക്കടുത്തു പേർഷ്യാക്കാരും മററു രാജ്യക്കാരും ആസനസ്ഥരായി. എല്ലാവരും വളരെ ആഹ്ലാദത്തോടു കൂടി കുറെ സമയം അവിടെ കഴിച്ചു.

പ്രായാധിക്യംമൂലവും മററും യുദ്ധം ചെയ്വാൻ അശക്തന്മാരായവർ–ഇവരുടെസംഖ്യ ഉദ്ദേശം പതിനായിരമായിരുന്നു.– മാസിഡോണിയായിലേക്കു തിരിച്ചു പോയി. അവർക്കു ശമ്പളത്തിനു പുറമെ അദ്ദേഹം ഓരോരുത്തർക്കും ഒരു ടാലൻറുവീതം സമ്മാനം കൊടുത്തു. കൂടാതെ നാടകശാലയിലും മററും അവർക്കു ശരിയായ ആസനങ്ങൾ നല്കണമെന്നു് അദ്ദേഹം ആൻറിപ്പേററിനു പ്രത്യേകം എഴുതിയിരുന്നു. യുദ്ധത്തിൽ മരിച്ചവരുടെ കുടുംബത്തിലേക്കു് ഒരു നല്ല തുക അദ്ദേഹം അനുവദിച്ചുകൊടുത്തു. എന്നാൽ, അവർ ഏഷ്യയിൽ നിന്നും വിവാഹം ചെയ്ത സ്ത്രീകളെ മാസിഡോണിയായിലേക്കു കൂട്ടിക്കൊണ്ടു പോകാൻ അവിടെയുള്ള തങ്ങളുടെ ഭാര്യമാർക്കു നീരസമുണ്ടായേക്കുമെന്നു വിചാരിച്ചു്

അതു് അദ്ദേഹം വിരോധിച്ചു. 'ഇന്നത്തെ ബാലന്മാരെ നാളത്തെ സൈന്യ'മായി അദ്ദേഹം പരിഗണിച്ചതിനാൽ അവരെ അദ്ദേഹത്തിന്റെ പ്രത്യേകം നോട്ടത്തിലും നിഷ്കർഷയിലും പാളയത്തിൽത്തന്നെ വളർത്തിവന്നു. ആന്റിപ്പേറററിനു പകരം മാസിഡോണിയ, ത്രേസ്സ, തെസ്സാലി, ഇവിടങ്ങളിലെ ഗവർണരായും ഗ്രീസിലെ പ്രസിഡന്റായും ക്രേറററസിനെ നിയമിച്ചു്, അദ്ദേഹത്തേയും, സ്വദേശത്തേക്കു തിരിച്ചു പോകാൻ ആഗ്രഹിച്ച ചില പടയാളികളേയും അലക്സാണ്ടർ മാസിഡോണിയായിലേക്കു് അയച്ചു. ഇതുവരെ മാസിഡോണിയായിലെ റീജന്റായ ആന്റിപേററർ അലക്സാണ്ടരുടെ മാതാവായ ഒലിമ്പിയാസിന്റെ വിരോധം എവിധമോ സമ്പാദിച്ചിരുന്നതുകൊണ്ടാണു് മാമൂൽ പ്രിയനും യുദ്ധം ചെയ്യുന്നതിനു അശക്തനുമായിരുന്ന ക്രേറററസിനെ ആ ഉദ്യോഗത്തിനു നിയമിച്ചതു്.

H 544

ഈ ഘട്ടത്തിൽ അലക്സാണ്ടരുടെ മാതൃസ്നേഹത്തെപ്പററി പറയുന്നതു് ഉചിതമായിരിക്കുമല്ലോ. ഏഷ്യാഖണ്ഡത്തിൽ താൻ ഉൾപ്പെട്ടിരുന്ന യുദ്ധങ്ങളിൽ വിജയം ലഭിച്ചതിന്റെ ഫലമായി തന്റെ കൈവശം വന്നുചേർന്ന അനേകം അമൂല്യങ്ങളായ പദാർത്ഥങ്ങളിൽ ചിലതുകളെ അദ്ദേഹം മാതാവിനു് അയച്ചുകൊടുത്തു. എന്നാൽ മാതാവു് അവയെ സ്വീകരിക്കാതെ കോപത്തോടും അഹങ്കാരത്തോടുംകൂടി പുത്രനു് ഒരു എഴുത്തയച്ചു. അതിനു് അദ്ദേഹം മറുപടി യാതൊന്നും അയച്ചില്ല.

രാജ്യകാര്യങ്ങൾ നോക്കുന്നതിനു് അലക്സാണ്ടർ ആന്റിപേറററെ ആക്കിയെന്നു പറഞ്ഞുവല്ലോ. രാജാ

ധികാരം നടത്തുന്നതിനു ക്രമാതീതമായ ദുരാഗ്രഹം അദ്ദേഹത്തിന്റെ മാതാവിനുണ്ടായിരുന്നു. തന്നിമിത്തം, ആ സ്ത്രീ രാജ്യകാര്യങ്ങളിൽ അനാവശ്യമായി കൈകടത്തി മന്ത്രിയേയും അലക്സാണ്ടരേയും ക്രമത്തിലധികം അസഹ്യപ്പെടുത്തി. അദ്ദേഹം (അലക്സാണ്ടർ) തന്റെ മാതാവിന് എതിരായി യാതൊന്നും പ്രവൎത്തിച്ചില്ല. അവളുടെ ശല്യം ക്രമത്തിലധികമായപ്പോൾ, വിവരങ്ങളെല്ലാം കാണിച്ചു റീജന്റു സവിസ്തരം അദ്ദേഹത്തിന് ഒരെഴുത്തയച്ചു അതിന് അദ്ദേഹത്തിന്റെ മറുപടി ഇങ്ങനെയായിരുന്നു. "നിങ്ങൾ എന്റെ മാതാവിനെപ്പററി എന്തെല്ലാം ദൂഷ്യങ്ങൾ എഴുതിഅയച്ചാലും ഞാൻ അവയെ ഗൌനിക്കയില്ല. എന്തെന്നാൽ, അവരിൽ നിന്ന് ഒരശ്രുഗണം പോലും പൊഴിയുന്നതു കാണാൻ ഞാൻ ശക്തനല്ല." ഇതിൽ നിന്നും അദ്ദേഹത്തിനു തന്റെ മാതാവിനോടുണ്ടായിരുന്ന ഭക്തിബഹുമാനാദരങ്ങൾ നമുക്കു ഊഹിക്കാം. തന്റെ കൎത്തവ്യകൎമ്മങ്ങളിൽ പ്രധാനം മാതാപിതാക്കന്മാരോടു ഭയഭക്തിവിശ്വാസത്തോടുകൂടിയിരിക്കുകയാകുന്നുവെന്നുള്ളതു് അദ്ദേഹം നല്ലപോലെ മനസ്സിലാക്കിയിരുന്നു.

മാസിഡോണിയായിലേക്കു മടങ്ങിപ്പോയവൎക്കു പകരം, പതിനായിരം ഭടന്മാരോടുകൂടി പാളയത്തിലെത്തിക്കൊള്ളണമെന്ന് അലക്സാണ്ടർ ആന്റിപേററക്കു് എഴുതി അയച്ചു. കാൎത്തേജു, ലിബിയാ, മുതലായ രാജ്യങ്ങൾ ആക്രമിക്കുന്നതിനും ഫിനീഷ്യായിൽ ഒരു കപ്പൽക്കൂട്ടം തയ്യാറാക്കുന്നതിനും പല വലിയ ദേവാലയങ്ങൾ പണി കഴിപ്പിക്കുന്നതിനും അദ്ദേഹം ക്രേററസിനോടു ചട്ടം കെട്ടിയിരുന്നു. ഒട്ടും താമസിയാതെ

അലക്സാണ്ടർ മരിച്ചുപോയി. ക്രേററസിനെ ഏല്പിച്ച കാര്യങ്ങളൊന്നും തന്നെ നടന്നില്ല.

പേർഷ്യായിലെ രാജാക്കന്മാരെപ്പോലെ, ബി. സി. 324-ാമാണ്ടു ഗ്രീഷ്മകാലത്തിലും ശരൽകാലത്തിലും എക്ബാട്ടാനിൽ പരമസുഖമായി അലക്സാണ്ടർ കഴിച്ചുകൂട്ടി. കായികാഭ്യാസം, ഗീതം, എന്നിവയിൽ പകലും രാത്രിയും അദ്ദേഹം ഏർപ്പെട്ടിരുന്നു. എന്നാൽ ഹെഫിസ്റ്റൻ മേല്പറഞ്ഞ വിനോദങ്ങളിൽ അമിതമായി പങ്കുകൊണ്ടതുനിമിത്തം രോഗശയ്യയെ അവലംബിച്ചു. അപഥ്യാചരണം നിമിത്തം അദ്ദേഹത്തിൻെറ സുഖക്കേടു വർദ്ധിക്കാനിടയായി. ഈ ഹെഫീസ്റ്റൻ അലക്സാണ്ടരുടെ സുഹൃത്തായിരുന്നുവെന്നു മുൻപു പ്രസ്താവിച്ചിട്ടുണ്ടല്ലൊ. അദ്ദേഹം (ഹെഫീസ്റ്റൻ) മരിയ്ക്കാറായിയെന്ന് അറിഞ്ഞപ്പോൾ സങ്കടം സഹിക്കവഹിയാതെ അലക്സാണ്ടർ അദ്ദേഹത്തിൻെറ ഗൃഹത്തിലെത്തി. എന്തു ഫലം? ഹെഫീസ്റ്റൻ മൃതനായി കാണപ്പെട്ടു. തീവ്രവേദനയോടുകൂടിയ അലക്സാണ്ടർ മൃതശരീരത്തിന്മേൽ വീണു. മനസ്താപംമൂലം അദ്ദേഹം മൂന്നുദിവസം നിലത്തു കിടന്നുവെന്നും, ആ കാലം അദ്ദേഹം ആഹാരം കഴിക്കയൊ സ്നാനം ചെയ്കയൊ ചെയ്തില്ലെന്നും പറയപ്പെട്ടിരിക്കുന്നു. ഇതെല്ലാം ഒരു രാജാവിന് അനുയോജ്യമായി മററുള്ളവർ വിചാരിച്ചു. പക്ഷെ, അലക്സാണ്ടർ അച്ചിലെസ്സിനെയാണ് അനുകരിച്ചതു്. പെററ്റൊക്ലസു മരിച്ചപ്പോൾ അച്ചിലസു പ്രവർത്തിച്ചതുപോലെ, ഇവിടെ അലക്സാണ്ടരും പ്രവർത്തിച്ചു. അച്ചിലസിനെപ്പോലെ അലക്സാണ്ടരും ശിരോമുണ്ഡനം ചെയ്തുവെന്നും ഹെഫീസ്റ്റൻെറ മരണത്തിനു

കാരണഭൂതന്മാരായ ചിലരെ അദ്ദേഹം കണക്കിനു ശിക്ഷിച്ചുവെന്നും കാണുന്നു.

അലക്സാണ്ടർ പതിനായിരം ടാലൻറു ചെലവാക്കി ഹെഫീസ്റ്റന് ഒരു ശവകുടീരം ഉണ്ടാക്കിക്കയും അതിൽ വിചിത്രവേലകൾ ചെയ്യിക്കയും ചെയ്തു. ഇതിനായി അദ്ദേഹം നിയോഗിച്ചതു സുപ്രസിദ്ധ ശില്പികളായ സ്റ്റാസിക്രേററീസിനെ ആയിരുന്നു. ത്രേസിലുള്ള അതോസ്ശൃംഗത്തിൽ നിന്നും ഒരു മനുഷ്യരൂപം വെട്ടി എടുക്കുന്നതിനു സൗകര്യമുണ്ടെന്നും രാജാവിൻെറ അനുമതി കിട്ടുന്നതായാൽ അദ്ദേഹത്തിൻെറ ഒരു പ്രതിമ അനശ്വരമായ വിധത്തിൽ കൊത്തി എടുക്കാമെന്നും അലക്സാണ്ടരെ മുമ്പൊരിക്കൽ ഒരു ശില്പി അറിയിച്ചിരുന്നു. ഹെഫീസ്റ്റൻെറ ശവകുടീരത്തിനും മററും ധാരാളം പണം ചെലവാക്കുന്നതിനു സമ്മതിച്ചു എങ്കിലും, മേല്പറഞ്ഞ മാതിരിയിലുള്ള പ്രതിമ ശരിപ്പെടുത്തി എടുക്കുന്നതിൽ അദ്ദേഹം അശേഷം ഉത്സാഹം കാണിച്ചില്ല.

ഇക്കാലത്താണു് അലക്സാണ്ടർ കോസ്സിയന്മാ(Cossean)രുടെ ലഹളയെ ശമിപ്പിച്ചതു്. ഇവർ പേർഷ്യയെ ആക്രമിച്ച സന്ദർഭങ്ങളിൽ, പേർഷ്യൻ രാജാക്കന്മാർ ഇവർക്കു കപ്പം കൊടുത്തു സമാധാനപ്പെടുത്തുകയായിരുന്നു പതിവു്. എന്നാൽ ശൂരനായ അലക്സാണ്ടർ ആകട്ടെ, അവരെ അവരുടെ വാസസ്ഥലങ്ങളിൽ നിന്നും ഓടിച്ചുകളഞ്ഞു. അവിടെ നിന്നും അദ്ദേഹം ബാബിലോണിയായ്ക്കു പോകുമ്പോൾ, സിറിയന്മാർ, ഇത്തിയോപ്പിയന്മാർ, ഐബീരിയന്മാർ,

കെൽററുകൾ, കാർത്തജീനിയന്മാർ, എന്നിവർ അലക്സാണ്ടരുടെ സൈന്യത്തെ ഭയന്നു സമാധാനമുണ്ടാക്കാൻ പ്രതിനിധികളെ അയച്ചു. റോമന്മാരും ഇപ്രകാരം പ്രവർത്തിച്ചതായി കാണുന്നു.

കാസ്പിയൻ തടാകവും പേർഷ്യൻ ഉൾക്കടലും യോജിച്ചിരുന്നുവെന്ന് അലക്സാണ്ടർ വിചാരിച്ചു. ആ തടാകത്തിൻെറ തീരപ്രദേശങ്ങളെ സംബന്ധിച്ച വിവരങ്ങൾ അറിയാൻ ഹിർക്കേനിയാവിൽ കപ്പലുകൾ പണിയുന്നതിന് അദ്ദേഹം ഏർപ്പാടുകൾചെയ്തു. അറേബിയാ ആക്രമിക്കുന്നതിനും അദ്ദേഹം വേണ്ട ഒരുക്കങ്ങൾ ചെയ്യുകയുണ്ടായി.

അലക്സാണ്ടർ ബാബിലോണിൽ എത്തിയപ്പോൾ, തന്നെയും തൻെറ അനുചരന്മാരേയും അധൈര്യപ്പെടുത്തിയ ഒരു സംഭവം നടന്നു. ചാൽഡിയൻ ദീർഘദർശികൾ അലക്സാണ്ടരുടെ അടുക്കൽച്ചെന്നു, പട്ടണത്തിൽ പ്രവേശിക്കുന്നതായാൽ വലിയ ആപത്തു നേരിടുമെന്ന് അദ്ദേഹത്തെ അറിയിച്ചു. ഇതു് അദ്ദേഹം അർത്ഥശൂന്യമായിക്കരുതിയെന്നു ചാൽദിയാക്കാർ അറിഞ്ഞപ്പോൾ, 'പടിഞ്ഞാറെ പ്രവേശനദ്വാരം വഴി പട്ടണത്തിനകത്തു പ്രവേശിച്ചാൽ അലക്സാണ്ടർക്കു റെ രക്ഷയുണ്ടെന്നു' അവർ അദ്ദേഹത്തെ അറിയിച്ചു. രാജാവു് അതു സ്വീകരിച്ചു. മററു പല യോദ്ധാക്കളെപ്പോലെ അദ്ദേഹത്തിനും ശകുനങ്ങളിൽ നല്ല വിശ്വാസമുണ്ടായിരുന്നു. എന്നാൽ, നിമിത്തങ്ങൾ ശുഭസൂചകമല്ലെന്നുള്ള കാരണത്താലുമല്ല തിരിച്ചുപോകുന്നതു ഭീരുത്വമായി ഗ്രീക്കുകാരും റോമന്മാരുമായ യോദ്ധാക്കൾ വിചാരിച്ചു. യൂഫ്രേററീസ്സ തീരംവഴി ബാബിലോൺ

നഗരത്തിന്റെ പടിഞ്ഞാറെ കോട്ടവാതുക്കലേക്കു നടക്കുന്നതിനു് അലക്സാണ്ടർ തീർച്ചപ്പെടുത്തി. പക്ഷേ, മദ്ധ്യേമാർഗ്ഗം ചതുപ്പുനിലങ്ങൾ ഉണ്ടായിരുന്നതിനാൽ അതു സാധിച്ചില്ല. ഇതെല്ലാം ചാൽഡിയാക്കാരുടെ ചതിപ്രയോഗത്തിന്റെ ഫലമായിരിക്കാമെന്നു് അദ്ദേഹം വിശ്വസിച്ചു.

ഹെഫീസ്റ്റന്റെ മരണത്തിനു സ്വല്പം മുൻപു്, അയാളും അലക്സാണ്ടരും താമസം കൂടാതെ കാലധർമ്മം പ്രാപിക്കുമെന്നു് ഒരു മാസിഡോണിയൻ പ്രാശ്നികൻ പ്രസ്താവിച്ചിരുന്നു. കൂടാതെ, സൂസായിലേക്കു തിരിച്ചു പോകുമ്പോൾ, അലക്സാണ്ടരെ അനുഗമിച്ച ഇന്ത്യാക്കാരനായ കാലനസ്സ് എന്ന തത്വജ്ഞാനി മരിക്കാറായി കിടന്ന അവസരത്തിൽ അദ്ദേഹത്തിനു (അലക്സാണ്ടർ) സ്വസ്തി പറയുന്നതിനു നിരസിച്ചു; എന്നാൽ അചിരേണ ബാബിലോണിൽവെച്ചു രാജാവിനെ കണ്ടു് അഭിവാദ്യം ചെയ്തുകൊള്ളാമെന്നു കാലനസ്സു പറഞ്ഞിരുന്നു. ഈ പ്രസ്താവന ഭാവിയിലുള്ള ഒരനിഷ്ടസംഭവത്തിന്റെ സൂചനയായിരുന്നു. ബി. സി 323 മാർച്ചു മാസത്തിൽ അലക്സാണ്ടർ ബാബിലോണിൽ പ്രവേശിച്ചു. കുറേക്കാലത്തേക്കു് ദുരദൃഷ്ടങ്ങളൊന്നുമുണ്ടായില്ല.

ഗ്രീസിൽ നിന്നും വന്ന ദൂതന്മാരെ അലക്സാണ്ടർ സസന്തോഷം സ്വീകരിച്ചു. അവർ അദ്ദേഹത്തെ വളരെ അഭിനന്ദിക്കയും അദ്ദേഹത്തിന്റെ ശിരസ്സിൽ കിരീടം വെക്കയുംചെയ്തു. ഗ്രീസിൽനിന്നും സെർക്സസ്സ് എടുത്തുകൊണ്ടുപോയ വസ്തുക്കളെല്ലാം തിരിച്ചെടുത്തു കൊള്ളുന്നതിനു് അദ്ദേഹം അവർക്കു് അനുമതിനൽകി.

നിയാൎക്കസിൻെറ കപ്പൽക്കൂട്ടവും ഫിനീഷ്യാക്കാരിൽ നിന്നും പിടിച്ചെടുത്തതും വഹന സൗകൎയ്യാൎത്ഥം ഓരോ ഭാഗവും വേൎപെടുത്തി കര മാൎഗ്ഗം ഫിനീഷ്യായിൽ നിന്നും തപ്സാക്കസിൽ കൊണ്ടുവന്ന് അവിടെവെച്ചു രണ്ടാമതു മാസിഡോണിയാക്കാർ പണികഴിപ്പിച്ചതും വീണ്ടും യൂഫ്രേററീസുവഴി നയിക്കപ്പെട്ടതുമായ കപ്പൽക്കൂട്ടവും ബാബിലോണിൽ എത്തിയിരുന്നു. ബാബിലോൺ തൻെറ സാമ്രാജ്യത്തിൻെറ തലസ്ഥാനമാക്കണമെന്നായിരുന്നു അദ്ദേഹത്തിൻെറ ആഗ്രഹം. ഈ പദ്ധതിയെപ്പററി എല്ലാവരും അദ്ദേഹത്തെ അഭിനന്ദിച്ചു. എന്തുകൊണ്ടെന്നാൽ, ഒരു പ്രധാന നഗരമാകുന്നതിനുള്ള സകല യോഗ്യതകളും അതിനുണ്ടായിരുന്നു. ബാബിലോണിലെ സൈപ്രസു തടി കൊണ്ടു വേറെ കപ്പലുകളും അദ്ദേഹം പണികഴിപ്പിച്ചു. ഒരായിരം പടക്കപ്പലുകൾ ഒരേ സമയത്തു നങ്കൂരമിട്ടു കിടക്കുന്നതിനു സൗകൎയ്യമുള്ള ഒരു തുറമുഖവും പണിചെയ്യിച്ചു. അനേകം കൈവൎത്തകന്മാരെ പേൎഷ്യൻ ഉൾക്കടലിൻെറ തീരത്തിൽ പാൎപ്പിച്ചു. വാണിജ്യവൃത്തിയിൽ മാസിഡോണിയന്മാർ ഫിനീഷ്യക്കാരെ ജയിക്കുമെന്നു പ്രതീക്ഷിക്കപ്പെട്ടു.

പട്ടാളവകുപ്പു പാടെ പരിഷ്കരിക്കുന്നതിനുള്ള ഒരു പദ്ധതി അലക്സാണ്ടർ ഏൎപ്പെടുത്തി. വളരെ കാലത്തെ ചിന്തയുടെ ഫലമായിരുന്നു ഇതു്. തൻെറ പിതാവിൻെറ കാലാൾ സൈന്യങ്ങളുടെ സഹായത്താൽ അദ്ദേഹം അനേകം യുദ്ധങ്ങളിൽ വിജയംനേടിയെങ്കിലും, ഒരു സാക്ഷാൽ കാലാൾസൈന്യത്തിന് ആവശ്യം വേണ്ടിയ ശീഘ്രചങ്ക്രമണാദിചലനശക്തി അതിന് ഇല്ലെന്ന് അദ്ദേഹത്തിനു ബോധപ്പെട്ടു. സൈ

ന്യത്തിൻെറ സംഖ്യ വർദ്ധിപ്പിക്കാൻ അദ്ദേഹം അശേഷം ആഗ്രഹിച്ചില്ല. താഴെപറയുന്ന വിധം തൻെറ മാസിഡോണിയൻ സൈന്യത്തിൽ അലക്സാണ്ടർ ഇരുപതിനായിരം പേർഷ്യൻ ഭടന്മാരെ ചേൎത്തു. സേനാപങ്ക്തിയുടെ സംഖ്യയിൽ അദ്ദേഹം യാതൊരു വ്യത്യാസവും വരുത്തിയില്ല. ഒരു പങ്ക്തിയിൽ പതിനാറു ഭടന്മാർ ഉണ്ടായിരുന്നു. അതിൽ നാലാമത്തു മുതൽ പതിനഞ്ചാമത്തു വരെയുള്ളവർ മാസിഡോണിയാക്കാരും ബാക്കിയുള്ളവർ പേർഷ്യാക്കാരുമായിരുന്നു. ഇവർ വില്ലും കുന്തവുമല്ലാതെ വേറൊരായുധവും ധരിച്ചിരുന്നില്ല. യുദ്ധകാലത്തു ആവശ്യമുള്ളപ്പോൾ, സേനാധിപൻെറ ആജ്ഞ ലഭിച്ച ഉടൻ ഓരോ പങ്ക്തിയിലുമുള്ള പടയാളികൾ അകലെയകലെയായി. നില്ക്കുന്നതിനു വേണ്ട അഭ്യസനം ആ മഹാൻ നല്കിയിരുന്നു. വില്ലാളികൾക്കും കുന്തക്കാൎക്കും അമ്പുകളും ചാട്ടുകുന്തങ്ങളും ശത്രുപക്ഷത്തേക്കു അയക്കാൻ സൗകൎയ്യമായി പങ്ക്തിയിൽ നില്ക്കുന്നതിനായിരുന്നു ഈ വിധം ചെയ്തതു്. വില്ലുകൊണ്ടും കുന്തംകൊണ്ടുമുള്ള യുദ്ധം തീൎന്നാലുടൻ അവർ പണ്ടേപ്പോലെ ഒരേ ശ്രേണിയിലും ചേർന്നു നിന്നു മുന്നോട്ടു പാഞ്ഞുപോകാനും അവർ അഭ്യസിച്ചു. സൈന്യവിന്യാസമെല്ലാം ശരിപ്പെടുത്താൻ തൻെറ സകല ശിക്ഷകളും അദ്ദേഹത്തിനു ഉപയോഗിക്കേണ്ടിവന്നുവത്രെ. അറേബിയായിലേക്കുള്ള യുദ്ധയാത്രക്കു സ്വല്പം മുൻപു മാത്രമാണു് ഈ പരിഷ്കാരം അദ്ദേഹം നടപ്പിൽ വരുത്തിയതു്. ഇതിൻെറ ഫലമായി മാസിഡോണിയാക്കാരേയും പേർഷ്യാക്കാരേയും ഒന്നുകൂടി അടുപ്പിക്കുന്നതിനും

പാശ്ചാത്യപൗരസ്ത്യ വ്യത്യാസങ്ങൾ ഇല്ലാതാക്കുന്ന തിനും അദ്ദേഹത്തിനു കുറെക്കൂടി എളുപ്പമായിത്തീൎന്നു.

ബാബിലോണിൽ എത്തിയതിൽ പിന്നീട് അലക്സാണ്ടൎക്ക് പറയത്തക്ക വൈഷമ്യങ്ങളൊന്നും നേരി ടാഞ്ഞതിനാൽ മേൽ പ്രസ്താവിച്ച പ്രവചനങ്ങൾ നിര ൎത്ഥകവും അടിസ്ഥാന രഹിതങ്ങളുമാണെന്ന് അദ്ദേഹം വിശ്വസിച്ചു. അതുകൊണ്ടു മററുജോലികളിൽ അദ്ദേഹം ഉൾപ്പെട്ടു. അറേബിയായുടെ തീരങ്ങളെപ്പററി ശരി യായി മനസ്സിലാക്കി കൊണ്ടുവരുന്നതിന് അദ്ദേഹം ഏതാനംപേരെ അയച്ചു. തദ്ദേശവാസികളെക്കുറിച്ചു കേട്ട ചില വിവരങ്ങൾ ഭയാനകങ്ങളായിരുന്നതിനാൽ അവർ സമുദ്രതീരം വിട്ട് ഉള്ളിൽ പ്രവേശിച്ചില്ല. പല്ലകോപാസു (Pallacopas) തോടു പരിശോധി ക്കാൻ അദ്ദേഹം തന്നെ ബാബിലോണിൽ നിന്നും തിരിച്ചു. വസന്തകാലത്തു അൎമീനിയായിലെ മഞ്ഞു രുകി യൂഫ്രേററീസു നദിയിൽ വെള്ളം പെരുകുക പതിവായിരുന്നു. അതുമൂലം മേലാൽ ജനങ്ങൾക്ക് ഉപദ്രവം ഉണ്ടാകാതിരിക്കാൻ വേറൊരു വഴിക്കു കൂടു തലുള്ള ജലത്തെ കൊണ്ടുപോകുന്നതിനായിരുന്നു ഈ തോടു വെട്ടിച്ചതു്. എന്നാൽ ഉഷ്ണകാലത്തു നദിയിൽ തീരെ ജലമില്ലാതേയും തോട്ടിൽ ജലമുള്ളതായും കാണ പ്പെട്ടു. അതുകൊണ്ടു തോട്ടിലെ വെള്ളം നദിയിലേക്കു നയിക്കേണ്ട ആവശ്യം നേരിട്ടു. ഇതിനു മൂന്നുമാസ കാലത്തോളം പതിനായിരം അസ്സീറിയാക്കാർ വേല ചെയ്യേണ്ടിയിരുന്നു. നദിയുടെ വേറൊരു ഭാഗത്തു തോടിനെ ഘടിപ്പിക്കുന്നപക്ഷം, മേല്പറഞ്ഞ മാതിരി കൂലിക്കാരെ ഏൎപ്പെടുത്തേണ്ട ആവശ്യം ഉണ്ടാകയി

ല്ലെന്നു കരുതി, ആ ഭാഗത്തുനിന്നും തോട്ട് ആരംഭി ക്കുന്നതിന് അദ്ദേഹമാജ്ഞാപിച്ചു. പ്രസ്തുത വേല തീൎന്നപ്പോൾ അദ്ദേഹം തോട്ടുവഴി അറേബിയായി ലേക്കു തിരിച്ചു. ആ ഭാഗത്ത് അലക്സാണ്ട്റിയ എന്നൊരു പട്ടണം സ്ഥാപിച്ച് അതിനു ചുററും കോട്ട കെട്ടി ഏതാനും യവനന്മാരെ അവിടെ പാൎപ്പിച്ചു. അതിൻെറ ശേഷം അദ്ദേഹം ബാബിലോണിൽ തിരി ച്ചെത്തി. പട്ടണത്തിൽ പ്രവേശിക്കുന്നതിനു മുൻപ്, ഒരു ദുശ്ശകുനം ഉണ്ടായി. അസ്സീറിയായിലെ രാജാക്ക ന്മാരെ അടക്കം ചെയ്തിട്ടുള്ള സ്ഥലത്തിനു സമീപം കൂടി കപ്പലിൽ യാത്ര ചെയ്യുമ്പോൾ, കാററിൻെറ ശക്തിമൂലം അദ്ദേഹത്തിൻെറ തൊപ്പി വെള്ളത്തിൽ വീണു. ഇതു് ഒരു ദുശ്ശകുനമായിരുന്നുവത്രെ. ഒരു ഫിനീ ഷ്യൻ കപ്പലോട്ടക്കാരൻ വെള്ളത്തിൽ ഇറങ്ങി നീന്തി തൊപ്പി കൈവശമാക്കി. ഇയാൾക്കു ഒരു ടാലൻറു സമ്മാനമായി അദ്ദേഹം കൊടുത്തു. ഈ കപ്പലോട്ട ക്കാരൻ അദ്ദേഹത്തിൻെറ പിൻഗാമികളിൽ അതിശ്രേ ഷ്ഠനായ സെല്യൂക്കസ്സ് ആയിരുന്നു.

അലക്സാണ്ടർ ഭാവിയെപ്പററി യാതൊരാശങ്കയുമി ല്ലാതെ മുറക്കു കാൎയ്യങ്ങൾ നടത്തിവന്നു. പുത്തനായി ആളുകളെ സൈന്യത്തിൽ ചേൎത്ത് അവൎക്കായിട്ടു ചി ല വിനോദങ്ങൾ ഏൎപ്പെടുത്തി. ഏതാനും ദിവസ ത്തേക്കു സൈനികകാൎയ്യങ്ങൾ അദ്ദേഹത്തിൻെറ ഗാഢ മായ ചിന്തക്കു വിഷയീഭവിച്ചു.

പിന്നേയും ദുൎന്നിമിത്തമുണ്ടായി. തന്മൂലം അല ക്സാണ്ടർ വളരെ വിഷമിച്ചു. ഒരു ദിവസം പന്തു കളി കഴിഞ്ഞു് അദ്ദേഹം കൊട്ടാരത്തിലേക്കു തിരിച്ചു

പോകുമ്പോൾ, രാജാവിൻെറ വസ്ത്രങ്ങളും കിരീടവും
ധരിച്ചു യാതൊന്നും സംസാരിക്കാതെ ഒരാൾ സിംഹാ
സനത്തിലിരിക്കുന്നതു തങ്ങൾ കണ്ടുവെന്നും, ആരാണെ
ന്നുള്ള ചോദ്യത്തിനു് അയാൾ കുറെ നേരം മൗനമായി
രുന്നുവെന്നും അദ്ദേഹത്തെ സേവകന്മാർ അറിയിച്ചു.
അയാൾ ആരാണെന്നു സേവകന്മാർ വീണ്ടും ചോദിച്ച
പ്പോൾ ആ അപരിചിതൻ അവരോടു് ഇങ്ങനെ പറ
ഞ്ഞു "ഞാൻ മെസീനിയദേശിയായ ഡയോണിഷ്യസു
ആകുന്നു. സെറാപിസു ദൈവം എന്നോടു് ആജ്ഞാ
പിച്ചതനുസരിച്ചാണു ഞാൻഇപ്രകാരംപ്രവർത്തിച്ചതു്".
ഈ വൃത്താന്തം അലക്സാണ്ടർക്കു കുണ്ഠിതത്തിനു കാര
ണമായിത്തീർന്നു. ആൻറിപേററരും അദ്ദേഹത്തി
ൻെറ പുത്രന്മാരേയും അലക്സാണ്ടർ തീരെ വിശ്വസി
ച്ചില്ല. പൗരസ്ത്യർ അദ്ദേഹത്തെ നമസ്കരിക്കുന്നഏർപ്പാ
ടിനെക്കുറിച്ചു കേട്ടപ്പോൾ, അദ്ദേഹത്തിൻെറ മുൻപിൽ
വെച്ചുതന്നെ ഹാസ്യമായി കസ്സാണ്ടർ ചിരിക്കയാണു
ചെയ്തതു്. ഇതിനു ശരിയായ ശിക്ഷ അദ്ദേഹം കസ്സാ
ണ്ടർക്കു നൽകി. പിന്നൊരിക്കൽ തൻെറ പിതാവി
നെപ്പററി രാജാവിനോടു ചിലർ കുററം പറയുന്നതി
നെക്കുറിച്ചു കസ്സാണ്ടർ അദ്ദേഹത്തോടു(അലക്സാണ്ടർ)
എതിർത്തു സംസാരിച്ചു. ഇതു് അദ്ദേഹത്തിനു തീരെ
രസിച്ചില്ല. അലക്സാണ്ടർ ഇങ്ങനെ പറഞ്ഞു. "നീ
എന്താണു സംസാരിക്കുന്നതു്? നിൻെറ അച്ഛൻ ഇവ
ർക്കു ദ്രോഹമൊന്നും ചെയ്തിട്ടില്ലെങ്കിൽ, എന്നോടു സങ്ക
ടം പറയാൻ അവർ ഇത്ര ദൂരം വരുമെന്നു നീ വിചാരി
ക്കുന്നോ?" ഇതിനു കസ്സാണ്ടരുടെ മറുപടി ഇപ്രകാരമാ
യിരുന്നു. "അവർ ഇത്ര ദൂരം വന്നതുതന്നെ അവർ പറ

യുന്നതു കളവാണെന്നുള്ളതിന് ഒരു തെളിവാണ്. എന്തുകൊണ്ടെന്നാൽ, അവർ പറയുന്നതിനെപ്പററി സൂക്ഷ്മമായി അറിയാവുന്നവർ വളരെ ദൂരെയാണല്ലൊ. ഉടൻ അലക്സാണ്ടർ ചിരിച്ചുംകൊണ്ടു് ഇങ്ങനെ അരുളിച്ചെയ്തു. "ഇതെല്ലാം അറിസ്റ്റാട്ടിലിൻെറ കുതക്കങ്ങൾപോലെ രണ്ടു വശത്തേക്കും പറയുന്നതാണ്. ഇവരെ നിൻെറ പിതാവു ദ്രോഹിച്ചിട്ടുണ്ടെങ്കിൽ, നീ പശ്ചാത്തപിക്കേണ്ടിവരും."

ഇപ്രകാരമുള്ള ഭീഷണികൾ മൂലം കസ്സാണ്ടർക്ക് അലക്സാണ്ടരെക്കുറിച്ച് വലിയഭയമായിരുന്നു. അനേകം വർഷങ്ങൾ കഴിഞ്ഞു കസ്സാണ്ടർ ഡെൽഫിയിൽ വെച്ച് അലക്സാണ്ടരുടെ പ്രതിമ കണ്ടപ്പോൾ, അദ്ദേഹം കുറെ നേരത്തേക്കു സ്തബ്ധനായി നിന്നുപോയത്രെ.

ഏതാനും ദിവസങ്ങൾ കഴിഞ്ഞു. ബി. സി. 323-ാമാണ്ടു ജൂൺ മാസം 1-ാനു- നിയാക്കസിനെ അഭിനന്ദിക്കാൻ അലക്സാണ്ടർ ഒരു വിരുന്നു നടത്തി. അതിൽ ചേർന്നവരെല്ലാം പാതിരാവരെ ഉല്ലാസമായി കഴിച്ചുകൂട്ടി. അതിൻെറശേഷം; തൻെറ ഉത്തമസ്നേഹിതനും തെസ്സാലിക്കാരനുമായ മീദിയസിൻെറ ക്ഷണമനുസരിച്ച്, അദ്ദേഹത്തിൻെറ (Medius) ഗൃഹത്തിൽ വേറൊരു വിരുന്നിന് അലക്സാണ്ടർ പോയി. അവിടെ പകലും രാത്രിയും വലിയ മേളത്തിൽ കഴിഞ്ഞു. അതു് അവസാനിച്ചപ്പോൾ, അലക്സാണ്ടർക്കു പനിയുടെ ഒരു ലാഞ്ഛനയുണ്ടായി. പതിവു പോലെയുള്ള യാഗാദികൾ നടത്തുന്നതിനു ജൂൺ 3-ാംനു- രാവിലെ അദ്ദേഹത്തിൻെറ ആളുകൾ അദ്ദേഹത്തിനെ ഒരു ശയ്യയിൽ എടുത്തുകൊണ്ടു പോയി. പിന്നെയും

സന്ധ്യ വരെ സഭ്യ നടന്ന സ്ഥലത്തു തന്നെ കിടന്നു. പിന്നീട് അദ്ദേഹം ഒരു തോട്ടത്തിൽ പണിചെയ്യിച്ചിരുന്ന മാളികയിലേക്കു കൊണ്ടുപോകപ്പെട്ടു. വലിയ പനിയായി അവിടെ ആറു ദിവസം (ജൂൺ 4-ാംനു-—9-ാംനു-) കിടന്നു. സ്ഥിതി ഇപ്രകാരമായിരുന്നുവെങ്കിലും, ദക്ഷിണദേശത്തേക്കുള്ള യുദ്ധയാത്രയെ സംബന്ധിച്ച് അദ്ദേഹം സേനാനായകന്മാരുമായി പര്യാലോചിച്ചുകൊണ്ടിരുന്നു. ജൂൺ 7-ാംനു- കാലാളും അടുത്ത ദിവസം അദ്ദേഹവും അവിടെനിന്നും തിരിക്കുന്നതിനുള്ള ഏർപ്പാടുകളെല്ലാം ചെയ്യുന്നതിനു് ആജ്ഞാപിച്ചു. ജൂൺ 5-ാംനു-യും പതിവുപോലെ അദ്ദേഹം സ്നാനം ചെയ്തു യാഗാദികൾ നടത്തി. പിന്നിട്ടു മീദിയസുമായി അല്പനേരം സംസാരിച്ചു. ഉദ്യോഗസ്ഥന്മാരെല്ലാം അടുത്ത ദിവസം പ്രഭാതത്തിൽ തന്നെ കാണണമെന്നു് അലക്സാണ്ടർ ചട്ടംകെട്ടി. സ്വല്പം ആഹാരം കഴിച്ചിട്ട് അദ്ദേഹം ശയിച്ചു. പനിമൂലം രാത്രി ശിവരാത്രിയായി കഴിഞ്ഞു. ജൂൺ 7-ാംനു-യും 8-ാംനു-യും ആ മഹാൻ പതിവുപോലെ സ്നാനം ചെയ്തു വിധിപ്രകാരം ബലികൾ നടത്തി. 9-ാംനു- വൈകിട്ടു പനി അല്പം കൂടുതലായി. 10-ാംനു- അദ്ദേഹം സ്നാനഘട്ടത്തിനു സമീപമുള്ള കൊട്ടാരത്തിലേക്കു കൊണ്ടുപോകപ്പെട്ടു. അവിടെ തന്റെ നിത്യകർമ്മങ്ങൾ തൃപ്തിയായും ഭംഗിയായും അനുഷ്ഠിക്കുന്നതിനുള്ള വേണ്ട ഏർപ്പാടുകൾ ചെയ്തിരുന്നു. 11-ാംനു- യാഗാദികൾ നടത്തുന്നതു കൂടി അദ്ദേഹത്തിനു കുറെ പ്രയാസമായിത്തോന്നി; എങ്കിലും, തന്റെ യുദ്ധയാത്രയെപ്പററി അദ്ദേഹം ചില നിർദ്ദേശങ്ങൾ നൽകി. പിറേറദിവസം അദ്ദേഹ

ത്തിനെ കൊട്ടാരത്തിൽ കൊണ്ടുപോയി. അലക്സാണ്ടരുടെ ആജ്ഞാനുസരണം, എല്ലാ ഉദ്യോഗസ്ഥന്മാരും അവിടെ സന്നിഹിതരായി. അവർ അവിടെ ഹാജരായതു ചക്രവർത്തി അറിഞ്ഞുവെങ്കിലും, അവരോടു സംഭാഷണം ചെയ്യുന്നതിനുള്ള ശക്തി അദ്ദേഹത്തിനില്ലായിരുന്നു. അലക്സാണ്ടർ സംസാരിക്കാൻ അശക്തനാണെന്നു മാസിഡോണിയാക്കാർ അറിഞ്ഞപ്പോൾ, അവർ കൊട്ടാരവാതുക്കൽ സമ്മേളിച്ച് അദ്ദേഹം കിടന്ന മുറിയിൽ പ്രവേശിക്കണമെന്നു ശഠിച്ചു. ആ പുരുഷകേസരി മരിച്ചുവെന്നായിരുന്നു അവരുടെ അറിവ്. അനുവാദപ്രകാരം അവർ അകത്തു നടന്നു. വളരെ പ്രയാസപ്പെട്ടാണെങ്കിലും അദ്ദേഹം തന്റെ തല അല്പം ഉയർത്തി അവരെ അഭിവന്ദനം ചെയ്തു. പൈത്തൻ, സെല്യൂക്കസ് എന്നീ മാന്യന്മാർ സെറാപിസ്ദേവാലയത്തിൽ ചെന്ന് അലക്സാണ്ടരെ അവിടെ കൊണ്ടുവരണമോയെന്ന് അവിടത്തെ അധിഷ്ഠാനദേവതയായ സെറാപീസിനോടു ചോദിച്ചു. അങ്ങനെ ചെയ്യിട്ടാവശ്യമില്ലെന്നായിരുന്നു മറുപടി. ബി. സി. 323-ാമാണ്ടു ജൂൺ മാസം 13-ാംനു- വൈകുന്നേരം അലക്സാണ്ടർ ഇഹലോകവാസം വെടിഞ്ഞു.

വിജിഗീഷുവായ അലക്സാണ്ടരുടെ മരണംമൂലം ചരിത്രത്തിലെ സംഭവങ്ങളുടെ ഗതി പ്രത്യക്ഷമാംവണ്ണം മാറി. പടിഞ്ഞാറെ ഏഷ്യ പിടിച്ചടക്കുന്നതിന് അദ്ദേഹത്തിനു പന്ത്രണ്ടു വർഷമേ വേണ്ടിവന്നുള്ളു. അദ്ദേഹം നടപ്പിൽ വരുത്താൻ ഇച്ഛിച്ച ഭരണപരിഷ്കാരത്തിലും, കല്പനാസാമർത്ഥ്യം, സൂക്ഷ്മാവലോകനശീലം, രൂപീകരണനൈപുണ്യം, ബുദ്ധിശക്തി, മുത

ലായവ പ്രതിബിംബിച്ചു കാണുന്നുണ്ടു്. പക്ഷേ, അദ്ദേഹം തന്നെയും അനേകവർഷം തീവ്രമായിയത്നിച്ചാൽ മാത്രമേ ആ പരിഷ്കാരങ്ങൾ വിജയപ്രദമാകുമായിരുന്നുള്ളു. അലക്സാണ്ടരുടെ മരണത്തോടുകൂടി അദ്ദേഹം വളരെ ആഗ്രഹിച്ച സംസ്ഥാനൈക്യം അസ്തമിച്ചു. സാമ്രാജ്യം ഛിന്നഭിന്നമായി. ഓരോഭാഗവും ഓരോ മാസിഡോണിയൻ ഭരിച്ചുവന്നു. ഈ ഭരണകർത്താക്കന്മാർ അലക്സാണ്ടരെപ്പോലെ ബുദ്ധിവൈഭവമുള്ളവരായിരുന്നില്ല. ആ ജയശാലിയുടെ ഒരു വ്യാഴവട്ടത്തെ ആക്രമണംമൂലം പൗരസ്ത്യരാജ്യങ്ങളിൽ റോമന്മാർക്കു് ഒരു സാമ്രാജ്യം സ്ഥാപിക്കുന്നതിനു സുകരമായിത്തീർന്നു. കൂടാതെ, സർവ്വജനീനമായ ഒരു മതത്തിന്റെ പ്രചരണത്തിനും ഇതു വളരെ സഹായിച്ചു. 9616

അലക്സാണ്ടരുടെ പൂർണ്ണമായ ഒരു ജീവചരിത്രമെഴുതുന്നതു് അത്ര എളുപ്പമല്ല. എന്തുകൊണ്ടെന്നാൽ, ആ മഹാന്റെ സഹചരന്മാരുടെ കുറിപ്പുകളിൽ അദ്ദേഹത്തിന്റെ യുദ്ധപരാക്രമങ്ങളെപ്പററിയല്ലാതെ ഭരണസമ്പ്രദായത്തെസംബന്ധിച്ചു യാതൊന്നും പറഞ്ഞു കാണുന്നില്ല. ഇതു് അവർ അദ്ദേഹത്തോടു കാണിച്ചിട്ടുള്ള മഹത്തായ ഒരപരാധമാണു്.

അലക്സാണ്ടർ അകാലമൃത്യു പ്രാപിച്ചില്ലായിരുന്നുവെങ്കിൽ അദ്ദേഹം പശ്ചിമദേശങ്ങൾ, സിസിലി, ഗ്രീസു, കാർത്തേജു, ഇററാലിയൻഉപദ്വീപു, ഗംഗാസമതലം, ഇവ സ്വാധീനപ്പെടുത്തുകയും അദ്ദേഹത്തിന്റെ നാനാവിധത്തിലുള്ള പ്രയത്നങ്ങളുടെ ഫലമായി, ഭൂമിശാസ്ത്രപരമായ പല അറിവുകളും നമുക്കു ലഭ്യമാകയും ചെയ്യുമായിരുന്നു. കൂടാതെ,

ഏഷ്യാഖണ്ഡത്തിലെ കിഴക്കും വടക്കുമുള്ള ഭാഗങ്ങൾ, കാസ്പിയൻ തടാകം, ഇന്ത്യയിലെ ദക്ഷിണാപഥം, ഇവയെപ്പററിയും അദ്ദേഹത്തിന്ന ചില വിവരങ്ങൾ കിട്ടുമായിരുന്നേനെ.

അലക്സാണ്ടരുടെ മരണം അപ്രതീക്ഷിതമായിരുന്നുവെങ്കിലും, അതു സാധാരണ രീതിയിലുള്ള ഒന്നായി നമുക്കു ഗണിക്കാം. അനേകം പുരുഷായസ്സുകൊണ്ടു മാത്രം നടത്തേണ്ട കൃത്യങ്ങൾ അദ്ദേഹം പതിമൂന്നു വർഷംകൊണ്ടു ചെയ്തുതീർത്തു. ഒരു സേനാനായകന്റെയും രാജ്യതന്ത്രജ്ഞന്റെയും കർത്തവ്യങ്ങൾ ചെയ്യുന്നതുകൊണ്ടുമാത്രം അദ്ദേഹം തൃപ്തിപ്പെട്ടിരുന്നുവെങ്കിൽ ഒരു പക്ഷേ അദ്ദേഹം കുറെക്കാലംകൂടി ജീവിച്ചിരുന്നേനെ. എന്നാൽ, അദ്ദേഹത്തിന്റെ രണശ്ശൂരത അദ്ദേഹത്തിന്ന ദോഷകരമായിത്തീൎന്നു. അദ്ദേഹത്തിന്റെ ശരീരത്തിൽ അനേകം മുറിവുകൾ ഉണ്ടായിരുന്നുവെന്നു മുൻപു പറഞ്ഞുവല്ലൊ. മുൾട്ടാനിൽവെച്ചു കിട്ടിയ മുറിവുകൾ ഭേദമായിട്ടില്ലായിരുന്നു. യുദ്ധങ്ങളിലും മദ്യസല്ക്കാരത്തിലും ഒരുപോലെ പങ്കുകൊണ്ടു് അദ്ദേഹം അല്പായസ്സായി പോകണമെന്നായിരുന്നു ഈശ്വരനിശ്ചയം.

അലക്സാണ്ടരെപ്പോലെ ഒരു മഹാനെ ചരിത്രഗ്രന്ഥങ്ങളിൽ കാണാൻ പ്രയാസമാണു്. അദ്ദേഹം വളരെ നേരത്തെതന്നെ ഭൂലോകത്തിൽ പകുതിയും സ്വാധീനമാക്കി ഒരു അജയ്യനായ സേനാനായകനായിത്തീൎന്നു. അങ്ങനെയിരിക്കുമ്പോഴാണു് ആ മഹാത്മാവു് ഇഹലോകവാസം വെടിഞ്ഞതു്. ബന്ധുക്കളും ശത്രുക്കളും ഒരുപോലെ മഹാനെന്നു വിചാരി

ക്കുന്ന അദ്ദേഹത്തെപ്പററി വിശ്വാസയോഗ്യങ്ങളായ രേഖകൾ കുറവാണെന്നുള്ളതു് അത്ഭുതമല്ലേ?. ജൂലിയസ്സ സീസർ (ബി. സി. 100_43) തന്റെ ജീവചരിത്രം കുറിച്ചിട്ടുണ്ടു്. പല മഹാന്മാരും പോമ്പിയസ്സിന്റെ ജീവചരിത്രം (ബി. സി. 106_48) എഴുതിയിട്ടുണ്ടു്. ഹാനിബാളിനെ (ബി. സി. 247_183) അദ്ദേഹത്തിന്റെ ശത്രുക്കൾ മനസ്സില്ലാ മനസ്സോടെങ്കിലും സ്തുതിച്ചിട്ടുണ്ടു്. എന്നാൽ നമ്മുടെ കഥാനായകനെ സംബന്ധിച്ചു നാം തീരെ കുറച്ചേ അറിയുന്നുള്ളു. ഇങ്ങനെയാണെങ്കിലും, ലോകത്തിനു ഗുണപ്രദമായ അനേക കാര്യങ്ങളെക്കുറിച്ചു അദ്ദേഹം പര്യാലോചിക്കയും അവയിൽ ചിലവ നടപ്പിൽ വരുത്തുകയും ചെയ്തുവെന്നതു വാസ്തവമാണു്. അദ്ദേഹത്തിന്റെ മഹത്തരങ്ങളായ പദ്ധതികൾ മൂലമാണു് അദ്ദേഹം മഹാൻ എന്നു് അറിയപ്പെടുന്നതു്.

അറിസ്റ്റോട്ടിൽ മുഖാന്തരം ലഭിച്ചവിഷം, തന്റെ മകനായ കസ്സാണ്ടർ മൂലം ആൻറിപേററർ ബാബിലോണിലേക്കയച്ചുവെന്നും, ആൻറിപേറററുടെഇളയപുത്രനും രാജാവിന്റെ പരിവേഷകനുമായ അയൊല്ലാസ്സു് അലക്സാണ്ടർക്കു് ഈ വിഷം കൊടുത്തുവെന്നും, അങ്ങനെയാണു് ആ മഹാൻ മരിച്ചതെന്നും, ഏതാനും കൊല്ലം കഴിഞ്ഞപ്പോൾ ഒരു കിംവദന്തിയുണ്ടായി. പ്രസ്തുത വിഷം ആർക്കേഡിയായിൽ നാനാക്രീസിലുള്ള ഒരു പാറയിൽ കാണപ്പെട്ടതാണെന്നും, അതു് അതിക്രൂരതയും ഉഗ്രവീര്യവുമുള്ളതായിരുന്നുവെന്നും, തന്നിമിത്തം അതിനെ കഴുതയുടെ കുളമ്പിലാണു സൂക്ഷിച്ചതെന്നും കുറിക്കപ്പെട്ടിരിക്കുന്നു. അലക്സാണ്ടരുടെ മരണം വിഷം മൂലമാണെന്നുള്ളതിൽ തീരെ ചുരുക്കംപേർക്കേ വിശ്വാ

സമുള്ള. മാസിഡോണിയായിലെ ശ്രേഷ്ഠന്മാരായ രാജാക്കന്മാർപോലും ചതിപ്രയോഗം മൂലം വധിക്കപ്പെട്ടിട്ടുണ്ട്. തങ്ങൾക്ക വല്ല ഗുണവും ലഭിക്കുമെന്നുള്ള വിചാരം തങ്ങളുടെ ഹൃദയത്തിൽ കടന്നുകൂടിയിരുന്നുവെങ്കിൽ, അലക്സാണ്ടരെ വധിക്കാൻ ആൻറിപ്പെററക്കോ അദ്ദേഹത്തിൻെറ പുത്രന്മാക്കോ മററുള്ളവക്കോ യാതൊരു മടിയും ഉണ്ടാകയില്ലായിരുന്നു. എന്തു കൊണ്ടെന്നാൽ, അക്കാലത്ത് ഇതെല്ലാം സവ്വസാധാരണമായിരുന്നു. ഇതു് എങ്ങനെയെങ്കിലുമിരിക്കട്ടെ. വിഷം മൂലമല്ല, മലമ്പനി മൂലമാണു്, അദ്ദേഹം മരിച്ചതെന്നു ആധുനികകാലത്തെ ഭിഷഗ്വരന്മാർ അഭിപ്രായപ്പെടുന്നു. അദ്ദേഹത്തിനു വിഷബാധയുണ്ടായിരുന്നുവെങ്കിൽ അദ്ദേഹത്തിൻെറ മൃതശരീരം ചീഞ്ഞുപോകാതെ ഒരാഴ്ചവട്ടകാലം ഇരിക്കയില്ലായിരുന്നു.

അലക്സാണ്ടരുടെ ഇച്ഛാനുസരണം ടോളമി മൃതശരീരത്തെ ഈജിപ്തിലേക്ക കൊണ്ടുചെന്നു് അദ്ദേഹം (അലക്സാണ്ടർ) സ്ഥാപിച്ച അലക്സാണ്ഡ്റിയാപട്ടണത്തിൽ അതിനെ സംസ്കരിച്ചു. മരണശയ്യയിൽ കിടന്ന അലക്സാണ്ടരോടു്, അദ്ദേഹത്തിൻെറ മരണാനന്തരം ചെങ്കോൽ ആരെയാണു് ഏൽപ്പിക്കേണ്ടിയതെന്നു് അദ്ദേഹത്തിൻെറ സഹചരന്മാർ ചോദിച്ചപ്പോൾ, 'സവ്വഥാ യോഗ്യനായ ഒരുവനു്', എന്നു് അദ്ദേഹം മറുപടി പറഞ്ഞതായി ഐതിഹ്യത്തിൽ കാണുന്നു. അദ്ദേഹത്തിൻെറ അംഗുലീയം അദ്ദേഹം പെർഡിക്കാസിനു കൊടുത്തു. തൻെറ മരണാനന്തരം, രാജസ്ഥാനങ്ങൾക്ക തൻെറ ഉദ്യോഗസ്ഥന്മാർ തമ്മിൽ മത്സരമുണ്ടാകുമെന്നു് അലക്സാണ്ടക്കു് അറിയാമായിരുന്നു.

## അദ്ധ്യായം ൧൩.

## അലക്സാണ്ടരുടെ സ്വഭാവവും ചരിത്രത്തിൽ അദ്ദേഹത്തിനുള്ള സ്ഥാനവും.

ഒരു വലിയ "ഇമാത്ത്യൻ" ആക്രാമകൻ എന്നു മിൽട്ടൺ അലക്സാണ്ടരെക്കുറിച്ചു പറഞ്ഞിട്ടുള്ളതു കൊണ്ടു വാസ്തവത്തിൽ അദ്ദേഹത്തിനുള്ള യോഗ്യതയെ ആ മഹാകവി മറച്ചുവെക്കയാണു ചെയ്തിട്ടുള്ളതു്. അലക്സാണ്ടരെ മഹാന്മാരായ സേനാപതികളിലൊരുവനായി വിചാരിച്ച നെപ്പോളിയൻബോണപ്പാർട്ടുപോലും ആ മഹാകവിയുടെ അഭിപ്രായത്തോടു ചേരുന്നുണ്ടു്. യവനപുരാണകഥയനുസരിച്ചു ടൈററൻ (Titan), അരോറ (Aurora), ഇവരുടെ പുത്രനായി ഗണിച്ചുവന്ന ഇമാത്തിയൻ ആണു് ഇമാത്തിയ എന്ന രാജ്യം ആദ്യകാലത്തു ഭരിച്ചതു്. ഇതിൽ, തെക്കു് ഒലിമ്പസ്സ്ശൃംഗം വരെയുള്ള തെസ്സാലി, മാസിഡോൺ, എന്നീ ദേശങ്ങൾ ഉൾപ്പെട്ടിരുന്നു.

ചൈനായെപ്പററി ആദ്യമായി അറിഞ്ഞ വിദേശി മാർക്കോപോളൊ (Marcopolo) ആയിരുന്നതുപോലെ, ഇന്ത്യയെപ്പററി ആദ്യമായി അറിഞ്ഞ യൂറോപ്യനാണു് അലക്സാണ്ടർ. ഇന്ത്യാചരിത്രത്തിൽ പുരാതനകാലത്തെ സുനിശ്ചിതമായ ഒരു വർഷമാണു് അലക്സാണ്ടരുടെ ഇന്ത്യാആക്രമണം. പ്രസിദ്ധസേനാനായകനു,

പ്രകൃഷ്ടഗവേഷകൻ, എന്നീ സ്ഥാനങ്ങൾക്ക് അദ്ദേഹത്തിന് അപ്രതിഷേധ്യമായ അവകാശമുണ്ട്.

പേർഷ്യയെക്കുറിച്ചു മാത്രമെ ഗ്രീക്കുകാർക്കു അറിയാമായിരുന്നുള്ളു. എന്നാൽ, രണ്ടു ഖണ്ഡങ്ങളുടെ ഭരണകർത്താവായിരുന്നു അലക്സാണ്ടർ. പക്ഷെ സ്വല്പ കാലത്തേക്കു മാത്രമെ ആ സ്ഥിതിയിലിരിക്കുന്നതിന് അദ്ദേഹത്തിനു സാധിച്ചുള്ളു. അദ്ദേഹം അനേകം പട്ടണങ്ങൾ സ്ഥാപിക്കയും അവിടെ യവനന്മാർ കുടികയറിപ്പാർക്കയും, തന്മൂലം അവരുടെ പരിഷ്കാരം മററു ജാതിക്കാരുടെയിടയിൽ പ്രചരിക്കയും ചെയ്തു. വാണിജ്യാഭിവൃദ്ധിക്കുവേണ്ടി അദ്ദേഹം പലവഴികളും കണ്ടുപിടിച്ചു. അദ്ദേഹത്തെപ്പോലെ ഒരു ഭരണതന്ത്രജ്ഞൻ അക്കാലത്തുണ്ടായിരുന്നില്ല. അദ്ദേഹം സ്ഥാപിച്ച പട്ടണങ്ങൾ അധികകാലം നിലനിന്നില്ലെങ്കിലും ഇന്ത്യാക്കാരും ചീനന്മാരും ഗ്രീക്കുകാരുടെ കലകളെ അനുകരിക്കയും, തന്നിമിത്തം ഗ്രീക്കൊബാക്ററ്റിയൻ കലക്ക് അതിൻെറ വിലക്ഷണഗുണങ്ങൾ സിദ്ധിക്കയും ചെയ്തു. കൂടാതെ, അലക്സാണ്ടരുടെ ആക്രമണം ഹേതുവായി യവനസാഹിത്യവും ശാസ്ത്രവും ഹിന്ദുമതത്തിൽ ചില ഭേദഗതികൾ വരുത്തുന്നതിന്നിടയായി.

അലക്സാണ്ടർ സർവ്വത്ര വിജയശ്രീലാളിതനായിത്തീർന്നുവെന്നുള്ളതു പരമാർത്ഥം തന്നെയെങ്കിലും, അദ്ദേഹത്തിൻെറ പിതാവായ ഫിലിപ്പിൻെറ ശ്രമം മൂലമാണ് അലക്സാണ്ടർക്കു ദിഗ്ജയം ലഭിക്കാനിടയായതെന്നു നാം ഓർക്കേണ്ടതാകുന്നു.

റോമൻ ചക്രവർത്തിയായ ഹേഡ്രിയൻെറ കാലത്തായിരുന്നു അലക്സാണ്ടരെക്കുറിച്ച് ആര്യൻ എഴുതി

യത്ത്. അദ്ദേഹ(അലക്സാണ്ടർ)ത്തെപ്പററി ആക്ഷേപകരമായും നിസ്സാരമായും ചിലർ പറഞ്ഞതു് അയ്യന തീരെ രസിച്ചില്ല. അയ്യൻ ഇങ്ങനെ എഴുതിയിരിക്കുന്നു "അലക്സാണ്ടരെക്കുറിച്ചു് ദോഷാരോപണം ചെയ്യുന്നവർ അതിനുള്ള തെളിവുകൾ കാണിച്ചതിൻെറ ശേഷം, താൻ എങ്ങനെയുള്ള ഒരാളാണെന്നു് അല്പം ചിന്തിച്ചു നോക്കട്ടെ. അലക്സാണ്ടർ രണ്ടു ഖണ്ഡങ്ങളുടെ രാജാവായിരുന്നുവെന്നും, അദ്ദേഹത്തിൻെറ ഖ്യാതി ലോകം മുഴുവനും വ്യാപിച്ചുവെന്നും അയാൾ ഓൎമ്മിക്കണം. ഇതെല്ലാം മനസ്സിൽ വെച്ചുകൊണ്ടു്, ആ ദോഷൈകദൃക് തൻെറ അജ്ഞതയേയും വൈകല്യങ്ങളേയുംപ്പററി പൎയ്യാലോചിക്കട്ടെ. അപ്പോൾ അലക്സാണ്ടരെപ്പോലെയുള്ള ഒരു മഹാനെ കുററപ്പെടുത്തുന്നതിനുള്ള യോഗ്യത തനിക്കില്ലെന്നു് അയാൾക്കു ബോധപ്പെടും. അലക്സാണ്ടരുടെ കാലത്തു് അദ്ദേഹത്തോടു സാദൃശ്യപ്പെടുത്തത്തക്ക ഒരു വ്യക്തിയുമില്ലായിരുന്നു. അദ്ദേഹത്തിനു് ഏതോ ചില ദൈവികശക്തിയുണ്ടായിരുന്നുവെന്നതു് നിസ്സന്ദേഹമാണു്"

സുപ്രസിദ്ധ ചരിത്രകാരനായ സർവാൾട്ടർറാലെ (Sir Walter Raleigh) അലക്സാണ്ടരെക്കുറിച്ചു പറയുന്നതു നോക്കുക "നിശ്ചയമായും, ഈ രാജാവിൻെറ പ്രവൃത്തികളെല്ലാം അത്ഭുതകരങ്ങളും അനന്യസാദ്ധ്യങ്ങളുമാണു്. ലസ്സർ ഏഷ്യാ മുഴുവൻ പിടിച്ചടക്കാൻ ഉദ്ദേശിച്ച അദ്ദേഹത്തിൻെറ പിതാവു് അതിൻെറ ഏതെങ്കിലുമൊരുഭാഗം സ്വായത്തമാക്കുമായിരുന്നിരിക്കാമെന്നല്ലാതെ, അലക്സാണ്ടരെപ്പോലെ ബിയാസ്നദിവരെയുള്ള സ്ഥലം കരസ്ഥമാക്കുകയില്ലായിരുന്നു."

ലോകത്തിലെ സുപ്രസിദ്ധന്മാരായ ഏഴു സേനാധിപതികളിൽ ഒരാളായിട്ടാണു് നെപ്പോളിയൻ അലക്സാണ്ടരെ ഗണിച്ചതു്. അദ്ദേഹത്തിൻെറ യുദ്ധസമ്പ്രദായം മററുള്ളവൎക്കു അനുകരണീയമായിരുന്നുവെന്നും ആ മഹാൻെറ മരണം മുതൽ നാളതുവരെ നാനാജാതിമതസ്ഥർ അദ്ദേഹത്തോടു കാണിച്ചുവരുന്ന ഭക്തി ബഹുമാനാദരങ്ങൾക്കു് അദ്ദേഹം സർവ്വഥാ അർഹനാണെന്നും നെപ്പോളിയൻ കുറിച്ചിട്ടുണ്ടു്.

കൌണ്ടുമോന്തൊലൻ (Count Montholon) അലക്സാണ്ടരുടെ ആക്രമണത്തെപ്പററി ഇപ്രകാരം ഭംഗിയായി പ്രസ്താവിച്ചിരിക്കുന്നു. "നാല്പതിനായിരം സൈന്യ(ഇതിൽ എട്ടിലൊന്നു കുതിരപ്പടയായിരുന്നു) ത്തോടുകൂടി ബി സി 334-ാമാണ്ടു് അലക്സാണ്ടർ ഡാർഡനെൽസ്സ്യയാജകജലം തരണം ചെയ്തു. ഡേറിയസിനു വേണ്ടി യുദ്ധത്തിനു തയാറായി നിന്ന മെമ്നൻ എന്ന ഗ്രീക്കുകാരനെ തോല്പിച്ചു; ഗ്രൈനെക്കസ്സനദി കടന്നു് ഏഷ്യാമൈനറിൽ തൻെറ ശക്തി സ്ഥാപിക്കുന്നതിനു് ഒരു വർഷം (ബി സി. 333) അദ്ദേഹം ചെലവാക്കി. കരിങ്കടൽ, മദ്ധ്യധരണിക്കടൽ, എന്നീ കടലുകളുടെ തീരങ്ങളിലും സ്മൎണ്ണ, എഫീസസ്സ, ടാഴ്സസ, സ്സ, മിലററസ്സ, എന്നീ പട്ടണങ്ങളിലും താമസിച്ചിരുന്ന യവനന്മാർ അലക്സാണ്ടരുടെ മിത്രങ്ങളായി വൎത്തിച്ചു. പേർഷ്യയിലെ പ്രവിശ്യകളും പട്ടണങ്ങളും മുൻപു നടപ്പിലിരുന്ന ചട്ടങ്ങൾ അനുസരിച്ചാണു ഭരിക്കപ്പെട്ടുവന്നതു്. പേർഷ്യൻസാമ്രാജ്യത്തിൽ ഒരു ജാതീയബോധമുണ്ടായിരുന്നില്ല. ഇതു് അലക്സാണ്ടൎക്കു് ഒരു വലിയ അനുഗ്രഹമായിത്തീൎന്നു. അദ്ദേഹം

ഡേറിയസിന്റെ സിംഹാസനം മാത്രമെ ഇച്ഛിച്ചുള്ളു. പേർഷ്യാക്കാരുടെ ആചാരങ്ങളിലും നടപടികളിലും അദ്ദേഹം യാതൊരു ഭേദഗതിയും വരുത്തിയില്ല. തന്നിമിത്തം ജനങ്ങൾക്കു വിഷമമൊന്നും നേരിട്ടില്ല.

“സൈലീഷ്യപ്രവിശ്യയിൽ ഇസ്സസ്സ നദിയുടെ തീരത്തു ടാഴ്സസിനു സമീപം യുദ്ധത്തിനു തയാറായി നിന്ന ഡേറിയസിനേയും അദ്ദേഹത്തിന്റെ 60,000 ഭടന്മാരേയും അലക്സാണ്ടർ പരാജയപ്പെടുത്തിയിട്ടു സിറിയായിൽ പ്രവേശിച്ചു. ഡേറിയസു തന്റെ സകല സ്വത്തുക്കളും സൂക്ഷിച്ചുവെച്ചിരുന്ന ഡമാസ്കസ് എന്ന പട്ടണം സ്വാധീനപ്പെടുത്തിയതിന്റെ ശേഷം അദ്ദേഹം ടയർ നിരോധിച്ചു. ഈ നിരോധം ഒൻപതുമാസം നിലനിന്നു. പിന്നീടു ഗാസാ കൈവശപ്പെടുത്തി. ഇതിനു രണ്ടു മാസം വേണ്ടിവന്നു. ഏഴുദിവസം യാത്ര ചെയ്തു പെലൂസ്യത്തിലും പിന്നീടു മെംഫിസിലും എത്തി. അലക്സാണ്ഡ്റിയ എന്നപട്ടണം സ്ഥാപിച്ചു. രണ്ടു വർഷത്തിനിടയിൽ, രണ്ടു യുദ്ധങ്ങളുടേയും നാലഞ്ചു നിരോധനങ്ങളുടേയും ഫലമായി ഫേസിസു മുതൽ ബൈസാൻഷ്യംവരെയുള്ള കരിങ്കടലിന്റേയും അലക്സാണ്ഡ്റിയവരെയുള്ള മെഡിറ്ററേനിയൻസമുദ്രത്തിന്റേയും തീരങ്ങളും, ഏഷ്യാമൈനർ, സിറിയ, ഈജിപ്റ്റ്, എന്നീ രാജ്യങ്ങളും അലക്സാണ്ടർ കരസ്ഥമാക്കി.

“ബി. സി. 331-ാമാണ്ടു് അലക്സാണ്ടർ വീണ്ടും മണലാരണ്യം കടന്നു ടയറിൽ കുറേക്കാലം പാളയമടിച്ചു. ഡമാസ്കസിൽ പിന്നെയും എത്തി. യൂഫ്രെറ്റീസു, ടൈഗ്രീസ്, എന്നീ നദികൾ കടന്നു. അര

ബേലായിൽവെച്ച ദേരിയസിനേയും അദ്ദേഹത്തിൻെറ ഒരു വലിയ സൈന്യത്തേയും അലക്സാണ്ടർ തോല്പിച്ചു. ബാബിലോൺ അദ്ദേഹത്തിൻെറ കൈയിലായി. ബി. സി. 330-ൽ സൂസാ ആക്രമിച്ചു. പാസാർഗാദ കൈവശപ്പെടുത്തി. ബി. സി. 329-ൽ ഉത്തരദിക്കുകളിലേക്കു തിരിച്ചു; എക്ബട്ടാനായിലെത്തി. കാസ്പിയൻ തടാകം വരെ ആക്രമിച്ചു. ദേരിയസിൻെറ ഘാതകനായ ബസ്സസിനു ശരിയായ ശിക്ഷ നൽകി; സിത്തിയന്മാരെ തോല്പിച്ചു. 328-ൽ ഓക്സസ്സ നദിക്കു സമീപമുണ്ടായിരുന്ന ജനങ്ങളെ കീഴ്പെടുത്തി. 327-ാമാണ്ടു പോറസിനെ തോല്പിച്ചു; പക്ഷെ, അദ്ദേഹത്തിനു രാജ്യം തിരിച്ചുകൊടുത്തു പിന്നീടു ഗംഗാ നദീതടത്തേക്കു പോകാൻ ശ്രമിച്ചു; എന്നാൽ, സൈന്യം നിരസിച്ചു. 326-ാമാണ്ടു സിന്ധുനദിയിൽക്കൂടി കപ്പലിൽ സ്വദേശത്തേക്കു തിരിച്ചു: ആ നദീമുഖത്തിറങ്ങി. 325-ൽ യൂഫ്രേററീസ്സനദി വരെ നിയാക്കസിനേയും മററും കപ്പലിൽ അയച്ചു. താനും കുറെ സൈന്യവും കരമാൎഗ്ഗം സഞ്ചരിച്ചു. ഗഡ്രോസിയാ കടന്നു കാരമ്നായിൽ പ്രവേശിച്ചു യാത്ര തുടൎന്നു സൂസായിലെത്തി. ദേരിയസിൻെറ പുത്രിയായ സ്ലാററയിറായെ വിവാഹം ചെയ്തു. 324-ാമാണ്ട് ഉത്തരദേശങ്ങളിൽ പിന്നെയും സഞ്ചരിച്ചു. ബാബിലോണിൽ ചെന്നുചേൎന്നു. അചിരേണ അവിടെ വെച്ചു മരിച്ചു."

അലക്സാണ്ടരുടെ ഗുണഗണങ്ങളെപ്പററി അയ്യർ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു. "അദ്ദേഹം അനന്യസാധാരണമായ അങ്ഗലാവണ്യമുള്ളവനും ധീരനും സ്വകൃത്യനിൎവ്വഹണത്തിൽ അതിതല്പരനും ഈശ്വ

രക്തിയുള്ളവനമായിരുന്നു. ആപൽഘട്ടങ്ങളിൽപോലും അദ്ദേഹം അശേഷം അധൈര്യം പ്രദർശിപ്പിച്ചില്ല. അദ്ദേഹത്തെപ്പോലെ ആത്മസംയമനമുള്ള ഒരാളിനെ കാണുന്നതു പ്രയാസം. ഒററ നോട്ടത്തിൽ സ്ഥിതിഗതികൾ അറിയുന്നതിനുള്ള ശക്തിയും അദ്ദേഹത്തിനുണ്ടായിരുന്നു. സൈന്യത്തെ അണികളായി നിരത്തുന്നതിലും നയിക്കുന്നതിലും ഏതു വിഷമഘട്ടത്തിലും ഭടന്മാരെ ധൈര്യവാന്മാരാക്കിത്തീക്കുന്നതിലും അദ്ദേഹത്തിനുള്ള സാമത്ഥ്യം ആരേയും ആശ്ചര്യപരതന്ത്രരാക്കിത്തീക്കുന്നതാണു്. സാഹസികൃം മൂലം ചിലപ്പോൾ അദ്ദേഹം ചില തെററുകൾ പ്രവത്തിക്കാതിരുന്നിട്ടില്ല. അദ്ദേഹത്തിൻെറ യൗവ്വനം, യുദ്ധങ്ങളിൽ ലഭിച്ച വിജയം, ദുർമ്മന്ത്രികളുടെ ഉപദേശം, മുതലായവയായിരുന്നു ഇതിനു കാരണങ്ങൾ. പശ്ചാത്തപിക്കുന്നതു് അലക്സാണ്ടരുടെ ഒരു വിലക്ഷണഗുണമായിരുന്നു. പുരാതനകാലത്തെ വേറൊരു രാജാവും (അശോകവദ്ധനനൊഴിച്ചു) അനുതപിച്ചതായി അറിവില്ല. പ്രജകൾ തന്നോടു കൂടുതൽ ഭക്തിയും വിശ്വാസവും കാണിക്കുന്നതിനു മാത്രമായിരുന്നു താൻ അമ്മൺൻെറ പുത്രനാണെന്നു ഘോഷിച്ചതു്...പേർഷ്യാക്കാരുടെ വസ്ത്രധാരണരീതി അദ്ദേഹം സ്വീകരിച്ചതു് അവരുടെ സ്നേഹാദരങ്ങൾ സമ്പാദിക്കുന്നതിനായിരുന്നു. അലക്സാണ്ടരെക്കുറിച്ചു ചിലർ കുററം പറയുന്നതു് ആലോചനക്കുറവു കൊണ്ടായിരിക്കാനാണെളുപ്പം."

എന്നാൽ, "യുദ്ധംമൂലം അന്യരാജ്യക്കാരെ ഉപദ്രവിച്ചതിനുള്ള അലക്സാണ്ടരുടെ സമാധാനമെന്തായിരുന്നു", എന്ന ചോദ്യത്തിനു് ഉത്തരമായി അയ്യൻെറ വൃത്താ

ന്നുകുറിപ്പിൽ ഒന്നും കാണുന്നില്ല. അലക്സാണ്ടർ നീചനായ ഒരു കൊള്ളക്കാരനായിരുന്നുവെന്നു ചിലർ അഭിപ്രായപ്പെടുന്നു. അദ്ദേഹം ഏഷ്യാ ആക്രമിച്ചതും ഗ്രീസു സ്വാധീനപ്പെടുത്തിയതും ന്യായമായില്ലെന്നു പലരും വിചാരിച്ചു. അദ്ദേഹത്തിന്റെ മാഹാത്മ്യത്തേയും ഹൃദയവിശാലതയേയും പററി ആദ്യം പ്രസ്താവിച്ചതു ഫ്രീമാൻ എന്ന മഹാനാണ്. ഇതു 1857-ൽ ആയിരുന്നു. എന്നാൽ 19-ാം ശതകത്തിന്റെ അന്ത്യപാദം മുതലാണ് അലക്സാണ്ടരെ ഒരു മഹാനായും രാജ്യതന്ത്രജ്ഞനായും ജനങ്ങൾ ഗണിച്ചു തുടങ്ങിയതു്. അദ്ദേഹത്തിന്റെ പ്രവൃത്തികളുടെ ഉദ്ദേശം ശരിയായി മനസ്സിലാക്കുന്ന ആരും അദ്ദേഹത്തെ അപലപിക്കയില്ല. അവിചാരിതമായ മരണംമൂലം അദ്ദേഹത്തിന്റെ ഉദ്ദേശം സാധിച്ചില്ലെന്നേയുള്ളു. ഗ്രീസും പേർഷ്യായും അലക്സാണ്ടർ പിടിച്ചടക്കിയതു മാസിഡോണിയായുടെ പ്രാബല്യത്തിനും രക്ഷക്കുമായിരുന്നുവെന്നുള്ളതു വാസ്തവമായിരിക്കണം.

സംഭവങ്ങളുടെ സ്ഥിതിഗതികൾ മനസ്സിലാക്കുന്നതിനുള്ള ശക്തി സാധാരണ ജനങ്ങൾക്കുള്ളതിൽ വളരെ കൂടുതലായി അലക്സാണ്ടർക്കുണ്ടായിരുന്നു. മററുള്ളവരെപ്പോലെയല്ല അദ്ദേഹം പേർഷ്യൻഭടന്മാരെ ഗണിച്ചതു്. തന്റെ പേർഷ്യൻ ആക്രമണാനന്തരം യുദ്ധത്തിൽ ദീർഘകാലത്തെ പരിചയമുള്ള മാസിഡോണിയാക്കാർക്കു പകരം ഏഷ്യാക്കാരെ നിയമിക്കയും, അവർ മാസിഡോണിയാക്കാരോടു കിടപിടിക്കുന്നവരാണെന്നു് അദ്ദേഹം തുറന്നുപറകയും ചെയ്തു. ഉത്തമരീതിയിലുള്ള പരിശീലനം മാത്രമേ അവക്കു വേണ്ടി

യിരുന്നുള്ളൂ. സൈറസിനേയോ ഡേറിയസിനേയോ പോലെ ഒരാൾ പേർഷ്യയിലെ ചക്രവർത്തിയായിത്തീന്നാൽ, മാസിഡോണിയായും ഗ്രീസും അദ്ദേഹത്തിൻെറ അധീനതയിലായിത്തീരുമെന്നു ഫിലിപ്പും അലക്സാണ്ടരും അറിഞ്ഞിരുന്നു. വിദേശീയരുടെ ആക്രമണത്താൽ ഗ്രീസിനേക്കാൾ കൂടുതൽ നാശം മാസിഡോണിയാക്കാണുണ്ടായതു്. മാരത്താൺ, സലാമിസ്, എന്നീ യുദ്ധങ്ങളിൽവെച്ചു ഡേറിയസിനേയും സെർക്സസിനേയും ഗ്രീക്കുകാർ തോല്പിച്ചുവെങ്കിലും, യാതൊരു വിഷമവും കൂടാതെ മാസിഡോണിയാക്കാർ ഗ്രീസിനെ പിടിച്ചടക്കിയതിൽനിന്നും അതിൻെറ ശക്തി ക്രമേണ ക്ഷയിച്ചുവരികയായിരുന്നുവെന്നു നമുക്കു് ഊഹിക്കാമല്ലോ. ആഭ്യന്തരകലഹം, ഉത്തമനായകൻെറ അഭാവം, ഇവമൂലം ശക്തിക്ഷയിച്ചിരുന്ന പേർഷ്യാക്കാർ ഗ്രീസിനെ ആക്രമിച്ചില്ലെങ്കിലും കെൽററുകൾ നിശ്ചയമായും ഗ്രീസിൽ കടക്കുമായിരുന്നു. ഫിലിപ്പിൻെറയും അലക്സാണ്ടരുടേയും ശ്രമങ്ങൾ നിമിത്തമാണു കെൽററുകളുടെ ഉദ്ദേശം സാധിക്കാഞ്ഞതു്.

ഗ്രീസിലെ നഗരരാഷ്ട്ര ഏർപ്പാടിനേയും അതോടുകൂടി ഗ്രീക്കുകാരുടെ ജീവിതാദർശത്തേയും മാസിഡോണിയാക്കാർ ഇല്ലാതാക്കിയെന്നു പറയുന്നതിൻെറ യഥാർത്ഥ്യത്തെപ്പററി നമുക്കു ചിന്തിക്കാം. അതീനിയന്മാർ രണ്ടുപ്രാവശ്യം സാമ്രാജ്യം സ്ഥാപിച്ചതുതന്നെ നഗരരാഷ്ട്രഏർപ്പാടിനു ഹാനികരമായിരുന്നു. ഇതു കൂടാതെ വ്യക്തിയുടെ സ്വാതന്ത്ര്യത്തിനു ഹാനി തട്ടത്തക്ക സംയുക്തഭരണം ഗ്രീസിലെ മററു പട്ടണങ്ങളിലുമുണ്ടാ

യിരുന്നു. അതീനിയൻസാമ്രാജ്യം നില നിൽക്കുന്നതിനും വേണ്ടിവന്നാൽ അതിലുൾപ്പെട്ട മറു രാജ്യക്കാരോട് അനീതിയായിട്ടു പെരുമാറുന്നതിനും വിരോധമില്ലെന്ന് ആതൻസിന്റെ പ്രാബല്യകാലത്തിലെ പ്രധാനമന്ത്രിയായ പെറിക്ലിസു അഭിപ്രായപ്പെട്ടു. ഇതിനുംപുറമെ, അതീനിയന്മാർ സ്ഥാപിച്ച പ്രജാധിപത്യഭരണം തന്നെ അവിടത്തെ പൌരന്മാക്കു രുചിച്ചില്ല. ഫിലിപ്പിന്റെയും അലക്സാണ്ടരുടെയും കാലത്തെ ഗ്രീക്കപൌരന്മാർപോലും അവരുടെ മുൻഗാമികളേക്കാൾ മോശക്കാരായിരുന്നു. അതുകൊണ്ടു, ഗ്രീസിന്റെ നാശത്തിനുള്ള ഗതിയെ മാസിഡോണിയായിലെ രാജാവ് ഒന്നു ദ്രുതതരമാക്കിയതേയുള്ളു.

ഫിലിപ്പും അലക്സാണ്ടരും മാസിഡോണിയാക്കാരുടെ ശക്തിയെ വദ്ധിപ്പിച്ചതിനാൽ അവൎക്കു ഗ്രീസിനെ അപരിഷ്കൃത ജാതിക്കാരിൽ നിന്നും രക്ഷിക്കാൻ സാധിച്ചു. ഒരു സവ്വദേശാഭിമാനിയുടെ നിലയിലായിരുന്നു അലക്സാണ്ടർ വത്തിച്ചുവന്നതു്. പാശ്ചാത്യരേയും പൌരസ്ത്യരേയും യോജിപ്പിക്കുന്നതിനുള്ള അദ്ദേഹത്തിന്റെ ശ്രമങ്ങൾ വിഫലങ്ങളായിയെന്നു പറയാൻ വഹിയാ. അദ്ദേഹത്തിന്റെ പര്യടനം മൂലമാണു പുരാതനകാലത്തെ ക്രൈസ്തവസാഹിത്യത്തിൽ യവനാശയം കടന്നുകൂടിയതും ക്രിസ്തുമതം കൂടുതൽ പ്രചാരത്തിൽ വന്നതും.

ഇനിയും നമുക്കു് അലക്സാണ്ടരുടെ ദിനചയ്യ, സ്വഭാവം, എന്നിവയെക്കുറിച്ചു പഠിക്കാം.

അലക്സാണ്ടരുടെ ദിനചയ്യയെപ്പററി അറിഞ്ഞിരിക്കേണ്ടതാണു്. അദ്ദേഹം മിതമായിട്ടേ ഭക്ഷി

ണം കഴിച്ചുവനല്ല. ഇതിന പല തെളിവുകൾ ഉണ്ടു്. തന്റെ മാതാവിന തുല്യമായി താൻ ഗണിച്ച ആഡാ എന്ന അങ്ങ്ഗനാരത്നത്തോടു് അദ്ദേഹം പറഞ്ഞിട്ടുള്ളതു് ഇവിടെ സ്മൎത്തവ്യമാണു്. അദ്ദേഹത്തോടുള്ള സ്നേഹബഹുമാനാദികൾ മൂലം ദിവസംതോറും വിവിധങ്ങളായ ഉപദംശങ്ങളും പലഹാരങ്ങളും ആ മഹിള അദ്ദേഹത്തിന നല്കിവന്നു. കൂടാതെ, ഏതാനും നിപുണന്മാരായ പാചകന്മാരെ അയച്ചുകൊടുക്കയും ചെയ്തു. തന്റെ ഗുരുവായ ലിയോണിദാസു തനിക്ക കൂടുതൽ യോഗ്യതയുള്ള പാചകന്മാരെ തന്നിട്ടുണ്ടെന്നും, ആവശ്യത്തിൽ കൂടുതലായി യാതൊന്നും വെച്ചുകൊള്ളുന്നതിന് അദ്ദേഹം സമ്മതിക്കയില്ലെന്നും കാണിക്കുന്ന ഒരു ലിഖിതത്തോടു കൂടി അദ്ദേഹം അവരെ തിരിച്ചയച്ചു.

മധുരപലഹാരങ്ങളിൽ അലക്സാണ്ടർ പ്രതിപത്തി കാണിച്ചില്ല. വിദൂരവിദേശങ്ങളിൽ നിന്നും സമുദ്രങ്ങളിൽനിന്നും വിലപിടിച്ച ഫലങ്ങളും മത്സ്യങ്ങളും അദ്ദേഹത്തിന മുറക്ക വന്നുകൊണ്ടിരുന്നു. മിക്കവാറും ഇതെല്ലാം അദ്ദേഹം തന്റെ സ്നേഹിതന്മാൎക്ക കൊടുക്കുകയായിരുന്നുപതിവു്. ഒരു സദ്യക്കു് അദ്ദേഹം ചെലവാക്കി വന്നതു പതിനായിരം ഡ്രാക്കു്മാ ആയിരുന്നുവത്രെ.

വീഞ്ഞു് ഉപയോഗിക്കുന്നതിലും അലക്സാണ്ടൎക്കു് അത്ര അഭിരുചി ഉണ്ടായിരുന്നില്ല. ഭക്ഷണശാലയിൽ ആ മഹാൻ ധാരാളം സമയം ചെലവാക്കിയതിനാലായിരിക്കാം അദ്ദേഹം വീഞ്ഞു കൂടുതലായി ഉപയോഗിച്ചു വന്നുവെന്ന ചിലർ പറഞ്ഞിട്ടുള്ളതു്. ഭക്ഷണശാലയിൽ അദ്ദേഹം അധികസമയവും ചെലവാക്കിയതു്

അവിടെ സന്നിഹിതരായിട്ടുള്ളവരുമായി സംഭാഷണം ചെയ്യുന്നതിനായിരുന്നു. കൂടാതെ, അദ്ദേഹത്തിന്നു മററു ജോലികളൊന്നും ഇല്ലാതിരിക്കുമ്പോഴെ ഇതിലെല്ലാം ഉൾപ്പെട്ടുള്ളു. ജോലികൾ ഉള്ളപ്പോൾ, അദ്ദേഹം ഉറങ്ങുകയോ സ്നേഹിതന്മാരുമായി വിനോദങ്ങളിൽ ഏപ്പെട്ടുകയൊ ചെയ്തുവന്നില്ല. അദ്ദേഹത്തിൻെറ ജീവിതകാലം തീരെ കുറവായിരുന്നുവെങ്കിലും മഹത്തരങ്ങളായ അനേകം പ്രവൃത്തികൾ ആ മഹാൻ ചെയ്തുതീൎത്തു.

പ്രത്യേക ജോലികളില്ലാത്ത ദിവസങ്ങളിൽ രാവിലെ ഉറങ്ങിയെഴുനേററാലുടൻ ഈശ്വരപ്രീതിക്കായി അലക്സാണ്ടർ യാഗാദികൾ നടത്തിവന്നു. അദ്ദേഹത്തിന്നു സുഖക്കേടു കൂടുതലായിരിക്കുമ്പോൾ പോലും അദ്ദേഹം സ്നാനം ചെയ്കയും, ദേവന്മാൎക്കു ബലികൾ കൊടുക്കയും ചെയ്തുവെന്നു നാം കണ്ടുവല്ലൊ. ഈശ്വരസേവ കഴിഞ്ഞാലുടൻ, ഇരുന്നുകൊണ്ടു ഭക്ഷണം കഴിച്ചുവന്നു. പകൽ ബാക്കിയുള്ള സമയം, നായാട്ടുക, പടയാളികൾ തമ്മിലുള്ള ശണ്ഠ തീൎക്കുക, വായിക്കുക, എഴുതുക, മുതലായവയിൽ ചെലവാക്കി. അദ്ദേഹത്തിൻെറ വൃത്താന്തക്കുറിപ്പിൽ കാണുന്നതുപോലെ കുറുക്കനെ വേട്ടയാടുക, ചാട്ടുളികൾ എറിയുക, തേരോടുമ്പോൾ അതിൽ നിന്നു ചാടി ഇറങ്ങുകയും കയറുകയുംചെയ്ക, മുതലായവയിൽ ഏപ്പെട്ടുന്നതിൽ അദ്ദേഹം വളരെ ഉത്സാഹം പ്രദർശിപ്പിച്ചു.

ഏതെങ്കിലും യാത്രയിൽ നിന്നു തിരിച്ചുവന്ന ശേഷം, അഭ്യംഗസ്നാനത്തിനൊരുങ്ങുമ്പോൾ അത്താഴത്തിന്നു വേണ്ടതെല്ലാം ശരിയായും ഭംഗിയായും തയാറാക്കിയിട്ടുണ്ടോയെന്നു് അലക്സാണ്ടർ ഭക്ഷണവിചാ

രിപ്പുകാരോടു ചോദിച്ചു മനസ്സിലാക്കുക പതിവായിരുന്നു. രാത്രിയിൽ കുറെ താമസിച്ചു ചാരിക്കിടന്നാണ് അദ്ദേഹം അത്താഴം കഴിച്ചുവന്നതു്. തനിക്കെന്നതുപോലെ തന്നെ തന്റെ ആളുകൾക്കും സുഖമായി ഭക്ഷണം നൽകണമെന്നായിരുന്നു അദ്ദേഹത്തിന്റെ ആജ്ഞ. ഇതിനു തെല്ലും വ്യത്യാസം വരുത്താൻ പാടില്ലായിരുന്നു. മുൻപു പ്രസ്താവിച്ചിട്ടുള്ളതുപോലെ, സംഭാഷണംമൂലം ഭക്ഷണസമയം കുറെ അധികം നീണ്ടുനിന്നു. അദ്ദേഹത്തിന്റെ സംഭാഷണം മററു രാജാക്കന്മാരുടേതിനെക്കാൾ വളരെ രസപ്രദമായിരുന്നു. പക്ഷെ, ആത്മപ്രശംസയിൽ അദ്ദേഹം കുറെ താല്പര്യം കാണിച്ചു.

അലക്സാണ്ടർ നല്ല ഔദാര്യശീലമുള്ളവനായിരുന്നു. സാമ്രാജ്യം, വിസ്തൃതിയെ പ്രാപിച്ചതോടുകൂടി അദ്ദേഹത്തിന്റെ ഔദാര്യവും വർദ്ധിച്ചുവന്നു. ചില ഉദാഹരണങ്ങൾ പറയാം. പിയോണിയന്മാ (Paeonian)രുടെ സേനാപതിയായ അരിസ്റ്റൻ (Ariston) അലക്സാണ്ടരുടെ ഒരു വൈരിയെ വധിച്ചതിന്റെശേഷം, അയാളുടെ ശിരസ്സു വേറെയാക്കി അദ്ദേഹത്തിന്റെ മുൻപിൽ കൊണ്ടുവെച്ച് ഇങ്ങനെപറഞ്ഞു. "അല്ലയോ രാജാവെ, ഞങ്ങളുടെയിടയിൽ ഈ മാതിരി കൃത്യത്തിന് ഒരു സ്വർണ്ണക്കോപ്പയാണു കൊടുക്ക പതിവു്." "പക്ഷെ, വെറും കോപ്പയായിരിക്കാം, ഇല്ലെ; എന്നാൽ, ഒന്നാംതരം വീഞ്ഞോടുകൂടി ഞാൻ നിനക്കു് ഒരു സ്വർണ്ണക്കോപ്പ തരാം", എന്നു് അലക്സാണ്ടർ മന്ദസ്മിതത്തോടുകൂടി അയാളോടു പറഞ്ഞു. ഉടൻതന്നെ ഒരു സ്വർണ്ണക്കോപ്പ ഉണ്ടാക്കിച്ചു് അതു നിറച്ചു വീഞ്ഞോ

ഴിച്ച് അയാൾക്ക കൊടുത്തു. പിന്നൊരിക്കൽ, ഒരു നിദ്ധനനായ മാസിഡോണിയാക്കാരൻ അലക്സാണ്ടരുടെ പണം ഒരു കോവർകഴുതയുടെ മേൽ കയററിക്കൊണ്ടു പോകയായിരുന്നു. വഴി നടന്ന് ആ കഴുത വളരെ ക്ഷീണിച്ചു. അപ്പോൾ അയാൾ ആ പണച്ചുമടു തൻെറ തലയിലാക്കി നടന്നുതുടങ്ങി. ക്രമേണ, അയാൾക്കും അതു ദുർവ്വഹമായിത്തീൎന്നു. ഇതെല്ലാം നോക്കിക്കൊണ്ടിരുന്ന അലക്സാണ്ടർ, "പ്രയാസം സഹിച്ചു നിൻെറ കൂടാരത്തിലേക്ക തന്നെ ആ ചുമടു കൊണ്ടു പൊയ്ക്കൊൾക; ആ സംഖ്യ ഞാൻ നിനക്കു ഇനാമായി തന്നിരിക്കുന്നു", എന്നു പറഞ്ഞു.

അലക്സാണ്ടർ തൻെറ മിത്രങ്ങൾക്ക ധാരാളം സമ്മാനം കൊടുത്തു വന്നു. അവയെ ഉപേക്ഷിച്ചവരെ അദ്ദേഹം മിക്കവാറും വെറുത്തു. "എനിക്ക നിങ്ങളോടുള്ള സ്നേഹത്തിൻെറ സൂചകങ്ങളായി ഞാൻ കൊടുത്തയക്കുന്ന വസ്തുക്കളെ പരിത്യജിച്ചാൽ നിങ്ങളെ എൻെറ മിത്രങ്ങളായി ഞാൻ മേലാൽ കരുതുന്നതല്ല", എന്ന് അലക്സാണ്ടർ ഫോസിയനു് എഴുതി അയച്ചു. തൻെറ കൂടെ പന്തു കളിച്ച സെരാപ്യൻ (Serapion) എന്ന യുവാവിന്, അയാൾ യാതൊന്നും തന്നോടു് ആവശ്യപ്പെട്ടിട്ടില്ലെന്നുള്ള കാരണത്താൽ ഒരു സമ്മാനവും നൽകിയില്ല. ഒരു ദിവസം അവർ കളിയിൽ ഏർപ്പെട്ടിരിക്കുമ്പോൾ പന്തു മററുള്ളവൎക്ക കിട്ടത്തക്കവിധം സെരാപിയൻ കളിച്ചു. ഇതു സൂക്ഷിച്ചു നോക്കിക്കൊണ്ടിരുന്ന അലക്സാണ്ടർ, "പന്ത് എന്താണ് എനിക്ക തരാത്തതു്?" എന്നു ചോദിച്ചു. "അവിടുന്ന് എന്നോടു് ആവശ്യപ്പെടാത്തതുകൊണ്ടു്", എന്നു്

ആ യുവാവു സാക്രുതം മറുപടി പറഞ്ഞു. തൻമൂലം അലക്സാണ്ടർ വളരെ സന്തോഷിച്ചു കുറെനേരം ഹാർദ്ദമായി ചിരിച്ചുകൊണ്ടിരുന്നു. ഉടൻ തന്നെ സെറാപിയനു വിലപിടിച്ച അനേകം സമ്മാനങ്ങൾ കൊടുത്തു. ഒരു ദിവസം പ്രോടിയാസു (Proteas) എന്ന വിദൂഷകൻ രാജാവിനു രസിക്കാത്ത ഏതോ വാക്ക് ഉപയോഗിച്ചു. തെററു മനസ്സിലായ ഉടൻ പ്രോടിയാസ് അദ്ദേഹത്തോടു മാപ്പു ചോദിച്ചു. അലക്സാണ്ടർ ഈ അപേക്ഷയെ സ്വീകരിച്ചു. "അവിടുന്നു വാസ്തവത്തിൽ എനിക്കു മാപ്പു നൽകയാണെങ്കിൽ അതിന്റെ സൂചനയായി എനിക്കെന്തെങ്കിലും തരണ"മെന്ന് ആ സരസൻ രാജാവിനോട് അപേക്ഷിച്ചു. ഉടൻ അയാൾക്ക് അദ്ദേഹം അഞ്ചു ടാലൻറു സമ്മാനമായി കൊടുത്തു.

തന്റെ ഇഷ്ടന്മാൎക്കും [1] ശുശ്രൂഷകന്മാൎക്കും അലക്സാണ്ടർ കൊടുത്ത ദ്രവ്യത്തിന് അളവില്ലെന്ന് ഒലിമ്പിയാസിന്റെ എഴുത്തിൽനിന്നും സ്പഷ്ടമാകുന്നു. "നീ നിന്റെ സ്നേഹിതന്മാൎക്കു വേണ്ടതുകൊടുത്ത് അവരെ രാജാക്കന്മാൎക്കു തുല്യമാക്കുന്നു. ഇതു ശ്ലാഘ്യംതന്നെ, സംശയമില്ല", എന്ന് ആ യോഷാമണി പറഞ്ഞു. ഈ രീതിയിൽ അനേകം എഴുത്തുകൾ ഒലിമ്പിയാസു തന്റെ പുത്രന് അയച്ചിട്ടുണ്ട്. പക്ഷെ ഒരെണ്ണമൊഴികെ, അവയെ അദ്ദേഹം ആരേയും കാണിച്ചില്ല. അലക്സാണ്ടർ എഴുത്തുകളൊ മററൊ വായിച്ചുകൊ

---

1. മാസിഡോണിയായിലെ പ്രധാന കുടുംബങ്ങളിൽപെട്ട അൻപതു യുവാക്കന്മാർ. അലക്സാണ്ടർ ഭക്ഷണം കഴിക്കുമ്പോൾ അദ്ദേഹത്തിന്റെ സമീപം നിൽക്കുന്നതും അദ്ദേഹം യുദ്ധത്തിനൊ മൃഗയാക്കൊ പോകുമ്പോൾ അശ്വങ്ങളെ കൊണ്ടുപോകുന്നതും രാവും പകലും അദ്ദേഹത്തിന്റെ പടിവാതുക്കൽ നിൽക്കുന്നതുമായിരുന്നു ഇവരുടെ പ്രധാന ജോലികൾ.

ണ്ടിരിക്കുമ്പോൾ ചിലപ്പോഴെല്ലാം പുറകിൽക്കൂടി അവ യിൽ നോക്കുന്നതു ഹെഫീസ്റ്റന്ന് ഒരു പതിവായി രുന്നു. അങ്ങനെ ഒലിമ്പിയാസിൻെറ ഒരെഴുത്ത് അയാൾ കാണുന്നതിന്നിടയായി. അതു വായിക്കാൻ അദ്ദേഹം അയാളെ വിരോധിച്ചില്ല. പക്ഷെ, അതി നെപ്പററി ആരോടും മിണ്ടിപ്പോകരുതെന്നുമാത്രം ചട്ടം കെട്ടി. ഒലിമ്പിയാസ്സിന്നു കൊടുത്ത സമ്മാനങ്ങൾ അമൂല്യങ്ങളായിരുന്നു. അദ്ദേഹം പാർമീനിയാവിന്ന് (Bagos) എന്ന ഗൃഹം (ഇതിൽ ആയിരം ടാലൻറു വിലയുള്ള സാമാനങ്ങൾ സൂക്ഷിച്ചിരുന്നു.)വിട്ടു കൊടുത്തു. ആൻറിപേററെ ദ്രോഹിക്കുന്നതിന്ന് ഒരാ ലോചനയുള്ളതായി അറിഞ്ഞതു കൊണ്ടു വേണ്ട കാവ ൽക്കാരെ വെച്ചു കൊള്ളണമെന്നും, അതിന്നുള്ള ചെലവു ഭണ്ഡാരത്തിൽനിന്ന് എടുത്തുകൊള്ളണമെന്നും അല ക്സാണ്ടർ അയാൾക്ക് എഴുതി അയച്ചു.

വേലയുടെ മാഹാത്മ്യത്തെപ്പററി അലക്സാണ്ടർ നല്ലപോലെ മനസ്സിലാക്കിയിരുന്നു. വേല ചെയ്യുന്ന വർ അലസന്മാരേക്കാൾ സുഖമായി ജീവിക്കുന്നുവെന്നും, സുഖേച്ഛുക്കൾ വശംവദരാകുന്നതു നീചമാണെന്നും, വേല ക്കു മാഹാത്മ്യമുണ്ടെന്നും, അദ്ദേഹം തൻെറ പടയാളി കളെ ധരിപ്പിച്ചു. അദ്ദേഹം ഇങ്ങനെ തുടൎന്നുപറഞ്ഞു. "തൻെറ കൈകൾകൊണ്ടു തൻെറ ശരീരത്തിന്നു വേണ്ട തു ചെയ്യാൻ മടിക്കുന്നവൻ എങ്ങനെയാണ് അശ്വ ത്തെ സംരക്ഷിക്കയൊ ആയുധങ്ങളെ മിനുസപ്പെടുത്തു കയൊ ചെയ്യുന്നതു്? രാജ്യങ്ങൾ പിടിച്ചടക്കുന്നതിൻെറ ഉദ്ദേശം കീഴടക്കിയവരെ പൂൎവ്വസ്ഥിതിയിൽ നിന്നും ഒന്നുകൂടി ഉയൎന്ന നിലയിൽ കൊണ്ടുവരുന്നതിനാണെ

ന്നു നിങ്ങൾക്കു അറിഞ്ഞുകൂടെ?" ഇതിൽ പിന്നീട്ട് അദ്ദേഹം യാതൊരു മുൻകരുതലും കൂടാതെയും കായക്ലേശങ്ങളേയും മനഃപീഡയേയും അശേഷം വകവെക്കാതെയും മുറക്കു യുദ്ധങ്ങളിലും മൃഗവ്യയിലും ഏപ്പെട്ടുകയും, വിപത്തുകളെ വരണം ചെയ്കയും ചെയ്തുവന്നു. തന്റെ സൈന്യത്തെ ശരിയായ ഒരു പാഠം പഠിപ്പിക്കണമെന്നായിരുന്നു ഇതിന്റെയെല്ലാം ഉദ്ദേശം. എന്നാൽ അലസന്മാരും സുഖലോലുപന്മാരുമായ അദ്ദേഹത്തിന്റെ അനുഗാമികൾ ദീർഘയാത്രകളേയും യുദ്ധങ്ങളേയും വെറുക്കയും കാലക്രമത്തിൽ രാജാവിനെപ്പററി ദോഷാരോപണം ചെയ്കയും ചെയ്തു. ഇതെല്ലാം ആദ്യകാലത്തിൽ അദ്ദേഹം സഹിച്ചുവന്നു. താൻ അവക്കു ഗുണപ്രദമായ കാൎയ്യങ്ങൾ ചെയ്തുകൊണ്ടിരിക്കുമ്പോൾ തന്നെക്കുറിച്ചു മററുള്ളവർ കുററം പറയുന്നുവെന്നു കേൾക്കുന്നതിൽ തനിക്കു പ്രത്യേകം ആനന്ദത്തിനു വഴിയുണ്ടെന്ന് അദ്ദേഹം പറയുക പതിവായിരുന്നത്രെ.

അദ്ദേഹം പ്രവൎത്തിച്ച കഠിനകൃത്യങ്ങളിൽപോലും സ്നേഹഭാവം തെളിഞ്ഞു കാണപ്പെട്ടു. ഒരുദാഹരണം പറയാം. പൂസെസ്റ്റാസു നായാടിക്കൊണ്ടിരുന്നസമയം അദ്ദേഹത്തിനെ ഒരു കരടി കടിച്ചുവെന്നു അലക്സാണ്ടർ അറിഞ്ഞ ഉടൻ, "ഇപ്പോൾ നിങ്ങൾ ഏതു സ്ഥിതിയിലിരിക്കുന്നുവെന്നും, നിങ്ങൾ വേട്ടയാടിക്കൊണ്ടിരുന്ന അവസരത്തിൽ നിങ്ങളെ സഹായിക്കാതെ മററുള്ളവർ ഓടിപ്പോയിട്ടുണ്ടോ എന്നും എന്നെ ധരിപ്പിക്കണം," എന്നു കാണിച്ചു അദ്ദേഹം പൂസെസ്റ്റാസിന് ഒരു എഴുത്ത

യച്ചു. [1] ഇക്നൂമൻ (Ichneumon) എന്ന ഒരു തരം ജന്തുവിനെ വേട്ടയാടുന്ന അവസരത്തിൽ പെർഡിക്കാസിൻെറ കുന്തം ക്രേററസിൻെറ തുടയിൽ ആകസ്മികമായി കൊള്ളുകയാൽ അവിടം വ്രണീഭവിച്ചു എന്ന് ഒരെഴുത്തുമൂലം അലക്സാണ്ടർ തൻെറ പ്രിയ സ്നേഹിത(ഹെഫീസ്റ്റൻ)നെ അറിയിച്ചു. പൂസെസ്റ്റാസിൻെറ ആപല്ക്കരമായ സുഖക്കേടു ഭേദമായ ഉടൻ തൻെറ നന്ദി കാണിക്കാൻ അയാളെ ചികിത്സിച്ച അലക്സിപ്പെസ് (Alexippus) എന്ന ഭിഷഗ്വരനു സ്വന്തം കൈപ്പടയിൽ ഒരു എഴുത്തയച്ചു. ക്രേററസിൻെറ ദീനം ഭേദപ്പെടുന്നതിന് അലക്സാണ്ടർ പ്രത്യേകം ചില വഴിപാടുകൾ കഴിച്ചു. ക്രേററസിനു വിരേചനത്തിനു ഒരൗഷധം കൊടുക്കാൻ സാണിയാസ് (Sanias) എന്ന ഭിഷഗ്വരൻ തീർച്ചപ്പെടുത്തിയെങ്കിലും അതു വളരെ ആലോചിച്ചിട്ടു വേണമെന്ന് അലക്സാണ്ടർ ആ ഭിഷഗ്വരനെ ഉപദേശിച്ചു. മാസിഡോണിയായിലേക്കു തിരിച്ചു പോകാനനുവദിച്ച രോഗികളുടെ കൂട്ടത്തിൽ യൂറ്യോലോക്കസും (Euryolochus) ഒരുത്തനായിരുന്നു. അചിരേണ, അയാൾ സുഖക്കേടുകാരനാണെന്നു പറഞ്ഞതു കളവാണെന്നും തെലസിപ്പാ (Telesippa)എന്ന സ്ത്രീയോടുള്ള അനുരാഗമാണ് അതിനു കാരണമെന്നും

---

1. ഈജിപ്റ്റിലുള്ള ഒരു തരം എലി, ഒരു മാർജ്ജാരത്തിൻെറ വലിപ്പം. പറട്ടരോമം, വെള്ള, മഞ്ഞ, ചാമ്പൽ, ഈ നിറങ്ങളുള്ള പുള്ളികളോടും കൂടിയതു, ചെറിയതും കറുത്തതുമായ കാലുകൾ, വാൽ കുറുക്കൻെറതിനെപ്പോലെ, ചീങ്കണ്ണികളുടെ മുട്ടകളെ തേടി പിടിച്ചു നശിപ്പിക്കുന്നതിനാലും അവ വാ പൊളിച്ചു കിടക്കുന്ന സമയം അവയുടെ ഉള്ളിൽകയറി അവയുടെ കരളുകളെ തിന്നതിൻെറ ശേഷം വയറു് തുരന്നുകീറി വെളിയിൽ വരുന്നതിനാലും ഇവക്കു് ഏതോ ഒരത്ഭുതശക്തിയുണ്ടെന്നു വിചാരിച്ചു് ഈജിപ്ഷ്യന്മാർ ആരാധിച്ചുവന്നു.

അലക്സാണ്ടർ അറിഞ്ഞു. ഉടനെ ദേഷ്യപ്പെടാതെ, "ഈ സംഗതിയിൽ നിന്നെ സഹായിക്കാൻ ഞാൻ സന്നദ്ധനാണ്", എന്നു യൂറ്യോലോക്കസിനെ അറിയിച്ചു. സെലൂക്കസിന്റെ അടിമ ഓടിപ്പോയപ്പോൾ അവനെപ്പററി അന്വേഷണം നടത്തുന്നതിനും, ക്രേററസിന്റെ ഒരടിമയായ 'നിക്കോണെ' (Nicon) പിടിച്ചതിൽ പൂസെസ്റ്റാസിനെ അനുമോദിക്കുന്നതിനും രാജാവു വേണ്ട ഏർപ്പാടുകൾ ചെയ്തു. ഈ മാതിരി സംഗതികൾപോലും ആ മഹാന്റെ ശ്രദ്ധയെ ആകർഷിച്ചുവെന്നുള്ളതു് അത്ഭുതമല്ലെ?.

തന്റെ പടയാളികളെ സഹായിക്കുന്നതിന് അലക്സാണ്ടർ സദാ സന്നദ്ധനായിരുന്നു. യോദ്ധാക്കൾക്കു കടമുണ്ടെന്നു് അറിഞ്ഞപ്പോൾ അങ്ങനെയുള്ളവരുടെ ഒരു ലിസ്ററു കൊണ്ടുവരാൻ അനുഗ്രഹമാജ്ഞാപിച്ചു. ആൻറിജീനിസ് (Antigenes) എന്നു പേരുള്ളവനായ ഒരു അധമർണ്ണന്റെ കടം മുഴുവൻ അലക്സാണ്ടർ തീർത്തു. ആൻറിജീനിസിന്റെ ആധമർണ്യം അവാസ്തവമാണെന്നു തെളിഞ്ഞപ്പോൾ, രാജാവിനുണ്ടായ കോപം ക്രമാതീതമായിരുന്നു. തൽഫലമായി അനുഗ്രഹം അയാളെ ഉദ്യോഗ(സൈന്യകവകുപ്പു)ത്തിൽനിന്നും മാററി. രാജാവിന്റെ തീരുമാനം അയാൾക്കു മാനഹാനിയായിത്തോന്നി. അയാൾ ആത്മഹത്യ ചെയ്യുമെന്നു രാജാവു് എങ്ങനെയൊ അറിഞ്ഞു. ഉടൻ കരുണാനിധിയായ രാജാവ് അയാൾക്കു മാപ്പു കൊടുത്തതു കൂടാതെ, പണവും തിരിച്ചു കൊടുത്തു. ആൻറിജീനിസ് ഒരു നല്ല പടയാളിയായിരുന്നുവെന്നതു തക്കമെററ സംഗതിയാണ്. അയാൾ പെരിന്തസ്സിൽവെച്ചു ഫിലിപ്പു

ദ്വിതീയന്റെ ശത്രുക്കളുമായി യുദ്ധം ചെയ്തുകൊണ്ടിരുന്നപ്പോൾ, അവർ വിട്ട ഒരമ്പു് അയാളുടെ ഒരു കണ്ണിൽ കൊണ്ടു. എന്നാൽ, വൈരികളെ ഓടിക്കുന്നതുവരെ ആ അമ്പു കണ്ണിൽനിന്നു ഊരിയെടുക്കുന്നതിനൊ യുദ്ധക്കളം വിട്ടോടുന്നതിനൊ ആ ധൈര്യശാലി തുനിഞ്ഞില്ല.

അലക്സാണ്ടരുടെ അനുകമ്പയെപ്പററി അദ്ദേഹത്തിന്റെ ശത്രുവായ ഡേരിയസു കൂടി പ്രശംസിച്ചു. ഡേരിയസ് ആസന്നമരണനായിരുന്നപ്പോൾ, ദാഹശമനത്തിനു വല്ലതും വേണമെന്നു് അദ്ദേഹത്തിനു ചുററും നിന്ന ശത്രുക്കളോടു് അദ്ദേഹം ചോദിച്ചു. പോലിസ്റ്റ്റാററസ് (Polystratus) എന്നു പേരുള്ള ഒരു മാസിഡോണിയൻ അദ്ദേഹത്തിനു കുറെ പച്ചവെള്ളം കൊണ്ടുവന്നു കൊടുത്തു. അതു കുടിച്ചതിന്റെ ശേഷം, ഡേരിയസ് ഇപ്രകാരം പറഞ്ഞു. "അല്ലയോ സ്നേഹിതാ! ഇതിനു പ്രത്യുപകാരം ചെയ്വാൻ ശക്തിയില്ലാത്തതിനാൽ ഞാൻ വളരെ ദുഃഖിക്കുന്നു. എന്നാൽ, നിന്റെ ഈ പ്രവൃത്തിയെക്കുറിച്ചു് അലക്സാണ്ടർ അറിയുമ്പോൾ അദ്ദേഹം നിനക്കു ശരിയായ സമ്മാനങ്ങൾ തരുമെന്നു് എനിക്കു നിശ്ചയമുണ്ടു്. എന്റെ മാതാവിനോടും പത്നിയോടും കുട്ടികളോടും അലക്സാണ്ടർ കാണിച്ചിട്ടുള്ള ഈ അനുകമ്പക്കു ശരിയായ പ്രതിഫലം സർവ്വേശ്വരൻ അദ്ദേഹത്തിനു നൽകും. നിങ്ങളുടെ രാജാവിനുവേണ്ടി ഞാൻ ഇതാ നിനക്കു ഹസ്തദാനം ചെയ്യുന്നുവെന്നു് അദ്ദേഹത്തിനെ ധരിപ്പിക്കുക." ഇത്രയും പറഞ്ഞു കഴിഞ്ഞ ഉടൻ ഡേരിയസു മരിച്ചു. അലക്സാണ്ടർ അവിടെ എത്തിയപ്പോൾ, പിസിസ്റ്റ്റാ

ററസു വിവരങ്ങളെല്ലാം അദ്ദേഹത്തെ അറിയിച്ചു. അലക്സാണ്ടർ വളരെ മനസ്താപപ്പെട്ടുകയും, തൻെറ വസ്ത്രം ആ മൃതശരീരത്തിൻെറ പുറത്തിടുകയും ചെയ്തു.

" അലക്സാണ്ടരുടെ മഹാമനസ്കതയെ കാണിക്കുന്ന ഒരു കഥയുണ്ടു്. അതു താഴെ ചേർക്കുന്നു.

ഒരിക്കൽ അലക്സാണ്ടരും ഒരു തസ്കരപ്രമാണിയും തമ്മിൽ ഒരു സംഭാഷണം ഉണ്ടായി.

അല:—എന്തു, നീയാണൊ ത്രേസ്യകാരനായ തസ്കരപ്രമാണി? നിൻെറ അക്രമപ്രവൃത്തികളെപ്പററി ഞാൻ നല്ലപോലെ മനസ്സിലാക്കിയിട്ടുണ്ടു്.

തസ്ക:—ഞാൻ ത്രേസ്യകാരനായ ഒരു യോദ്ധാവാണു്.

അല:—ഒരു യോദ്ധാവു്!—അല്ല, ഒരു തസ്കരൻ, ഒരു കൊള്ളക്കാരൻ, ഒരു ഘാതകൻ! രാജ്യത്തിനു ധൂമകേതു! നിൻെറ ധൈര്യത്തെക്കുറിച്ചു ഞാൻ അഭിനന്ദിക്കുന്നു. എന്നാൽ, നിൻെറ അക്രമങ്ങളെ ഞാൻ വെറുക്കയും, അവ ചെയ്തതിനു നിന്നെ ശിക്ഷിക്കാൻ ഞാൻ ആഗ്രഹിക്കയും ചെയ്യുന്നു.

തസ്ക:—അവിടുന്നു് ഇപ്രകാരം കയൎത്തു പറയത്തക്കവണ്ണം ഞാൻ എന്തപരാധമാണു ചെയ്തതു്?.

അല:—നീ എൻെറ മേല്ക്കോയ്മയെ നിഷേധിച്ചില്ലെ?, പൊതുജനസമാധാനത്തെ ലംഘിച്ചില്ലെ?, മററു പ്രജകളെ ഉപദ്രവിക്കയും അവരുടെ വസ്തുക്കളെ നശിപ്പിക്കയും ചെയ്തില്ലെ?.

തസ്ക:—അലക്സാണ്ടർ! ഞാൻ അവിടുത്തെ അടിമയാണു്— അതിനാൽ, അവിടുന്നു പറയുന്നതെല്ലാം

കേൾക്കയും, അവിടുന്നു നല്കുന്ന ശിക്ഷ അനുഭവിക്കയും വേണം. ഒരു സ്വാതന്ത്ര്യന്റെ നിലയിൽ അവിടുത്തോടു ഞാൻ പറഞ്ഞുകൊള്ളട്ടെ.

അല:—എന്റെ അധികാരമുപയോഗിച്ചു നിന്നെ ഞാൻ ശിക്ഷിച്ചേക്കുമെന്നു ഭയപ്പെടാതെ നിനക്കു പറയാനുള്ളതു തുറന്നു പറഞ്ഞുകൊൾക.

തസ്ക:—എന്നാൽ, അവിടുത്തെ ചോദ്യത്തിനു ഉത്തരമായി ഞാൻ ഒരു ചോദ്യം ചോദിച്ചുകൊള്ളട്ടെ. അവിടുന്നു് എങ്ങനെയാണു് ഇതുവരെ ജീവിതം നയിച്ചതു്?.

അല:—ഒരു വീരനെപ്പോലെ—എന്റെ യശശ്ചന്ദ്രികകൊണ്ടു ലോകമെല്ലാം ധവളമായിത്തീൎന്നിട്ടില്ലെ. ഞാനൊ, ധൈൎയ്യവാന്മാരിൽ പ്രഥമഗണനീയൻ, രാജാക്കന്മാരിൽ അഗ്രേസരൻ, ജയശാലികളിൽ അധിപതിയൻ.

തസ്ക:—എന്റെ കീൎത്തിയും ലോകത്തിൽ വ്യാപിച്ചിട്ടില്ലെ. എന്നെപ്പോലെ ധൈൎയ്യവും ശൂരതയുമുള്ളവരായി വേറാരെങ്കിലും എപ്പോഴെങ്കിലുമുണ്ടായിട്ടുണ്ടോ?—ഉണ്ടെങ്കിൽ പറക. പക്ഷെ, ആത്മപ്രശംസ എനിക്കു വിരോധമാണു്. എന്നെ എളുപ്പത്തിൽ വശീകരിക്കാൻ സാധിക്കയില്ലെന്നു് അവിടുത്തേക്കു് അനുഭവമായിട്ടുണ്ടല്ലൊ?.

അല:—എന്തായാലെന്താണു്, നീ ഒരു തസ്കരനല്ലെ—വെറും തസ്കരനൊ? അതിനീചനായ ഒരു തസ്കരൻ.

തസ്ക:—എന്നാൽ ഒരു ജയശാലിയെന്നു പറയുന്നതു് ആരാണു? ജനങ്ങൾ വളരെ പ്രയത്നിച്ചു

ങ്ങളാകുന്ന സസ്യാദികളെ അവിടുന്ന് ഒരു ഭയങ്കര നാതപത്തെപ്പോലെ ന്യായരഹിതമായി നശിപ്പിച്ചിട്ടില്ലേ? ജനങ്ങളെ ഹിംസിച്ചിട്ടില്ലേ? ഇതിനെല്ലാം കാരണം രാജ്യസമ്പാദനത്തിലുള്ള അത്യാഗ്രഹമല്ലേ? ഞാൻ ഏതാനുമാളുകളോടുകൂടി ഒരു ചെറിയ രാജ്യം നശിപ്പിച്ചിട്ടുണ്ടെങ്കിൽ, അവിടുന്ന് അനവധി ആളുകളോടുകൂടി ഒരു വലിയ രാജ്യം നശിപ്പിച്ചിട്ടുണ്ട്. ഞാൻ ഏതാനും കുഗ്രാമങ്ങൾ നശിപ്പിച്ചിട്ടുണ്ടെങ്കിൽ, അവിടുന്നു ഫലസമൃദ്ധങ്ങളായ രാജ്യങ്ങളും നഗരങ്ങളും നാമാവശേഷമാക്കിയിട്ടുണ്ട്. പിന്നെ എന്താണു വ്യത്യാസം? അവിടുന്ന് ഒരു രാജാവായും ഞാൻ ഒരു സാധാരണ മനുഷ്യനായും ജനിച്ചതിനാൽ, അവിടുന്ന് എന്നേക്കാൾ ശക്തിയുള്ള ഒരു തസ്കരനായിത്തീരുന്നതിനിടയായി.

96/6

അല:—ഞാൻ അപഹരിച്ചിട്ടുണ്ടെങ്കിൽ, അതിൽക്കൂടുതൽ കൊടുത്തിട്ടുമുണ്ട്. ഞാൻ സാമ്രാജ്യങ്ങളെ നശിപ്പിച്ചിട്ടുണ്ട്. പക്ഷേ, അവയേക്കാൾ വലിയവയെ സ്ഥാപിച്ചിട്ടുമുണ്ട്. കലകളേയും അദ്ധ്യാത്മശാസ്ത്രത്തേയും പോഷിപ്പിക്കുന്നതിനും വാണിജ്യത്തെ വദ്ധിപ്പിക്കുന്നതിനുമുള്ള ഏർപ്പാടുകൾ ഞാൻ ചെയ്തിട്ടുണ്ട്.

തസ്ക:—ധനികന്മാരിൽനിന്നും ഞാൻ എടുത്തിട്ടുണ്ടെങ്കിൽ അഗതികൾക്കു കൊടുത്തിട്ടുമുണ്ട്. അവിടുന്നു പറയുന്ന തത്വശാസ്ത്രത്തേയും മററുംപററി എനിക്കൊന്നുമറിഞ്ഞുകൂടാ. എന്നാൽ ലോകത്തിൽ നാം ചെയ്തിട്ടുള്ള ദ്രോഹങ്ങളുടെ പകുതിക്കെങ്കിലും സമാധാനം പറയാൻ നമുക്കു സാധിക്കയില്ല.

അല:—ആകട്ടെ, പൊയ്ക്കൊൾക. (കാരാഗൃഹാധികാരിയോടു) അവനെ ബന്ധിച്ചിട്ടുള്ള ചങ്ങലകളെ എടുത്തുകളയുക. ഇനിമേൽ അവനോടു സ്നേഹമായി പെരുമാറണം. തസ്കരാ, നാം തമ്മിൽ ഇത്ര സാമ്യമുണ്ടോ? അലക്സാണ്ടർ ഒരു തസ്കരനെപ്പോലെ, അല്ലെ? ഇതൊന്നാലോചിക്കാനുണ്ടല്ലോ.

ശത്രുവായ ഡേരിയസ്സുകൂടി അലക്സാണ്ടരെപ്പറ്റി പറഞ്ഞിട്ടുള്ളതു് ഇവിടെ സ്മർത്തവ്യമാണു്. ശത്രുക്കളുടെ കൈയിലകപ്പെട്ട തന്റെ മാതാവിന്റെയും കുഞ്ഞുങ്ങളുടേയും കാര്യങ്ങളെക്കുറിച്ചു് ഓർത്തപ്പോൾ ഡേരിയസ് ഒരു കുഞ്ഞിനെപ്പോലെ വാവിട്ടുകരഞ്ഞു. കണ്ണിൽനിന്നും ബാഷ്പങ്ങൾ ധാരമുറിയാതെ നിലത്തുവീണു. തന്റെ അടുക്കൽ നിന്ന തിരിയസ്സ് എന്ന ഷണ്ഡൻ കേൾക്കത്തക്കവണ്ണം അദ്ദേഹം ഇങ്ങനെ പറഞ്ഞു. "ഹാ! പേർഷ്യാക്കാരുടെ ദുർവ്വിധി നോക്കുക. അലക്സാണ്ടർ, അവരുടെ രാജ്ഞിയെ തടവുകാരിയായി പിടിച്ചു എന്നുമാത്രമല്ല, ആ മഹതി നാടുനീങ്ങിയപ്പോൾ, അവരുടെ സ്ഥിതിക്കനുരൂപമായ സംസ്കാരകർമ്മങ്ങൾ വേണ്ടപോലെ നടത്താതിരിക്കുകയും ചെയ്തു." ഉടനെ തിരിയസ്സ് ഇങ്ങനെ പറഞ്ഞു. "അല്ലയോ രാജാവെ, രാജ്ഞിയുടെ സംസ്കാരാദികർമ്മങ്ങൾ ശരിയായി അലക്സാണ്ടർ നടത്തി. ആ സ്ത്രീരത്നത്തിന്റെ മരണം ശത്രുക്കളെ ദുഃഖസാഗരത്തിൽ നിമഗ്നരാക്കിയിരിക്കുന്നു. കൂടാതെ, അവിടുത്തെ മാതാവിനും കുഞ്ഞുങ്ങൾക്കും രാജോചിതങ്ങളായ സകല സുഖാനുഭവങ്ങളും അദ്ദേഹം അനുവദിച്ചിട്ടുണ്ടു്. അവിടുത്തെ കാണാൻ അവരെ [1]ഒറൊമാ

1. ഒറൊമാസ്ഡിസ്സിനെ സകല നന്മകളുടെയും അധിഷ്ഠാന ദേവതയായി പേർഷ്യാക്കാർ വിചാരിച്ചുവന്നു.

സ്മിസ്സ സഹായിക്കുമാറാകട്ടെ." ഇതു കേട്ടപ്പോൾ ഡേരിയസ്സിന് ആശ്വാസമുണ്ടായി. തിരിയസ്സിനെ തൻെറ മുറിയിൽ വിളിച്ചുകൊണ്ടുപോയി അവനോടു് ഇപ്രകാരമരുളിച്ചെയ്തു. "എൻെറ മററു ക്ലേശകാരണങ്ങളെപ്പററി ആലോചിക്കുമ്പോൾ, സ്റ്റാററയിറായുടെ മരണം തീരെ നിസ്സാരമായിട്ടുള്ളതല്ലെ? അവൾ ജീവിച്ചിരിക്കുമ്പോൾ അനേകം കഷ്ടപ്പാടുകൾ അനുഭവിച്ചില്ലെ? നമ്മുടെ ശത്രു നിർദ്ദയനായിരുന്നുവെങ്കിൽ നമുക്കു കൂടുതൽ മാനഹാനി ഉണ്ടാകുമായിരുന്നു. തൻെറ ശത്രുവിൻെറ ഭാര്യയെ ബഹുമാനിച്ച ആ യുവാവു് (അലക്സാണ്ടർ) ബഹുമാന്യനത്രെ." തിരിയസ്സും അലക്സാണ്ടരുടെ മഹാമനസ്കതയെക്കുറിച്ചു വളരെ പ്രശംസിച്ചു.

അനന്തരം, ഡേരിയസ്സു മുറിയിൽനിന്നും തിരിച്ചുവന്നു. തൻെറ സ്നേഹിതന്മാർ കേൾക്കെ കൈകൂപ്പിക്കൊണ്ടു് ദേവന്മാരോടു് അദ്ദേഹം ഇപ്രകാരം പ്രാർത്ഥിച്ചു. "പേർഷ്യൻ സാമ്രാജ്യം പുനഃസ്ഥാപിക്കുന്നതിനുള്ള ശക്തി എനിക്കു നൾകണമേ. അലക്സാണ്ടർക്കു പ്രത്യുപകാരം ചെയ്യാൻ എന്നെ സഹായിക്കണേ. പേർഷ്യൻസാമ്രാജ്യം എൻെറ കൈയിൽനിന്നും പോകുന്ന പക്ഷം, സൈറസിൻെറ സിംഹാസനത്തിൽ അലക്സാണ്ടർ അല്ലാതെ വേറൊരുവനും ഉപവിഷ്ടനാകുന്നതിന് അവിടുന്നു് അനുവദിക്കരുതേ." അലക്സാണ്ടരെപ്പററി ഡേരിയസ്സിനു അത്ര ബഹുമാനമുണ്ടായിരുന്നതുകൊണ്ടായിരുന്നു അദ്ദേഹം ഇപ്രകാരം പ്രാർത്ഥിച്ചതു്.

അലക്സാണ്ടർ സ്വാശ്രയശീലം, ആത്മസംയമനം, എന്നീ ഗുണങ്ങൾ ഉള്ളവനായിരുന്നതിനാൽ

ഏഴു വർഷകാലം തൻെറ സൈന്യത്തിൻെറ സഹായത്തോടുകൂടി യുദ്ധം ചെയ്വാൻ അദ്ദേഹത്തിനു സാധിച്ചു.

ഒരിക്കൽ, അലക്സാണ്ടർ ഇങ്ങനെ പറഞ്ഞു. "ഖഡ്ഗംമൂലം ലഭിക്കുന്ന കീർത്തി ശാശ്വതമല്ല; പ്രത്യുത, സമാധാനം കൊണ്ടുണ്ടാകുന്ന വിജയം അനശ്വരമാണ്. ഏഷ്യാക്കാരെ നമ്മുടെ അധീനതയിൽ വെച്ചുകൊള്ളണമെങ്കിൽ, നാം അവരോടു കരുണ കാണിക്കണം. അവക്കു നമ്മിൽ വിശ്വാസം ജനിച്ചാൽ നമ്മുടെ സാമ്രാജ്യം വളരെക്കാലം നിലനിൽക്കും." ഇതിൽ നിന്നും, പൗരാണികരാജാക്കന്മാരെപ്പോലെ ജനങ്ങളെ രഞ്ജിപ്പിച്ചു ഭരിക്കണമെന്നായിരുന്നു അദ്ദേഹത്തിൻെറ ആഗ്രഹമെന്നു തെളിയുന്നല്ലൊ.

നീതിന്യായം നടത്തുന്നതിൽ അലക്സാണ്ടരോളം ശ്രദ്ധ അക്കാലത്ത് ആക്കും തന്നെ ഉണ്ടായിരുന്നില്ല. കൊലപാതകം മുതലായ കുററങ്ങൾ വിസ്തരിക്കുന്ന അവസരത്തിൽ വാദിഭാഗമൊഴി കേൾക്കുമ്പോൾ കൈകൊണ്ട് അലക്സാണ്ടർ ഒരു ചെവി പൊത്തുക പതിവായിരുന്നു. പിന്നീട് ആ പൊത്തിയ ചെവി കൊണ്ടാണു പ്രതിഭാഗമൊഴി കേട്ടുവന്നതു്. എന്നാൽ, ഈ മാതിരി വിസ്താരത്തിൽ ഏതെങ്കിലും അസത്യമുണ്ടെന്നു് അറിഞ്ഞാൽ അദ്ദേഹത്തിനു് അസഹ്യമായ കോപം ഉണ്ടാകുമായിരുന്നു. തൻെറ ജീവനേയും സാമ്രാജ്യത്തേയുംകാൾ നല്ല പേരാണ് അദ്ദേഹം ആഗ്രഹിച്ചതു്.

പേർഷ്യായിൽനിന്നും മാസിഡോണിയൻകൊട്ടാരത്തിൽ വന്നുചേർന്ന ദൂതന്മാർ (അപ്പോൾ തൻെറ പിതാവു രാജധാനിയിൽ ഇല്ലാതിരുന്നതിനാൽ അല

ക്സാണ്ടർ ആണു സല്ക്കരിച്ചതു്) അലക്സാണ്ടരുടെ വിനയവും ബുദ്ധിസാമർത്ഥ്യവും കണ്ടു് അത്യാശ്ചര്യപ്പെട്ടു പേർഷ്യൻ സാമ്രാജ്യത്തിലെ ചില പ്രധാന സ്ഥലങ്ങൾ തമ്മിലുള്ള ദൂരം, പേർഷ്യയിലെ രാജ്യഭരണം, ഏഷ്യായിലെ അപ്പർ പ്രവിശ്യകളിലുള്ള റോഡുകൾ, മുതലായവയെക്കുറിച്ചു് അദ്ദേഹം അവരോടു ചോദിച്ച ചോദ്യങ്ങൾ അദ്ദേഹത്തിൻെറ ബുദ്ധിവൈഭവത്തെ കാണിക്കുന്നവയായിരുന്നുവത്രെ.

അലക്സാണ്ടരുടെ ഇന്ദ്രിയനിഗ്രഹത്തെപ്പററിയും നാം അറിഞ്ഞിരിക്കേണ്ടതാണു്. ദേറിയസിനെപ്പോലെ അദ്ദേഹത്തിൻെറ പുത്രിമാരും വളരെ രൂപലാവണ്യമുള്ളവരായിരുന്നുവെങ്കിലും, അവർ തടവുകാരായി പിടിക്കപ്പെട്ടപ്പോൾ അലക്സാണ്ടർ അവരെ കാണാൻ ആഗ്രഹിച്ചില്ല. അവരോടു രാജയോഗ്യമായ വിധത്തിൽ പെരുമാറുന്നതിനും അവൎക്കു വേണ്ടതു നൽകുന്നതിനും അദ്ദേഹം തൻെറ ആളുകളോടു ചട്ടംകെട്ടി. തൻെറ കല്യാണത്തിനു മുൻപു ബാർസിനിയെ ഒഴിച്ചു് ഒരു സ്ത്രീയേയും അദ്ദേഹത്തിനു പരിചയമുണ്ടായിരുന്നില്ലത്രെ. മെമ്നൻെറ പത്നിയും ദമാസ്കസിനുസമീപംവെച്ചു തടവുകാരിയായി പിടിക്കപ്പെട്ടവളുമായിരുന്നു ബാർസിനി. ഇവൾ പേർഷ്യായിലെ രാജകുടുംബത്തിൽപെട്ടവളും സുശീലയുമായിരുന്നു. ഈ സ്ത്രീരത്നത്തെ അലക്സാണ്ടർ വിവാഹം ചെയ്യുന്നതിന് വേണ്ടപോലെ ഉത്സാഹിച്ചതു പാർമീനിയൊ ആണെന്നു് അറിസ്റ്റോബുലസു കുറിച്ചിരിക്കുന്നു. അടിമകളായി പിടിക്കപ്പെട്ട മററു സ്ത്രീകൾ രൂപവതികളായിരുന്നുവെങ്കിലും, അലക്സാണ്ടർ അവരെ വീക്ഷിക്കപോലും ചെയ്തില്ല.

തിയൊഡോറസ് എന്നൊരുവൻ രണ്ടു സൌന്ദര്യമുള്ള അടിമകളെ വില്ക്കാനുണ്ടെന്നും അവരെ വേണമെങ്കിൽ വിലക്കു വാങ്ങിക്കാമെന്നും കാണിച്ചു, പട്ടാളവകുപ്പിലെ ഒരു ഉദ്യോഗസ്ഥനായ ഫിലോക്സീനസ് അലക്സാണ്ടൎക്കു് എഴുതിഅയച്ചു. ഉടൻ, ഫിലോക്സീനസിനെ അത്യധികം ശാസിച്ച് അദ്ദേഹം ഒരു മറുപടി അയച്ചു. നടപടി തൃപ്തികരമല്ലാത്തതിനാൽ, രണ്ടു മാസിഡോണിയാക്കാരെ കഠിനമായി ശിക്ഷിച്ചു. അദ്ദേഹം അവരോടു് ഇങ്ങനെ പറഞ്ഞു. "ഡേരിയസിന്റെ പത്നിയെ ഞാൻ കണ്ടിട്ടില്ല, കാണാൻ ആഗ്രഹിക്കുന്നുമില്ല. ആ യോഷാമണിയുടെ സൗന്ദര്യത്തെപ്പററി വൎണ്ണിച്ചു കേൾക്കുന്നതിലുമെനിക്കു രസമില്ല."

തീബന്മാർ, അലക്സാണ്ടർ മൂലം അനുഭവിച്ച ദുരിതങ്ങൾ സംഖ്യാതീതങ്ങളായിരുന്നുവെന്നു മുൻപു് പ്രസ്താവിച്ചിട്ടുണ്ടല്ലൊ. തിമോക്ലിയാ എന്ന തരുണിയുടെ ഗൃഹം ഏതാനും ത്രേഷ്യന്മാർ ഇടിച്ചു നിരത്തി. മററു ചിലർ കൈയിൽ കിട്ടിയ സാമാനങ്ങളും കൊണ്ടു് ഓടിക്കളഞ്ഞു. പടത്തലവൻ അവൾക്കു പാതിവ്രത്യഭംഗം വരുത്തിയതിന്റെ ശേഷം, പണം വല്ലടത്തും ഒളിച്ചുവെച്ചിട്ടുണ്ടോ എന്നു ചോദിച്ചപ്പോൾ, ശത്രുക്കളെ ഭയന്നു കുറെ ദ്രവ്യം ഒരു കിണററിൽ ഭദ്രമായി സൂക്ഷിച്ചുവെച്ചിട്ടുണ്ടെന്നു് അവൾ മറുപടി പറഞ്ഞു. പിന്നീടു്, അയാളെ അതിനു സമീപം കൂട്ടിക്കൊണ്ടുപോയി. സേനാനി കിണററിനകത്തു നോക്കിയപ്പോൾ, തിമോക്ലിയാ അയാളെ അതിനകത്തു തള്ളിയിട്ടു. അയാൾ അവിടെ കിടന്നു മരിച്ചു. ആ വഴി വന്ന കുറെ ത്രേഷ്യന്മാർ വിവരമറിഞ്ഞു് അവളെ

പിടിച്ചുകെട്ടി അലക്സാണ്ടരുടെ മുമ്പിൽ ഹാജരാക്കി. അവളുടെ പെരുമാററത്തിൽ നിന്നും അവൾ ഒരസാധാരണ സ്ത്രീയാണെന്നു് അലക്സാണ്ടർ ഊഹിച്ചു. 'നീ ആരാണെ'ന്നു് അദ്ദേഹം ചോദിച്ചപ്പോൾ, "കീറോണിയായുദ്ധത്തിൽ വെച്ചു ഗ്രീക്കുകാരുടെ സ്വാതന്ത്ര്യത്തെ രക്ഷിക്കാനായി യുദ്ധം ചെയ്തു മരിച്ച തീയജീനസിൻെറ സഹോദരിയാണു ഞാൻ", എന്നു് അവൾ സധൈര്യം മറുപടി പറഞ്ഞു. അവളുടെ ധീരത ഓർത്തു് അവളെ വിട്ടയക്കാൻ അലക്സാണ്ടർ കല്പിച്ചു. ഇതിൽ നിന്നും, അലക്സാണ്ടരുടെ ധീരാദരണശീലം വെളിവാകുന്നുണ്ടല്ലോ.

അലക്സാണ്ടരുടെ സ്വഭാവത്തെപ്പററി ഒരു മഹാൻ ഇങ്ങനെ അഭിപ്രായപ്പെട്ടിരിക്കുന്നു. "ഒരേ മനുഷ്യൻെറ ഛായാപടങ്ങൾ തന്നെ പല കാലങ്ങളിലെടുക്കുമ്പോൾ പല വിധമായിരുന്നേക്കാമെങ്കിലും അവ തമ്മിൽ പൊതുവെ ഒരു സാദൃശ്യലക്ഷ്മി കാണും. മനുഷ്യരുടെ സ്വഭാവവും മിക്കവാറും ഇതുപോലെയാണു്. അലക്സാണ്ടരുടേതു് ഇതിൽനിന്നു വ്യത്യസ്തമായിരുന്നു. അദ്ദേഹം ധീരനും എന്നാൽ ഭീരുവും, ദയാലുവും എന്നാൽ ക്രൂരനും, വിനീതനും എന്നാൽ ധൃഷ്ടനും, സംസ്കൃതചിത്തനും എന്നാൽ ഗർവ്വിഷ്ഠനും, ആയിരുന്നു. ഔദാര്യശീലം അദ്ദേഹത്തിൽ എപ്പോഴും ദൃശ്യമായിരുന്നു. ധനതൃഷ്ണ അദ്ദേഹത്തെ അശേഷം തീണ്ടിയിരുന്നില്ല."

അലക്സാണ്ടർ മരിച്ചു് അധികകാലമാകുന്നതിനു മുൻപു്, അദ്ദേഹത്തെപ്പററി വീരകഥകളുണ്ടായി. ഹോമറിനെപ്പോലെ ഒരു മഹാകവി അലക്സാണ്ടരുടെ കാലത്തു ജീവിച്ചിരുന്നുവെങ്കിൽ, ഉഡീസ്സി മുതലായ

യവനവീരന്മാരെയെന്നപോലെ അത്ഭുതകരമാംവണ്ണം അലക്സാണ്ടരെയും ചിത്രീകരിക്കുമായിരുന്നു. ഹോമർ തന്റെ വിശിഷ്ടകൃതിയായ 'ഇലിയഡി'ലെ ഓരോ പാത്രത്തിനും ഓരോ വിലക്ഷണഗുണം കൊടുത്തിട്ടുണ്ടല്ലോ. രാജ്യങ്ങൾ പിടിച്ചടക്കുന്നതിൽ അദ്വിതീയനായ അലക്സാണ്ടർ, പ്രസ്തുത കൃതിയിലെ 'ജംഘാലനായ' അച്ചിലസ്സിന്റെ സ്ഥാനം വഹിക്കുമായിരുന്നു. ഹിഫാസിസ്സ്, ഒപിസ്സ്, എന്നീ നദികളുടെ തീരങ്ങളിൽവെച്ച് അലക്സാണ്ടരുടെ അഭിലാഷപ്രകാരം സൈന്യം പ്രവർത്തിക്കാതിരുന്നപ്പോൾ, അദ്ദേഹത്തിനുണ്ടായ മനോവ്യഥകളും, അച്ചിലസ്സ തന്റെ കൂടാരത്തിൽവെച്ച് അനുഭവിച്ച വിഷണ്ണതകളും തമ്മിൽ യാതൊരു സാദൃശ്യവുമില്ലെങ്കിലും അലക്സാണ്ടർ അച്ചില്ലസിനെപ്പോലെ കോപിഷ്ഠനായിരുന്നില്ല. അലക്സാണ്ടർ, ഹെഫീസ്റ്റന്റെ ശവദാഹത്തിനുചെയ്ത ഏർപ്പാടുകളെ അച്ചില്ലസ്സ പെട്രോക്ലീസിന്റെ പട്ടടക്കു ചെയ്ത ഒരുക്കങ്ങളോടും സാദൃശ്യപ്പെടുത്താം. അലക്സാണ്ടരുടെ കൃത്യങ്ങൾ എല്ലാം മഹത്തരങ്ങളും അനുകരണയോഗ്യങ്ങളുമായിരുന്നുവെങ്കിലും, ഒരു കാലത്ത് അവ വെറും കെട്ടുകഥകളായി വിചാരിക്കപ്പെട്ടുവന്നു.

എ. ഡി. രണ്ടാം ശതാബ്ദത്തോടുകൂടിത്തന്നെ അലക്സാണ്ടരുടെ ജീവചരിത്രത്തെ യവനന്മാർ ഒരു വീരകഥയാക്കിയിരുന്നു. ഇതു, ഗ്രീസിൽനിന്നു ലത്തീനിലും, ലത്തീനിൽ നിന്നു മദ്ധ്യകാല (Mediaeval Period)ത്തിൽ നടപ്പിലിരുന്ന ഭാഷകളിലും വിവർത്തനം ചെയ്യപ്പെട്ടു. എന്നാൽ അദ്ദേഹത്തെക്കുറിച്ചു കെട്ടിച്ചമച്ചിട്ടുള്ള സകല കഥകളേയും ഉപേക്ഷിച്ചിട്ട് അദ്ദേഹത്തെ വീണ്ടും ഒരു യഥാർത്ഥ ചരിത്രപുരുഷനാക്കുന്നതിനു വിദ്വാന്മാർ പരിശ്രമിച്ചിട്ടുണ്ട്.

## അദ്ധ്യായം ൧൪.

## അലക്‌സാണ്ടരുടെ സാമ്രാജ്യം.

അലക്സാണ്ടരുടെ മരണവൃത്താന്തം പരസ്യമായപ്പോൾ, പ്രജകളെല്ലാവരും ദുഃഖസാഗരത്തിൽ നിമഗ്നരായി. 'ഇനിയും സാമ്രാജ്യം ഭരിക്കുന്നതാരു്?' എന്നതിനെപ്പററി കൊട്ടാരത്തിൽ വെച്ചു സേനാനായകന്മാരും ഭരണതന്ത്രജ്ഞന്മാരും തമ്മിൽ ഒരു കൂടിയാലോചന നടന്നു. അവരിൽതന്നെ ചിലർക്കു് ആ സ്ഥാനം കൈക്കലാക്കാൻ ആഗ്രഹമുണ്ടായിരുന്നു.

രാത്രി മുഴുവൻ ഭടന്മാർ ആയുധപാണികളായി പതിവുപോലെ അവരവരുടെ സ്ഥലത്തു നിന്നു. പ്രഭാതമായപ്പോൾ സാമ്രാജ്യത്തിലെ സ്ഥിതിഗതികൾ മനസ്സിലാക്കാൻ അവരെല്ലാം, സേനാനായകന്മാരും ഭരണതന്ത്രജ്ഞന്മാരും സമ്മേളിച്ചിരുന്ന സ്ഥലത്തെത്തി. ഉടൻ, അലക്സാണ്ടരുടെ കിരീടം, അംഗുലീയം, ഇവയെല്ലാം സിംഹാസനത്തിൽ വെച്ചു് അവർക്കു സമീപം നിന്നു് അവരോടു പെർഢിക്കാസു് ഇപ്രകാരം പറഞ്ഞു.

“രാജാവു മുദ്രവെക്കാൻ ഉപയോഗിച്ചിട്ടുള്ളതും എന്നെ ഏല്പിച്ചതുമായ അംഗുലീയത്തെ ഇതാ ഞാൻ വെക്കുന്നു. ഇപ്പോൾ നമുക്കു സംഭവിച്ചിട്ടുള്ള കഷ്ടപ്പാടിനു കൂടുതലായി ഒന്നും വരാനില്ല. ഈശ്വരൻ അലക്സാണ്ടരെപ്പോലെ ഒരാളെ ഏതാനും കാലത്തേക്കു നമുക്കു കടംതരികയും, ആ മഹാത്മാവിന്റെ കർത്തവ്യം അവസാനിച്ചപ്പോൾ അദ്ദേഹത്തെ തിരികെ വിളി

കയും ചെയ്യുവെന്നാണു നാം വിചാരിക്കേണ്ടതു്. അദ്ദേഹത്തിന്റെ ശരീരത്തെ നാം വേണ്ട രീതിയിൽ സംസ്കരിക്കേണ്ടതാണു്. നമുക്കു് ഒരു നായകന്റെ ആവശ്യം നേരിട്ടിരിക്കയാണല്ലൊ. ഒന്നോ ഒന്നിൽ കൂടുതലൊ എന്നുള്ള കാര്യം നിങ്ങളാണു് തീർച്ചപ്പെടുത്തേണ്ടതു്."

സേനാപതികൾ എല്ലാവരും അവക്കുള്ള അഭിപ്രായത്തെ തുറന്നുപറഞ്ഞു. ഗർഭിണിയായ അലക്സാണ്ടരുടെ പത്നി റോക്സാനാ പ്രസവിക്കുന്നതുവരെ എല്ലാവരും ക്ഷമിച്ചിരിക്കണമെന്നും, ഒരു പുരുഷപ്രജയാണെങ്കിൽ അദ്ദേഹത്തിനെ രാജാവായി സ്വീകരിക്കണമെന്നും പെർഡിക്കാസ്സും മററു പലരും അഭിപ്രായപ്പെട്ടു. ഏതാനും മാസങ്ങൾ കഴിഞ്ഞശേഷം ഭൂജാതനായ ഈ പ്രജയാണു അലക്സാണ്ടർഈജസ്സ് എന്ന പേരിൽ അറിയപ്പെട്ടതു്. തന്റെ പേർഷ്യൻപത്നിയായ ബാഴ്സിനിയിൽ അലക്സാണ്ടർക്കുണ്ടായ ഹെറാക്ലീസിനെ രാജാവായി സ്വീകരിക്കണമെന്നായിരുന്നു നിയാർക്കസ്സിന്റെ അഭിപ്രായം. അതു് ആക്കും തന്നെ രസിച്ചില്ലെന്നു മാത്രമല്ല, ക്ഷോഭത്തിനു കാരണമായിത്തീരുകയും ചെയ്തു. രാജകുടുംബത്തിലെ അംഗങ്ങൾക്കു വിപരീതമായി ടോളമി ഇപ്രകാരം പറഞ്ഞു.

"മാസിഡോണിയാക്കാരെ ഭരിക്കുന്നതിനുള്ള യോഗ്യത റോക്സാനായുടെയോ ബാഴ്സിനിയുടെയോ പുത്രനുണ്ടോ? അവരുടെ നികൃഷ്ടനാമം ഉച്ചരിക്കേണ്ടിയിരിക്കുന്നല്ലൊ? നാം എന്തിനാണു് പേർഷ്യാക്കാരെ നമുക്കു് അധീനരാക്കിയതു്? അവരുടെ ഇഷ്ടമനുസരിച്ചു പ്രവർത്തിക്കുന്നതിനാണോ? ഒരിക്കലുമല്ല. അനേകാ

യിരം ഭടന്മാരോടും ഒട്ടധികം കപ്പൽപ്പടയോടും കൂടി നമ്മെ തോല്പിക്കുന്നതിനു ഡേരിയസ്സും സെർക്സിസ്സും ശ്രമിച്ചു. നമുക്ക് ഒരു സഭകൂടി ഭൂരിപക്ഷാഭിപ്രായമനുസരിച്ച് ഒരു രാജാവിനെ തിരഞ്ഞെടുക്കാം."

ടോളമിയുടെ വാക്കുകൾ ആൎക്കും രുചിച്ചില്ല. പെർഡിക്കാസിൻെറ നിർദ്ദേശം ഭൂരിപക്ഷം ആളുകളും അംഗീകരിച്ചു. ഇതിനിടക്ക്, 'ഏററവും സമൎത്ഥന് എൻെറ കിരീടം നൽകിയിരിക്കുന്നു', എന്ന് അലക്സാണ്ടർ പറഞ്ഞിരുന്നതിനാൽ, പെർഡിക്കാസിനെ രാജാവാക്കണമെന്ന് ഒരുത്തൻ അഭിപ്രായപ്പെട്ടു. പലരും ഇതിനെ പിൻതാങ്ങി. പക്ഷെ പ്രഭുക്കൾ ഈ തീരുമാനത്തിനെതിരായിരുന്നു. മാസിഡോണിയായിലെ സൈന്യത്തിനാണു രാജാവിനെ തിരിഞ്ഞെടുക്കാനുള്ള അധികാരമെന്നു മെലീഗർ ഉറക്കെ പറഞ്ഞു. എന്നാൽ, അലക്സാണ്ടരുടെ സപത്നീപുത്രനായ അർഹിദിയൂസിനു രാജസ്ഥാനം നല്കണമെന്ന് ഒരു ഭടൻ അഭിപ്രായപ്പെട്ടപ്പോൾ മെലീഗർ അതിനെ പിൻതാങ്ങി. ഫിലിപ്പുതൃതീയൻ എന്ന പേരിൽ അർഹിതിയൂസു രാജാവായി.

ഒരു സൈന്യത്തോടുകൂടി പെർഡിക്കാസു ബാബിലോൺവിട്ട് ഇറങ്ങി പരിസരങ്ങളിലെ കൃഷിയും മററും നശിപ്പിച്ചു. ഫിലിപ്പ അർഹിദിയൂസു തീരെ അശക്തനായ ഒരു രാജാവായിരുന്നു. നഗരത്തിനു ചുററും വസിച്ചിരുന്നവരായ വിദേശീയർ നഗരത്തിനകത്തു പ്രവേശിച്ചു, നഗരവാസികളെ ഉപദ്രവിച്ചു. ഇതെല്ലാം ശമിപ്പിക്കുന്നതിനു തനിക്കു പ്രയാസമാകകാൽ, തന്നെ രാജസ്ഥാനത്തുനിന്ന് ഒഴിച്ചുവിട്ടാൽ മതി

യെന്നു കരഞ്ഞുംകൊണ്ടു ഫിലിപ്പു ജനങ്ങളോടു് അപേക്ഷിച്ചു. ഉടനെ അവർ പെർഡിക്കാസിനു് ഒരു ദൂതയച്ചു. അതനുസരിച്ചു് അദ്ദേഹം നഗരത്തിലെത്തി. പക്ഷേ, മെലീഗരേയും അയാളുടെ കൂട്ടുകാരേയും പെർഡിക്കാസു വിശ്വസിച്ചില്ല. കൂടാതെ, സൈന്യം മുഴുവനും കാൺകെ, മെലീഗറുടെ കൂട്ടുകാരിൽ മുന്നൂറുപേരെ ഗജങ്ങളെക്കൊണ്ടു ചവിട്ടിച്ചു കൊല്ലുന്നതിനു് അദ്ദേഹം ആജ്ഞാപിച്ചു. ജനങ്ങൾക്കു പെർഡിക്കാസിനോടുള്ള വിരോധത്തിന്റെ ആരംഭം ഇതു മുതല്ക്കായിരുന്നു. കുറെക്കാലത്തേക്കു കുഴപ്പങ്ങൾ ഒന്നുമുണ്ടായില്ല. പക്ഷേ, അലക്സാണ്ടരുടെ സാമ്രാജ്യത്തിലെ അധികം ഭാഗവും ശരിയായ വിധത്തിൽ സംയോജിക്കപ്പെട്ടിട്ടില്ലാതിരുന്നതിനാൽ അതു കാലവിളംബംവിനാ ഛിന്നഭിന്നമായിപ്പോയി.

ബി. സി 323-ൽ ആണു്, ആദ്യമായി സാമ്രാജ്യവിഭജനം നടന്നതു്. ഓരോ ഭാഗത്തിലേയും ഭരണകർത്താവു (ഇവർ എല്ലാവരും അലക്സാണ്ടരുടെ സേനാപതികളായിരുന്നു) കാലതാമസം കൂടാതെ സ്വതന്ത്രനായിത്തീർന്നു. കാലാന്തരത്തിൽ ഏഷ്യാമൈനർ, ഈജിപ്റ്റു് എന്നിവയും, ഒരു നൂതന മാസിഡോണിയൻരാജ്യവും ഉത്ഭവിച്ചു. ഇവയിൽ ആദ്യത്തെ രണ്ടു രാജ്യങ്ങൾ യഥാക്രമം ഭരിച്ചുവന്നതു സെല്യൂസിഡി ടോളമി എന്നീ വംശക്കാരായിരുന്നു അലക്സാണ്ടരുടെ മരണശേഷം അദ്ദേഹത്തിന്റെ വംശചരിത്രം ഏകദേശം ഇപ്രകാരമായിരുന്നു. ബി. സി. 317-ൽ ഒലിമ്പിയാസിന്റെ ദുഷ്പ്രേരണയാൽ ഫിലിപ്പു അർഹിഡിയൂസു വധിക്കപ്പെട്ടു. ഉദ്ദേശം ബി. സി. 310-ാമാണ്ടോ

ട്ടുകൂടി ആൻറിപേററിൻെറ പുത്രനായ കസ്സാണ്ടർ വൃദ്ധയായ ഒലിമ്പിയാസിനേയും അലക്സാണ്ടർ ഈജിസ്സ് എന്നു പേരുള്ള അവളുടെ പൌത്രനേയും വധിച്ചു. കസ്സാണ്ടറിൻെറ എതിരാളിയായ പോലിപെക്കൺ ബി. സി. 309_ാമാണ്ടു് അലക്സാണ്ടരുടെ മകനായ ഹെറാക്ലീസിൻെറ പ്രാണഹാനി വരുത്തിയതോടുകൂടി മാസിഡോണിയായിലെ ഹെറാക്ലിഡുവംശം നാമാവശേഷമായിത്തീൎന്നു.

ബി. സി. 323_ലെ തീരുമാനമനുസരിച്ചു്, രാജാവിനു സൎവ്വാധികാരവുമുണ്ടായിരുന്നു. പെർഡിക്കാസു, റീജൻറും, സെലൂക്കസ്സു് അദ്ദേഹത്തിൻെറ സഹായനുമായി. ആൻറിപേററും ക്രേററസ്സും മാസിഡോണിയായിലേയും ഗ്രീസിലേയും ഭരണാധികാരികളായി. ഈജിപ്റ്റു, മാസിഡോണിയൻ ലിബിയാ, എന്നീ ദേശങ്ങളിലെ അധിപനായിരുന്നു ടോളമി. ലിസിമാക്കസ്സു, ത്രേസും അതിനു ചുററുമുള്ള രാജ്യങ്ങളും ഭരിക്കുന്നതിനു നിയമിക്കപ്പെട്ടു. ആൻറിഗോണസ്സും മററു ചിലരും ഏഷ്യാ മൈനർ ഭാഗിച്ചെടുത്തു. പൈത്തൻ മീഡിയായിലെ നാഥനായിത്തീൎന്നു. സോഗ്ഡിയാനാ, ബാക്ററ്റിയാ, പഞ്ചാബ്ബ്, ഗഡ്രോസിയാ, എന്നീ ദേശങ്ങളിൽ മുൻപിലത്തെ ഭരണരീതി തുടൎന്നു കൊള്ളാൻ അനുവാദം നല്കിയിരുന്നു.

ആൻറിപേററർ, (അദ്ദേഹത്തിനു് എൺപതുവയസ്സു പ്രായമുണ്ടായിരുന്നു) തനിക്കു രാജസ്ഥാനം നല്കിയില്ലല്ലോ എന്നു വിചാരിച്ചു വളരെ വ്യസനിക്കയും, ടോളമിയുടേയും ആൻറിഗോണസിൻെറയും സഹായത്തോടുകൂടി പെർഡിക്കാസിനെ ദ്രോഹിക്കയും ചെയ്തു.

അദ്ദേഹത്തിൻെറ പടയാളകിൾ ബി. സി. 321_ൽ പെർഡിക്കാസിനെ വധിച്ചു. ഒട്ടം താമസിയാതെ, രണ്ടാമതൊരു തീരുമാനമുണ്ടായി. ഇതനുസരിച്ച് ആൻറിപേററർ റീജൻറും, സെലൂക്കസു ബാബിലോണിയായിലെ ക്ഷെവെസ്റായിയും ആയി. രണ്ടു വർഷം കഴിഞ്ഞു് ആൻറിപേററർ മരിച്ചു. അനന്തരം, പോലിപെക്കൺ പ്രതിനിധി ആയി. ഉടൻ ന്യായാവകാശിയായ കസ്സാണ്ടർ തൻെറ എതിരാളിയെ തോല്പിക്കയും മററുള്ള അവകാശികളെ വധിക്കയും ചെയ്തിട്ട, രാജസ്ഥാനം കൈക്കലാക്കി; മാസിഡോണിയാ തലസ്ഥാനമാക്കി സർവാധികാരത്തോടുകൂടി ഭരിച്ചു; അലക്സാണ്ടരുടെ സപത്നീ പുത്രിയായ തെസ്സലോണിക്കായെ വിവാഹം ചെയ്തു; സാലൊണിക്ക എന്ന പട്ടണം സ്ഥാപിച്ചു. എന്നാൽ അദ്ദേഹത്തിനു പഴയ മാസിഡോണിയൻ രാജ്യം മാത്രമേ ഉണ്ടായിരുന്നുള്ളു. ബി. സി.294_ാമാണ്ടുവരെ ആൻറിപേറററുടെ വംശക്കാരും ബി. സി. 149_ാമാണ്ടുവരെ ഡെമററ്റയസി (ആൻറിഗോണസിൻെറ പുത്രൻ)ൻെറ വംശക്കാരും മാസിഡോണിയാ ഭരിച്ചു. ബി. സി. 149_ൽ മാസിഡോണിയായെ റോമന്മാർ പിടിച്ചടക്കി. അന്നുമുതൽ അതു് ഒരു റോമൻപ്രവിശ്യയായിത്തീന്നു.

പെർഡിക്കാസിൻെറ മരണാനന്തരം, ആൻറിഗോണസിനു—ഇദ്ദേഹത്തിൻെറ സന്താനങ്ങൾ പില്ക്കാലം മാസിഡോണിയായിലെരാജാക്കന്മാരായി—ഏഷ്യായിൽ വളരെ ശക്തിയും പ്രതാപവുമുണ്ടായതിനാൽ, മാസിഡോണിയായിലെ കസ്സാണ്ടർക്കും ഈജിപ്റ്റിലെ ടോളമിക്കും വലിയ ഭീതി ഉണ്ടായി. ബാബിലോ

ണിയായിൽ നിന്നും സെല്യൂക്കസിനെ ആൻറിഗോണസ് ഓടിച്ചു. സെല്യൂക്കസ്, ടോളമിയുടെ കൊട്ടാരത്തിൽ അഭയം പ്രാപിച്ചു. ആൻറിഗോണസിനെതിരായി മററു ശക്തികൾ ഓരോന്നു പ്രവർത്തിച്ചു തുടങ്ങി. തൽഫലമായി സെല്യൂക്കസിനു പൂർവ്വസ്ഥാനം ലബ്ദമായി. ബി. സി. 301-ാമാണ്ടു് ഇപ്സസിൽ വെച്ചു നടന്ന യുദ്ധത്തിൽ ആൻറിഗോണസു വധിക്കപ്പെട്ടു. അലക്സാണ്ടരുടെ 'പിൻഗാമിക'ളിൽ ആദ്യമായി (ബി. സി. 306) രാജസ്ഥാനം സ്വീകരിച്ചതു് ആൻറിഗോണസായിരുന്നു. കസ്സാണ്ടർ, ടോളമി, സെല്യൂക്കസ്, ലിസിമാക്കസ്, എന്നിവർ ആൻറിഗോണസിനെപ്പോലെ രാജസ്ഥാനം കൈക്കൊണ്ടു.

ആൻറിഗോണസിൻെറ മരണാനന്തരം, ഏഷ്യായിൽ സെല്യൂക്കസിൻെറ പ്രധാന വൈരി, ലിസിമാക്കസ് ആയിരുന്നു. ബി. സി. 281-ൽ അയാളും വധിക്കപ്പെട്ടു. ഇപ്രകാരം സെല്യൂക്കസിനു് എതിരാളികളാരും ഇല്ലാതായിത്തീന്നു. താമസമെന്യേ, ഈജിയൻ സമുദ്രം മുതൽ സിന്ധുനദിവരെയുള്ള രാജ്യം അദ്ദേഹത്തിനു് അധീനമായി. രണ്ടു ശതാബ്ദത്തിനു മേൽ പൌരസ്ത്യ രാജ്യങ്ങളിൽ യവനാധിപത്യത്തെ നിലനിറുത്തിയ സെല്യൂസിഡിവംശം അദ്ദേഹമാണു് സ്ഥാപിച്ചതു്. അലക്സാണ്ടരുടെ ഭരണത്തിൻ കീഴിലിരുന്ന ഏഷ്യായിലെ രാജ്യങ്ങളെല്ലാം ടി വംശക്കാക്കു സ്വാധീനപ്പെട്ടില്ല. യവന ഭടന്മാക്കു വീണ്ടും ഇന്ത്യയിൽ കടക്കുന്നതിനു സാധിക്കാതെപോയി. അലക്സാണ്ടർ മരിച്ചു് ഒന്നുരണ്ടു തലമുറ കഴിഞ്ഞതിനുശേഷം, ബാക്റ്റ്റിയാ, സോഗ്ഡിയാനാ, ഏഷ്യാമൈനർ,

എന്നിവ സ്വതന്ത്രങ്ങളായി. വടക്കെ പാർത്തിയ പ്രാബല്യത്തെ പ്രാപിച്ചു: സെല്യൂസിഡ് വംശത്തിലെ കട്ടവിലത്തെ രാജാവായ ആൻറിയോക്കസ്സ് പതിമൂന്നാമന്ന സിറിയാ മാത്രമെ അധീനപ്പെട്ടിരുന്നുള്ളു. ബി. സി. 64_ൽ റോമന്മാർ ആ രാജ്യവും പിടിച്ചടക്കി. ഇപ്രകാരമെല്ലാമായിരുന്നുവെങ്കിലും, സെല്യൂസിഡ് വംശക്കാർ യവനപരിഷ്കാരം നടപ്പിലാക്കി. അനന്തരം അലക്സാണ്ടരെപ്പോലെ റോമന്മാർ പൗരസ്ത്യ രാജ്യങ്ങളിൽ പാശ്ചാത്യ രാജ്യങ്ങളിലെ ആശയങ്ങൾ, ആചാരങ്ങൾ, മുതലായവ പ്രചരിപ്പിക്കുന്നതിൽ വേണ്ടതു ചെയ്തു തുടങ്ങി. തന്മൂലം അനേകം ഗുണങ്ങളുണ്ടായി. മിക്ക പൗരസ്ത്യരാജ്യങ്ങളിലും അഭ്യസ്തവിദ്യരുടെ ഭാഷ ഗ്രീക്കായിരുന്നു. റോമന്മാർ, അവരുടെ കാലത്തെ യവനന്മാരെക്കുറിച്ചു പുച്ഛമായി വിചാരിച്ചുവെങ്കിലും, യവനസാഹിത്യത്തേയും കലയേയും അവർ വിലമതിക്കയും അവയെ പഠിക്കയും ചെയ്തു.

ആദ്യം മുതൽക്കെ തന്നെ ഏഷ്യാമൈനറിലുൾപ്പെട്ട പെർഗാമം എന്ന സ്ഥലത്തെ ഭരണം മററു ഭാഗങ്ങളിലുണ്ടായിരുന്നതിൽ നിന്നും ഭിന്നമായിരുന്നു. ലിസിമാക്കസിൻെറതലസ്ഥാനമായിരുന്ന ഈ ചെറിയ സ്ഥലം കാലക്രമത്തിൽ സ്വതന്ത്രമായിത്തീൎന്നു. റോമന്മാരുടെ കാലം വരെ യവനസംസ്കാരത്തിൻെറ ഒരു വിശിഷ്ടകേന്ദ്രമായിരുന്നു അതു്. അതിൻെറ സൗവൎണ്ണകാലത്തു് അവിടെ 'Parchment' (പുരാതനകാലത്തു് എഴുതാൻപയോഗിച്ചുവന്ന ഒരു സാധനം) ഉണ്ടാക്കിവന്നു. ബി. സി. 133_ൽ ആ രാജ്യത്തെ അന്ത്യരാജാവു് അതു റോമന്മാൎക്കു വിട്ടുകൊടുത്തു.

ടോളമി വംശക്കാരാൽ ഭരിക്കപ്പെട്ട ഈജിപ്റ്റ, മാസിഡോണിയായേക്കാൾ കുറേക്കാലംകൂടി സ്വാതന്ത്ര്യം അനുഭവിച്ചു. പക്ഷേ ഒടുവിൽ, മററു രാജ്യങ്ങളെപ്പോലെ അതു ക്ഷീണദശയെ പ്രാപിച്ചു. അലക്സാണ്ടരുടെ സേനാപതികളിൽ പ്രഥമസ്ഥാനത്തെ അഹിച്ച ടോളമി (ലാഗസിൻെറ പുത്രൻ) ആണ് ഈ വംശം ഈജിപ്റ്റിൽ സ്ഥാപിച്ചതു്. അതിൻെറ സാഹിത്യപരമായ പ്രാധാന്യത്തിനും കാരണഭൂതൻ ഇദ്ദേഹമായിരുന്നു. ടാളമികളുടെ കാലത്തു വിദേശങ്ങളിൽ നിന്നു പണ്ഡിതന്മാർ ഇവിടെ വരികപതിവായിരുന്നു. ടോളമിവംശത്തിലെ അങ്ഗങ്ങൾ തമ്മിലുള്ള ശണ്ഠകൾമൂലമാണു റോമന്മാർ ഈജിപ്റ്റിനെ ബി. സി. 30_ാമാണ്ടോടുകൂടി പിടിച്ചടക്കിയതു്.

ഗ്രീസും റോമന്മാൎക്കു് അധീനമായി. ഗ്രീക്കകാരിൽ നിന്നും റോമന്മാർ കലയും ശാസ്ത്രവും സംബന്ധിച്ച പല അറിവുകളും കിട്ടിയെന്നു മുൻപു പ്രസ്താവിച്ചുവല്ലോ. മാസിഡോണിയായിലെ രാജാവു ഗ്രീസിനെ പിടിച്ചടക്കിയതു മുതൽ യവനന്മാർ അസന്തുഷ്ടരായി കാണപ്പെട്ടു. സ്പാർട്ടന്മാർ മാത്രം അലക്സാണ്ടർ കീഴടങ്ങുന്നതിനു വിസമ്മതം കാണിച്ചു. അദ്ദേഹം ഏഷ്യാക്കു തിരിച്ചതു മുതൽ സ്പാർട്ടായിലെ രാജാവായ ആഗിസു (Agis) മാസിഡോണിയാക്കാൎക്കു വിപരീതമായി പ്രവൎത്തിച്ചു തുടങ്ങി. ഈ സന്ദർഭത്തിൽ ഡെമോസ്തനീസ് ആഗിസിനെ സഹായിക്കാനാഗ്രഹിച്ചു. പക്ഷേ, അതീനിയന്മാർ ഇതിനു പ്രതികൂലികളായിരുന്നു. സ്പാർട്ടന്മാരുടെ ചതിപ്രയോഗങ്ങളെപ്പററി അലക്സാണ്ടർ അറിഞ്ഞപ്പോൾ, അദ്ദേഹം പുച്ഛരസത്തോടുകൂടി

ചിരിച്ചുവത്രെ. അലക്സാണ്ടർ ഏഷ്യയിലായിരുന്നപ്പോൾ മാസിഡോണിയാ ഭരിച്ച ആൻറിപേറ്റർ സ്പാർട്ടന്മാരുമായി യുദ്ധം ചെയ്തു് ആഗസിനെ വധിച്ചു.

ഇന്ത്യയിൽ നിന്നും അലക്സാണ്ടർ തിരിച്ചപ്പോൾ, അദ്ദേഹത്തിൻെറ ഖജാൻജിയായ ഹാർപാലസു താൻ മോഷ്ടിച്ച ദ്രവ്യ (എഴുന്നൂറു ടാലൻറു) ത്തോടുകൂടി അതൻസിലേക്കാണ് പുറപ്പെട്ടതു്. അവിടെ തനിക്കു സഹായികളുണ്ടായിരുന്നുവെന്നു് അയാൾ വിചാരിച്ചു. അലക്സാണ്ടരെക്കുറിച്ചുള്ള ഭയം നിമിത്തം, ഹാർപാലസിനെ സഹായിക്കാൻ മിക്കവരും മടിച്ചു. അതീനിയൻ പൌരന്മാർ ഹാർപാലസിനെ ബന്ധനസ്ഥനാക്കുകയും അദ്ദേഹത്തിൻെറ കൈവശമുണ്ടായിരുന്ന സംഖ്യയെ ഭണ്ഡാരത്തിൽ നിക്ഷേപിക്കയും ചെയ്തു. കാലവിളംബം കൂടാതെ, എവ്വിധമോ ഹാർപാലസ്സ് അവിടെ നിന്നും ഓടി രക്ഷപ്പെട്ടു. കുറെ കഴിഞ്ഞപ്പോൾ, നിക്ഷേപിച്ച സംഖ്യയിൽ പകുതിയും കാണാതെയായി. ഭണ്ഡാരത്തിൻെറ ചുമതല വഹിച്ചിരുന്ന ഡെമോസ്തനീസിനെ എല്ലാവരും സംശയിച്ചു. തൻെറ നിരപരാധിത്വത്തെ സ്ഥാപിക്കുന്നതിനു് അദ്ദേഹം വാഗ്വിലാസത്തോടുകൂടി ഒരു പ്രസംഗം ചെയ്തു. പക്ഷേ, ഫലമൊന്നുമുണ്ടായില്ല. തെരുവീഥികളിൽ വെച്ചു് അതീനിയന്മാർ ആ വാഗ്മിയെ പരസ്യമായി അധിക്ഷേപിക്കയും, ഒടുവിൽ ഏരിയോപാഗസ്സ് എന്ന സുപ്രസിദ്ധ നീതിന്യായ കോടതി മുൻപാകെ ഹാജരാക്കയും ചെയ്തു. ഡെമോസ്തനീസു നിരപരാധിയാണെന്നു വിധിയുണ്ടായി എങ്കിലും, അൻപതു ടാലൻറു് അദ്ദേഹം കെട്ടിവെക്കണമെന്നു കോടതി വിധിച്ചു. ആ തുക

കെട്ടിവെക്കാൻ ഡമോസ്തനീസിനു നിവൃത്തിയില്ലായിരുന്നു. അതുകൊണ്ടു് അദ്ദേഹം കാരാഗൃഹത്തിൽ അടയ്ക്കപ്പെട്ടു. അലക്സാണ്ടർ ഗ്രീസിനെ ആക്രമിച്ചു ഗ്രീക്കുകാൎക്കു കഷ്ടനഷ്ടങ്ങൾ ഉണ്ടാക്കാതിരിക്കാനായിരുന്നു ഈ കഠിന ശിക്ഷ അതീനിയന്മാർ നൽകിയതു്. എന്നാൽ അദ്ദേഹം എങ്ങനെയോ കാരാഗൃഹത്തിൽ നിന്നും രക്ഷപ്പെട്ടു.

ഇക്കാലത്താണു് അലക്സാണ്ടരുടെ മരണവാൎത്ത പുറത്തു വന്നതു്. ഇതു ഗ്രീക്കുകാർ ആദ്യം വിശ്വസിച്ചില്ല. അലക്സാണ്ടർ ഒരു അസാധാരണ മനുഷ്യനായിരുന്നുവെന്നും, അദ്ദേഹം മരിക്കുന്നതിനു മുൻപു ചില ഭയങ്കരസംഭവങ്ങൾ ഉണ്ടാകുമെന്നും, അവർവിചാരിച്ചിരുന്നു. "അലക്സാണ്ടർ മരിച്ചിരിക്കാനിടയില്ല. മരിച്ചിരുന്നുവെങ്കിൽ നിൎയ്യാണവാൎത്ത ഇതിനു് എത്രയോ മുൻപുതന്നെ ലോകത്തിൽ സൎവ്വത്ര പ്രചരിക്കുമായിരുന്നു", എന്നു് ഒരു സുപ്രസിദ്ധ വാഗ്മിയായ ഡെമാഡീസ് അഭിപ്രായപ്പെട്ടു. അലക്സാണ്ടരുടെ മരണവൃത്താന്തം സത്യമാണെന്നു മനസ്സിലായപ്പോൾ, പതിമൂന്നു വർഷങ്ങൾക്കു മുൻപു ഫിലിപ്പു മരിച്ച ഉടൻ ചെയ്തതുപോലെ, യവനന്മാർ മാസിഡോണിയാക്കാരെ എതിൎക്കാൻ വട്ടം കൂട്ടി. സ്വാതന്ത്ര്യലബ്ധിക്കായി യുദ്ധം ചെയ്യേണ്ടതാവശ്യമെന്നു ഗ്രീസിൽ അലഞ്ഞു നടന്നു ഡമോസ്തനീസു വീണ്ടും പ്രസംഗിച്ചു. അദ്ദേഹം കെട്ടിവെക്കണമെന്നു് ഏറിയോപാഗസു വിധിച്ച തുക അതീനിയന്മാർ തന്നെ കെട്ടിവെച്ചു് അദ്ദേഹത്തെ നഗരത്തിൽ പ്രവേശിപ്പിച്ചു. തന്നിമിത്തം, നഗരവാസികൾ ഉത്സാഹഭരിതരായിത്തീൎന്നു. എന്നാൽ, ഡമോ

സ്ഥനീസിന്ന് അധികകാലം ആതൻസിലിരിക്കുന്നതി
നുള്ള ഭാഗ്യം ലഭിച്ചില്ല. ബി. സി. 322-ാമാണ്ടു
ക്രാനൺ എന്ന സ്ഥലത്തുവെച്ചു യവനന്മാരെ ആൻറി
പെററരും ക്രേററസ്സും തോല്പിച്ചു. ഉടൻ, സ്വമന
സ്സാലെ അതീനിയന്മാർ, മാസിഡോണിയാക്കാർക്കു
കീഴടങ്ങി. കൂടാതെ, അററിക്കായിൽ ഒരു മാസിഡോ
ണിയൻ രക്ഷാസൈന്യം താമസിക്കുന്നതിനും, യുദ്ധം
ചെയ്യുന്നതിനു പ്രേരിപ്പിച്ച വാഗ്മികളെ വിട്ടുകൊടുക്കു
ന്നതിനും സമ്മതിച്ചു.

ഡമാസ്ഥനീസ്സും അദ്ദേഹത്തിൻെറ കൂട്ടുകാരും രക്ഷ
പ്പെടുന്നതിനു ശ്രമിച്ചു. എന്നാൽ, ആൻറിപെററ
റിൻെറ ആളുകൾ അവരെ പിന്തുടന്നതിനാൽ അവർ
കൂട്ടപിരിഞ്ഞു. കലൂറിയാ എന്ന ദ്വീപിലുള്ള പൊ
സൈഡൺ ദേവാലയത്തിൽ ഡമോസ്ഥനീസ് അഭയം
പ്രാപിച്ചു. മാസിഡോണിയാക്കാർ വിവരം അറിഞ്ഞു്
അവിടെ എത്തി. തൻെറ വീട്ടിലേക്ക് ഒരെഴുത്തെഴു
തുന്നതിനുള്ള സമയം കൂടി തനിക്കു നൽകണമെന്നു്
അദ്ദേഹം അവരോടു് അപേക്ഷിച്ചു. അവർ അതു സമ്മ
തിച്ചു. ഉടനെ, ദേവാലയത്തിനകത്തു പ്രവേശിച്ചു
കൈവശമുണ്ടായിരുന്ന വിഷം സേവിച്ചു. ആൻറി
പെറററിൻെറ കൈയിലകപ്പെട്ടു മരിക്കുന്നതു നികൃഷ്ട
മായി അദ്ദേഹം കരുതിയതുകൊണ്ടാണു് അപ്രകാരം
പ്രവത്തിച്ചതു്. തൻെറ മരണംമൂലം ദേവാലയം അശു
ദ്ധമാകാതിരിപ്പാൻ അവിടെ നിന്നും വെളിയിൽ
പോകാനുള്ള ശ്രമത്തിനിടയിൽ അദ്ദേഹം ബലിപീഠ
ത്തിൻെറ മുമ്പിൽ വീണു മരിച്ചു. അതറിഞ്ഞപ്പോൾ
അതീനിയന്മാർ, വെള്ളോടു കൊണ്ടു് അദ്ദേഹത്തിൻെറ

ഒരു പ്രതിമയുണ്ടാക്കി ആതൻസിൽ സ്ഥാപിക്കയും ജ്ഞാനത്തിനൊപ്പം അദ്ദേഹത്തിന്റെ കായബലമുണ്ടായിരുന്നുവെങ്കിൽ, മാസിഡോണിയാക്കാർ ഗ്രീസിനെ ഒരിക്കലും പിടിച്ചടക്കുകയില്ലായിരുന്നുവെന്ന് അതിൽ അവർ കൊത്തിവെപ്പിക്കയും ചെയ്തു.

ആൻറിപേററരുടെ പിൻഗാമി പോലിസ്പെക്കൻ ആയിരുന്നു. അലക്സാണ്ടരുടെ മരണാനന്തരം അദ്ദേഹത്തിൻെറ സാമ്രാജ്യത്തിലുണ്ടായ രാഷ്ട്രീയവിപ്ലവങ്ങളിൽ കുറെകാലം ഗ്രീക്കുകാരും പങ്കുകൊണ്ടു. അവയിൽ പ്രസ്താവയോഗ്യങ്ങളായവയെപ്പററി മാത്രം പറയാം.

ബി സി. 280-ാമാണ്ടു ഗാളി (ആധുനിക ഫ്രാൻസു)ൽനിന്നും, അപരിഷ്കൃതരെന്നു വിളിച്ചുവന്ന വർഗ്ഗത്തിലെ ഏതാനും യോദ്ധാക്കൾ ബ്രെന്നസ് എന്ന ഒരു യുദ്ധവീരൻെറ നേതൃത്വത്തിൽ മാസിഡോണിയായിൽ പ്രവേശിച്ചു. അവർ അവിടത്തെ രാജാവിനെ തോല്പിച്ചശേഷം കൊള്ളയുമായി ഗ്രീസുരാജ്യം മുഴുവൻ സഞ്ചരിച്ചു. ഒടുവിൽ അവർ ഡെൽഫിയിലെ അപ്പോളൊവിൻെറ ദേവാലയത്തിൽ സൂക്ഷിച്ചിരുന്ന ദ്രവ്യം അപഹരിക്കാനെത്തി. അപ്പോൾ ആക്രാമകന്മാർ നിന്ന സ്ഥലത്തു ഭയങ്കരമായ കൊടുങ്കാറേറാടുകൂടി ഒരു ഭൂകമ്പമുണ്ടായി. അവരിൽ ഒട്ടുവളരെ പേർ മൃതിയടഞ്ഞു. ബാക്കിയുള്ളവർ ഗ്രീക്കുകാരുടെ ഖഡ്ഗങ്ങൾക്കിരയായി.

ഈ സംഭവം നടന്നു പത്തുവർഷം കഴിഞ്ഞപ്പോൾ, എപ്പൈറസിലെ രാജാവും സേനാനായകനുമായ പിറസു, സ്പാർട്ടായെ ആക്രമിച്ചു. സ്പാർട്ടന്മാർ അവരെ ഓടിക്കാൻ ഉററുശ്രമിച്ചു.

ഒടുവിൽ തിരിച്ചുപോകാൻ പിറസു നിർബദ്ധനായിയെങ്കിലും, ഒരുത്തൻെറ ചതിപ്രയോഗത്താൽ സ്പാർട്ടാനഗരത്തിൽ അദ്ദേഹത്തിനു പ്രവേശനം സിദ്ധിച്ചു. പക്ഷെ, അവിടത്തെ ഒരു തെരുവിൽക്കൂടി അദ്ദേഹം പോകുമ്പോൾ, ഒരു സ്ത്രീ തൻെറ മാളികയുടെ മുകളിലത്തെ നിലയിൽനിന്നും അദ്ദേഹത്തിനെ ലക്ഷ്യമാക്കി ഒരു കല്ലു് എറിയുകയും, ആ ഏറുകൊണ്ടു അദ്ദേഹം താഴെ വീണു മരിക്കയും ചെയ്തു.

ബി. സി. 237-ാമാണ്ടു, ഗ്രീസിലെ അനേകം ചെറു സംസ്ഥാനങ്ങളിൽപ്പെട്ട ജനങ്ങൾ അവിടത്തെ ചില വലിയ സംസ്ഥാനങ്ങളിൽപ്പെട്ട ജനങ്ങളുടെ ഉപദ്രവങ്ങളിൽ നിന്നും രക്ഷ പ്രാപിക്കാനൊരുമിച്ചു ചേൎന്നു. ടി ചെറു സംസ്ഥാനങ്ങളിൽവച്ച് അക്കേയ, പ്രധാനമായിരുന്നതുകൊണ്ടു, അതിന്് ആക്കേയൻസമിതി എന്നാണു പേർ കൊടുത്തതു്. സ്പാർട്ടായും ഇതുടനാളിയായും ഈ സമിതിയിലുൾപ്പെട്ട സംസ്ഥാനങ്ങളുമായി യുദ്ധം ചെയ്തു് അവിടുത്തുകാരെ തോല്പിച്ചു.

ഇതിൻെറ ഫലമായി, തങ്ങളുടെ കക്ഷിക്കാർ ആക്കയന്മാരെ വിട്ടുപിരിയുകയും അവർ മാസിഡോണിയായിലെ രാജാവിനോടു സഹായത്തിനപേക്ഷിക്കയും ചെയ്തു: ഈ അപേക്ഷ അദ്ദേഹം സ്വീകരിച്ചു. ക്ലിയോമീനിസും അദ്ദേഹത്തിൻെറ സൈന്യവും സ്പാർട്ടന്മാരെ തോല്പിച്ചു. സ്പാർട്ടന്മാർ മാസിഡോണിയായിലെ രാജാവിനു കീഴടങ്ങി. ഇതോടുകൂടി അവരുടെ സ്ഥിതി മോശമായി. മാസിഡോണിയാക്കാർ സ്വദേശത്തേക്കു മടങ്ങി. എല്ലാവരും സമാധാനത്തിൽ വൎത്തിച്ചു.

എന്നാൽ ഈ സ്ഥിതി അധികകാലം നിലനിന്നില്ല. ആക്കേയന്മാരുടെ രണ്ടാമത്തെ അപേക്ഷപ്രകാരം, മാസിഡോണിയാക്കാർ അവരെ സഹായിച്ചു. ഈ പ്രാവശ്യം അരാററസു ആയിരുന്നു അവരുടെ നായകൻ. മാസിഡോണിയായിലെ രാജാവായ ഫിലിപ്പു ഗ്രീസിലെത്തി വിഷം കൊടുത്തു് അയാളെ കൊല്ലിച്ചു.

അരാററസിൻെറ മരണശേഷം, ആക്കേയൻസമിതിയുടെ നേതാവു സുപ്രസിദ്ധനായ ഫിലോപീമൻ ആയിരുന്നു. ഇദ്ദേഹത്തിനെ ഗ്രീസിലെ ശൂരന്മാരിൽ അന്തിമനായി ഗണിച്ചുവന്നു. ഫിലോപിമൻ സ്പാർട്ട പിടിച്ചെടുക്കയും, അതിൻെറ കോട്ട ഇടിച്ചുനിരത്തുകയും ചെയ്തു. വീണ്ടും പ്രാധാന്യത്തെ പ്രാപിക്കുന്നതിനുള്ള ഭാഗ്യം അതിനുണ്ടായില്ല.

അടുത്തതായി, ഫിലിപ്പ് ഈറ്റോളിയന്മാരുമായി യുദ്ധത്തിലേർപ്പെട്ടു. ഗത്യന്തരമില്ലാതെ അവർ റോമന്മാരോടു സഹായത്തിന്നപേക്ഷിച്ചു. ഇക്കാലത്തു റോമന്മാർ വളരെ ശക്തിയുള്ളവരായിരുന്നു. അവർ ഈറ്റോളിയന്മാരുടെ അപേക്ഷയെ കൈക്കൊണ്ടു. ഒരു റോമൻ സൈന്യം മാസിഡോണിയായിൽ പ്രവേശിച്ചു. യുദ്ധത്തിൽ ഫിലിപ്പു തോററുപോകയാൽ അദ്ദേഹം സമാധാനത്തിന് അപേക്ഷിച്ചു.

ഫിലിപ്പിൻെറ പിൻഗാമി പെഴ്സിയസു ആയിരുന്നു. അദ്ദേഹത്തിന്, റോമന്മാരുമായി യുദ്ധം ചെയ്യേണ്ടിവന്നു. യുദ്ധത്തിൽ അദ്ദേഹത്തിനു തോൽവി പററുകയും, ഒരു തടവുകാരനായി അദ്ദേഹം റോമിലേക്കു കൊണ്ടുപോകപ്പെടുകയും ചെയ്തു. ഇങ്ങനെ മാസിഡോണിയാ ഒരു റോമൻ പ്രവിശ്യയായിത്തീൎന്നു.

# അദ്ധ്യായം ൰൭.

## അലക്സാണ്ടരെപ്പററിയുള്ള ഐതിഹ്യങ്ങൾ.

ഫിനീഷ്യായിലെ വാണിജ്യകേന്ദ്രങ്ങളുടെ ശക്തിയെ ക്ഷയിപ്പിച്ചതു കൊണ്ടും, ഈജിപ്ററിനെ പിടിച്ചടക്കിയതുകൊണ്ടും, ബാക്ററ്റിയായിൽ വളരെ കാലം താമസിച്ചതുകൊണ്ടും, പുരാതന ഖണ്ഡങ്ങളിൽ സർവ്വത്ര അലക്സാണ്ടരുടെ ഖ്യാതി വ്യാപിച്ചു. യവനന്മാർ തന്നെ പല വിദൂരസ്ഥലങ്ങളിലും സഞ്ചരിച്ചു. അററ്ലാൻറിക് സമുദ്രത്തിൻെറ തീരങ്ങൾവരെ ടൈർലേയും സിഡോണിലേയും വണിക്കുകൾ കപ്പലുകളിൽ യാത്ര ചെയ്തു. അലക്സാണ്ടർ Eschate എന്ന പട്ടണം ചൈനായിലേക്കുള്ള പാതയിൽ സ്ഥാപിതി ചെയ്തിരുന്നതിനാൽ ബുദ്ധസന്ന്യാസിമാർമൂലം അലക്സാണ്ടരുടെ ധീരപ്രവൃത്തികളെക്കുറിച്ചു പൌരസ്ത്യദേശക്കാർ അറിയുന്നതിനിടയായി.

അലക്സാണ്ടർ മരിച്ച് ഏകദേശം അഞ്ഞൂറു സംവത്സരം കഴിഞ്ഞിട്ടാണ് അദ്ദേഹത്തെപ്പററി ചില ഐതിഹ്യങ്ങളുണ്ടായതു്. അദ്ദേഹത്തിൻെറ സമകാലീനന്മാരായ ചരിത്രകാരന്മാർ അദ്ദേഹത്തിൻെറ ചരിത്രം എഴുതീട്ടുണ്ടെങ്കിലും, അതു നഷ്ടപ്പെട്ടുപോയിരിക്കുന്നു. പക്ഷേ, ഡയഡോറസ്, സിക്കലസ്, സ്റ്റ്റാബൊ, പ്ലൂട്ടാർക്ക്, കർട്ടിയസ്, അറ്യൻ, എന്നിവർ മുൻപു പ്രസ്താവിച്ച ഗ്രന്ഥങ്ങളിൽ നിന്നു ധാരാളം ഉദ്ധരിച്ചിട്ടുണ്ടു്.

ഈ ഗ്രന്ഥകാരന്മാരെ കൂടാതെ, ദേശസഞ്ചാരികൾ, വണിക്കുകൾ, കവികൾ, വീരകഥാകർത്താക്കൾ എന്നിവരും അലക്സാണ്ടരെപ്പററി വൃത്താന്തങ്ങൾ എഴുതീട്ടുണ്ട്. സീവായിലെ (ശാദ്വലപ്രദേശം) ദേവാലയത്തിലേക്കുള്ള അദ്ദേഹത്തിൻെറ യാത്രമുതലാണ് ഇവ ഉത്ഭവിച്ചതു്. യൂറോപ്യന്മാർ ഇന്ത്യയെക്കുറിച്ച് ആദ്യമായി അറിഞ്ഞതു് അലക്സാണ്ടർ മൂലമാണ്. അദ്ദേഹത്തെപ്പററി പല കഥകളുമുണ്ടായി. ഉദ്ദേശം ഒരു സഹസ്രാബ്ദകാലത്തോളം ചാർലിമെയിൻ, ആർതർ, എന്നിവരെപ്പോലെ അലക്സാണ്ടരും ഒരു വീരകഥാപുരുഷനായിത്തീരുകയും, അദ്ദേഹത്തെക്കുറിച്ചുള്ള ഐതിഹ്യങ്ങൾ ഏഷ്യയിൽ അദ്ദേഹം സന്ദർശിക്കാത്ത ഭാഗങ്ങളിൽ കൂടി പരക്കുകയും ചെയ്തു.

ഈ കഥകളിൽ ഏററവും പ്രാധാന്യമേറിയതു 'സംസാരിക്കുന്ന വൃക്ഷങ്ങളെ'ക്കുറിച്ചുള്ളതാണ്. സീവായിലെ ദൈവം അലക്സാണ്ടരോടു പ്രസ്താവിച്ചതിനെപ്പററി അദ്ദേഹം ആരോടും പറഞ്ഞില്ലെങ്കിലും, 'സൂര്യവൃക്ഷം' അരുളിച്ചെയ്തതു് ഇപ്രകാരമായിരുന്നു. "അലക്സാണ്ടർ ലോകം മുഴുവൻ പിടിച്ചടക്കും. പക്ഷേ, മാസിഡോണിയായിൽ അദ്ദേഹം തിരിച്ചെത്തുകയില്ല". കല്ലിസ്തിനീസു രചിച്ചുവെന്നു വിചാരിക്കപ്പെട്ടിരിക്കുന്ന ഒരു ഗ്രന്ഥത്തിൽ ഈ കഥ താഴെ പറയുംപ്രകാരം കാണുന്നു.

"അനന്തരം, ഏതാനും നഗരവാസികൾ വന്ന് ഇങ്ങനെ പറഞ്ഞു. 'അല്ലയോ രാജാവെ, അവിടുത്തെ ഒരു വിശേഷവസ്തു കാണിക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. അതു മനുഷ്യരെപ്പോലെ സംസാരിക്കുന്ന വൃക്ഷങ്ങളാണ്.' ഞാൻ (അലക്സാണ്ടർ) അവരുടെ കൂടെ ഒരു

ആരാമത്തിലേക്ക പോയി. അവിടെ രണ്ടു വൃക്ഷങ്ങൾ ഞാൻ കണ്ടു. അവയിൽ ആൺവൃക്ഷത്തിന്റെ പേർ സൂർയ്യനെന്നും പെൺവൃക്ഷത്തിന്റെ പേർ ചന്ദ്രനെന്നു മാണു്. ഈ വൃക്ഷങ്ങളോടു ഞാൻ ഒരു ചോദ്യം ചോദിച്ചു. സൂർയ്യവൃക്ഷത്തിൽനിന്നും ഒരു അരുളപ്പാടുണ്ടായി. അതിന്റെ അർത്ഥം പറയുന്നതിനു് ആ നഗരവാസികൾക്ക ധൈർയ്യമുണ്ടായില്ല"

സോബിനാൻ (Sobinan, ഖോരസാൻ) എന്ന പ്രവിശ്യയിലാണു് ഈ വൃക്ഷം നിന്നിരുന്നതെന്നും, പതിനഞ്ചാം ശതാബ്ദത്തിലെ ഭൂപടങ്ങളിൽ ഈ വൃക്ഷത്തെ അടയാളപ്പെടുത്തിയിരുന്നുവെന്നും, ബുദ്ധമതക്കാർ പുണ്യവൃക്ഷമായി ഗണിച്ചുവരുന്ന ബോധിവൃക്ഷം അല്ലായിരുന്നു ഇതെന്നും മാർക്കൊപോളൊ കുറിച്ചിരിക്കുന്നു. ഇതു പ്ലെയിൻ (Plane tree, chunar) വൃക്ഷമാണെന്നാണു് സർഹെൻറിയൂളിന്റെ അഭിപ്രായം.

ഡെർബൻഡു് (Derbend) എന്ന വിരത്തിനു കുറുകെ പണി ചെയ്യപ്പെട്ടിട്ടുള്ള പ്രാകാരം അലക്സാണ്ടർ നിർമ്മിച്ചതാണത്രെ. ഈ പ്രാകാരം അലക്സാണ്ടരുടെ കാലത്തിനു് ഉദ്ദേശം എണ്ണൂറുവർഷത്തിനുശേഷം ജീവിച്ചിരുന്ന ഒരു സസ്സനിയൻരാജാവു കെട്ടിച്ചതാണെന്നു ചരിത്രഗ്രന്ഥങ്ങളിൽ കാണുന്നു. 360 ഗോപുരങ്ങളോടുകൂടിയതും വിഷമമേറിയ മലയിടുക്കുകളിലും മററുംകൂടി കെട്ടപ്പെട്ടിട്ടുള്ളതുമായ 'കക്കേഷ്യൻപ്രാകാരം' അലക്സാണ്ടർ പണി കഴിപ്പിച്ചതാണെന്നു് ഐതിഹ്യങ്ങളിൽ കാണുന്നു.

ചൈനായിലെ മഹാപ്രാചീരത്തോടും അലക്സാണ്ടരുടെ പേരു ഘടിപ്പിച്ചിട്ടുണ്ടു്. പക്ഷേ, ഇതു് അടി

സ്ഥാനരഹിതമാണ്. അന്ധകാരമണ്ഡലം അദ്ദേഹം കടന്നുവെന്നു ഐതിഹ്യത്തിൽ കാണുന്നുണ്ടു്. ഈ രാജ്യക്കാരെക്കുറിച്ച് ഒരു വെനീഷ്യൻ ദേശസഞ്ചാരി ഇപ്രകാരമെഴുതിയിരിക്കുന്നു. "അവരെ ഒരു രാജാവും ഭരിക്കുന്നില്ല. ഒരു വിദേശിക്കു് അവർ അധീനപ്പെട്ടിരിക്കുന്നില്ല. അവിടെ സൂര്യനൊ ചന്ദ്രനൊ നക്ഷത്രങ്ങളൊ പ്രകാശിക്കുന്നില്ല. ഈ ദേശത്തിൻെറ അതിർത്തിസ്ഥാനത്തു് അലക്സാണ്ടർ ഒരു ഗോപുരം കെട്ടിച്ചതായി അദ്ദേഹത്തെപ്പററിയുള്ള ഐതിഹ്യങ്ങളിൽ കാണുന്നു.

സിലോണിൽ ആദാംശൃംഗം (Adam'speak) അലക്സാണ്ടർ സന്ദർശിച്ചുവെന്നു ഐതിഹ്യങ്ങളിൽ ഉണ്ടു്. ഇതും യുക്തിശൂന്യമായിരിക്കണം. എന്നാൽ, തക്ഷശിലയിലായിരുന്നപ്പോൾ ബുദ്ധനെപ്പററി അദ്ദേഹം കേട്ടിരുന്നിരിക്കാം. മേല്പറഞ്ഞ ശൃംഗത്തിൽ ഒരു പാദചിഹ്നം കാണുന്നുണ്ടു്. അതു ബുദ്ധദേവൻെറതാണെന്നു ബുദ്ധമതക്കാരും, ആദാമിൻെറതാണെന്നു മുസ്ലിമങ്ങളും, ശിവൻെറതാണെന്നു ബ്രാഹ്മണരും, സെൻറു തോമസിൻെറതാണെന്നു പോർട്ടുഗീസുകാരും വാദിക്കുന്നു. ഈ ശൃംഗം ബുദ്ധൻെറയൊ ആദാമിൻെറയൊ കല്ലറയാണെന്നാണു മാക്കോപോളൊവിൻെറ അഭിപ്രായം. ഇതിൻെറ മുകളിൽ ഒരു കാലത്തു് ഒരുദേവാലയമുണ്ടായിരുന്നുവെന്നും, അതു് ആദാമിൻെറഗൃഹമൊ് കല്ലറയൊ ആയിരുന്നിരിക്കണമെന്നും അറിവുണ്ടു്. ഇതിൻെറ മുകൾഭാഗത്തിലെത്തുന്നതിനുള്ള ഒരു വലിയ ചങ്ങല അലക്സാണ്ടർ ഉണ്ടാക്കിച്ചതാണെന്നു പതിനഞ്ചാംശതാബ്ദത്തിൽ ജീവിച്ചിരുന്ന ആഷ്റാഫ് (Ashraf) എന്ന പേർഷ്യൻകവി കുറിച്ചിരിക്കുന്നു. ഈ

കവി അലക്സാണ്ടരെക്കുറിച്ചു ഒരു കാവ്യം എഴുതിയി ട്ടുണ്ടു്.

സയാം, മലയാ, എന്നീ ദേശങ്ങളിലും അലക്സാ ണ്ടരെപ്പറ്റി അനേകം ഐതിഹ്യങ്ങൾ കാണുന്നു. എന്നാൽ, അദ്ദേഹം ഈ സ്ഥലങ്ങൾക്കു് അടുക്കൽ പോലും പോയിരിക്കാനിടയില്ല.

ഇന്ത്യയിൽ അലക്സാണ്ടരെക്കുറിച്ചു ഐതിഹ്യ ങ്ങൾ കുറവാണു്. ബാക്റ്റ്റിയായിൽ അദ്ദേഹത്തി ന്റെ ഓർമ്മയെ നില നിറുത്തുന്ന ലക്ഷ്യങ്ങളുണ്ടു്. മാർക്കോപോളൊ, ബാദാക്ഷാൻ (Badakshan) എന്ന പ്രവിശ്യയെപ്പറ്റി വിവരിക്കുന്ന കൂട്ടത്തിൽ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു. "ഇവിടത്തെ രാജവംശം അലക്സാണ്ടർ, ദേരിയസിന്റെ പുത്രി, (അലക്സാണ്ടരുടെ പത്നി) ഇവരിൽ നിന്നുമാണു് ഉത്ഭവിച്ചതു്. സാര സൻ (Saracen) ഭാഷയിൽ സുൾക്കാർണിയൻ (അല ക്സാണ്ടർ) എന്നാണു് അവിടത്തെ രാജാക്കന്മാരെ വിളിച്ചുവരുന്നതു്. ഇതിനു കാരണം അവർക്കു അല ക്സാണ്ടരോടുള്ള ബഹുമാനാദരങ്ങളാകുന്നു.

അലക്സാണ്ടർക്കു റോക്സാനായിലുണ്ടായ ഈജി യസു് എന്ന പുത്രനെക്കുറിച്ചു മുൻ അദ്ധ്യായത്തിൽ പ്രസ്താവിച്ചിട്ടുണ്ടു്. മാസിഡോണിയായിലെ ഭരണ കർത്താവായ കസ്സാണ്ടറിൽനിന്നും രക്ഷ പ്രാപിപ്പാൻ റോക്സാനാ തന്റെ പുത്രനോടുകൂടി എപ്പൈറസിൽ കുറെക്കാലം താമസിച്ചു. പിന്നീടു് അവർ ആത ൻസിൽ ചെന്നു. അവിടെ വെച്ചു കസ്സാണ്ടർ അവളെ യും, ഈജസിനേയും, അലക്സാണ്ടരുടെ മാതാവായ ഒലിമ്പിയാസിനെയും വധിച്ചു. ഇങ്ങനെ, അലക്സാ

ണ്ടരുടെ വിപുലമായ സാമ്രാജ്യം ഛിന്നഭിന്നമായതോടുകൂടി അദ്ദേഹത്തിൻെറ വംശവും നാമാവശേഷമായിത്തീൎന്നു.

H-594

അലക്സാണ്ടർ ആസന്നമരണനായി കിടക്കുമ്പോൾ, തൻെറ അടുക്കൽ നിന്നവരോട് ഇപ്രകാരം പ്രസ്താവിച്ചതായി ഒരു കഥയുണ്ട്. "എല്ലാ മനുഷ്യരേയും പോലെ ഞാനും ഇഹലോകവാസം വെടിയുന്നു. സ്വന്തമായി എനിക്ക് ഏതെങ്കിലുമുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. എൻെറ സാമ്രാജ്യഭണ്ഡാരങ്ങളിൽ നിന്നും ഞാൻ യാതൊന്നും കൊണ്ടുപോകുന്നില്ല. മനുഷ്യസ്ഥിതി ഇങ്ങനെയാണെന്ന് എല്ലാവരും-പ്രത്യേകിച്ച് എൻെറ പ്രതാപൈശ്വൎയ്യകാലത്ത് എന്നെ കണ്ടിട്ടുള്ളവർ-മനസ്സിലാക്കുന്നതിന് എൻെറ മൃതശരീരം ശവപ്പെട്ടിയിലാക്കുമ്പോൾ കൈകൾ രണ്ടും അതിനു വെളിയിൽ നഗ്നമായി മലൎത്തിയിട്ടിരിക്കണം".

താൻ കൊള്ളയിട്ടും മററും എടുത്ത അനവധി ദ്രവ്യം തൻെറ മുൻപിൽ കൊണ്ടുവരാൻ ആസന്നമരണനായിക്കിടക്കുമ്പോൾ മാമൂദ്ഗസ്നി ആജ്ഞാപിച്ചതായി ഒരു കഥയുണ്ട്. എന്നാൽ, മഹാനായ അലക്സാണ്ടൎക്ക് അന്ത്യകാലത്തിൽ പ്രാപഞ്ചിക വിഷയങ്ങളിൽ വിരക്തി തോന്നുകയും, ആത്മീയ കാൎയ്യങ്ങളിലേക്കു മനസ്സു തിരിയുകയും ചെയ്തുവെന്നുള്ളതു മേല്പറഞ്ഞ കഥയിൽ നിന്നു വെളിവാകുന്നുണ്ടല്ലോ. അദ്ദേഹത്തിനു ലോകത്തോട് ഉപദേശിക്കാനുള്ളതും ഇതുതന്നെയായിരിക്കണം.

പലതുകൊണ്ടും മഹാൻ എന്ന സ്ഥാനത്തിനു സവിശേഷം അർഹനായ അലക്സാണ്ടർ ലോകരംഗ

ത്തിൽ നിന്നും തിരോധാനം ചെയ്തിട്ട് ഇപ്പോൾ ഇരുപത്തിരണ്ടു ശതാബ്ദങ്ങൾക്കു മേലായിരിക്കുന്നുവെങ്കിലും ഒരു വീരചരിത്രപുരുഷൻ എന്ന നിലയിൽ അദ്ദേഹത്തിന്റെ ഖ്യാതി ഇന്നും നിലനിൽക്കുന്നുണ്ട്. അകാലമരണം മൂലമാണ് അതിവിസ്തൃതമായ തന്റെ സാമ്രാജ്യത്തിൽ ശരിയായ ഒരു ഭരണക്രമം സ്ഥാപിക്കാൻ അദ്ദേഹത്തിനു സാധിക്കാതെപോയതു്. ആ മഹാൻ കുറെക്കാലംകൂടി ജീവിച്ചിരുന്നുവെങ്കിൽ ലോകത്തിനു പല ഗുണങ്ങൾ സിദ്ധിക്കുമായിരുന്നുവെന്നതു നിസ്തർക്കംതന്നെ. വിപദിധൈര്യം, ദൈവഭക്തി, നീതിബോധം, അനുകമ്പ, ജ്ഞാനസമ്പാദനതല്പരത, ഔദാര്യം, ആശ്രിതവാത്സല്യം, ആദിയായ ഗുണങ്ങൾ അലക്സാണ്ടറിൽ ഉന്നിദ്രമായി പ്രകാശിച്ചിരുന്നു. അന്യന്മാരുടെ ദൃഷ്ടിയിൽ അന്യായമെന്നു തോന്നുന്ന ചില കൃത്യങ്ങൾ അദ്ദേഹം ചെയ്യാതിരുന്നിട്ടില്ല. പക്ഷേ, അവ പരിതസ്ഥിതികളുടെ പ്രേരണമൂലം സംഭവിച്ചിട്ടുള്ളതാണ്. ലോകചരിത്രത്തിൽ അദ്ദേഹത്തിന്റെ നാമധേയം സുവർണ്ണരേഖാങ്കിതമായിരിക്കുന്നതാണെന്നുള്ളതിനു യാതൊരു സംശയവുമില്ല.

ശുഭം.

# General Bibliography.


| | |
|---|---|
| Abbott | The battle field of Alexander and Porus. |
| Ada Russel | Alexander the Great. |
| Bury J. B. | A history of Greece. |
| Dryden | Alexander's feast. |
| Edward breasy | The fifteen decisive battles of the world. |
| Ethel R. Sykes | Readings from Indian history Part I. |
| George Scott | Alexander the Great. |
| Grote | History of Greece. |
| Hogarth | Philip and Alexander. |
| John and William-Laughorne. | Plutarck's Lives. |
| Lee, Nathaiel | Rival Queens. |
| Milton | Sonnet to the Lady Margaret Ley. |
| Peter Parley | Tales about Greece and Rome. |
| Rhys Davids T. W. | Buddhist India. |
| Smith V. A. | The early history of India. |
| Smith V. A. | The Oxford history of India. |
| Tozer | History of ancient Geography. |
| Wheeler | Alexander the Great. |
| Witt. C. | The Retreat of the Ten Thousand. |
| Woodhouse | The tutorial history of Greece. |

# ശുദ്ധിപത്രം.

| പേജ് | വരി | അബദ്ധം | സുബദ്ധം. |
|---|---|---|---|
| 2 | 2 | [2]Homer | Homer |
| " | 10 | സിഡൺ | [2]സിഡൺ |
| " | 26 | ബ്രിട്ടനുമായ | ബ്രിട്ടനുമായി |
| 9 | 1-2 | അവടത്തെ | അവിടത്തെ |
| 12 | 27 | തലസ്ഥനം | തലസ്ഥാനം |
| 14 | 21 | പറയുന്നതായി | പറയുന്നതിനായി |
| 15 | 29 | വക്കിനു | വാക്കിനു |
| 18 | 5 | സ്പാർട്ട | സ്പാർട്ട, |
| " | 14 | പ്ലേറ്റെ | പ്ലേറ്റോ |
| " | 21-22 | തങ്ങങ്ങളുടെ | തങ്ങളുടെ |
| 20 | 21 | 466399 | 466-399 |
| 22 | 20 | പ്രാചിരങ്ങൾ | പ്രാചീരങ്ങൾ |
| 39 | 6 | ലെസ്ബോസുകരും | ലെസ്ബോസുകാരും |
| " | 26 | അദ്ദേഹം | Delete |
| 41 | 3 | നിരാധാരമായ | നിരാധാരന്മാരായ |
| 41 | 8 | അഫിക് | അംഫിക് |
| 54 | 23 | സ്ത്രീരന്തം | സ്ത്രീരത്നം |
| 59 | 24 | ...യിരിക്കുന്നുന്നു." | ...യിരിക്കുന്നു." |
| 61 | 6 | അഭിപ്രയ | അഭിപ്രായ |
| 64 | 26 | ലിഘിതം | ലിഖിതം |
| 67 | 16 | കേട്ടതായ | കേട്ടതായി |
| 68 | 8 | സാവനാനം | സാവധാനം |
| 69 | 15 | സൂക്ഷ്മമിയി | സൂക്ഷ്മമായി |
| 72 | 14 | സഞ്ചനത്തിനടുക്കൽ | സഞ്ചയത്തിനടുക്കൽ |
| 80 | 5 | ഭയപ്പെടുന്നതെന്ന് | ഭയപ്പെട്ടതെന്ന് |
| 87 | 21 | ഏർഷ്യാ | ഏഷ്യാ |
| 90 | 1 | വരുന്നവർക്കു | വന്നവർക്കു |

| പേജ് | വരി | അബദ്ധം | സുബദ്ധം |
|---|---|---|---|
| 99 | 24 | അഗ്നീ | അഗ്നി |
| 104 | 2 | കുറിച്ചിട്ടുണ്ടു്. | കുറിച്ചിട്ടുണ്ടു്. |
| 105 | 33 | കൃഷിക്കാരാനായി | കൃഷിക്കാരനായി. |
| 110 | 3 | അച്ചടിച്ചി... | അടിച്ചി... |
| 111 | 15 | പ്രവേശാര | പ്രവേശന |
| 117 | 4 | പട്ടുകൊണ്ടുള്ള | Delete |
| 134 | 8 | ക്ലിയോപാററ | ക്ലിയോപാററ |
| 137 | 9 | ...വരായിരുന്നു | ...വനായിരുന്നു |
| 145 | 23 | നിന്നും | നിന്നു |
| 156 | 10 | കൈവശമാക്കി. | കരസ്ഥമാക്കി. |
| 157 | 12 | -Olympias)- | -Olympias- |
| 167 | 4 | ബുദ്ധിയുള്ളവനുമായ മഹാനായി | ബുദ്ധിയുള്ള മഹാനുമായി |
| 176 | 18 | രാജാവു | രാജാവും |
| 184 | 8 | ആട്ടിടന്മാരെ | ആട്ടിടയന്മാരെ |
| 201 | 15 | കൊണ്ടു | കൊണ്ടു |
| ” | 28 | പുരുഷോത്തമനും | പുരുഷോത്തമനു |
| 207 | 19 | ശേഷിച്ചിട്ടുള്ള. | ശേഷിച്ചിട്ടുള്ളു. |
| 212 | 23 | പീഡിതനായി | പീഡിതനായി |
| 236 | 27 | ഹാരപലസ | ഹാരപാലസ |
| 237 | 10 | മസത്തിൽ | മാസത്തിൽ |
| 241 | 3 | മോശക്കരെ... | മോശക്കാര... |
| 252 | 6 | ശില്പികളായ | ശില്പിയായ |
| 266 | 1 | മാസിഡോണിയാലെ | മാസിഡോണിയായിലെ |
| 281 | 21 | ഒരണ്ണമൊ | ഒരെണ്ണമൊ |
| 287 | 23 | ഉപദ്രവിക്കയും | ഉപദ്രവിക്കയും |

9616

SREE KRISHNA VILASOM GRANDHASALA
TRIVANDRUM
MALAYINKIL

PRESENTED BY:
SRI M. K. VASUDEVAN NAIR
MANIYARA VEEDU
MALAYINKIL

H 594

# മഹച്ചരിതമഞ്ജരി.

## (3). അലക്സാണ്ടർ.

AUTHOR,

**K. PADMANABHA IYER B. A. L. T.**
Gold Medallist.

HEADMASTER.
*Special English Middle School, Mavelikara.*

Author of 1. Akbar, 2. Asokavardhanan,
3. Sahithyachandrika, 4. Upanyasamalika Part I.
5. Katha Koumudi Part I.

*(All rights reserved).*

[Price Re. 1, As. 8.]

Indic Digital Archive Foundation
gpura.org